# ആമുഖം

ജനജീവിതത്തിന്റെ വിവിധതുറകളിൽ സമഗ്രമായ ഇടപെടലുകളാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിവരുന്നത്. ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവ അടങ്ങുന്ന കേരളത്തിലെ സമസ്ത പ്രാദേശിക ഭരണകൂടങ്ങളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽപ്പെടുന്നു. അധികാരവികേന്ദ്രീകരണവും, വികേന്ദ്രീകൃതാസൂത്രണവും സംസ്ഥാന സർക്കാരിന്റെ പദ്ധതിവിഹിതത്തിന്റെ 40 ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറാൻ ഇടയാക്കി. ഇതിനു പുറമേ കേരളത്തിലെ, സർവ്വകലാശാലകൾ, സാംസ്ക്കാരിക സ്ഥാപനങ്ങൾ, വികസന അതോറിറ്റികൾ എന്നിവയും കൂടിച്ചേരുമ്പോൾ സർക്കാരിന്റെ ആകെ ഫണ്ടിന്റെ 50 ശതമാനത്തിലേറെ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളുടെ ഔദ്യോഗിക ഓഡിറ്റ് വിഭാഗമാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ദേവസ്വം ബോർഡുകൾ, ക്ഷേമനിധി ബോർഡുകൾ, വികസന അതോറിറ്റികൾ, ആസ്പത്രി വികസനസമിതികൾ, കോടതികൾ, സാംസ്ക്കാരിക സ്ഥാപനങ്ങൾ, ലൈബ്രറി കൗൺസിൽ, മറ്റ് സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒൻപതിനായിരത്തോളം സ്ഥാപനങ്ങളാണ് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിധിയിൽ വരുന്നത്. ഈ സ്ഥാപനങ്ങളിലെ സാമ്പത്തിക ഇടപാടുകളാണ് ഓഡിറ്റ് വകുപ്പിന്റെ പ്രഥമപരിഗണന ലഭിക്കുന്ന ഇനങ്ങളിലൊന്ന്. കൂടാതെ, ഓഡിറ്റ് സ്ഥാപനങ്ങളുടെ ഭൗതികമായ ഉത്ക്കർഷയും, ഭാവിയിലേക്കുള്ള ദിശാബോധം പകരലും ഓഡിറ്റ് നിർവ്വഹിച്ചു വരുന്ന മറ്റു പ്രധാന ധർമ്മങ്ങളാണ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സക്രിയമായ ഇടപെടലുകൾ വിവിധ ഓഡിറ്റ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ വരുത്തിയിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ ഒട്ടനവധിയാണ്. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സംഭവിക്കുന്ന ക്രമരഹിതമായ ഇടപാടുകളുടെ തിരുത്തൽ ശക്തി എന്നതിനു പുറമേ, വേറിട്ടതും, നൂതനവുമായ പ്രവർത്തനങ്ങൾക്കു വേണ്ട ഉൾക്കാഴ്ചയും വകുപ്പ് പകർന്നു നൽകിയിട്ടുണ്ട്. ഓരോ വർഷവും കൂടുതൽ സ്ഥാപനങ്ങളെ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനാ പരിധിയിലേക്ക് ഉൾപ്പെടുത്തി വരുന്നത് വകുപ്പിന്റെ പ്രവർത്തനമികവിന് സർക്കാർ നൽകുന്ന അംഗീകാരത്തിന് ഉദാഹരണമാണ്. സ്ഥാപനങ്ങളിലെ ധനനഷ്ടം തിരിച്ചുപിടിക്കാനായി ചാർജ്/സർച്ചാർജ് അധികാരങ്ങൾ നൽകുക വഴി അർധജുഡീഷ്യൽ അധികാരങ്ങൾ ഉള്ള സംസ്ഥാനത്തെ അപൂർവ്വം വകുപ്പുകളിലൊന്നാക്കി ലോക്കൽ ഫണ്ട് ഓഡിറ്റിനെ സർക്കാർ മാറ്റിയിരിക്കുകയാണ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓരോ വർഷവും നടത്തുന്ന ഏറ്റവും പ്രാധാന്യമേറിയ പ്രവർത്തനമാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് തയാറാക്കൽ. സംസ്ഥാന നിയമസഭ മുൻപാകെ സമർപ്പിക്കുന്ന സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഏറ്റവും ശ്രദ്ധേയമായ ഓഡിറ്റ് കണ്ടെത്തലുകളാണ് ഉൾപ്പെടുത്തുന്നത്. തദ്ദേശഭരണസ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ, വികസനപദ്ധതികൾ എന്നിവയുടെ കാര്യക്ഷമതയും, ഫലപ്രാപ്തിയും സമഗ്രമായി വിലയിരുത്തുന്ന പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ടുകളാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രധാന ഉള്ളടക്കം. 2013-14 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പ്രവർത്തനക്ഷമതാ ഓഡിറ്റിന് വിധേയമാക്കിയ വിഷയങ്ങൾ ഇനിപ്പറയുന്നു ;

(1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസമേഖലയും

(2) വികേന്ദ്രീകൃതാസൂത്രണവും, വ്യവസായ/തൊഴിൽ സംരംഭങ്ങളും

(3) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജലസ്രോതസുകളുടെ സംരക്ഷണവും, കുടിവെള്ളപദ്ധതികളും

ഇന്റോസായ് മാനദണ്ഡങ്ങളും, സി.ആന്റ് എ.ജി. യുടെ മാർഗ്ഗരേഖകളും പിൻതുടർന്നാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ടുകൾ തയാറാക്കിയിരിക്കുന്നത്. ശാസ്ത്രീയമായ വിവരശേഖരണ രീതികളിലൂടെ തയാറാക്കിയിട്ടുള്ള ഈ റിപ്പോർട്ടുകൾ ബന്ധപ്പെട്ട വിഷയങ്ങളിലെ യഥാർത്ഥമായ ചിത്രങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. 200 ഓളം തദ്ദേശസ്വയംഭരണ

Local Fund Audit Department

സ്ഥാപനങ്ങളിൽ പഠനം നടത്തി പുറപ്പെടുവിച്ച പ്രവർത്തനക്ഷമതാ റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തിയാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ തയാറാക്കിയിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഫയലുകളുടെ പരിശോധന, പദ്ധതിപ്രദേശങ്ങളിൽ ഓഡിറ്റ് ടീം നടത്തിയ നേരിട്ടുള്ള സന്ദർശനം, വിദഗ്ധരുമായുള്ള കൂടിക്കാഴ്ച എന്നിവ മേൽറിപ്പോർട്ടുകൾ തയാറാക്കുവാനായി നടത്തിയിട്ടുണ്ട്.

ഇവയ്ക്കു പുറമേ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനജീവിതവുമായി നേരിട്ടു ബന്ധമുള്ള നാലു വിഷയങ്ങളെ ലഘുഅവലോകനറിപ്പോർട്ടുകളായും അവതരിപ്പിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പെർഫോമൻസ് ഗ്രാന്റ് വിനിയോഗം, തദ്ദേശഭരണസ്ഥാപനങ്ങളിലെ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം, പൊതുമാർക്കറ്റുകൾ/ഷോപ്പിങ് കോംപ്ലക്സുകളിലെ വാടക-ലൈസൻസ് വരുമാനം, തെരുവുവിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ വിഷയങ്ങളിലാണ് ലഘുഅവലോകനറിപ്പോർട്ടുകൾ തയാറാക്കിയിട്ടുള്ളത്. ഓഡിറ്റ് നടത്തിയ ഇടപെടലുകളെ തുടർന്നുണ്ടായ നടപടികൾ പ്രതിപാദിക്കുന്ന 'ഓഡിറ്റ് ഇംപാക്ട് 'സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2013-14 ന്റെ മറ്റൊരു സവിശേഷതയാണ്.

കേരളത്തിലെ ആറു സർവ്വകലാശാലകളിൽ നിന്നും തെരഞ്ഞെടുത്ത വിഷയങ്ങളിൽ തയാറാക്കിയിട്ടുള്ള പ്രവർത്തനാവലോകന റിപ്പോർട്ടുകളാണ് 2013-14 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ മറ്റൊരു പ്രധാന സവിശേഷത. ഇതിനു പുറമേ, കെ.എച്ച്.ആർ.ഡബ്ല്യു.എസ്., ഹൗസിങ് ബോർഡ്, സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, ക്ഷേമനിധി ബോർഡുകൾ, വിശാലകൊച്ചി വികസന അതോറിറ്റി, മലബാർ ദേവസ്വം ബോർഡ് എന്നീ ഓഡിറ്റ് സ്ഥാപനങ്ങളിലെ വിവിധ വിഷയങ്ങളിലുള്ള പ്രവർത്തനാവലോകന റിപ്പോർട്ടുകളുമുണ്ട്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, മറ്റ് ഓഡിറ്റ് സ്ഥാപനങ്ങളുടെയും ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നുള്ള ശ്രദ്ധേയമായ ഖണ്ഡികകളും സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2013-14 ഉൾക്കൊള്ളുന്നു.

കേരളത്തിലെ സാമൂഹ്യജീവിതത്തിന്റെ സൂക്ഷ്മവും, കാര്യമാത്രപ്രസക്തവുമായ പരിച്ഛേദത്തെ ഉൾക്കൊള്ളുന്നതാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2013-14. വിവിധ പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, ഫലപ്രാപ്തി വിലയിരുത്തൽ എന്നിവയ്ക്ക് ഈ റിപ്പോർട്ട് മികച്ച വഴികാട്ടിയാവും.

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത് നിരീക്ഷണങ്ങളുടെ സംഗ്രഹം മാത്രമാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കേണ്ടതാണ്.

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2013-14 ന്റെ വെബ് പതിപ്പ് **www.lfa.kerala.gov.in** ൽ ലഭ്യമാണ്.

Local Fund Audit Department

## ഉള്ളടക്കം


| വിവരണം | ഖണ്ഡിക | പേജ് |
|---|---|---|
| ആമുഖം | | 1 - 5 |
| അദ്ധ്യായം – 1 | | |
| **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്– ഘടനയും, പ്രവർത്തനങ്ങളും** | | 6 - 11 |
| ലോക്കൽഫണ്ട് ഓഡിറ്റ് നിയമം - | 1.1 | 6 |
| ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഘടന | 1.2 | 6 |
| ലോക്കൽഫണ്ട് ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ | 1.3 | 7 |
| ഡയറക്ടറേറ്റിന്റെ ചുമതലകൾ | 1.4 | 7 |
| ജില്ലാ ഓഫീസുകളുടെ ചുമതലകൾ | 1.5 | 8 |
| അക്കൗണ്ടുകളുടെ ഓഡിറ്റ് | 1.6 | 9 |
| അക്കൗണ്ട് സർട്ടിഫിക്കേഷൻ | 1.7 | 9 |
| ചാരിറ്റബിൾ എൻഡോവ്മെന്റ് | 1.8 | 10 |
| ചാർജ് / സർചാർജ് നടപടികൾ | 1.9 | 10 |
| ഓഡിറ്റ് ചാർജ് | 1.10 | 11 |
| ഓഡിറ്റ് പുരോഗതി | 1.11 | 11 |
| അദ്ധ്യായം – 2 | | |
| **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, വികേന്ദ്രീകൃതാസൂത്രണവും** | | 12 - 14 |
| തദ്ദേശസ്ഥാപനങ്ങൾക്കുള്ള ധനസഹായം | 2.1 | 13 |
| പന്ത്രണ്ടാംപദ്ധതി അവലോകനം | 2.2 | 14 |
| അദ്ധ്യായം – 3 | | |
| **ഓഡിറ്റ് ഇംപാക്ട്** | | 15 - 22 |
| അംഗൻവാടി പോഷകാഹാരവിതരണത്തിലെ ക്രമക്കേടുകൾ | 3.1 | 16 |
| മൂല്യവർധിതനികുതി വെട്ടിപ്പ് | 3.2 | 16 |
| വ്യാജബില്ലുകൾ ചമച്ച് ധനാപഹരണം | 3.3 | 17 |
| രസീത് ബുക്ക് മോഷ്ടിച്ച് പണാപഹരണം നടത്തി | 3.4 | 17 |
| പദ്ധതിപണം തിരിമറി നടത്തി | 3.5 | 18 |
| ആശ്രയപദ്ധതിക്കായി മുൻകൂർ പിൻവലിച്ചത് 17 ലക്ഷംരൂപ | 3.6 | 18 |
| താൽക്കാലിക പണാപഹരണം | 3.7 | 18 |
| വ്യാജരേഖകൾ ചമച്ചു | 3.8 | 19 |
| ടാർവിതരണത്തിൽ തിരിമറി | 3.9 | 19 |
| പദ്ധതിപണം മുൻകൂറായി പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചു | 3.10 | 19 |
| കൊല്ലം ഫെസ്റ്റിലെ സാമ്പത്തിക തിരിമറി | 3.11 | 20 |
| നഗരസഭാ കെട്ടിടങ്ങളുടെ വാടകവർധനക്കുള്ള നടപടികൾ സ്വീകരിച്ചു | 3.12 | 21 |


Local Fund Audit Department

| | | |
|---|---|---|
| പെൻഷൻ വിതരണത്തിനുള്ള തുക അനധികൃതമായി കൈവശം സൂക്ഷിച്ചു | 3.13 | 21 |
| അധ്യാപകരുടെ വിരമിക്കൽപ്രായം അനധികൃതമായി നീട്ടി | 3.14 | 21 |
| അധ്യായം- 4 | | |
| **ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ** | | 23- 49 |
| ദർഘാസ് നടപടികൾ അട്ടിമറിച്ചു- നഷ്ടം എട്ടരലക്ഷം രൂപ **(കൊല്ലം ജില്ലാപഞ്ചായത്ത് )** | 4.1 | 24 |
| 4.2 ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പവർലാൺട്രി സ്ഥാപിച്ചിട്ടില്ല **(കൊല്ലം ജില്ലാപഞ്ചായത്ത്)** | 4.2 | 25 |
| ബാങ്കിൽ ഒടുക്കാതെ പത്തുലക്ഷത്തിലേറെ രൂപ അപഹരിച്ചു **(കരീപ്ര ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല)** | 4.3 | 26 |
| കൊല്ലം ഫെസ്റ്റ് 2011- ഗുരുതരമായ ക്രമക്കേടുകൾ **(കൊല്ലം നഗരസഭ)** | 4.4 | 28 |
| ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം- 18.5 ലക്ഷം പാഴ്ച്ചെലവ് **(ചേർത്തല നഗരസഭ, ആലപ്പുഴ ജില്ല)** | 4.5 | 31 |
| ടൗൺഹാൾ, റെസ്റ്റ്ഹൗസ് എന്നിവയുടെ നടത്തിപ്പുകാരൻ വാടകകുടിശിക അടച്ചു തീർത്തില്ല **(വൈക്കം നഗരസഭ, കോട്ടയം ജില്ല)** | 4.6 | 32 |
| പണിപൂർത്തിയാകാതെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി- 50,64,425 രൂപയുടെ ചെലവ് പാഴായി **(പീരുമേട് ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല)** | 4.7 | 33 |
| ടെണ്ടർനടപടിയിലെ ക്രമക്കേട്- നഗരസഭയ്ക്ക് നഷ്ടം 4,44,536 രൂപ **(ഒറ്റപ്പാലം നഗരസഭ, പാലക്കാട് ജില്ല)** | 4.8 | 35 |
| ഐ.എ.വൈ. ഭവനനിർമ്മാണപദ്ധതിയിൽ വ്യാപകമായ ക്രമക്കേടുകൾ **(അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ല)** | 4.9 | 39 |
| ജില്ലാ ആശുപത്രിയിലെ മലിനജലസംസ്ക്കരണ പ്ലാന്റ് പാതിവഴിയിൽ ഉപേക്ഷിച്ചു- 4.65 ലക്ഷംരൂപയുടെ പാഴ്ചെലവ് **(കാസറഗോഡ് ജില്ലാപഞ്ചായത്ത്)** | 4.10 | 45 |
| അംഗൻവാടികൾക്കുള്ള ഭക്ഷ്യവസ്തുക്കളുടെ വിതരണത്തിൽ ക്രമക്കേട്- ഗ്രാമപഞ്ചായത്തിന് ഭീമമായ നഷ്ടം **(പൈവളികെ ഗ്രാമപഞ്ചായത്ത്, കാസറഗോഡ് ജില്ല)** | 4.11 | 46 |
| കമ്പ്യൂട്ടറൈസേഷൻ- സോഫ്റ്റ്വെയർ ഇൻസ്റ്റലേഷനിൽ പാളിച്ച- 26,42,860 രൂപയുടെ പാഴ്ചെലവ് **(തയ്യൽതൊഴിലാളി ക്ഷേമനിധി ബോർഡ് )** | 4.12 | 48 |
| അധ്യായം- 5 | | |
| **പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ** | | 51- 176 |
| **ജലസ്രോതസുകളുടെ സംരക്ഷണവും, കുടിവെള്ളപദ്ധതികളും** | 5.1 | 52- 90 |
| **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, വിദ്യാഭ്യാസമേഖലയും** | 5.2 | 91- 139 |
| **വികേന്ദ്രീകൃതാസൂത്രണവും, വ്യവസായ/തൊഴിൽസംരംഭങ്ങളും** | 5.3 | 140-176 |



Local Fund Audit Department

| | | |
|---|---|---|
| **അദ്ധ്യായം – 6** | | |
| **ലഘുഅവലോകന റിപ്പോർട്ടുകൾ** | | 177 - 193 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം | 6.1 | 178 |
| പൊതുമാർക്കറ്റ്/ഷോപ്പിങ് കോംപ്ലക്സ്/ ബസ്സ്റ്റാന്റ്/കമ്മ്യൂണിറ്റി ഹാൾ - ലേലം/വാടക/ലൈസൻസ് വരുമാനം | 6.2 | 182 |
| തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ സാധനങ്ങളുടെയും, സേവനങ്ങളുടെയും സമാഹരണം | 6.3 | 186 |
| തെരുവുവിളക്കുകളുടെ സംരക്ഷണവും, അറ്റകുറ്റപ്പണികളും | 6.4 | 188 |
| അധ്യായം - 7 | | |
| **സർവ്വകലാശാലകളിലെ അവലോകനറിപ്പോർട്ടുകൾ** | | 194 - 210 |
| കേന്ദ്രീകൃത മൂല്യനിർണ്ണയക്യാമ്പുകൾ (കേരള സർവ്വകലാശാല ) | 7.1 | 195 |
| സ്വാശ്രയസ്ഥാപനങ്ങളിലെ ഫാക്കൽറ്റി നിയമനം (എം.ജി.സർവ്വകലാശാല) | 7.2 | 197 |
| കോഴ്സുകളിലെ വിദ്യാർത്ഥി- അധ്യാപക അനുപാതം (കേരള ഫിഷറീസ് സർവ്വകലാശാല) | 7.3 | 198 |
| കോഴ്സുകളും, പരീക്ഷാനടത്തിപ്പും (ശ്രീശങ്കര സംസ്കൃത സർവ്വകലാശാല) | 7.4 | 201 |
| ഗവേഷണ ഡയറക്ടറേറ്റിന്റെ പ്രവർത്തനം (കോഴിക്കോട് സർവ്വകലാശാല) | 7.5 | 205 |
| വിദൂരവിദ്യാഭ്യാസകേന്ദ്രത്തിന്റെ പ്രവർത്തനം (കണ്ണൂർ സർവ്വകലാശാല) | 7.6 | 208 |
| അധ്യായം - 8 | | |
| **ഓഡിറ്റ് പരിധിയിലുള്ള മറ്റുസ്ഥാപനങ്ങളിലെ അവലോകനറിപ്പോർട്ടുകൾ** | | 211 - 221 |
| റവന്യൂടവറുകളും, വാടകകുടിശികയും (കേരള സംസ്ഥാനഭവന നിർമ്മാണബോർഡ്) | 8.1 | 212 |
| സ്പെഷ്യൽ റൂൾ കാലോചിതമായി പരിഷ്ക്കരിച്ചില്ല (കെ.എച്ച്.ആർ.ഡബ്ല്യു.എസ്.) | 8.2 | 213 |
| വിജ്ഞാനകോശം വാല്യങ്ങളുടെ പ്രസിദ്ധീകരണത്തിലെ കാലതാമസം (സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ) | 8.3 | 214 |
| ഡെപ്യൂട്ടേഷൻ നിയമനവും, സാമ്പത്തികബാധ്യതയും (ക്ഷേമനിധി ബോർഡുകൾ) | 8.4 | 216 |
| ആസ്തികളും, പരിപാലനവും (വിശാലകൊച്ചി വികസന അതോറിറ്റി) | 8.5 | 218 |
| ഭരണനിർവ്വഹണത്തിലെ വീഴ്ചകൾ (മലബാർ ദേവസ്വം) | 8.6 | 219 |
| **അനുബന്ധങ്ങൾ** | | 222- 264 |


Local Fund Audit Department

അദ്ധ്യായം – 1

# ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് – ഘടനയും ചുമതലകളും പ്രവർത്തനങ്ങളും

## 1.1. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

ഓഡിറ്റുമായി ബന്ധപ്പെട്ട് 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ പ്രസക്ത ഭാഗങ്ങളുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു

വകുപ്പ് - 9 : ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് നാല് മാസത്തിനകം മുൻവർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കണം.

വകുപ്പ് - 10 : വാർഷിക കണക്കുകൾ ലഭിച്ച് ആറ് മാസത്തിനകം ആ സ്ഥാപനത്തിന്റെ ഓഡിറ്റ് നടത്തണം. അല്ലാത്ത പക്ഷം വകുപ്പിലെ ഉത്തരവാദിയായ ഉദ്യോഗസ്ഥർ ശിക്ഷാനടപടിക്ക് വിധേയരാകേണ്ടിവരും.

വകുപ്പ് - 13 : ഓഡിറ്റ് പൂർത്തിയായി മൂന്നു മാസത്തിനകം ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കണം

വകുപ്പ് - 11 : ഓഡിറ്റ് റിപ്പോർട്ടിന് ലഭിക്കുന്ന കുറിപ്പുകളിൻമേൽ രണ്ട് മാസത്തിനുള്ളിൽ പുനരഭിപ്രായക്കുറിപ്പും ചാർജ്/ സർചാർജ് ശുപാർശയും നൽകണം.

വകുപ്പ് - 16 : ഓഡിറ്റിൽ കണ്ടെത്തിയ നഷ്ടം ഈടാക്കുന്നതിന് ഉത്തരവാദികളായവർക്കെതിരെ ചാർജ്/സർചാർജ് നടപടികൾ സ്വീകരിക്കാനുള്ള ഉത്തരവാദിത്വം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നു.

വകുപ്പ് - 23, 25 : ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ഓരോ വർഷവും സെപ്തംബർ 30 ന് മുമ്പ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും സർക്കാർ അത് നിയമസഭയ്ക്ക് സമർപ്പിക്കുകയും വേണം.

ഓഡിറ്റ് ചെയ്ത റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൽ വ്യക്തമായ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. ഈ സമയപരിധി പാലിക്കാൻ വകുപ്പിനു കഴിയുന്നില്ല. ജീവനക്കാരുടെ കുറവാണ് നിയമപരമായ ചുമതലകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പിന് തടസ്സമായി നിൽക്കുന്നത്.

സ്ഥാപനങ്ങളിൽ നേരിട്ടെത്തി നടത്തുന്ന ഓഡിറ്റിലൂടെയും, കൺകറന്റ് ഓഡിറ്റിലൂടെയുമാണ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്തിവരുന്നത്. കോർപ്പറേഷനുകൾ, പ്രധാന മുനിസിപ്പാലിറ്റികൾ, സർവ്വകലാശാലകൾ, ഹൗസിംഗ് ബോർഡ്, ഏതാനും സാംസ്കാരിക സ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ എന്നിവിടങ്ങളിൽ കൺകറന്റ് ഓഡിറ്റാണ് നിലവിലുള്ളത്. മറ്റ് സ്ഥാപനങ്ങളുടെ ഓഡിറ്റ് 14 ജില്ലാ ഓഫീസുകൾ വഴിയും, പ്രത്യേകം സ്ഥാപിതമായിട്ടുള്ള വെൽഫെയർ ഫണ്ട് ഓഡിറ്റ്, ദേവസ്വം ബോർഡ് ഓഡിറ്റ് എന്നിവ വഴിയും നിർവ്വഹിക്കപ്പെടുന്നു. ഓഡിറ്റ് ചെയ്യേണ്ട സ്ഥാപനങ്ങളുടെ എണ്ണക്കൂടുതലും അത്തരം സ്ഥാപനങ്ങളിലെ സാമ്പത്തിക ഇടപാടുകളുടെ വൈപുല്യവും കാരണം പരിമിതമായ ജീവനക്കാർ മാത്രമുള്ള ജില്ലാ ഓഫീസുകൾക്കും മറ്റ് ഓഫീസുകൾക്കും നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റ് പൂർത്തിയാക്കാൻ കഴിയാതെ വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലും 1996 ലെ ചട്ടങ്ങളിലും കാലോചിതമായ ഭേദഗതികൾ വരുത്താത്തതും വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

## 1.2. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഘടന

ഡയറക്ടറാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ തലവൻ. ചാരിറ്റബിൾ എൻഡോവ്മെന്റിന്റെ ട്രഷറർ കൂടിയാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ. ഡയറക്ടറെ കൂടാതെ 3 ജോയിന്റ് ഡയറക്ടർമാരും, ഒരു സീനിയർ ഡെപ്യൂട്ടി ഡയറക്ടറും 3 ഡെപ്യൂട്ടി ഡയറക്ടർമാരും 15 ഓഡിറ്റ് ഓഫീസർമാരും 50 ഓഡിറ്റർമാരുമാണ് ഡയറക്ടറേറ്റിൽ ഉള്ളത്. 14 ജില്ലാ ഓഫീസുകളും 39 കൺകറന്റ് ഓഡിറ്റ് ഓഫീസുകളും ക്ഷേമനിധികളുടേയും, മലബാർ, കൊച്ചി, ഗുരുവായൂർ, തിരുവിതാംകൂർ ദേവസ്വങ്ങളുടേയും അവയുടെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളുടേയും ഓഡിറ്റിനായുള്ള പ്രത്യേക ഓഫീസുകളും ഡയറക്ടറേറ്റിന് കീഴിൽ പ്രവർത്തിക്കുന്നു. ജില്ലാതലത്തിൽ, കൺകറന്റ് ഓഡിറ്റ് നിലവിലുള്ള സ്ഥാപനങ്ങളുടേത് ഒഴികെയുള്ള സ്ഥാപനങ്ങളുടെ ഓഡിറ്റിന്റെ ചുമതല ജില്ലാ ഓഫീസുകളിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഡെപ്യൂട്ടി ഡയറക്ടർമാർക്കുമാണ്. പുതുതായി നിയമിക്കപ്പെടുന്ന ഓഡിറ്റർമാർക്കായി ഒരു ട്രെയിനിംഗ് സെന്ററും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു.

Local Fund Audit Department

## 1.3. ലോക്കൽ ഫണ്ട് ഓഡിറ്റ് പരിധിയിൽവരുന്ന സ്ഥാപനങ്ങൾ

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന മറ്റ് ലോക്കൽ ഫണ്ടുകളുടേയും ഓഡിറ്റിനുള്ള അധികാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിലാണ് നിക്ഷിപ്തമായിരിക്കുന്നത്. കൂടാതെ കാലാകാലങ്ങളിൽ വിവിധ സർക്കാർ ഉത്തരവുകളിലൂടെ ഒട്ടേറെ സ്ഥാപനങ്ങൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല ഈ വകുപ്പിൽ നിക്ഷിപ്തമായിട്ടുണ്ട്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് വകുപ്പ് മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്തുന്നത്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു. വിശദമായ പട്ടിക **അനുബന്ധം-1** ൽ നൽകിയിട്ടുണ്ട്.

| **സ്ഥാപനം** | **എണ്ണം** |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 978 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 152 |
| ജില്ലാ പഞ്ചായത്തുകൾ | 14 |
| മുനിസിപ്പാലിറ്റികൾ | 60 |
| കോർപ്പറേഷനുകൾ | 5 |
| സർവ്വകലാശാലകൾ | 10 |
| ക്ഷേമനിധി ബോർഡുകൾ | 19 |
| ദേവസ്വം ബോർഡുകളും ക്ഷേത്രങ്ങളും | 3994 |
| കോടതികൾ | 376 |
| സാംസ്കാരിക സ്ഥാപനങ്ങൾ | 33 |
| അനാഥാലയങ്ങളും പൂവർ ഹോമുകളും | 918 |
| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ | 2079 |
| വികസന അതോറിറ്റികൾ | 3 |
| മറ്റ് സ്ഥാപനങ്ങൾ | 222 |
| **ആകെ** | **8863** |

## 1.4. ഡയറക്ടറേറ്റിന്റെ ചുമതലകൾ

1) വാർഷികവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ ഓഡിറ്റ് പ്ലാനിന്റെ ആസൂത്രണവും രൂപീകരണവും.
2) ഓഡിറ്റ് പ്ലാനിന്റെ അടിസ്ഥാനത്തിലുള്ള സബ് ഓഫീസുകളുടെ ഓഡിറ്റ് പ്രവർത്തനങ്ങളുടെ മേൽനോട്ടവും വിലയിരുത്തലും
3) നിയമസഭയിൽ സമർപ്പിക്കേണ്ട സമാഹൃത ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുക.
4) ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ നഷ്ടം ഈടാക്കുന്നതിനുള്ള ചാർജ്ജ്/സർചാർജ്ജ് നടപടികൾ നിർവ്വഹിക്കുക.
5) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്ന ഖണ്ഡികകളിന്മേൽ എം.ഐ.പി (Memorandum of Important Points) തയ്യാറാക്കുക.
6) സമാഹൃത റിപ്പോർട്ടിലെ ഖണ്ഡികകളുടെ പരിശോധനയിൽ നിയമസഭാ കമ്മിറ്റിയെ സഹായിക്കുക.
7) വകുപ്പുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പ്
8) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും സമ്പത്തികവും ഭരണപരവുമായ കാര്യങ്ങളിൽ ഉപദേശം നൽകുക.
9) ഓഡിറ്റ് പരിധിയിൽ വരുന്ന ജീവനക്കാരുടെ പെൻഷൻ ക്ലെയിമുകളുടെ പരിശോധന
10) സബ് ഓഫീസുകളുടെ പ്രവർത്തനം, ബജറ്റ്, കണക്കുകൾ, ഫണ്ട് വിതരണം എന്നിവയുടെ നിയന്ത്രണവും ആഭ്യന്തര പരിശോധനയും
11) വകുപ്പിന്റെ വെബ്സൈറ്റിന്റെ സംരക്ഷണവും കാലികമാക്കലും
12) സമാഹൃത റിപ്പോർട്ടുകളും സബ് ഓഫീസുകളിൽ നിന്ന് പുറപ്പെടുവിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളും വെബ്സൈററിൽ പ്രസിദ്ധീകരിക്കുക.
13) ജീവനക്കാരുടെ ഓഡിറ്റുമായി ബന്ധപ്പെട്ട ശേഷി പരിപോഷിപ്പിക്കുന്നതിന് നിരന്തര പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
14) ചാരിറ്റബിൾ എന്റോവ്മെന്റിന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുക.
15) വകുപ്പിലെ ജീവനക്കാരുടെ നിയന്ത്രണം.
16) ഇന്റേണൽ ഓഡിറ്റിംഗ്
17) വിജിലൻസ് (ഓഡിറ്റ് ക്യാമ്പുകളിലെ മിന്നൽ പരിശോധന)

Local Fund Audit Department

## വകുപ്പിന്റെ ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും

ആധുനികവൽക്കരണത്തിന്റെ ഭാഗമായി വികാസ് ഭവനിലുള്ള ഡയറക്ടറുടെ കാര്യാലയം പുനർനിർമ്മിച്ചു. ഇതിന്റെ ഉൽഘാടനം ബഹു. ധന മന്ത്രി ശ്രീ. കെ. എം. മാണി 13.05.2014 -ൽ നിർവ്വഹിച്ചു.

വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണവും "ഓഡിറ്റ് ഇൻഫർമേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റം" (AIMS) എന്ന സോഫ്റ്റ് വെയറിന്റെ പ്രവർത്തനവും ദ്രുതഗതിയിൽ പുരോഗമിക്കുന്നു. വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷന് വേണ്ടി സർക്കാർ ഒരു കോടി രൂപ അനുവദിച്ചു. 150 കമ്പ്യൂട്ടറുകളും 14 കളർ പ്രിന്ററുകളും ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. 2008-09 മുതലുളള എല്ലാ ഓഡിറ്റ് റിപ്പോർട്ടുകളും പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലാക്കി. കമ്പ്യൂട്ടർ വൽക്കരണത്തിന്റെ പുരോഗതി വിലയിരുത്താനായി ഒരു വകുപ്പുതല സമിതിയ്ക്കും രൂപം നൽകിയിട്ടുണ്ട്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 'AIMS' വിജയകരമായി നടപ്പിലാക്കി. എറണാകുളം, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ 'AIMS' നടപ്പിലാക്കി വരുന്നു.

## പരിശീലന പരിപാടികൾ

സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി അനുസരിച്ചുള്ള 32 പരിശീലന പരിപാടികളും 25.9.2013 ലെ 7492/13/ഫിൻ നമ്പർ ഉത്തരവ് പ്രകാരമുള്ള 24 പരിശീലന പരിപാടികളും (ഓഡിറ്റ് റിഫ്രഷർ ട്രെയിനിംഗ്) 2012-13 വർഷം നടത്തിയിട്ടുണ്ട്.

### 1.5. ജില്ലാ ഓഫീസുകളുടെ ചുമതലകൾ

ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോടതികൾ, അനാഥാലയങ്ങൾ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ, ലൈബ്രറി കൗൺസിലുകൾ, മറ്റ് ഗ്രാന്റ് - ഇൻ- എയ്ഡ് സ്ഥാപനങ്ങൾ എന്നിവയുടെ ഓഡിറ്റ് ചുമതല ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ജില്ലാ ഓഫീസുകൾക്കാണ്. ജില്ലാ ഓഫീസുകളിൽ ലഭ്യമായ മനുഷ്യ വിഭവശേഷിയുടെ സിംഹഭാഗവും ത്രിതല പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഓഡിറ്റിന് വേണ്ടിയാണ് വിനിയോഗിക്കുന്നത്. ഓഡിറ്റുമായി ബന്ധപ്പെട്ട് ജില്ലാ ഓഫീസുകളുടെ ചുമതലകൾ താഴെ പറയുന്നവയാണ്.

1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുക.
2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ട്രാൻസാക്ഷൻ ഓഡിറ്റും പെർഫോർമൻസ് ഓഡിറ്റും ചെയ്യുക
3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ബാലൻസും ഗ്യാപ് ഫണ്ടിനുള്ള അർഹതയും പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുക.
4) ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കുക
5) ഓഡിറ്റ് റിപ്പോർട്ടുകൾക്കുള്ള മറുപടികളിന്മേൽ ഫർദർ റിപ്പോർട്ടുകൾ/ഫർദർ റിമാർക്സുകൾ പുറപ്പെടുവിക്കുക.
6) ചാർജ്/സർചാർജ് നടപടികൾക്കുള്ള ശുപാർശകൾ ഡയറക്ടർക്കു നൽകുക.
7) ചാർജ്ജ് / സർചാർജ്ജ് നോട്ടീസിനുളള മറുപടികളിന്മേൽ പ്രാദേശിക പരിശോധനയും ഹിയറിംഗും നടത്തുക.
8) വാർഷിക കണക്കുകൾ സമയപരിധിക്കുള്ളിൽ സമർപ്പിക്കാതിരിക്കൽ - ചാർജ്ജ്/സർചാർജ് സർട്ടിഫിക്കറ്റുകൾ എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുക.
9) സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്കുള്ള ഖണ്ഡികകൾ തെരഞ്ഞെടുക്കുക
10) സമാഹൃത റിപ്പോർട്ടിലെ ഖണ്ഡികകൾക്കുള്ള മറുപടിയിന്മേൽ നിയമസഭാ സമിതിയ്ക്ക് സമർപ്പിക്കുന്നതിനുള്ള എം.ഐ.പി തയ്യാറാക്കുക.
11) സമാഹൃത റിപ്പോർട്ടിലെ പാമർശങ്ങൾക്കുള്ള മറുപടിയിന്മേൽ പ്രാദേശിക പരിശോധന നടത്തി റിപ്പോർട്ട് നൽകുക.
12) തീർപ്പാക്കാത്ത ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി അദാലത്തുകൾ നടത്തുക.
13) ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ പങ്കെടുക്കുക.
14) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള നിർണ്ണയങ്ങൾ പരിശോധിച്ച് അംഗീകരിക്കുക
15) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ക്ലെയിമുകൾ പരിശോധിക്കുക.

ജീവനക്കാരുടെ കുറവു കാരണം ജില്ലാ ഓഫീസുകളുടെ പരിധിയിലുള്ള മിക്ക സ്ഥാപനങ്ങളുടേയും ഓഡിറ്റ് കുടിശ്ശിക ആയിരിക്കുകയാണ്. ഓഡിറ്റ് ജോലികളിലെ കുടിശ്ശിക കാരണം ഓഡിറ്റർമാർക്ക് മറ്റ് ഓഫീസ് ജോലികൾ കൃത്യമായി ചെയ്തു തീർക്കാനാകുന്നില്ല.

ദേവസ്വംബോർഡുകൾ, വെൽഫെയർ ഫണ്ടുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ ഓഡിറ്റ് ഓഫീസുകളിലും സാമ്പത്തിക ഇടപാടുകളുടെ വൈപുല്യം പരിഗണിക്കുമ്പോൾ തസ്തികകൾ കുറവാണ്.

Local Fund Audit Department

അധികാര വികേന്ദ്രീകരണ നടപടികളുടെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകൾ എന്ന നിലയിലേക്ക് വികാസം പ്രാപിക്കുകയും, തദനുസൃതമായി അവയുടെ സാമ്പത്തിക വിനിയോഗം അതീവ വിപുലമാവുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ പൊതുഖജനാവിന്റെ ഭൂരിഭാഗവും ചെലവഴിക്കുന്ന സ്ഥാപനങ്ങളുടെ സാമ്പത്തിക അച്ചടക്കവും നിയമവിധേയത്വവും നിരീക്ഷിക്കേണ്ട ബാധ്യതയാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് വന്ന് ചേർന്നിരിക്കുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനകാര്യ ഭരണത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. ഈ മേഖലയിലെ നിയമപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിന് ക്രിയാത്മകമായ ഉപദേശം നൽകുന്നതിനു പുറമേ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന ഭരണ നിർവ്വഹണത്തിലും, ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ വകുപ്പ് ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തുന്ന വാർഷിക ഓഡിറ്റുകളും അവയിലുള്ള അനന്തര നടപടികളും പ്രസ്തുത സ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റ് ക്രമപരമാക്കുന്നതിൽ നിസ്തുലമായ പങ്കാണ് വഹിക്കുന്നത്. അധികാര പരിധിയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെ സകല സാമ്പത്തിക ഇടപാടുകളും വിശദമായ ഓഡിറ്റിന് (ഡീറ്റയിൽഡ് ഓഡിറ്റ്) വിധേയമാക്കേണ്ടതുള്ളതിനാൽ വകുപ്പിന്റെ ജോലി ഭാരം മറ്റ് ഓഡിറ്റ് ഏജൻസികളെക്കാൾ വളരെയേറെയാണെന്ന് വ്യക്തമാണ്. ചുമതലകൾക്ക് ആനുപാതികമായ എണ്ണം ജീവനക്കാർ വകുപ്പിൽ ലഭ്യമല്ലതാനും. എങ്കിലും പരിമിതികൾക്കും പരാധീനതകൾക്കും ഉള്ളിൽനിന്നുകൊണ്ട്, അർപ്പിതമായ ചുമതലകൾ പരമാവധി ഭംഗിയായി നിർവ്വഹിക്കാൻ വകുപ്പിന് കഴിയുന്നു എന്നുള്ളത് അഭിമാനകരമായി കരുതുന്നു. ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾക്ക് മാർഗ്ഗദർശിയും, ചെലവഴിക്കപ്പെടുന്ന പൊതുപണത്തിന്റെ കാവൽഭടനുമെന്നുള്ള ദ്വിമുഖ മാർഗ്ഗരേഖയാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ നയിക്കുന്നത്.

ചുമതലകളുമായി തട്ടിച്ചുനോക്കുമ്പോൾ പ്രവർത്തനത്തിൽ വളരെയധികം അപര്യാപ്തതകൾ/പ്രതിസന്ധികൾ വകുപ്പ് നേരിടുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാനത്തെ സർവ്വകലാശാലകൾ, ബോർഡുകൾ, എച്ച്.ആർ.ഇ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ 8863 സ്ഥാപനങ്ങൾ ഓഡിറ്റ് ചെയ്യുന്നതിന് 598 ഓഡിറ്റർ തസ്തികകൾ (ഓഡിറ്റർ - 200, സീനിയർ ഗ്രേഡ് ഓഡിറ്റർ - 199, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ - 199) മാത്രമാണ് നിലവിലുള്ളത്. ആയതിനാൽ കാലോചിതവും പ്രവർത്തനോന്മുഖവുമായ വികസനം ഈ വകുപ്പിൽ ഇനിയും ഉണ്ടാകേണ്ടതുണ്ട്.

## 1.6. അക്കൗണ്ടുകളുടെ ഓഡിറ്റ്

2013-14 ൽ ആകെ 2922 സ്ഥാപനങ്ങളുടെ വാർഷിക അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് 2054 ഓഡിറ്റ് റിപ്പോർട്ടുകൾ/ഓഡിറ്റ് നോട്ടുകളും പുറപ്പെടുവിക്കുകയും 1325 ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. 31.03.2014 ൽ തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം 28346 ആണ്. ആകെ 2044 എലിജിബിലിറ്റി/യൂട്ടിലൈസേഷൻ/ഓഡിറ്റ് സർട്ടിഫിക്കറ്റുകളാണ് 2013-14 ൽ പുറപ്പെടുവിച്ചിട്ടുള്ളത്. 1076940.862 ലക്ഷം രൂപയുടെ ചെലവുകൾ ഈ കാലയളവിൽ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. 44750.19 ലക്ഷം രൂപയുടെ ചെലവുകൾ തടസ്സത്തിൽ വയ്ക്കുകയും 443373.02 ലക്ഷം രൂപയുടെ ചെലവുകൾ നിരാകരിക്കുകയും ചെയ്തിട്ടുണ്ട്.

## 1.7. അക്കൗണ്ട് സർട്ടിഫിക്കേഷൻ

2012-13 വർഷം വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ആകെ ഗ്രാമപഞ്ചായത്തുകൾ | വിശേഷണങ്ങൾ ഇല്ലാത്തത് | വിശേഷണത്തോട് കൂടിയത് | നിരാകരണം/ പ്രതികൂലം | സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കാത്തവ |
|---|---|---|---|---|
| 978 | 197 | 759 | 16 | 6 |

| ആകെ മുനിസിപ്പാലിറ്റികൾ | വിശേഷണങ്ങൾ ഇല്ലാത്തത് | വിശേഷണത്തോട് കൂടിയത് | നിരാകരണം/ പ്രതികൂലം | സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കാത്തവ |
|---|---|---|---|---|
| 60 | 4 | 49 | 1 | 6 |

വാർഷിക കണക്കുകൾ സമർപ്പിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9-ാം വകുപ്പ് പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Local Fund Audit Department

## 1.8. ചാരിറ്റബിൾ എൻഡോവ്മെന്റ്

ചാരിറ്റബിൾ എൻഡോവ്മെന്റിന്റെ സംസ്ഥാന ട്രഷറർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറാണ്. ട്രഷററുടെ പേരിൽ ലഭിക്കുന്ന എൻഡോവ്മെന്റ് തുകകൾ ആദ്യം ട്രഷററുടെ പേരിലുള്ള പ്രത്യേക പി.ഡി.അക്കൗണ്ടിൽ സൂക്ഷിക്കുകയും സർക്കാരിൽ നിന്നും വെസ്റ്റിംഗ് ഓർഡർ ലഭിക്കുന്നതനുസരിച്ച് ബാങ്കുകളിൽ സ്ഥിര നിക്ഷേപമാക്കി മാറ്റുകയും ചെയ്യുന്നു. ഓരോ വർഷവും ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റർമാർ ഗുണഭോക്താക്കളെ കണ്ടെത്തി തുക ആവശ്യപ്പെടുന്ന മുറയ്ക്ക് പലിശതുകകൾ വിതരണം ചെയ്യുന്നു. ചാരിറ്റബിൾ എൻഡോവ്മെന്റ് ട്രഷററുടെ പേരിൽ ലഭിക്കുന്ന കോർപ്പസ് തുകകളുടെയും പലിശ തുകകളുടെയും സംക്ഷിപ്തം എല്ലാ വർഷവും സെപ്റ്റംബർ 30 നു മുൻപായി കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നു.

31.03.2014 വരെ ട്രഷററുടെ പേരിൽ 1317 എൻഡോവ്മെന്റുകളിലായി ആകെ 11,38,52,662/- രൂപ കോർപ്പസ് തുകയായുണ്ട്.

**ചാരിറ്റബിൾ എൻഡോവ്മെന്റുമായി ബന്ധപ്പെട്ട തുകയുടെ വിശദാംശങ്ങൾ**

| ഇനം | സ്ഥിര നിക്ഷേപ തുക (രൂപ) | സ്ഥിരനിക്ഷേപത്തിൽ നിന്നുള്ള പലിശ (രൂപ) | വിവിധ ചാരിറ്റബിൾ എൻഡോവ്മെന്റ് അഡ്മിനിസ്ട്രേറ്റർമാർക്ക് അമാൽഗമേറ്റഡ് ഫണ്ടിലേക്ക് കൈമാറിയ തുകകൾ |
|---|---|---|---|
| ചാരിറ്റബിൾ എൻഡോവ്മെന്റുകൾക്കായുള്ള കോർപ്പസ് ഫണ്ട് | 33252662 | 1754300 | 945381 |
| കോർപ്പസിലേക്ക് കൂട്ടി ചേർത്ത ഉപയുക്തമാക്കാത്ത പലിശ | - | - | - |
| അമാൽഗമേറ്റഡ് ഫണ്ട് | 80600000 | 9003744 | 5000000 |
| **ആകെ** | **113852662** | **10758044** | **5945381** |

## 1.9. ചാർജ്/സർചാർജ് നടപടികൾ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 16-ാം വകുപ്പും 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടത്തിലെ 20-ാം ചട്ടവും പ്രകാരം വരവിനങ്ങളിൽ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം ചാർജ് നടപടിയിലൂടെയും ചെലവിനങ്ങളിലെ നഷ്ടം സർചാർജ് നടപടിയിലൂടെയും ഈടാക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അധികാരമുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച ശേഷം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(2) പ്രകാരമുള്ള ഫർദർ റിമാർക്സ്, 23(3) പ്രകാരമുള്ള ഫർദർ റിപ്പോർട്ട് എന്നിവയിൽ പ്രസക്തമായത് പുറപ്പെടുവിക്കുന്നതിനൊപ്പം പരിഹരിക്കപ്പെടാതെ നിൽക്കുന്ന ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ച നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കാൻ ഡയറക്ടർക്ക് ചാർജ്/സർചാർജ് ശുപാർശ കൂടി നൽകുന്നു.

ചട്ടം 20(2) പ്രകാരം നഷ്ടോത്തരവാദികൾക്ക് ചാർജ്/സർചാർജ് ശുപാർശയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ചാർജ്/സർചാർജ് നോട്ടീസ് അയയ്ക്കുന്നു. നോട്ടീസ് ലഭിച്ച് രണ്ടു മാസത്തിനുള്ളിൽ ഉത്തരവാദിയായ വ്യക്തി തനിയ്ക്കെതിരെ ചൂണ്ടിക്കാണിച്ചിട്ടുള്ള നഷ്ടം ലോക്കൽ അതോറിറ്റിയിൽ അടച്ച വിവരമോ സ്വീകാര്യമായ വിശദീകരണമോ ഡയറക്ടർക്കു നൽകാത്ത പക്ഷം ആ വ്യക്തിക്കെതിരെ ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നു. 2013-14 ൽ 19.86 കോടി രൂപയുടെ നഷ്ടത്തിന് 700 സർചാർജ് നോട്ടീസുകളും 72.93 ലക്ഷം രൂപയുടെ നഷ്ടത്തിന് 100 ചാർജ് നോട്ടീസുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതേ കാലയളവിൽ 343248/- രൂപയുടെ നഷ്ടത്തിന് 12 ചാർജ് സർട്ടിഫിക്കറ്റുകളും 4172233/- രൂപയുടെ നഷ്ടത്തിന് 88 സർചാർജ് സർട്ടിഫിക്കറ്റുകളും പുറപ്പെടുവിക്കുകയുണ്ടായി.

**2013-14 ൽ പുറപ്പെടുവിച്ച ചാർജ്/സർചാർജ് നോട്ടീസുകളുടെയും സർട്ടിഫിക്കറ്റുകളുടെയും വിശദാംശങ്ങൾ**

| വർഷം | ചാർജ് നോട്ടീസുകൾ | | സർചാർജ് നോട്ടീസുകൾ | | ഈടാക്കിയ തുക | |
|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | ചാർജ് തുക | സർചാർജ് തുക |
| 2013-14 | 100 | 7293042 | 700 | 198636988 | 121752 | 698765 |

| വർഷം | ചാർജ് സർട്ടിഫിക്കറ്റുകൾ | | സർചാർജ് സർട്ടിഫിക്കറ്റുകൾ | | ഈടാക്കിയ തുക | |
|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | ചാർജ് തുക | സർചാർജ് തുക |
| 2013-14 | 12 | 343248 | 88 | 4172233 | - | 117645 |

Local Fund Audit Department

## 1.10. ഓഡിറ്റ് ചാർജ്

1994 ലെ കേരള ലോക്കൽ ഫണ്ട് നിയമത്തിലെ 19-ാം വകുപ്പ്, 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24(1) എന്നിവ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ചെയ്യുന്ന സ്ഥാപനങ്ങൾ അവയുടെ വരുമാനത്തിന്റെ 0.5% ഓഡിറ്റ് ചാർജ്ജായി ഒടുക്കേണ്ടതുണ്ട്. സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്ന അനാഥാലയങ്ങൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, ജില്ലാ/താലൂക്ക് ലൈബ്രറി കൗൺസിലുകൾ, മിലിട്ടറി ബെനവലന്റ് ഫണ്ട്, കേരള പോലീസ് വെൽഫയർ & അമിനിറ്റി ഫണ്ട് എന്നിവയെ സർക്കാർ വിവിധ ഉത്തരവുകളിലൂടെ ഓഡിറ്റ് ചാർജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 28.02.2009 ലെ ജി.ഒ.(പി) നം. 368/09/ധന. ഉത്തരവ് പ്രകാരം ഓഡിറ്റ് ചാർജ് ഒരു ശതമാനമായി ഉയർത്തി. (2009-10 മുതൽ പ്രാബല്യത്തിൽ). 10.05.2012 ലെ സ.ഉ.(അച്ചടി) നം. 124/2012/തസ്വഭവ. പ്രകാരം ഓഡിറ്റ് ചാർജ് (കുടിശിക ഉൾപ്പെടെ) നൽകുന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. ഇതുമൂലം ഓഡിറ്റ് ചാർജ് ഇനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം ആകെ 18774735/- രൂപ ഓഡിറ്റ് ചാർജായി ലഭിച്ചിട്ടുണ്ട്.

## 1.11. ഓഡിറ്റ് പുരോഗതി

കേരളത്തിലെ ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, നഗരസഭകൾ, ദേവസ്വം ബോർഡുകൾ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തുടങ്ങി 2010 സ്ഥാപനങ്ങളിൽ 2013-14 സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്യുകയുണ്ടായി. 1161444.516 ലക്ഷം രൂപയുടെ വരവ് കണക്കുകളും 1076940.862 ലക്ഷം രൂപയുടെ ചെലവുകണക്കുകളും ഓഡിറ്റിന് വിധേയമാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം | പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | ആകെ വരവ് (ലക്ഷത്തിൽ) | ആകെ ചെലവ് (ലക്ഷത്തിൽ) | ചെലവ് നഷ്ടം/ നിരാകരിച്ച തുക (ലക്ഷത്തിൽ) | ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 718 | 884 | 565188.89 | 529446.57 | 1130.25 | 18757.12 |
| ബ്ലോക്ക് പഞ്ചായത്ത് | 120 | 155 | 179791.18 | 160493.81 | 372.27 | 6378.16 |
| ജില്ലാ പഞ്ചായത്ത് | 14 | 15 | 63857.78 | 58111.43 | 159.78 | 9132.9 |
| മുനിസിപ്പാലിറ്റി | 40 | 56 | 86506.12 | 93953.665 | 272.32 | 4033.29 |
| കോർപ്പറേഷൻ | 8 | 17 | 58333.08 | 61675.82 | 129.326 | 3641.61 |
| സർവ്വകലാശാല | 9 | 8 | 92861.633 | 91332.3 | 140.471 | 1008.535 |
| മറ്റ് സ്ഥാപനങ്ങൾ | 1101 | 919 | 114905.833 | 81927.217 | 441168.603 | 1798.574 |
| **ആകെ** | **2010** | **2054** | **1161444.516** | **1076940.862** | **443373.02** | **44750.19** |

Local Fund Audit Department

## അദ്ധ്യായം 2

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വികേന്ദ്രീകൃതാസൂത്രണവും

ധനകാര്യവും പ്രവർത്തനപരവുമായ അധികാര കൈമാറ്റത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ് കേരളം. ഭരണഘടനയുടെ 243-ാം അനുച്ഛേദത്തിന് അനുസൃതമായി സംസ്ഥാന നിയമസഭ പാസ്സാക്കിയ 1994 ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരം നിലവിൽ വന്ന പഞ്ചായത്ത്-നഗരസഭാ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി പ്രവർത്തിച്ചുവരുന്നു. സാമൂഹിക നീതിയും സാമ്പത്തിക വികസനവും ക്ഷേമവും നടപ്പാക്കുകയെന്ന മഹത്തായ ചുമതലകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായി. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെ 40 ശതമാനത്തോളം വരുന്ന തുക വർഷം തോറും പ്രാദേശിക സർക്കാരുകൾക്ക് കൈമാറിവരുന്നു. അങ്ങനെ വിപുലമായ സാമ്പത്തിക അധികാരങ്ങളും അതോടൊപ്പം വർദ്ധിച്ച ചുമതലകളും പ്രാദേശിക സർക്കാരുകൾക്ക് കൈവന്നിട്ടുണ്ട്.

9-ാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ ജനകീയാസൂത്രണ പദ്ധതി എന്ന പേരിൽ ആരംഭിച്ച വികേന്ദ്രീകൃതാസൂത്രണം, പത്താം പദ്ധതിയിൽ കേരള വികസന പദ്ധതി എന്ന പേരിൽ പുനരാവിഷ്കരിച്ചു. 9, 10, 11 പഞ്ചവത്സര പദ്ധതികളിലൂടെ നടപ്പാക്കിയ വികേന്ദ്രീകൃതാസൂത്രണ പദ്ധതികളിലൂടെ ശ്രദ്ധേയമായ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണം ശക്തിപ്പെടുത്തുന്നതിനുതകുന്ന പദ്ധതികളാണ് 12-ാം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ മാർഗ്ഗരേഖയിൽ മുഖ്യമായും മേഖലാ പരിധിയിൽ മാറ്റം വരുത്തുകയും, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ധനവിനിയോഗ സ്വാതന്ത്ര്യം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് സംവിധാനം ഉപേക്ഷിച്ചുവെന്നതാണ് 12-ാം പദ്ധതിയുടെ മറ്റൊരു സവിശേഷത. ദാരിദ്ര്യ നിർമ്മാർജ്ജനം, കൃഷി അനുബന്ധ മേഖലകളുടെ പുനരുജ്ജീവനം, പരമ്പരാഗത വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, സംയോജിത പാർപ്പിട പദ്ധതികൾ തുടങ്ങിയവയൊക്കെ കേരളത്തിൽ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ മാതൃകാപരമായി നടത്തിവരുന്നു.

കേരളത്തിൽ ആകെ 1209 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണുള്ളത്. ഇവയിൽ 978 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാപഞ്ചായത്തുകൾ എന്നിങ്ങനെ 1144 ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 65 നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും (60 മുനിസിപ്പാലിറ്റികൾ, 5 കോർപ്പറേഷനുകൾ) ഉൾപ്പെടുന്നു.

| ക്രമ നം. | ജില്ല | ഗ്രാമ പഞ്ചായത്ത് | | ബ്ലോക്ക് പഞ്ചായത്ത് | | ജില്ലാ പഞ്ചായത്ത് | | മുനിസിപ്പാലിറ്റി | | കോർപ്പറേഷൻ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | വാർഡുകളുടെ എണ്ണം | എണ്ണം | വാർഡുകളുടെ എണ്ണം | എണ്ണം | വാർഡുകളുടെ എണ്ണം | എണ്ണം | വാർഡുകളുടെ എണ്ണം | എണ്ണം | വാർഡുകളുടെ എണ്ണം | എണ്ണം | വാർഡുകളുടെ എണ്ണം |
| 1 | തിരുവനന്തപുരം | 73 | 1299 | 11 | 155 | 1 | 26 | 4 | 147 | 1 | 100 | 90 | 1727 |
| 2 | കൊല്ലം | 70 | 1274 | 11 | 153 | 1 | 26 | 3 | 102 | 1 | 55 | 86 | 1610 |
| 3 | പത്തനംതിട്ട | 54 | 811 | 8 | 106 | 1 | 17 | 3 | 99 | | | 66 | 1033 |
| 4 | ആലപ്പുഴ | 73 | 1186 | 12 | 158 | 1 | 23 | 5 | 186 | | | 91 | 1553 |
| 5 | കോട്ടയം | 73 | 1180 | 11 | 148 | 1 | 23 | 4 | 141 | | | 89 | 1492 |
| 6 | ഇടുക്കി | 53 | 814 | 8 | 104 | 1 | 16 | 1 | 35 | | | 63 | 969 |
| 7 | എറണാകുളം | 84 | 1369 | 14 | 185 | 1 | 26 | 11 | 369 | 1 | 74 | 111 | 2023 |
| 8 | തൃശ്ശൂർ | 88 | 1501 | 16 | 213 | 1 | 29 | 6 | 233 | 1 | 55 | 112 | 2031 |
| 9 | പാലക്കാട് | 91 | 1542 | 13 | 182 | 1 | 29 | 4 | 150 | | | 109 | 1903 |
| 10 | മലപ്പുറം | 100 | 1902 | 15 | 227 | 1 | 32 | 7 | 278 | | | 123 | 2439 |
| 11 | കോഴിക്കോട് | 75 | 1335 | 12 | 169 | 1 | 27 | 2 | 91 | 1 | 75 | 91 | 1697 |
| 12 | വയനാട് | 25 | 459 | 4 | 57 | 1 | 16 | 1 | 28 | | | 31 | 560 |
| 13 | കണ്ണൂർ | 81 | 1345 | 11 | 155 | 1 | 26 | 6 | 244 | | | 99 | 1770 |
| 14 | കാസർകോട് | 38 | 663 | 6 | 83 | 1 | 16 | 3 | 113 | | | 48 | 875 |
| **ആകെ** | | **978** | **16680** | **152** | **2095** | **14** | **332** | **60** | **2216** | **5** | **359** | **1209** | **21682** |

Local Fund Audit Department

## 2.1. തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, പൊതു ഉദ്ദേശ്യ ഗ്രാന്റ് എന്നിവയാണ് സംസ്ഥാന സർക്കാരിൽ നിന്ന് പ്രധാനമായും ലഭിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട്, പൊതുവിഭാഗ, പ്രത്യേക ഘടക പദ്ധതി (എസ്.സി.പി), പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) എന്നിങ്ങനെ 3 വിഭാഗങ്ങളായാണ് അനുവദിക്കുന്നത്. 4-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകളനുസരിച്ചാണ് 12-ാം പദ്ധതിയിൽ ഓരോ വിഭാഗത്തിനുമുള്ള വിഹിതം നിശ്ചയിക്കുന്നത്. സംസ്ഥാന പദ്ധതിവിഹിതത്തിന്റെ ഏറ്റവും കുറഞ്ഞത് 25 ശതമാനമെങ്കിലും വികസന പ്രവർത്തനങ്ങൾക്കു വേണ്ടി കൈമാറണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന് പുറമെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സഹായം, 13-ാം ധനകാര്യ കമ്മിഷൻ അവാർഡ്, പെർഫോമൻസ് ഗ്രാന്റ് തുടങ്ങിയവയും തനതു വരുമാന മാർഗ്ഗങ്ങളും വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു.

**1997 – 2013 വരെ ബഡ്ജറ്റിൽ തദ്ദേശസ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുകകൾ**

| വർഷം | പ്ലാൻ ഫണ്ട്/വികസന ഫണ്ട് | സംസ്ഥാനാവിഷ്കൃതം | ഭരണ നവീകരണം | ആകെ (2+3+4) | അനുവദിച്ച പ്ലാൻ ഫണ്ട്/വികസന ഫണ്ട് (Release) |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1997-98 | 749.00 | 276.00 | - | 1025.00 | 749.00 |
| 1998-99 | 950.00 | 166.50 | - | 1116.50 | 950.00 |
| 1999-2000 | 1020.00 | 134.40 | - | 1154.40 | 1020.00 |
| 2000-01 | 1045.00 | 224.21 | - | 1269.21 | 783.75 |
| 2001-02 | 850.00 | 81.65 | - | 931.65 | 637.50 |
| 2002-03 | 1342.00 | 96.18 | - | 1438.18 | 1006.50 |
| 2003-04 | 1317.00 | 101.54 | 244.95 | 1663.49 | 1454.45 |
| 2004-05 | 1350.00 | 86.03 | 234.11 | 1670.14 | 1168.53 |
| 2005-06 | 1375.00 | 161.69 | 124.84 | 1661.53 | 1375.00 |
| 2006-07 | 1400.00 | 223.38 | 47.79 | 1671.17 | 1400.00 |
| 2007-08 | 1540.00 | 528.66 | - | 2068.66 | 1540.00 |
| 2008-09 | 1670.53 | 591.52 | - | 2262.05 | 1670.53 |
| 2009-10 | 1840.69 | 201.68 | - | 2042.37 | 1840.69 |
| 2010-11 | 2050.00 | 949.03 | - | 2999.03 | 2050.00 |
| 2011-12 | 2750.00 | - | - | - | 2750.00 |
| 2012-13 | 3228.00 | - | - | - | 3228.00 |

കടപ്പാട്: പഞ്ചായത്ത് ഗൈഡ് 2014

**വിവിധ മേഖലകളിൽ വകയിരുത്തിയ തുകകൾ (2013 – 14)**

| ക്രമ നം. | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | പ്രോജക്റ്റുകളുടെ എണ്ണം | ഉല്പാദന മേഖല | സേവന മേഖല | പശ്ചാത്തല മേഖല | ആകെ (തുക ലക്ഷം രൂപയിൽ) |
|---|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 90 | 13647 | 3289.97 | 28532.84 | 30011.74 | 61834.56 |
| 2. | കൊല്ലം | 86 | 11798 | 3867.73 | 24464.03 | 22319.3 | 50651.06 |
| 3. | പത്തനംതിട്ട | 66 | 8590 | 1833.2 | 11001.43 | 13744.37 | 26578.99 |
| 4. | ആലപ്പുഴ | 91 | 9863 | 2548.09 | 19600.29 | 13035.47 | 35183.85 |
| 5. | കോട്ടയം | 89 | 11050 | 2198.38 | 16472.32 | 14642.03 | 33312.73 |
| 6. | ഇടുക്കി | 63 | 7926 | 1570.16 | 13590.27 | 13859.35 | 29019.78 |
| 7. | എറണാകുളം | 111 | 14313 | 3372.73 | 22669.75 | 29427.26 | 55469.74 |
| 8. | തൃശ്ശൂർ | 112 | 15190 | 4200.96 | 28244.52 | 23587.22 | 56032.7 |
| 9. | പാലക്കാട് | 109 | 15373 | 4431.42 | 27729.62 | 23072.76 | 55233.81 |
| 10. | മലപ്പുറം | 123 | 18289 | 3140.75 | 32805.7 | 23528.96 | 59475.41 |
| 11. | കോഴിക്കോട് | 91 | 13064 | 3069.78 | 22166.63 | 21468.57 | 46704.99 |
| 12. | വയനാട് | 31 | 5888 | 1263.76 | 13306.23 | 9700.82 | 24270.81 |
| 13. | കണ്ണൂർ | 99 | 11452 | 3462.15 | 19364.45 | 17032.26 | 39858.86 |
| 14. | കാസർഗോഡ് | 48 | 6617 | 1677.1 | 12693.33 | 10705.34 | 25075.77 |
| | **ആകെ** | **1209** | **163060** | **39926.18** | **292641.41** | **266135.45** | **598703.06** |




Local Fund Audit Department

**തദ്ദേശസ്ഥാപനങ്ങൾ വിവിധ മേഖലകളിൽ ചെലവഴിച്ച തുകകൾ (2013–14)**

| ക്രമ നം. | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | പ്രോജക്ടുകളുടെ എണ്ണം | ഉല്പാദന മേഖല | സേവന മേഖല | പശ്ചാത്തല മേഖല | ആകെ (തുക ലക്ഷം രൂപയിൽ) |
|---|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 90 | 13704 | 3762.03 | 28171.49 | 30119.69 | 62053.21 |
| 2. | കൊല്ലം | 86 | 11841 | 4259.7 | 24410.58 | 22361.72 | 51032 |
| 3. | പത്തനംതിട്ട | 66 | 8669 | 1944.4 | 11111.52 | 13824.58 | 26880.5 |
| 4. | ആലപ്പുഴ | 91 | 9985 | 2856.2 | 19739.82 | 13096.81 | 35692.83 |
| 5. | കോട്ടയം | 89 | 11096 | 2717.45 | 16455.38 | 14593.29 | 33766.11 |
| 6. | ഇടുക്കി | 63 | 7991 | 1551.31 | 13524.72 | 13968.15 | 29044.18 |
| 7. | എറണാകുളം | 111 | 14391 | 4115.8 | 22972.62 | 29678.12 | 56766.54 |
| 8. | തൃശ്ശൂർ | 112 | 15300 | 5485.09 | 28724.31 | 23687.53 | 57896.93 |
| 9. | പാലക്കാട് | 109 | 15658 | 4556.74 | 28048.04 | 23476.21 | 56080.99 |
| 10. | മലപ്പുറം | 123 | 18856 | 3936.47 | 33882.7 | 24329.66 | 62148.82 |
| 11. | കോഴിക്കോട് | 91 | 13150 | 3423.52 | 22416.45 | 21654.05 | 47494.03 |
| 12. | വയനാട് | 31 | 5892 | 1341.77 | 12817.88 | 9690.2 | 23849.85 |
| 13. | കണ്ണൂർ | 99 | 11550 | 3967.03 | 19560.82 | 17259.25 | 40787.1 |
| 14. | കാസർഗോഡ് | 48 | 6627 | 2024.48 | 12723.51 | 10682.47 | 25430.45 |
| **ആകെ** | | **1209** | **164710** | **45941.99** | **294559.84** | **268421.73** | **608923.54** |

**കടപ്പാട് : ഐ.കെ.എം.**




## 2.2. പന്ത്രണ്ടാം പദ്ധതി അവലോകനം

2012-13 വർഷത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്കു ലഭ്യമായ 3870.33 കോടി രൂപയുടെ വികസന ഫണ്ടിൽ നിന്നും 2741.67 കോടി രൂപ മാത്രമാണ് വിവിധ മേഖലകൾക്കുവേണ്ടി ചെലവഴിച്ചത്. 2012-13 ലെ മൊത്തവിനിയോഗമായ 71 ശതമാനം, 2011-12 ലെതിനേക്കാൾ (75 ശതമാനം) കുറവാണ്. ത്രിതല ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങളിൽ, 84 ശതമാനം ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്തുകളാണ് മികച്ച പ്രകടനം കാഴ്ച വച്ചത്. ഗ്രാമപഞ്ചായത്തുകളിൽ ചെലവു ശതമാനം 73 ഉം ജില്ലാ പഞ്ചായത്തുകളിൽ 62 ശതമാനവുമാണ്. ചെലവിന്റെ ശതമാനം ഏറ്റവും കുറവ് മുനിസിപ്പാലിറ്റികളിലാണ്. മുനിസിപ്പാലിറ്റികൾ 57 ശതമാനം മാത്രമാണ് ചെലവ് ചെയ്തത്.

2012-13 ലെ ചെലവിന്റെ ഇനം തിരിച്ചുള്ള വിശകലനം പരിശോധിക്കുമ്പോൾ പൊതുവിഭാഗത്തിൽ പദ്ധതി വിഹിതത്തിന്റെ 74.72 ശതമാനവും എസ്.സി.പി യിലും ടി.എസ്.പി യിലും 62 ശതമാനത്തിൽ അല്പം കൂടുതലുമാണ് ചെലവ് കാണിച്ചിട്ടുള്ളത്. എസ്.സി.പി/ടി.എസ്.പി വിഭാഗങ്ങളിൽ ചെലവിലുണ്ടായ കുറവ്, ബ്ലോക്ക് പഞ്ചായത്തുകളിലൊഴികെ തദ്ദേശ സ്ഥാപനങ്ങളിലെ മറ്റെല്ലാ തലങ്ങളിലുമുള്ള പൊതുവായ പ്രത്യേകതയാണ്.

ഉല്പാദന, സേവന അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ 2011-12 വർഷത്തെ അപേക്ഷിച്ച് കൂടുതൽ തുക 2012-13 ൽ അനുവദിച്ചിട്ടുണ്ടെങ്കിലും ആപേക്ഷികമായി കൂടുതൽ തുക ലഭിച്ചത് സേവന മേഖലയ്ക്കാണ്. ഉല്പാദന മേഖലയിലെ മുതൽമുടക്ക് 15 ശതമാനത്തിൽ നിന്ന് 9 ശതമാനമായി കുറയുകയാണുണ്ടായത്.

Local Fund Audit Department




ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഊർജ്ജിതമായ ഇടപെടലുകൾ, ഓഡിറ്റ് സ്ഥാപനങ്ങളുടെ പ്രവർത്തനമികവിന് പലവിധത്തിലും സഹായകമാവുന്നു. ചട്ടങ്ങളും, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും മറികടന്ന് നടക്കുന്ന നൂറുകണക്കിന് ക്രമരഹിതമായ പ്രവൃത്തികളാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓരോ വർഷവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ലോക്കൽ ഫണ്ട് ഓഡിറ്റ് നിരീക്ഷണങ്ങൾ ഓഡിറ്റ് സ്ഥാപനങ്ങളിൽ ഗുണകരമായ തിരുത്തലുകൾക്കും, അച്ചടക്ക നടപടികൾക്കും ഇടയാക്കിയതിന്റെ ഏതാനും മികച്ച ഉദാഹരണങ്ങളാണ് 'ഓഡിറ്റ് ഇംപാക്ടി' ലൂടെ അവതരിപ്പിക്കുന്നത്.

Local Fund Audit Department

# 3.1. ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചുള്ള മാധ്യമ ചർച്ചകളെ തുടർന്ന് വിജിലൻസ് അന്വേഷണം

പാലക്കാട് ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾ അംഗൻവാടികൾക്കാവശ്യമായ ഭക്ഷ്യ വസ്തുക്കൾ വാങ്ങിയതിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല എന്ന പരാമർശം ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. ചില ഗ്രാമപഞ്ചായത്തുകളിലെ ഓഡിറ്റ് പരാമർശങ്ങൾ പത്ര-ദൃശ്യ മാധ്യമങ്ങൾ മുഖേന പൊതുജന ശ്രദ്ധ ആകർഷിക്കുകയും ചർച്ചാ വിഷയമാവുകയും ചെയ്തിട്ടുണ്ട്.

സർക്കുലർ നം. 62393/ഡിബി2/2010/തസ്വഭവ തീയതി 13.11.2010 പ്രകാരം അംഗൻവാടികൾക്കാവശ്യമായ ഭക്ഷ്യ വസ്തുക്കൾ മാവേലിസ്റ്റോറുകളിലെ വിലയിൽ അധികരിക്കാതെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും പാലക്കാട് ജില്ലയിലെ പല ഗ്രാമപഞ്ചായത്തുകളും മാവേലി സ്റ്റോറിൽ നിന്നല്ലാതെ സാധന സാമഗ്രികൾ വാങ്ങിയിട്ടുള്ളത് മാവേലിസ്റ്റോറിൽ നിന്നും അധികരിച്ച നിരക്കിലാണ്. അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ, ഷോളയൂർ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളും ശ്രീകൃഷ്ണപുരം ബ്ലോക്കിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തും, പ്രദേശത്തെ മാവേലി സ്റ്റോറുകളെ ഒഴിവാക്കി വളരെ അകലെയുള്ള പൊറ്റശ്ശേരി കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കീഴിലുള്ള നീതി സ്റ്റോറിൽ നിന്നുമാണ് സാധനങ്ങൾ വാങ്ങിയത്. ഇതുമൂലം അഗളി ഗ്രാമപഞ്ചായത്തിന് ₹ 318371/- യും ഷോളയൂർ ഗ്രാമപഞ്ചായത്തിന് ₹ 147427/– യും പുതൂർ ഗ്രാമപഞ്ചായത്തിന് ₹ 2,99,978/- യും നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇക്കാര്യം പ്രസ്തുത പഞ്ചായത്തുകളുടെ ബന്ധപ്പെട്ട വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. (ഓഡിറ്റ് റിപ്പോർട്ട് നമ്പരുകൾ യഥാക്രമം നം. എൽ.എഫ്.പി 12/888/12 തീയതി. 14.06.12, എൽ.എഫ്.പി2/387/13 തീയതി 1.8.2013, നം.എൽ.എഫ്. പി22/698/2013 തീയതി 7.9.2013). ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ദൃശ്യമാധ്യമത്തിൽ 28/7/13 ന് വന്ന അട്ടപ്പാടി മേഖലയിലെ പോഷകാഹാര പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകളെക്കുറിച്ചുള്ള വാർത്തകൾ പൊതുജന ശ്രദ്ധ പിടിച്ചുപറ്റി. ഇതേ തുടർന്ന് താഴെ പറയുന്ന നടപടികൾ ഉണ്ടായി.

- ജില്ലാ കളക്ടറുടെ ഇടപെടലിനെ തുടർന്ന് അഗളി ഗ്രാമപഞ്ചായത്തിലെ അംഗൻവാടി സൂപ്പർവൈസറായ ശ്രീമതി. സി.എം. ഹാജിറാ ബീവിയെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തു. (സാമൂഹ്യ നീതി ഡയറക്ടറുടെ ഉത്തരവ് നമ്പർ ഇ5-24386/13 തീയതി. 28.06.13)
- അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ അംഗൻവാടികളിലെ ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നുണ്ട്.
- പാലക്കാട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും മാവേലി സ്റ്റോറിൽ നിന്നും ഭക്ഷ്യവസ്തുക്കൾ വാങ്ങണമെന്ന് കളക്ടർ അടിയന്തിര നിർദ്ദേശം നൽകി.
- നിലവിൽ പാലക്കാട് ജില്ലയിലെ എല്ലാ അംഗൻവാടികളും മാവേലി സ്റ്റോറിൽ നിന്നുമാണ് ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നത്.

**മൂല്യവർദ്ധിത നികുതി വെട്ടിപ്പ്** | **കോഴിക്കോട് ജില്ല**

# 3.2. ഓഡിറ്റ് പരാമർശം വഴി സർക്കാരിന് ലഭിച്ചത് 8.32 ലക്ഷം രൂപ

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 വർഷങ്ങളിലെ ഓഡിറ്റിൽ തൊഴിൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങിയപ്പോൾ വാണിജ്യ നികുതി വകുപ്പിന്റെ ടിൻ നമ്പറും രജിസ്റ്റർ നമ്പരും ഇല്ലാത്ത ക്യാഷ് ബില്ലുകൾ നൽകി പഞ്ചായത്തിൽ നിന്ന് മൂന്ന് വ്യാപാരികൾ മൂല്യവർദ്ധിത നികുതി ഈടാക്കിയതായി കണ്ടെത്തി.

പ്രസ്തുത വിവരം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നികുതി തുക സർക്കാരിലേയ്ക്ക് അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താനായി ക്യാഷ് ബില്ലുകളുടെ പകർപ്പ് വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് ഓഫീസർക്ക് അയച്ചു കൊടുത്തു. ഇന്റലിജൻസ് വിഭാഗം നടത്തിയ അന്വേഷണത്തിലാണ് ലക്ഷങ്ങളുടെ നികുതി വെട്ടിപ്പ് വെളിച്ചത്തായത്. പഞ്ചായത്തിന് ഉപകരണങ്ങൾ സപ്ലൈ ചെയ്ത 3 സ്ഥാപനങ്ങളും വില്പന നികുതി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലെന്നും

Local Fund Audit Department

പഞ്ചായത്തിൽ നിന്നും വസൂലാക്കിയ വിൽപന നികുതി സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ലെന്നും ബോധ്യപ്പെട്ടു. തുടർന്ന് പ്രസ്തുത സ്ഥാപനങ്ങളുടെ ഡീലർമാർക്ക് വാണിജ്യ നികുതി വകുപ്പ് സമൻസ് അയച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്റലിജൻസ് ഓഫീസർ മുൻപാകെ അവർ നേരിട്ട് ഹാജരാകുകയും കോമ്പൗണ്ട് ഫീയും പലിശയുമുൾപ്പെടെ ₹ 8,32,480/- അടവാക്കുകയും ചെയ്തു. തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഡീലറുടെ പേര് | ബിൽ തുക | നികുതി | കോമ്പൗണ്ടിംഗ് ഫീസ് | പിഴപലിശ |
|---|---|---|---|---|
| 1. റഹമത്തുള്ള പ്രൊപ്രൈറ്റർ ഹെൽപ്പ് മേറ്റ് ഇന്ത്യ, മലപ്പുറം | ₹ 763797 | ₹ 90850 | ₹ 91000 | ₹ 32360 |
| 2. രവീന്ദ്രൻ പ്രൊപ്രൈറ്റർ ചെറുവാടി മെഷീൻസ് മുക്കം | ₹ 915491 | ₹108891 | ₹109000 | ₹39200 |
| 3. അബ്ദുൾ ലത്തീഫ് പ്രൊപ്രൈറ്റർ സ്പെക്ട്രം, മാവൂർ കോഴിക്കോട് | ₹1372043 | ₹ 163193 | ₹154000 | ₹43986 |
| | | ₹362934 | ₹ 354000 | ₹ 115546 |
| | | | ആകെ | ₹ 832480 |

**വ്യാജ ബില്ലുകൾ ചമച്ച് ധനാപഹരണം** | **ആലപ്പുഴ ജില്ല**

# 3.3. കൃഷി ഓഫീസർക്ക് സസ്പെൻഷൻ

തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റ് വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട ബില്ലുകൾ പരിശോധിച്ചതിൽ, വി.എഫ്.പി.സി.കെ ആലപ്പുഴ എന്ന സ്ഥാപനത്തിൽനിന്നും തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ വാങ്ങിയതിന്റെ ബില്ലുകളും തുറവൂർ തെക്ക് സഹകരണസംഘത്തിൽ നിന്നും നെൽവിത്ത്, വളം എന്നിവ വാങ്ങിയതിന്റെ ബില്ലുകളും വ്യാജമാണെന്ന് സ്ഥാപനങ്ങളുമായി നടത്തിയ കത്തിടപാടുകളിൽ നിന്നും ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു.

വിശദമായ പരിശോധനയിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകുവാൻ പിൻവലിച്ച ₹ 27,68,455/- നിർവ്വഹണ ഉദ്യോഗസ്ഥൻ അപഹരിച്ചതായി ഓഡിറ്റിൽ കണ്ടെത്തി.

ഈ വിഷയം സംബന്ധിച്ച് സർക്കാരിന് സ്പെഷ്യൽ ലെറ്റർ അയയ്ക്കുകയും (ലെറ്റർ നം. എൽഎഫ്.പി.റ്റി1/58671/2013 തീയതി 15.4.2013) ഓഡിറ്റ് റിപ്പോർട്ടിൽ (നം: എൽ.എഫ്.എ.-പി.2/123/2012, തീ:30.04.13) പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ക്രമക്കേടുകൾക്ക് ഉത്തരവാദിയായ കൃഷി ഓഫീസർ ശ്രീ. കെ.പി. സുനിലിനെ സസ്പെൻഡ് ചെയ്തതായും ഈ വിഷയത്തിൽ വിജിലൻസ് അന്വേഷണം നടക്കുന്നതായും ഗവ.സെക്രട്ടറി, തദ്ദേശ സ്വയംഭരണ (എബി) വകുപ്പിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. (കത്ത്.നം. 28180/എബി1/13/തസ്വഭവ തീയതി 13.12.2013)

**രസീത് ബുക്ക് മോഷ്ടിച്ചു പണാപഹരണം നടത്തി** | **ആലപ്പുഴ ജില്ല**

# 3.4. ജീവനക്കാരനെ സസ്പെന്റു ചെയ്തു

മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായി നടത്തിയ രസീത് പരിശോധനയിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൃഷി ഓഫീസർക്കു നൽകിയിരുന്ന 57552-ാം നമ്പർ രസീത് ബുക്ക് നഷ്ടപ്പെട്ടതായി കണ്ടെത്തി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.2 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

ഇതേ തുടർന്ന് പഞ്ചായത്ത് അധികൃതർ നടത്തിയ അന്വേഷണത്തിൽ പഞ്ചായത്തിലെ എൽ.ഡി ക്ലാർക്കായ ശ്രീ. കെ.എസ്. റജി രസീത് ബുക്ക് ഉപയോഗിച്ച് ₹ 1,35,200/- തിരിമറി നടത്തിയതായി ബോദ്ധ്യപ്പെടുകയും 9.10.2012 ലെ പഞ്ചായത്ത് പ്രസിഡന്റിന്റെ സി2 7803/2012 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ജീവനക്കാരനെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും ചെയ്തു. തുടർന്ന് ശ്രീ. കെ. എസ് റജി 6.11.12 ൽ 1120210512-ാം നമ്പർ രസീതു പ്രകാരം ₹ 1,35,200/- പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.



Local Fund Audit Department

ജീവനക്കാരനെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുവാൻ 15/11/2012 ൽ പഞ്ചായത്ത് അധികൃതർ മഞ്ചേരി പോലീസ് സ്റ്റേഷനിൽ പരാതി നൽകി.

**പദ്ധതി പണം തിരിമറി നടത്തി** **മലപ്പുറം ജില്ല**

# 3.5. ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് നിർവ്വഹണോദ്യോഗസ്ഥന് സസ്പെൻഷൻ

വാഴക്കാട് ഗ്രാമപഞ്ചായത്തിൽ 9.3.2011 മുതൽ 30.7.2013 വരെ വി.ഇ.ഒ ആയി സേവനമനുഷ്ഠിച്ച ശ്രീ.ഷിബുസ്ക്കോ. പി.എം, 2011-12, 2012-13 വർഷങ്ങളിൽ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി അനുവദിച്ച തുകകളിൽ നിന്നും ₹ 83,98,455/- വിവിധ അക്കൗണ്ടുകളിൽ നിന്നും ചെക്ക് മുഖേന പിൻവലിച്ച് അപഹരിച്ചു. വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും വിവിധ ചെക്കുകൾ മുഖേന നൽകിയ ₹ 8,35,500/- ബാങ്കിൽ നിന്ന് പണമായി പിൻവലിച്ച് യഥാസമയം ഗുണഭോക്താക്കൾക്ക് നൽകാതെ തിരിമറി നടത്തി. പണാപഹരണം എന്ന വ്യക്തമായ ലക്ഷ്യത്തോടെ മുൻകൂട്ടി ആസൂത്രണം ചെയ്താണ് വി.ഇ.ഒ മേൽ തുകകൾ അപഹരിച്ചത്.

സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ടിനെ (നം.എൽഎഫ്.എം. 1448/2013 തീയതി 26.07.13) തുടർന്ന് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥന് ജോലിവിലക്ക് ഏർപ്പെടുത്തുകയും, അറസ്റ്റു ചെയ്യുകയും ചെയ്തു.

**ആശ്രയ പദ്ധതിക്കായി മുൻകൂർ പിൻവലിച്ചത് ₹ 17 ലക്ഷം** **മലപ്പുറം ജില്ല**

# 3.6. ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് പലിശ സഹിതം തിരികെ ഒടുക്കി

ആശ്രയ പദ്ധതിക്കായി മുൻകൂർ പിൻവലിച്ച്, ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചുവന്ന ₹ 17 ലക്ഷം തിരികെ അടവാക്കണമെന്ന് ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2007-08, 2008-09, 2009-10 വർഷ ഓഡിറ്റ് റിപ്പോർട്ട് (നം.എൽ.എഫ്.എം 13/1656/2012 തീയതി 19.07.2012) ഖണ്ഡിക 3(12) ൽ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 73581/എ.ബി.2/2012/തസ്വഭവ തീയതി 28.12.2012 നം കത്തിലൂടെ സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ റിപ്പോർട്ട് ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ തുക തിരികെ അടവാക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി 21.3.2013 ലെ 23581/എ.ബി2/2012 തസ്വഭവ നമ്പർ കത്തിലൂടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ഇതിൻ പ്രകാരം ₹ 17 ലക്ഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തിരികെ ഒടുക്കി (ചലാൻ നം.173/3.5.2013). ഓഡിറ്റ് ആവശ്യപ്പെട്ടതു പ്രകാരം (എൽ.എഫ്.എം 13/2471/13-ാം നമ്പർ കത്ത് തീയതി 7.1.14) പ്രസ്തുത തുകയ്ക്ക് ലഭ്യമായ പലിശ ₹ 227672/- കൂടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ട്രഷറിയിൽ തിരികെ ഒടുക്കി (ചെലാൻ നമ്പർ 81/15.07.2014)

**താൽക്കാലിക പണാപഹരണം** **കോഴിക്കോട് ജില്ല**

# 3.7. ക്ലാർക്കിനെ സസ്പെൻഡ് ചെയ്തു

കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റിൽ രസീത് പിരിവ് പരിശോധിച്ചതിൽ ശ്രീ. വിബീഷ്, എൽ.ഡി.ക്ലാർക്ക് ഓഫീസ് രസീതുകൾ കൈകാര്യം ചെയ്യുന്നതിലും പിരിവ് പണം അടവാക്കുന്നതിലും വീഴ്ച വരുത്തിയത് ശ്രദ്ധയിൽപ്പെട്ടു.

1. പിരിവ് തുക മാസങ്ങളോളം അടവാക്കാതെ കൈവശംവച്ചു.

    ശ്രീ. വിബീഷിന് 17.12.12 ന് ഇഷ്യൂ ചെയ്ത രസീതി ബുക്ക് (നം.8059) ഉപയോഗിച്ച് 19.12.12, 20.12.12, 22.12.12 എന്നീ ദിവസങ്ങളിലായി പിരിച്ചെടുത്ത ₹ 16066/- 6.03.2013 നാണ് പഞ്ചായത്തിൽ അടവാക്കിയത്.

2. രസീതുകളിലെ തീയതി തിരുത്തി ആഴ്ചകൾക്കു ശേഷം പണം അടവാക്കി.

    രസീത് ബുക്ക് നം. 8072 ലെ 71 മുതൽ 100 വരെയുള്ള രസീതികളിൽ തീയതി 21.1.2013 എന്നത് തിരുത്തി 8.3.2013 ആക്കി മാറ്റി 8.3.13 ലെ മറ്റ് പിരിവുകൾക്കൊപ്പമാണ് പണം അടവാക്കിയത്.



Local Fund Audit Department

3. തീയതി രേഖപ്പെടുത്താതെ രസീത് നൽകി.

ശ്രീ. വിബീഷ് ഉപയോഗിച്ച പല രസീത് പുസ്തകങ്ങളിലും പിരിവ് സമയത്ത് തീയതി രേഖപ്പെടുത്താതെ പണം അടവാക്കുന്ന മുറയ്ക്ക് തീയതി എഴുതി ചേർത്തതായി ശ്രദ്ധയിൽപ്പെട്ടു.

മേൽ സൂചിപ്പിച്ച അപാകതകൾ ഓഡിറ്റ് എൻക്വയറിയിലൂടെ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് 17.04.13 ലെ എ9/2889/13 നം ഉത്തരവ് പ്രകാരം ശ്രീ. വിബീഷിനെ സർവ്വീസിൽ നിന്ന് സസ്പെൻഡു ചെയ്തു.

➔ **വ്യാജ രേഖകൾ ചമച്ചു** **കണ്ണൂർ ജില്ല**

# 3.8. ട്രഷറിയിൽ നിന്നും പിൻവലിച്ച പദ്ധതി തുക പലിശ സഹിതം തിരിച്ചടച്ചു

കീഴൂർ ചാവശ്ശേരി ഗ്രാമപഞ്ചായത്തിൽ ഉളിയിൽ ഗവ.യു.പി.സ്കൂൾ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ 'എൽ.പി/യു.പി വിദ്യാർത്ഥികൾക്ക് കായിക പരിശീലനം', 'പഞ്ചായത്തിലെ സ്പോർട്സ് ടീമുകൾക്ക് കായിക പരിശീലനവും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങലും' എന്നീ രണ്ടു പദ്ധതികൾക്കായി 30.3.12 ന് യഥാക്രമം ₹ 48983/-, ₹ 99688/- എന്നിങ്ങനെ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ഹെഡ്മാസ്റ്ററുടെ പേരിൽ ഡി.ഡി എടുക്കുകയും ഹെഡ്മാസ്റ്ററുടെ അക്കൗണ്ടിൽ 07.04.12, 17.05.12 തീയതികളിൽ നിക്ഷേപിക്കുകയും തുടർന്ന് 07.04.12ന് ₹ 25000/- യും 8.06.12 ന് ₹ 123671/- യും പിൻവലിക്കുകയും ചെയ്തു. ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകയ്ക്ക് ഉപോൽബലകമായി ഹാജരാക്കിയ വൗച്ചറുകൾ പ്രഥമദൃഷ്ട്യാ വ്യാജമാണെന്ന് ബോധ്യപ്പെട്ടു. പ്രാദേശിക പരിശോധനയുടെ അടിസ്ഥാനത്തിൽ പദ്ധതികൾ രണ്ടും നടപ്പിലാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. 9.05.12 ന് നൽകിയ വിശദമായ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുകകൾ പലിശ സഹിതം 23.05.2013 ന് ₹ 59080/- യും 28.05.13 ന് ₹ 120483/- യും (ആകെ ₹ 1,79,563 ) തിരിച്ചടച്ചു.

➔ **ടാർ വിതരണത്തിൽ തിരിമറി** **പത്തനംതിട്ട ജില്ല**

# 3.9. ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് വിജിലൻസ് അന്വേഷണം

പന്തളം ഗ്രാമപഞ്ചായത്ത് 2012-13 സാമ്പത്തിക വർഷം റോഡ് മെയിന്റനൻസ് ഗ്രാന്റും തനതു ഫണ്ടും വിനിയോഗിച്ച് 33 റോഡ് റീടാറിംഗ് പ്രവൃത്തികൾക്കായി ₹ 44 ലക്ഷം മുടക്കി സിഡ്കോയിൽ നിന്ന് വാങ്ങിയ 612 ബാരൽ ടാറിൽ 287 ബാരൽ ടാർ ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ഉപയോഗിക്കാതെ തിരിമറി നടത്തി. 33 പ്രവൃത്തികൾക്കായി വാങ്ങിയ ടാർ ഉപയോഗിച്ച് 17 പ്രവൃത്തികൾ പൂർത്തിയാക്കി. അവശേഷിച്ച 16 പ്രവൃത്തികൾക്കുള്ള ₹ 22.66 ലക്ഷം വിലവരുന്ന 287 ബാരൽ ടാറാണ് ദുർവിനിയോഗം ചെയ്തത്.

ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റിന്റെ ഭാഗമായി ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോഴാണ് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടത്. ഓഡിറ്റ് എൻക്വയറി (നം.69/13.12.2013) നൽകുകയും ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തുകയും ചെയ്തു.

2010-11, 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ (നം. എൽ.എഫ്.പി.റ്റി. എ പി 11/171/2014 തീയതി 02.05.2014) തുടർന്ന് പത്രമാധ്യമങ്ങൾ ക്രമക്കേട് ചർച്ച ചെയ്യുകയും ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് വിജിലൻസ് അന്വേഷണത്തിന് ആവശ്യപ്പെടുകയും തുടർന്ന് വിജിലൻസ് അന്വേഷണം ആരംഭിക്കുകയും ചെയ്തു.

➔ **പദ്ധതി പണം മുൻകൂറായി പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചു** **തിരുവനന്തപുരം നഗരസഭ**

# 3.10. ആറ് പ്രോജക്ടുകൾക്കായി പിൻവലിച്ച ₹ 3081286/- തിരികെ ഒടുക്കി

2011-12 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ 6 പ്രോജക്ടുകൾക്കായി വകയിരുത്തിയ പദ്ധതി പണം മുഴുവൻ മുൻകൂറായി പിൻവലിച്ച് അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ തങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു. പദ്ധതി നടപ്പിലാക്കിയ ശേഷം ചെലവഴിച്ചതിൽ ബാക്കി വന്ന തുക നിലവിലെ ബാങ്ക് അക്കൗണ്ടിൽ തന്നെ സൂക്ഷിച്ചുവരുകയും ചെയ്തു. ജി. ഒ (പി) നമ്പർ 177/06 ഫിൻ തീയതി 12/04/06 ലെ ഖണ്ഡിക (6.1) ഖണ്ഡിക (8.3)

Local Fund Audit Department

എന്നിവ പ്രകാരം ഭാവിയിൽ ചെലവുണ്ടാകും എന്ന നിഗമനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തുക മുൻകൂറായി പിൻവലിക്കരുതെന്നും, അധികമായി പിൻവലിച്ച തുക 30 ദിവസത്തിനകം തിരികെ ട്രഷറിയിൽ ഒടുക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി മാനദണ്ഡങ്ങൾ ലംഘിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി തുക മുൻകൂറായി പിൻവലിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടിൽ ശേഷിച്ച ₹ 30,81,286/- ട്രഷറിയിൽ ഒടുക്കി വിശദാംശങ്ങൾ ചുവടെ.

| ക്രമ. നം | പ്രോജക്ട് നം/പേർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | പിൻവലിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് | തിരിച്ചടച്ചതിന്റെ ചെലാൻ നമ്പർ |
|---|---|---|---|---|---|---|---|
| 1 | 70/11 - 12 പ്രാദേശിക ചരിത്രപഠനം | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 300000 (AF)<br>100000 (OF)<br>400000 | 300000<br>Bill.No.31/11-12<br>5/3/12 | ₹150000 | ₹150000 | 344<br>21.11.12 |
| 2 | 71/11 - 12 കനവ് സാംസ്കാരിക പൈതൃകം സംരക്ഷിക്കൽ | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 400000 (AF)<br>100000<br>5,00,000 | 4,00,000<br>Bill.No.28/11-12<br>5/3/12 | ₹150000 | ₹250000 | 712<br>19.11.12 |
| 3 | 73/11-12 മലയാളപ്പെരുമ | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 3,00,000 (AF) | 300000<br>Bill.No.14/11-12<br>15/2/12 | ₹145000 | ₹155000 | 706<br>19.11.12 |
| 4 | 894/11-12 മാതൃകാവിദ്യാലയം (SCP) | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 30,00,000(AF) | 3000000<br>Bill.No.37/11-12<br>31/3/12 | ₹602273 | ₹2397727 | 926<br>11.12.12 |
| 5 | 74/11-12 അന്താരാഷ്ട്ര രസതന്ത്ര വർഷാചരണം | പ്രിൻസിപ്പൽ (ഗവ.വി.എച്ച്. എസ്.എസ്) പേട്ട | 4,00,000(AF) | 200000<br>Bill.No.1/11-12<br>20/3/12 | ₹102241 | ₹97759 | 4968<br>16.8.12 |
| 6 | 0083/12 അധ്യാപക ബാങ്ക്, കല, കമ്പ്യൂട്ടർ,ഭാഷ മറ്റ് അധ്യാപരുടെ കുറവ് പരിഹരിക്കൽ | പ്രിൻസിപ്പൽ ഗവ.വി.എച്ച്. എസ്.എസ്. ഫോർ ഗേൾസ്, പേട്ട | 3,00,000(AF) | 200000<br>Bill.No.3/11-12<br>31/3/12 | ₹169200 | ₹30800 | 4928<br>16.8.12 |
| | | | | **ആകെ** | | | **₹3081286** |

➔ **കൊല്ലം ഫെസ്റ്റിലെ സാമ്പത്തിക തിരിമറി** | **കൊല്ലം കോർപ്പറേഷൻ**

# 3.11. ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് വിജിലൻസ് അന്വേഷണം

2011 നവംബർ 10 മുതൽ 2012 ജനുവരി 1 വരെ നഗരസഭയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഉൽപന്ന വിപണന പ്രദർശന സംരംഭമായ "കൊല്ലം ഫെസ്റ്റ്" സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് 22.5.13 തീയതിയിൽ എൽ.എഫ്.ക്യൂ.എം4-94/13-ാം നമ്പരായി പുറപ്പെടുവിച്ചു.

ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ പ്രാഥമികാന്വേഷണത്തിന് ഉത്തരവിട്ടു. കൊല്ലം ഫെസ്റ്റ് നടത്തിപ്പിലെ സാമ്പത്തിക തിരിമറിയും ക്രമക്കേടും അന്വേഷിക്കാൻ വിജിലൻസ് എസ്.പിയുടെ നേതൃത്വത്തിൽ കോർപ്പറേഷൻ ഓഫീസിൽ റെയ്ഡ് നടത്തി.

Local Fund Audit Department

2013 നവംബർ 13 ലെ പത്ര മാധ്യമങ്ങളിൽ കൊല്ലം ഫെസ്റ്റിന്റെ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ പ്രധാന വാർത്തയായി വന്നു.

➔ **നഗരസഭാ കെട്ടിടങ്ങളുടെ വാടക വർദ്ധനയ്ക്കുള്ള നടപടികൾ സ്വീകരിച്ചു** **തൃശ്ശൂർ നഗരസഭ**

# 3.12. വരുമാനത്തിൽ വർദ്ധനവ് ₹41.8 ലക്ഷം – മുൻവർഷത്തെ അപേക്ഷിച്ച് 13% അധികം

2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (എൽ.എഫ്.സി.എ8/69/10 തീയതി 18/3/11 ഖണ്ഡിക 2-12 (എ) കോർപ്പറേഷൻ കെട്ടിടങ്ങളുടെ വാടക കാലാനുസൃതമായി വർദ്ധിപ്പിക്കാതെ നഗരമദ്ധ്യത്തിലുള്ള പല മുറികൾക്കും നാമമാത്രമായ വാടക ഈടാക്കുന്നതിനെക്കുറിച്ചും, മുറികൾ വാടകയ്ക്കു നൽകുന്നതു സംബന്ധിച്ച ബൈലോ തയ്യാറാക്കാത്തതിനെക്കുറിച്ചും പരാമർശിച്ചിരുന്നു. നഗരസഭ ഈ വിഷയത്തെ ഗൗരവമായി സമീപിക്കുകയും 14.8.2012 ലെ കൗൺസിൽ തീരുമാനം നം.16 പ്രകാരം കടമുറികൾ, മറ്റ് വ്യാപാര സ്ഥാപനങ്ങൾ എന്നിവ ലൈസൻസ് ഫീ വ്യവസ്ഥയിൽ ഏൽപ്പിച്ച് കൊടുക്കുന്നത് സംബന്ധിച്ച് പുതിയ നിബന്ധനകൾ ഉൾപ്പെടുത്തുകയും 1.1.2013 മുതൽ മേൽ നിബന്ധനകൾക്ക് വിധേയമായി വാടക ഈടാക്കി തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളിലൂടെ നഗരസഭയുടെ റവന്യൂ വരുമാനത്തിൽ വാടകയിനത്തിൽ 41.8 ലക്ഷം രൂപയുടെ വർദ്ധനവ് ഉണ്ടായി.

2 വർഷങ്ങളിലായുള്ള വരവുകളുടെ താരതമ്യപട്ടിക ചുവടെ ചേർക്കുന്നു.

| വാടക വരവ് | 4/2012 മുതൽ 1/2013 വരെ | 4/2013 മുതൽ 1/2014 വരെ | വർദ്ധനവ് | വർദ്ധനവിന്റെ ശതമാനം |
|---|---|---|---|---|
| തൻവർഷം | ₹ 3,11,71,783 | ₹3,53,54,553 | ₹41,82,770 | 13.42 |
| കുടിശ്ശിക | ₹ 5375431 | ₹6888941 | ₹ 1513510 | 28.16 |

➔ **പെൻഷൻ വിതരണത്തിനുള്ള തുക അനധികൃതമായി കൈവശം സൂക്ഷിച്ചു** **തിരൂർ നഗരസഭ**

# 3.13. സെക്ഷൻ ക്ലാർക്കിന് സസ്പെൻഷൻ

തിരൂർ നഗരസഭയിൽ 2012-13 സാമ്പത്തിക വർഷം അനുവദിച്ച ബി ഫണ്ട് തുകകൾ, (ക്ഷേമ പെൻഷൻ വിതരണത്തിനുള്ള തുകകൾ) ട്രഷറിയിൽ നിന്നും പിൻവലിച്ചതിനു ശേഷം ഗുണഭോക്താക്കൾക്ക് മണിയോർഡർ അയയ്ക്കാതെ മാസങ്ങളോളം സെക്ഷൻ ക്ലാർക്ക് കൈവശം സൂക്ഷിച്ചു.

നഗരസഭ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം 5.3.13, 7.3.13 തീയതികളിൽ നടത്തിയ മുന്നറിയിപ്പില്ലാത്ത പരിശോധനയിൽ മേൽപറഞ്ഞ ക്രമക്കേട് കണ്ടെത്തി. ഇക്കാര്യം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വാർത്താമാധ്യമങ്ങളിൽ ചർച്ചയാകുകയും നഗരസഭ, സെക്ഷൻ ക്ലാർക്ക് ശ്രീ. പി.എൻ. പത്മകുമാറിനെ അന്വേഷണ വിധേയമായി തിരൂർ നഗരസഭ സെക്രട്ടറിയുടെ 12.3.13 ലെ ജി1/17331/12 നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഡുചെയ്യുകയും തുടർന്ന് അദ്ദേഹത്തെ കാസർഗോഡ് നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റുകയും ചെയ്തു.

➔ **അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം അനധികൃതമായി നീട്ടി** **കോഴിക്കോട് സർവ്വകലാശാല**

# 3.14. അധികമായി നൽകിയ തുക തിരിച്ചു പിടിച്ചു

2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (നം.എൽ.എഫ്.സി.യു.എ.1/905/2013, തീ: 30.08.13) ഖണ്ഡിക 17 പ്രകാരം കാലിക്കറ്റ് യൂണിവേഴ്സിറ്റി അധ്യാപകർ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് (സി.യു.എഫ്.എസ് 1977, ചാപ്റ്റർ 3) അനുശാസിക്കുന്ന രീതിയിൽ 60 വയസ്സിൽ വിരമിക്കാതെ അധ്യയന വർഷാവസാനം വരെ സേവനത്തിൽ തുടർന്ന് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അധികമായി കൈപ്പറ്റുന്ന നടപടി തടസ്സപ്പെടുത്തിയിരുന്നു.



Local Fund Audit Department

പ്രസ്തുത ഓഡിറ്റ് തടസ്സത്തിനെ തുടർന്ന് 31.03.2013 വരെ സേവനത്തിൽ തുടർന്ന (റിപ്പോർട്ടിൽ പരാമർശിച്ച) 5 അധ്യാപകരിൽ നിന്നും താഴെ പറയുന്ന പ്രകാരം അധികമായി നൽകിയ ₹ 23,07,264/- തിരിച്ചുപിടിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര്, തസ്തിക | ജനനത്തീയതി | വിരമിക്കേണ്ട തീയതി | വിരമിച്ച തീയതി | അധികമായി നൽകിയ തുക | തിരിച്ചു പിടിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|---|
| 1 | ഡോ.അയിഷാ ബി. ടി.സി. പ്രൊഫസർ | 14.10.1952 | 13.10.12 | 31.3.13 | ₹5,50,193/- | യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 1675/2013/സി.യു തീയതി 17.05.13 പ്രകാരം ഡി. സി.ആർ.ജി യിൽ നിന്നും ഈടാക്കി. |
| 2 | ശ്രീ. വേലായുധൻ. കെ.പി. അസോസിയേറ്റ് പ്രൊഫസർ | 1.12.1952 - | 30.11.12 | 31.3.13 | ₹3,25,314/ | യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 1839/2013/സി.യു തീയതി 30.05.13 പ്രകാരം ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കി. |
| 3 | ഡോ.ശിവരാജൻ. കെ, പ്രൊഫസർ | 19.9.1952 | 18.9.12 | 31.3.13 | ₹5,86,307/- | യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 1729/2013/സി.യു തീയതി 2205.13 പ്രകാരം ഡി.സി. ആർ.ജി യിൽ നിന്നും ഈടാക്കി. |
| 4 | ഡോ.സി. രാജേന്ദ്രൻ പ്രൊഫസർ | 12.11.1952 - | 11.11.12 | 31.3.13 | ₹4,39,479/ | യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 1730/2013/സി.യു തീയതി 22.05.13 പ്രകാരം ഡി. സി.ആർ.ജി യിൽ നിന്നും ഈടാക്കി. |
| 5 | ഡോ. ലാസർ. കെ.വി | 10.10.1952 - | 9.102012 | 31.3.13 | ₹4,05,971/ | യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 2923/2014/സി.യു തീയതി 22.03.14 പ്രകാരം കമ്മ്യൂട്ടേഷൻ തുകയിൽ നിന്നും ഈടാക്കി. |
| | | | ആകെ | | ₹ 23,07,264/- | |

Local Fund Audit Department

അദ്ധ്യായം – 4

# ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ

- ബാങ്കിൽ ഒടുക്കാതെ പത്തുലക്ഷത്തിലേറെ രൂപ അപഹരിച്ചു

  **– കരീപ്ര ഗ്രാമപഞ്ചായത്ത് കൊല്ലം ജില്ല**

- ലക്ഷങ്ങൾ ചെലവഴിച്ചിട്ടും ' പവർലാൺട്രി ' സ്ഥാപിച്ചിട്ടില്ല
- ദർഘാസ് നടപടികൾ അട്ടിമറിച്ചു – നഷ്ടം എട്ടര ലക്ഷം രൂപ

  **– കൊല്ലം ജില്ലാ പഞ്ചായത്ത്**

- കൊല്ലം ഫെസ്റ്റ് 2011 – ഗുരുതരമായ ക്രമക്കേടുകൾ

  **– കൊല്ലം നഗരസഭ**

- ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം – 18.5 ലക്ഷം പാഴ്ചെലവ്

  **– ചേർത്തല നഗരസഭ**

- ടൗൺ ഹാൾ, റസ്റ്റ്ഹൗസ് – ലേലം കൊണ്ട കുത്തകക്കാരൻ ₹ 6,39,820/– വാടക കുടിശ്ശിക അടച്ചു തീർത്തില്ല

  **– വൈക്കം നഗരസഭ**

- പണി പൂർത്തിയാകാതെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി – 5064425/– രൂപയുടെ പാഴ്ചെലവ്

  **– പീരുമേട് ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല**

- ടെണ്ടർ നടപടിയിലെ ക്രമക്കേട് – നഗരസഭയ്ക്ക് നഷ്ടം 4,44536 രൂപ

  **– ഒറ്റപ്പാലം നഗരസഭ**

- ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതിയിൽ വ്യാപകമായ ക്രമക്കേടുകൾ

  **– അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്**

- ജില്ലാആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് – പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചു – 4.65 ലക്ഷം രൂപയുടെ പാഴ്ചെലവ്

  **– കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

- അംഗൻവാടികൾക്കുള്ള ഭക്ഷ്യ വസ്തുക്കളുടെ വിതരണത്തിൽ ക്രമക്കേട് – ഗ്രാമപഞ്ചായത്തിന് ഭീമമായ നഷ്ടം

  **പൈവളികെ ഗ്രാമപഞ്ചായത്ത്, കാസറഗോഡ് ജില്ല**

- കമ്പ്യൂട്ടറൈസേഷൻ — സോഫ്റ്റ് വെയർ ഇൻസ്റ്റലേഷനിലെ പാളിച്ച ; 26,42,860/– രൂപയുടെ ചെലവ് പാഴായി

  **– തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്**

Local Fund Audit Department

## 4.1. ദർഘാസ് നടപടികൾ അട്ടിമറിച്ചു – നഷ്ടം എട്ടര ലക്ഷം രൂപ

* താൽക്കാലികമായി അംഗീകരിച്ച ആദ്യ ദർഘാസ് അകാരണമായി നിരസിച്ചു.
* പുനർ ദർഘാസ് ക്ഷണിച്ച് അതേ വ്യക്തികൾക്കു തന്നെ ഇരട്ടിയിലേറെ വരുന്ന നിരക്കുകൾ നൽകി
* സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അസാധാരണമായ നടപടി വൻ നഷ്ടത്തിനു കാരണമായി

കുര്യോട്ടുമല ബഫല്ലോ ബ്രീഡിംഗ് ഫാമിലെ ഉരുക്കളുടെ പരിചരണത്തിനായി ക്ഷണിച്ച ദർഘാസുകൾ പ്രകാരം കറവ പശുവിനും കറവയില്ലാത്ത പശുവിനും ഏറ്റവും കുറവു നിരക്കുകൾ രേഖപ്പെടുത്തിയത് ശ്രീ. സോമൻ, കല്ലുകടവിൽ വീട്, എലിക്കാട്ടൂർ എന്നയാളും കിടാരികൾക്കും മൂന്നുമാസത്തിനു മുകളിൽ പ്രായമുള്ള കിടാവിനും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയത് ശ്രീ.എം. പ്രഹ്ളാദൻ, ഇടയിലവീട്, പുന്നല. പി.ഒ എന്ന വ്യക്തിയുമാണ്.

23.07.2010 ന് നടന്ന ടെണ്ടർ താൽക്കാലികമായി അംഗീകരിച്ച് നടപടി ക്രമങ്ങൾ ഫാം സൂപ്രണ്ട് ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി അയച്ചു. എന്നാൽ "നിരക്കുകളിൽ അവ്യക്തത നിലനിൽക്കുന്നു" എന്ന അവ്യക്തവും അസാധാരണവുമായ കാരണം പറഞ്ഞ് ഇതൊഴിവാക്കി പുനർദർഘാസ് നടത്തുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിക്കുകയായിരുന്നു. (തീരുമാനം നം.8, തീയതി 10.08.2010). എന്നാൽ ടെണ്ടർ ഡോക്യുമെന്റ് പരിശോധിച്ചതിൽ നിരക്കുകളിൽ യാതൊരു അവ്യക്തതയുമില്ല. മാത്രമല്ല മേൽ വ്യക്തികളുടെ സാന്നിധ്യത്തിലാണ് ദർഘാസ് തുറന്ന് അവരുടെ അംഗീകാരത്തോടുകൂടി ഫാം സൂപ്രണ്ട് നിരക്കുകൾ താൽക്കാലികമായി സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ആദ്യ ദർഘാസിൽ അവ്യക്തത ഉണ്ടായിരുന്നുവെങ്കിൽ അതിലെ രണ്ടാമത്തെ കുറഞ്ഞ നിരക്കുകൾ അംഗീകാരത്തിനു പരിഗണിക്കാവുന്നതായിരുന്നു. 11.10.2010 ൽ നടന്ന പുനർ ദർഘാസിൽ ഇരട്ടിയിലേറെ വരുന്ന നിരക്കുകളിൽ അതേ വ്യക്തികൾക്കു തന്നെയാണ് കരാർ ഉറപ്പിച്ചു നൽകിയത്. പഴയ ദർഘാസും പുതിയ ദർഘാസും തമ്മിലുള്ള നിരക്കുകളുടെ താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പുനർ ദർഘാസ് പ്രകാരം കരാർ വച്ച വ്യക്തികളുടെ പേരും മേൽവിലാസവും | പുനർദർഘാസ് പ്രകാരമുള്ള നിരക്ക് (രൂപ) | ആദ്യ ദർഘാസ് നിരക്കുകൾ (രൂപ) | വ്യത്യാസം |
|---|---|---|---|---|
| കറവ പശു | ശ്രീ. എൽ.സോമൻ, കല്ലുകടവിൽ വീട്, എലിക്കാട്ടൂർ | 30 | 14 | 16 |
| കറവ ഇല്ലാത്ത പശു | ശ്രീ. എൽ.സോമൻ, കല്ലുകടവിൽ വീട്, എലിക്കാട്ടൂർ | 18 | 8 | 10 |
| കിടാവ് | ശ്രീ. എൽ.സോമൻ, കല്ലുകടവിൽ വീട്, എലിക്കാട്ടൂർ | 13 | 6.50 | 6.50 |
| കിടാരി | ശ്രീ. എം. പ്രഹ്ളാദൻ, ഇടയില വീട്, പുന്നല | 15 | 6 | 9 |

പുനർ ദർഘാസ് പത്രിക പരിശോധിച്ചതിൽ നാലുപേർ പങ്കെടുത്തതായി കാണുന്നുവെങ്കിലും മറ്റുള്ളവർ നിരക്കു രേഖപ്പെടുത്തിയിട്ടില്ല. (ആദ്യത്തെ പ്രാവശ്യം എട്ട് പേർ പങ്കെടുത്തിരുന്നു)

07.12.2010 മുതൽ പ്രാബല്യത്തിൽ വന്ന പശുപരിപാലന കാലാവധി 06.12.2011 ന് അവസാനിക്കുകയായിരുന്നുവെങ്കിലും ശ്രീ. സോമന് കറവപശു പരിപാലനത്തിനുള്ള കാലാവധി 6.12.2011 ലെ കത്തു മുഖേന വീണ്ടുമൊരറിയിപ്പുണ്ടാകുന്നതു വരെ നീട്ടിക്കൊടുക്കുകയായിരുന്നു. ഈ കരാർ പ്രകാരം ജില്ലാ പഞ്ചായത്തിനുണ്ടായ നഷ്ടം 8,50,698/- രൂപയാണ്. വിശദവിവരങ്ങൾ **അനുബന്ധം 2** ൽ ചേർത്തിട്ടുണ്ട്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തെറ്റായ തീരുമാനമാണ് ഈ നഷ്ടത്തിനു കാരണമായതെന്നതിനാൽ 10.08.2010 ലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ ഈ നഷ്ടത്തിനുത്തരവാദികളാണ്.

പ്രസ്തുത ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശുപാർശ ചെയ്യുന്നതായി അറിയിച്ചു കൊണ്ട് 02.07.2014 ൽ കൊല്ലം ജില്ലാ ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ എൽ.എഫ്. ക്യൂ/പി.ജി/839/2014 നം. കത്ത് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

Local Fund Audit Department

**നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ**

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.എൻ.പ്രസന്നകുമാർ, ചെയർമാൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, കൊല്ലം ജില്ലാ പഞ്ചായത്ത് | - | എള്ളുവിള വീട്, കുണ്ടറ.പി.ഒ കൊല്ലം |
| 2 | ശ്രീ.എ.സായുദ്ദീൻ, മെമ്പർ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, കൊല്ലം ജില്ലാ പഞ്ചായത്ത് | - | പുത്തൻവീട്, മുട്ടക്കാവ്, നെടുമ്പന.പി.ഒ |
| 3 | ശ്രീ.ഡി.സുരേഷ്കുമാർ, മെമ്പർ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, കൊല്ലം ജില്ലാ പഞ്ചായത്ത് | - | ശ്രീഹരി നിവാസ്, പൂതക്കുളം.പി.ഒ പിൻ- 691302 |
| 4 | ശ്രീ.എസ്.സുഭാഷ്, മെമ്പർ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, കൊല്ലം ജില്ലാ പഞ്ചായത്ത് | - | ത്രിവേണി, കലയ്ക്കോട്.പി.ഒ, പൂതക്കുളം- 691302 |
| 5 | ശ്രീമതി.ജയദേവി മോഹൻ, മെമ്പർ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, കൊല്ലം ജില്ലാ പഞ്ചായത്ത് | - | സുരഭി, ഉപ്പൂട്, ഈസ്റ്റ് കല്ലട.പി.ഒ, കൊല്ലം |

**കൊല്ലം ജില്ലാ പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 2011–12, ഖണ്ഡിക 3–7)

## 4.2. ലക്ഷങ്ങൾ ചെലവഴിച്ചിട്ടും 'പവർലാൺട്രി' സ്ഥാപിച്ചിട്ടില്ല

* **ജില്ലാ വിക്ടോറിയ ആശുപത്രികളിൽ പവർ ലാൺട്രി സ്ഥാപിക്കുന്നതിന് 14,98,000/ –രൂപ ചെലവഴിച്ചിട്ടും നാളിതുവരെ പവർ ലാൺട്രി സ്ഥാപിച്ചിട്ടില്ല.**
* **തുക നൽകിയിരിക്കുന്നത് 4,05,000/– രൂപ അധികം ക്വോട്ട് ചെയ്ത സ്ഥാപനത്തിന്.**

ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണോദ്യോഗസ്ഥനായ ഈ പ്രോജക്ടിനു വേണ്ടി 14,98,000/- രൂപ (ഡി.സി നം. 224141/10.4.12 - 10,93,000/- രൂപ (വികസന ഫണ്ട്) & ഡി.ഡി.നം. 125702/26.3.12 - 4,05,000/- രൂപ (എച്ച്.എം.സി.ഫണ്ട്) ) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) എന്ന സ്ഥാപനത്തിനാണ് മുൻകൂർ നൽകിയിട്ടുള്ളത്.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർ പ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനം പവർ ലാൺട്രി സ്ഥാപിക്കുന്നതിന് 10,93,000/- രൂപയുടെ ഇൻവോയിസ് നേരത്തെ നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇതേ തുക തന്നെയാണ് (10,93,000/- രൂപ) ഈ പ്രോജക്ടിനുവേണ്ടി വകയിരുത്തിയിരുന്നതും. എന്നാൽ പിന്നീട് ഇത് അവഗണിച്ച് 14,98,000/- രൂപ മുൻകൂറായി KMSCL എന്ന സ്ഥാപനത്തിന് നൽകുകയായിരുന്നു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർ പ്രൈസസ് ലിമിറ്റഡ് (KSIE) എന്ന സ്ഥാപനവും സർക്കാർ അംഗീകൃത ഏജൻസിയാണെന്നിരിക്കെ പ്രസ്തുത ഏജൻസി സമർപ്പിച്ച കുറഞ്ഞ നിരക്ക് നിരസിച്ചതുമൂലം 4,05,000/- രൂപയുടെ പ്രത്യക്ഷ നഷ്ടമാണ് ഈ ഇടപാടിൽ ഉണ്ടായിരിക്കുന്നത്. മാത്രമല്ല KSIE യുടെ നിബന്ധനകൾ പ്രകാരം, സാധനം നൽകിയതിനുശേഷം മാത്രം തുക നൽകിയാൽ മതിയായിരുന്നു. കൂടാതെ രണ്ടുവർഷത്തെ സൗജന്യ വാറന്റി എന്ന മെച്ചവുമുണ്ടായിരുന്നു എന്നാൽ KMSCL എന്ന സ്ഥാപനം ഉപകരണത്തിന്റെ വിലയായി 14,00,000/ - രൂപയും 7% AMC (അറ്റകുറ്റപണികൾക്കുള്ള കരാർ) ആയി 98000/- രൂപയുമാണ് കൈപ്പറ്റിയിട്ടുള്ളത്. വർഷം തോറും നിശ്ചിത തുക AMC യ്ക്കായി നീക്കി വയ്ക്കേണ്ടിയും വരുന്നു. തുക മുൻകൂർ നൽകിയിട്ടും സ്ഥാപനവുമായി കരാർ വച്ചിട്ടില്ലാത്തതിനാൽ തുക തിരികെ ഈടാക്കാനുള്ള നടപടികൾ പോലും സ്വീകരിക്കാനാവാത്ത അവസ്ഥയാണുള്ളത്.

ഈ സാഹചര്യത്തിൽ 4,05,000/- രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു. ശേഷിക്കുന്ന 10,93,000/- രൂപയുടെ ചെലവ് സംബന്ധിച്ച് അന്തിമ തീരുമാനമാകുന്നതുവരെ തുക തടസ്സത്തിൽ വയ്ക്കുന്നു. ഈ ഇടപാടുമൂലം ഭാവിയിൽ ഉണ്ടാകുന്ന മുഴുവൻ നഷ്ടത്തിനും നിർവ്വഹണോദ്യോഗസ്ഥ ഡോ. കെ. സലില ഉത്തരവാദിയായിരിക്കുന്നതാണ്. പ്രസ്തുത ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശുപാർശ ചെയ്യുന്നതായും മറുപടി / സ്വീകരിച്ച നടപടി എന്നിവ അറിയിക്കണമെന്നും ആവശ്യപ്പെട്ട് 2.7.14 ൽ കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ എൽ.എഫ്.ക്യൂ/പി.ജി/839/ 2014-ാം നമ്പർ കത്ത് കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

**നഷ്ടത്തിന് ഉത്തരവാദി ആയ വ്യക്തിയുടെ സ്ഥിരം മേൽവിലാസം**

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ഡോ. സലില. കെ, ജില്ലാ മെഡിക്കൽ ഓഫീസർ, അലോപ്പതി | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം | പുത്തൻവീട്, ആദിച്ചനല്ലൂർ. പി.ഒ, കൊല്ലം - 691573 |



Local Fund Audit Department

# 4.3. ബാങ്കിൽ ഒടുക്കാതെ പത്തുലക്ഷത്തിലേറെ രൂപ അപഹരിച്ചു

* പണാപഹരണം നടത്തിയത് കണ്ടിജന്റ് ജീവനക്കാരൻ
* സമാന്തര പാസ് ബുക്കും ക്യാഷ് ബുക്കും എഴുതി സൂക്ഷിച്ചതായി കണ്ടെത്തി.
* സമാന്തര വ്യാജ രേഖകൾ ഹാജരാക്കി പരിശോധനാ സംവിധാനങ്ങളെയും കബളിപ്പിച്ചു.
* സാമ്പത്തിക തട്ടിപ്പ് തുടങ്ങിയത് 2005–06 മുതൽ
* ഉദ്യോഗസ്ഥ മേൽനോട്ട സംവിധാനത്തിൽ ദീർഘകാലമായി വീഴ്ച
* ആകെ നഷ്ടപ്പെട്ടത് ₹ 10,65,085/–

**സമാന്തര പാസ്ബുക്കും ക്യാഷ് ബുക്കും എഴുതി സൂക്ഷിച്ചതായി കണ്ടെത്തി**

ഗ്രാമപഞ്ചായത്തിന്റെ നികുതി/നികുതിയേതര വരവുകൾ ഒടുക്കുന്ന കരീപ്ര സർവ്വീസ് സഹകരണ ബാങ്കിന്റെ തനത് അക്കൗണ്ട് (നമ്പർ 4462) മായി ബന്ധപ്പെട്ടാണ് പ്രധാനമായും സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ളത്. ഒരേ കാലയളവിലെ ഒന്നിലധികം പാസ്ബുക്കുകൾ പ്രസ്തുത അക്കൗണ്ടുമായി ബന്ധപ്പെട്ട് കണ്ടെത്തിയിട്ടുണ്ട്. ഇവ ഒരേ കാലയളവിലെ പാസ് ബുക്കുകളാണെങ്കിലും ഇവയിലെ ഒടുക്ക് / പിൻവലിക്കൽ രേഖപ്പെടുത്തലുകളും നീക്കിയിരിപ്പിന്റെ രേഖപ്പെടുത്തലുകളും മിക്കപ്പോഴും വ്യത്യാസപ്പെട്ടിരുന്നു. എന്നാൽ ഇവയിൽ ഒരു പാസ് ബുക്ക് ക്യാഷ് ബുക്കുമായി ഒത്തു പോകുന്നതാണെന്നു കണ്ടു. പാസ് ബുക്കുകളിലെ രേഖപ്പെടുത്തലുകളും അതേ കാലയളവിലെ ക്യാഷ് ബുക്കിലേയും മറ്റ് അക്കൗണ്ട് പുസ്തകങ്ങളിലെയും ചില രേഖപ്പെടുത്തലുകളും ഒരേ കയ്യക്ഷരത്തിൽ ഉള്ളവയാണെന്ന് പ്രഥമിക പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ വ്യാജ പാസ് ബുക്ക് തയ്യാറാക്കുന്നതിന് മുന്നോടിയായി തയ്യാറാക്കിയിട്ടുള്ള വർക്ക് ഷീറ്റുകളും പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. 2012-2013 ൽ സമാന്തര ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി.

**സമാന്തര വ്യാജരേഖകൾ ഹാജരാക്കി പരിശോധനാ സംവിധാനങ്ങളേയും കബളിപ്പിച്ചു.**

നേരത്തേ നടന്നിട്ടുള്ള ഓഡിറ്റ് പരിശോധനകളിലെല്ലാം സമാന്തരമായി ചമയ്ക്കപ്പെട്ടതും ക്യാഷ് ബുക്കുമായി ഒത്തു പോകുന്ന വിധത്തിൽ ഒടുക്ക്, പിൻവലിക്കൽ, നീക്കിയിരുപ്പ് എന്നിവ രേഖപ്പെടുത്തിയതുമായ വ്യാജ പാസ് ബുക്കുകളായിരുന്നു ഹാജരാക്കിയിരുന്നത് എന്ന് ഇപ്പോഴത്തെ പരിശോധനയിലൂടെ വ്യക്തമായി. ഓഡിറ്റ് പരിശോധനകൾക്ക് നൽകുന്നതിന് ഒന്നും ബാങ്കിൽ നൽകുന്നതിന് മറ്റൊന്നും എന്ന രീതിയിലും പാസ് ബുക്കുകൾ സൂക്ഷിച്ചിരുന്നു.

പരിശോധനാ കാലയളവിലെ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പണം പിരിവിലെ അപാകതകളും, മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയിൽ വന്ന വ്യത്യാസങ്ങളും, അക്കൗണ്ട് ബുക്കുകൾ പരിപാലിക്കുന്നതിലെ വീഴ്ചകളും യഥാവിധി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാസാന്ത്യ, വർഷാന്ത്യ ക്ലോസിംഗ് നടത്താത്തതും ബാങ്ക്/ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തൽ നടത്താത്തും സംബന്ധിച്ച് കർശനമായ നിർദ്ദേശങ്ങളും നൽകിയിരുന്നു. ഈ നിർദ്ദേശങ്ങൾ ഗൗരവമായി പരിഗണിച്ച് തുടർ നടപടികൾ എടുക്കാതിരുന്നത് ദീർഘകാലം പണാപഹരണം നടത്തുന്നതിന് കാരണമായി.

## ഉദ്യോഗസ്ഥ മേൽനോട്ട സംവിധാനത്തിൽ ദീർഘകാലമായി വീഴ്ച

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം (ചട്ടം 77) പണം സംബന്ധിച്ചുള്ളതും അക്കൗണ്ട് സംബന്ധിച്ചുള്ളതുമായ ചുമതലകൾ വ്യത്യസ്തമായി നിലനിർത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പണം സ്വീകരിക്കുന്നതും അക്കൗണ്ട് തയ്യാറാക്കുന്നതും ഒരേ വ്യക്തി തന്നെ ആയിരിക്കരുത് എന്നും പറയുന്നു.

ചട്ടം 26 (3) ൽ ട്രഷറി, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഓരോ മാസാന്ത്യത്തിലും ശേഖരിക്കേണ്ടതും ലഭിച്ച തുകകൾ പൂർണ്ണമായും ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും അക്കൗണ്ടന്റിന്റെ ചുമതലയാണ്.

ധനവിനിയോഗം സംബന്ധിച്ച 12-04-2006 ലെ സർക്കാർ ഉത്തരവ് ജി.ഒ(പി) നമ്പർ 177/06/ധന പ്രകാരം സെക്രട്ടറിമാർ എല്ലാ മാസവും പത്താം തീയതിയ്ക്ക് മുമ്പ് സ്ഥാപനങ്ങളിലെ രേഖകളുമായി ട്രഷറി/ബാങ്ക് അക്കൗണ്ട് പത്രിക ഒത്ത് നോക്കി അക്കൗണ്ട് വിവരം ശരിയാണെന്ന് ഉറപ്പു വരുത്തണം.

2005-06 മുതൽ 2010-11 വരെയുള്ള കാലയളവിൽ ക്യാഷ് ബുക്ക്, വരവ് ചെലവ് രജിസ്റ്ററുകൾ, ഔട്ട് ഡോർ ടോട്ടൽ കളക്ഷൻ രജിസ്റ്ററുകൾ എന്നിവയിൽ ഒരു എൻട്രി പോലും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരോ മേൽ നോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരോ ഒപ്പു വയ്ക്കുകയോ ബാങ്ക് സ്റ്റേറ്റ്മെന്റ്, അക്കൗണ്ടുമായി പൊരുത്തപ്പെടുത്തൽ വരുത്തുകയോ

Local Fund Audit Department

ഒത്തുനോക്കുകയോ ചെയ്തിട്ടില്ല. അപ്രകാരം ചെയ്തിരുന്നുവെങ്കിൽ വളരെ മുമ്പ് തന്നെ ഈ വ്യത്യാസം ശ്രദ്ധയിൽപ്പെടുകയും വലിയ തോതിലുള്ള പണാപഹരണം ഒഴിവാക്കുകയും ചെയ്യാമായിരുന്നു. മേൽനോട്ട ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥരുടെ അത്യന്തം ഗുരുതരമായ വീഴ്ചയായി ഇതിനെ വിലയിരുത്തുന്നു.

പഞ്ചായത്തിലെ വെറുമൊരു കണ്ടിജന്റ് ജീവനക്കാരനും (പാർട്ട് ടൈം ലൈബ്രേറിയൻ) പണാപഹരണം നടത്തിയതായി സമ്മതിച്ചിട്ടുള്ളയാളുമായ ശ്രീ. ചന്ദ്രബാബുവിന് പഞ്ചായത്തിലെ എൽ.ഡി. ക്ലാർക്ക് മുതൽ മേലോട്ടുള്ള ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട ചുമതലകൾ ഓഫീസ് ഉത്തരവുകൾ പ്രകാരം വിഭജിച്ചു നൽകിയിരുന്നു. ഇതിൽ രസീത് പ്രകാരമുള്ള നികുതി പിരിവ്, അനുബന്ധ രജിസ്റ്ററുകളുടെ എഴുത്ത്, ഫ്രണ്ട് ഓഫീസ് ജോലികൾ എന്നിവയും ഉൾപ്പെട്ടിരുന്നു. കണ്ടിജന്റ് ജീവനക്കാരന് പണം കൈകാര്യം ചെയ്യുന്നതിനും രജിസ്റ്ററുകൾ എഴുതുന്നതിനും, ഓഫീസ് സെക്ഷന്റെ ചുമതല വഹിക്കുന്നതിനുമുള്ള അധികാരം ഓഫീസ് ഉത്തരവു പ്രകാരം നൽകിയിട്ടുള്ള ഉത്തരവാദികളായ ഉദ്യോഗസ്ഥർ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്.

## ധനാപഹരണത്തിന്റെ നാൾ വഴികൾ

2013 -14 ൽ ധനാപഹരണം നടന്നുവെന്ന് വ്യക്തമായതിനെ തുടർന്ന് നികുതി - നികുതിയേതര ഇനങ്ങളിലുള്ള വരവുകളുടേയും അവയുടെ ഒടുക്കലുകളുടേയും കൃത്യത ഉറപ്പാക്കുന്നതിനായി കരീപ്ര സഹകരണ ബാങ്കിലെ അക്കൗണ്ട് നമ്പർ 4462 ന്റെ 2003-04 മുതലുള്ള ലഡ്ജറുകൾ, 2005-06 മുതലുള്ള ബാങ്ക് സ്റ്റേറ്റ്മെന്റുകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കി. 2003-04, 2004-05 വർഷങ്ങളിലെ ബാങ്ക്ലെഡ്ജർ പ്രകാരമുള്ള തുകകൾ, പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വരവ് രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവയുമായി ഒത്തു നോക്കിയതിൽ വ്യത്യാസം കാണുന്നില്ല.

2005-06 മുതൽ വിവിധ ദിവസങ്ങളിൽ നികുതി - നികുതിയേതര വരവ് ഇനങ്ങളിൽ ലഭ്യമായ തുക ബാങ്കിൽ ഒടുക്കുന്നതിൽ കുറവു വരുത്തി, ₹ 10,65,085/- തനത് ഫണ്ടിൽ നിന്നും അപഹരിച്ചു. നികുതി നികുതിയേതര ഇനങ്ങളിലുള്ള വരവ് തുകകൾ കരീപ്ര സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ 4462 പ്രകാരമുള്ള തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കുന്നതായി പ്രസ്തുത അക്കൗണ്ടിന്റെ സമാന്തര വ്യാജ പാസ് ബുക്കിൽ സ്വയം രേഖപ്പെടുത്തുകയും എന്നാൽ വിവിധ ദിവസങ്ങളിലെ വരവ് തുകകൾ പൂർണ്ണമായോ ഭാഗികമായോ ബാങ്കിൽ ഒടുക്കാതെ കൈവശപ്പെടുത്തുകയും ചെയ്യുന്ന രീതി അവലംബിച്ച് ധനാപഹരണം നടത്തി. വരവ് തുകകൾ ബാങ്കിൽ ഒടുക്കുകയോ, വ്യാജ പാസ് ബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്യാതിരിക്കൽ, ചെലവ് തുകകളുടെ വിവരങ്ങൾ പാസ് ബുക്കിൽ രേഖപ്പെടുത്താതിരിക്കൽ, അധിക തുക ചെലവ് ഇനത്തിൽ രേഖപ്പെടുത്തൽ മുതലായ കൃത്രിമങ്ങളും ബോധപൂർവ്വം വരുത്തിയിട്ടുണ്ട്. വരവ് തുകകൾ ഒടുക്കുന്നതിലെ കുറവ് മറച്ചു വയ്ക്കുന്നതിനു വേണ്ടിയാണ് ഇത്തരം കൃത്രിമങ്ങൾ നടത്തിയിട്ടുള്ളത്. വിവിധ വർഷങ്ങളിൽ അടവിൽ കുറവ് വരുത്തിയ ആകെ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു (വരവ് തുകകൾ ഒടുക്കു വരുത്തിയതിലെ കുറവിന്റെ വിശദാംശം വർഷം തിരിച്ച് **അനുബന്ധം 3** ആയി ചേർത്തിട്ടുണ്ട്).

| വർഷം | തുക |
|---|---|
| 2005-06 | 66,306.00 |
| 2006-07 | 1,69,025.00 |
| 2007-08 | 1,03,995.00 |
| 2008-09 | 1,93,403.00 |
| 2009-10 | 1,37,433.00 |
| 2010-11 | 1,12,000.00 |
| 2011-12 | 35,000.00 |
| 2012-13 | 18,000.00 |
| 2013-14 | 2,29,923.00 |
| **ആകെ** | **10,65,085.00** |

പണാപഹരണം മൂലം പഞ്ചായത്ത് ഫണ്ടിന് ആകെ 10,65,085/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

Local Fund Audit Department

# 4.4.കൊല്ലം ഫെസ്റ്റ് 2011– ഗുരുതരമായ ക്രമക്കേടുകൾ

"കേരളം കൊല്ലത്തേയ്ക്ക്, കൊല്ലം ലോകസമക്ഷം" എന്ന മുദ്രാവാക്യം മുൻനിർത്തി 2011 നവംബർ 10 മുതൽ 2012 ജനുവരി 1 വരെ കൊല്ലം ആശ്രാമം മൈതാനത്ത് കൊല്ലം കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടന്ന ഒരു മേളയാണ് കൊല്ലം ഫെസ്റ്റ് 2011.

കൊല്ലം ഫെസ്റ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

**1) ഫെസ്റ്റ് ദീർഘിപ്പിച്ച കാലയളവിലേക്ക് വാടക ഈടാക്കാത്തതുമൂലം നഷ്ടം – 2,07,84,342/– രൂപ (ഖണ്ഡിക 2.6)**

കൊല്ലം ഫെസ്റ്റ് 10.11.2011 മുതൽ ഒരു മാസക്കാലത്തേക്കാണ് നടത്താൻ നിശ്ചയിച്ചിരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് സ്റ്റാൾ, പവലിയൻ, മോണോപ്പോളി തുടങ്ങിയവയുടെ വാടക നിശ്ചയിച്ചിരുന്നത്. എന്നാൽ ഫെസ്റ്റ് 10.12.2011 മുതൽ 01.01.2012 വരെ ദീർഘിപ്പിച്ചിരുന്നുവെങ്കിലും ദീർഘിപ്പിച്ച കാലയളവിലെ വാടക ഈടാക്കിയിട്ടില്ല. എക്സിബിഷൻ കമ്മിറ്റി കൺവീനർ അംഗീകരിച്ച ഫെസ്റ്റ് റഗുലേഷനിൽ "സ്റ്റാൾ, പവലിയൻ എന്നിവ വാടകയ്ക്ക് നൽകുന്നതിനുള്ള നിബന്ധന 18 ൽ ഫെസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം ആയതിന് ആനുപാതിക വാടക നൽകുന്നതിന് സ്റ്റാൾ വാടകയ്ക്ക് എടുത്ത വ്യക്തി ബാദ്ധ്യസ്ഥനായിരിക്കും" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിബന്ധനയ്ക്കു വിരുദ്ധമായി ആനുപാതികമായി വാടക ഈടാക്കാത്തതിനാലും, എക്സിബിഷൻ കമ്മിറ്റി നിശ്ചയിച്ച നിരക്കിൽ കുറവായി ഈടാക്കിയതു മൂലവും നഗരസഭയ്ക്ക് 2,07,84,342/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | സ്റ്റാൾ | 1,56,72,290.00 |
| 2.<br>3. | പവലിയൻ<br>ഫുഡ് കോർട്ട് | 44,81,600.00<br>1,69,652.00 |
| 4. | സ്റ്റാൾ & ടേബിൾ സ്പെയ്സ് | |
| | ഔട്ട്സൈഡ് ഡോം | 4,60,800.00 |
| | **ആകെ** | **2,07,84,342.00** |

വിശദാംശം **അനുബന്ധം 4 (എ,ബി, സി, ഡി )** യിൽ ചേർത്തിട്ടുണ്ട്.

**2) ബുക്ക് ഫെസ്റ്റ് – സ്റ്റാളുകളിൽ നിന്ന് ദീർഘിപ്പിച്ച കാലയളവിലെ വാടക പിരിച്ചെടുക്കുന്നതിലെ വീഴ്ചമൂലം നഷ്ടം 1,76,500/– രൂപ (ഖണ്ഡിക 2.8)**

21.10.2011 ലെ ബുക്ക് ഫെസ്റ്റ് കമ്മിറ്റിയുടെ 1, 2 നമ്പർ തീരുമാനങ്ങൾ പ്രകാരം 12 X 10 ചതുരശ്ര അടി സ്ഥലമുള്ള 50 സ്റ്റാളുകൾ നിർമ്മിക്കുവാനും സ്റ്റാൾ ഒന്നിന് 5000/- രൂപ നിരക്കിൽ വാടക ഈടാക്കാനും തീരുമാനിച്ചു. എന്നാൽ ആകെ എത്ര സ്റ്റാളുകൾ നിർമ്മിച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട ഫെസ്റ്റ് ഫയലിലും (കെ. എഫ് 4-29397/11 (15) ഫെസ്റ്റ് കമ്മിറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല. വരവിന്റെ വിവരം ഉൾക്കൊള്ളിച്ചുകൊണ്ട് ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ 42 സ്റ്റാളുകളിൽ നിന്നും വാടക ഈടാക്കിയതായി കാണിച്ചിട്ടുണ്ട്. ഫെസ്റ്റ് ദീർഘിപ്പിച്ച കാലയളവിലെ വാടക ബുക്ക് സ്റ്റാളുകളിൽ നിന്നും ഈടാക്കിയിട്ടില്ല. ബുക്ക് ഫെസ്റ്റിനായി സ്റ്റാളുകൾ 51 ദിവസം വാടകയിനത്തിൽ അനുവദിച്ചു നൽകിയതിനു ലഭിക്കേണ്ട തുക പ്രതിദിനം 8500/-രൂപയാണ് (5000 X 51/30), 42 സ്റ്റാളുകളിൽ നിന്ന് 8500 രൂപ നിരക്കിൽ 3,57,000/- രൂപ ഈടാക്കേണ്ടതിന് പകരം 1,80,500/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. 1,76,500/- രൂപയുടെ നഷ്ടമുണ്ടായതായി കാണുന്നു. വിശദവിവരം **അനുബന്ധം** 4 (ഇ) ആയി ചേർത്തിട്ടുണ്ട്.

**3) ട്രാൻസ്പോർട്ടേഷൻ വേ ബിൽ വ്യാജം 1,76,000/– രൂപ നിരാകരിക്കുന്നു (ഖണ്ഡിക 3.5)**

കൊല്ലം ഫെസ്റ്റിനോടനുബന്ധിച്ച് പ്രചാരണത്തിനും സവാരിക്കുമായി കുതിരകളെ ഫെസ്റ്റ് നഗറിലെത്തിച്ച വാഹനത്തിന്റെ വേ ബിൽ പ്രകാരമുള്ള നമ്പരുകൾ പരിശോധിച്ചതിൽ മാരുതി കാർ, അമ്പാസിഡർ കാർ, മോട്ടോർ സൈക്കിൾ എന്നീ നോൺ ട്രാൻസ്പോർട്ടേഷൻ വാഹനങ്ങൾ ഉപയോഗിച്ചാണ് കുതിരകളെ എത്തിച്ചതെന്ന് മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് പ്രകാരം വ്യക്തമാകുന്നു.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

Local Fund Audit Department

| ക്രമ നം | വേബിൽ പ്രകാരം വാഹനം പുറപ്പെട്ട സ്ഥലം | വാഹനം | വിഭാഗം | വാഹനം രജിസ്റ്റർ ചെയ്ത ഓഫീസ് |
|---|---|---|---|---|
| 1 | മാണ്ഡ്യ, മൈസൂർ | കെ.എൽ06/ബി-136 | മാരുതി കാർ | ആർ.റ്റി.ഒ ഇടുക്കി |
| 2 | മാണ്ഡ്യ, മൈസൂർ | കെ.എൽ/07/ബി-7777 | അംബാസിഡർ കാർ | എസ്.ആർ.റ്റി.ഒ വടക്കാഞ്ചേരി |
| 3 | മാണ്ഡ്യ, മൈസൂർ | കെ.എൽ/02/എഎ-1173 | മോട്ടോർ സൈക്കിൾ | ആർ.റ്റി.ഒ കൊല്ലം |
| 4 | മാണ്ഡ്യ, മൈസൂർ | കെ.എൽ/07/എ-6262 | മാരുതി കാർ | എസ്.ആർ.റ്റി.ഒ തിരൂർ |

കുതിരകളെ എത്തിക്കാൻ മത്സരാധിഷ്ഠിത ടെന്റർ ക്ഷണിക്കുന്നതിന് പകരം നേരിട്ട് ശ്രീ. അൻവർ സാദത്ത് എന്ന വ്യക്തിയുമായി കരാർ ഉണ്ടാക്കുകയും, കുതിരകളെ മൈസൂരിൽ നിന്നും എത്തിച്ചതിനും തിരികെ കൊണ്ടു പോകുന്നതിനുമായി 88,000/- രൂപ വീതം ആകെ 1,76,000/- രൂപ (15.11.2011 ലെയും 26.11.2011 ലെയും സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനപ്രകാരം) ശ്രീ. അൻവർ സാദത്തിന് അനുവദിച്ചു നൽകുകയും ചെയ്തു. ഇത്തരത്തിൽ വ്യാജ വേ ബിൽ ഹാജരാക്കി ട്രാൻസ്പോർട്ടേഷൻ ചാർജ് ക്ലെയിം ചെയ്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

**4) സ്റ്റാൾ, പവലിയൻ, പന്തൽ, ലൈറ്റ് ആന്റ് സൗണ്ട് – M/s ഉമ്രാസിന് 12,86,952/– രൂപ അധികം നൽകി (ഖണ്ഡിക 3.7)**

കൊല്ലം ഫെസ്റ്റുമായി ബന്ധപ്പെട്ട് സ്റ്റാൾ, പവലിയൻ, ഫെൻസിംഗ്, ബാരിക്കേഡ്, പന്തൽ തുടങ്ങിയവയുടെ നിർമ്മാണ ജോലിക്കായി ടെന്റർ വിളിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത M/s ഉമ്രാസ് എന്റർപ്രൈസസിനെ നെഗോഷിയേഷനിലൂടെ നിരക്ക് കുറച്ച് ജോലി ഏൽപ്പിക്കുകയുമാണുണ്ടായത്. കൊല്ലം ഫെസ്റ്റ് ജനറൽ കൺവീനർക്ക് സമർപ്പിച്ച ബില്ലിൽ ഒന്നും രണ്ടും ഇനങ്ങൾക്ക് തുക തെറ്റായി കണക്കാക്കി കൊടുത്തിരിക്കുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രവർത്തി | ബില്ലനുസരിച്ച് ക്ലെയിം ചെയ്ത അളവ് | യഥാർത്ഥത്തിൽ ചെയ്ത അളവ് | നിരക്ക് | ബില്ലനുസരിച്ച് നൽകിയ തുക | യഥാർത്ഥത്തിൽ കൊടുക്കേണ്ട തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| എ.സി ഡോം | 50 എം x 25 എം = 1250 എം$^2$ | 50 എം x 24 എം = 1200 എം$^2$ | 8000/10 എം$^2$ | 10,00,000 | 9,60,000 | 40,000 |
| നോൺ എസി ഡോം | 50 എം x 25 എം = 2500 എം$^2$ | 50 എം x 24 എം = 2400 എം$^2$ | 6500/10 എം$^2$ | 16,25,000 | 15,60,000 | 65,000 |

| | | | |
|---|---|---|---|
| **ആകെ** | | | **1,05,000/–** |
| അധിക ദിവസത്തേയ്ക്ക് @ 10% | 105000 x 10/100 = | 10,500 | |
| | | 1,15,500 | (105000+10500) |
| (-) ടെണ്ടർ കുറവ് 35.44% | - | 40,933 | |
| | | 74,567 | |

കൂടാതെ ഉമ്രാസിന്റെ ബില്ലിലെ 6-ാമത്തെ ഇനമായ ഹാംഗർ പന്തലിന് 10 എം$^2$ ന് 1800 രൂപ നിരക്കിൽ 5868.50 എം$^2$ ന് 10,56,330/- രൂപയിൽ 35.44% ടെണ്ടർ കുറവ് വരുത്തി 6,81,967/- രൂപ നൽകുന്നതിന് പകരം ഹാംഗർ പന്തലിന് 10 എം$^2$ ന് 5000/- രൂപ നിരക്കിൽ 5868.50 എം$^2$ ന് 29,34,250/- രൂപ കണക്കാക്കി 35.44% ടെണ്ടർ കുറവ് വരുത്തി 18,94,352/- രൂപ അനുവദിച്ചിരിക്കുന്നു.

1800/10 എം$^2$ ആണ് ക്വോട്ട് ചെയ്തതെങ്കിലും ഉമ്രാസിന്റെ തന്നെ ബില്ലിൽ ഈ ഇനത്തിന് 10 എം$^2$ ന് 2500/- രൂപ കണക്കാക്കിയാണ് 14,67,125/- രൂപ ആവശ്യപ്പെട്ടിരിക്കുന്നത്.

((5868.5 എം$^2$ x2500/10 എം$^2$= 14,67,125/-) യഥാർത്ഥത്തിൽ നൽകേണ്ട 6,81,967/- രൂപയ്ക്ക് പകരം ഉമ്രാസ് ആവശ്യപ്പെട്ടത് 14,.67,125/- രൂപയാണ്. എന്നാൽ ഫെസ്റ്റ് കമ്മിറ്റി അനുവദിച്ചു നൽകിയത് 18,94,352/- രൂപയാണ്. അധികം നൽകിയ 12,12,385/- രൂപയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| കൊടുത്ത തുക | - | 18,94,352 (5868.5 എം$^2$ന് 5000/- രൂപ നിരക്കിൽ 35.44% ടെന്റർ കുറവ് കഴിച്ച്) |
| കൊടുക്കേണ്ട തുക | - | 6,81,967 (5868.5 എം$^2$ ന് 1800/- രൂപ നിരക്കിൽ 35.44% ടെന്റർ കുറവ് കഴിച്ച്) |
| വ്യത്യാസം | - | 12,12,385/- രൂപ |

ഇപ്രകാരം ഉമ്രാസിന് ആകെ 1286952/- രൂപ (74567+1212385) അധികം നൽകിയിട്ടുണ്ട്.



Local Fund Audit Department

5) ചിത്രരചനാ ക്യാമ്പ് – 5 കോടി രൂപ മൂല്യമുള്ള ചിത്രങ്ങൾ സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല (ഖണ്ഡിക 3.12)

കൊല്ലം ഫെസ്റ്റിനോടനുബന്ധിച്ച് ലോകപ്രശസ്തരായ ചിത്രകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ദേശിയ ചിത്രകലാക്യാമ്പ് ഒക്ടോബർ 28,29 തീയതികളിൽ ആശ്രാമം അഡ്വഞ്ചർ പാർക്കിൽ നടത്തിയിരുന്നു. ഈ സംരംഭത്തിൽ പ്രശസ്ത ചിത്രകാരി ശ്രീമതി അർപ്പണകൗർ വരച്ച ചിത്രമൊഴികെയുള്ള 46 ചിത്രങ്ങൾക്ക് ചിത്രകാരന്മാർ നിശ്ചയിച്ച് നൽകിയ മതിപ്പു വില 5,22,93,777/- രൂപയാണെന്ന് നഗരസഭ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഈ ചിത്രങ്ങൾ ഇപ്പോൾ കോർപ്പറേഷൻ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. വളരെ വിലപിടിപ്പുള്ള ഈ ചിത്രങ്ങൽ പൊടിപിടിച്ച് നശിക്കുന്ന അവസ്ഥയിലാണ്

മേൽപ്പറഞ്ഞ 1 മുതൽ 5 വരെ ഖണ്ഡികകൾ സമാഹൃത റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്നതായി എൽ.എഫ്.ക്യൂ.എം 5-171/2014 കത്തു മുഖേന കൊല്ലം നഗരസഭാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന് 14.05.2014 ൽ എ2/ 38213/13 കത്ത് പ്രകാരം കൊല്ലം നഗരസഭാ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. മുനിസിപ്പൽ നിയമങ്ങളുടേയും ചട്ടങ്ങളുടേയും ഓഡിറ്റ് സംവിധാനങ്ങളുടേയും പരിധിക്കുള്ളിൽ നിന്ന് കോർപ്പറേഷന് ഫെസ്റ്റ് സംഘടിപ്പിക്കുക അസാധ്യമായതിനാൽ ഒരു പൂർണ്ണാധികാര സംഘാടക സമിതിയാണ് മേള നടത്തിയതെന്നും ഫെസ്റ്റ് നടത്തിപ്പിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ നഗരസഭാഫണ്ടിനെ ഒരു തരത്തിലും ബാധിക്കുന്നതല്ലാത്തതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനാ പരിധിയിൽ വരുന്നതല്ല എന്നും സെക്രട്ടറി മറുപടി നൽകിയിരിക്കുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 283 (2) (ഇ) പ്രകാരം പൊതുജനങ്ങളിൽ നിന്നും സർക്കാരേതര സ്ഥാപനങ്ങളിൽ നിന്നും പണമായി പിരിക്കുന്ന സംഭാവനകളും അംശാദായവും മുനിസിപ്പൽ ഫണ്ടിലേയ്ക്ക് വരവു വയ്ക്കേണ്ട വരവിനങ്ങളിൽ ഉൾപ്പെടുന്നതാണ്. കൊല്ലം ഫെസ്റ്റ് പൊതുജനങ്ങളിൽ നിന്നും എക്സിബിഷൻ മുഖേന പണം പിരിച്ച് നടത്തിയ പരിപാടിയാണെങ്കിലും വരവ് മുനിസിപ്പൽ ഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല. ഇത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 16,17 എന്നിവ പ്രകാരം ഒരു മുനിസിപ്പാലിറ്റിയുടെ ഏതൊരു സ്ഥാപനവും സന്ദർശിച്ച് അവിടെ സൂക്ഷിച്ചിരിക്കുന്ന രേഖകളും രജിസ്റ്ററുകളും കണക്കുകളും പരിശോധിക്കാനും മുനിസിപ്പൽ ഫണ്ടിൽ നിന്ന് വേറിട്ട് മുനിസിപ്പാലിറ്റി സൂക്ഷിച്ചിരിക്കുന്ന ഏതൊരു ഫണ്ടിന്റേയും വരവുചെലവു കണക്കുകൾ പരിശോധിക്കുവാനും ലോക്കൽ ഫണ്ട് ഓഡിറ്റിന് അധികാരമുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളും അനുസരിച്ചാണ് കൊല്ലം ഫെസ്റ്റ് 2011 ഓഡിറ്റ് ചെയ്തിരിക്കുന്നത് എന്നതിനാൽ സെക്രട്ടറിയുടെ മറുപടി സ്വീകാര്യമല്ല.

നഷ്ടത്തിനുത്തരവാദികളായവരുടെ മേൽവിലാസം ചുവടെ ചേർക്കുന്നു.

| ഖണ്ഡിക | | നഷ്ടത്തിനുത്തരവാദിയായവരുടെ പേരും വിലാസവും |
|---|---|---|
| 2 .6<br>2 .8 | 1 | ശ്രീമതി. പ്രസന്നാ ഏണസ്റ്റ്<br>മേയർ (ചെയർമാൻ, സ്റ്റിയറിംഗ് കമ്മിറ്റി) നിധി,<br>മുണ്ടയ്ക്കൽ ഈസ്റ്റ് (പി.ഒ) കൊല്ലം - 691001. |
| | 2 | അഡ്വ.ജി ലാലു,<br>( ഡെപ്യൂട്ടി മേയർ)<br>(ജനറൽ കൺവീനർ, സ്റ്റിയറിംഗ് കമ്മിറ്റി)<br>വടക്കേടത്ത് വീട്, മങ്ങാട് (പി.ഒ) കൊല്ലം |
| | 3 | ശ്രീ. എസ്. വിജയകുമാർ<br>സെക്രട്ടറി (ട്രഷറർ, സ്റ്റിയറിംഗ് കമ്മിറ്റി)<br>തെങ്ങുവിള കിഴക്കതിൽ, പുത്തൂർ,<br>പുത്തൂർ (പി.ഒ) കൊട്ടാരക്കര |
| | 4 | ശ്രീ. എം. നൗഷാദ്<br>(ചെയർമാൻ, എക്സിബിഷൻ കമ്മിറ്റി)<br>തെങ്ങഴികം, മണക്കാട്,<br>വടക്കേവിള (പി.ഒ) കൊല്ലം |
| | 5 | ശ്രീ. സുനിൽ ബാബു എച്ച്.ഐ<br>(കൺവീനർ, എക്സിബിഷൻ കമ്മിറ്റി)<br>നടയിൽ വടക്ക്, താമരക്കുളം, കൊല്ലം |

Local Fund Audit Department

| ഖണ്ഡിക | | ഉത്തരവാദിയായ ഉദ്യോഗസ്ഥരുടേ വിവരം |
|---|---|---|
| 3.12 | 1 | ശ്രീമതി. പ്രസന്നാ ഏണസ്റ്റ്<br>മേയർ (ചെയർമാൻ, സ്റ്റീയറിംഗ് കമ്മിറ്റി)<br>നിധി, മുണ്ടയ്ക്കൽ ഈസ്റ്റ് (പി.ഒ), കൊല്ലം - 691001. |
| | 2 | അഡ്വ.ജി ലാലു,<br>ഡെപ്യൂട്ടി മേയർ<br>(ജനറൽ കൺവീനർ, സ്റ്റിയറിംഗ് കമ്മിറ്റി) വടക്കേടത്ത് വീട്,<br>മങ്ങാട് (പി.ഒ) കൊല്ലം |
| | 3 | ശ്രീ. എസ്. വിജയകുമാർ<br>സെക്രട്ടറി (ട്രഷറർ, സ്റ്റിയറിംഗ് കമ്മിറ്റി)<br>തെങ്ങുവിള കിഴക്കതിൽ, പുത്തൂർ<br>പുത്തൂർ (പി.ഒ), കൊട്ടാരക്കര |
| 3.5 | 1 | ശ്രീമതി. പ്രസന്നാ ഏണസ്റ്റ്, മേയർ (ചെയർമാൻ, സ്റ്റിയറിംഗ് കമ്മിറ്റി)<br>നിധി, മുണ്ടയ്ക്കൽ ഈസ്റ്റ് (പി.ഒ) കൊല്ലം - 691001. |
| | 2 | അഡ്വ.ജി ലാലു, ഡെപ്യൂട്ടി മേയർ<br>(ജനറൽ കൺവീനർ, സ്റ്റിയറിംഗ് കമ്മിറ്റി)<br>വടക്കേടത്ത് വീട്, മങ്ങാട് (പി.ഒ) കൊല്ലം |
| | 3 | ശ്രീ. എസ്. വിജയകുമാർ, സെക്രട്ടറി, (ട്രഷറർ, സ്റ്റിയറിംഗ് കമ്മിറ്റി)<br>തെങ്ങുവിള കിഴക്കതിൽ, പുത്തൂർ, പുത്തൂർ (പി.ഒ)<br>കൊട്ടാരക്കര |
| | 4 | ശ്രീ. എൻ. നൗഷാദ്, (ചെയർമാൻ, പബ്ലിസിറ്റി കമ്മിറ്റി)<br>തൊടിയിൽ പടിഞ്ഞാറ്റതിൽ<br>എൻ.എസ് ജംഗ്ഷൻ , അയത്തിൽ (പി.ഒ) കൊല്ലം |
| | 5 | ശ്രീ. ജി. സിനിലാൽ, (ടൗൺ പ്ലാനിംഗ് ഓഫീസർ)<br>കൺവീനർ, പബ്ലിസിറ്റി കമ്മിറ്റി, ഗോവിന്ദം, തോപ്പിൽക്കടവ്, കൊല്ലം -12 |
| 3- 7 | 1 | ശ്രീ. ജോർജ്ജ് ഡി കാട്ടിൽ<br>(മെമ്പർ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)<br>(ചെയർമാൻ, ഫിനാൻസ് കമ്മിറ്റി)<br>കാട്ടിൽ , പാലസ് റോഡ്, തങ്കശ്ശേരി. പി.ഒ, കൊല്ലം |
| | 2 | ശ്രീ. ആർ. ലാലു, (അഡീഷണൽ സെക്രട്ടറി)<br>(കൺവീനർ, ഫിനാൻസ് കമ്മിറ്റി), നന്ദനം, പുത്തൻകുളം. പി.ഒ, കൊല്ലം |
| | 3 | ശ്രീ.എം. നൗഷാദ്, (ചെയർമാൻ, എക്സിബിഷൻ കമ്മിറ്റി)<br>തെങ്ങഴികം, മണക്കാട്, വടക്കേവിള. പി.ഒ, കൊല്ലം |
| | 4 | ശ്രീ. സുനിൽ ബാബു എച്ച്.ഐ, (കൺവീനർ, എക്സിബിഷൻ കമ്മിറ്റി)<br>നടയിൽ വടക്ക്, താമരക്കുളം, കൊല്ലം. |

**ചേർത്തല നഗരസഭ, ആലപ്പുഴ ജില്ല**

**2007-08 മുതൽ 2010-11 വരെയുള്ള ചെലവ് ഓഡിറ്റ് റിപ്പോർട്ട് (ഖണ്ഡിക 2.1)**

## 4.5. ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - 18.5 ലക്ഷം പാഴ്ചെലവ്

ചേർത്തല നഗരസഭ വക പൊതുശ്മശാനത്തിൽ ഒരു ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിനായി 2007 മാർച്ച് മുതൽ 2010 ജനുവരി വരെ ആകെ 1848454 രൂപ ചെലവഴിച്ചു. ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - (1397205 രൂപ), ഗ്യാസ് ക്രിമറ്റോറിയം പൂർത്തീകരണം (240635/- രൂപ) ക്രിമറ്റോറിയത്തിലേയ്ക്ക് റോഡും ഷെഡും നിർമ്മിക്കൽ (210,614 രൂപ) എന്നിവയ്ക്കായി പ്രോജക്ട് നം. 17/2006-07, 15/2007-08, 14/2007-08 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് 18,48,454/- രൂപ ചെലവഴിച്ചത്.



പ്രവർത്തനം തുടങ്ങിയിട്ടില്ലാത്ത ഗ്യാസ് ക്രിമറ്റോറിയം

ശ്മശാനത്തിന്റെ ഔപചാരിക ഉദ്ഘാടനം 14.12.2008 ൽ നടന്നുവെങ്കിലും നാളിതുവരെ (ആഗസ്റ്റ് 2014) ക്രിമറ്റോറിയം ഉപയോഗിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 27, തീയതി 25.8.12), ക്രിമറ്റോറിയം

Local Fund Audit Department

പ്രവർത്തനരഹിതമാണെന്നും, നഗരസഭയിൽ ഇപ്രകാരം ഒരു ക്രിമറ്റോറിയത്തിന്റെ ആവശ്യകത സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുള്ളതായി അറിവില്ലെന്നും ക്രിമറ്റോറിയം പ്രയോജനപ്രദമാക്കാൻ നപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നും മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

ചേർത്തല നഗരസഭയിലെ ജനങ്ങൾ തങ്ങളുടെ വീട്ടുവളപ്പിലാണ് ഇപ്പോഴും ദഹനം നടത്താറുള്ളത്. ക്രിമറ്റോറിയം നിർമ്മിക്കുന്നതിനു മുമ്പും പൊതുശ്മശാനത്തിൽ ദഹനം നടത്തുവാൻ പൊതുജനങ്ങൾ താൽപര്യം കാണിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം ഒരു ക്രിമറ്റോറിയം നഗരസഭയിൽ ആവശ്യമില്ലായിരുന്നുവെന്നും ആവശ്യകത സംബന്ധിച്ച് യാതൊരു പഠനവും നടത്താതെ ചെലവഴിച്ച 18.5 ലക്ഷം രൂപ പാഴ്ചെലവായതായും ഓഡിറ്റ് വിലയിരുത്തുന്നു.

**വൈക്കം നഗരസഭ, കോട്ടയം ജില്ല**

**ഓഡിറ്റ് റിപ്പോർട്ട് 2011-12 (ഖണ്ഡിക 2.7)**

## 4.6. ടൗൺ ഹാൾ, റസ്റ്റ്ഹൗസ് എന്നിവയുടെ നടത്തിപ്പുകാരൻ വാടക കുടിശ്ശിക അടച്ചു തീർത്തില്ല

* കരാർ ചമയ്ക്കാതെ മുനിസിപ്പൽ ടൗൺ ഹാൾ, റസ്റ്റ് ഹൗസ് എന്നിവ വാടകയ്ക്ക് നൽകി.
* വാടക കുടിശ്ശിക വരുത്തിയ കുത്തകക്കാരന് ടൗൺ ഹാൾ നടത്തിപ്പ് അവകാശം 3 വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകി
* കുത്തക കാലാവധി ദീർഘിപ്പിച്ചു നൽകാതിരുന്നിട്ടും റസ്റ്റ് ഹൗസ് അനധികൃതമായി കൈവശം വച്ചു നഗരസഭയ്ക്ക് നഷ്ടം 6,39,820/- രൂപ.

വൈക്കം നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുനിസിപ്പൽ ടൗൺ ഹാൾ, മുനിസിപ്പൽ റസ്റ്റ് ഹൗസ് എന്നിവയുടെ നടത്തിപ്പവകാശം പ്രതിവർഷം യഥാക്രമം 3,50,000/- രൂപയ്ക്കും 5,35,000/- രൂപയ്ക്കും രണ്ടര വർഷത്തേയ്ക്ക് 26.09.09 ന് ശ്രീ. അജി.സി.തൈലം കണ്ടത്തിൽ, ആറാട്ടുകുളങ്ങര, വൈക്കം എന്നയാൾ ലേലത്തിൽ പിടിച്ചു. പ്രസ്തുത നടപടി 30.09.2009 ലെ മുനിസിപ്പൽ കൗൺസിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. എന്നാൽ ടിയാനുമായി മുനിസിപ്പാലിറ്റി ലേല വ്യവസ്ഥകൾ വ്യക്തമാക്കി കരാർ ചമച്ചിരുന്നില്ല.

2009-10 വർഷം പ്രസ്തുത കെട്ടിടങ്ങളുടെ വാടക ലേലക്കാരൻ അടച്ചിട്ടില്ല. 2010-11 വർഷം ടൗൺ ഹാൾ വാടകയായി 1,50,000/- രൂപ അടച്ചു. ബാക്കി തുകയും റസ്റ്റ് ഹൗസ് വാടകയും ഒടുക്കു വരുത്തിയില്ല. 2011-12 വർഷത്തിലും മേൽ സ്ഥാപനങ്ങളുടെ വാടക ലേലക്കാരൻ ഒടുക്കിയിട്ടില്ല. ഇപ്രകാരം വാടക കുടിശ്ശിക വരുത്തിയ കുത്തകക്കാരന് ടൗൺ ഹാൾ നടത്തിപ്പ് അവകാശം 3 വർഷക്കാലത്തേയ്ക്ക് 15.06.2010 ൽ മുനിസിപ്പൽ കൗൺസിൽ ദീർഘിപ്പിച്ചു നൽകുകയുണ്ടായി. (കൗൺസിൽ തീരുമാനം I-6). എന്നാൽ കുത്തക കാലാവധി ദീർഘിപ്പിച്ചു നൽകാതിരുന്ന മുനിസിപ്പൽ റസ്റ്റ് ഹൗസിന്റെ നടത്തിപ്പവകാശം കൂടി ടിയാൻ അനധികൃതമായി കൈവശം വയ്ക്കുകയാണ് ചെയ്തത്. 30.10.2012 ൽ ടിയാൻ കുത്തകാവകാശം വിട്ടൊഴിഞ്ഞ് മുനിസിപ്പൽ റസ്റ്റ് ഹൗസിന്റെ താക്കോൽ മുനിസിപ്പാലിറ്റിയ്ക്ക് മടക്കി നൽകിയെങ്കിലും രേഖകൾ പ്രകാരം ഇപ്പോഴും മേൽ വ്യക്തിയ്ക്കാണ് റസ്റ്റ് ഹൗസിന്റെ നടത്തിപ്പവകാശം. പ്രസ്തുത കുത്തകക്കാരൻ തന്നെയാണ് മേൽ സ്ഥാപനങ്ങളുടെ നിർമ്മാണ ചുമതലയുണ്ടായിരുന്ന കരാറുകാരൻ എന്നും ടി നിർമ്മാണ ചുമതലയുടെ ഭാഗമായി ഈ വ്യക്തിയ്ക്ക് തുകകൾ കൊടുത്തു തീർക്കാനുണ്ടായിരുന്നതിനാലാണ് ഇപ്രകാരമൊരു അനധികൃത കൈവശാവകാശം ഇദ്ദേഹത്തിന് സിദ്ധിച്ചതെന്നും വാടകകുടിശ്ശിക ഇദ്ദേഹത്തിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച് നിയമോപദേശം ആരാഞ്ഞിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് അദ്ദേഹത്തിൽ നിന്നും തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്നുമാണ് ഇത് സംബന്ധിച്ച ഓഡിറ്റ് തടസ്സ പത്രികയ്ക്ക് മുനിസിപ്പാലിറ്റി രേഖാമൂലം മറുപടി നൽകിയത്.

മേൽ സ്ഥാപനങ്ങളുടെ വാടകകുടിശ്ശിക ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**വാടകയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കുവാൻ ബാക്കിയുള്ള തുക (2012-13) വരെ**

| | |
|---|---|
| ടൗൺ ഹാൾ | 1079863 |
| റസ്റ്റ് ഹൗസ് (30.10.2012 വരെ) | 1655572 |
| ആകെ | 2735435 |
| കരാറുകാരന് ടൗൺഹാൾ, റസ്റ്റ് ഹൗസ് എന്നിവയുടെ നിർമ്മാണ ചുമതലയുടെ ഭാഗമായി നൽകുവാനുള്ള ആകെ തുക | 2095615 |
| നഗരസഭയ്ക്ക് ലഭിക്കുവാനുള്ള ബാക്കി തുക | 639820 |



Local Fund Audit Department

കുടിശ്ശികത്തുക, വാടകയ്ക്ക് നൽകിയ കാലയളവിലെ സേവന നികുതി ഇവ നിയമാനുസൃത പിഴപ്പലിശ സഹിതം ലേലക്കാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറി, മുനിസിപ്പൽ കൗൺസിലർമാർ എന്നിവരുടെ ബാധ്യതയായിരിക്കുന്നതാണ്.

പ്രസ്തുത ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്നതായി അറിയിച്ചു കൊണ്ട് കോട്ടയം ജില്ലാ ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 11.04.2014 ന് നൽകിയ എൽ.എഫ്.കെ.പി1/406/2014 -ാം നമ്പർ കത്തിന് 25.04.2014 ന് വൈക്കം നഗരസഭ സെക്രട്ടറി ഇൻ ചാർജ് നൽകിയ ആർ2-2847/14-ാം നമ്പർ മറുപടിയിൽ ലേല വ്യവസ്ഥയുമായി ബന്ധപ്പെട്ട എഗ്രിമെന്റുകൾ ഫയൽ പരിശോധനയിൽ ലഭ്യമായിട്ടില്ല. എന്നും ലേലക്കാരനിൽ നിന്നും തുക ഈടാക്കുന്നതിന് സാധിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ടിയാനെതിരെ RR/2014/1384/5, R.R/2014/1383/5 നമ്പരായി റവന്യൂ റിക്കവറി നടത്തുവാൻ ബഹു. ഡെപ്യൂട്ടി കളക്ടർക്ക് കത്ത് അയച്ചിട്ടുണ്ടെന്നും മറുപടിയിൽ പറയുന്നു.

നഷ്ടോത്തരവാദികളുടെ മേൽ വിലാസം ചുവടെ ചേർക്കുന്നു

I) വി. ആർ. രത്നമയീദേവി, സെക്രട്ടറി, നെല്ലിപ്പള്ളിൽ, നാരായണീയം, വഴിക്കുളങ്ങര, നോർത്ത് പറവൂർ, എറണാകുളം

II) മുനിസിപ്പൽ കൗൺസിലർമാരുടെ പേര്, മേൽവിലാസം എന്നിവ ചുവടെ ചേർക്കുന്നു.

| വാർഡ് | |
|---|---|
| 1 | രോഹിണിക്കുട്ടി അയ്യപ്പൻ, വളാലിൽ, ഉദയനാപുരം, പി.ഒ, വൈക്കം |
| 2 | ബി. ചന്ദ്രശേഖരൻ, തെക്കേവല്ലശ്ശേരിൽ, വടക്കേനട, വൈക്കം. പി.ഒ |
| 3 | ബിനിൽ വിശ്വനാഥൻ, അമ്പലത്തറ, എൻ.ഇ. വാർഡ്, പുളിഞ്ചുവട്, വൈക്കം |
| 4 | ഡി. രഞ്ജിത്ത്കുമാർ, കോനാട്ട്, വടക്കേനട, വൈക്കം |
| 5 | എസ്. ഹരിദാസൻ നായർ, വല്ലശ്ശേരിൽ വീട്, കിഴക്കേനട, വൈക്കം |
| 7 | കെ.കെ കുട്ടപ്പൻ, കോനാരിൽ, വിനോദ്ഭവൻ, ചാലപ്പറമ്പ്, വൈക്കം. പി.ഒ |
| 8 | നിർമ്മല ഗോപി, അഞ്ചുപറ, കിഴക്കേനട, വൈക്കം. പി.ഒ |
| 10 | പി.കെ. ഹരികുമാർ, കളത്തൂർ വീട്, പുളിഞ്ചുവട്, കിഴക്കേ നട, വൈക്കം |
| 11 | തിലോത്തമ (വിജയമ്മ), മുണ്ടുപറമ്പ്, അയ്യർകുളങ്ങര, തെക്കേനട പി.ഒ, വൈക്കം |
| 13 | കെ.ജി. അബ്ദുൾ സലാം റാവുത്തർ, കോട്ടിപ്പറമ്പിൽ തോട്ടായപ്പള്ളി റോഡ്, വൈക്കം പി.ഒ |
| 14 | സിറിൾ ജോസഫ്, പുത്തൻപുരയിൽ ഹൗസ്, പള്ളിപ്രത്തുശ്ശേരി. പി.ഒ, വൈക്കം |
| 15 | കെ. ആർ ഷീബ, കായിപ്പുറത്ത് വീട്, തെക്കേനട പി.ഒ, വൈക്കം |
| 16 | കെ. വിജയൻ, ചൂളപ്പറമ്പിൽ, കിഴക്കേനട, വൈക്കം പി.ഒ |
| 17 | പി.റ്റി. സുഭാഷ്, പടിഞ്ഞാറെ പാലച്ചുവട്, ആറാട്ടുകുളങ്ങര, കിഴക്കേനട, വൈക്കം |
| 18 | ജയ്ജോൺ പേരയിൽ, പേരയിൽ ഹൗസ്, പടിഞ്ഞാറേനട, വൈക്കം. പി.ഒ |
| 19 | കെ. പി. സതീശൻ, കോമശ്ശേരിൽ വീട്, പോളശ്ശേരി, വൈക്കം പി.ഒ |
| 20 | സലീന രതീശൻ, കിഴക്കേ ചായപ്പള്ളിൽ, പോളശ്ശേരി, വൈക്കം. പി.ഒ |
| 22 | ജി. ശ്രീകുമാരൻ നായർ, ലക്ഷ്മി വിലാസം, വൈക്കം പി.ഒ |
| 23 | കെ. കെ. സചിവോത്തമൻ, തോപ്പിൽ പടിഞ്ഞാറെതിൽ, പുളിഞ്ചുവട്, വൈക്കം |

**പീരുമേട് ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല**

**ഓഡിറ്റ് റിപ്പോർട്ട് വർഷം 2010-11 (ഖണ്ഡിക 3-2)**

## 4.7. പണി പൂർത്തിയാക്കാതെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി -5064425/- രൂപയുടെ പാഴ്ചെലവ്

പീരുമേട് ഗ്രാമപഞ്ചായത്ത് 2010-11 വർഷത്തിൽ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി താഴെ പറയും പ്രകാരം മുട്ടത്തുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രയിൽ ആകെ 5064425/- രൂപ നിക്ഷേപിക്കുകയുണ്ടായി.

| ക്രമ നം | പദ്ധതി നം | വൗച്ചർ നം/തീയതി | ബിൽ നം/തീയതി | പദ്ധതിയുടെ പേര് | നിക്ഷേപിച്ച തുക (രൂപ) |
|---|---|---|---|---|---|
| 1 | 104 | 114/22.03.2011 | 37/24.03.2011 | പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്രം | 1560000 |
| 2 | 99 | 113/22.03.2011 | 36/24.03.2011 | കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രം | 520000 |
| 3 | 102 | 112/22.03.2011 | 35/24.03.2011 | പരുന്തുംപാറ പ്രവേശന കവാടമൊരുക്കൽ | 250000 |
| 4 | 105 | 111/22.03.2011 | 34/24.03.2011 | സ്ളോട്ടർഹൗസ് അടിസ്ഥാന സൗകര്യമൊരുക്കൽ | 500000 |
| 5 | 106 | 110/22.03.2011 | 33/24.03.2011 | മാലിന്യ സംഭരണ സംവിധാനം നിർമ്മിക്കൽ | 250000 |

Local Fund Audit Department

| ക്രമ നം | പദ്ധതി നം | വൗച്ചർ നം/തീയതി | ബിൽ നം/തീയതി | പദ്ധതിയുടെ പേര് | നിക്ഷേപിച്ച തുക (രൂപ) |
|---|---|---|---|---|---|
| 6 | 109 | 109/22.03.2011 | 32/24.03.2011 | പരുന്തുംപാറ ഇൻഫർമേഷൻ - കം - വെയിറ്റിംഗ് ഷെഡ് | 200000 |
| 7 | 110 | 99/21.03.2011 | 30/21.03.2011 | മ്ളാമല - സുഗന്ധഗിരി റോഡ് പുനരുദ്ധാരണം | 184425 |
| 8 | 102 | 108/22.03.2011 | 31/24.03.2011 | വൃദ്ധസദന നിർമ്മാണം പൂർത്തീകരണം - അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ | 600000 |
| 9 | 115 | 115/22.03.2011 | 38/28.03.2011 | ശ്മശാന നിർമ്മാണം | 100000 |
| **ആകെ** | | | | | **5064425** |

മേൽ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചു എന്ന് നിർമ്മിതികേന്ദ്ര റീജിയണൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികളൊന്നും തന്നെ പൂർത്തീകരിച്ചില്ല എന്ന് കണ്ടെത്തി. ഓരോ പദ്ധതിയേയും സംബന്ധിച്ച് പരിശോധനയിൽ ബോധ്യപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. **പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്രം (പ്രോജക്ട് നം. 104)**
2. **കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രം (പ്രോജക്ട് നം. 99)**

പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്രത്തിനായി 2010-11 ൽ 15,60,000/- രൂപ ചെലവഴിച്ചത് കൂടാതെ 2011-12 ൽ 5,60,000/- രൂപയും 2012-13 ൽ 8,60,000/- രൂപയും ചെലവഴിച്ചു. കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രത്തിനായി 2010-11 ൽ 5,20,000/-രൂപ ചെലവഴിച്ചു. 2012-13 ൽ ഉൽപ്പന്ന വിപണന കേന്ദ്രത്തോടനുബന്ധിച്ച് വനിതാ കാർഷിക വിപണന കേന്ദ്രം നിർമ്മിക്കുന്നതിനായി 1,00,000/-രൂപയും വനിതാ തൊഴിൽ പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിനായി 3,00,000/-രൂപയും ചെലവഴിച്ചു. രണ്ട് പ്രോജക്ടുകളിലായി വിവിധ നിർമ്മാണങ്ങൾക്ക് ആകെ 39,00,000/- രൂപ ചെലവഴിച്ചെങ്കിലും ഏതാനും തൂണുകൾ വാർക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.



പണി പൂർത്തീകരിക്കാത്ത പട്ടികജാതി തൊഴിൽപരിശീലനകേന്ദ്രം

3. **പരുന്തുംപാറ പ്രവേശന കവാടമൊരുക്കൽ (പ്രോജക്ട് നം. 102)**

കമാനാകൃതിയിൽ കോൺക്രീറ്റ് തൂണും തുലാമും വാർത്തിട്ടുള്ളതല്ലാതെ തുടർ പ്രവർത്തികളൊന്നും ചെയ്തിട്ടില്ല. 2011-12 വർഷം ഇതേ പദ്ധതിയ്ക്കു 172000/- രൂപ നൽകിയിട്ടുണ്ട്. (പി. 30/2011-12). റവന്യൂ ഭൂമിയിൽ നടത്തിയിട്ടുള്ള ഈ നിർമ്മാണത്തിന് അനുവാദം ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല.

4. **സ്ലോട്ടർ ഹൗസ് അടിസ്ഥാനസൗകര്യമൊരുക്കൽ (പ്രോജക്ട് നം. 105)**

വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊന്നും സ്ലോട്ടർ ഹൗസിൽ ലഭ്യമല്ല. കെട്ടിടത്തിന് സംരക്ഷണ ഭിത്തി മാത്രം പുതുതായി നിർമ്മിച്ചിട്ടുണ്ട്.

5. **മാലിന്യ സംഭരണ സംവിധാനം നിർമ്മിക്കൽ (പ്രോജക്ട് നം. 106)**

കോൺക്രീറ്റ് കൊണ്ടുള്ള 206 മാലിന്യ സംഭരണ ടാങ്കുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

6. **പരുന്തുംപാറ ഇൻഫർമേഷൻ സെന്റർ കം വെയിറ്റിംഗ് ഷെഡ് (പ്രോജക്ട് നം. 109)**

ദേശീയപാതാ വികസനത്തിൽ നീക്കം ചെയ്യപ്പെടാൻ സാധ്യതയുള്ള ഒരു ചെറിയ ബങ്കും അതിനോട് ചേർന്ന് ഏകദേശം 50 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു വെയിറ്റിംഗ് ഷെഡും നിർമ്മിച്ചിരിക്കുന്നു. നിർമ്മാണം നടത്തിയിരിക്കുന്ന സ്ഥലത്തിൽ പഞ്ചായത്തിനുള്ള അവകാശത്തിന് രേഖയില്ല, നിർമ്മാണത്തിന്റെ മൂല്യ നിർണ്ണയം നടത്തിയിട്ടില്ല.

7. **വൃദ്ധസദനം നിർമ്മാണം-അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ (പ്രോജക്ട് നം. 102)**

വൃദ്ധസദനത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ

Local Fund Audit Department

ലഭ്യമാക്കിയിട്ടില്ല.ചുറ്റുമതിൽ നിർമ്മിച്ചിട്ടില്ല. 2012-13 ൽ അനുബന്ധസൗകര്യങ്ങൾ ഒരുക്കുന്നതിനായി 500000/- രൂപ നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയിരുന്നു. വൃദ്ധസദനം ഓഡിറ്റ് തീയതി വരെയും പൂർത്തിയായിട്ടില്ല.

8. **ശ്മശാന നിർമ്മാണം (പ്രോജക്ട് നം. 115)**

ചുറ്റുമതിൽ, ഗേറ്റ് എന്നിവ സ്ഥാപിക്കാൻ നിർദ്ദേശിച്ചിടത്ത് പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് 200 മീറ്റർ നീളം കോൺക്രീറ്റ് റോഡും (2 മീറ്റർ വീതിയിൽ) ഏകദേശം 60 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഷെഡും മാത്രം നിർമ്മിച്ചിരിക്കുന്നു.

നിർമ്മിതികേന്ദ്രത്തെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചുകൊണ്ടുള്ള സർക്കുലർ നം. 50198/പി1/97/ തസ്വഭവ/തീയതി 5.01.1998 പ്രകാരം കോസ്റ്റ് ഫോർഡ്, നിർമ്മിതി കേന്ദ്രം എന്നിവയുടെ ചെലവുകുറഞ്ഞ രീതികൾ ഉപയോഗിക്കുന്നതിനാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളത്. നിർമ്മിതി കേന്ദ്രയുടെ തനത് സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പ്രവൃത്തിയല്ല റോഡ് നിർമ്മാണം. വിശദമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കാതെയാണ്

ഓരോ പദ്ധതിക്കുമുള്ള മുഴുവൻ തുകയും മുൻകൂറായി നിർമ്മിതികേന്ദ്രയ്ക്ക് നൽകിയിട്ടുള്ളത്. ഇത് സർക്കാർ ഉത്തരവുകളുടേയും മാർഗ്ഗ രേഖകളുടേയും ലംഘനമാണ്. പൂർത്തീകരിക്കാത്ത പദ്ധതികൾ പൂർത്തീകരിച്ചു എന്ന് കാണിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളതിനാലും തുടർന്നും തുകകൾ നൽകിപ്പോരുന്നതിനാലും, നിർമ്മിതി കേന്ദ്രയുടെ പ്രവർത്തനം സമഗ്ര വിശകലനത്തിന് വിധേയമാക്കേണ്ടതാണ്.

ഈ ഖണ്ഡിക സമാഹൃത റിപ്പോർട്ടിലേയ്ക്ക് പരിഗണിക്കുന്ന വിവരം 07.04.2014 ലെ എൽ.എഫ്.ഐ 3/365/2014 നമ്പർ കത്തിലൂടെ പീരുമേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

**ഒറ്റപ്പാലം നഗരസഭ, പാലക്കാട് ജില്ല**

**ഓഡിറ്റ് റിപ്പോർട്ട് വർഷം 2011-12 ഖണ്ഡിക 3-1**

## 4.8. ടെണ്ടർ നടപടിയിലെ ക്രമക്കേട് - നഗരസഭയ്ക്ക് നഷ്ടം ₹ 4,44536/-

നഗരസഭ നടപ്പിലാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ടെണ്ടർ ലഭിച്ചതിൽ, എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 20% ത്തേക്കാൾ താഴ്ന്ന നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകളെല്ലാം കൗൺസിൽ നിരസിക്കുകയും റീ ടെണ്ടർ ചെയ്ത് എസ്റ്റിമേറ്റിനേക്കാൾ ഉയർന്ന നിരക്കുള്ള ഏക ടെണ്ടർ ലഭിച്ചിട്ടുള്ളത് സ്വീകരിച്ച് പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി നഗരസഭയ്ക്ക് 4,44,536/- രൂപയുടെ നഷ്ടം സംഭവിച്ചു.

പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാണ് മേൽ പ്രകാരമുള്ള ടെണ്ടറുകൾ നിരസിച്ചതെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നഗരസഭ അറിയിച്ചത്. ടെണ്ടർ ഷെഡ്യൂളിൽ രേഖപ്പെടുത്തിയ പ്രകാരം പ്രവൃത്തി നടത്തിയിട്ടുണ്ടെന്ന് എഞ്ചിനീയർ എം.ബുക്കിൽ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽ അനുവദിക്കുകയുള്ളൂ എന്നിരിക്കെ കുറഞ്ഞ നിരക്കു രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കുമ്പോൾ ഗുണനിലവാരം കുറയുമെന്ന വാദം സ്വീകാര്യമല്ല. എസ്റ്റിമേറ്റ് തുകയ്ക്കു മാത്രം സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭിച്ചതിനാൽ ആ തുക മാത്രം തൻ വർഷം പാസ്സാക്കുകയും അധിക തുക തുടർന്നുള്ള വർഷത്തിൽ പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് തുടർന്നുള്ള വർഷങ്ങളിലെ പ്രോജക്ട് കൂടി പരിഗണിക്കുമ്പോൾ നഷ്ടതുക വീണ്ടും വർദ്ധിക്കുന്നുണ്ട്. തൻ വർഷത്തെ നഷ്ടത്തിന്റെ (444536/- രൂപ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ഫയൽ നമ്പർ | അടങ്കൽ | ലഭിച്ച ടെണ്ടറുകളുടെ വിവരം | റീ ടെണ്ടർ നടത്തി അംഗീകരിച്ചതിന്റെ വിവരം | നൽകിയ തുക | ടെണ്ടർ നിരസിക്കാതിരുന്നെങ്കിൽ നൽകേണ്ട തുക | നഷ്ടം | ബിൽ നം/ തീയതി |
|---|---|---|---|---|---|---|---|---|
| 1 | കുണ്ടിൽ റോഡ് കോൺക്രീറ്റിംഗ് ഇ1-16835/11 | 1,36,000 പ്ലാൻ ഫണ്ട് | പി.സി. സുരേഷ് - 24.999% കുറവ് എ.പി. സുബയർ - 5.47% കുറവ് | കെ. ബാലകൃഷ്ണൻ 8% കൂടുതൽ | 136000 | 102001 (24.999% കുറവ്) പ്രവൃത്തിമൂല്യം - 136000 (ടെണ്ടർ എക്സസിനു വേണ്ടി) | 33999 | 61/11-12/ തീ. 12.3.12 |

Local Fund Audit Department

| ക്രമ നം | പ്രവൃത്തിയുടെ പേര്/ഫയൽ നമ്പർ | അടങ്കൽ | ലഭിച്ച ടെണ്ടറുകളുടെ വിവരം | റീ ടെണ്ടർ നടത്തി അംഗീകരിച്ചതിന്റെ വിവരം | നൽകിയ തുക | ടെണ്ടർനിരസിക്കാതിരുന്നെങ്കിൽ നൽകേണ്ട തുക | നഷ്ടം | ബിൽ നം/ തീയതി |
|---|---|---|---|---|---|---|---|---|
| 2 | മടിച്ചിക്കുന്ന് നടവഴി കോൺക്രീറ്റിംഗ് ഇ1-16834/11 | 360000 | പി.മോഹനൻ - 19.99% കുറവ് കെ.പ്രസാദ് - 14.99% കുറവ് വി.പി സന്തോഷ് - 24.999% കുറവ്. എ.ആർ. രവികുമാർ - 19.9999% കുറവ് | പി.മോഹനൻ 8% കൂടുതൽ | 350000 | 262503 (24.999% കുറവ്) പ്രവൃത്തി മൂല്യം - 350000 | 87497 | 36/11-12/ തീ. 9.2.12 |
| 3 | കമ്പനിപ്പടി റോഡ് മെറ്റലിംഗ് ഇ1-17004/11 | 367000 | പി.കെ. മുഹമ്മദാലി - 19.1% കുറവ് അബ്ദുൾ കബീർ - 3.2% കുറവ് എ.പി.അബൂബക്കർ - 13.6% കുറവ് എ.ആർ.രവികുമാർ - 18.5 % കുറവ് പി.ചന്ദ്രൻ - 24.6% കുറവ് | എ.ആർ. രവികുമാർ - 8% കൂടുതൽ | 367000 | 276718 (24.6% കുറവ്) | 90282 | 109/11-12 തീ. 31.3.12 |
| 4 | സെമാൽക്ക് റോഡ് ലക്ഷംവീട് റോഡ് ബൈലൈൻ കോൺ ക്രീറ്റിംഗ് ഇ1-16944/11 | 192000 | വി.പി.ഗോപലകൃഷ്ണൻ - 24.99 % കുറവ് എ.പി സുബയർ 5% കുറവ് എ.ആർ. രവികുമാർ - 19.999 % കുറവ്. പി. ചന്ദ്രൻ - 18.7 % കുറവ് | കെ.ഉണ്ണി കൃഷ്ണൻ 8 % കൂടുതൽ | 191055 | 132695 (പ്രവൃത്തി മൂല്യം - 176903 - 24.99 % 44208 കുറവ് .......... 132695) | 58360 | 52/11-12/തീ. 12.3.12 |
| 5 | അംഗൻവാടി റോഡ് കോൺക്രീറ്റിംഗ് തോട്ടക്കര ഇ1-16886/11 | 96000 | വി.പി സന്തോഷ് - 24.999 % കുറവ് കെ. ഉണ്ണി കൃഷ്ണൻ - 19.99 % കുറവ് പി. മോഹനൻ - 19.99 % കുറവ് | എ.ആർ. രവികുമാർ - 20 % കുറവ് | 76800 | 72001 (പ്രവൃത്തി മൂല്യം - 96000) | 4799 | 43/11-12 / തീ. 29.2.12 |

Local Fund Audit Department

| ക്രമ നം | പ്രവൃത്തിയുടെ പേര്/ഫയൽ നമ്പർ | അടങ്കൽ | ലഭിച്ച ടെണ്ടറുകളുടെ വിവരം | റീ ടെണ്ടർ നടത്തി അംഗീകരിച്ചതിന്റെ വിവരം | നൽകിയ തുക | ടെണ്ടർ നിരസിക്കാതിരുന്നെങ്കിൽ നൽകേണ്ട തുക | നഷ്ടം | ബിൽ നം/ തീ |
|---|---|---|---|---|---|---|---|---|
| 6 | മത്തക്കൽ നടവഴി കോൺക്രീറ്റിംഗ് ഇ1-16897/11 | 137000 | വി.പി. സന്തോഷ് - 24.999% കുറവ് എ.ആർ.രവികുമാർ - 19.999% കുറവ്. റ്റി.റീബൻ - 19.99% കുറവ്. കെ. ശ്രീക്കണ്ഠൻ - 9% കുറവ് | എം.കെ .പൗലോസ് 8% കൂടുതൽ | 137000 | 102751 | 34249 | 67/11-12 19.3.12 |
| 7 | ചാത്തൻ റോഡ് കോൺക്രീറ്റിംഗ് ഇ1-16894/11 | 260000 | കെ.റ്റി. മുഹമ്മദ് ബഷീർ - 3.29% കുറവ് എം.ടി അബ്ദുൾ കബീർ— 9.3% കുറവ് പി.സി. സുരേഷ് - 24.99% കുറവ് | പി.സി. സുരേഷ് 8% കൂടുതൽ | 260000 | 195026 | 64974 | 86/11-12 31.3.12 |
| 8 | മൈത്രീ ലൈൻ റോഡ് സോളിംഗ്, മെറ്റലിംഗ് & ടാറിംഗ് ഇ1-16861/11 | 403100 | കെ.ബാല കൃഷ്ണൻ-17.8 % കുറവ് വി.പി. സന്തോഷ് - 18.8% കുറവ് പി. ചന്ദ്രൻ - 22.2% കുറവ് | കെ.പ്രസാദ് - 8% അധികം | 317606 | 247230 (പ്രവൃത്തി മൂല്യം - 403100 ടെന്റർ 22.2% കുറവ് - 89488 (-) ടാർ വില - 46996 ടാർ അധിക വില - 17766 ബാരൽ വില - 1620 247230) | 70376 | 126/ 11-12 31.3.12 |
| | | | | | | **ആകെ** | **444536** | |

മേൽ പ്രവൃത്തികളിൽ, കുറഞ്ഞ നിരക്ക് നിരാകരിച്ചതുമൂലം നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായ നഗരസഭാ എഞ്ചിനീയറുടേയും കൗൺസിൽ അംഗങ്ങളുടേയും പേര് വിവരം ചുവടെ ചേർക്കുന്നു.

**ഉത്തരവാദികളുടെ പേരും വിലാസവും**

| **പേരും ഉദ്യോഗ പേരും** | **ഔദ്യോഗിക വിലാസം** | **സ്ഥിരം വിലാസം** |
|---|---|---|
| എം.കെ.സുഭാഷ് മുനിസിപ്പൽ എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, തൃത്താല ബ്ലോക്ക് പഞ്ചായത്ത്, കൂറ്റനാട്. പി.ഒ, പാലക്കാട് ജില്ല | മണ്ണാശ്ശേരി വീട്, കൊരട്ടി. പി.ഒ തൃശ്ശൂർ - 680 308 |
| **വാർഡ് മെമ്പർമാർ** | | |
| ടി.കെ.വിൻസെന്റ് | | ചാപ്രത്ത്, വരോട് പി.ഒ, ഒറ്റപ്പാലം, പിൻ. 679102 |
| ബി.സുജാത | | 3/319, ബ്രദേഴ്സ് കോളനി, വരോട്. പി.ഒ ഒറ്റപ്പാലം - 679 102 |

Local Fund Audit Department

| പേരും ഉദ്യോഗ പേരും | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| **വാർഡ് മെമ്പർമാർ** | | |
| അബ്ദുൾനാസർ. കെ | | കുന്നംകാട്ടിൽ വീട്, വരോട് പി.ഒ, ഒറ്റപ്പാലം |
| സി. ശ്രീകുമാർ | | കോമ്പള വീട് തോട്ടക്കര, പി.ഒ, ഒറ്റപ്പാലം |
| പ്രിയ | | മഠത്തൊടി വീട്, തോട്ടക്കര പി.ഒ, ഒറ്റപ്പാലം |
| സുജാത | | പനങ്ങാട്ടുവളപ്പിൽ, ഒറ്റപ്പാലം |
| കെ. കൃഷ്ണകുമാർ | | മനക്കംപ്പാട്ട്, വേങ്ങേരി ക്ഷേത്രത്തിനു സമീപം, ഒറ്റപ്പാലം - 679 101 |
| പി.എം. അബ്ദുൾജലീൽ | | പടിക്കമണ്ണിൽ ഹൗസ്, ഈസ്റ്റ് ഒറ്റപ്പാലം, ഒറ്റപ്പാലം |
| ഷെറീന സാലിഹ് | | ഷെറീന മൻസിൽ, പൂളക്കുണ്ട്, ഒറ്റപ്പാലം .പി.ഒ |
| കെ.രാജേഷ് | | കളത്തിൽ ഹൗസ് പാലപ്പുറം. പി.ഒ ഒറ്റപ്പാലം - 679 103 |
| ശശിധരൻ | | പടിഞ്ഞാർക്കര, പടിഞ്ഞാർക്കര വീട്, പാലപ്പുറം. പി.ഒ ഒറ്റപ്പാലം - 679 103 |
| ചിത്ര | | ചവതപറമ്പിൽ പാലപ്പുറം പി.ഒ ഒറ്റപ്പാലം - 679 103 |
| പാർവ്വതി | | മുതലിയാർ തെരുവ്, പാലപ്പുറം. പി.ഒ ഒറ്റപ്പാലം- 679 103 |
| ടി.കെ. ഉണ്ണികൃഷ്ണൻ | | തെക്കേക്കാട്ടിൽ, പാലപ്പുറം. പി.ഒ ഒറ്റപ്പാലം - 679 103 |
| എ.പി. ലത | | പുത്തൻപുരയ്ക്കൽ, പാലപ്പുറം. പി.ഒ, ഒറ്റപ്പാലം |
| രാമചന്ദ്രൻ | | നായർവീട്ടിൽപടി ഹൗസ്, പാലപ്പുറം. പി.ഒ. ഒറ്റപ്പാലം |
| എസ്. ഗംഗാധരൻ | | പുലവർ ഹൗസ് പാലപ്പുറം. പി.ഒ ഒറ്റപ്പാലം - 679 103 |
| സി. കുട്ടിശങ്കരൻ | | ചക്കിങ്ങൽ വീട്, മീറ്റ്ന, എസ്.ആർ.കെ.നഗർ (പി.ഒ) ഒറ്റപ്പാലം |
| ഗീത | | താഴത്തെനായർ വീട്ടിൽ, പാലപ്പുറം. പി.ഒ, ഒറ്റപ്പാലം |
| ജോസ് തോമസ് | | ഇടക്കളത്തൂർ ഹൗസ് എസ്.ആർ.കെ.നഗർ ഒറ്റപ്പാലം - 679103 |
| റാണി തോമസ് | | ഇടക്കളത്തൂർ ഹൗസ് എസ്.ആർ.കെ.നഗർ ഒറ്റപ്പാലം - 679103 |

Local Fund Audit Department

| | | |
|---|---|---|
| എസ്. ശെൽവൻ | | രാജ് നിവാസ്, തെന്നടി ബസാർ,ഒറ്റപ്പാലം - 679 101 |
| ഫാത്തിമ സുഹറ | | കുന്നത്ത് വീട്, ഈസ്റ്റ് ഒറ്റപ്പാലം, ഒറ്റപ്പാലം |
| സുബൈദ | | മൂച്ചിക്കൽ വീട്, ഒറ്റപ്പാലം. പി.ഒ |
| പാറുക്കുട്ടി | | എരാണ്ടത്ത് വീട്, പത്മാലയം കോംപ്ലക്സ് റോഡ്, ഒറ്റപ്പാലം |
| ബാബു. കെ | | തെന്നടി ബസാർ, ഒറ്റപ്പാലം |
| എം. മുരളി | | അണ്ണാൻകൊടി പറമ്പിൽ, കണ്ണിയാംപുറം, ഒറ്റപ്പാലം |
| ജാനകി ദേവി | | ശ്രീവിജയം, കണ്ണിയംപുറം. പി.ഒ ഒറ്റപ്പാലം 679104 |
| വനജ. പി | | സാരഥി, തോട്ടക്കര പി.ഒ ഒറ്റപ്പാലം - 679 102 |
| ബേബി വത്സല | | കാത്തുള്ളിപ്പറമ്പിൽ തോട്ടക്കര പി.ഒ ഒറ്റപ്പാലം - 679 102 |
| എ.കെ പ്രബല | | എഴുത്തച്ഛൻകളംപറമ്പിൽ പനമണ്ണ സൗത്ത്. പി.ഒ. ഒറ്റപ്പാലം |
| ജയാനന്ദൻ. ടി.ആർ | | തോട്ടശ്ശേരി, പനമണ്ണ സൗത്ത്. പി.ഒ ഒറ്റപ്പാലം - 679 501 |
| ഇ.കെ രാധാകൃഷ്ണൻ | | എടക്കാട്ടിൽ പനമണ്ണ സൗത്ത്. പി.ഒ ഒറ്റപ്പാലം |
| ലത | | മങ്ങാട്ട്, വരോട്. പി.ഒ, ഒറ്റപ്പാലം |
| വി.കെ. മോഹനൻ | | വടക്കേകേലത്ത്, വരോട് പി.ഒ. ഒറ്റപ്പാലം |

മേൽ ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് പരിഗണിക്കുന്ന വിവരം 22.04.2014 ലെ എൽ.എഫ്.പി4/ 140/2014 നം. കത്ത് പ്രകാരം ഒറ്റപ്പാലം നഗരസഭ സെക്രട്ടറിയെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

**അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് , മലപ്പുറം ജില്ല**

**ഓഡിറ്റ് റിപ്പോർട്ട് 2011-12, 2012-13 (ഖണ്ഡിക 3(2))**

## 4.9. ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതിയിൽ വ്യാപകമായ ക്രമക്കേടുകൾ

- **ഒരേ ഗുണഭോക്താക്കൾക്ക് രണ്ടുതവണ ആനുകൂല്യം നൽകിയതിലൂടെ 8,00,031/ രൂപയുടെ നഷ്ടം.**
- **ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് ഭരണസമിതി ശുപാർശചെയ്തതിലൂടെ 25,99,962/ രൂപ അനർഹർ കൈപ്പറ്റി.**
- **ഗ്രാമസഭയും, ഗ്രാമപഞ്ചായത്ത് ഭരണസമിതിയും അംഗീകരിക്കാതെ ഗുണഭോക്താക്കൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് ആനുകൂല്യം കൈപ്പറ്റിയതിലൂടെ 19,27,753 / രൂപ അനർഹർക്ക് ലഭിച്ചു.**
- **ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശുപാർശയില്ലാത്ത ബ്ലോക്ക് പഞ്ചായത്തിൽ നേരിട്ട് കരാർ ചമച്ച് ഗുണഭോക്താക്കൾക്ക് ക്രമപ്രകാരമല്ലാതെ ധനസഹായം നൽകിയത് 16,26,319/- രൂപ.**
- **ഗ്രാമപഞ്ചായത്ത് തീരുമാനമെന്ന പേരിൽ വ്യാജരേഖകൾ ഹാജരാക്കി 12,49,059/ രൂപയുടെ ആനുകൂല്യങ്ങൾ നേടിയെടുത്തു**

അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ ഇന്ദിരാ ആവാസ് യോജന പ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ നിന്നും ഭവനനിർമ്മാണാനുകൂല്യത്തിന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിക്കുകയും, വീടുകൾ നേരിട്ട് സന്ദർശിക്കുകയും ചെയ്തതിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തി. ചട്ടങ്ങളും, സർക്കാർ മാനദണ്ഡങ്ങളും മറികടന്ന് ആനുകൂല്യം നൽകിയതിലൂടെ ലക്ഷക്കണക്കിന് രൂപയുടെ ദുർവ്യയം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

**ഒരേ വ്യക്തികൾക്ക് രണ്ട് തവണ ആനുകൂല്യം നൽകി- 8,00,031/ രൂപ നഷ്ടം (ഖണ്ഡിക 3 (2 എ))**

കേന്ദ്രാവിഷ്കൃതപദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ഒരിക്കൽ ഭവനനിർമ്മാണാനുകൂല്യം കൈപ്പറ്റിയ



Local Fund Audit Department

ഗുണഭോക്താവിന് കേന്ദ്രാവിഷ്കൃത ഫണ്ട് വിനിയോഗിച്ച് വീണ്ടും ആനുകൂല്യം നൽകുവാൻ പാടില്ല. 10 വർഷങ്ങൾക്ക് ശേഷം മാത്രമേ ഇത്തരം ഗുണഭോക്താക്കൾക്ക് (വീട് വാസയോഗ്യമല്ല എങ്കിൽ) ഭവനനിർമ്മാണാനുകൂല്യം നൽകുവാൻ പാടുള്ളു എന്നും 17/12/2007 ലെ 57744/ഡി.എ.1/2007/തസ്വഭവ നമ്പർ സർക്കുലർ നിർദ്ദേശിക്കുന്നു.

എന്നാൽ കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ 2011-12, 2012-13 വർഷങ്ങളിൽ ഐ.എ.വൈ.പദ്ധതി ആനുകൂല്യം നേടിയവരുടെ രേഖകൾ പരിശോധിച്ചതിൽ, മുൻവർഷങ്ങളിൽ ഭവനനിർമ്മാണാനുകൂല്യത്തിന് അർഹരായവരും ആനുകൂല്യം കൈപ്പറ്റിയവരുമായ ഗുണഭോക്താക്കൾ 10 വർഷം തികയുന്നതിനു മുൻപ് വീണ്ടും ആനുകൂല്യം കൈപ്പറ്റിയതായി വ്യക്തമായി. ഈയിനത്തിൽ അനർഹമായി നൽകിയിട്ടുള്ളത് 8,00,031 / രൂപയാണ്. വിശദാംശങ്ങൾ **അനുബന്ധം 5 (എ)** യിൽ നൽകിയിരിക്കുന്നു. സർക്കാർ നിർദ്ദേശം മറികടന്ന് ഒരേ ഗുണഭോക്താക്കൾക്ക് 10 വർഷത്തിനുള്ളിൽ വീണ്ടും ഭവനനിർമ്മാണ ധനസഹായം നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈയിനത്തിൽ ചെലവായ തുക ഗുണഭോക്താക്കളുമായി കരാർ ചമച്ച കാലത്തെ വി.ഇ.ഒ., ഹൗസിങ് ഓഫീസർ, ബി.ഡി.ഒ.എന്നിവരിൽ നിന്നും ഈടാക്കണം.

**ഗ്രാമസഭ/ഗ്രാമപഞ്ചായത്ത് ഭരണസമിതി ശുപാർശ ചെയ്യാത്തവർക്ക് ആനുകൂല്യം നൽകി – 61.54 ലക്ഷം രൂപ നഷ്ടം (ഖണ്ഡിക 3 (2 ബി))**



അനുവദനീയമായതിലും കൂടുതൽ വലിപ്പത്തിൽ നിർമ്മിച്ച വീടുകളിലൊന്ന്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളിൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ഗുണഭോക്താക്കളെ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്ത് നൽകുക എന്നത് ഗ്രാമസഭകളുടെ അധികാരമാണെന്ന് കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 3എ(സി) യിൽ വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2/9/1998 ലെ ജി.ഒ.(പി) 189/98/തഭവ നമ്പർ ഉത്തരവിലും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നാണ് ബ്ലോക്ക് പഞ്ചായത്ത് വ്യക്തിഗതാനുകൂല്യങ്ങൾ അനുവദിക്കേണ്ടത് എന്ന് ഗുണഭോക്തൃ തെരഞ്ഞെടുപ്പു സംബന്ധിച്ച ജി.ഒ. (പി).181/98/സി.എ.ഡി.നമ്പർ ഉത്തരവിൽ (തീയതി 2/9/98) വ്യക്തമാക്കിയിട്ടുണ്ട്.

ഐ.എ.വൈ.പദ്ധതിപ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ നിന്നും 2011-12, 2012-13 വർഷങ്ങളിൽ ഭവനനിർമ്മാണത്തിന് കരാർ ചമച്ച് ആനുകൂല്യം നേടിയ ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ ഇനിപ്പറയുന്നവ ചട്ടവിരുദ്ധമായി നടന്നിട്ടുണ്ട്

(1) ചില ഗുണഭോക്താക്കളുടെ പേര് ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല

(2) ചില ഗുണഭോക്താക്കളുടെ പേര് ഗ്രാമസഭയും, പഞ്ചായത്ത് ഭരണസമിതിയും അംഗീകരിച്ചിട്ടില്ല

(3) ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് ഭരണസമിതി ശുപാർശ ചെയ്തിരിക്കുന്നു.

ഇത്തരത്തിൽ അനർഹമായി ആനുകൂല്യം കൈപ്പറ്റിയവരുടെ വിവരം **അനുബന്ധം (5 ബി , 5 സി, 5 ഡി )** യിൽ നൽകിയിട്ടുണ്ട്.

ഗ്രാമസഭയും, പഞ്ചായത്ത് ഭരണസമിതിയും അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിലൂടെ 19,27,753/ രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശുപാർശയില്ലാതെ ബ്ലോക്ക് പഞ്ചായത്തിൽ നേരിട്ട് കരാർ ചമച്ച ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണധനസഹായമായി നൽകിയ 16,26,319/ രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. മേൽ നഷ്ടങ്ങൾ ഗുണഭോക്താക്കൾ കരാർ ചമച്ച കാലത്തെ വി.ഇ.ഒ., ഹൗസിങ് ഓഫീസർ, ബി.ഡി.ഒ. എന്നിവരിൽ നിന്നും ആനുപാതികമായി ഈടാക്കണം. ഗ്രാമസഭകൾ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് ഭരണസമിതി തെറ്റായി ശുപാർശ ചെയ്തതിലൂടെ അനർഹർ ആനുകൂല്യം കൈപ്പറ്റാനിടയായി. ഇത്തരത്തിൽ നടന്ന 25,99,962/ രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഭരണസമിതിയുടെ തെറ്റായ തീരുമാനം മൂലമുള്ള നഷ്ടങ്ങൾക്ക് ഉദ്യോഗസ്ഥർക്ക് പുറമേ ഭരണസമിതി അംഗങ്ങളും ഉത്തരവാദികളാണെന്ന് 2007 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥൻമാരുമായുള്ള തൊഴിൽപരമായ ബന്ധവും, പെരുമാറ്റവും)

Local Fund Audit Department

ചട്ടം 7 (ഉപചട്ടം 2) വ്യക്തമാക്കുന്നു. ആയതിനാൽ മേൽനഷ്ടം കരാർ ചമച്ചപ്പോഴത്തെ കുഴിമണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വി.ഇ.ഒ., ഭരണസമിതി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കണം.

**വിസ്തൃതി മാനദണ്ഡം മറികടന്ന് വീടുകൾ നിർമ്മിച്ചു (ഖണ്ഡിക 3 (2 സി))**

സർക്കാർ മാനദണ്ഡപ്രകാരം, ഭവനനിർമ്മാണാനുകൂല്യം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ നിർമ്മിക്കുന്ന വീടുകൾ 30 എം$^2$ നും 60 എം$^2$ നും ഇടയിൽ വിസ്തൃതിയുള്ളതായിരിക്കണം. 2011-12, 2012-13 വർഷങ്ങളിൽ ഐ.എ.വൈ.പദ്ധതിപ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കപ്പെട്ട വീടുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ, പല വീടുകളും 60 എം$^2$ ൽ കൂടുതൽ വിസ്തൃതിയിലാണ് നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമായി. ഓഡിറ്റ് പരിശോധന നടത്തിയ 161 വീടുകളിൽ കൂടിയ വിസ്തൃതിയിൽ ഭവനനിർമ്മാണം നടത്തിയ ഗുണഭോക്താക്കളുടെ വിവരം അനുബന്ധം എ, ബി എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമേയുള്ളവ **അനുബന്ധം 5 (ഇ)** യായി നൽകിയിരിക്കുന്നു. വിസ്തൃതി മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച വലിയവീടുകൾക്ക് ധനസഹായം നൽകിയ ഇനത്തിൽ ചെലവഴിച്ച 26,92,360/ രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ വി.ഇ.ഒ.യിൽ നിന്നും ഈടാക്കണം ( വീട് നിർമ്മിച്ചപ്പോൾ വിസ്തൃതി നിശ്ചിതപരിധിയിൽ ആയിരുന്നുവെന്നും പിന്നീട് വലുപ്പം കൂട്ടി നിർമ്മിച്ചതാണ് എന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് വി.ഇ.ഒ.നൽകിയ മറുപടി. എന്നാൽ മേൽപ്പറയുന്ന വീടുകളുടെ പെർമിറ്റ് നേടിയതിന്റെയും, കംപ്ലീഷൻ പ്ലാനിന്റെയും രേഖകൾ ഹാജരാക്കാൻ വി.ഇ.ഒ. ക്ക് സാധിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ വീട് നിർമ്മിച്ചപ്പോൾ നിശ്ചിതപരിധിക്കുള്ളിലായിരുന്നുവെന്ന വാദം ഓഡിറ്റ് അംഗീകരിക്കുന്നില്ല).

**വാസയോഗ്യമായ വീടുള്ള വ്യക്തിക്ക് ഭവനനിർമ്മാണാനുകൂല്യം നൽകി (ഖണ്ഡിക 3 (2 ഡി))**

ഐ.എ.വൈ.പദ്ധതിപ്രകാരം 2012-13 ൽ ഭവനനിർമ്മാണാനുകൂല്യം ലഭിച്ച ശ്രീമതി പത്മാവതി W/O വേലു, കറുതൊടിയിൽ ഹൗസ് എന്നയാളുടെ വീട് 13-11-2013 ന് ഓഡിറ്റ് ടീം വി.ഇ.ഒ.യുടെ സാന്നിധ്യത്തിൽ നേരിട്ട് പരിശോധന നടത്തി. മേൽവ്യക്തിയുടെ നിലവിലുള്ള വീടിന്റെ ഒരു ഭാഗത്തെ മേൽക്കൂര മാത്രം മാറ്റി കോൺക്രീറ്റ് ചെയ്യുകയും, 21 എം$^2$ വിസ്തൃതിയിൽ പുതുതായി മുറികൾ നിർമ്മിക്കുകയുമാണ് ചെയ്തത് എന്ന് പരിശോധനയിൽ വ്യക്തമായി. ഗുണഭോക്താവിന് വാസയോഗ്യമായ ഓടിട്ട വീടുണ്ടായിരിക്കെയാണ് പുതിയ വീടിന് ധനസഹായം അനുവദിച്ചത്. മേൽ ഗുണഭോക്താവിന് വാസയോഗ്യമായ വീടില്ല എന്ന് വി.ഇ.ഒ. സാക്ഷ്യപ്പെടുത്തിയത് ചട്ടപ്രകാരമല്ല. ഈയിനത്തിൽ നാളിതുവരെ നൽകിയ തുകയായ 95,822/ രൂപ ഉത്തരവാദിയായ വി.ഇ.ഒ.യിൽ നിന്നും തിരികെ ഈടാക്കണം.

**ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എന്ന പേരിൽ വ്യാജരേഖ–**
**അനർഹർക്ക് ഭവനനിർമ്മാണ സഹായം ലഭിച്ചു (ഖണ്ഡിക 3 (2 ഇ))**

ഐ.എ.വൈ.പദ്ധതിക്കായി 2011-12, 2012-13 വർഷങ്ങളിൽ കുഴിമണ്ണ ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ബ്ലോക്ക് പഞ്ചായത്തിനു നൽകിയ രേഖകൾ പരിശോധിച്ചതിൽ ഭരണസമിതി അംഗീകരിക്കാത്ത ഗുണഭോക്താക്കളുടെ പേര് എഴുതിച്ചേർത്ത് വ്യാജമായി തയാറാക്കിയ തീരുമാനങ്ങൾ ഗ്രാമപഞ്ചായത്തിന്റെയും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും സീൽ പതിച്ച് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എന്നപേരിൽ തയാറാക്കിയ വ്യാജരേഖകളിലെ വിവരങ്ങൾ ഇനിപ്പറയുന്നു ;

(1) 4-2-11 ലെ 23(9) നമ്പർ തീരുമാനം : ഈ തീരുമാനപ്രകാരം 11-12 വർഷത്തെ ഐ.എ.വൈ. ഗുണഭോക്താക്കളായി ജനറൽ വിഭാഗത്തിൽ 19 പേരെയും, എസ്.സി.വിഭാഗത്തിൽ 9 പേരെയും ശുപാർശ ചെയ്തു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ മിനുട്ട്സ് പരിശോധിച്ചതിൽ 4-2-11 ന് ഭരണസമിതിയോഗം ചേർന്നിട്ടില്ല. തുടർന്ന്, 11-2-11 ന് ചേർന്ന ഭരണസമിതിയോഗവും ഇത്തരമൊരു തീരുമാനമെടുത്തിട്ടില്ല.

15-10-11 ലെ 88(5) നമ്പർ തീരുമാനം : ഈ നമ്പറിലുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ രണ്ട് തീരുമാനങ്ങളാണ് ബ്ലോക്ക് പഞ്ചായത്തിൽ നൽകിയിട്ടുള്ളത്. ഇതിൽ 11 ഗുണഭോക്താക്കളെ ശുപാർശചെയ്ത തീരുമാനം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇതേ നമ്പറിൽ, ഭവനനിർമ്മാണത്തിന് 32 ഗുണഭോക്താക്കളെയും, ഭവനപുനരുദ്ധാരണത്തിന് 10 ഗുണഭോക്താക്കളെയും ശുപാർശ ചെയ്തുകൊണ്ടുള്ള തീരുമാനം ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വ്യാജരേഖ പ്രകാരം ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള 9 ഗുണഭോക്താക്കൾ ബ്ലോക്ക് പഞ്ചായത്തിൽ കരാർവെച്ച് ഭവനനിർമ്മാണാനുകൂല്യം നേടിയിട്ടുണ്ട്. ഇവരുടെ വിവരം **അനുബന്ധം 5 എഫ്)** ആയി നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെയും, സെക്രട്ടറിയുടെയും ഔദ്യോഗികമുദ്ര ദുരുപയോഗം ചെയ്ത് 12,49,059/ രൂപ അനർഹർക്ക് നൽകിയതിനെപ്പറ്റി വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

Local Fund Audit Department

**ഗ്രാമസഭയുടെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം നൽകി (ഖണ്ഡിക 3 (2 എഫ്))**

ഐ.എ.വൈ.പ്രകാരം ഭവനനിർമ്മാണാനുകൂല്യം ലഭിച്ച കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ, ഗ്രാമസഭ ശുപാർശചെയ്ത മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം നൽകാൻ ഭരണസമിതി ശുപാർശ ചെയ്തതായി കാണുന്നു. ഗ്രാമസഭ അംഗീകരിച്ച് മുൻഗണനാക്രമത്തിൽ തയാറാക്കിയ ഗുണഭോക്തൃലിസ്റ്റുകളിൽ മാറ്റം വരുത്താൻ പാടില്ലായെന്നും ഒരു ഗുണഭോക്താവിന്റെ സ്ഥാനം മാറ്റണമെങ്കിൽ വീണ്ടും ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടണമെന്നും 8-3-04 ലെ 54017/ഡി.പി.1/03/തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ, ഗ്രാമസഭയുടെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം നൽകിയതിന്റെ ഏതാനും ഉദാഹരണങ്ങൾ **അനുബന്ധം 5 (ജി )** ആയി നൽകിയിരിക്കുന്നു. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

**നിർമ്മിക്കാത്ത വീടുകൾക്ക് പണംനൽകി (ഖണ്ഡിക 3 (2 ജി))**

2011-12, 2012-13 വർഷത്തിൽ ഐ.എ.വൈ. പദ്ധതിയിൽ കരാർ ഉടമ്പടി ചമച്ച് ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ നിർമ്മാണപ്രവൃത്തികൾ ഓഡിറ്റ് നേരിട്ട് പരിശോധിച്ചതിൽ, ചെയ്യാത്ത പ്രവൃത്തി പൂർത്തിയാക്കിയതായി വി.ഇ.ഒ. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് പണം നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

| ക്രമ നം | പേര്/വിലാസം | കരാർ നമ്പർ | കൈപ്പറ്റിയ തുക | കുറിപ്പ് |
|---|---|---|---|---|
| 1. | മൈമൂന മുതിരി<br>W/O മൊയ്തീൻഹാജി<br>വാർഡ് 9 | 58/12-13<br>11-6-12 | 1,19,400 | വാർക്കാനുള്ള സാമഗ്രികൾ സംഭരിച്ചു എന്നാണ് 3-10-13ന് വി.ഇ.ഒ നൽകിയ സാക്ഷ്യപത്രത്തിലുള്ളത്. എന്നാൽ 30-10-13 ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വീടിന്റെ തറ മാത്രമേ നിർമ്മിച്ചിട്ടുള്ളു എന്നു വ്യക്തമായി. |
| 2. | ശബ്ന കിഴക്കേപറമ്പൻ<br>D/O മുഹമ്മദ്<br>വാർഡ് 8 | 6/12-13<br>9-5-12 | 1,25,000 | വീടിന്റെ വാർപ്പ് പൂർത്തിയായി എന്ന് 7-3-13 ന് വി.ഇ.ഒ.സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. 13-11-13 ന് വി.ഇ.ഒ.യുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ പ്രസ്തുത വീട് കാണാനായില്ല. |

ഓഡിറ്റ് എൻക്വയറിക്ക് വി.ഇ.ഒ.25-11-2013 ന് നൽകിയ മറുപടിയിൽ വീടുപണി ആരംഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. തെറ്റായ സാക്ഷ്യപത്രം നൽകിയ വി.ഇ.ഒ.യുടെ നടപടി സർക്കാർ ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**തെറ്റായ സാക്ഷ്യപത്രം നൽകി (ഖണ്ഡിക 3 (2 എച്ച്))**

2011-12, 2012-13 ലെ ഭവനനിർമ്മാണപദ്ധതിയിൽ കരാർ വെച്ചവരിൽ 60 ഗുണഭോക്താക്കൾ ഗ്രാമസഭാംഗീകാരം/ഭരണസമിതി തീരുമാനം ഇല്ലാതെയാണ് ആനുകൂല്യം നേടിയത്. എന്നാൽ ഇവരുടെ അപേക്ഷകളിലെല്ലാം തന്നെ ഗുണഭോക്താവ് ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കപ്പെട്ട് ഭരണസമിതി അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നാണ് വി.ഇ.ഒ.സാക്ഷ്യപത്രം നൽകിയിരിക്കുന്നത്. തെറ്റായ സാക്ഷ്യപത്രം നൽകിയതിലൂടെ അനർഹരായവർക്ക് ആനുകൂല്യം ലഭിക്കാനിടയായി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**ഗ്രാമസഭ തെരഞ്ഞെടുക്കുന്നതിനു മുൻപ് ഗുണഭോക്താവിനെ**
**പഞ്ചായത്ത് ഭരണസമിതി ശുപാർശ ചെയ്തു (ഖണ്ഡിക 3 (2 ഐ)**

ഐ.എ.വൈ.പദ്ധതിപ്രകാരം ഭവനനിർമ്മാണാനുകൂല്യം ലഭിച്ച മൂന്ന് ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുക്കും മുൻപു തന്നെ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ കരാറും ചമച്ചു. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **അനുബന്ധം 5 (എച്ച്)** ആയി നൽകിയിരിക്കുന്നു. ഗ്രാമസഭാംഗീകാരം ലഭിക്കും മുൻപ് മേൽഗുണഭോക്താക്കൾ തെരഞ്ഞെടുക്കപ്പെട്ട് കരാറിലേർപ്പെട്ടത് എങ്ങിനെയെന്ന് വ്യക്തമല്ല.

ഖണ്ഡികയെ സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം 16-04-2014 ലെ എൽ.എഫ്./എം.19/2510/12 നമ്പർ കത്തിലൂടെ ലോക്കൽ ഫണ്ട് ഓഡിറ്റ് മലപ്പുറം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഇ-731/2014 നമ്പറായി 21-4-2014 ൽ നൽകിയ

Local Fund Audit Department

മറുപടി തൃപ്തികരമല്ല.

**വിവിധ ഖണ്ഡികകളിലെ നഷ്ടങ്ങൾക്ക് ഉത്തരവാദികൾ**

| ഖണ്ഡിക. നം. | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2 (എ) | 8,00,031 | 1) ശ്രീമതി.കെ.പി. മിനിമോൾ, എൽ.വി.ഇ.ഒ പുളിയക്കോട് - 432865 രൂപ |
| (ഖണ്ഡിക.3.2 (എ) പ്രകാരം ( ക്രമ 1,6 എന്നിവർ ആദ്യ തവണ ആനുകൂല്യം കൈപ്പറ്റിയത് ഗ്രാമ പഞ്ചായത്തിൽ നിന്നായതിനാൽ ടി യാളുകൾക്ക് വീണ്ടും സഹായം നല്കിയതു മൂലമുള്ള നഷ്ടത്തിന് ഉത്തരവാദി വി.ഇ.ഒ മാത്രമായും ബാക്കി 4 പേർക്ക് രണ്ട് തവണയും ബ്ലോക്കിൽ നിന്ന് സഹായം നല്കിയതിനാൽ നഷ്ടോത്തരവാദിത്തം വി.ഇ.ഒ , ഹൗസിംഗ് ഓഫീസർ, ബി.ഡി.ഒ എന്നിവർക്ക് തുല്യമായും വീതിച്ചു നല്കുകയാണ് ചെയ്തത്. | | 2) ശ്രീമതി.എസ്.രമാഭായി, ഹൗസിംഗ് ഓഫീസർ - 183583 രൂപ<br>3) ശ്രീ.എം.ജെ.ജോസ്, ബി.ഡി.ഒ - 183583 രൂപ |
| 3.2.ബി (1) | 1927753 | 1) ശ്രീമതി.കെ.പി.മിനിമോൾ, എൽ.വി.ഇ.ഒ പുളിയക്കോട് - 642585 രൂപ<br>2) ശ്രീമതി.എസ്.രമാഭായി, ഹൗസിംഗ് ഓഫീസർ - 635918 രൂപ<br>3) ശ്രീ.ജോസഫ് മാന്തോട്ടത്തിൽ, ഹൗസിംഗ് ഓഫീസർ (ഇൻ ചാർജ്) - 6666 രൂപ<br>4) ശ്രീ.അശോക് കുമാർ, ബി.ഡി.ഒ (ഇൻചാർജ്) - 59534 രൂപ<br>5) ശ്രീ.എം.ജെ.ജോസ് , ബി.ഡി.ഒ - 583050 രൂപ |
| 3.2.ബി(2) | 1626319 | 1) ശ്രീമതി.കെ.പി.മിനിമോൾ, എൽ.വി.ഇ.ഒ പുളിയക്കോട് - 542107 രൂപ<br>2) ശ്രീമതി.എസ്.രമാഭായി, ഹൗസിംഗ് ഓഫീസർ - 457741 രൂപ<br>3) ശ്രീ.ജോസഫ് മാന്തോട്ടത്തിൽ, ഹൗസിംഗ് ഓഫീസർ (ഇൻ ചാർജ്) - 84365 രൂപ<br>4) ശ്രീ.ഫ്രാൻസിസ് ചക്കനാത്ത് ,ബി.ഡി.ഒ- 92358 രൂപ<br>5) ശ്രീമതി.എസ്.രമാഭായി, ബി.ഡി.ഒ (ഇൻ ചാർജ്) - 48333 രൂപ<br>6) ശ്രീ.എം.ജെ.ജോസ്, ബി.ഡി.ഒ- 401415 രൂപ |
| 3.2 ബി(3) | 2599962 | 1) ശ്രീ.പി.സൈതലവി, സെക്രട്ടറി - 20980 രൂപ<br>2)ശ്രീ.എസ്.ഷൺമുഖപ്രസാദ്, സെക്രട്ടറി - 109250 രൂപ<br>3) ശ്രീമതി.കെ.പി.മിനിമോൾ, എൽ.വി.ഇ.ഒ- 130230 രൂപ<br>4) ശ്രീമതി.പെരുന്തായത്ത് ഫാത്തിമ സുഹ്റ, മെമ്പർ, വാർഡ്-1 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് - 130229 രൂപ<br>5) ശ്രീ.പാലാൻകുഴി കുഞ്ഞുണ്ണി, മെമ്പർ, വാർഡ്-2 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്- 130229 രൂപ<br>6) ശ്രീ.സി.പി.മൂസ്സക്കുട്ടി, മെമ്പർ, വാർഡ്-3 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് - 130229 രൂപ<br>7) ശ്രീമതി.നെല്ലിക്കുന്നത്ത് മറിയുമ്മ, മെമ്പർ, വാർഡ്-4 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് - 130229 രൂപ<br>8) ശ്രീമതി.സുഹറ ടീച്ചർ, മെമ്പർ, വാർഡ്-5 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് - 130229 രൂപ<br>9) ശ്രീമതി.രുഗ്മിണി.കെ.വി,മെമ്പർ, വാർഡ്-6 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് - 130229 രൂപ<br>10) ശ്രീ.പേവുങ്ങാട്ടിൽ അബ്ദുറഹ്മാൻ (മാനുട്ടി) മെമ്പർ,വാർഡ്-7,കുഴിമണ്ണ ഗ്രാമപഞ്ചായത്ത്-130229 രൂപ<br>11) ശ്രീ. മമ്മറക്കോട്ടിൽ ഉണ്ണിമോയിൻ, മെമ്പർ, വാർഡ്-8 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്- 130229 രൂപ<br>12) ശ്രീമതി.ഷൈലാ ഗഫൂർ, മെമ്പർ, വാർഡ്-9 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് - 130229 രൂപ |

Local Fund Audit Department

| | | |
|---|---|---|
| | | 13) ശ്രീ.വി. അബ്ദുൽ കരീം എന്ന ബാവ, മെമ്പർ, വാർഡ്-10 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് - 130229 രൂപ<br>14)ശ്രീ.അബ്ദുറസാഖ് ഹാജി കുന്നക്കാട്, മെമ്പർ, വാർഡ്- 11, കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് - 130229 രൂപ<br>15) ശ്രീ.പി.കെ.കുഞ്ഞിമ്മു എന്ന കുഞ്ഞാപ്പു മെമ്പർ, വാർഡ്-12, കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്-130229 രൂപ<br>16) ശ്രീ. അഡ്വ.വിബു വാളശ്ശേരി, മെമ്പർ, വാർഡ്- 13 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്- 130229 രൂപ<br>17) ശ്രീമതി.കെ.നസീറ, മെമ്പർ, വാർഡ്-14 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് - 130229 രൂപ<br>18) ശ്രീമതി. പറശ്ശീരി ആയിശാബി, മെമ്പർ, വാർഡ്-15 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് - 130229 രൂപ<br>19) ശ്രീമതി. തൈക്കുന്നത്ത് മിനി, മെമ്പർ, വാർഡ്-16 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് - 130229 രൂപ<br>20) ശ്രീമതി.കെ.രാധ, മെമ്പർ, വാർഡ്-17 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് - 130229 രൂപ<br>21) ശ്രീ. പറശ്ശീരി അലവി, മെമ്പർ, വാർഡ്-18 കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്- 125609 രൂപ ( 12.7.22 ൽ നടന്ന മീറ്റിംഗിൽ പങ്കെടുത്തിട്ടില്ല). |
| 3.2 (സി) | 2692360 | ശ്രീമതി.കെ.പി.മിനിമോൾ, എൽ.വി.ഇ.ഒ, പുളിയക്കോട് |
| 3.2 (ഡി) | 95822 | ശ്രീമതി.കെ.പി.മിനിമോൾ, എൽ.വി.ഇ.ഒ, പുളിയക്കോട് |
| 3.2 (ഇ) | 1249059 | വ്യാജരേഖ ചമച്ച് ആനുകൂല്യം നല്കിയത്. ഉത്തരവാദിയെ കണ്ടെത്താൻ അന്വേഷണം ആവശ്യമാണ്. |

**നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ:**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം പിൻകോഡ് സഹിതം |
|---|---|---|---|
| 1 | ശ്രീമതി.കെ.പി.മിനിമോൾ, എൽ.വി.ഇ.ഒ, പുളിയക്കോട് | എൽ.വി.ഇ.ഒ, പുളിയക്കോട് | കുറ്റിപ്പുളിയൻ ഹൗസ്, ചന്തക്കുന്ന്, നിലമ്പൂർ |
| 2 | ശ്രീമതി.എസ്.രമാഭായി, ഹൗസിംഗ് ഓഫീസർ | റിട്ടയേർഡ് | മഞ്ചാടിയിൽ ഹൗസ്, ഉമയനല്ലൂർ, കൊല്ലം |
| 3 | ശ്രീ.എം.ജെ.ജേസ്, ബി.ഡി.ഒ | ബി.ഡി.ഒ, അരീക്കോട് | മറ്റത്തിൽ ഹൗസ്,കൂടരഞ്ഞി, കോഴിക്കോട് ജില്ല. |
| 4 | ശ്രീ.ജോസഫ്, മാന്തോട്ടത്തിൽ | ജി.ഇ.ഒ, അരീക്കോട് | മാന്തോട്ടത്തിൽ ഹൗസ്, വാലില്ലാപുഴ (പി.ഒ) അരീക്കോട് വഴി മലപ്പുറം ജില്ല. |
| 5 | ശ്രീ.അശോക് കുമാർ, ബി.ഡി.ഒ (ഇൻചാർജ്) | ലഭ്യമല്ല. | എല്ലുവീട്ടിൽ ഹൗസ് കൂട്ടമംഗലം, കൊയിലാണ്ടി |
| 6 | ശ്രീ. ഫ്രൻസിസ് ചക്കനാത്ത്, ബി.ഡി.ഒ | ലഭ്യമല്ല | ചുങ്കത്തറ ഹൗസ്, കോടനാട് (പി.ഒ) പിൻ.673 577 |
| 7 | ശ്രീ.പി.സൈതലവി, സെക്രട്ടറി | സെക്രട്ടറി | കോൽക്കുളം ഹൗസ്, ചെങ്ങോട്ടൂർ (പി.ഒ) 676 503 |
| 8 | ശ്രീ.എസ്. ഷൺമുഖപ്രസാദ് | സെക്രട്ടറി | ചിന്നു ഹൗസ്, കാവുങ്ങൽ, മലപ്പുറം |
| 9 | ശ്രീമതി.പെരുന്തായത്ത് ഫാത്തിമ സുഹറ മെമ്പർ,വാർഡ്-1 | മെമ്പർ,വാർഡ്-1 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | പെരുന്തായത്ത് ഹൗസ്, കിഴിശ്ശേരി , കുഴിമണ്ണ. പി.ഒ |
| 10 | ശ്രീ.പാലാൻകുഴി കുഞ്ഞുണ്ണി, മെമ്പർ വാർഡ് -2 | മെമ്പർ വാർഡ് -2 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | പാലാൻകുഴിയിൽ ഹൗസ്, ആക്കപ്പറമ്പ് ,ആക്കപ്പറമ്പ്. പി.ഒ |

Local Fund Audit Department

| | | | |
|---|---|---|---|
| 11 | ശ്രീ.സി.പി.മൂസ്സക്കുട്ടി,<br>മെമ്പർ വാർഡ്- 3 | മെമ്പർ വാർഡ് -3 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | ചെറിയ പാറക്കൽ ഹൗസ്,<br>മുണ്ടംപറമ്പ് ,പുളിയക്കോട്.പി.ഒ |
| 12 | ശ്രീമതി.നെല്ലിക്കുന്നത്ത് മറിയുമ്മ,<br>മെമ്പർ, വാർഡ്- 4 | മെമ്പർ വാർഡ് -4 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | നെല്ലിക്കുന്നത്ത് ഹൗസ്,<br>മുണ്ടംപറമ്പ്,പുളിയക്കോട്.പി.ഒ |
| 13 | ശ്രീമതി.സുഹറ ടീച്ചർ,<br>മെമ്പർ, വാർഡ്-5 | മെമ്പർ വാർഡ് -5 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | പാലാംകുണ്ട് ഹൗസ്,<br>കടുങ്ങല്ലൂർ,പുളിയക്കോട്.പി.ഒ |
| 14 | ശ്രീമതി.രുഗ്മിണി.കെ.വി,<br>മെമ്പർ, വാർഡ്-6 | സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷ, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | കോവുള്ളിൽകാട്ടിൽ ഹൗസ്,<br>ആക്കപ്പറമ്പ്,ആക്കപ്പറമ്പ്. പി.ഒ |
| 15 | ശ്രീ.പേവുങ്ങാട്ടിൽ അബ്ദുറഹ്മാൻ<br>(മാനുട്ടി)<br>മെമ്പർ, വാർഡ് -7 | മെമ്പർ വാർഡ് -7 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | പേവുങ്ങാട്ടിൽ ഹൗസ്,<br>ആക്കപ്പറമ്പ്,ആക്കപ്പറമ്പ്. പി.ഒ |
| 16 | ശ്രീ.മമ്മറക്കോട്ടിൽ ഉണ്ണിമോയിൻ,<br>മെമ്പർ, വാർഡ്- 8 | മെമ്പർ വാർഡ് -8 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | മമ്മറക്കോട്ടിൽ ഹൗസ്,<br>ആക്കപ്പറമ്പ്,ആക്കപ്പറമ്പ്. പി.ഒ |
| 17 | ശ്രീമതി.ഷൈലാ ഗഫൂർ<br>മെമ്പർ, വാർഡ്- 9 | പ്രസിഡന്റ്, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | ടി.പി. ഹൗസ്, നീരുട്ടിക്കൽ, കുഴിമണ്ണ. പി.ഒ |
| 18 | ശ്രീ.വി.അബ്ദുൽ കരീം എന്ന ബാവ,<br>മെമ്പർ, വാർഡ്- 10 | മെമ്പർ വാർഡ് -10 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | പൊക്കണ്ണെളിൽ ഹൗസ്,<br>കുഴിമണ്ണ, കുഴിമണ്ണ. പി.ഒ |
| 19 | ശ്രീ.അബ്ദുറസാഖ് ഹാജി കുന്നക്കാട്<br>മെമ്പർ, വാർഡ്- 11 | സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻ, കുഴിമണ്ണ ഗ്രാമപഞ്ചായത്ത്. | കുന്നക്കാട് ഹൗസ്,<br>കുഴിയംപറമ്പ്, കുഴിമണ്ണ. പി.ഒ |
| 20 | ശ്രീ.പി.കെ.കുഞ്ഞിമ്മു<br>എന്ന കുഞ്ഞാപ്പു<br>മെമ്പർ, വാർഡ്- 12 | വൈസ് പ്രസിഡന്റ്, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | ചക്കാലകുന്നത്ത് ഹൗസ്,<br>കുഴിമണ്ണ, കുഴിമണ്ണ. പി.ഒ |
| 21 | ശ്രീ.അഡ്വ.വിഭു, വാളശ്ശേരി,<br>മെമ്പർ, വാർഡ്-13 | മെമ്പർ വാർഡ് -13 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | വാളശ്ശേരി ഹൗസ്,<br>കിഴിശ്ശേരി, കുഴിമണ്ണ. പി.ഒ |
| 22 | ശ്രീമതി. കെ.നസീറ,<br>മെമ്പർ, വാർഡ് - 14 | മെമ്പർ വാർഡ് -14 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | ഇട്ടിപ്പറമ്പ് ഹൗസ്,<br>എക്കാപറമ്പ്, കുഴിമണ്ണ. പി.ഒ |
| 23 | ശ്രീമതി.പറശ്ശീരി ആയിശാബി<br>മെമ്പർ, വാർഡ്- 15 | മെമ്പർ വാർഡ് -15 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | മങ്ങാട്ടിയിൽ ഹൗസ്,<br>ആലിൻചുവട്, കുഴിമണ്ണ. പി.ഒ |
| 24 | ശ്രീമതി.തൈക്കുന്നത്ത് മിനി<br>മെമ്പർ, വാർഡ് 16 | മെമ്പർ വാർഡ് -16 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | തൈക്കുന്നത്ത് ഹൗസ്,<br>ആലിൻചുവട്, കുഴിമണ്ണ. പി.ഒ |
| 25 | ശ്രീമതി.കെ.രാധ,<br>മെമ്പർ, വാർഡ്-17 | മെമ്പർ വാർഡ് -17 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | മൈലാമ്പ്ര ഹൗസ്,<br>മാങ്കാവ്, കുഴിമണ്ണ. പി.ഒ |
| 26 | ശ്രീ.പറശ്ശീരി അലവി,<br>മെമ്പർ, വാർഡ് 18 | മെമ്പർ വാർഡ് -18 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | അകത്തൂട്ട് ഹൗസ്, കുഴിഞ്ഞൊളം,<br>കുഴിമണ്ണ. പി.ഒ |

**കാസറഗോഡ് ജില്ലാ പഞ്ചായത്ത്**
**ഓഡിറ്റ് റിപ്പോർട്ട് വർഷം 2009-10 ഖണ്ഡിക 3.1**

## 4.10. ജില്ലാആശുപത്രിയിലെ മലിനജല സംസ്കരണ പ്ലാന്റ് പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചു - 4.65 ലക്ഷം രൂപയുടെ പാഴ്ചെലവ്

കാഞ്ഞങ്ങാട് പ്രവർത്തിക്കുന്ന ജില്ലാ അലോപ്പതി ആശുപത്രിയിൽ മലിന ജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയിൽ 2007-08, 2009-10 വർഷങ്ങളിലായി ആകെ 4.65 ലക്ഷം രൂപ ചെലവഴിച്ചിട്ടും പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചു.

ഈ പ്രവൃത്തിക്കായി തയ്യാറാക്കിയ 13,20,000/-രൂപയുടെ എസ്റ്റിമേറ്റിന്റെ സാങ്കേതികാനുമതിയിൽ, പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി വാങ്ങിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ അനുമതി ലഭ്യമാക്കുന്നതിന് മുമ്പ് തന്നെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. ഗ്രീൻ എർത്ത് എൻവയോൺമെന്റൽ സർവ്വീസസ്, പയ്യന്നൂർ എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിച്ചുകൊണ്ട് സമർപ്പിച്ച പ്രൊപ്പോസലിന്, വ്യവസ്ഥകൾക്ക് വിധേയമായ അനുമതിയാണ് മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയത് (കത്ത്. നം. പി.സി.ബി/എച്ച്.ഒ/ഇ ഇ1/ കെ.എസ്.ജി.ഡി/1926/02/07 തീയതി 29.02.08). മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്ക് അപേക്ഷിക്കുന്നതിന് 7 മാസം മുമ്പു തന്നെ (23.02.07 ൽ) കരാറുകാരന് സ്ഥലം കൈമാറി. ഈ ഘട്ടത്തിലാണ് നിലവിൽ കരാറുകാരൻ നിർമ്മിച്ച ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പാലിച്ചും പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധ്യമല്ല എന്ന് തിരിച്ചറിഞ്ഞത്.



Local Fund Audit Department

പ്രവൃത്തി ഉപേക്ഷിക്കാൻ 8.1.2009 ലെ 02 (3)/09-ാം നം പ്രമേയം പ്രകാരം ജില്ലാ പഞ്ചായത്ത് ഔപചാരികമായി തീരുമാനിച്ചു. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ടുപയോഗിച്ച് പ്ലാന്റ് നിർമ്മിക്കുവാൻ തീരുമാനിച്ചതിനാലാണ് നിലവിലെ പ്രവൃത്തി ഉപേക്ഷിക്കുന്നതെന്ന് പ്രമേയത്തിൽ പരാമർശിച്ചിരുന്നു. എന്നാൽ നാളിതുവരെ ഈ പ്ലാന്റും പ്രാവർത്തികമാക്കിയിട്ടില്ല. 4.65 ലക്ഷം രൂപ ചെലവിൽ ജില്ലാ അലോപ്പതി ആശുപത്രി പരിസരത്ത് നിർമ്മിച്ചിട്ടുള്ള ആസ്തികൾ ഉപയോഗപ്രദമല്ലാത്ത നിർമ്മിതികളായി തുടരുകയാണ്. ഓഡിറ്റ് അന്വേഷണത്തിന് (നം. 1/13.1.2012) നൽകിയ മറുപടിയിൽ എൻ.ആർ.എച്ച്.എം മുഖാന്തിരം ഈ പദ്ധതി ഏറ്റെടുക്കുവാൻ നിർവ്വാഹമില്ല എന്നും 2012-13 സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതിയിൽ നിലവിലെ നിർമ്മിതികൾ കൂടി ഉൾപ്പെടുത്തി പ്ലാന്റ് നിർമ്മിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിരുന്നു.

2012-13 വാർഷിക പദ്ധതിയിൽ ഈ പദ്ധതി ഉൾപ്പെടുത്തിയിരുന്നില്ല. 2013-14 വാർഷിക പദ്ധതിയിൽ ഈ പദ്ധതിയ്ക്ക് (പ്രൊജക്ട് നം. 211) 25 ലക്ഷം (ഇരുപത്തി അഞ്ച് ലക്ഷം) രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഇതിന്റെ നിർവ്വഹണ സമയത്ത് മലിനീകരണ പ്ലാന്റ് നിർമ്മാണത്തിനായി ചെയ്ത പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഓഡിറ്റ് റിപ്പോർട്ടിന് മറുപടിയായി അറിയിച്ചിരുന്നു.

എന്നാൽ നാളിതുവരെ മലിന ജല സംസ്കരണ പ്ലാന്റ് പദ്ധതി നടപ്പിലാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ 4.65 ലക്ഷം രൂപ പാഴായി.

ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശുപാർശ ചെയ്യുന്ന വിവരം കാസറഗോഡ് ജില്ലാ പഞ്ചായത്തിനെ അറിയിച്ചെങ്കിലും മറുപടി ലഭ്യമായില്ല.

| | | |
|---|---|---|
| ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | : | ശ്രീ. പി. വി. ഗോപാലകൃഷ്ണൻ<br>സെക്രട്ടറി (സർവ്വീസിൽ നിന്നും വിരമിച്ചു) |
| വിലാസം | : | ശ്രീപദം, അലാമിപള്ളി,<br>കാഞ്ഞങ്ങാട്, പി.ഒ |

**പൈവളികെ ഗ്രാമപഞ്ചായത്ത്, കാസറഗോഡ് ജില്ല**
**ഓഡിറ്റ് റിപ്പോർട്ട് വർഷം 2010-11 & 2011-12 (ഖണ്ഡിക 3.25)**

## 4.11. അംഗൻവാടികൾക്കുള്ള ഭക്ഷ്യ വസ്തുക്കളുടെ വിതരണത്തിൽ ക്രമക്കേട് - ഗ്രാമപഞ്ചായത്തിന് ഭീമമായ നഷ്ടം

ഗ്രാമപഞ്ചായത്തിൽ പൂരക പോഷകാഹാര പദ്ധതി നടത്തിപ്പിനായി 1.4.2010 മുതൽ 31.7.2013 വരെ പദ്ധതി ഫണ്ടിൽ നിന്നും 42,00,000 രൂപയും ബ്ലോക്ക് പഞ്ചായത്തു വിഹിതവും കേന്ദ്ര വിഹിതവും ഉൾപ്പെടെ 30,33,684/- രൂപയും നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ ചെലവഴിച്ചിട്ടുണ്ട്. വിദ്യാ നഗറിലുള്ള കാസർഗോഡ് ജില്ലാ ഡിസ്ട്രിക്ട് ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിൽ നിന്നും പൈവളികെ മാവേലിസ്റ്റോറിൽ നിന്നുമാണ് ഭക്ഷ്യ വസ്തുക്കൾ വാങ്ങിയിട്ടുള്ളത്. ന്യൂട്രിമിക്സ് വാങ്ങിയത് ഒഴിഞ്ഞവളപ്പ് ഓജസ് ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നുമാണ്. പദ്ധതി നടത്തിപ്പിനായി വാങ്ങിയ ധാന്യങ്ങളും മറ്റ് ഭക്ഷ്യവസ്തുക്കളും സ്റ്റോക്ക് രജിസ്റ്ററിൽ വരവ് കാണിക്കുകയും 35 അംഗൻവാടികൾക്കും അവ വിതരണം ചെയ്തതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ, അംഗൻവാടി വർക്കർമാരുടെ ക്രോഡീകരിച്ച ഫുഡ് സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പുമായി ഐ.സി.ഡി.എസ് സൂപ്പർ വൈസറുടെ സ്റ്റോക്ക് രജിസ്റ്റർ ഒത്തു നോക്കിയപ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം കാണിച്ചിട്ടുള്ള പല സാധനങ്ങളും യഥാർത്ഥത്തിൽ അംഗൻവാടികൾക്ക് ലഭ്യമായിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

1.4.2012 മുതൽ 31.7.2013 വരെയുള്ള സ്റ്റോക്ക് രജിസ്റ്റർ ഐ.സി.ഡി.എസ് സൂപ്പർവൈസർ പരിശോധനയ്ക്കായി ലഭ്യമാക്കിയിരുന്നില്ല. ആ കാലയളവിൽ സാധനങ്ങൾ വാങ്ങിയ ഇൻ വോയ്സ്, അംഗൻവാടി സെന്ററുകളിലെ ഫുഡ് സ്റ്റോക്ക് രജിസ്റ്ററുമായി ഒത്തുനോക്കിയാണ് വ്യത്യാസം ബോധ്യപ്പെട്ടത്. വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്യാത്തതു വഴി 2010-2011 മുതൽ പഞ്ചായത്തു ഫണ്ടിനുണ്ടായ നഷ്ടം അവയുടെ കടത്തു കൂലിയിനത്തിലുണ്ടായ നഷ്ടമുൾപ്പെടെ താഴെ ചേർക്കുന്നു.

| വർഷം | നഷ്ടം (രൂപ) |
|---|---|
| 2010-11 | 285470.40 |
| 2011-12 | 759472.00 |
| 2012-13 | 655907.04 |
| 1.4.2013 മുതൽ 31.7.2013 വരെ | 333078.97 |
| **ആകെ** | **2033928.41 (രൂപ)** |

നഷ്ടങ്ങളുടെ ഉദാഹരണങ്ങൾ **അനുബന്ധം 6(1) മുതൽ 6(4)** വരെ ചേർത്തിട്ടുണ്ട്.



Local Fund Audit Department

## II അംഗൻവാടികൾക്ക് ഫർണിച്ചർ, പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ മുതലായവ വാങ്ങിയതിലെ ക്രമക്കേട്

(1) 01.4.2010 മുതൽ 31.7.2013 വരെയുള്ള കാലയളവിൽ ഫർണിച്ചർ, പാത്രങ്ങൾ മുതലായവ വാങ്ങുന്നതിന് ₹ 928279 രൂപ പദ്ധതി ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

ഫയൽ, സ്റ്റോക്ക് രജിസ്റ്റർ മറ്റ് രേഖകൾ എന്നിവയുടെ പരിശോധനയിലും ഭൗതിക പരിശോധനയിലും ഐ.സി.ഡി.എസ്. സൂപ്പർ വൈസറുടെ രജിസ്റ്ററിൽ വരവ് കാണിച്ച് വിതരണം ചെയ്തിട്ടുള്ള സാധനങ്ങൾ 35 അംഗൻവാടികൾക്കും ലഭ്യമായിട്ടില്ല എന്ന് ബോധ്യപ്പെട്ടു. 7 അംഗൻവാടികളിലാണ് റാൻഡം പരിശോധന നടത്തിയത്. അംഗൻവാടികളിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററും ഐ.സി.ഡി.എസ് സൂപ്പർ വൈസറുടെ സ്റ്റോക്ക് രജിസ്റ്ററും താരതമ്യം ചെയ്തതിൽ ഗണ്യമായ അന്തരം കാണുകയുണ്ടായി.

(2) ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഒന്നിന് 999.82 രൂപ നിരക്കിൽ 68 ഫുഡ് കണ്ടെയ്നറുകൾ കാസറഗോഡ് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഹോൾസെയിൽ കൺസ്യൂമർ സ്റ്റോറിൽ നിന്ന് വാങ്ങിയതായും ആയവ 35 അംഗൻവാടികൾക്ക് 2 എണ്ണം വീതം വിതരണം ചെയ്തതായും കാണിച്ചിട്ടുണ്ട്. എന്നാൽ പരിശോധന നടത്തിയ 7 അംഗൻവാടികളുടേയും ആസ്തി രജിസ്റ്റർ പ്രകാരവും ഭൗതിക പരിശോധനയിലും പ്രസ്തുത അംഗൻവാടികൾക്ക് ഫുഡ് കണ്ടെയ്നറുകൾ ലഭ്യമായിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ തുടർ അന്വേഷണത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം ചെയ്തതായി കാണിച്ചിട്ടുള്ള ഫുഡ് കണ്ടെയ്നറുകൾ 35 അംഗൻവാടികൾക്കും നൽകിയിട്ടില്ല എന്ന് വ്യക്തമായി. ആയതിനാൽ ഫുഡ് കണ്ടെയ്നറുകൾക്കായി ചെലവഴിച്ച 67988/- രൂപ ഓഡിറ്റിൽ നിരാകരിച്ചു

(3) സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം കാണിച്ചിട്ടുള്ള വിലപിടിപ്പുള്ള പല സാധനങ്ങളും അംഗൻവാടികളിൽ ലഭ്യമായിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഉദാഹരണങ്ങൾ **അനുബന്ധം 6 (5)** ൽ ചേർത്തിട്ടുണ്ട്. 7 അംഗൻവാടികളിലെ ഭൗതിക പരിശോധനയിൽ ഈയിനത്തിൽ 20929/- രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.

1.4.2010 മുതൽ 31.7.2013 വരെ അംഗൻവാടികൾക്ക് വേണ്ടിയുള്ള സാധനങ്ങൾ വാങ്ങിയതിൽ ഭീമമായ നഷ്ടം പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. നഷ്ടത്തിന്റെ വ്യാപ്തി കണക്കാക്കുന്നതിന് വിശദമായ അന്വേഷണം ആവശ്യമാണ്.

(4) അംഗൻവാടികൾക്ക് വിതരണം ചെയ്തത് ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ

പദ്ധതികളുടെ നടത്തിപ്പിനായി വാങ്ങിയ കളിപ്പാട്ടങ്ങൾ, ഫർണിച്ചർ, പാത്രങ്ങൾ തുടങ്ങിയവയുടെ ഭൗതിക പരിശോധനയിൽ ആയവ ഗുണനിലവാരം തീരെ കുറഞ്ഞവയാണെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. ഉദാഹരണത്തിന് അംഗൻവാടികൾക്ക് വിതരണം ചെയ്ത 660 സ്റ്റീൽ പ്ലേറ്റുകൾക്ക് പ്ലേറ്റ് ഒന്നിന് 150/- രൂപയാണ് കാണിച്ചിരിക്കുന്നത്. (ബിൽ നം. 3153/18.3.2013, ശോഭാസ്, കാസർഗോഡ്) അന്വേഷണത്തിൽ അത്തരം പ്ലേറ്റുകൾക്ക് 40/- രൂപ മാത്രമാണ് വിലവരുന്നത് എന്ന് വ്യക്തമായി. കൂടാതെ ഗുണനിലവാരം കുറഞ്ഞ അത്തരം പാത്രങ്ങളിൽ ആഹാരം കഴിക്കുന്നത് കുട്ടികളുടെ ആരോഗ്യത്തിന് ഹാനികരവുമാണ്.

പ്ലാസ്റ്റിക് ബാറ്റ് & ബോൾ ഒരു സെറ്റിന് 60/- രൂപ നിരക്കിൽ 350 സെറ്റ് വാങ്ങി അംഗൻവാടികൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണനിലവാരം കുറഞ്ഞ അത്തരമൊരു സെറ്റിന് സാധ്യമായ പരമാവധി വില 20/- രൂപ മാത്രമാണ്.

അംഗൻവാടികൾക്ക് ഫർണിച്ചർ, പാത്രങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് 2010-11 വർഷം രണ്ട് വ്യത്യസ്ത പ്രോജക്ടുകളിലായി 1,88,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥ ചെലവഴിച്ചിട്ടുണ്ട്.

2011-12 വർഷം ഫർണിച്ചറുകൾ വാങ്ങുന്നതിനായി 583450/- രൂപയും 2012-13 വർഷം മൂന്ന് വ്യത്യസ്ത പ്രോജക്ടുകൾക്കായി 156829/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഒരേ ഇനം സാധനങ്ങളാണ് വ്യത്യസ്ത പ്രോജക്ടുകളിലായി വാങ്ങിയിട്ടുള്ളത്. ജി.ഒ (പി) നം. 259/10/എൽ.എസ്.ജി.ഡി തീയതി 8.11.2010 പ്രകാരമുള്ള പ്രൊക്വയർമെന്റ് മാന്വൽ അനുസരിച്ച് 1,00,000/- രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് വ്യാപകമായ പരസ്യം നൽകി ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ടെണ്ടർ നടപടികൾ ഒഴിവാക്കുവാൻ മനഃപൂർവ്വം ഭാഗികമായ വാങ്ങൽ നടത്തിയ ഐസി. ഡി.എസ് സൂപ്പർവൈസറുടെ നടപടി പ്രൊക്വയർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

മേൽ പരാമർശങ്ങൾക്ക് ഐ.സി.ഡി.എസ് സൂപ്പർ വൈസർ സമർപ്പിച്ച മറുപടി സ്വീകാര്യമല്ല. വാങ്ങലുകളിലുണ്ടായ യഥാർത്ഥ നഷ്ടം കണക്കാക്കുന്നതിന് വിശദമായ അന്വേഷണം ആവശ്യമാണ്.

ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശുപാർശ ചെയ്യുന്ന വിവരം അറിയിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക്

Local Fund Audit Department

കത്തു നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

ഉത്തരവാദിയായ ഉദ്യോഗസ്ഥ: ശ്രീമതി. ഗീത നായിക്ക്
ഐ.സി.ഡി.എസ്. സൂപ്പർവൈസർ
ഭൂതഗുഡി ഹൗസ്
വീരന്തവയൽ
കാസറഗോഡ് 671 121

**തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്**

**ഓഡിറ്റ് റിപ്പോർട്ട് വർഷം 2009-10, 2010-11 (ഖണ്ഡിക എ 15)**

## 4.12. കമ്പ്യൂട്ടറൈസേഷൻ — സോഫ്റ്റ് വെയർ ഇൻസ്റ്റലേഷനിൽ പാളിച്ച ; 26,42,860/- രൂപയുടെ പാഴ്ചെലവ്

തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ രജിസ്ട്രേഷൻ, അംശദായസ്വീകരണം, ആനുകൂല്യവിതരണം, തുടങ്ങിയ എല്ലാ ജോലികളും കാര്യക്ഷമമായും, കൃത്യമായും ചെയ്യുന്നതിലേക്കായി 13/08/2003 ലെ 47 (2) നമ്പർ യോഗതീരുമാനപ്രകാരം ചീഫ് ഓഫീസും, 8 ജില്ലാ ഓഫീസുകളും കമ്പ്യൂട്ടർവത്കരിക്കുവാനും സ്വന്തമായി ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കുവാനും തീരുമാനിച്ചു. ഇതനുസരിച്ച് 2003 ൽ നടത്തിയ, പഠനത്തിന്റെ അടിസ്ഥാനത്തിൽ സി-ഡാക് നിർമ്മിച്ച സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഹാർഡ് വെയറുകൾ, ഓപ്പറേറ്റിംഗ് സിസ്റ്റം എന്നിവ നൽകുന്നതിൽ ബോർഡിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായി.

ലിനക്സ് പ്ലാറ്റ്ഫോമിലുള്ള ഫെഡോറയിലാണ് സോഫ്റ്റ് വെയർ നിർമ്മിച്ചിട്ടുള്ളത്. എന്നാൽ ഫെഡോറ സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഹാർഡ് ഡിസ്ക്കുകളല്ല ബോർഡ് സ്ഥാപിച്ചത്.

സി-ഡാക് 21/08/2003 ൽ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പ്ലാറ്റ്ഫോം തയ്യാറാക്കി നൽകേണ്ടതും, ഹാർഡ് വെയർ, ആക്സസറീസ് തുടങ്ങിയവ വാങ്ങേണ്ടതും ബോർഡിന്റെ ചുമതലയാണ്. സി-ഡാക് കൺസൾട്ടൻസിയായി മാത്രം പ്രവർത്തിക്കുന്നതാണ്.

സി-ഡാക്കുമായി കരാറിൽ ഏർപ്പെട്ടപ്പോൾ ആന്വൽ മെയിന്റനൻസ് വ്യവസ്ഥ ഇല്ലാതിരുന്നതിനാൽ സോഫ്റ്റ് വെയർ അപ്ഡേഷൻ, മെയിന്റനൻസ് എന്നിവ നടക്കാതിരുന്നതും, ഫെഡോറ സപ്പോർട്ട് ചെയ്യുന്ന ഓപ്പറേറ്റിംഗ് സിസ്റ്റം നൽകണമെന്ന സി-ഡാക്ക് നിർദ്ദേശം ബോർഡ് പാലിക്കാതിരുന്നതും സോഫ്റ്റ് വെയറിന്റെ പെർഫോമൻസിനെ ബാധിച്ചു. നാളിതുവരെ പ്രസ്തുത സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സോഫ്റ്റ് വെയർ ഇൻസ്റ്റലേഷനായി 26,42,860/- രൂപ വിവിധ ഘട്ടങ്ങളിലായി സി-ഡാക്കിന് നൽകിയിട്ടുണ്ട്. വിവിധ തീയതികളിൽ തുക നൽകിയതിന്റെ വിവരം ചുവടെ.

| നമ്പർ | തീയതി | ചെക്ക് നമ്പർ | തുക (രൂപ) | |
|---|---|---|---|---|
| 01 | 13/04/04 | 074251 | 2,90,000 | 15,87,500/- രൂപ |
| 02 | 03/08/06 | 222900 | 2,17,500 | |
| 03 | 06/07/07 | 173203 | 2,00,000 | |
| 04 | 24/05/08 | 163981 | 80,000 | |
| 05 | 18/08/08 | 163982 | 1,00,000 | |
| 06 | 15/12/08 | 173369 | 3,00,000 | |
| 07 | 22/07/09 | 068882 | 1,00,000 | |
| 08 | 29/07/09 | 068891 | 1,00,000 | |
| 09 | 29/09/09 | 068908 | 2,00,000 | |
| 10 | 22/08/05 | 344852 | 61,410 | 10,55,360/- രൂപ |
| 11 | 07/03/07 | 162518 | 4,41,800 | |
| 12 | 28/01/08 | 155560 | 2,46,040 | |
| 13 | 29/09/09 | 068907 | 3,06,110 | |
| **ആകെ** | | | **26,42,860** | |

Local Fund Audit Department

ബോർഡിന്റെ കെടുകാര്യസ്ഥതമൂലം 26,42,860/- രൂപ പാഴായി. ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ (2004-2010) പേരുവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 01 | ശ്രീ. കെ രാജശേഖരൻ നായർ | (10-10-2001 മുതൽ 26-10-2005 FN വരെ) |
| 02 | ശ്രീ പി. എം. രഘുകുമാർ (സി.ഇ.ഒ യുടെ അധിക ചുമതല) | (26-10-2005 മുതൽ 31-03-2006 വരെ) |
| 03 | ശ്രീ. വി. എ അനിൽകുമാർ | (01-04-2006 മുതൽ 05-08-2006 വരെ) |
| 04 | ശ്രീ. എൻ. രാജൻപിള്ള | (06-08-2006 മുതൽ 20-04-2007 വരെ) |
| 05 | ശ്രീ. വി.എ അനിൽകുമാർ | (21-04-2007 മുതൽ 07-04-2008 FN വരെ) |
| 06 | ശ്രീ. അബ്ദുൾ നിസ്താർ | (07-04-2008 AN മുതൽ 17-05-2010 വരെ) |

(ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ മേൽവിലാസം ലഭ്യമാക്കിയിട്ടില്ല)

Local Fund Audit Department

Local Fund Audit Department

അദ്ധ്യായം – 5

# പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ



ജലസ്രോതസുകളുടെ സംരക്ഷണവും
കുടിവെള്ള പദ്ധതികളും



തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും
വിദ്യാഭ്യാസമേഖലയും



വികേന്ദ്രീകൃതാസൂത്രണവും,
വ്യവസായ/തൊഴിൽ സംരംഭങ്ങളും

Local Fund Audit Department

# 5.1. ജലസ്രോതസുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും



കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ പ്രധാന ജലസ്രോതസുകളിലൊന്നായ മാനാഞ്ചിറ

കുളങ്ങൾ, തോടുകൾ, നീരുറവകൾ, നദികൾ, കായലുകൾ തുടങ്ങിയ പരമ്പരാഗത ജലസ്രോതസുകളാൽ സമ്പന്നമാണ് കേരളം. എന്നാൽ ശുദ്ധജലസ്രോതസുകളെയും നീർത്തടങ്ങളെയും ഉചിതമായ വിധത്തിൽ പരിപാലിക്കുന്നതിൽ വന്നിട്ടുള്ള വീഴ്ചകൾമൂലം ശുദ്ധജല ലഭ്യത കുറഞ്ഞ ഒരു പ്രദേശമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി ജലസ്രോതസുകളുടെ സംരക്ഷണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയായി മാറിയിട്ടുണ്ട്. ഇതിനൊപ്പം ഓരോ പ്രദേശത്തിനും അനുയോജ്യമായ കുടിവെള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. ജലസ്രോതസുകളുടെ സംരക്ഷണത്തിലും കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്ന ഇടപെടലുകളുടെ വിശകലനമാണ് ഈ റിപ്പോർട്ട്.

Local Fund Audit Department

## ഉള്ളടക്കം


| വിവരണം | ഖണ്ഡിക | പേജ് |
|---|---|---|
| **വിഷയവിവരം** | | |
| ആമുഖം | 5.1.1 | 54 |
| ഓഡിറ്റ് അധികാരം | 5.1.2 | 55 |
| ഓഡിറ്റ് ലക്ഷ്യങ്ങൾ | 5.1.3 | 55 |
| ഓഡിറ്റ് മാനദണ്ഡങ്ങൾ | 5.1.4 | 55 |
| **ഓഡിറ്റ് കണ്ടെത്തലുകൾ** | 5.1.5 | 56 |
| ജലസ്രോതസുകളുടെ കൃത്യമായ വിവരങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇല്ല | 5.1.5.1 | 56 |
| ജലസ്രോതസുകൾ മാലിന്യക്കൂമ്പാരങ്ങളായി | 5.1.5.2 | 56 |
| ജലസ്രോതസുകളുടെ സംരക്ഷണം കാര്യക്ഷമമല്ല | 5.1.5.3 | 58 |
| മാതൃകാപരമായി സംരക്ഷിക്കപ്പെടുന്ന ജലസ്രോതസുകൾ | | 59 |
| ശുദ്ധജലം ജീവജലം പദ്ധതി കടലാസിലൊതുങ്ങി | | 60 |
| കയർഭൂവസ്ത്രം തീയിട്ട് നശിപ്പിച്ചു | | 60 |
| പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല | 5.1.5.4 | 61 |
| തണ്ണീർത്തടങ്ങൾ വ്യാപകമായി നികത്തപ്പെടുന്നു | 5.1.5.5 | 62 |
| ജലസ്രോതസുകളുടെ കയ്യേറ്റം തടയാൻ കാര്യക്ഷമമായ നടപടികളില്ല | 5.1.5.6 | 63 |
| മണ്ണ് /ജലസംരക്ഷണപ്രവർത്തനങ്ങൾ കാര്യക്ഷമമല്ല | 5.1.5.7 | 64 |
| മണ്ണ്/ജലസംരക്ഷണ പദ്ധതികൾക്ക് നീക്കിവെക്കുന്ന തുകകൾ പരിമിതം | | 65 |
| മഴവെള്ളസംഭരണികൾ പരാജയമായി | 5.1.5.8 | 66 |
| ഭൂഗർഭജലനിരപ്പ് താഴുന്നത് തടയാൻ തദ്ദേശസ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കുന്നില്ല | 5.1.5.9 | 68 |
| കുടിവെള്ളത്തിന്റെ ഗുണമേൻമ | 5.1.5.10 | 69 |
| തദ്ദേശസ്ഥാപനങ്ങളും കുടിവെള്ളവിതരണവും | 5.1.5.11 | 72 |
| പണിപൂർത്തിയാവാത്ത കുടിവെള്ളപദ്ധതികൾ | | 78 |
| കുടിവെള്ളവിതരണ രംഗത്തെ ബദിയടുക്ക മാതൃക | | 78 |
| കുടിവെള്ള/ശുചിത്വ വർക്കിങ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല | 5.1.5.12 | 80 |
| കുടിവെള്ളപദ്ധതികളുടെ നിർവ്വഹണം ഗുണഭോക്തൃസമിതികൾക്ക് കൈമാറിയില്ല | 5.1.5.13 | 81 |
| കുടിവെള്ളപദ്ധതികളുടെ ആസ്തിസംരക്ഷണം കാര്യക്ഷമമല്ല | 5.1.5.14 | 83 |
| ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തതുകകൾ വിനിയോഗിക്കപ്പെടാതെ ശേഷിക്കുന്നു | 5.1.5.15 | 84 |
| പൊതുടാപ്പുകളുടെ എണ്ണം സംയുക്തപരിശോധനയിലൂടെ തിട്ടപ്പെടുത്തുന്നില്ല | 5.1.5.16 | 85 |
| തദ്ദേശസ്ഥാപനങ്ങളിൽ നിന്നും വാട്ടർ അതോറിറ്റി ക്രമരഹിതമായി തുക ഈടാക്കുന്നു | 5.1.5.17 | 86 |
| വെള്ളക്കരം കുടിശ്ശിക അടവാക്കിയിട്ടും ഗ്രാന്റുകളിൽ നിന്നും തുക കുറവുചെയ്യുന്നു | | 86 |
| കുഴൽക്കിണർ നിർമ്മാണത്തിൽ ഫലപ്രദമായ നിയന്ത്രണസംവിധാനമില്ല | 5.1.5.18 | 88 |
| **നിഗമനങ്ങൾ** | 5.1.6 | 89 |
| **ശുപാർശകൾ** | 5.1.7 | 90 |


Local Fund Audit Department

## 5.1.1. ആമുഖം

ഒരു ജനതയുടെ നിലനിൽപ്പിനെ നിർണ്ണയിക്കുന്ന ഏറ്റവും പ്രധാന ഘടകങ്ങളിലൊന്നാണ് ശുദ്ധജലത്തിന്റെ ലഭ്യത. ശരിയായ ജലവിനിയോഗരീതികൾ ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ ലക്ഷണമാണ്. ശുദ്ധജലസ്രോതസുകളാൽ സമ്പന്നമാണ് കേരളം. ലോകശ്രദ്ധയാകർഷിച്ച കേരളമാതൃകാ വികസനത്തിന് നിദാനമായ പാരിസ്ഥിതിക ഘടകങ്ങളിൽ ഒന്നായിരുന്നു ഇവിടുത്തെ ജലലഭ്യത.

ജലസ്രോതസുകളുടെ സംരക്ഷണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ച ഒരു ജലക്ഷാമപ്രദേശമായി കേരളത്തെ മാറ്റിക്കൊണ്ടിരിക്കുന്നു. ശുദ്ധജലലഭ്യതയിൽ വരൾച്ചബാധിത സംസ്ഥാനങ്ങളായ ബീഹാർ, രാജസ്ഥാൻ എന്നിവയ്ക്കും താഴെയാണ് കേരളത്തിന്റെ ഇപ്പോഴത്തെ സ്ഥാനം. അനിയന്ത്രിതമായ മണൽവാരൽ കേരളത്തിലെ പുഴകൾക്ക് ചരമഗീതം കുറിച്ചുകൊണ്ടിരിക്കുകയാണ്. വൻതോതിൽ തണ്ണീർത്തടങ്ങളും, വയലുകളും നികത്തുന്നത് ഭൂഗർഭജലനിരപ്പ് അപകടകരമായ വിധത്തിൽ താഴുന്നതിന് കാരണമാകുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പൽ നിയമം എന്നിവ, ജലസ്രോതസുകളുടെ സംരക്ഷണത്തിനും, കുടിവെള്ള വിതരണത്തിനും സവിശേഷമായ അധികാരങ്ങളും, പ്രവർത്തനസ്വാതന്ത്ര്യവുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. പരമ്പരാഗത ജലസ്രോതസുകളുടെ സംരക്ഷണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട അനിവാര്യചുമതലകളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതും ശ്രദ്ധേയമാണ്. ജലസ്രോതസുകളുടെ പരിപാലനം, മെച്ചപ്പെടുത്തൽ, ഉപയോഗം എന്നിവ കൂടുതൽ ഫലപ്രദമായി നടത്താൻ തദ്ദേശസ്ഥാപനങ്ങളുടെ ഇടപെടലുകൾ സഹായകമായിട്ടുണ്ട്. അതുപോലെ തന്നെ സ്വന്തംനിലയിൽ കുടിവെള്ളപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനും ഒട്ടേറെ തദ്ദേശസ്ഥാപനങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

ജലസ്രോതസുകളുടെ സംരക്ഷണം, കുടിവെള്ളപദ്ധതികൾ എന്നീ മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള ഇടപെടലുകളും, പ്രവർത്തനങ്ങളും വിശദമായ പരിശോധനക്കു വിധേയമാക്കിയിരിക്കുകയാണ് ഈ പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ടിലൂടെ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ മേഖലകളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദമായ ഒരു പഠനവും, വിലയിരുത്തലും ഇദംപ്രഥമമായാണ് നടത്തപ്പെടുന്നത്. പരമ്പരാഗത കുടിവെള്ളസ്രോതസുകളുടെ സംരക്ഷണത്തിൽ എത്രത്തോളം കാര്യക്ഷമമായി തദ്ദേശസ്ഥാപനങ്ങൾ തങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങൾ നിറവേറ്റിയിട്ടുണ്ടെന്ന് ഈ റിപ്പോർട്ട് വിശദമായി പരിശോധിച്ചിട്ടുണ്ട്. കൂടാതെ ജലസ്രോതസുകൾ നേരിടുന്ന ഭീഷണികളും, തദ്ദേശസ്ഥാപനങ്ങൾ നടത്തിവരുന്ന ഗുണപരമായ ഇടപെലുകളും റിപ്പോർട്ട് തെളിവുകൾ സഹിതം പ്രതിപാദിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ പ്രാധാന്യമർഹിക്കുന്ന ജലവിതരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ഈ പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ആദ്യമൂന്നു പദ്ധതികളിലും (9,10,11 പദ്ധതികൾ), പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷവും (2012-13) ഈ മേഖലയിൽ തദ്ദേശസ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങളെയാണ് റിപ്പോർട്ടിൽ പരിശോധിച്ചിട്ടുള്ളത്. ജലസ്രോതസുകളുടെ സംരക്ഷണം, ജലവിതരണം എന്നീ മേഖലകളിൽ ഭാരതസർക്കാർ, കേരളസർക്കാർ എന്നിവ നടത്തിയിട്ടുള്ള പഠനങ്ങൾക്കു പുറമേ, സെസ്, കേന്ദ്രഭൂജലവകുപ്പ്, കേരള ഭൂഗർഭജലവകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിശദാംശങ്ങളും ഈ റിപ്പോർട്ടിലെ നിഗമനങ്ങൾക്ക് ഉപോത്ബലകമായിട്ടുണ്ട്.

**ജലസ്രോതസുകളുടെ സംരക്ഷണം, ജലവിതരണം എന്നീ മേഖലകളിൽ തദ്ദേശസ്ഥാപനങ്ങളുടെ ചുമതലകൾ**

**ഗ്രാമപഞ്ചായത്തുകൾ**

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം 166 -ാം വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക

പരമ്പരാഗത കുടിവെള്ളസ്രോതസുകൾ സംരക്ഷിക്കുക

കുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക

ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ജലമാർഗ്ഗങ്ങളും, കനാലുകളും പരിരക്ഷിക്കുക

ജലവിതരണപദ്ധതികളുടെ നടത്തിപ്പ്

ജലവിതരണപദ്ധതികളുടെ സംവിധാനപ്പെടുത്തൽ

**ജില്ലാപഞ്ചായത്ത്**

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം 173-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 5-ാം പട്ടിക

ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ജലവിതരണപദ്ധതികൾ നടപ്പാക്കുക

Local Fund Audit Department

ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ ഉൾക്കൊള്ളുന്ന ജലവിതരണപദ്ധതികൾ ഏറ്റെടുക്കുക

**മുനിസിപ്പാലിറ്റികൾ**

1994 ലെ കേരള മുനിസിപ്പൽ നിയമം 30-ാം വകുപ്പ് ഒന്നാം പട്ടിക

പരമ്പരാഗത കുടിവെള്ളസ്രോതസുകൾ സംരക്ഷിക്കുക

കുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക

മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക

മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽ ജലവിതരണപദ്ധതികൾ പരിപാലിക്കുക

മുനിസിപ്പാലിറ്റിക്കുള്ളിൽ ജലവിതരണപദ്ധതികൾ സംവിധാനപ്പെടുത്തുക

## 5.1.2. ഓഡിറ്റ് അധികാരം

1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം ഓഡിറ്റിന്റെ രീതി തീരുമാനിക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അധികാരമുണ്ട്. ഇനിപ്പറയുന്ന നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് അധികാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനാണ് ;

(1) 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്

(2) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 215 (3)-ാം വകുപ്പ്

(3) 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 295 (3)-ാം വകുപ്പ്

(4) 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും, ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ

(5) 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും, ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ

## 5.1.3. ഓഡിറ്റ് ലക്ഷ്യങ്ങൾ

1. ജലസ്രോതസുകൾ നിലനിർത്തുന്നതിലും, സംരക്ഷിക്കുന്നതിലും പ്രയോജനപ്പെടുത്തുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാണോ എന്ന് പരിശോധിക്കുക
2. നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യഥാവിധി നിറവേറ്റിയിട്ടുണ്ടോ എന്നുള്ള പരിശോധന.
3. കുടിവെള്ള പ്രശ്നം സംബന്ധിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾ പഠനങ്ങൾ നടത്തുകയും, കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുക.
4. ആസൂത്രണം, നിർവ്വഹണം എന്നിവയിലെ പിഴവുകളും, ജനപങ്കാളിത്തക്കുറവുംമൂലം കുടിവെള്ള പദ്ധതികൾ പരാജയപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുക.
5. കുടിവെള്ള പദ്ധതികളുടെ ആസ്തിസംരക്ഷണം തൃപ്തികരമാണോ എന്ന് വിലയിരുത്തുക.
6. തദ്ദേശഭരണസ്ഥാപനം നേരിട്ടു നടത്തുന്നതും, ഗുണഭോക്തൃ കമ്മിറ്റികൾ വഴി നടത്തുന്നതുമായ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം തൃപ്തികരമാണോ? മാതൃകാപരമായി പ്രവർത്തിക്കുന്ന പദ്ധതികൾ ഉണ്ടോ എന്നിവയുടെ പരിശോധന.
7. വേനൽക്കാലത്ത് കുടിവെള്ള വിതരണം നടത്തുന്നുണ്ടോ? ജലമലിനീകരണം, ജലചൂഷണം എന്നിവയുമായി ബന്ധപ്പെട്ട് പരാതികളുണ്ടോ? എന്നിവയെപ്പറ്റിയുള്ള പരിശോധനകൾ.

## 5.1.4. ഓഡിറ്റ് മാനദണ്ഡങ്ങൾ

ഇനിപ്പറയുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയിട്ടുള്ളത് ;

(1) 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 166-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക, 173-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 5-ാം പട്ടിക

(2) 1994 ലെ കേരള മുനിസിപ്പൽ നിയമത്തിലെ 30-ാം വകുപ്പിലെ 1-ാം പട്ടിക

(3) ജി.ഒ.(എം.എസ്) 128/2007 തസ്വഭവ 14-05-07 പ്രകാരമുള്ള 11-ാം പദ്ധതി മാർഗരേഖ

(4) ജി. ഒ.(എം.എസ്.) 183/2007 തസ്വഭവ 24-05-07 പ്രകാരമുള്ള 11-ാം പദ്ധതിയുടെ സബ്സിഡി മാർഗരേഖ

(5) ജി.ഒ.(എം.എസ്.) 225/2012 തസ്വഭവ 18-08-2012 പ്രകാരമുള്ള 12-ാം പദ്ധതി മാർഗരേഖ

(6) ജി.ഒ.(എം.എസ്) 248/2012 തസ്വഭവ 29-09-12 പ്രകാരമുള്ള 12-ാം പദ്ധതിയുടെ സബ്സിഡി മാർഗരേഖ

(7) ജലസ്രോതസുകളുടെ സംരക്ഷണം, കുടിവെള്ള പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ പുറത്തിറക്കിയിട്ടുള്ള വിവിധ ഉത്തരവുകൾ.

Local Fund Audit Department

# 5.1.5. ഓഡിറ്റ് കണ്ടെത്തലുകൾ

## 1. ജലസ്രോതസുകളുടെ കൃത്യമായ വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ല

**പല നഗരസഭകൾക്കും നീർത്തട മാസ്റ്റർ പ്ലാനില്ല**

കുളങ്ങൾ, തോടുകൾ, കിണറുകൾ, നീർത്തടങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന ജലസ്രോതസുകളുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. കേരളത്തിലെ ബഹുഭൂരിപക്ഷം തദ്ദേശസ്ഥാപനങ്ങളും നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും, അവയിലെ വിവരങ്ങൾ പൂർണ്ണമല്ല. ഗ്രാമപഞ്ചായത്തുകൾ എല്ലാം തന്നെ നീർത്തട മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പല നഗരസഭകളും ആയത് തയ്യാറാക്കിയിട്ടില്ല.

തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള പൊതുകുളങ്ങൾ, കിണറുകൾ എന്നിവയുടെ വിശദാംശങ്ങൾ തയ്യാറാക്കി ആസ്തി രജിസ്റ്ററിൽ ചേർക്കാൻ അധികൃതർക്ക് ഇതുവരെ സാധിച്ചിട്ടില്ല. കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന് നീർത്തടങ്ങളുടെ വിവരം വസ്തുതാപരമായി മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്താനായിട്ടില്ല. ആലപ്പുഴ, തിരുവല്ല, തൃശ്ശൂർ, കാസറഗോഡ്, ചിറ്റൂർ-തത്തമംഗലം നഗരസഭകൾ നാളിതുവരെയായി നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ല. ചങ്ങനാശ്ശേരി നഗരസഭയിൽ നീർത്തട മാസ്റ്റർ പ്ലാൻ ഇല്ല എന്നതിനു പുറമേ സ്വാഭാവിക ജലസ്രോതസുകളുടെ സ്ഥിതിവിവരക്കണക്കുകളും ലഭ്യമല്ല.

കൊച്ചി, കോട്ടയം നഗരസഭകളിൽ ജലസ്രോതസുകൾ നിരവധിയുണ്ടെങ്കിലും ഇവയുടെ വിശദാംശങ്ങൾ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ജലസ്രോതസുകളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. പഞ്ചായത്ത് പ്രദേശത്തുള്ള പൊതുകിണറുകൾ, തണ്ണീർത്തടങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ഒന്നും തന്നെ ഇതുവരെയായി ശേഖരിച്ചിട്ടില്ല.

**കയ്യേറ്റം നടക്കുന്ന കായൽ നീർത്തട മാസ്റ്റർ പ്ലാനിൽ ഇല്ല**

ശാസ്താംകോട്ട തടാകത്തിന്റെ പ്രധാന ജലസ്രോതസായ ചിറവൻകോട് കായൽ വ്യാപകമായി കയ്യേറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ നീർത്തട മാസ്റ്റർപ്ലാനിൽ പ്രസ്തുത കായലിന്റെ വിവരങ്ങൾ ഇല്ല. ഗ്രാമപഞ്ചായത്തിന്റെ നീർത്തടമാസ്റ്റർ പ്ലാനിൽ മുതുപിലാക്കാട് നീർത്തടത്തിന്റെ ഭാഗമായി 700 മീറ്റർ നീളവും, 2 മീറ്റർ വീതിയുമുള്ള പുഞ്ചക്കായൽ തോട് സർവ്വേ നമ്പർ 13/157 പ്രകാരം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പുഞ്ചക്കായൽ തോട് എന്നു പരാമർശിച്ചിട്ടുള്ളത് ചിറവൻകോട് കായൽ ആണെന്നും, ഇവിടം വ്യാപകമായി കയ്യേറി കരകൃഷി ചെയ്യുന്നതായും തദ്ദേശവാസികൾ അറിയിച്ചു. ഈയൊരു ഭാഗത്ത് വലിയൊരു പ്രദേശം കായൽ നികത്തി റബ്ബർ ഉൾപ്പെടെയുള്ളവ കൃഷി ചെയ്തിട്ടുള്ളതായി ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ചിറവൻകോട് കായൽ എന്നറിയപ്പെടുന്ന പ്രസ്തുത ജലാശയത്തിന്റെ വിവരങ്ങൾ നീർത്തട മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്താതെ കേവലം ഒരു തോടുമാത്രമായി രേഖപ്പെടുത്തിയിരിക്കുന്നത് കയ്യേറ്റങ്ങളെ സാധൂകരിക്കാൻ ഇടയാക്കും.

## 2. ജലസ്രോതസുകൾ മാലിന്യക്കൂമ്പാരങ്ങളായി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 218-ാം വകുപ്പുപ്രകാരം നദികൾ ഒഴികെ തദ്ദേശസ്ഥാപനത്തിന്റെ പരിധിയിലുള്ള എല്ലാ ജലസ്രോതസുകളും, ജലസംഭരണികളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. 2008 ലെ നീർത്തട സംരക്ഷണ

**ഓഡിറ്റിന്റെ രീതിയും വ്യാപ്തിയും**

കേരളത്തിലെ 68 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 9, 10, 11 പദ്ധതിക്കാലയളവുകളിലും പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷവും (2012-13) ജലസ്രോതസുകളുടെ സംരക്ഷണം, കുടിവെള്ള പദ്ധതികൾ എന്നീ മേഖലകളിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങളാണ് പഠനവിധേയമാക്കിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങളിൽ പ്രവർത്തനക്ഷമതാ പരിശോധന നടത്തിയത് 2013 ഡിസംബർ, 2014 ജനുവരി മാസങ്ങളിലായാണ്. തദ്ദേശഭരണസ്ഥാപനങ്ങളിലെ വിവിധ പദ്ധതികളുടെ ഫയൽ പരിശോധന, പദ്ധതി പ്രദേശങ്ങളിൽ നേരിട്ടുള്ള സ്ഥലസന്ദർശനം എന്നിവയ്ക്ക് പുറമേ, ഭൂഗർഭജലവകുപ്പ്, ജലനിധി, സെസ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിവരങ്ങൾ കൂടി ശേഖരിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. പഠനം നടത്തിയ സ്ഥാപനങ്ങളിൽ 45 ഗ്രാമപഞ്ചായത്തുകളും, 18 നഗരസഭകളും, 4 ജില്ലാപഞ്ചായത്തുകളും, 1 ബ്ലോക്ക് പഞ്ചായത്തും ഉൾപ്പെടുന്നു. ഓഡിറ്റിന് വിധേയമാക്കിയ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം (7) ആയി നൽകിയിരിക്കുന്നു. പ്രവർത്തനക്ഷമതാ പരിശോധന നടത്തിയ ഓരോ സ്ഥാപനത്തിലെയും റിപ്പോർട്ടുകൾ പ്രത്യേകം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയിൽ നിന്നുള്ള പ്രസക്തമായ ഭാഗങ്ങൾ ഉൾപ്പെടുത്തിയാണ് ഈ പ്രവർത്തനക്ഷമതാ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ, ദി ഇന്റർനാഷണൽ ഓർഗനൈസേഷൻ ഓഫ് സുപ്രീം ഓഡിറ്റ് ഇൻസ്റ്റിറ്റ്യൂഷൻസ് (ഇന്റോസായി) എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പിൻതുടർന്നാണ് പ്രവർത്തനക്ഷമതാ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

Local Fund Audit Department

നിയമം, കൂടുതൽ ഭൂമി കൃഷിയോഗ്യമാക്കുന്നത് സംബന്ധിച്ചുള്ള സർക്കാരിന്റെ 16.06.08 ലെ 38651/ഡി.എ.1/2008/തസ്വഭവ നമ്പർ സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം, തണ്ണീർത്തടങ്ങൾ സംരക്ഷിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. പൊതുകുളങ്ങളും, കിണറുകളും, തോടുകളും ശരിയായി സംരക്ഷിക്കപ്പെടുന്നില്ല എന്നു മാത്രമല്ല, ജലസ്രോതസുകൾ മലിനമാകുന്നത് തടയാൻ ക്രിയാത്മകമായ ഇടപെടലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുമില്ല. കേരളത്തിലെ സ്വാഭാവിക ജലസ്രോതസുകളിൽ ഏറിയപങ്കും മാലിന്യങ്ങൾ നിറഞ്ഞു കിടക്കുന്നു. ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

കൊല്ലം ജില്ലയിലെ തൃക്കടവൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന ജലസ്രോതസുകളിൽ മാലിന്യങ്ങൾ നിറഞ്ഞു കിടക്കുന്നു. നാലാം വാർഡിലുള്ള ഭൂതക്കാവ് കുളം പൊതുജനാരോഗ്യത്തിന് ഭീഷണിയാവും വിധം മലിനമാണ്. ചീഞ്ഞളിഞ്ഞ ജൈവമാലിന്യങ്ങൾ നിറഞ്ഞ ഈ കുളം ഏതാണ്ട് നികത്തിയ നിലയിലാണ്. പതിനൊന്നാം വാർഡിലെ (കോട്ടയ്ക്കകം) കാമ്പിയിൽകുളത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞു കിടക്കുന്നു. 21-ാം വാർഡിലുള്ള തെക്കേച്ചിറക്കുളവും പായൽ മൂടിക്കിടക്കുന്നു.


കാടുമൂടിയ താമരക്കുളം-കൊല്ലം കോർപ്പറേഷൻ

കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ പ്രധാന ജലസ്രോതസുകളിൽ ഒന്നായ താമരക്കുളം വൃത്തിയാക്കിയിട്ട് 20 വർഷത്തിലേറെയായി. നിലവിൽ പുല്ലുകൾ വളർന്ന് മൂടിയ നിലയിലാണ് കുളം. പുളിയത്ത്മുക്ക് പവർഹൗസ് ജംഗ്ഷനിലെ നായരുകുളം കുളവാഴകൾ നിറഞ്ഞനിലയിലാണ്.

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ മുൻവശത്തുള്ള കരിക്കനാൽ തോട് മുൻപ് ജലസേചനത്തിനായി ഉപയോഗിച്ചിരുന്നതാണ്. നിലവിൽ ഈ കനാൽ ശോചനീയാവസ്ഥയിലാണ്. മൂവാറ്റുപുഴയാറിൽ നിന്നും അനധികൃത മണൽഖനനവുമായി ബന്ധപ്പെട്ട് പോലീസ് പിടിച്ചെടുത്ത വള്ളങ്ങൾ കനാലിന്റെ പലഭാഗങ്ങളിലും കിടക്കുന്നത് നീരൊഴുക്ക് തടസ്സപ്പെടുത്തുന്നു. ചന്തയിലെ മാലിന്യങ്ങൾ തള്ളുന്നതിനാൽ ജലം മലിനമാണ്. പഴയകാലത്തെ പ്രധാന ജലഗതാഗതമാർഗ്ഗമായിരുന്ന ഗ്രാമപഞ്ചായത്തിലെ കുറുന്തറപ്പുഴ നിലവിൽ പായൽ മൂടിയ നിലയിലാണ്.

കോട്ടയം നഗരസഭയിൽ ചിങ്ങവനം മാർക്കറ്റിനടുത്ത് സ്ഥിതിചെയ്യുന്ന 40 അടിയോളം വീതിയുള്ള പുഴക്കരത്തോട് ജലസമൃദ്ധമാണെങ്കിലും ദുർഗന്ധം വമിക്കും വിധം മാലിന്യങ്ങൾ കുന്നുകൂടിയ നിലയിലാണ്. തോടിന്റെ ഓരത്തുള്ള ഫാക്ടറിയിലെ മാലിന്യങ്ങൾ ഇവിടേക്ക് തള്ളുന്നത് തടയാൻ നഗരസഭ നടപടിയെടുത്തിട്ടില്ല. ചങ്ങനാശ്ശേരി നഗരസഭയിലെ 16 പൊതുകുളങ്ങളിൽ ഭൂരിഭാഗവും ഉപയോഗയോഗ്യമല്ല. നഗരസഭയുടെ 35-ാം വാർഡിലുള്ള താമരക്കുളം ജലസമൃദ്ധമാണെങ്കിലും കളകൾ മൂടിക്കിടക്കുന്നു. മൂന്നാം വാർഡിലെ നരിക്കുളം ചെളിയും, മാലിന്യങ്ങളും നിറഞ്ഞ നിലയിലാണ്. 29-ാം വാർഡിലെ ചിത്രക്കുളം നവീകരിക്കാൻ 2012-13 ൽ നഗരസഭ 3,97,617/- രൂപ ചെലവഴിച്ചുവെങ്കിലും, നിലവിൽ കുളം പോളകൾ നിറഞ്ഞും, ചുറ്റുപാടും കാടു പിടിച്ചും കിടക്കുകയാണ്.


മലിനമായി കിടക്കുന്ന പേക്കാച്ചിക്കുളം-
നെല്ലായ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല

എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിലെ പ്രധാന ജലസ്രോതസാണ് 9-ാം വാർഡിലുള്ള വെളുത്തേടൻ ചിറ. വർഷങ്ങളായി ചിറ പരിപാലിക്കാനുള്ള യാതൊരു നടപടികളും ഇല്ലാത്തതിനാൽ കളകളും, പായലും, കാടും നിറഞ്ഞ് നാശോന്മുഖമാണ്. ജലഗതാഗതത്തിന് മുൻകാലത്ത് ഉപയോഗിച്ചിരുന്ന കൊച്ചി നഗരത്തിലെ കനാലുകൾ എല്ലാം തന്നെ നിലവിൽ മാലിന്യക്കൂമ്പാരങ്ങളായി മാറിയിരിക്കുന്നു. പെരുമ്പാവൂർ നഗരസഭയിലെ 150 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള പാലുകുളം മണ്ണടിഞ്ഞ് നികന്ന നിലയിലാണ്. നഗരസഭയിലെ ജലസമൃദ്ധമായ ആയിത്തറക്കുളം, പാങ്കുളം എന്നിവ പായൽ മൂടിക്കിടക്കുന്നു.

Local Fund Audit Department

**സാധ്യതാപഠനം നടത്താതെ ബോട്ട് ക്ലബ് തുടങ്ങി; കുളങ്ങൾ മലിനമായി**

തിരുവനന്തപുരം നഗരമധ്യത്തിലുള്ള കവടിയാറിലെ ടെന്നീസ് എൻക്ലേവ് കുളം, മുട്ടടയിലെ ആലപ്പുറം കുളം എന്നിവ 2008-09 വർഷത്തിൽ യഥാക്രമം 32 ലക്ഷം രൂപ, 45 ലക്ഷം രൂപ എന്നിങ്ങനെ ചെലവഴിച്ച് പാർക്കും, ബോട്ടിംഗ് ക്ലബുമായി നവീകരിക്കുകയുണ്ടായി. എന്നാൽ ഇരുകുളങ്ങളുടെയും വിസ്തീർണ്ണം ബോട്ടിംഗ് ക്ലബ് നടത്താൻ അനുയോജ്യമാണോ എന്നുള്ള സാധ്യതാപഠനം നടത്താതെ ധൃതിയിൽ പദ്ധതി നടപ്പാക്കുകയായിരുന്നു. ടൂറിസത്തിന് യാതൊരു സാധ്യതയുമില്ലാതെ ജനവാസകേന്ദ്രങ്ങളിൽ ആവിഷ്ക്കരിച്ച പദ്ധതി പൂർണ്ണമായി ആരംഭിക്കുന്നതിനു മുൻപ് തന്നെ അടച്ചുപൂട്ടി. നിലവിൽ, ബോട്ടുക്ലബ്ബുകൾക്കായി വാങ്ങിയ ബോട്ടുകൾ തുരുമ്പെടുത്തും, ജീർണ്ണിച്ചും ഈ കുളങ്ങളെ മലിനമാക്കിക്കൊണ്ടിരിക്കുന്നു.

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ പതിനൊന്നാം വാർഡിലെ തലക്കുളം, 9-ാം വാർഡിലെ പേക്കാച്ചിക്കുളം എന്നിവ മാലിന്യങ്ങൾ നിറഞ്ഞും പൊതുകുളം പോളമൂടിയ നിലയിലുമാണ്.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ തോടായ മരക്കാടി തോട് വശങ്ങൾ ഇടിഞ്ഞ്, പ്ലാസ്റ്റിക്കും, ഖരമാലിന്യങ്ങളും നിറഞ്ഞ് തോടിന്റെ ഒഴുക്ക് നിലച്ചിരിക്കുകയാണ്. മാവൂർ ഗ്രാമപഞ്ചായത്തിലെ പള്ളിയോൾക്കുളം, കീഴ്വാറ്റുകുളം എന്നിവ പായൽ നിറഞ്ഞ് ഉപയോഗശൂന്യങ്ങളാണ്. കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ പലതോടുകളും പാർശ്വഭിത്തികൾ ഇടിഞ്ഞ് കാടുമൂടിയ നിലയിലാണ്. വടകര നഗരസഭയിലെ കോട്ടക്കുളം വശങ്ങൾ ഇടിഞ്ഞ് മണ്ണ് നിറഞ്ഞും, പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇവിടേയ്ക്ക് തള്ളിയ നിലയിലുമാണ്. നഗരത്തിലെ ബമ്മിണിത്തോട്, കരിമ്പനത്തോട് എന്നിയും കോഴിക്കോട് കോർപ്പറേഷൻ പ്രദേശത്തെ താമരക്കുളം, ഗരുഡൻകുളം, ഇരട്ടച്ചിറ, മുണ്ടകൻ കുളം എന്നിവയും മലിനമായി ഉപയോഗിക്കാനാവാതെ കിടക്കുന്നു.

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിലെ ഏലിപ്രം തോട് അരികുകൾ ഇടിഞ്ഞ് നാശോന്മുഖമാണ്. 13-ാം വാർഡിലെ വലിയതോടും, 12-ാം വാർഡിലെ വിളക്കത്താംവയൽ തോടും മാലിന്യം നിറഞ്ഞ നിലയിലാണ്. പിണറായി ഗ്രാമപഞ്ചായത്തിന്റെ ഏഴാം വാർഡിലെ ചിറയിൽക്കുളം, മൂന്നാം വാർഡിലെ ചേരിക്കൽ കുളം എന്നിവ മലിനമാണ്. അഞ്ചാം വാർഡിലെ ഒതയോത്ത് കുളത്തിന്റെ മധ്യഭാഗത്ത് മണ്ണും, പായലും, മാലിന്യങ്ങളും കൂടിക്കിടക്കുന്നു. രണ്ടാം വാർഡിലെ കയ്യാടിക്കുളം കാടുമൂടിയ നിലയിലും പാറമ്മേൽ തോട്, കമ്പനിമെട്ട-വെങ്ങിലാട്ട് തോട് എന്നിവ മാലിന്യങ്ങൾ നിറഞ്ഞും കിടക്കുന്നു. ചെറുകുന്ന് ഗ്രാമപഞ്ചായത്തോഫീസിന് സമീപത്തെ മൂലക്കുളം മാലിന്യങ്ങൾ നിറഞ്ഞ് കാടുമൂടിക്കിടക്കുന്നു. ഗ്രാമപഞ്ചായത്തിലെ തോട്ടാത്തോട്, വലിയതോട്, ഒദയമ്മാടം തോട് എന്നിവ മാലിന്യങ്ങൾ നിറഞ്ഞുകിടക്കുകയാണ്.

**ജലസ്രോതസുകൾ നശിച്ചു ; കൃഷിയിടങ്ങൾ നിർജ്ജീവമായി**

തിരുവനന്തപുരം നഗരസഭാപ്രദേശത്തുള്ള കുളങ്ങളിലെ ജലസേചനസൗകര്യം പ്രയോജനപ്പെടുത്തി സമീപകാലം വരെ മികച്ചരീതിയിൽ നെൽകൃഷി നടന്നു വന്നിരുന്നു. എന്നാൽ നഗരവികസനമെന്ന പേരിൽ മിക്ക ജലസ്രോതസുകളും ചെളിക്കുളങ്ങളും, മാലിന്യവാഹികളും ആയി മാറിയതോടെ ഇവയോടനുബന്ധിച്ചുണ്ടായിരുന്ന കൃഷിയിടങ്ങളും നിർജ്ജീവമായി. ഉദാഹരണത്തിന്, നേമം മേഖലയിലെ ശിവൻകോവിൽ കുളം, പാറേക്കോട് കുളം, മടവിളാകം കുളം, കൊലകുടിയൂർക്കോണം കുളം എന്നിവ മാലിന്യങ്ങൾ നിറഞ്ഞ് നാശോന്മുഖമായതോടെ ഈ പ്രദേശത്തെ നെൽകൃഷി പൂർണ്ണമായി നിലച്ചിരിക്കുകയാണ്..

തലശ്ശേരി നഗരസഭയിലെ പ്രധാന ജലസ്രോതസുകളായ ചാമക്കുളം, വണ്ണത്താൻ കുളം എന്നിവ പായലും, ചെളിയും നിറഞ്ഞുകിടക്കുകയാണ്. കണ്ണൂർ നഗരസഭയിലെ പടന്നത്തോട്ടിൽ വെള്ളം കെട്ടിനിന്ന് കൊതുകുകളുടെ കേന്ദ്രമായി മാറിയിരിക്കുന്നു. ആസ്പത്രികൾ/ഹോട്ടലുകൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ ഇവിടേയ്ക്കാണ് തള്ളുന്നത്. ചൊവ്വാത്തോട്ടിലെ നീരൊഴുക്ക് പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും നിറഞ്ഞ് തടസ്സപ്പെട്ടിരിക്കുന്നു.

## 3. ജലസ്രോതസുകളുടെ സംരക്ഷണം കാര്യക്ഷമമല്ല

കുളങ്ങൾ, ചിറകൾ, തോടുകൾ, നീരുറവകൾ എന്നിവ ഉൾപ്പെടുന്ന സ്വഭാവിക ജലസ്രോതസുകളുടെ സംരക്ഷണം കാര്യക്ഷമമായി നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കഴിയുന്നില്ല. അതുകൊണ്ട് തന്നെ ഇവിടേക്കുള്ള മാലിന്യങ്ങളുടെ തള്ളലും, കയ്യേറ്റവും തടയാൻ കഴിയാതെയും വരുന്നു. ജലസ്രോതസുകളുടെ സംരക്ഷണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വീഴ്ചവരുത്തിയതിന്റെ പല ഉദാഹരണങ്ങളുമുണ്ട്.


പൂർണ്ണമായും നികത്തപ്പെട്ട ചേന്നംകുളം–
ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല

Local Fund Audit Department

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ ആറാം വാർഡിലുള്ള ചേന്നംകുളം ദീർഘകാലമായി സംരക്ഷിക്കപ്പെടാതെ നീരുറവകൾ മണ്ണുമൂടി അടഞ്ഞ നിലയിലാണ്. ഗ്രാമപഞ്ചായത്തിന്റെ പതിനാലാം വാർഡിലെ ചിറ്റിലംപാട്ചിറ മണ്ണും ചെളിയും നിറഞ്ഞ് നികന്നിരിക്കുന്നു. ചിറയോട് ചേർന്ന പുറമ്പോക്ക് ഭൂമി കയ്യേറ്റം ചെയ്യപ്പെട്ടിരിക്കുകയാണ്. ചിറയിൽ നിന്നുള്ള കൈത്തോട് മണ്ണ് മൂടി നികന്നിട്ടുണ്ട്.



കുളവാഴകൾ നിറഞ്ഞ് ഉപയോഗശൂന്യമായ ചെട്ട്യാർകുളം - കണ്ണൂർ നഗരസഭ

ആലപ്പുഴ ജില്ലയിലെ താമരക്കുളം ഗ്രാമപഞ്ചായത്തിലെ 100 ഏക്കറോളം വിസ്തൃതിയുള്ള വയ്യങ്കരച്ചിറ, വെൺമണി ഗ്രാമപഞ്ചായത്തിലെ 15 ഏക്കറോളം വരുന്ന കുതിരവട്ടം ചിറ എന്നിവ വേണ്ട രീതിയിൽ സംരക്ഷണം കിട്ടാതെ ശോഷിച്ചുകൊണ്ടിരിക്കുകയാണ്.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ പ്രധാന ജലസ്രോതസാണ് 110 സെന്റോളം വിസ്തൃതിയുള്ള നരിക്കിലാപ്പുഴ. ഇവിടത്തെ ചെളി നീക്കാത്തതിനാൽ സമീപത്തുള്ള കണ്ണോത്ത്കുന്ന്, ചേർമല നടുക്കണ്ടി മീത്തൽ എന്നീ കുടിവെള്ള പദ്ധതികളുടെ കിണറുകളിലെ വെള്ളം ഉപയോഗശൂന്യമായി. ഇതിനെതിരെ ചേർമല നടുക്കണ്ടി കോളനി നിവാസികൾ സമരം നടത്തിയെങ്കിലും പ്രശ്നപരിഹാരമായില്ല.

കണ്ണൂർ നഗരസഭയിലെ ജലസ്രോതസുകൾ ഒന്നും തന്നെ മാതൃകാപരമായി സംരക്ഷിക്കപ്പെടുന്നില്ല. നഗരസഭയിലെ പ്രധാന കുളങ്ങളായ ചെട്ട്യാർകുളം, ഒറ്റക്കണ്ണൻ - ഇരട്ടക്കണ്ണൻ പാലത്തിന്റെ ഇടയിലെ താവ എന്നിവ ജലസമൃദ്ധമാണെങ്കിലും കുളവാഴ നിറഞ്ഞുകിടക്കുന്നു. നഗരസഭയിലെ ആനക്കുളവും നാശോന്മുഖമാണ്.

**മാതൃകാപരമായി സംരക്ഷിക്കപ്പെടുന്ന ജലസ്രോതസുകൾ**

കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ പരിധിക്കുള്ളിലെ ഭൂരിപക്ഷം ജലസ്രോതസുകളും വേണ്ട രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ലെങ്കിലും, മാതൃകാപരമായി സംരക്ഷിക്കപ്പെടുന്ന ജലസ്രോതസുകളുമുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ ഊർജ്ജിതമായ ഇടപെടൽ ജലസ്രോതസുകളുടെ സംരക്ഷണത്തിലും പുനരുജ്ജീവനത്തിലും പരമപ്രധാനമാണെന്നത് ഇത് വ്യക്തമാക്കുന്നു.

തിരുവനന്തപുരം നഗരസഭയിലെ ശ്രീവരാഹം ക്ഷേത്രക്കുളം, ഋഷിമംഗലം ക്ഷേത്രക്കുളം, മരുതംകുഴിയിലെ കോണത്തുകുളങ്ങരക്കുളം, തിരുമലയിലെ ഈഴംവിളകുളം, പാറോട്ടുകോണത്തെ തിലക്നഗർ എൻ.സി.സി.കുളം എന്നിവ മികച്ച നിലയിൽ പരിപാലിക്കപ്പെടുന്നവയാണ്. കൊല്ലം നഗരസഭാപരിധിയിൽ മാതൃകാപരമായി സംരക്ഷിക്കപ്പെട്ടുവരുന്നതാണ് അമൃതകുളം. മുണ്ടയ്ക്കലുള്ള ഈ കുളത്തിന് ചുറ്റും ടൈൽസ് പാകി പാർക്ക് ആക്കി മാറ്റിയിട്ടുണ്ട്.

തൃശ്ശൂർ നഗരസഭയിലെ പല കുളങ്ങളും നവീകരിച്ച് മാതൃകാപരമായി സംരക്ഷിക്കുന്നുണ്ട്. 2005 - 06 മുതൽ വിവിധ പദ്ധതികളിലായി 18 കുളങ്ങൾ നവീകരിച്ച് പരിപാലിക്കുന്നുണ്ട്. 5 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ നിലവിൽ നടന്നുവരുന്നു.

**മാതൃകയാവുന്ന പുനർജനി പദ്ധതി**

കോട്ടയം ജില്ലയിലെ പ്രധാന ജലസ്രോതസായ മീനച്ചിലാർ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. പുഴയെ വീണ്ടെടുക്കാനായി കോട്ടയം നഗരസഭയുടെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനമാണ് പുനർജനി. കോട്ടയം ജില്ലയിലെ 22 ഗ്രാമപഞ്ചായത്തുകളിലും, കോട്ടയം , പാല നഗരസഭകളിലുമായി ഒരേ സമയത്ത് നടക്കുന്ന പ്രവർത്തനമാണിത്. ജനകീയ കൂട്ടായ്കൾക്കു പുറമേ, സാമൂഹിക - സാംസ്ക്കാരിക സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജനസംഘടനകൾ എന്നിവയും പദ്ധതിയിൽ സജീവമായി പങ്കുചേർന്നിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി നദിയും, തോടുകളും, കൈത്തോടുകളും വൃത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. നദീതീര സംരക്ഷണത്തിനായി മുള, മരുത്, നീർമരുത്, ആറ്റുവഞ്ചി, കണ്ടൽ എന്നിവ നട്ടുപിടിപ്പിക്കുന്നു. ആയിരക്കണക്കിന് മത്സ്യക്കുഞ്ഞുങ്ങളെയും നദിയിൽ നിക്ഷേപിച്ചിട്ടുണ്ട്. നദിയിലെ ആഫ്രിക്കൻ പായൽ മാറ്റി ശുദ്ധിയാക്കാനുള്ള തുടർനടപടികളുമുണ്ട്.

Local Fund Audit Department

**നഗര ജൈവവൈവിധ സംരക്ഷണ പദ്ധതി**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പാക്കുന്ന നൂതനാശയ പരിപാടിയാണ് നഗര ജൈവവൈവിധ്യ സംരക്ഷണ പദ്ധതി. കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിലെ ജനകീയ ജൈവവൈവിധ്യ പരിപാലന സമിതികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ നഗരങ്ങളിലെ കുളങ്ങളും, ജലാശയങ്ങളും സംരക്ഷിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. വൻതോതിൽ മലിനീകരണവും, ശോഷണവും നേരിടുന്ന നഗരപ്രദേശങ്ങളിലെ ജലാശയങ്ങളെ സമൂഹത്തിന് ഗുണകരമാവും വിധം പുനരുജ്ജീവിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഒരു കുളത്തിന് 3 ലക്ഷം രൂപ എന്ന തോതിൽ ഒറ്റത്തവണ ഗ്രാന്റായി ഇതിനുള്ള ധനസഹായം നൽകുന്നു.

തിരുവനന്തപുരം നഗരസഭയിലെ 13 കുളങ്ങൾ ഇത്തരത്തിൽ പുനരുജ്ജീവിപ്പിച്ച് മാതൃകാപരമായി സംരക്ഷിച്ചു വരുന്നു.

**ശുദ്ധജലം, ജീവജലം പദ്ധതി കടലാസിൽ ഒതുങ്ങി**

ജലസ്രോതസിന്റെ സംരക്ഷണം, ബോധവൽക്കരണം എന്നിവ ലക്ഷ്യമിട്ട് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ആസൂത്രണം ചെയ്ത പദ്ധതിയാണ് ''ശുദ്ധജലം, ജീവജലം''. കരമനയാറിന്റെ സംരക്ഷണാർത്ഥം ചെയ്യാൻ കഴിയുന്ന പ്രവൃത്തികളെപ്പറ്റി പഠിക്കുക, ജലം/നദി/തണ്ണീർത്തടങ്ങൾ എന്നിവയെപ്പറ്റി ബോധവൽക്കരണം നടത്തുക, പൊതുടാപ്പുകൾക്ക് ഫൗണ്ടൻ പോസ്റ്റ് സ്ഥാപിക്കുക എന്നിവയായിരുന്നു 25 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയുടെ ലക്ഷ്യങ്ങൾ. 2009-10, 2010-11 വർഷങ്ങളിലായി പ്രോജക്ട് നമ്പർ 568/10, 171/11 എന്നിവ പ്രകാരം 25 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ പദ്ധതിയ്ക്കായി ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. എന്നാൽ നാളിതുവരെ മേൽ പദ്ധതിയിൽ എത്ര തുക വിനിയോഗിച്ചെന്നോ, എന്തൊക്കെ പ്രവർത്തനങ്ങൾ നടന്നുവെന്നോ സംബന്ധിച്ച വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല.

**ശാസ്താംകോട്ട കായൽ തീരത്തെ കയർഭൂവസ്ത്രം തീയിട്ട് നശിപ്പിച്ചു; ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം**

കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകമായ ശാസ്താംകോട്ട കായലിനെ മണ്ണൊലിപ്പിൽ നിന്നും സംരക്ഷിക്കാനായി ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പു പദ്ധതിയിലൂടെ നടപ്പാക്കിയ പദ്ധതിയാണ് കയർഭൂവസ്ത്രം ഉപയോഗിച്ച് പാർശ്വഭിത്തി നിർമ്മാണം. 2011-12 ൽ ആരംഭിച്ച പ്രവൃത്തികൾ 2012-13 ലാണ് പൂർത്തിയായത്. ശാസ്താംകോട്ട ടൗൺ 11-ാം വാർഡിലെ അമ്പലക്കടവിനു സമീപം ആരംഭിച്ച് ഡി.ബി. കോളേജ് വനിതാ ഹോസ്റ്റലിനു സമീപം വരെ മണ്ണൊലിപ്പിന് സാധ്യതയുള്ള തടാകതീരത്ത് 500 മീറ്റർ നീളത്തിൽ 7,500 ചതുരശ്രമീറ്റർ വിസ്തൃതിയിലാണ് പ്രവൃത്തി നടപ്പാക്കിയത്. 15,00,000/- രൂപയുടെ ഭരണാനുമതിയാണ് പ്രവൃത്തിക്ക് ലഭിച്ചത്. തടാകതീരത്ത് കയർഭൂവസ്ത്രം വിരിച്ച് മുളയാണികൾ തറച്ച് ഉറപ്പിച്ച് രാമച്ചം നട്ട് കിളിർപ്പിക്കുവാനുള്ള ഈ പദ്ധതിക്ക് 5841 തൊഴിൽ ദിനങ്ങളിലായി 9,57,924/-രൂപ തൊഴിലാളി വേതനമായും, 65,028/-രൂപ അനുബന്ധ ചെലവുകൾക്കുമായും വിനിയോഗിച്ചു. കയർഭൂവസ്ത്രവും, രാമച്ചതൈകളും കയർഫെഡ് സൗജന്യമായി നൽകി.

എന്നാൽ പദ്ധതി പ്രദേശം സന്ദർശിച്ച ഓഡിറ്റ് ടീമിന് കാണാനായത് പ്രവൃത്തിയുടെ മുക്കാൽ ഭാഗത്തോളം കയർഭൂവസ്ത്രവും, രാമച്ചവും തീവെച്ചു നശിപ്പിച്ചതായാണ്. പത്ത് റീച്ചുകളിലായി ചെയ്ത പ്രവൃത്തിയിൽ ഏതാണ്ട് രണ്ട് റീച്ച്ഭാഗം മാത്രമാണ് ഇനി ബാക്കിയുള്ളത്. സാമൂഹ്യവിരുദ്ധരാണ് തീയിട്ടതെന്ന് പഞ്ചായത്തധികൃതർ അറിയിച്ചുവെങ്കിലും ഇത് സംബന്ധിച്ച് തുടർനടപടികൾ അധികാരികൾ സ്വീകരിച്ചിട്ടില്ല.



ശാസ്താംകോട്ട തടാകതീരത്ത് കയർഭൂവസ്ത്രം വിരിക്കുന്നു



കയർഭൂവസ്ത്രം കത്തിക്കരിഞ്ഞ നിലയിൽ



Local Fund Audit Department

## 4. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല

ശുദ്ധജലസ്രോതസ് എന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റവും കൂടുതൽ തുകകൾ ചെലവഴിച്ചിട്ടുള്ള ഇനമാണ് പൊതുകിണറുകൾ. ഇവയുടെ കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ കുറവാണ്. ഇവയെ സമയബന്ധിതമായി പരിപാലിക്കുന്നതിലും, ജനങ്ങൾക്ക് ഉപയോഗപ്രദമാക്കി മാറ്റുന്നതിലും വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉപയോഗയോഗ്യമല്ലാത്ത ആയിരക്കണക്കിന് പൊതുകിണറുകളുണ്ട്.


ഉപയോഗശൂന്യമായ പൊതുകിണർ-
തൃക്കടവൂർ ഗ്രാമപഞ്ചായത്ത്-കൊല്ലം ജില്ല

തിരുവനന്തപുരം നഗരസഭ പൊതുകിണറുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിലെ കുഴിയംവിള പൊതുകിണർ, പെരുങ്കുഴി മേട ജംഗ്ഷൻ പൊതുകിണർ എന്നിവയിൽ മാലിന്യങ്ങൾ നിറഞ്ഞു കിടക്കുന്നു.

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ രണ്ടാം വാർഡിലെ പൊതുകിണർ മാലിന്യങ്ങൾ നിറഞ്ഞ നിലയിലാണ്. കിണറിനെ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ ലഭിച്ച പരാതിയിൽ, കിണർ മൂടാനാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തത് (07.01.12 ലെ 18-ാം നമ്പർ തീരുമാനം). മാലിന്യം നീക്കം ചെയ്ത് കിണർ ഉപയോഗയോഗ്യമാക്കാനുള്ള സാധ്യതകൾ പരിശോധിക്കാതെ മൂടാൻ തീരുമാനിച്ചത് ശരിയായ നടപടിയല്ല. വയനാട് ജില്ലാപഞ്ചായത്ത് വിവിധ പദ്ധതിക്കാലയളവുകളിലായി 115 പൊതുകിണറുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ എത്രയെണ്ണം ഉപയോഗയോഗ്യമാണെന്നുള്ള വിവരം ലഭ്യമല്ല.

**പൊതുകിണറുകൾ അവലോകനം**

| തദ്ദേശഭരണ സ്ഥാപനം | ജില്ല | ആകെ പൊതുകിണറുകൾ | നിലവിൽ ഉപയോഗിക്കുന്നവ | ഉപയോഗ ശൂന്യമായവ |
|---|---|---|---|---|
| കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | പത്തനംതിട്ട | 47 | 38 | 9 |
| തിരുവല്ല നഗരസഭ | പത്തനംതിട്ട | 13 | 12 | 1 |
| ചങ്ങനാശ്ശേരി നഗരസഭ | കോട്ടയം | 26 | 20 | 6 |
| രാജകുമാരി ഗ്രാമപഞ്ചായത്ത് | ഇടുക്കി | 19 | 13 | 6 |
| മുട്ടം ഗ്രാമപഞ്ചായത്ത് | ഇടുക്കി | 9 | 4 | 5 |
| പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് | ഇടുക്കി | 21 | 11 | 10 |
| പഴയന്നൂർ ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 89 | 81 | 8 |
| അരിമ്പൂർ ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 26 | 22 | 4 |
| പുത്തൂർ ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 42 | 39 | 3 |
| വേളൂക്കര ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 71 | 63 | 8 |
| തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ | തൃശ്ശൂർ | 212 | 194 | 18 |
| ചിറ്റൂർ-തത്തമംഗലം നഗരസഭ | പാലക്കാട് | 75 | 67 | 8 |
| നെല്ലായ ഗ്രാമപഞ്ചായത്ത് | പാലക്കാട് | 29 | 20 | 9 |
| കുറുവ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 57 | 52 | 5 |
| തിരൂർ നഗരസഭ | മലപ്പുറം | 21 | 16 | 5 |
| പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 73 | 67 | 6 |
| മാവൂർ ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 56 | 48 | 8 |
| ചോറോട് ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 46 | 41 | 5 |
| നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | വയനാട് | 41 | 39 | 2 |

കേരളത്തിലെ പൊതുകിണറുകളുടെ 13 ശതമാനത്തോളം ഉപയോഗശൂന്യമായ നിലയിലാണെന്നാണ് പഠനം സൂചിപ്പിക്കുന്നത്. കേരളത്തിൽ ആകെ 45 ലക്ഷത്തോളം കിണറുകൾ ഉണ്ടെന്നാണ് കോഴിക്കോട്ടെ സി.ഡബ്ല്യൂ.ആർ.ഡി.എം. നടത്തിയ പഠനപ്രകാരമുള്ള കണക്ക്. മാലിന്യങ്ങൾ തള്ളുന്ന കേന്ദ്രങ്ങളായി മാറിയിട്ടുള്ള ഉപയോഗശൂന്യമായ പൊതുകിണറുകളെ ശരിയായി പരിപാലിക്കുവാൻ ക്രിയാത്മകമായ നടപടികൾ തദ്ദേശഭരണസ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്.

Local Fund Audit Department

## 5. തണ്ണീർത്തടങ്ങൾ വ്യാപകമായി നികത്തപ്പെടുന്നു

ഓരോ വർഷം കഴിയുന്തോറും കേരളത്തിലെ തണ്ണീർത്തടങ്ങളുടെ വിസ്തൃതിയിൽ ഗണ്യമായ കുറവാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് ഈ ദിശയിലേക്ക് വെളിച്ചം വീശുന്നു. നഗരവൽക്കരണ പ്രവണത കൂടിയ ജില്ലകളിൽ നെൽവയലുകളുടെ അളവിലും ഗണ്യ മായ കുറവാണ് സംഭവിച്ചിട്ടുള്ളത്. വിശദാംശങ്ങൾ പട്ടികയിൽ;

**സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയിലെ വ്യതിയാനങ്ങൾ**

| ജില്ല | നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി (ഹെക്ടറിൽ) | | |
|---|---|---|---|
| | 2010 – 11 | 2011 – 12 | 2012 – 13 |
| തിരുവനന്തപുരം | 2919 | 2395 | 1816 |
| കൊല്ലം | 3342 | 2097 | 1387 |
| പത്തനംതിട്ട | 2986 | 2802 | 2280 |
| ആലപ്പുഴ | 37060 | 36251 | 36195 |
| കോട്ടയം | 14775 | 21410 | 17571 |
| ഇടുക്കി | 1819 | 1264 | 1176 |
| എറണാകുളം | 9016 | 7731 | 3940 |
| തൃശ്ശൂർ | 20259 | 21172 | 23098 |
| പാലക്കാട് | 87511 | 83998 | 79201 |
| മലപ്പുറം | 8949 | 7528 | 6674 |
| കോഴിക്കോട് | 3003 | 2920 | 3511 |
| വയനാട് | 11054 | 8995 | 10230 |
| കണ്ണൂർ | 6339 | 5740 | 6684 |
| കാസർഗോഡ് | 4155 | 3857 | 3514 |
| **ആകെ** | **213187** | **208160** | **197277** |

(അവലംബം : സാമ്പത്തിക അവലോകനം 2013)

കഴിഞ്ഞ രണ്ട് വർഷത്തിനിടെ കേരളത്തിലെ നെൽവയലുകളുടെ വിസ്തൃതിയിൽ 15910 ഹെക്ടറിന്റെ കുറവാണ് സംഭവിച്ചിട്ടുള്ളത്. ആകെ നെൽവയൽ വിസ്തൃതിയുടെ 7.46 ശതമാനമാണിത്. നെൽവയൽ വിസ്തൃതിയിലുണ്ടായ കുറവിന്റെ ശതമാനം താഴെ കൊടുക്കുന്നു.

**2010 – 11 നും 2012 – 13 നും ഇടയ്ക്ക് നെൽവയൽ വിസ്തൃതിയിൽ ഉണ്ടായ കുറവ് ശതമാനക്കണക്കിൽ**

| ജില്ല | 2010-11 നും, 2012-13 നും ഇടയിൽ ഉണ്ടായ വിസ്തൃതിക്കുറവിന്റെ ശതമാനം |
|---|---|
| തിരുവനന്തപുരം | 37 |
| കൊല്ലം | 58.49 |
| പത്തനംതിട്ട | 23.64 |
| ആലപ്പുഴ | 2.33 |
| ഇടുക്കി | 35.34 |
| എറണാകുളം | 56.29 |
| പാലക്കാട് | 9.49 |
| മലപ്പുറം | 25.42 |
| വയനാട് | 7.45 |
| കാസർഗോഡ് | 15.45 |

(അവലംബം : സാമ്പത്തിക അവലോകനം 2013)

**2010 – 11 നും 2012 – 13 നും ഇടയ്ക്ക് നെൽവയൽ വിസ്തൃതിയിൽ വർദ്ധനവുണ്ടായ ജില്ലകൾ**

| ജില്ല | നെൽവയൽ വിസ്തൃതിയിലെ വർദ്ധനവിന്റെ ശതമാനം |
|---|---|
| കോട്ടയം | 18.92 |
| തൃശ്ശൂർ | 14.01 |
| കോഴിക്കോട് | 16.91 |
| കണ്ണൂർ | 5.44 |

(അവലംബം : സാമ്പത്തിക അവലോകനം 2013)

നെൽവയലുകൾ ഏറ്റവുമധികം കുറഞ്ഞിട്ടുള്ള ജില്ലകൾ കൊല്ലവും, എറണാകുളവുമാണ്. തിരുവനന്തപുരവും ഇടുക്കിയുമാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ.


Local Fund Audit Department

## 6. ജലസ്രോതസുകളുടെ കയ്യേറ്റം തടയാൻ കാര്യക്ഷമമായ നടപടികളില്ല

നെൽവയൽ ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളും, മറ്റ് ജലസ്രോതസുകളും വ്യാപകമായി കയ്യേറ്റം ചെയ്യപ്പെടുന്നുണ്ടെങ്കിലും ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ ആശാവഹമല്ല. ജലസ്രോതസുകളും, തണ്ണീർത്തടങ്ങളും നികത്തപ്പെടുന്ന ഒട്ടേറെ സംഭവങ്ങൾ ഉണ്ടെങ്കിലും അവ തടയാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും ഊർജിതമായ നടപടികൾ ഉണ്ടാകുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

തിരുവനന്തപുരം കോർപ്പറേഷനിൽ നഗരമധ്യത്തിലുള്ള ഉള്ളൂരിലെ കിഴവൻകര കുളത്തിന്റെ പകുതിയോളം മാലിന്യങ്ങളും മണ്ണുമിട്ട് നികത്തി വാഴകൃഷി ചെയ്തിരിക്കുന്നു. വിഴിഞ്ഞത്തുള്ള നന്തിക്കുളവും കയ്യേറ്റം നേരിടുകയാണ്. എന്നാൽ ഈ കയ്യേറ്റങ്ങൾ തടയാൻ നഗരസഭ യാതൊരുവിധത്തിലുമുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 3.91 ശതമാനം ഭാഗത്ത് വ്യാപിച്ചിട്ടുള്ള ജലസമൃദ്ധമായ ചേലൂർ കായൽ മണലൂറ്റും, ചെളിയെടുക്കലും, കുന്നിടിക്കലുംമൂലം കടുത്ത ഭീഷണി നേരിടുന്നു. തടാകത്തിന് സമീപമുള്ള കുന്നിടിച്ച് നിരത്തി ഭൂവികസന പ്രവർത്തനങ്ങൾ നിർബാധം നടന്നു വരുന്നു. തടാകത്തെ സംരക്ഷിക്കാനുള്ള നടപടികൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിൽ മുൻകാലങ്ങളിൽ കുടിവെള്ളത്തിനും, ജലസേചനത്തിനുമായി ഉപയോഗിച്ചുവന്നിരുന്ന അഞ്ചാം വാർഡിലെ ചുഴലിക്കുളം കയ്യേറ്റത്താൽ ഏതാണ്ട് പൂർണ്ണമായും ഇല്ലാതായിരിക്കുകയാണ്. കുളത്തിന്റെ മറ്റു ഭാഗങ്ങളിൽ സ്വകാര്യ വ്യക്തികൾ പണകോരി കൃഷി ചെയ്യുന്നു.



തിരുവല്ല നഗരസഭയിലെ മുത്തുർക്ഷേത്രക്കുളം ജനവാസകേന്ദ്രമായ നിലയിൽ

തിരുവല്ല നഗരസഭാ പരിധിയിൽപ്പെടുന്ന കുറ്റപ്പുഴ വില്ലേജിലെ 153/3 റീസർവ്വേ നമ്പർ പ്രകാരം തിരുവല്ല മുത്തൂർ ക്ഷേത്രത്തിനു സമീപമുള്ള 8.90 ആർ ഭൂമി സർക്കാർ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ക്ഷേത്രക്കുളമാണ്. പ്രസ്തുത സ്ഥലം ഓഡിറ്റ് ടീം സന്ദർശിച്ചതിൽ നിന്നും കുളം വർഷങ്ങൾക്കു മുൻപു തന്നെ നികത്തിയതായും കെട്ടിടങ്ങൾ നിറഞ്ഞ ജനവാസകേന്ദ്രമായി സ്ഥലം മാറിയതായും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നഗരസഭ നടപടികൾ ഒന്നും കൈക്കൊണ്ടിട്ടില്ല.

പെരുമ്പാവൂർ നഗരസഭയിൽ 01.04.2010 ന് ശേഷം 18,123.84 ചതുരശ്ര മീറ്റർ നെൽവയലുകളും, തണ്ണീർത്തടങ്ങളുമാണ് നികത്തപ്പെട്ടത്.

തൃശ്ശൂർ ജില്ലയിലെ പുത്തൂർഗ്രാമപഞ്ചായത്തിന്റെ നീർത്തട മാസ്റ്റർപ്ലാൻ പ്രകാരം വയലുകൾ വ്യാപകമായി നികത്തപ്പെട്ടിട്ടുണ്ട്. 73.39 ഹെക്ടർ സ്ഥലത്ത് വാഴയും, 2.38 ഹെക്ടറിൽ കവുങ്ങും, 101.2 ഹെക്ടറിൽ തെങ്ങും, 6.48 ഹെക്ടറിൽ റബ്ബറും വയൽ നികത്തി കൃഷി ചെയ്തിട്ടുണ്ട്. കൂടാതെ 11.31 ഹെക്ടറിൽ വയൽ നികത്തി കെട്ടിടങ്ങളും, മറ്റ് നിർമ്മിതികളുമുണ്ട്.

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലെയും വയലുകളും, നീർത്തടങ്ങളും നികത്തൽ ഭീഷണി നേരിടുകയാണ്. കുന്നുകളിലെ മണ്ണ് യന്ത്രങ്ങൾ ഉപയോഗിച്ച് നീക്കി വയലുകൾ നികത്തുന്നതുമൂലം കുന്നുകളും, വയലുകളും ഒരേപോലെ നാശോന്മുഖമായി തീർന്നുകൊണ്ടിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 240 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള കൽപ്പള്ളി പായോളിപ്പറമ്പ് പൊതുകുളം സ്വകാര്യ വ്യക്തി മണ്ണിട്ട് നികത്തിയതായി പരിശോധനയിൽ ബോധ്യപ്പെട്ടു. പ്രസ്തുത കുളം മുൻകാലങ്ങളിൽ പല ഘട്ടങ്ങളിലായി നികത്തി വന്നതാണ്. കയ്യേറ്റത്തിനെതിരെ യഥാസമയം നടപടി സ്വീകരിക്കാതിരുന്നത് തദ്ദേശഭരണ സ്ഥാപനത്തിന്റെ വീഴ്ചയാണ്. കുളം നികത്തിയതിനെതിരെ ഗ്രാമപഞ്ചായത്ത് 16.01.2014 ൽ എ3.19/4 നമ്പറായി രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്.

Local Fund Audit Department

**പൊതുകുളം നഗരസഭ തന്നെ നികത്തി**

ആലപ്പുഴ നഗരസഭാപ്രദേശത്തെ പ്രധാന ജലസ്രോതസാണ് വലിയകുളം വാർഡിലുള്ള വലിയകുളം. എന്നാൽ ഈ കുളം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി നഗരസഭ തന്നെ പൂർണ്ണമായും നികത്തി. മറ്റൊരു കുളം (കണിയാംകുളം) സ്പോർട്സ് കൗൺസിൽ വക ജിംനേഷ്യം നിർമ്മിക്കുന്നതിന്റെ പേരിൽ പകുതിയിലേറെ ഭാഗവും നികത്തിയിരിക്കുകയാണ്.

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ വ്യാപകമായി നെൽവയൽ നികത്തപ്പെടുകയാണ്. കാർഷിക മേഖലയിൽ 40 ശതമാനത്തോളം നെൽവയലുകൾ ഉണ്ടായിരുന്ന ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ 5 ശതമാനത്തിൽ താഴെ മാത്രമാണ് നെൽവയലുകളുള്ളത്. ഗ്രാമപഞ്ചായത്തിലെ പെരുമന ഭാഗത്തെ നെൽവയലുകളും, നീർത്തടങ്ങളും മണ്ണിട്ട് നികത്തിയിട്ടുള്ളതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. നാട്ടുകാരുടെ പരാതിയെത്തുടർന്ന് കൃഷി ഓഫീസർ ആർ.ഡി.ഒ.ക്ക് റിപ്പോർട്ട് നൽകിയെങ്കിലും നിലംനികത്തൽ പൂർത്തിയായ നിലയിലാണ്. കൃഷി വകുപ്പിന്റെ റിപ്പോർട്ടിനെ തുടർന്ന് റവന്യൂ അധികൃതർ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്.

## 7. മണ്ണ്/ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

സ.ഉ. (എം.എസ്)/225/12/തസ്വഭവ, തീയതി 18.08.12 പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ, ജലവിതരണ പ്രവർത്തനങ്ങളേക്കാൾ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്ന് നിഷ്കർഷിക്കുന്നു. മണ്ണ്/ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, വനവൽക്കരണം മുതലായവയ്ക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. പദ്ധതി തയ്യാറാക്കുന്നതിനുമുൻപായി ഇത്തരം സാധ്യതകൾ കണ്ടെത്തി തൊഴിലുറപ്പ് പദ്ധതിയുടെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തണം. മണ്ണ്/ജലസംരക്ഷണ പ്രവൃത്തികൾ (കുളങ്ങൾ, തോടുകൾ, കിണറുകൾ, മറ്റ് ജലാശയങ്ങൾ എന്നിവ വൃത്തിയാക്കൽ, ചെളിയെടുക്കൽ, ആഴംകൂട്ടൽ തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ), പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് മുൻഗണന നൽകണം. എന്നാൽ, മണ്ണ്/ജലസംരക്ഷണ പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ 2010-11, 2011-12, 2012-13 വർഷങ്ങളിൽ നീർത്തടങ്ങളുടെ സംരക്ഷണാർത്ഥം പ്രത്യേക പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. മികച്ച ജലസ്രോതസ്/സംഭരണ കേന്ദ്രമാക്കി മാറ്റാവുന്ന നിരവധി ജലാശയങ്ങൾ ഉണ്ടായിരുന്നിട്ടും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് നീർത്തട സംരക്ഷണാർത്ഥം 2010-11, 2011-12, 2012-13 വർഷങ്ങളിൽ പദ്ധതികൾ ഒന്നും തന്നെ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടില്ല. ജില്ലയിലെ തന്നെ താമരക്കുളം ഗ്രാമപഞ്ചായത്ത് 2010-11, 2011-12, 2012-13 വർഷങ്ങളിൽ ജലസ്രോതസുകളുടെ സംരക്ഷണാർത്ഥം വികസന ഫണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ നീർത്തട സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 2012-13 ൽ ബണ്ട് റോഡിന്റെ വശങ്ങളിൽ പാടശേഖരങ്ങൾക്ക് സംരക്ഷണഭിത്തി എന്ന നിലയിൽ കയർഭൂവസ്ത്രം ഉറപ്പിക്കൽ നടത്തി. വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിയ പ്രോജക്ടിന്റെ ആകെ ചെലവ് 30,16,343/- രൂപയാണ്. എന്നാൽ പാടശേഖരങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ അല്ല പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ ബോധ്യമായിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതിയിൽ നീർത്തടസംരംക്ഷണത്തിന് മുൻഗണന; മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് മാതൃകയാവുന്നു**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികളിൽ ഉൾപ്പെടുത്തി നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം ജലം/മണ്ണ് സംരക്ഷണം, ജലസ്രോതസുകളുടെ പുനരുദ്ധാരണം എന്നിവയ്ക്ക് കൂടുതലായി ഫണ്ട് വകയിരുത്തി എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് മാതൃകയായിരിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന്റെ 2010-11 ലെ ചെലവ് 30,55,712/-രൂപയാണ്. ഇതിൽ 27,42,832/-രൂപ (90%) മഴക്കുഴി നിർമ്മാണം, തെങ്ങിൻ തടങ്ങൾ, നീർത്തട വികസനം, ചിറ/കുളം/തോടുകളുടെ ചെളികോരൽ/പുനരുദ്ധാരണം, കനാലുകൾക്ക് പാർശ്വഭിത്തി, കാനവൃത്തിയാക്കൽ തുടങ്ങിയവയ്ക്കാണ് ചെലവഴിച്ചിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയിൽ 2011-12 ലെ ആകെ ചെലവ് 50,50,295/-രൂപയാണ്. ഇതിൽ 42,01,530/-രൂപ (83%) മണ്ണ്/ജലസംരക്ഷണം പ്രവൃത്തികൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്. 2012-13 ൽ തൊഴിലുറപ്പ് പദ്ധതിയിലെ ചെലവ് 77,90,972/-രൂപയാണ്. ഇതിൽ 72,05,730/-രൂപയും (92%) മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായാണ് ചെലവഴിച്ചിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിച്ചെലവിന്റെ ശരാശരി 88% വരെ ഗ്രാമപഞ്ചായത്ത് നീർത്തടാധിഷ്ഠിത മണ്ണ്/ജലസംരക്ഷണ പ്രവൃത്തികൾക്കായി വിനിയോഗിച്ചിട്ടുണ്ട്.



Local Fund Audit Department

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ചക്കാലമുണ്ടോടി തോടിന് കയർഭൂവസ്ത്രം എന്ന പദ്ധതിയ്ക്ക് 2012-13 ലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 6,24,268/-രൂപ ചെലവഴിച്ചു. പരമ്പരാഗത ജലസ്രോതസിന്റെ പുനരുദ്ധാരണം ലക്ഷ്യമിട്ട് അഞ്ചുഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കിയത്. എന്നാൽ തുടർപ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. പദ്ധതി പ്രദേശം ഓഡിറ്റ് ടീം സന്ദർശിക്കുകയുണ്ടായി. നിലവിൽ കയറിന്റെ അവശിഷ്ടങ്ങൾ തോടിന്റെ പാർശ്വങ്ങളിൽ ചിലയിടങ്ങളിൽ കാണപ്പെടുന്നതൊഴികെ, പാർശ്വഭിത്തി സംരക്ഷണത്തിനുതകുന്ന സ്ഥിരമായ സംവിധാനങ്ങൾ ഒന്നും തന്നെ രൂപപ്പെടുത്തിയിട്ടില്ല. പദ്ധതി നടപ്പാക്കി ഒരു വർഷത്തിനകം തന്നെ കയർ ഭൂവസ്ത്രം ജീർണ്ണിച്ച നിലയിലാണ്. പാർശ്വഭിത്തിയിൽ വച്ചുപിടിപ്പിച്ച പുല്ല് കിളിർത്തിട്ടുമില്ല.

## മണ്ണ്/ജലസംരക്ഷണ പ്രവൃത്തികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീക്കിവെയ്ക്കുന്ന തുകകൾ പരിമിതം

മണ്ണ്/ജലസംരക്ഷണ പ്രവൃത്തികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീക്കിവെയ്ക്കുന്ന തുകകൾ പരിമിതമാണ്. ഈ മേഖലയ്ക്ക് അർഹമായ പ്രാതിനിധ്യം നൽകാനും, അതിനനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്യാനും ബഹുഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടില്ല. ജലസംരക്ഷണ മേഖലയിൽ വകയിരുത്തുന്ന തുകയിൽ ചെറിയൊരു ശതമാനം മാത്രമേ ചെലവഴിക്കാനും കഴിയുന്നുള്ളു. ഉദാഹരണങ്ങൾ ചുവടെ;

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് വികസന/തനതു ഫണ്ടിൽ നിന്നും ജലസ്രോതസുകളുടെ സംരക്ഷണത്തിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ചെലവഴിച്ച തുകകൾ;

| വർഷം | വികസന/തനതു ഫണ്ട് ചെലവ് | ജലസ്രോതസുകൾക്കുള്ള ചെലവ് | ശതമാനം |
|---|---|---|---|
| 2010-11 | 6369764 | 1085000 | 17 |
| 2011-12 | 11796066 | 568500 | 4.8 |
| 2012-13 | 8387661 | 70000 | 0.8 |

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്ത് കഴിഞ്ഞ മൂന്നുവർഷങ്ങൾക്കിടെ ജലസ്രോതസുകളുടെ സംരക്ഷണാർത്ഥം വകയിരുത്തിയതും, ചെലവഴിച്ചതുമായ തുകകൾ;

| വർഷം | വകയിരുത്തിയ തുക | ചെലവായ തുക | ചെലവ് ശതമാനം |
|---|---|---|---|
| 2010-11 | 990000 | 336000 | 33.94 |
| 2011-12 | 605000 | - | - |
| 2012-13 | 399641 | 62116 | 15.54 |

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്ത് ജലസ്രോതസുകളുടെ സംരക്ഷണാർത്ഥം വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകൾ;

| വർഷം | വകയിരുത്തിയ തുക | ചെലവായ തുക | ചെലവ് ശതമാനം |
|---|---|---|---|
| 2010-11 | 308855 | 40814 | 13.21 |
| 2011-12 | 110000 | - | - |
| 2012-13 | 746000 | - | - |

2011-12, 2012-13 വർഷങ്ങളിൽ പുത്തൂർ ഗ്രാമപഞ്ചായത്ത് ജലസ്രോതസുകളുടെ സംരക്ഷണാർത്ഥം തുക വകയിരുത്തിയിരുന്നെങ്കിലും, ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല.

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്ത് നീർത്തട സംരക്ഷണത്തിൽ താരതമ്യേന മെച്ചപ്പെട്ട പ്രകടനമാണ് കാഴ്ചവെച്ചിട്ടുള്ളത്. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

| വർഷം | നീർത്തട സംരക്ഷണ പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 2010-11 | 17 | 2751385 | 1901891 | 69.12 |
| 2011-12 | 12 | 1716262 | 1112992 | 64.8 |
| 2012-13 | 8 | 2086252 | 784805 | 37.61 |

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ജലസ്രോതസുകളുടെ സംരക്ഷണാർത്ഥം പദ്ധതികൾ തയ്യാറാക്കി തുകകൾ നീക്കിവെക്കുന്നുണ്ടെങ്കിലും ചെലവാക്കൽ കാര്യക്ഷമമല്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| വർഷം | ജലസ്രോതസ് സംരക്ഷണ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 2010-11 | 2 | 2441555 | 320000 | 13 |
| 2011-12 | 9 | 11164794 | 1771443 | 15.8 |
| 2012-13 | 15 | 13485550 | 3971029 | 29.4 |

Local Fund Audit Department

കുടിവെള്ള സ്രോതസുകളുടെ സംരക്ഷണാർത്ഥം 91 പദ്ധതികളാണ് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ആവിഷ്ക്കരിച്ചത്. എന്നാൽ ഇവയ്ക്കായി വകയിരുത്തിയ തുകകൾ തൃപ്തികരമായി ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

| വർഷം | ആസൂത്രണം ചെയ്ത പദ്ധതികൾ | | നടപ്പാക്കിയ പദ്ധതികൾ | | ചെലവ് ശതമാനം |
|---|---|---|---|---|---|
| | *എണ്ണം* | *വകയിരുത്തിയ തുക* | *എണ്ണം* | *ചെലവഴിച്ച തുക* | |
| 2010-11 | 16 | 24685373 | 7 | 12543817 | 50.81 |
| 2011-12 | 40 | 39733376 | 25 | 21036711 | 52.94 |
| 2012-13 | 35 | 25740475 | 9 | 20249217 | 78.66 |

**ജലസ്രോതസുകളുടെ സംരക്ഷണത്തിന് വാങ്ങിയത് ജെ.സി.ബി.**

ആലപ്പുഴ നഗരസഭ ജലസ്രോതസ് സംരക്ഷണത്തിന്റെ ഭാഗമായി 'ഇടത്തോടുകളുടെ നവീകരണത്തിന്' എന്ന പേരിൽ 2011-12, 2012-13 വർഷങ്ങളിലായി ലോകബാങ്ക് ധനസഹായമായ 23,40,000/- രൂപ മുടക്കി ഒരു ജെ.സി.ബി. വാങ്ങുകയുണ്ടായി. എന്നാൽ പൊഴികൾ മുറിക്കാനായി മാത്രമാണ് നിലവിൽ ഈ ജെ.സി.ബി.കൾ ഉപയോഗിക്കുന്നത്. ജെ.സി.ബി. ഉപയോഗിച്ച് വീതികുറഞ്ഞ സ്ഥലത്തുള്ള ഇടത്തോടുകൾ വൃത്തിയാക്കുന്നത് പ്രായോഗികമല്ല എന്നാണ് നഗരസഭയിലെ ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ വ്യക്തമാക്കിയിട്ടുള്ളത്.

**തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് – മണ്ണ് ജലസംരക്ഷണമേഖലയിലെ വിഹിതവും, ചെലവും – 2012-13**

**അവലംബം: സാമ്പത്തിക അവലോകനം 2013** **(രൂപ ലക്ഷത്തിൽ)**

| വികസന മേഖല | ഗ്രാമപഞ്ചായത്തുകൾ | | | ബ്ലോക്ക് പഞ്ചായത്തുകൾ | | | ജില്ലാ പഞ്ചായത്തുകൾ | | |
|---|---|---|---|---|---|---|---|---|---|
| | അനുവദിച്ച തുക | ചെലവ് | ശതമാനം | അനുവദിച്ച തുക | ചെലവ് | ശതമാനം | അനുവദിച്ച തുക | ചെലവ് | ശതമാനം |
| മണ്ണ്, ജല സംരക്ഷണം | 959.16 | 572.20 | 59.66 | 352.33 | 232.84 | 66.09 | 551.89 | 261.96 | 47.47 |

| വികസന മേഖല | മുനിസിപ്പാലിറ്റികൾ | | | കോർപ്പറേഷനുകൾ | | |
|---|---|---|---|---|---|---|
| | അനുവദിച്ച തുക | ചെലവ് | ശതമാനം | അനുവദിച്ച തുക | ചെലവ് | ശതമാനം |
| മണ്ണ്, ജല സംരക്ഷണം | 46.22 | 10.44 | 22.59 | 72.55 | 22.42 | 30.90 |

മണ്ണ്/ജലസംരക്ഷണ പ്രവർത്തനങ്ങൾ പട്ടണപ്രദേശങ്ങളിൽ തീർത്തും കാര്യക്ഷമമല്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. മുനിസിപ്പാലിറ്റികൾക്ക് വിഹിതത്തിന്റെ കേവലം 22.59 ശതമാനം മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. കോർപ്പറേഷനുകളിലും സ്ഥിതി മെച്ചമല്ല- 30.90 ശതമാനം തുക മാത്രമാണ് കോർപ്പറേഷനുകൾ ചെലവഴിച്ചിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകളാണ് മണ്ണ്/ജല സംരക്ഷണമേഖലയിൽ മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുള്ളത്.

## 8. മഴവെള്ള സംഭരണികൾ പരാജയമായി

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ആയിരക്കണക്കിന് മഴവെള്ള സംഭരണികളാണ് വിവിധ പദ്ധതിക്കാലയളവുകളിലായി പണിതീർത്തിട്ടുള്ളത്. മൃഗാശുപത്രി, കൃഷിഭവൻ കെട്ടിടങ്ങൾ, സ്കൂളുകൾ, അംഗൻവാടികൾ, പഞ്ചായത്താഫീസുകൾ എന്നിവിടങ്ങളിലാണ് ബഹുഭൂരിപക്ഷം മഴവെള്ള സംഭരണികളുമുള്ളത്. എന്നാൽ മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതൊഴികെ അവയുടെ ഉപയോഗം ഉറപ്പുവരുത്താനോ കാര്യക്ഷമമായ മേൽനോട്ടത്തിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാവുന്നില്ല. ഗ്രാമപഞ്ചായത്തോഫീസ് പരിസരങ്ങളിൽ ഉൾപ്പെടെ സ്ഥാപിച്ചിട്ടുള്ള മഴവെള്ള സംഭരണികൾ ഉപയോഗശൂന്യമായ നിലയിൽ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള മഴവെള്ള സംഭരണികളെപ്പറ്റി കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുന്നുമില്ല.

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ മുതുപിലാക്കാട് സർക്കാർ എൽ.പി. സ്കൂളിൽ ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള മഴവെള്ള സംഭരണി പ്രവർത്തനരഹിതമാണ്. സംഭരണിയിൽ ഉറപ്പിച്ചിട്ടുള്ള ജലവിതരണ

Local Fund Audit Department

പൈപ്പുകൾ തകരാറിലായി. പുനരുദ്ധരിക്കാനുള്ള നടപടികൾ ഒന്നും തന്നെ അധികൃതർ കൈക്കൊണ്ടിട്ടില്ല. തൃക്കടവൂർ ഗ്രാമപഞ്ചായത്തിന്റെ 8-ാം വാർഡിലുള്ള (വെട്ടുവിള) 85-ാം നമ്പർ അംഗൻവാടിയുടെ മുറ്റത്തു സ്ഥാപിച്ചിരിക്കുന്ന മഴവെള്ള സംഭരണി പ്രവർത്തിക്കുന്നില്ല. മേൽക്കൂരയിൽ നിന്നും സംഭരണിയിലേക്കുള്ള പൈപ്പ്ലൈൻ നശിച്ചതാണ് കാരണം.

കോട്ടയം നഗരസഭാ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള മഴവെള്ള സംഭരണിയെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ല. മുൻകാലങ്ങളിൽ നഗരസഭാപ്രദേശത്ത് പലയിടങ്ങളിലും സംഭരണികൾ സ്ഥാപിച്ചിട്ടുള്ളതാണ്. നഗരസഭയുടെ ഹെൽത്ത് വിഭാഗം (സോണൽ) ഓഫീസിന്റെ പരിസരത്തുള്ള മഴവെള്ള സംഭരണി ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.



ചെമ്മനാട് ഗ്രാമപഞ്ചായത്തോഫീസ് പരിസരത്തെ പ്രവർത്തനരഹിതമായ മഴവെള്ള സംഭരണി- കാസർഗോഡ് ജില്ല

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് 2004-05 ൽ 2,03,922/- രൂപ ചെലവഴിച്ച് വിവിധ സ്ഥാപനങ്ങളിലായി എട്ട് മഴവെള്ള സംഭരണികൾ സ്ഥാപിച്ചുവെങ്കിലും, നിലവിൽ ഒന്നും തന്നെ പ്രവർത്തനക്ഷമമല്ല.കൂടാതെ നിർമ്മാണത്തിലെ പാളിച്ചകൾമൂലം മിക്ക സംഭരണികൾക്കും ചോർച്ചയുമുണ്ട്. കരിപ്പലങ്ങാട് സ്കൂൾ, പൂമാല പ്രൈമറി ഹെൽത്ത് സെന്റർ, പൂച്ചപ്ര സ്കൂൾ, പൂച്ചപ്ര അംഗൻവാടി, കൊളപ്പുറം അംഗൻവാടി, പന്നിമറ്റം പി.എച്ച്. സബ് സെന്റർ, 37-ാം നമ്പർ അംഗൻവാടി, ഗ്രാമപഞ്ചായത്തോഫീസ് എന്നിവിടങ്ങളിലാണ് മഴവെള്ള സംഭരണികൾ സ്ഥാപിച്ചത്. ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ മഴവെള്ള സംഭരണിപോലും ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ല.

പെരുമ്പാവൂർ നഗരസഭ താലൂക്ക് ആശുപത്രിയിൽ മഴവെള്ള സംഭരണി സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇതിലെ വെള്ളം ഉപയോഗിക്കുന്നില്ല. പെരുമ്പാവൂർ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പരിസരത്ത് പണികഴിപ്പിച്ചിട്ടുള്ള മഴവെള്ള സംഭരണിയും ഉപയോഗശൂന്യമാണ്.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് നിർമ്മിച്ചിട്ടുള്ള മഴവെള്ള സംഭരണി ഉപയോഗശൂന്യമായ നിലയിലാണ്. കാരശ്ശേരി ഗ്രാമപഞ്ചായത്ത് 1000 ലിറ്റർ ശേഷിയുള്ള നാല് മഴവെള്ള സംഭരണികൾ പഞ്ചായത്താഫീസിലും, കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലുമായി സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ മൂന്നെണ്ണവും പ്രവർത്തിക്കുന്നില്ല.



കാസർഗോഡ് നഗരസഭാ കാര്യാലയത്തിനു സമീപമുള്ള ഉപയോഗശൂന്യമായ മഴവെള്ള സംഭരണികൾ

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്ത് കൃഷിഭവനിലെ മഴവെള്ള സംഭരണി നിർമ്മാണം, ആസൂത്രണം എന്നിവയിലെ പിഴവുമൂലം പ്രവർത്തനക്ഷമമല്ല. കൃഷിഭവൻ കെട്ടിടം ഒരു നില ആയിരുന്നപ്പോഴാണ് മഴവെള്ള സംഭരണി നിർമ്മിച്ചത്. എന്നാൽ കെട്ടിടത്തിന്റെ രണ്ടാംനില പണിതപ്പോൾ സംഭരണിയിലേക്കുള്ള പൈപ്പ് മാറ്റി സ്ഥാപിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ മൃഗാശുപത്രി കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള മഴവെള്ള സംഭരണിയും, നിർമ്മാണപ്പിഴവിനാൽ പ്രവർത്തനക്ഷമമല്ല.

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്ത് ചെറുകുന്ന് നോർത്ത് സർക്കാർ എൽ.പി. സ്കൂളിന്റെ മുറ്റത്ത് 2005-06 ൽ നിർമ്മിച്ച മഴവെള്ള സംഭരണിയുടെ മേൽക്കൂര തകർന്ന് കിടക്കുകയാണ്. നിലവിൽ ഈ സംഭരണി കൊതുകുകളുടെ ആവാസകേന്ദ്രമാണ്. ചെറുകുന്ന് സർക്കാർ ആയുർവേദ ആശുപത്രി പരിസരത്ത് 2005-06 ൽ സ്ഥാപിച്ച മഴവെള്ള സംഭരണിയും നിർമ്മാണത്തിലെ പിഴവ്മൂലം പ്രവർത്തിക്കുന്നില്ല.

കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്ത് ഓഫീസിനുസമീപം 2008-09 ൽ നിർമ്മിച്ച മഴവെള്ള സംഭരണി പ്രവർത്തനരഹിതമായി നാശോന്മുഖമാണ്. കാസർഗോഡ് നഗരസഭ 2004-05 ൽ 7,88,196/-രൂപ ചെലവഴിച്ച് നാൽപ്പതോളം മഴവെള്ള സംഭരണികൾ നിർമ്മിച്ചു. ഇക്കൂട്ടത്തിൽ, ഓഡിറ്റ് നേരിട്ട് പരിശോധിച്ച 13 മഴവെള്ള സംഭരണികളും പ്രവർത്തനരഹിതങ്ങളാണ്. നഗരസഭാകാര്യാലയത്തിന്റെ കോമ്പൗണ്ടിലുള്ള രണ്ട് മഴവെള്ള സംഭരണികൾ വർഷങ്ങളായി പ്രവർത്തനരഹിതമാണ്.

Local Fund Audit Department

## 9. ഭൂഗർഭ ജലനിരപ്പ് താഴുന്നത് തടയാൻ തദ്ദേശസ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കുന്നില്ല

കേരളത്തിലെ പത്തിലേറെ ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ ഭൂഗർഭജലനിരപ്പ് അപകടകരമായ വിധത്തിൽ താഴ്ന്നിട്ടുള്ളതായി സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് നടത്തിയ പഠനങ്ങളിൽ വ്യക്തമായിട്ടുണ്ട്.

ഭൂഗർഭ ജലനിരപ്പ് അപകടകരമായവിധം താഴ്ന്നിട്ടുള്ള ബ്ളോക്ക് പഞ്ചായത്തുകൾ ഇവയാണ് ;

| | | |
|---|---|---|
| ചിറയിൻകീഴ്, പാറശാല, അതിയന്നൂർ, നേമം | - | തിരുവനന്തപുരം |
| മുഖത്തല, അഞ്ചാലുംമൂട് | - | കൊല്ലം |
| പറവൂർ, മുളന്തുരുത്തി | - | എറണാകുളം |
| കൊടുങ്ങല്ലൂർ, മാള | - | തൃശ്ശൂർ |
| ബാലുശ്ശേരി, കോഴിക്കോട് | - | കോഴിക്കോട് |
| കാസർഗോഡ് | - | കാസർഗോഡ് |

ഭൂഗർഭജലം പരിധിയിൽ അധികമായി മോട്ടോർ പമ്പുകൾ ഉപയോഗിച്ച് ചൂഷണം ചെയ്യുന്നത് ഭൂഗർഭജല വിതാനം പലപ്രദേശങ്ങളിലും അപകടകരമായി താഴാൻ ഇടയാക്കിയിട്ടുണ്ട്.കൂടാതെ ഭൗമാന്തർഭാഗത്തേയ്ക്ക് ജലം കിനിഞ്ഞിറങ്ങേണ്ട സ്ഥലങ്ങൾ കോൺക്രീറ്റ് നിർമ്മിതികൾ, റോഡുകൾ എന്നിവയാൽ പൂർണ്ണമായോ, ഭാഗികമായോ അടയപ്പെടുകയും ചെയ്തിരിക്കുകയാണ്. ഇത്തരം അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളും ജലചൂഷണവും തടയുന്നതിൽ തദ്ദേശസ്ഥാപനങ്ങൾ കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

**കേരളത്തിലെ ജലസുരക്ഷ അതിവേഗം കുറയുന്നു**



പ്രകൃത്യാലുള്ള വിവിധയിനം ജലസ്രോതസുകളാൽ സമ്പന്നമാണെങ്കിലും, കേരളത്തിന്റെ ജലസുരക്ഷിതത്വം അതിവേഗം കുറഞ്ഞു വരികയാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. കേരളത്തിൽ പ്രതിവർഷം ലഭിക്കുന്ന മഴ ദേശീയശരാശരിയേക്കാൾ കൂടുതലാണ്. എന്നാൽ ഈ ജലസമൃദ്ധി വർഷം മുഴുവനും നിലനിർത്താൻ കഴിയാതെ പോവുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, കാലാവസ്ഥാവ്യതിയാനം, ഉയർന്ന ജനസംഖ്യ എന്നിവയാണ് ജലലഭ്യതയ്ക്ക് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ. കേരളത്തിൽ നടന്നു വരുന്ന വികസന പ്രവർത്തനങ്ങളുടെ രീതി നൈസർഗ്ഗികമായ ജലസംഭരണികളെ അവതാളത്തിലാക്കും വിധമാണ്.

ജലസ്രോതസുകളിൽ നിന്നുള്ള ക്രമാതീതമായ ജലചൂഷണം, ജലപരിപോഷണ സ്രോതസുകളായ നദികൾ, തണ്ണീർത്തടങ്ങൾ, കുളങ്ങൾ തുടങ്ങിയവയുടെ നശീകരണം, ഭൂഗർഭജലസ്ഥരങ്ങളുടെ സ്വാഭാവിക ശേഷിക്കുറവ് എന്നിവ കേരളത്തിലെ ജലലഭ്യതയ്ക്ക് കടുത്ത ഭീഷണിയാണ് ഉയർത്തുന്നത്. നിർണ്ണായക സമയങ്ങളിൽ മഴകുറയുന്നത് ആവർത്തിക്കപ്പെടുകയാണ്. നദികളിലെ നീരൊഴുക്ക് മഴക്കാലത്തുപോലും കുറഞ്ഞുവരുന്നു. ഭൂഗർഭജലനിരപ്പ് നിരന്തരം താണുകൊണ്ടിരിക്കുന്നതിനൊപ്പം ജലമലിനീകരണവും വ്യാപകമാണ്. ജലവിതരണ സംവിധാനങ്ങളിലെ പിഴവുമൂലം വൻതോതിൽ ശുദ്ധജലം ഓരോ ദിവസവും പാഴായിക്കൊണ്ടിരിക്കുന്നു.

**ശുദ്ധമായ കുടിവെള്ളം ലഭിക്കാനുള്ള സാധ്യത** (അവലംബം - സാമ്പത്തിക സർവ്വേ, ഇന്ത്യാ ഗവൺമെന്റ്)

| സംസ്ഥാനം | സെൻസസ് വർഷം | ശുദ്ധമായ കുടിവെള്ളം ലഭിക്കാനുള്ള സാധ്യതയുടെ ശതമാനം |
|---|---|---|
| തമിഴ്നാട് | 2001 | 86 |
| | 2011 | 93 |
| കർണാടകം | 2001 | 85 |
| | 2011 | 88 |
| ആന്ധ്രാപ്രദേശ് | 2001 | 80 |
| | 2011 | 91 |
| കേരളം | 2001 | 23 |
| | 2011 | 34 |
| ഇന്ത്യ | 2001 | 78 |
| | 2011 | 86 |

Local Fund Audit Department

സംസ്ഥാനത്തെ ജലലഭ്യതയിൽ വർദ്ധിച്ചുവരുന്ന അനിശ്ചിതത്വം ജലവിതരണത്തെയും ബാധിക്കുന്നു. 2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ 27 ശതമാനം ജനങ്ങൾ മാത്രമാണ് കുടിവെള്ളത്തിനായി പൈപ്പുജലത്തെ ആശ്രയിക്കുന്നത്. ഇവരിൽ 7.30 ശതമാനം പേർക്ക് ശുദ്ധീകരിക്കാത്ത ജലമാണ് നൽകി വരുന്നത്. പരമ്പരാഗത ജലസ്രോതസ്സുകളെ ആശ്രയിക്കുന്ന 73 ശതമാനത്തിൽ 14.3 ശതമാനം പേർക്ക് മാത്രമാണ് സംരക്ഷിത കിണറുകളിൽ നിന്നും കുടിവെള്ളം ലഭിക്കുന്നത്. മേൽക്കണക്കുകൾ വ്യക്തമാക്കുന്നത് കേരളത്തിലെ 34 ശതമാനം പേർക്ക് മാത്രമാണ് ശുദ്ധജലലഭ്യതയുള്ളത് എന്നതാണ്.

കേരളത്തിൽ ശുദ്ധജലലഭ്യതയുള്ളവരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ 52 ശതമാനം താഴെയാണ്. അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടകം എന്നിവയേക്കാളും വളരെ താഴെയാണ് ശുദ്ധജലലഭ്യതയിൽ കേരളത്തിന്റെ സ്ഥാനമെന്നും കണക്കുകൾ വ്യക്തമാക്കുന്നു.കേന്ദ്രസർക്കാരിന്റെ കുടിവെള്ള പരിസരശുചിത്വ മന്ത്രാലയത്തിന്റെ 2011-12 ലെ കണക്കുകൾ പ്രകാരം കേരളത്തിലെ 11,883 ജനവാസമേഖലകളിൽ 934 എണ്ണം കുടിവെള്ള ലഭ്യതയില്ലാത്ത പ്രദേശങ്ങളായി മാറിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലാണ് ഇത് കൂടുതലായി സംഭവിച്ചിട്ടുള്ളത് (19 ശതമാനം). പാലക്കാട് ജില്ലയിൽ 18 ശതമാനവും, കാസർഗോഡ് 14 ശതമാനവും കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളായി മാറിയിട്ടുണ്ട്.

**കേരളത്തിലെ കുടിവെള്ള സ്രോതസുകൾ**

തുറന്ന ജലസ്രോതസുകളെ കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന ഏറ്റവും കൂടുതൽ പേർ ഉള്ള പ്രദേശങ്ങളിലൊന്നാണ് കേരളം. കേരളത്തിൽ ആകെ 45 ലക്ഷത്തോളം കിണറുകൾ ആണുള്ളത് (കിണറുകൾ, നദികൾ, തടാകങ്ങൾ എന്നിവയാണ് കേരളത്തിലെ പ്രധാന ജലസ്രോതസുകൾ). കുടിവെള്ളത്തിനായി കുഴൽ കിണറുളെ ആശ്രയിക്കുന്നവരുടെ എണ്ണം നിലവിൽ കുറവാണെങ്കിലും ഓരോ വർഷവും അത് കൂടിവരികയാണ്.

കേരളത്തിലെ വിവിധ ജലസ്രോതസ്സുകളെ ആശ്രയിക്കുന്ന ജനങ്ങളുടെ ശതമാനക്കണക്ക് താഴെ കൊടുക്കുന്നു.

**(അവലംബം – സാമ്പത്തിക അവലോകനം – 2013)**

| കുടിവെള്ള സ്രോതസ് | ആശ്രയിക്കുന്നവരുടെ ശതമാനം |
|---|---|
| കിണറുകൾ | 65 |
| അരുവികൾ | 1.4 |
| പുഴകൾ/കനാലുകൾ | 0.2 |
| കുളങ്ങൾ/തടാകങ്ങൾ | 0.7 |
| കുഴൽക്കിണർ | 3.7 |
| മറ്റ് മാർഗ്ഗങ്ങൾ | 2 |
| പൈപ്പ് വെള്ളം | 27 |



2011 ലെ സെൻസസ് പ്രകാരം, കേരളത്തിലെ 78 ശതമാനം വീട്ടുകാരും അവരുടെ പരിസരപ്രദേശങ്ങളിൽ നിന്നും തന്നെയാണ് കുടിവെള്ളം ലഭ്യമാക്കുന്നത്. 14 ശതമാനം അടുത്തുള്ള പരിസരങ്ങളിൽ നിന്നും കുടിവെള്ളം നേടുമ്പോൾ 8 ശതമാനം പേർ ദൂരെയുള്ള പരിസരങ്ങളിൽ നിന്നുമാണ് കുടിവെള്ളം കണ്ടെത്തുന്നത് (ഉദാ: ഇടുക്കി, വയനാട് ജില്ലകൾ). ഇടുക്കി ജില്ലയിൽ 27 ശതമാനം വീട്ടുകാർ ദൂരെനിന്നും കുടിവെള്ളം ശേഖരിക്കുമ്പോൾ 31 ശതമാനം പേർ സമീപപരിസരങ്ങളിൽ കുടിവെള്ളം കണ്ടെത്തുന്നു. വയനാട് ജില്ലയിൽ, ദൂരെ നിന്നും കുടിവെള്ളം ശേഖരിക്കുന്നവർ 16 ശതമാനവും, സമീപ പരിസരത്തുനിന്നും കുടിവെള്ളം കൊണ്ടുവരുന്നവർ 60 ശതമാനവുമാണ്.

കേരളത്തിലെ ഗ്രാമീണ ജനങ്ങളുടെ 72 ശതമാനം കുടിവെള്ളം കണ്ടെത്തുന്നത് പരിസരപ്രദേശത്തു നിന്നുമാണ്. നഗരങ്ങളിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നിവിടങ്ങളിൽ 86 ശതമാനത്തിലേറെപ്പേർ കുടിവെള്ളം സ്വന്തം പരിസരങ്ങളിൽ നിന്നും ശേഖരിക്കുന്നു. പരിസരപ്രദേശങ്ങളിൽ നിന്നും കുടിവെള്ളം കണ്ടെത്തുന്ന ഗ്രാമവാസികൾ ഏറ്റവും കുറവ് ഇടുക്കി ജില്ലയിലാണ് (39%). ആലപ്പുഴ ജില്ലയിലെ 11 ശതമാനം നഗരവാസികൾക്ക് തങ്ങളുടെ സമീപപരിസരങ്ങളിൽ നിന്നും കുടിവെള്ളം കണ്ടെത്താനാവാത്ത അവസ്ഥയുണ്ട്.

## 10. കുടിവെള്ളത്തിന്റെ ഗുണമേന്മ

സാമൂഹിക വികസന സൂചികകളിൽ രാജ്യത്ത് മുൻപന്തിയിൽ ആണെങ്കിലും, കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിൽ സംസ്ഥാനങ്ങൾക്കിടയിൽ കേരളം പിന്നോക്കമാണ്. കേരളത്തിലെ 70 ശതമാനത്തോളം കുടിവെള്ള സ്രോതസുകളും തുറന്ന ജലസ്രോതുകളാണ്. അതിനാൽ തന്നെ ഇവയിൽ രാസമലിനീകരണത്തിനും, ബാക്ടീരിയാ മലിനീകരണത്തിനുമുള്ള സാധ്യതകൾ പതിന്മടങ്ങാണ്. കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളിൽ ഉപയോഗിക്കപ്പെടുന്ന 39.9 ശതമാനം കുടിവെള്ളത്തിലും

Local Fund Audit Department

ഇരുമ്പ്, ഫ്ളൂറൈഡ്, നൈട്രേറ്റ് ലവണങ്ങളും മനുഷ്യവിസർജ്യത്തിലെ കോളിഫോം ബാക്ടീരിയയും കണ്ടു വരുന്നു. കേന്ദ്ര സർക്കാരിന്റെ കുടിവെള്ള പരിസരശുചിത്വമന്ത്രാലയം 2012 ൽ പുറത്തുവിട്ട കണക്കുകൾ പ്രകാരം കേരളത്തിലെ കുടിവെള്ളത്തിന്റെ ഗുണമേന്മ ദേശീയ ശരാശരി, സമീപ സംസ്ഥാനങ്ങൾ എന്നിവയേക്കാൾ വളരെ മോശമാണ്. വിശദാംശങ്ങൾ ചുവടെ.

**കുടിവെള്ളത്തിലെ മാലിന്യഘടകങ്ങൾ**

(അവലംബം- ശുചിത്വ കുടിവെള്ള മന്ത്രാലയം, ഭാരതസർക്കാർ)

| സംസ്ഥാനം | വർഷം | കുടിവെള്ളത്തിലെ രാസ/ബാക്ടീരിയ മാലിന്യങ്ങൾ ശതമാനത്തിൽ |
|---|---|---|
| തമിഴ്നാട് | 2012 | 4.2 |
| | 2013 | 1.3 |
| കർണാടകം | 2012 | 17.9 |
| | 2013 | 7.1 |
| ആന്ധ്രാപ്രദേശ് | 2012 | 15.8 |
| | 2013 | 2.9 |
| കേരളം | 2012 | 33.7 |
| | 2013 | 39.9 |
| ഇന്ത്യ | 2012 | 11.1 |
| | 2013 | 7.2 |

നമ്മുടെ അയൽ സംസ്ഥാനങ്ങളിലും, ദേശീയതലത്തിലും കുടിവെള്ളത്തിലെ അപകടകരമായ വസ്തുക്കളുടെ അളവ് ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുമ്പോഴും, കേരളത്തിൽ അത് വർദ്ധിക്കുകയാണെന്ന് കണക്ക് വ്യക്തമാക്കുന്നു. കേരളത്തിൽ കുടിവെള്ളത്തിലെ മാലിന്യത്തിന്റെ ശരാശരി അളവ് 2012 ൽ 33.7 ശതമാനമായിരുന്നത് 2013 ൽ 39.9 ശതമാനമായി വർദ്ധിക്കുകയാണുണ്ടായത്.

കുടിവെള്ളത്തിന്റെ ഗുണമേന്മയെപ്പറ്റി ജില്ലകളിൽ നടത്തിയ പഠന പ്രകാരം, കുടിവെള്ളമലിനീകരണം ഏറ്റവും കൂടുതലുള്ള ജില്ല കോഴിക്കോടാണ്. കോഴിക്കോട്ട് പരിശോധന നടത്തിയ 55 ശതമാനം സാമ്പിളുകളിലും ബാക്ടീരിയയുടെയോ, രാസവസ്തുക്കളുടെയോ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. ജലമലിനീകരണം ഏറ്റവും കുറവ് ഇടുക്കി ജില്ലയിലാണ്. ആലപ്പുഴ, പാലക്കാട് ജില്ലകളിൽ ഫ്ളൂറൈഡ് മാലിന്യമുള്ള കുടിവെള്ള സ്രോതസുകൾ കൂടുതലായുണ്ട്. ഇ- കോളി ബാക്ടീരിയമൂലമുള്ള മലിനീകരണം ഏറ്റവും കൂടുതൽ തിരുവനന്തപുരത്താണ്.

ഭൂഗർഭജലമലിനീകരണത്തിന്റെ തോത് വർദ്ധിച്ചുവരുന്നതിന് പ്രധാന കാരണം ജലം മണ്ണിലൂടെ ഒലിച്ചിറങ്ങുമ്പോൾ ജലത്തിൽ ചേരുന്ന വിവിധ വസ്തുക്കളാണ്. മനുഷ്യവിസർജ്യങ്ങൾ, ഗാർഹിക ഖരമാലിന്യങ്ങൾ, ഗാർഹിക മലിനജലം മുതലായവയാണ് ഇത്തരത്തിൽ ഭൂഗർഭജലത്തെ മലിനമാക്കുന്നത്.

**ജലായനം പദ്ധതിയുടെ കണ്ടെത്തലുകൾ**

കേരളത്തിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം വിലയിരുത്താനായി ഹയർ സെക്കന്ററി സ്കൂളുകളിലെ 40,000 എൻ.എസ്.എസ്.വോളണ്ടിയർമാർ യൂണിസെഫ്, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ് എന്നിവയുമായി ചേർന്ന് സംസ്ഥാന വ്യാപകമായി ജലഗുണനിലവാര പരിശോധന നടത്തുകയുണ്ടായി. 'ജലായനം ജലസുരക്ഷാ പദ്ധതി' എന്നാണ് ഈ സംരംഭത്തിന് നൽകിയ പേര്. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നായി 40,439 സാമ്പിളുകൾ പദ്ധതിയുടെ ഭാഗമായി പരിശോധിച്ചു. കുടിവെള്ള സാമ്പിളുകളിൽ 83.6 ശതമാനം കിണറുകളിൽ നിന്നും, 7.2 ശതമാനം കുഴൽക്കിണറുകളിൽ നിന്നും, 9.2 ശതമാനം മറ്റു സ്രോതസുകളിൽ നിന്നുമാണ് ശേഖരിച്ചത്. പ്രധാന കണ്ടെത്തലുകൾ ഇവയായിരുന്നു.

- ആകെ സാമ്പിളുകളിൽ നിന്നും ക്രമമില്ലാതെ തെരഞ്ഞെടുത്ത 4512 സാമ്പിളുകളിൽ കോളിഫോം ബാക്ടീരിയ ഉണ്ടോ എന്നു പരിശോധിച്ചപ്പോൾ 2331 സാമ്പിളുകളിലും അഥവാ 51.66 ശതമാനത്തിലും കോളിഫോം ബാക്ടീരിയകളുടെ സാന്നിദ്ധ്യം കണ്ടെത്തി.
- 4.45 ശതമാനം സാമ്പിളുകളിൽ ക്ലോറൈഡ് അധികമുള്ളതായി കണ്ടെത്തി
- 0.66 ശതമാനം സാമ്പിളുകളിൽ ഇരുമ്പിന്റെ സാന്നിദ്ധ്യം അധികം ഉണ്ടായിരുന്നു
- 1.47 ശതമാനം സാമ്പിളുകളിൽ നൈട്രേറ്റ് അധികമായിരുന്നു
- 2.83 ശതമാനം സാമ്പിളുകളിൽ പി.എച്ച്.മൂല്യം കൂടുതലും, 21.25 ശതമാനം സാമ്പിളുകളിൽ പി.എച്ച്. മൂല്യം കുറവും ആണ്.
- 1.98 ശതമാനം സാമ്പിളുകളിൽ ഫ്ളൂറൈഡ് അധികമുള്ളതായി കണ്ടെത്തി.

Local Fund Audit Department

### കേരളത്തിലെ കുടിവെള്ളത്തിന്റെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ

**പി.എച്ച്.മൂല്യം**

ജലത്തിന്റെ അമ്ലഗുണം, ക്ഷാരഗുണം എന്നിവ സന്തുലിതമായ പി.എച്ച്.മൂല്യം 7 ആയിട്ടുള്ള ജലമാണ് ഏറ്റവും ശുദ്ധം. പി.എച്ച്.മൂല്യം 4 ൽ കുറഞ്ഞാൽ പുളിരുചിയും, 8.5 ൽ കൂടിയാൽ കാരരുചിയും അനുഭവപ്പെടും.

**ക്ലോറൈഡ്**

ക്ലോറൈഡിന്റെ സാന്നിദ്ധ്യം അധികമായാൽ ഉപ്പ് രുചി ഉണ്ടാകുകയും, ജലത്തിന്റെ നശീകരണശേഷി വർദ്ധിക്കുകയും ചെയ്യുന്നു.

**ഫ്ളൂറൈഡ്**

ഫ്ളൂറൈഡ് അധികമുള്ള ജലത്തിന്റെ ഉപയോഗം ഫ്ളൂറോസിസ് എന്ന രോഗത്തിന് കാരണമാവുന്നു.

**നൈട്രേറ്റ്**

നൈട്രേറ്റ് സാന്നിദ്ധ്യം ജലത്തിന് ദോഷങ്ങൾ ഉണ്ടാക്കുന്നില്ലെങ്കിലും, ഇത് വിഘടിച്ചുണ്ടാകുന്ന നൈട്രേറ്റ് രക്തത്തിലെ ഹീമോഗ്ലോബിനുമായി ചേർന്ന് മെതഗ്ലോബിൻ സംയുക്തമുണ്ടാകുന്നു. ഓക്സിജനെ വഹിച്ചു കൊണ്ടുപോകുന്നുള്ള രക്തത്തിന്റെ കഴിവിനെ ഇതു കുറയ്ക്കുന്നു.

**ഇരുമ്പ്**

കേരളത്തിൽ വ്യാപകമായുള്ള ജലമലിനീകരണ പ്രശ്നമാണ് ഇരുമ്പിന്റെ ആധിക്യം. ഇരുമ്പ് രുചി, തുണികൾക്കും പാത്രങ്ങൾക്കും നിറവ്യത്യാസം, ചൂടാക്കുമ്പോൾ വെള്ളം കലങ്ങി ചെളി പാത്രത്തിൽ അടിയുക, ജലത്തിന്റെ മുകളിൽ പാട കാണുക തുടങ്ങിയവ ഇതിന്റെ പാർശ്വഫലങ്ങളാണ്.

**കോളിഫോം ബാക്ടീരിയ**

പല പകർച്ചവ്യാധികൾക്കും, മാരകരോഗങ്ങൾക്കും കോളിഫോം ബാക്ടീരിയ കാരണമാവുന്നു. ജലത്തിൽ ഇത്തരം ബാക്ടീരിയകളുടെ സാന്നിദ്ധ്യം മനുഷ്യവിസർജ്യ വസ്തുക്കൾമൂലമുള്ള മലിനീകരണത്തിന് തെളിവാണ്.

**കുടിവെള്ളത്തിന്റെ ഗുണമേ പരിശോധിക്കാനുള്ള സംവിധാനം തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇല്ല**

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ കുടിവെള്ള വിതരണത്തിനായി വിവിധ സംവിധാനങ്ങൾ ഉണ്ടെങ്കിലും, വിതരണം ചെയ്യപ്പെടുന്ന ജലത്തിന്റെ ഗുണമേ പരിശോധിക്കുവാനുള്ള യാതൊരുവിധ സംവിധാനങ്ങളും നിലവിൽ ഇല്ല. ജനങ്ങളുടെ ആരോഗ്യത്തെ നേരിട്ടു ബാധിക്കുന്ന കുടിവെള്ളം പോലുള്ള മേഖലയിൽ ഇത്തരമൊരു സംവിധാനമില്ലാത്തത് വളരെ വലിയ ന്യൂനതയാണ്.

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിലെ വിവിധ ജലസ്രോതസുകളിൽ നിന്നുള്ള 50 ജലസാമ്പിളുകൾ 02.04.13 ന് ശേഖരിച്ച് കോഴിക്കോട്ടെ സി.ഡബ്ല്യൂ.ആർ.ഡി. എമ്മിൽ ഗുണനിലവാരപരിശോധന നടത്തിയിരുന്നു. ഭൂരിഭാഗം സാമ്പിളുകളിലും പി.എച്ച്.മൂല്യം അനുവദനീയമായതിലും കുറവായിരുന്നു. 45 സാമ്പിളുകളിൽ കോളിഫോം ബാക്ടീരിയ പരിധിയിൽ കൂടുതൽ ഉള്ളതായും, 18 സാമ്പിളുകളിൽ ഇ-കോളി ബാക്ടീരിയയും കാണപ്പെട്ടു.

**കക്കൂസുകളും ജലമലിനീകരണവും**

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി (KRWSA) നടപ്പാക്കുന്ന 'ജലനിധി ' പദ്ധതിയുടെ തുടക്കത്തിൽ നടത്തിയ സർവ്വേപ്രകാരം, കേരളത്തിലെ 80 ശതമാനം കിണർവെള്ളവും ഉയർന്ന അളവിൽ കോളിഫോം ബാക്ടീരിയ അടങ്ങിയതാണ്. മനുഷ്യവിസർജ്യത്തിന്റെ സാന്നിദ്ധ്യത്തിലാണ് കോളിഫോം ബാക്ടീരിയ പ്രധാനമായും വർദ്ധിക്കുന്നത്. ആഴക്കുഴി കക്കൂസുകൾ കിണർവെള്ളം മലിനപ്പെടുത്തുന്ന ഒരു പ്രധാന ഘടകമാണ്. കുഴിയുടെ ആഴം കൂടുന്തോറും മനുഷ്യവിസർജ്യം ദ്രവിക്കാൻ ആവശ്യമായ വായുവിന്റെ ലഭ്യത കുറയുകയും, മാലിന്യം ദ്രവിച്ചു പോകാതെ കൂടുതൽക്കാലം അവശേഷിക്കുകയും ചെയ്യും. മഴക്കാലത്ത് ഭൂഗർഭജലവിതാനം ഉയരുമ്പോൾ കിണർവെള്ളവും, കക്കൂസിലെ വെള്ളവും ഒരേ വിതാനത്തിൽ എത്തുകയും, മലിനജലം കിണർവെള്ളവുമായി കൂടിക്കലരാൻ ഇടയാകുകയും ചെയ്യുന്നു. ഇങ്ങനെ മലിനപ്പെടുന്ന ജലം ഉപയോഗിക്കുന്നതിലൂടെ ഒട്ടേറെ ജലജന്യരോഗങ്ങൾ പിടിപ്പെടുന്നു.

കക്കൂസ് നിർമ്മാണത്തിനായി വളരെ ആഴത്തിൽ കുഴികൾ ഉണ്ടാക്കുന്നതാണ് കേരളത്തിൽ പിൻതുടർന്നു വരുന്ന രീതി. സർക്കാർ ആവിഷ്കൃത പദ്ധതികളിൽ എല്ലാം ആഴംകുറഞ്ഞ കുഴികൾ പ്രചരിപ്പിക്കാനാണ് ശ്രമിക്കുന്നത്. എന്നാൽ ഇത്തരം പദ്ധതികളുടെ ഭാഗമല്ലാതെയും സ്വന്തമായും കക്കൂസ് നിർമ്മിക്കുന്ന മിക്കവരും ഇപ്പോഴും വളരെ ആഴത്തിൽ കുഴികൾ ഉണ്ടാക്കുകയാണ് ചെയ്യുന്നത്.

Local Fund Audit Department

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രദേശങ്ങളിൽ വേനൽക്കാലത്ത് വ്യാപകമായ തോതിൽ കുടിവെള്ള വിതരണം നടത്തി വരുന്നു. എന്നാൽ ഈ ജലത്തിന്റെ ഗുണമേന്മയോ, സുരക്ഷിതത്വമോ ആരും പരിശോധിക്കുന്നില്ല. ചങ്ങനാശ്ശേരി നഗരസഭയിൽ 12.05.2011 മുതൽ ലോറികളിൽ വിതരണം ചെയ്ത കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് 24.05.2011 ലും 2012 ഏപ്രിൽ 1 മുതൽ 30 വരെ വിതരണം ചെയ്തതിന്റെ പരിശോധനാ റിപ്പോർട്ട് 01.05.12 ലുമാണ് നഗരസഭയിൽ ലഭിച്ചത്. 2011 ൽ വിതരണം ചെയ്ത കുടിവെള്ളത്തിൽ രോഗകാരികളായ ബാക്ടീരിയകളുടെ വർദ്ധിച്ച സാന്നിദ്ധ്യം ഉണ്ടായിരുന്നതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

## 11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടിവെള്ള വിതരണവും

കേരളത്തിൽ കുടിവെള്ള വിതരണം നടത്തുന്ന പ്രധാന ഏജൻസി കേരള വാട്ടർ അതോറിറ്റിയാണ്. സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന പൈപ്പുവെള്ളത്തിന്റെ 94 ശതമാനവും വാട്ടർ അതോറിറ്റി വഴിയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റി മുഖാന്തിരവും സ്വന്തം നിലയിലും ജലവിതരണത്തിന് മേൽനോട്ടം വഹിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 2214 ജലവിതരണ പദ്ധതികളാണുള്ളത്. ഇവയിൽ 72 എണ്ണം നഗരങ്ങൾക്കും, 2142 എണ്ണം ഗ്രാമങ്ങൾക്കും വേണ്ടിയുള്ളതാണ്. നഗരങ്ങളിലെ 85 ശതമാനം ജനങ്ങൾക്കും, ഗ്രാമങ്ങളിലെ 77 ശതമാനം പേർക്കും വാട്ടർ അതോറിറ്റി വഴിയുള്ള കുടിവെള്ളമാണ് ലഭിക്കുന്നത്.

വൻതോതിലുള്ള വിതരണനഷ്ടം, ആധുനികവൽക്കരണത്തിന്റെ അഭാവം, സേവനക്ഷമതയിലെ പോരായ്മകൾ, വൈദഗ്ധ്യം ഉപയോഗിക്കുന്നതിലെ സ്വാതന്ത്ര്യമില്ലായ്മ തുടങ്ങിയ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. ആസൂത്രണത്തിലെ പിഴവുകളും, ഭാരിച്ച പ്രവൃത്തി- പരിപാലനച്ചെലവും തദ്ദേശസ്ഥാപനങ്ങളുടെ ജലവിതരണ പദ്ധതി പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ ബാധിക്കുന്നു.

നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു കുടിവെള്ള പദ്ധതി നടപ്പാക്കുമ്പോൾ ബന്ധപ്പെട്ട പ്രദേശത്തെ ജല ലഭ്യത, ജലവിതരണ സാധ്യത, അടിസ്ഥാനസൗകര്യങ്ങളുടെ ആവശ്യകത എന്നിവയെപ്പറ്റി വേണ്ട വിധത്തിൽ വിവരശേഖരണം നടത്താതെ പദ്ധതി തയ്യാറാക്കി പണം ചെലവഴിക്കുകയാണ് ചെയ്യുന്നത്. ഗുണഭോക്താക്കളുടെ അഭിപ്രായവും, സഹകരണവും തേടുന്നില്ല. പദ്ധതി പാതിവഴിയിൽ എത്തുമ്പോഴാണ് യഥാർത്ഥ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുക. തുടർന്ന് പദ്ധതി പൂർത്തിയാക്കാനാവാതെ ഉപേക്ഷിക്കപ്പെടുന്നു.

**കുടിവെള്ള മേഖലയിൽ 45 ശതമാനം തുകയും ചെലവഴിക്കുന്നില്ല**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങളിൽ ഒന്നാണ് കുടിവെള്ളമേഖല എങ്കിലും, ഈ മേഖലയിലെ ഫണ്ട് വകയിരുത്തൽ, വിനിയോഗം എന്നിവ പരിമിതിമാണ്. ഇതുകൊണ്ട് തന്നെ ദൂരക്കാഴ്ചയോടെ ഈ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്യാനോ, നടപ്പിൽ വരുത്താനോ കഴിയുന്നില്ല. വകയിരുത്തൽ തന്നെ പരിമതിമായിരിക്കെ 2012-13 ൽ, കുടിവെള്ള മേഖലകളിൽ അനുവദിക്കപ്പെട്ട വികസന ഫണ്ടിന്റേ 55.10 ശതമാനം മാത്രം ചെലവഴിക്കാനേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുള്ളൂ. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസനഫണ്ട്- കുടിവെള്ള മേഖലയിലെ വിഹിതവും, ചെലവും (2012-13)**

(അവലംബം- സാമ്പത്തിക അവലോകനം 2013)

(രൂപ ലക്ഷത്തിൽ)

| തദ്ദേശസ്ഥാപനം | അനുവദിച്ച തുക | ചെലവ് | ശതമാനം (%) |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 12760.70 | 7077.51 | 55.46 |
| ബ്ലോക്ക് പഞ്ചായത്ത് | 2912.68 | 1652.11 | 56.22 |
| ജില്ലാപഞ്ചായത്ത് | 5240.87 | 2772.90 | 52.91 |
| മുനിസിപ്പാലിറ്റികൾ | 1553.20 | 1061.48 | 68.34 |
| കോർപ്പറേഷനുകൾ | 956.03 | 342.06 | 35.78 |
| **ആകെ** | **23423.48** | **12906.06** | **55.10** |

കുടിവെള്ളമേഖലയിലെ വികസന ഫണ്ട് വിനിയോഗത്തിൽ മുനിസിപ്പാലിറ്റികളാണ് മുൻപന്തിയിൽ (68.34%). മുനിസിപ്പൽ കോർപപ്പറേഷനുകളിലാണ് വിനിയോഗം ഏറ്റവും കുറവ് (35.78%). ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാപഞ്ചായത്തുകൾ എന്നിവയുടെ കുടിവെള്ളമേഖലയിലെ പദ്ധതി തുക വിനിയോഗം തൃപ്തികരമല്ല എന്നും കണക്കുകൾ വ്യക്തമാക്കുന്നു.

Local Fund Audit Department

ഏതാനും ഗ്രാമപഞ്ചായത്തുകൾ കുടിവെള്ള മേഖലയ്ക്ക് നീക്കിവച്ചതും ചെലവഴിച്ചതുമായ തുകകൾ താരതമ്യം ചെയ്തിട്ടുള്ളത് ചുവടെ കൊടുക്കുന്നു.

| ഗ്രാമപഞ്ചായത്ത് | ജില്ല | വർഷം | കുടിവെള്ള മേഖലയ്ക്ക് നീക്കിവെച്ച തുക (രൂപ) | കുടിവെള്ള മേഖലയിലെ ചെലവ് (രൂപ) | ചെലവ് ശതമാനം |
|---|---|---|---|---|---|
| മാണിക്കൽ ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം | 2010-11 | 3810645 | 1947880 | 51.11 |
| | | 2011-12 | 3835704 | 2980483 | 77.70 |
| | | 2012-13 | 3344391 | 1872523 | 55.98 |
| പഴയന്നൂർ ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 2010-11 | 4765000 | 4332117 | 90.91 |
| | | 2011-12 | 2058750 | 1401414 | 68.07 |
| | | 2012-13 | 1594603 | 1018461 | 63.86 |
| അരിമ്പൂർ ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 2010-11 | 970090 | 163527 | 10.85 |
| | | 2011-12 | 7867683 | 1900480 | 24.15 |
| | | 2012-13 | 1461767 | 491498 | 33.62 |
| ധർമ്മടം ഗ്രാമപഞ്ചായത്ത് | കണ്ണൂർ | 2010-11 | 749321 | 249235 | 33.26 |
| | | 2011-12 | 621346 | 405330 | 65.23 |
| | | 2012-13 | 410000 | 128901 | 31.43 |
| പിണറായി ഗ്രാമപഞ്ചായത്ത് | കണ്ണൂർ | 2010-11 | 5445904 | 51300 | 9.40 |
| | | 2011-12 | 1675700 | 255790 | 15.26 |
| | | 2012-13 | 563420 | 239763 | 42.55 |
| ചെറുകുന്ന് ഗ്രാമപഞ്ചായത്ത് | കണ്ണൂർ | 2010-11 | 697460 | 28753 | 4.12 |
| | | 2011-12 | 599760 | 451273 | 75.24 |
| | | 2012-13 | 1779175 | 17983 | 1.01 |
| കൊളച്ചേരി ഗ്രാമപഞ്ചായത്ത് | കണ്ണൂർ | 2010-11 | 1661000 | 954036 | 57.44 |
| | | 2011-12 | 1172364 | 937181 | 79.94 |
| | | 2012-13 | 243393 | 170869 | 70.20 |
| ചെമ്മനാട് ഗ്രാമപഞ്ചായത്ത് | കാസർഗോഡ് | 2010-11 | 3378770 | 1876650 | 55.54 |
| | | 2011-12 | 2089253 | 794696 | 38.03 |
| | | 2012-13 | 1324578 | 250000 | 18.87 |
| പള്ളിക്കര ഗ്രാമപഞ്ചായത്ത് | കാസർഗോഡ് | 2010-11 | 2700000 | 1582258 | 58.6 |
| | | 2011-12 | 5314478 | 3510460 | 66.05 |
| | | 2012-13 | 812289 | 453630 | 55.84 |

കുടിവെള്ള മേഖലയ്ക്ക് നീക്കിവെക്കുന്ന തുകകളിൽ 50 ശതമാനം പോലും ബന്ധപ്പെട്ട സാമ്പത്തിക വർഷങ്ങളിൽ ചെലവഴിക്കാൻ കഴിയാത്ത ഗ്രാമപഞ്ചായത്തുകളുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

കോട്ടയം ജില്ലയിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ വികസന ഫണ്ട് ചെലവ് 45,03,401/-, 63,53,572/- രൂപ എന്നിങ്ങനെയാണ്. ഇവയിൽ യഥാക്രമം 8,61,880/-രൂപ, 7,26,197/-രൂപ എന്നിങ്ങനെയാണ്. ജലസംരക്ഷണ/കുടിവെള്ള പദ്ധതികൾക്കായി ചെലവഴിച്ചിട്ടുള്ളത്. ഇത് വികസന ഫണ്ട് ചെലവിന്റെ 19.1%, 11.4% എന്നിങ്ങനെയാണ്. തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് 11-ാം പദ്ധതി കാലത്ത് 12 പദ്ധതികൾക്കായി 11,21,000/-രൂപ അടങ്കൽ വകയിരുത്തിയെങ്കിലും 5,39,464/- രൂപ മാത്രമാണ് ചെലവഴിക്കാനായത്. 48.12 ശതമാനം മാത്രമായിരുന്നു ചെലവഴിക്കൽ.

അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്താണ് എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര. എന്നാൽ വാർഷിക ചെലവിന്റെ ചെറിയൊരു ശതമാനം മാത്രമാണ് ഇവിടെ കുടിവെള്ള പദ്ധതികൾക്കായി നീക്കിവെയ്ക്കുന്നത്. 2011-12 ൽ ആകെ ചെലവഴിച്ച തുകയായ 1,98,67,908/-രൂപയുടെ 20.24 ശതമാനമായ 40,22,066/-രൂപയാണ് കുടിവെള്ള മേഖലയിൽ ചെലവഴിച്ചത്. 2012-13 ൽ ഇത് കേവലം 2.27 ശതമാനം മാത്രമാണ് (ആകെ ചെലവ് 1,65,89,004/- കുടിവെള്ള മേഖലയിലെ ചെലവ് 3,76,455/-രൂപ). മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് 2011-12 ൽ ആകെ പദ്ധതിച്ചെലവിന്റെ 29.56 ശതമാനവും, 2012-13 ൽ 14.17 ശതമാനവുമാണ് കുടിവെള്ള മേഖലയിൽ വിനിയോഗിച്ചിട്ടുള്ളത്.

Local Fund Audit Department

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 2011-12 ൽ 1,00,18,555/- രൂപ, 2012-13 ൽ 2,24,77,802/-രൂപ എന്നിങ്ങനെയാണ് പൊതുവിഭാഗത്തിലെ ആകെ പദ്ധതിച്ചെലവ്. എന്നാൽ കുടിവെള്ള മേഖലയിലെ ചെലവ് യഥാക്രമം 14,01,414/-രൂപ (13.98%), 10,18,461/- രൂപ (4.53%) എന്നിങ്ങനെ മാത്രമാണ്. പുത്തൂർ ഗ്രാമപഞ്ചായത്ത് 2011-12 ൽ 1,92,326/-രൂപയും, 2012-13 ൽ 12,69,274/-രൂപയുമാണ് കുടിവെള്ള മേഖലയിൽ ചെലവഴിച്ചത്. പൊതുവിഭാഗം ആകെ ചെലവിന്റെ യഥാക്രമം 0.64 ശതമാനം, 3.84 ശതമാനം എന്നിങ്ങനെ മാത്രമാണ് ഈ തുകകൾ.

**സാധ്യതാപഠനം നടത്താതെ ആരംഭിക്കുന്ന കുടിവെള്ള പദ്ധതികൾ പരാജയപ്പെടുന്നു**

പരിശോധന നടത്തി ജലലഭ്യത ഉറപ്പുവരുത്തി ജലസ്രോതസ് തീരുമാനിച്ചശേഷമേ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാവൂ എന്നും, ഇക്കാര്യം പ്രോജക്ടിൽ സാക്ഷ്യപ്പെടുത്തണമെന്നും സ.ഉ.(എം.എസ്)/225/12/തസ്വഭവ, തീയതി 18.08.12 പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ നിഷ്ക്കർഷിക്കുന്നു. എന്നാൽ ഇതിനു കടകവിരുദ്ധമായി, ആവശ്യമായ സാധ്യതാപഠനമോ, മുന്നൊരുക്കമോ ഇല്ലാതെ നടപ്പിലാക്കി പരാജയമടഞ്ഞ നിരവധി കുടിവെള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുണ്ട്. പൊതുപണത്തിന്റെ വൻതോതിലുള്ള പാഴ്ച്ചെലവാണ് ഇതിന്റെ ഫലം.

കോട്ടയം നഗരസഭ 2011-12 ൽ കുമാരനല്ലൂർ സോണൽ ഓഫീസ് പരിധിയിലുള്ള ചെങ്കൊറ്റ പ്രദേശത്ത് കുടിവെള്ള പദ്ധതി ആരംഭിക്കുവാൻ ഓവർഹെഡ് ടാങ്ക് പണിയാനായി 40 ച.മീ. സ്ഥലം 1,27,313/-രൂപ ചെലവാക്കി വാങ്ങിയയെങ്കിലും ജലസ്രോതസ് കണ്ടെത്തുകയോ, പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട വഴി നിശ്ചയിക്കുകയോ, പമ്പ്ഹൗസ് സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തില്ല. യാതൊരുവിധത്തിലുമുള്ള ആസൂത്രണമോ, ദീർഘവീക്ഷണമോ ഇല്ലാതെ പദ്ധതിക്കായി ചെലവഴിച്ച പണം പാഴായി.

ചങ്ങനാശ്ശേരി നഗരസഭ 2012-13 ൽ എസ്.സി.പി. പദ്ധതിയിൽപ്പെടുത്തി 5,92,000/- രൂപ ചെലവഴിച്ച പദ്ധതിയാണ് ആറ്റുപുറത്ത് കോളനിയിൽ കുഴൽക്കിണർ നിർമ്മാണം. ഈ തുക 08.03.13 ലെ 319104-ാം നമ്പർ ഡി.ഡി.പ്രകാരം കോട്ടയത്തെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന് നൽകി. ഗ്രൗണ്ട് വാട്ടർ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച ശേഷം വണ്ടി കയറ്റാനാവാത്തതിനാൽ മടങ്ങിപ്പോയതായാണ് സ്ഥലവാസികളിൽ നിന്നും ലഭിച്ച വിവരം. ഇത്തരമൊരു പ്രദേശത്ത് കുഴൽക്കിണർ നിർമ്മിക്കാൻ തീരുമാനിച്ചത് നഗരസഭാ അധികൃതരുടെ ആസൂത്രണത്തിലെ പിഴവാണ് ചൂണ്ടിക്കാട്ടുന്നത്.

ജലലഭ്യതക്കുറവുമൂലം ഒട്ടേറെ കുടിവെള്ള പദ്ധതികൾ പ്രവർത്തനം നിലച്ച ഗ്രാമപഞ്ചായത്താണ് ഇടുക്കി ജില്ലയിലെ മുട്ടം. 2002-03 മുതൽ 2011-12 വരെയുള്ള 10, 11 പദ്ധതിക്കാലയളവുകളിലായി ഗ്രാമപഞ്ചായത്ത് 46,71,937/- രൂപ ചെലവഴിച്ച് 459 വ്യക്തിഗത കുടിവെള്ളക്കിണറുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. എന്നാൽ പൂർത്തിയായ കിണറുകളിലെ ജലലഭ്യതയും ഉറപ്പാക്കിയിട്ടില്ല. കൃഷി ഓഫീസറുടെ സാക്ഷ്യപത്രമോ, മോണിട്ടറിംഗ് സമിതി റിപ്പോർട്ടോ ഇല്ലാതെയാണ് ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത്.

എറണാകുളം ജില്ലയിലെ കൂവപ്പടി ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യവർഷങ്ങളിൽ വടക്കമ്പിള്ളി കോളനി പ്രദേശത്ത് കിണർ കുഴിച്ച് മോട്ടോർ സ്ഥാപിക്കുകയും, 5000 ലിറ്റർ ശേഷിയുള്ള കോൺക്രീറ്റ് ടാങ്ക് നിർമ്മിക്കുകയും ചെയ്തു. കുടിവെള്ള വിതരണത്തിനായി 1998-99 ൽ 11,00,000/-രൂപ ചെലവഴിച്ച് പൈപ്പ് ലൈനും സ്ഥാപിച്ചു. എന്നാൽ മഴക്കാലത്ത് മാത്രമാണ് കിണറ്റിൽ ജലം ലഭ്യമാകുന്നത്. പാറനിറഞ്ഞ പദ്ധതി പ്രദേശത്ത് വേനൽക്കാലത്ത് ജലലഭ്യത ഉണ്ടാവുമോ എന്നുറപ്പാക്കാത്തതിനാൽ 11 ലക്ഷം രൂപ പാഴ്ച്ചെലവായി.

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്ത് 2007-08 ൽ 1,03,660/-രൂപ ചെലവിൽ പൂർത്തിയാക്കിയതാണ് പാറക്കുളം കുടിവെള്ള പദ്ധതി. എന്നാൽ സാധ്യതാപഠനം നടത്താതെ നിർമ്മിച്ച കുഴൽക്കിണറിൽ ജലലഭ്യതയില്ലാതെ പദ്ധതി നിലച്ചു.

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിൽ, ചോലക്കൽ കുടിവെള്ള പദ്ധതിക്ക് നിർമ്മിച്ച കിണറിലെ വെള്ളം ഉപയോഗയോഗ്യമല്ലാത്തതിനാൽ വീണ്ടുമൊരു കിണർ കുഴിക്കേണ്ടി വന്നു. എന്നാൽ രണ്ടാമത് കുഴിച്ച കിണറ്റിലെ വെള്ളവും

**ഭൂഗർഭജലവകുപ്പിന്റെ മുന്നറിയിപ്പ് അവഗണിച്ചു; പദ്ധതിപ്പണം പാഴായി**

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്ത് 2011-12 ൽ 3,26,400/-രൂപ അടങ്കലിൽ നടപ്പാക്കിയതാണ് നടവരമ്പ്-ചിറവളവ് പുഞ്ചപ്പാടം കുടിവെള്ള പദ്ധതി. എന്നാൽ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കിണറിൽ നിന്നും ലഭിച്ചത് ഉപ്പുവെള്ളം ആയതിനാൽ പദ്ധതി പരാജയപ്പെട്ടു. കിണറിന്റെ നിർമ്മാണവേളയിൽ, ആഴത്തിനനുസരിച്ച് ഉപ്പുവെള്ളത്തിന്റെ സാന്നിദ്ധ്യം പരിശോധിക്കണമെന്ന് തൃശ്ശൂർ ജില്ലാ ഭൂഗർഭജലവകുപ്പ് ഓഫീസർ 03.06.2010 ലെ കുഴൽക്കിണർ സാധ്യതാ പരിശോധനാ റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിന് മുന്നറിയിപ്പ് നൽകിയിരുന്നതാണ്. എന്നാൽ ഇക്കാര്യം പരിഗണിക്കാതെ പദ്ധതി നടപ്പാക്കുകയായിരുന്നു.

Local Fund Audit Department

**നൂതനാശയ പദ്ധതിയായ ഒദയമ്മയാടം വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് പരാജയമായി**

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്ത് കുടിവെള്ളപദ്ധതിക്കായി ഒദയമ്മയാടത്ത് കുഴൽക്കിണർ കുഴിച്ചപ്പോൾ ലഭിച്ചത് ഉപ്പുവെള്ളമായിരുന്നു. ഈ ജലം ശുദ്ധീകരിച്ച് ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പദ്ധതി ആരംഭിച്ചു. 2003 ൽ പ്രവർത്തനമാരംഭിച്ച പദ്ധതിക്കായി 11,23,750/- രൂപ ചെലവഴിച്ചെങ്കിലും 2008 ൽ പദ്ധതി പ്രവർത്തനരഹിതമായി. സാങ്കേതിക വിദഗ്ധരുടെ അഭാവം, ജലം ശുദ്ധീകരിക്കാനുള്ള രാസവസ്തുക്കളുടെ ദൗർലഭ്യം എന്നിവമൂലമാണ് പദ്ധതി പരാജയമായത്. നിലവിൽ പദ്ധതി പ്രദേശം കാടുമൂടി പ്ലാന്റിലെ ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നു. ഉപയോഗശൂന്യമായ രാസവസ്തുക്കൾ പ്ലാന്റിലെ മുറിയുടെ മൂലയിൽ കൂട്ടിയിട്ട നിലയിലാണ്.

തദ്ദേശരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ആവശ്യമെങ്കിൽ എഞ്ചിനീയറിംഗ് കോളേജുകൾ, സെസ്, സി.ഡി.എസ്, സി.ഡബ്ല്യൂ.ആർ.ഡി.എം തുടങ്ങിയ സ്ഥാപനങ്ങളുടെ വൈദഗ്ധ്യം തേടാമെന്ന് പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നിട്ടും മേൽ പദ്ധതിയിൽ സാങ്കേതിക വൈദ്ഗ്ധ്യം തേടാതെ പദ്ധതി നടപ്പാക്കിയത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നുമുള്ള വീഴ്ചയാണ്.

ഉപയോഗിക്കാനാവുന്നില്ല. ഗ്രാമപഞ്ചായത്തിലെ പൂപറമ്പിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയ്ക്കായി ചെറുപുഴയുടെ തീരത്ത് കുഴിച്ച കിണർ ഉപയോഗിക്കാതെ പുഴയിൽ നിന്നും നേരിട്ട് വെള്ളം പമ്പുചെയ്യുകയാണ്.

കാസർഗോഡ് ജില്ലാപഞ്ചായത്ത് മുളിയാർ ഗ്രാമപഞ്ചായത്തിലെ ചാപ്പാടി, കോപ്പാളം-കൊച്ചി, കുമ്പള ഗ്രാമപഞ്ചായത്തിലെ ഉജാർ എന്നീ പട്ടികജാതി കോളനികളിൽ കുടിവെള്ളമെത്തിക്കാനുള്ള പദ്ധതികൾക്കായി 30,56,211/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതിൽ കുഴൽക്കിണർ നിർമ്മിക്കാൻ 1,45,637/-രൂപ ചെലവഴിച്ചു. എന്നാൽ ആവശ്യത്തിന് ജലം ലഭ്യമല്ലാത്തതിനാൽ പദ്ധതികൾ ഉപേക്ഷിച്ചു.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനരഹിതമായ കുടിവെള്ള പദ്ധതികൾ**

വിവിധ പദ്ധതിക്കാലയളവുകളിലായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒട്ടേറെ കുടിവെള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ഇവയുടെ നടത്തിപ്പും, പരിപാലനവും കാര്യക്ഷമമല്ല. സ്രോതസിലെ ജലദൗർലഭ്യം, വൈദ്യുതി കണക്ഷൻ ലഭിക്കാത്തത്, മോട്ടോറും പൈപ്പ്ലൈനും തകരാറായത് എന്നിങ്ങനെയുള്ള കാരണങ്ങളാലാണ് കുടിവെള്ള പദ്ധതികൾ കൂടുതലും പ്രവർത്തനരഹിതമാകുന്നത്. ഗുണഭോക്താക്കളുടെ സഹകരണക്കുറവുമൂലം ഉപേക്ഷിക്കപ്പെട്ട കുടിവെള്ള പദ്ധതികളുമുണ്ട്.

പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിൽ ഒൻപതാം പദ്ധതിക്കാലത്ത് 7,81,290/- രൂപ ചെലവാക്കി പണിതീർത്ത നാലു കുടിവെള്ള പദ്ധതികൾ നിലവിൽ പ്രവർത്തനരഹിതങ്ങളാണ്. ഗ്രാമപഞ്ചായത്തിലെ നാലു പട്ടികജാതി കോളനികളിൽ കുടിവെള്ളമെത്തിക്കാനായി തലയറകോളനി, കുരിയറ കോളനി, ഗാന്ധിസ്മാരക കോളനി, കൊടുമൺ ചിറ കോളനി എന്നിവിടങ്ങളിൽ നിർമ്മിച്ച പദ്ധതികളാണ് വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ചിട്ടുള്ളത്. ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 15-ാം വാർഡിലുൾപ്പെട്ട പൊടിവിളക്കോളനിയിൽ 2009-10 ൽ 5 ലക്ഷം രൂപ ചെലവിൽ വാട്ടർ അതോറിറ്റി വഴി നടപ്പാക്കിയ കുടിവെള്ള പദ്ധതിയും പ്രവർത്തനരഹിതമാണ്.

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ വിവിധ കാലയളവുകളിലായി 34,69,347/-രൂപ മുടക്കി 15 കുടിവെള്ള പദ്ധതികൾ പണി തീർത്തിരുന്നു. നിലവിൽ ഇവയിൽ ആറെണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. പടപ്പാറ, പോത്തുപാറ, അംബേദ്ക്കർ കോളനി, കാഞ്ഞിരമുകൾ, പാലമല, കാരുവയൽ, പാലം വിക്ടറി, ഏനാദിപ്പച്ച, നെല്ലിമുരുപ്പ് എന്നീ 9 കുടിവെള്ള പദ്ധതികൾ പ്രവർത്തനരഹിതങ്ങളാണ്. സാങ്കേതികത്തകരാറുകളും, സ്രോതസുകളിലെ ജലക്ഷാമവുമാണ് പ്രധാന കാരണങ്ങൾ.

**ഒരേ സ്ഥലത്ത് രണ്ട് കുടിവെള്ള പദ്ധതികൾ; രണ്ടും പ്രവർത്തനരഹിതം**

ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ ആലുള്ളതിൽ കോളനിക്കായി ജില്ലാപഞ്ചായത്ത് 2007-08 ൽ 5,31,910/- രൂപ ചെലവഴിച്ച് ഭൂഗർഭജലവകുപ്പ് വഴി കുടിവെള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട് (പ്രോജക്ട് നമ്പർ 341/08). ഇതേ വർഷം തന്നെ ഗ്രാമപഞ്ചായത്ത് 'കോളനി വാട്ടർ സപ്ലൈ' എന്ന പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നം-79/07-08) വാട്ടർ അതോറിറ്റി മുഖേന ആലുള്ളതിൽ കോളനിയിലേക്ക് കുടിവെള്ള പൈപ്പ് ദീർഘിപ്പിച്ചു നൽകി. ഓഡിറ്റ് നേരിട്ട് പരിശോധിച്ചതിൽ രണ്ടു പദ്ധതികളും ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നില്ലായെന്ന് ബോധ്യപ്പെട്ടു. ജില്ലാപഞ്ചായത്ത് പണം ചെലവഴിച്ച പദ്ധതി കുഴൽക്കിണറിന്റെ പമ്പ് പ്രവർത്തനരഹിതമായതിനാൽ മുടങ്ങിയിരിക്കുകയാണ്. വാട്ടർ അതോറിറ്റി മുഖേന ഗ്രാമപഞ്ചായത്ത് സ്ഥാപിച്ച ടാപ്പുകളും പ്രവർത്തിക്കുന്നില്ല. വേണ്ടത്ര ഏകോപനമില്ലാതെ പദ്ധതി നടപ്പാക്കിയതുമൂലം പൊതുപണം പാഴായി.



Local Fund Audit Department

തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനരഹിതമായ കുടിവെള്ള പദ്ധതികൾക്ക് ഏതാനും ഉദാഹരണങ്ങൾ;

| തദ്ദേശ സ്ഥാപനം | ജില്ല | കുടിവെള്ള പദ്ധതി | പ്രവർത്തനം തുടങ്ങിയ വർഷം | പ്രവർത്തനം നിലച്ച വർഷം | ചെലവായ തുക | പ്രവർത്തനം നിലയ്ക്കാനുള്ള കാരണം |
|---|---|---|---|---|---|---|
| അഴൂർ ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം | കുഴിയം | 2004 | - | - | പമ്പ് ഹൗസ്, ടാങ്ക്, ചുറ്റുമതിൽ എന്നിവ തകർന്ന നിലയിൽ |
| ഏഴംകുളം ഗ്രാമപഞ്ചായത്ത് | പത്തനംതിട്ട | വെള്ളപ്പാറ മുരുപ്പ് | 2010 - 11 | - | 473904 | മോട്ടോർ പ്രവർത്തനക്ഷമമല്ല |
| തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് | കോട്ടയം | തട്ടുമ്പുറം | 2007 - 08 | - | 40262 | മോട്ടോർ പ്രവർത്തനരഹിതം, പൈപ്പുകൾ പൊട്ടിയ നിലയിൽ |
| രാജകുമാരി ഗ്രാമപഞ്ചായത്ത് | ഇടുക്കി | വെള്ളിവെളുത്താൻ ഭാഗം | 2002 | 2011 | 650000 | വൈദ്യുതി ചാർജ് യഥാസമയം ഒടുക്കിയില്ല |
| | | മുരിക്കുംതൊട്ടി മുസ്ലിം കോളനി | 2002 | 2007 | 315264 | കിണറിലെ വെള്ളം ഉപയോഗശൂന്യം |
| പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് | | ആദിയാർപുരം ഗാന്ധിനഗർ | 1997 - 98 | 2002 | 114468 | ജലലഭ്യതയില്ല |
| പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | മലാത്തോട്ടം | 2004 - 05 | 2011 | - | വൈദ്യുതി ചാർജ് അടച്ചില്ല |
| | | പാറാട്ടുപാറ | 1996 | 2013 | - | ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള തർക്കം |
| ചോനോട് ഗ്രാമപഞ്ചായത്ത് | | മണ്ണാറത്ത് ഭാഗം | 2004 | 2008 | 250513 | - |
| | | പുതുശ്ശേരിപ്പാറ | 2005 | 2013 - 14 | 530961 | - |
| ധർമ്മടം ഗ്രാമപഞ്ചായത്ത് | കണ്ണൂർ | അംബേദ്ക്കർ കോളനി | - | - | - | ടാങ്ക് നിർമ്മാണത്തിൽ അപാകം |
| | | അടിവയൽ | - | - | - | കിണറ്റിൽ മലിനജലം |
| പിണറായി ഗ്രാമപഞ്ചായത്ത് | | എടക്കടവ് | - | - | - | കിണറ്റിലെ ജലം ശുദ്ധമല്ല |
| | | പാനുണ്ട | - | - | - | മോട്ടോർ ഇല്ല |
| ചെമ്മനാട് ഗ്രാമപഞ്ചായത്ത് | കാസർഗോഡ് | പൊയിനാച്ചി മൊട്ട | - | - | - | കുഴൽക്കിണറിൽ വെള്ളം ഇല്ല |
| | | പാലോത്ത് | - | - | - | പമ്പിംഗ് തകരാറിൽ |

കോട്ടയം നഗരസഭയിലെ 40 വർഷത്തിലേറെ പഴക്കമുള്ള പുലയക്കുടി കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തിക്കുന്നില്ല. ജലം സുലഭമായ കിണറാണ് പദ്ധതിയുടേത്. പദ്ധതിയുടെ പമ്പ്ഹൗസ് നാശോന്മുഖവും, മോട്ടോർ ഉപേക്ഷിക്കപ്പെട്ട നിലയിലുമാണ്. പദ്ധതിയെ നഗരസഭ അവഗണിച്ചിരിക്കുമ്പോൾ തന്നെ പരിസരവാസികൾ കുടിവെള്ളത്തിനായി ബുദ്ധിമുട്ടനുഭവിക്കുന്നു. നഗരസഭയിലെ ചിങ്ങവനത്ത് റെയിൽവേ ട്രാക്കിന്റെ പരിസരത്തുണ്ടായിരുന്ന കുടിവെള്ള പദ്ധതി പ്രവർത്തനമില്ലാതെ കിടക്കുകയാണ്. ഇവിടുത്തെ കിണറും ജലസമൃദ്ധമാണ്.

Local Fund Audit Department

**വേനൽക്കാല ജലലഭ്യത ഉറപ്പാക്കിയില്ല; 9 കുടിവെള്ള പദ്ധതികൾ പാഴായി**

ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്ത്, വേനൽക്കാലത്തെ ജലലഭ്യത ഉറപ്പാക്കാതെ നടപ്പാക്കിയ 9 കുടിവെള്ള പദ്ധതികൾ പാഴ്ച്ചെലവായി മാറി. ജലലഭ്യത ഇല്ലാത്തതിനാൽ ഇവയിൽ 7 എണ്ണത്തിന്റെ പ്രവർത്തനം നിലച്ചു. നല്ലത്തേവർ വീട്ഭാഗം കുഴൽക്കിണർ, ആണ്ടവർസ്വാമി വീടുഭാഗം കുഴൽക്കിണർ, വട്ടത്തുറപ്പ് ഭാഗം, വാതുകാപ്പ് ഭാഗം, നമ്പിയത്ത് ഭാഗം, മുള്ളൻതണ്ട്-ഇടയക്കുടി ഭാഗം, കുരുട്ടാംപുറം ഭാഗം എന്നിവിടങ്ങളിൽ കുടിവെള്ള പദ്ധതികൾക്ക് നിർമ്മിച്ച കുഴൽക്കിണറുകളാണ് ജലലഭ്യത ഇല്ലാതായത്. ആകെ 12,30,000/-രൂപയാണ് മേൽ 7 പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്ത് ചെലവഴിച്ചത്. സെന്റ് മേരീസ് ഭാഗം, പൂവത്തിങ്കൽ പടിഭാഗം എന്നീ പദ്ധതികൾ ജലലഭ്യതക്കുറവിനാൽ പാതി വഴിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണ് . ഇവയുടെ കുളങ്ങൾ, ടാങ്കുകൾ എന്നിവയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 4,75,000/-രൂപ ഈ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

ജലം ഉപയോഗശൂന്യമായതിനാൽ 6,65,264/-രൂപ ചെലവഴിച്ച മുരിക്കുംതൊട്ടി മുസ്ലിം കോളനി, മഞ്ഞനാംകുടി ഭാഗം എന്നീ കുടിവെള്ള പദ്ധതികളും പ്രവർത്തിക്കുന്നില്ല.

ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തിലുള്ള 19 കുടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നില്ല. വിവിധ കാലയളവുകളിലായി 64,35,264/-രൂപ ചെലവഴിച്ച് നിർമിച്ച പദ്ധതികളാണിവ. ജലലഭ്യത ഇല്ലാത്തതിനാലാണ് ഇവയിൽ 9 എണ്ണം ഉപയോഗശൂന്യമായത്. ഗുണഭോക്തൃസമിതികൾ കാര്യക്ഷമം അല്ലാത്തതിനാൽ 5 പദ്ധതികളും വൈദ്യുതി ബിൽ കുടിശ്ശിക അടയ്ക്കാത്തത്, ജലം ഉപയോഗയോഗ്യമല്ല, പമ്പ് സെറ്റ് ഇല്ല എന്നീ കാരണങ്ങളാൽ മറ്റ് പദ്ധതികളും പ്രവർത്തനരഹിതമായി.

ഇരുപതുലക്ഷം രൂപ ചെലവിൽ രാജകുമാരി ഗ്രാമപഞ്ചായത്ത് പൂർത്തിയാക്കിയ മൂന്നു കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതി കാര്യക്ഷമമായി പ്രവർത്തിക്കാത്തതിനാൽ പ്രവർത്തനം നിലച്ചു. പുതുകിൽ ഭാഗം, രാജകുമാരി നോർത്ത് ഭാഗം, മില്ലുപടിഭാഗം എന്നിവയാണീ പദ്ധതികൾ. പദ്ധതിയുടെ ഗുണഭോക്താക്കളായ ഭൂരിഭാഗം കുടുംബങ്ങളും സ്വന്തമായി കുടിവെള്ള സ്രോതസുകൾ ഉള്ളവരായിരുന്നു. ഇതുമൂലം പദ്ധതിയുടെ പരിപാലനച്ചുമതല ചുരുക്കം ചില ഗുണഭോക്താക്കളിൽ മാത്രമായി ഒതുങ്ങുകയും പ്രവർത്തനം നിലയ്ക്കുകയുമായിരുന്നു. ശരിയായ പഠനം നടത്താതെ നടപ്പാക്കിയത് കാരണമാണ് ഇവ പരാജയപ്പെട്ടത്.

**ഉദ്ഘാടനദിവസം തന്നെ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നിലച്ചു**

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിൽ 2004 ൽ പണി പൂർത്തിയാക്കിയ ഊർക്കടവ് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി ഉദ്ഘാടന ദിവസം പമ്പിംഗ് നടത്തിയപ്പോൾ തന്നെ പ്രവർത്തനരഹിതമായതായി നാട്ടുകാർ അറിയിച്ചു. പിന്നീട് 10 വർഷങ്ങൾ പിന്നിട്ടിട്ടും പദ്ധതി പ്രവർത്തനക്ഷമമാക്കാൻ അധികൃതർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. നിലവിൽ പദ്ധതിയുടെ വസ്തുവകകൾ കാടുമൂടിക്കിടക്കുന്നു.

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ ഇറുക്കുപാലം കുടിവെള്ള പദ്ധതിയുടെ മോട്ടോർ പ്രവർത്തിക്കുന്നില്ല. വൈദ്യുതി കുടിശ്ശികയും അടയ്ക്കാനുണ്ട്. 2012-13 ൽ 99,019/- രൂപ മുടക്കി പുനരുദ്ധരിച്ച കുടിവെള്ള പദ്ധതിയാണിത്. ഗ്രാമപഞ്ചായത്തിലെ കടുവാക്കയം കുടിവെള്ള പദ്ധതി ജലലഭ്യത കുറവായതിനാൽ 2001-02 മുതൽ പ്രവർത്തിക്കുന്നില്ല. 2001-02 ൽ പൂർത്തിയായ കൈക്കമല പദ്ധതിയും പ്രവർത്തനരഹിതമാണ്.

ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ 46 കുടിവെള്ള പദ്ധതികളിൽ 39 എണ്ണമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 1999-2000 ൽ പൂർത്തീകരിച്ച മുണ്ടിയെരുമ, കുമരകംമെട്ട് കുടിവെള്ള പദ്ധതികൾ ജലലഭ്യത ഇല്ലാത്തതിനാൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 1999-2000 ൽ പൂർത്തിയാക്കിയ കൗന്തി കുടിവെള്ള പദ്ധതി, 1998-99 ൽ നിർമ്മിച്ച എടത്വാമെട്ട് പദ്ധതി, 1998-99 ൽ പണിതീർത്ത വട്ടപ്പാറ കുടിവെള്ള പദ്ധതി എന്നിവ പ്രവർത്തനമില്ലാത്തതും ജലലഭ്യത ഇല്ലാത്തതിനാലാണ്.

വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് 9,10,11 പദ്ധതിക്കാലയളവുകളിലായി പണി പൂർത്തിയാക്കിയത് 7 കുടിവെള്ള പദ്ധതികളാണ്. ഇവയിൽ 2 എണ്ണം മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിലുള്ള പുളിക്കുന്നത്ത് കുടിവെള്ള പദ്ധതിയുടെ മോട്ടോർ തുരുമ്പെടുത്ത് നശിക്കുന്നു. പദ്ധതിയ്ക്കുള്ള വൈദ്യുതി ബന്ധവും വിഛേദിക്കപ്പെട്ടിരിക്കുകയാണ്. ടാങ്ക് കാടുമൂടിക്കിടക്കുന്നു. 18-ാം വാർഡിലെ കോളാട് മിനി കുടിവെള്ള പദ്ധതി മോട്ടോർ ഇല്ലാത്തതിനാൽ പ്രവർത്തനരഹിതമാണ്. പൈപ്പുലൈനും പൊട്ടിയ നിലയിലാണ്.

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 11-ാം വാർഡിലുള്ള നൂഞ്ഞേരി എസ്.സി.കോളനി കുടിവെള്ള പദ്ധതിയുടെ കിണറിലെ വെള്ളം ഉപയോഗശൂന്യമായതിനാൽ പദ്ധതി പ്രവർത്തനരഹിതമാണ്.

Local Fund Audit Department

തലശ്ശേരി നഗരസഭ 2008-09 ൽ 1.3 ലക്ഷം ചെലവിൽ ആരംഭിച്ച ഓടക്കാലി കുടിവെള്ള പദ്ധതി കിണറിൽ ഉപ്പു വെള്ളം കയറിയതിനാൽ പ്രവർത്തിക്കുന്നില്ല.

കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ പൊയിനാച്ചി മൊട്ട, പുളിനാക്ഷി കുടിവെള്ള പദ്ധതികൾ കുഴൽക്കിണറിൽ വെള്ളം ഇല്ലാത്തതിനാൽ പ്രവർത്തനരഹിതങ്ങളാണ്. പാലോത്ത് കുടിവെള്ള പദ്ധതി പമ്പിംഗ് തകരാറായതിനാൽ മുടങ്ങിക്കിടക്കുന്നു.

കാസർഗോഡ് നഗരസഭയിലെ 30 കുടിവെള്ള പദ്ധതികൾ ഓഡിറ്റ് നേരിട്ട് പരിശോധന നടത്തിയപ്പോൾ 16 എണ്ണം പ്രവർത്തനരഹിതമാണെന്ന് വ്യക്തമായിട്ടുണ്ട്. ആമെയ് കോളനി സാംസ്കാരിക നിലയത്തിന് സമീപമുള്ള കുടിവെള്ള പദ്ധതികൾ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. രണ്ട് ടാങ്കുകൾ ഇവിടെ ഉപയോഗശൂന്യമായി കിടക്കുന്നു. 200 ലേറെ ചാമ്പ് പൈപ്പുകൾ നഗരസഭ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇതിൽ 70 ശതമാനവും പ്രവർത്തനരഹിതങ്ങളാണ്.

**പണി പൂർത്തിയാവാത്ത കുടിവെള്ള പദ്ധതികൾ**

വാർഷിക പദ്ധതികളിൽ തുക വകയിരുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടും പണിപൂർത്തിയാവാത്ത ഒട്ടേറെ കുടിവെള്ളപദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കാത്തത്, പൈപ്പുലൈനുകൾ സ്ഥാപിക്കാത്തത്, ഫണ്ടിന്റെ അപര്യാപ്തത എന്നിവയാണ് ഇത്തരത്തിൽ കുടിവെള്ള പദ്ധതികൾ പാതിവഴിയിൽ മുടങ്ങിക്കിടക്കാൻ പ്രധാന കാരണങ്ങൾ. തദ്ദേശഭരണസ്ഥാപനങ്ങൾ കുടിവെള്ള പദ്ധതികളുടെ ആസൂത്രണത്തിലും, തുടർമേൽനോട്ടത്തിലും പുലർത്തിവരുന്ന ഉദാസീനതയാണ് ഇവിടെ വ്യക്തമാവുന്നത്.

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പാലമേൽ, മാവേലിക്കര-താമരക്കുളം, വള്ളിക്കുന്നം ഗ്രാമപഞ്ചായത്തുകളിലെ വിവിധ സംയോജിത പട്ടികജാതി കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായി 2008-09 ൽ അഞ്ച് പദ്ധതികൾ ആസൂത്രണം ചെയ്തു. കാഞ്ഞിരവിള, പച്ചക്കാട് കോളനി, മേനിയിൽ കോളനി, കാവുംപാട് കോളനി, പ്ലാമൂട് കോളനി എന്നിവയായിരുന്നു കുടിവെള്ള പദ്ധതികൾ. 6,20,907/- രൂപ പദ്ധതികൾക്കായി ചെലവഴിച്ചു. പദ്ധതികളിൽ ഒരെണ്ണത്തിന് മാത്രമാണ് വൈദ്യുതി കണക്ഷൻ ലഭിച്ചത് (കാവുംപാട് കോളനി). എന്നാൽ വാട്ടർടാങ്ക് അശാസ്ത്രീയമായി സ്ഥാപിച്ചതിനാൽ ഈ പദ്ധതിയും പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. നാളിതുവരെ പ്രവർത്തനമാരംഭിക്കാത്ത ഈ കുടിവെള്ള പദ്ധതികളുടെ ടാപ്പുകൾ നശിപ്പിക്കപ്പെട്ട നിലയിലാണുള്ളത്.

കോട്ടയം ജില്ലയിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിലെ അരങ്ങാപ്പാറയിൽ നിലവിലുള്ള കുഴൽക്കിണറിൽ 12.5 എച്ച്.പി.ശേഷിയുള്ള മോട്ടോർ സ്ഥാപിക്കുവാനും, മുപ്പതിനായിരം ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്ക് നിർമ്മിക്കുവാനും 2009-10 ൽ പദ്ധതി തയ്യാറാക്കി പ്രവർത്തനം ആരംഭിച്ചു. എന്നാൽ 16,73,831/രൂപ ചെലവഴിച്ച പദ്ധതി ഇതുവരെ പൂർത്തിയായിട്ടില്ല. പമ്പ്സെറ്റ് സ്ഥാപിക്കുകയും, ടാങ്കിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പമ്പിംഗ് സംവിധാനം, വിതരണ ലൈൻ എന്നിവ ഭാഗികമായി മാത്രമേ പൂർത്തിയാക്കിയിട്ടുള്ളു.

**കുടിവെള്ള വിതരണരംഗത്തെ ബദിയടുക്ക മാതൃക**

കുടിവെള്ള പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, നടത്തിപ്പ് എന്നിവയിൽ ശ്രദ്ധേയവും, മാതൃകാപരവുമായ ഇടപെടലുകളാണ് കാസർഗോഡ് ജില്ലയിലെ ബദിയടുക്ക ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ളത്. ജലലഭ്യത ഉറപ്പാക്കാതെ ഒരുപദ്ധതി പോലും ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. എല്ലാ കുടിവെള്ള പദ്ധതികൾക്കും ഗുണഭോക്തൃവിഹിതം വകയിരുത്തി ലഭ്യമാക്കിയിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ എല്ലാം തന്നെ ഗുണഭോക്തൃകമ്മിറ്റികൾക്ക് കൈമാറിയിട്ടുണ്ട്. പദ്ധതികളിൽ മികച്ച ജനകീയ പങ്കാളിത്തം ഉറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്.

കുടിവെള്ള പദ്ധതികൾക്കായി നിർമ്മിച്ച ഭൂരിഭാഗം കുഴൽക്കിണറുകളും പഞ്ചായത്ത് വക സ്ഥലത്താണ്. കുഴൽക്കിണർ നിർമ്മിച്ച് ടാങ്ക് ഇല്ലാതെ നേരിട്ട് ഗാർഹിക കണക്ഷനുകൾ നൽകിയാണ് കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. മീറ്റർ ബോക്സ് പോലുള്ള ചെലവു കുറഞ്ഞ പമ്പ് ഹൗസുകളാണ് കുടിവെള്ള പദ്ധതികൾക്ക് നിർമ്മിച്ചിരിക്കുന്നത്. ഇതിന് യൂണിറ്റൊന്നിന് 7,000/- രൂപ മാത്രമാണ് ചെലവ്. കുടിവെള്ള പദ്ധതികൾക്കായി കൂറ്റൻ കോൺക്രീറ്റ് പമ്പ്ഹൗസുകൾ നിർമ്മിച്ച് വൻതുകകൾ ചെലവു ചെയ്യുന്നതുമായി തട്ടിച്ചുനോക്കുമ്പോൾ ചെലവ് വളരെ കുറഞ്ഞ മാതൃകയാണിത്.

ഗ്രാമപഞ്ചായത്ത് ഓരോ വർഷവും പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കുടിവെള്ള മേഖലയ്ക്ക് പ്രാമുഖ്യം നൽകുന്നു. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നിവ ഗുണഭോക്തൃ കമ്മിറ്റികൾ നടത്തുന്നു. വൈദ്യുതി ചാർജ്, പമ്പ് ഓപ്പറേറ്റർമാരുടെ വേതനം എന്നിവ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത് നൽകുന്നു

Local Fund Audit Department

**പാഴൂർ കുടിവെള്ള പദ്ധതിയുടെ പണി ഇഴഞ്ഞു നീങ്ങുന്നു**

കൊച്ചി നഗരത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി ആവിഷ്ക്കരിച്ച പാഴൂർ കുടിവെള്ള പദ്ധതി നിർമ്മാണം തുടങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയായില്ല. കൊച്ചി നഗരത്തിൽ നിന്നും 20 കി.മീ.അകലെയുള്ള പിറവം പട്ടണത്തിലെ പാഴൂർ പ്രദേശത്തുനിന്നും മൂവാറ്റുപുഴയാറിലെ ജലം നഗരത്തിൽ വിതരണം ചെയ്യാനുള്ള പദ്ധതിയാണിത്. 201.07 കോടി രൂപ അടങ്കലുള്ള പദ്ധതിക്ക് 01.11.2007 ൽ കേരള വാട്ടർ അതോറിറ്റിയുമായി ധാരണാപത്രം ഒപ്പുവെച്ചു. 10.05.08 ൽ നിർമ്മാണം തുടങ്ങിയ പദ്ധതിയുടെ പൂർത്തീകരണ കാലയളവ് 31.12.12 വരെ ദീർഘിപ്പിച്ചു നൽകിയെങ്കിലും നാളിതുവരെ പൂർത്തിയായിട്ടില്ല. 31.12.13 വരെ അടങ്കൽ തുകയുടെ 78.6 ശതമാനം (158.18 കോടി രൂപ) ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി പാക്കേജിലെ 12 ഇനങ്ങളിൽ ഒന്നിന്റെ പോലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. മേൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയിരുന്നുവെങ്കിൽ ടാങ്കർ ലോറി മുഖേന കുടിവെള്ളത്തിനായി നഗരസഭ ഓരോ വർഷവും ചെലവാക്കുന്ന വൻതുകകൾ ലാഭിക്കാമായിരുന്നു. 2012-13 ൽ ലോറി വഴിയുള്ള കുടിവെള്ള വിതരണത്തിന് കൊച്ചി നഗരസഭ ചെലവഴിച്ചത് 3.72 കോടി രൂപയാണ്.

ചങ്ങനാശ്ശേരി നഗരസഭ 1998-99 ൽ നേർച്ചപ്പാറ കുടിവെള്ള പദ്ധതിക്കായി1,25,971/-രൂപ ചെലവഴിച്ചെങ്കിലും പദ്ധതി നാളിതുവരെ ലക്ഷ്യം കൈവരിച്ചില്ല. എഴുപത്തിയഞ്ചോളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാനായി ലക്ഷ്യമിട്ട പദ്ധതിയാണിത്. ആസൂത്രണം, നിർവ്വഹണം എന്നിവയിലെ പാളിച്ചകൾമൂലമാണ് പദ്ധതി പൂർത്തിയാക്കാനാവാതെ പോയത്. നഗരസഭയുടെ ഒന്നാം വാർഡിലുള്ള വാഴപ്പള്ളി സെറ്റിൽമെന്റ് കോളനിയിൽ 2012-13 ൽ പ്രത്യേക ഘടകപദ്ധതിയിൽപ്പെടുത്തി കുഴൽക്കിണർ നിർമ്മാണത്തിനായി 6,10,000/-രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കി. എന്നാൽ, കുഴൽക്കിണർ നിർമ്മിച്ചതല്ലാതെ കോളനിയിൽ കുടിവെള്ളം എത്തിക്കുവാനുള്ള നടപടികൾ ഒന്നും തന്നെ കൈക്കൊണ്ടിട്ടില്ല.

**കുറ്റിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തനക്ഷമമായില്ല**

എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിലെ സ്വാഭാവിക ജലസ്രോതസായ പൊയ്യത്തോട്ടിൽ കിണർ നിർമ്മിച്ച് 215 ഹെക്ടർ പ്രദേശത്ത് കൃഷിക്കും, കുടിവെള്ളത്തിനും പ്രയോജനപ്പെടുത്താൻ വിഭാവനം ചെയ്തതാണ് കുറ്റിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.എറണാകുളം ജില്ലാപഞ്ചായത്താണ് 2011-12 ൽ പദ്ധതി ആവിഷ്ക്കരിച്ചത് (പദ്ധതി നം-635/12). പദ്ധതിയുടെ ഭാഗമായി കരാറുകാരന് രണ്ടു ഘട്ടങ്ങളിലായി 40,05,800/-രൂപ നൽകിയിട്ടുണ്ട്. കിണർ നിർമ്മാണം, പമ്പ്ഹൗസ് നിർമ്മാണം, പൈപ്പ് സ്ഥാപിക്കൽ എന്നിവ പൂർത്തിയായിട്ടുണ്ട്. എന്നാൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കി മോട്ടോർ ഇതുവരെയും സ്ഥാപിച്ചിട്ടില്ല. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കുന്നതിനു മുമ്പ് സ്രോതസിലെ ജലലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ ഈ പദ്ധതിയിൽ സാധ്യതാപഠനമൊന്നും നടത്തിയിട്ടില്ല.

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് 48,151/-രൂപ ചെലവഴിച്ച കൂവക്കണ്ടം അറുത്തടിപ്പാലം കുടിവെള്ള പദ്ധതി ഇതുവരെ പൂർത്തിയായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ തന്നെ ഓന്തുപാറ-ഊഞ്ഞാൽപ്പടി പദ്ധതിക്ക് 2010-11 ൽ 1,23,865/-രൂപ ചെലവഴിച്ചെങ്കിലും പദ്ധതി പൂർത്തീകരിക്കാനായിട്ടില്ല.

ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് 2004 ൽ 2,50,000/-രൂപ ചെലവഴിച്ച സെന്റ് മേരീസ് ഭാഗം കുടിവെള്ള പദ്ധതി ഇതുവരെ പൂർത്തീകരിക്കാനായിട്ടില്ല.

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്ത് 2005-06 ൽ നിർമ്മാണമാരംഭിച്ച കനകശ്ശേരി കുടിവെള്ള പദ്ധതി ഇതുവരെ പ്രവർത്തനക്ഷമമായില്ല. പദ്ധതിക്കായി ഇതുവരെ 3,72,809/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ കുടിവെള്ള വിതരണ പൈപ്പുകൾ സ്ഥാപിച്ചിട്ടില്ല. എന്നാൽ വൈദ്യുതി കണക്ഷൻ ലഭിച്ചതിനാൽ എല്ലാ മാസവും വൈദ്യുതി ചാർജ് അടക്കേണ്ടി വരുന്നു. മൂലപ്പായി കുടിവെള്ള പദ്ധതിക്കായി 2005-06 ൽ 43,504/-രൂപ ചെലവാക്കി കുഴൽക്കിണർ കുഴിച്ചെങ്കിലും വെള്ളം കിട്ടാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു.

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിൽ 9, 10, 11 പദ്ധതിക്കാലയളവുകളിൽ പണം ചെലവഴിച്ചിട്ടുള്ള കുടിവെള്ളപദ്ധതികളിൽ 14 എണ്ണത്തിന്റെ പണി പൂർത്തിയായിട്ടില്ല. ഇവയ്ക്ക് ആകെ 1,83,000/-രൂപ ഗ്രാമപഞ്ചായത്ത്

**37.64 ലക്ഷം രൂപ ചെലവഴിച്ച മുത്തോട്-പതിക്കാമല പദ്ധതി ലക്ഷ്യം കൈവരിച്ചില്ല**

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് 2004-05 മുതൽ 2010-11 വരെ 37,64,882/-രൂപ ചെലവഴിച്ചിട്ടുള്ള കുടിവെള്ള പദ്ധതിയാണ് മുത്തോട്-പതിക്കാമല. കുടിവെള്ളക്കിണർ, വിതരണപൈപ്പുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. വിതരണ പൈപ്പുകൾ അശാസ്ത്രീയമായി ഘടിപ്പിച്ചിരിക്കുന്നതിനാൽ ടാങ്കിലേക്ക് വെള്ളമെത്തിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കിണറ്റിൽ ആവശ്യമായ ജലവുമില്ല. വിശദമായ പഠനം ഇല്ലാതെയാണ് പദ്ധതി നടപ്പാക്കിയത്.

Local Fund Audit Department

**വകയിരുത്തിയ ഫണ്ട് തികഞ്ഞില്ല; കുടിവെള്ള പദ്ധതി മുടങ്ങി**

കാസർഗോഡ് ജില്ലാപഞ്ചായത്ത് 2010-11 ൽ പ്രോജക്ട് നമ്പർ 63 പ്രകാരം ഒൻപത് പട്ടികവർഗ്ഗകോളനികളിൽ കുടിവെള്ളം ലഭ്യമാക്കാനായി 27,75,898/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു (ഡി.ഡി.നം. 870062, തീയതി 25.03.11). എന്നാൽ വാട്ടർ അതോറിറ്റി തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് പ്രകാരം പദ്ധതി നടപ്പാക്കാൻ 87.47 ലക്ഷം രൂപ ചെലവുവരും. വാട്ടർ അതോറിറ്റിയിൽ മേൽത്തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്നുവർഷം കഴിഞ്ഞിട്ടും പ്രവൃത്തികൾ ഒന്നും തന്നെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

ചെലവഴിച്ചു. കിണർ, ടാങ്ക്, പമ്പ്ഹൗസ് എന്നീ സൗകര്യങ്ങൾ പൂർത്തിയായെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനം തുടങ്ങാനാവാത്ത 6 കുടിവെള്ള പദ്ധതികളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. ഒടവംകുണ്ട്, പച്ചീരിസ്കൂൾ, കിളിയം, തിരുത്തിയിൽ, തോരക്കാട്ടിൽ കൊണ്ടയത്ത്, കറുപ്പത്തുകര-ആലുണ്ടൽ എന്നിവയാണീ കുടിവെള്ള പദ്ധതികൾ.

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിൽ 9, 10, 11 പദ്ധതിക്കാലയളവുകളിലായി പണം ചെലവഴിച്ച 24 കുടിവെള്ള പദ്ധതികളിൽ 8 എണ്ണം പണി പൂർത്തിയായിട്ടില്ല. ഇവയ്ക്കാകെ 40,07,098/-രൂപ ചെലവാക്കിയിട്ടുണ്ട്. മേടംതറോൽ, ഊർക്കടവ് കമ്മ്യൂണിറ്റി ഇറിഗേഷൻ കുടിവെള്ള പദ്ധതികൾ പൂർണ്ണമായും ഉപേക്ഷിച്ചു.

ചേറോട് ഗ്രാമപഞ്ചായത്ത് ആവിഷ്ക്കരിച്ച മൂന്ന് കുടിവെള്ള പദ്ധതികൾ ഫണ്ടിന്റെ കുറവുമൂലം പൂർത്തിയാവാത്ത നിലയിലാണ്. 2007-08 ൽ പണിയാരംഭിച്ച മാങ്ങാട്ട്പാറ കുടിവെള്ള പദ്ധതിക്ക് 6,82,670/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2008-09 ൽ പ്രവൃത്തി തുടങ്ങിയ പള്ളിയത്ത് ഭാഗം പദ്ധതിക്കായി ഇതുവരെ 3,42,860/-രൂപ ചെലവഴിച്ചു. 2006-07 ൽ ആരംഭിച്ച കുറുക്കൻകുന്ന് പദ്ധതിക്ക് 4,47,197/-രൂപ ചെലവായി. മോട്ടോർ സ്ഥാപിക്കൽ, വൈദ്യുതീകരണം, വിതരണപൈപ്പ് ലൈനിന്റെ പണികൾ എന്നിവ ഈ പദ്ധതികളിൽ ഇനി പൂർത്തിയാക്കാനുണ്ട്.

വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തിക്കാത്ത കുടിവെള്ള പദ്ധതികളുണ്ട്. പുതക്കുടിക്കുന്ന്, കരിമ്പാലക്കോളനി, ചൂര്യാറ്റ 4 സെന്റ് കോളനി, കോടഞ്ചേരിക്കുന്ന്, ഓടമൂട്ടിൽ എന്നിവയാണീ കുടിവെള്ള പദ്ധതികൾ. ഇതിൽ കോടഞ്ചേരിക്കുന്ന് കുടിവെള്ള പദ്ധതി അഞ്ചുവർഷമായിട്ടും പ്രവർത്തനമാരംഭിച്ചിട്ടില്ല.

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 8-ാം വാർഡിലുള്ള പന്തക്കപ്പാറ ലക്ഷംവീട് കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനക്ഷമമല്ല. പദ്ധതിയുടെ മോട്ടോർ തുരുമ്പെടുത്ത് നശിക്കുകയാണ്. കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലുള്ള പള്ളിപ്പറമ്പ് കുടിവെള്ള പദ്ധതി 2012 ൽ നിർമ്മാണം പൂർത്തിയായെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. തലശ്ശേരി നഗരസഭയിലെ നങ്ങാറത്ത്വയൽ കുടിവെള്ളപദ്ധതി വൈദ്യുതി കണക്ഷൻ, മോട്ടോർ എന്നിവ ലഭിക്കാത്തതിനാൽ പ്രവർത്തിക്കുന്നില്ല.

കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ തെക്കേക്കുന്ന് കോളനിയിൽ 2007-08 ൽ 1,73,532/-രൂപ ചെലവഴിച്ച് പണി പൂർത്തിയാക്കിയ കുടിവെള്ള പദ്ധതി വൈദ്യുതി ലഭിക്കാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

## 12. കുടിവെള്ള/ശുചിത്വ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കുടിവെള്ള പദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ് എന്നിവയിൽ കുടിവെള്ള/ശുചിത്വവർക്കിംഗ് ഗ്രൂപ്പുകൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. കുടിവെള്ള പദ്ധതികൾ ശരിയായ വിധത്തിൽ ആസൂത്രണം ചെയ്ത് ഫലപ്രദമായി നടത്തിക്കൊണ്ടുപോകുന്ന തദ്ദേശഭരണസ്ഥാപനങ്ങളിൽ എല്ലാം തന്നെ കുടിവെള്ള/ശുചിത്വ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വളരെ ഊർജ്ജിതമാണ്. എന്നാൽ, പഠനം നടത്തിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമായിരുന്നില്ല.

കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ കുടിവെള്ള/ശുചിത്വ മേഖലയിൽ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചതിന്റെ മിനിട്സ് ബുക്കോ, പ്രവർത്തനം സംബന്ധിച്ച രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ജലസംരക്ഷണ, കുടിവെള്ളമേഖലകളിൽ വർക്കിംഗ് ഗ്രൂപ്പ് സജീവമല്ല. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്സിൽ ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ചങ്ങനാശ്ശേരി നഗരസഭയിൽ കുടിവെള്ള മേഖലയ്ക്കായി മാത്രം വർക്കിംഗ് ഗ്രൂപ്പ് ഉണ്ടെങ്കിലും പ്രവർത്തനം തൃപ്തകരമല്ല. യോഗങ്ങളുടെ മിനിട്സുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയോ, എല്ലാ വാർഡുകളിലെയും വിഷയങ്ങൾ ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല.

ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം/ശുചിത്വമേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് വർഷത്തിൽ ഒന്നോ, രണ്ടോ തവണ മാത്രമാണ് യോഗം ചേരുന്നത്. പ്രത്യേകം മിനിട്സ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് അതാതു പ്രദേശത്തെ കുടിവെള്ളത്തിന്റെ ലഭ്യത, സാധ്യതകൾ, പ്രശ്നങ്ങൾ എന്നിവയെപ്പറ്റി വിശദമായ പഠനം നടത്തി

Local Fund Audit Department

**മാതൃകാപരമായി പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ**

ഇടുക്കി ജില്ലയിലെ മുട്ടം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളും, പരാതികളും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ സജീവ ചർച്ചയാകുന്നു. പദ്ധതികൾ രൂപീകരിക്കുന്നതിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകാനും വർക്കിംഗ് ഗ്രൂപ്പിന് കഴിയുന്നുണ്ട്.

പെരുമ്പാവൂർ നഗരസഭയിൽ കുടിവെള്ളം/ശുചിത്വം വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം മികച്ച നിലയിലാണ്. മേഖലയെ സംബന്ധിച്ച് അഞ്ച് വർഷത്തേക്കുള്ള കരട് തയ്യാറാക്കി മുൻകൂട്ടി നഗരസഭയ്ക്ക് സമർപ്പിക്കുവാൻ വർക്കിംഗ് ഗ്രൂപ്പിന് കഴിഞ്ഞിട്ടുണ്ട്.

15 അംഗങ്ങളുള്ള ചിറ്റൂർ - തത്തമംഗലം നഗരസഭയിലെ (പാലക്കാട് ജില്ല) കുടിവെള്ള വർക്കിംഗ് ഗ്രൂപ്പ് ഊർജ്ജിതമാണ്. യോഗങ്ങൾ സമയബന്ധിതമായി നടക്കുന്നു.

പദ്ധതികൾക്ക് രൂപം നൽകുന്നില്ല. മുൻവർഷങ്ങളിൽ നടപ്പാക്കിയതും, പരാജയമടഞ്ഞതുമായ കുടിവെള്ള പദ്ധതികളെപ്പറ്റി ചർച്ച ചെയ്ത് പാളിച്ചകൾ ഒഴിവാക്കാനുള്ള നടപടിക്രമം സ്വീകരിക്കുന്നില്ല. വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ ശുചിത്വ/ കുടിവെള്ള മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. കഴിഞ്ഞ മൂന്ന് വർഷത്തിനിടെ രണ്ടു തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുള്ളത്. പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിൽ ക്വാറം തികയാതെ വർക്കിംഗ് ഗ്രൂപ്പ് യോഗം മാറ്റിവെച്ച സന്ദർഭങ്ങളുണ്ട്. 06.09.2012 നു ശേഷം 20.12.2013 ലാണ് യോഗം ചേർന്നിട്ടുള്ളത്. യോഗങ്ങളിൽ ഹാജർ നിലയും കുറവാണ്.

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള സ്രോതസുകളുടെ സംരക്ഷണം, പദ്ധതികൾ ആവിഷ്ക്കരിക്കൽ എന്നിവയിൽ ഫലപ്രദമായ ആശയങ്ങൾ നടപ്പാക്കാൻ വർക്കിംഗ് ഗ്രൂപ്പിന് കഴിഞ്ഞിട്ടില്ല. 12/10 മുതൽ 12/13 വരെ ആകെ 5 യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം/ശുചിത്വ വർക്കിംഗ് ഗ്രൂപ്പ് തുടർച്ചയായി യോഗങ്ങൾ ചേരുന്നുണ്ടെങ്കിലും മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠനങ്ങൾ നടത്തിയിട്ടില്ല. വിശദമായ പദ്ധതികൾ തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നില്ല. മാവൂർ ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് തുടർച്ചയായി യോഗങ്ങൾ ചേർന്ന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നുണ്ടെങ്കിലും വിവരങ്ങൾ ശേഖരിക്കുകയോ, മേഖലയിൽ പഠനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. 01.02.2011 നുശേഷം 16.07.12 ൽ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.

പിണറായി ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലെ പങ്കാളിത്തം നാമമാത്രമാണ്. 06.07.12, 14.07.12 തീയതികളിലെ യോഗങ്ങളിൽ ഒരാൾ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്.

## 13. കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം ഗുണഭോക്തൃസമിതികൾക്ക് കൈമാറിയില്ല

**തദ്ദേശസ്ഥാപനങ്ങൾക്ക് അധികബാധ്യത**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ പരിപാലനത്തെപ്പറ്റി വ്യക്തമായ മാർഗ്ഗരേഖ 31/5/2000 ലെ ജി.ഒ.(ആർ.റ്റി )2141/2000/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവിലൂടെ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖകളിലും ഇത് സംബന്ധിച്ച് വിശദമായ വിവരങ്ങളുണ്ട്. കുടിവെള്ള പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃകമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ ആസൂത്രണം, നടത്തിപ്പ്, പരിപാലനം എന്നിവ നിർവ്വഹിക്കണമെന്ന് മേൽ ഉത്തരവുകൾ വ്യക്തമാക്കുന്നു.

കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം പൂർത്തിയായാൽ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതും, തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികൾ ചെയ്യേണ്ടതുമാണ്. ഈ ആവശ്യത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനം തുക ചെലവഴിക്കുവാൻ പാടില്ലായെന്നും 18.08.12 ലെ സ.ഉ.(എം.എസ്) 225/12/തസ്വഭവ നമ്പർ പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു.

ഒരു ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള എല്ലാ കുടിവെള്ള പദ്ധതികൾക്കുമായി പ്രത്യേകം ഫയൽ സൂക്ഷിക്കേണ്ടതും, വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽപ്പറഞ്ഞ സർക്കാർ നിർദ്ദേശങ്ങൾ എല്ലാം തന്നെ പാലിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറവാണ്.

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിൽ രണ്ട് കുടിവെള്ള പദ്ധതികൾ ആണുള്ളത്. ഇവ ഗുണഭോക്തൃസമിതികൾക്ക് കൈമാറാതെ ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുകയാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണിത്.

Local Fund Audit Department

ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്ത് 2011 ഒക്ടോബറിൽ പൂർത്തിയാക്കിയ തുപ്പായിക്കുന്ന് കുടിവെള്ള പദ്ധതി നാളിതുവരെ ഗുണഭോക്തൃസമിതി രൂപീകരിച്ച് കൈമാറിയിട്ടില്ല. പദ്ധതിയുടെ വൈദ്യുതി ബിൽ ഗ്രാമപഞ്ചായത്താണ് ഒടുക്കുന്നത്. താമരക്കുളം ഗ്രാമപഞ്ചായത്തിലെ ഒൻപത് കുടിവെള്ള പദ്ധതികൾ (നാലുമുക്ക് കോളനി, നാലുമുക്ക്, പച്ചക്കാട്, പാലയ്ക്കൽ, ഇരപ്പൻപാറ, പുന്നക്കുറ്റി, കോതുചിറ, കണ്ണനാക്കുഴി, മണ്ണാരേത്ത് കോളനി) ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല. ഇവയുടെ വൈദ്യുതിത്തുക, പരിപാലനച്ചെലവ് എന്നിവ ഗ്രാമപഞ്ചായത്താണ് വഹിക്കുന്നത്.

ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതികൾക്കാണെങ്കിലും ഇവയൊന്നും തന്നെ സമിതികൾക്ക് എഗ്രിമെന്റ് പ്രകാരം സറണ്ടർ ചെയ്ത് നൽകിയിട്ടില്ല. ഇതുമൂലം 1,01,111/- രൂപ വൈദ്യുതിക്കുടിശ്ശിക ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഒടുക്കേണ്ടി വന്നിട്ടുണ്ട്. വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃകമ്മിറ്റികൾക്കാണെങ്കിലും പദ്ധതികൾ ഒന്നും തന്നെ കരാർ ചമച്ച് കമ്മിറ്റികൾക്ക് കൈമാറിയിട്ടില്ല. പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ 46 കുടിവെള്ള പദ്ധതികളിൽ 13 എണ്ണം മാത്രമാണ് കരാർ ചമച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുള്ളത്.

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ 15 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്കാണെങ്കിലും, ഇവയൊന്നും തന്നെ കരാർ ചമച്ച് കൈമാറിയിട്ടില്ല.

അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ 6 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുള്ളത് കരാർ പ്രകാരമല്ല. പദ്ധതികളുടെ ഗുണഭോക്തൃ സമിതി ഭാരവാഹികളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

> 30.05.09 ലെ സർക്കാർ ഉത്തരവ് നമ്പർ 1275/09/തസ്വഭവ പ്രകാരം, പണിപൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളുടെ സംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപ്പണികൾ എന്നിവ ഗുണഭോക്തൃകമ്മിറ്റികളുടെ ചുമതലയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടിയുള്ളതും, പൊതുടാപ്പുകൾ മാത്രമുള്ളതുമായ കുടിവെള്ള പദ്ധതികളുടെ മേൽചെലവുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തുകൾക്കു വഹിക്കാവുന്നത്. എന്നാൽ തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിൽ സർക്കാർ ഉത്തരവ് മറികടന്ന് 36 കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ്, അറ്റകുറ്റപ്പണികൾ എന്നിവ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു വരികയാണ്. കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജിനത്തിൽ 2010-11, 2011-12, 2012-13 വർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് 22,30,360/- രൂപ ചെലവഴിച്ചു. അറ്റകുറ്റപ്പണികൾക്കായി 24,62,901/- രൂപയും ഇതേ കാലയളവിൽ ഗ്രാമപഞ്ചായത്ത് ചെലവഴിക്കുകയുണ്ടായി.

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 63 കുടിവെള്ള പദ്ധതികളിൽ 50 എണ്ണം കരാർ പ്രകാരം ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ അവശേഷിക്കുന്ന 13 പദ്ധതികളുടെ നടത്തിപ്പ് രേഖാമൂലം കൈമാറിയിട്ടില്ല.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 34 കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും കരാർ പ്രകാരമല്ല. രജിസ്റ്റർ ചെയ്ത അംഗീകൃത നിയമാവലിയുടെ അടിസ്ഥാനത്തിൽ അല്ല കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. നിലവിൽ, 14 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നു. 04.2012 മുതൽ 01/2014 വരെ 2,54,309/- രൂപ ഈയിനത്തിൽ ഗ്രാമപഞ്ചായത്ത് അടിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ 7 കുടിവെള്ള പദ്ധതികൾ കരാർ ചമച്ച് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഇവയുടെ ചെലവുകൾ പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് വഹിക്കുന്നത്.

**ഗുണഭോക്തൃവിഹിതമില്ലാതെ പൊതുവിഭാഗത്തിൽ പദ്ധതികൾ നടപ്പാക്കി**

പതിനൊന്നാം പദ്ധതി മാർഗരേഖപ്രകാരം, ജനറൽ വിഭാഗത്തിനുള്ള കുടിവെള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ 10 ശതമാനം തുക ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടതുണ്ട്. എന്നാൽ മേൽവ്യവസ്ഥ പാലിക്കാതെ തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതി നടപ്പാക്കുന്നതിനാൽ അധികച്ചെലവ് സംഭവിച്ചതിന് ഉദാഹരണങ്ങളുണ്ട്.

ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്ത് തുപ്പായിക്കുന്ന് കുടിവെള്ള പദ്ധതിക്ക് 2006-07, 2009-10 വർഷങ്ങളിലായി 7,53,474/- രൂപ ചെലവഴിച്ചു. എന്നാൽ ജനറൽ വിഭാഗത്തിലുള്ള ഈ പദ്ധതിക്ക് 10 ശതമാനം ഗുണഭോക്തൃവിഹിതം ഈടാക്കാതെയാണ് നടപ്പാക്കിയത്. ഇതിലൂടെ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ 75,347/- രൂപയുടെ അധികച്ചെലവുണ്ടായി. താമരക്കുളം ഗ്രാമപഞ്ചായത്തിൽ നെടുമ്പ്രത്ത്വിള കോളനി, അടമ്പുവിള കോളനി, നാലുമുക്ക് കോളനി എന്നീ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാനുള്ള പദ്ധതിയ്ക്കായി 2011-12 ൽ 6,35,000/- രൂപ ഭൂഗർഭജലവകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തു

(ഡി.ഡി.നം.461990, തീയതി 14.11.2011). എന്നാൽ ജനറൽ വിഭാഗത്തിലെ ഈ പദ്ധതിയിൽ 10 ശതമാനം ഗുണഭോക്തൃവിഹിതം ഈടാക്കാത്തതിനാൽ 63,500/- രൂപ ഗ്രാമപഞ്ചായത്തിന് അധികച്ചെലവ് വന്നു.

## 14. കുടിവെള്ള പദ്ധതികളുടെ ആസ്തിസംരക്ഷണം കാര്യക്ഷമമല്ല



ഗ്രാമപഞ്ചായത്തുകൾക്കു കീഴിലെ കുടിവെള്ള പദ്ധതികളുടെ പരിപാലനം സംബന്ധിച്ചുള്ള 31.05.2000 ലെ ജി.ഒ.(ആർ.റ്റി) 2141/2000/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരം പദ്ധതികളുടെ ഭൗതികവിവരങ്ങൾ വിശദമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികളെ ആസ്തിരജിസ്റ്ററിലും രേഖപ്പെടുത്തണം. എന്നാൽ ഈ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറവാണ്. കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. ആസ്തിരജിസ്റ്ററിൽ കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ കാലികമായി ഉൾപ്പെടുത്താത്തതിനാൽ, പദ്ധതികളുടെ നിലവിലുള്ള വിവരം അറിയാനാവാത്ത അവസ്ഥയുമുണ്ട്. കുടിവെള്ള പദ്ധതികളുടെ സമ്പൂർണ്ണ വിവരങ്ങൾ സൂക്ഷിക്കുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നു. സ്വകാര്യവ്യക്തികൾ/സ്ഥാപനങ്ങൾ നൽകിയ സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ യഥാസമയം തദ്ദേശസ്ഥാപനത്തിന്റെ പേരിൽ പോക്കുവരവ് നടത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ലാത്ത സംഭവങ്ങളുമുണ്ട്.

കോട്ടയം ജില്ലയിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന് അരങ്ങാപ്പാറ കുടിവെള്ള പദ്ധതി നടപ്പാക്കാൻ സ്ഥലം നൽകിയത് കയ്യൂർ ക്രിസ്തുരാജപള്ളി ട്രസ്റ്റാണ്. ട്രസ്റ്റ് ഒരു സെന്റ് സ്ഥലമാണ് പദ്ധതിക്ക് സൗജന്യമായി നൽകിയിട്ടുള്ളത്. എന്നാൽ ഈ സ്ഥലം ഇതുവരെ പോക്കുവരവ് നടത്തി ഗ്രാമപഞ്ചായത്തിന്റെ പേരിൽ ആക്കിയിട്ടില്ല.

കോട്ടയം നഗരസഭ കുടിവെള്ളപദ്ധതികളുമായി ബന്ധപ്പെട്ട് സൃഷ്ടിക്കപ്പെടുന്ന സംരംഭങ്ങളെ ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. നഗരസഭയുടെ കുടിവെള്ള പദ്ധതികളെ ചുറ്റുമതിൽകെട്ടി സംരക്ഷിച്ച് ബോർഡു സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. മിക്ക പദ്ധതികളെയും പൊതുജനങ്ങൾ അവരുടെ സൗകര്യാർത്ഥം ഉപയോഗിക്കുന്നതാണ് നിലവിലുള്ള രീതി. മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന മുടിയൂർക്കര കുടിവെള്ളപദ്ധതിയുടെ സ്ഥലം, പമ്പ്ഹൗസ് എന്നിവയെ അതിർത്തികെട്ടി സംരക്ഷിക്കാനോ, ബോർഡ് സ്ഥാപിക്കുവാനോ നഗരസഭയ്ക്കു കഴിഞ്ഞിട്ടില്ല.

ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്ത് സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ കുടിവെള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ പദ്ധതി സ്ഥലം തദ്ദേശ ഭരണസ്ഥാപനത്തിന് രജിസ്റ്റർ ചെയ്ത് കൈമാറേണ്ടതും, പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് നടത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളിൽ നിയമപരമായ സറണ്ടർ നടപടികൾ പൂർത്തിയാക്കാതെയാണ് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. ടാങ്ക്, പമ്പ്ഹൗസ് മുതലായ കുടിവെള്ള ആസ്തികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ പ്രത്യേക രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല.

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്ത് 9, 10, 11 പദ്ധതിക്കാലയളവുകളിലായി പണിപൂർത്തിയാക്കിയ 25 കുടിവെള്ള പദ്ധതികളിൽ ഒന്നും പോലും ഇതുവരെയായി നടപടികൾ പൂർത്തിയാക്കി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല. സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ, പ്രത്യേകം വേർതിരിക്കാതെയും, സംരക്ഷണഭിത്തി/ബോർഡ് സ്ഥാപിക്കാതെയുമാണ് പദ്ധതികൾ ഉള്ളത്. ഭൂമി, പമ്പ്ഹൗസ്, ടാങ്ക് എന്നിവ ഗ്രാമപഞ്ചായത്തിന് രജിസ്റ്റർ ചെയ്ത് നിയമപരമായി സറണ്ടർ നടപടികൾ പൂർത്തിയാക്കി കൈമാറിയിട്ടില്ല. ആസ്തികൾ ഭാവിയിൽ കയ്യേറ്റം ചെയ്യപ്പെടാൻ ഇത് കാരണമായേക്കും.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പദ്ധതികളുടെ ഭൂമികൾ രജിസ്റ്റർ ചെയ്ത് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല. സ്വകാര്യവ്യക്തികൾ നടപടിക്രമങ്ങൾ പാലിക്കാതെ ഭൂമി സറണ്ടർ ചെയ്യുകയാണുണ്ടായത്. കുടിവെള്ള പദ്ധതികളുടെ ഭാഗമായുള്ള കിണർ, പമ്പ്ഹൗസ്, ടാങ്ക് എന്നിവയുടെ ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തോ, നടപടിക്രമങ്ങൾ പാലിച്ച് സറണ്ടർ ചെയ്തോ കൈമാറാതെ പ്രവൃത്തി ആരംഭിക്കുന്നതിനാൽ ആസ്തികളുടെ ഉടമസ്ഥാവകാശം ഉറപ്പാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

Local Fund Audit Department

വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പട്ടികയിൽ കുടിവെള്ള പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഒന്നും തന്നെയില്ല. കുടിവെള്ള പദ്ധതി ആസ്തികൾ ഏത് വർഷം എത് ഏജൻസി സൃഷ്ടിച്ചതാണ്, എത്ര തുക ചെലവു വന്നു എന്നീ വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ല. കുടിവെള്ള പദ്ധതികളുടെ കിണർ, പമ്പ്ഹൗസ്, ടാങ്ക് എന്നിവയുടെ നിർമ്മാണത്തിന് വിട്ടുനൽകപ്പെട്ട സ്ഥലം നടപടിക്രമങ്ങൾ പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികളിൽ ഒന്നുപോലും ഗുണഭോക്തൃസമിതികൾക്ക് കരാർ മുഖേന കൈമാറിയിട്ടുമില്ല.

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിൽ ഭൂമി രജിസ്റ്റർ ചെയ്ത് പഞ്ചായത്തിന് കൈമാറിയ കുടിവെള്ള പദ്ധതികൾ 5 എണ്ണം മാത്രമാണ്.

## 15. കുടിവെള്ള പദ്ധതികൾക്കായി ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ വിനിയോഗിക്കപ്പെടാതെ ശേഷിക്കുന്നു

കേരള വാട്ടർ അതോറിറ്റി, ഭൂഗർഭജലവകുപ്പ് എന്നീ ഏജൻസികളിലായി കോടിക്കണക്കിന് രൂപയാണ് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിൽ ഏജൻസികൾ വീഴ്ചവരുത്തിയതിന്റെ പല ഉദാഹരണങ്ങളുമുണ്ട്. കൂടാതെ നിർവ്വഹിക്കപ്പെട്ട പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം നൽകുന്നതിലും ഏജൻസികൾ കാലതാമസം വരുത്തുന്നു. തുകകൾ നിക്ഷേപിച്ചു കഴിഞ്ഞാൽ അതിന്റെ തുടർനടപടികൾ പരിശോധിക്കുന്ന കാര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളും ശുഷ്കാന്തി കാട്ടുന്നില്ല. ഏജൻസികളിൽ തുക നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾ ആരംഭിക്കാത്ത പദ്ധതികളുമുണ്ട്.

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ നാലു പദ്ധതികൾക്കായി 2010-11 ൽ 94,40,000/-രൂപയും 2011-12 ൽ 2 പദ്ധതികൾക്കായി 1,20,10,429/-രൂപയും കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

ആലപ്പുഴ ജില്ലാപഞ്ചായത്ത് 2011-12 ൽ 154/12-ാം നമ്പർ കുടിവെള്ള പദ്ധതിക്കായി 83,60,190/-രൂപയും 4/12 നമ്പർ പദ്ധതിക്ക് 88,42,050/-രൂപയും കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 31.12.2012 ന് മുൻപ് പദ്ധതികൾ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് നാളിതുവരെ വാട്ടർ അതോറിറ്റി ജില്ലാപഞ്ചായത്തിനെ അറിയിച്ചിട്ടില്ല. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ, പൈപ്പ് ലൈൻ നീട്ടൽ എന്നിവക്കായി 2011-12, 2012-13 വർഷങ്ങളിലായി 14,53,452/-രൂപ കേരള വാട്ടർ അതോറിറ്റിയിലും, 14,,40,000/-രൂപ ഭൂഗർഭജല വകുപ്പിലും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതികൾ ഒന്നും തന്നെ ഇതുവരെ പൂർത്തിയാക്കിയിട്ടില്ല.

ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ കുടിവെള്ള പദ്ധതി-'സുവർണധാര 'എന്ന പദ്ധതിക്ക് 2009-10 ൽ 20 ലക്ഷം രൂപയും, പാറയ്ക്കൽ കോളനി, വല്യവീട്ടിൽ ജംഗ്ഷൻ, ചെറുമല കോളനി എന്നീ കുടിവെള്ള പദ്ധതികൾക്കായി 2010-11 ൽ 36,89,000/-രൂപയും കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. 26.09.12 ലെ കത്തിലൂടെ മേൽ പദ്ധതികൾ ഉപേക്ഷിക്കുന്നതായി ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയെ അറിയിച്ചു. എന്നാൽ മേൽ തുകകൾ തിരികെ ഈടാക്കിയത് സംബന്ധിച്ച വിവരം ലഭ്യമല്ല. താമരക്കുളം ഗ്രാമപഞ്ചായത്ത് ഉഴലിച്ചിറ കുടിവെള്ള പദ്ധതിക്കായി 2008-09 ൽ 2,70,601/-രൂപ, 2009-10 ൽ 5 ലക്ഷം രൂപ, 2010-11 ൽ 8 ലക്ഷം രൂപ എന്നിങ്ങനെ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെയായി ആരംഭിച്ചിട്ടില്ല.

ചങ്ങനാശ്ശേരി നഗരസഭ 2007-08 മുതൽ 2012-13 വരെ 15 കുടിവെള്ള/ജലവിതരണ പദ്ധതികൾക്കായി 40,71,937/-രൂപയാണ് കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ളത്. മറ്റ് രണ്ട് പദ്ധതികൾക്കായി 12,02,000/-രൂപ ഭൂഗർഭജലവകുപ്പിലും നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റുകൾ നഗരസഭയ്ക്ക് നൽകിയിട്ടില്ല.

ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്ത് 2005-06 മുതൽ 2011-12 വരെ ഏഴു കുടിവെള്ള പദ്ധതികൾക്കായി 8,61,540/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയെങ്കിലും നാളിതുവരെ അതോറിറ്റി പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടില്ല.

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ 2004-05 മുതൽ 2012-13 വരെ വിവിധ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി 8.75 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. ഇവയുടെ ഒന്നും തന്നെ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല എന്നു മാത്രമല്ല, പണികൾ ഏത് ഘട്ടത്തിലാണുള്ളത് എന്നതിന്റെ വിവരങ്ങളുമില്ല.



Local Fund Audit Department

**കുടിവെള്ള പദ്ധതികൾ സൗജന്യമായി നിർമ്മിച്ച് നൽകി സായിറാം കൃഷ്ണഭട്ട് മാതൃകയായി**

ഭവനരഹിതരായ 215 പേർക്ക് സ്വന്തം ചെലവിൽ വീടുകൾ നിർമ്മിച്ചു നൽകി പുതിയൊരു മാതൃക കാട്ടിയ കാസർഗോഡ് ജില്ലയിലെ ബദിയടുക്ക സ്വദേശി സായിറാം കൃഷ്ണഭട്ട് കുടിവെള്ള മേഖലയിലും തന്റെ സേവനങ്ങൾ തുടരുകയാണ്. ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ ഏഴുകുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി ഗുണഭോക്തൃ കമ്മിറ്റികൾക്ക് അദ്ദേഹം കൈമാറിയിട്ടുണ്ട്. ആകെ 177 കുടുംബങ്ങൾ ഈ പദ്ധതികളുടെ ഗുണഭോക്താക്കളായുണ്ട്. പദ്ധതികൾ എല്ലാം തന്നെ ജനങ്ങൾക്ക് വളരെയേറെ പ്രയോജനപ്രദമായി പ്രവർത്തിക്കുന്നു.



കൃഷ്ണഭട്ട് ഒരു കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനവേളയിൽ

പാലക്കാട് ജില്ലയിലെ ചിറ്റൂർ-തത്തമംഗലം നഗരസഭ പൈപ്പ്ലൈൻ നീട്ടൽ, ഗാർഹിക കണക്ഷൻ നൽകൽ എന്നിവയ്ക്കായി 2007-08 മുതൽ 2011-12 വരെ 42,85,450/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ നാളിതുവരെ വാട്ടർ അതോറിറ്റി നൽകിയിട്ടില്ല.

## 16. പൊതുടാപ്പുകളുടെ എണ്ണം സംയുക്തപരിശോധനയിലൂടെ തിട്ടപ്പെടുത്തുന്നില്ല

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ കടുത്ത സാമ്പത്തിക ബാധ്യതയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളേക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷനുകൾ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ നിഷ്കർഷിച്ചിട്ടുണ്ട്. ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കേണ്ടതും, അതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കണമെന്നും മേൽ മാർഗ്ഗരേഖ പറയുന്നു. പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുക എന്നതാണ് ഇതിലൂടെ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാണ്. 30.05.2009 ലെ സ.ഉ.(സാധാരണ) 1275/2009/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിക്കുള്ളിലെ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതുണ്ട്. കൂടാതെ പൊതുടാപ്പുകളിൽ മീറ്റർ ഘടിപ്പിക്കണമെന്നും ഉത്തരവ് നിർദ്ദേശിക്കുന്നു. 28.09.11 ലെ ജി.ഒ.(ആർ.ടി) 2242/2011/എൽ.എസ്.ജി.ഡി.നമ്പർ ഉത്തരവിൽ, തദ്ദേശഭരണസ്ഥാപനവും വാട്ടർ അതോറിറ്റിയും ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിലെ പല തദ്ദേശഭരണസ്ഥാപനങ്ങളും പൊതുടാപ്പുകളുടെ എണ്ണം നിയന്ത്രിക്കുന്നതിലും, സംയുക്ത പരിശോധന നടത്തുന്നതിലും തികഞ്ഞ ഉദാസീനതയാണ് പുലർത്തി വരുന്നത്. വികസന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കാവുന്ന ലക്ഷക്കണക്കിന് രൂപയാണ് ഇതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നത്.

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിൽ എത്ര പൊതുടാപ്പുകൾ ഉണ്ടെന്നുള്ള വിവരം കണക്കാക്കാൻ അധികൃതർക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. പ്രവർത്തനരഹിതങ്ങളായ ടാപ്പുകൾക്കും നഗരസഭ വാട്ടർ ചാർജ് അടക്കേണ്ടി വരുന്നതാണ് നിലവിലുള്ള അവസ്ഥ. പൊതുടാപ്പുകൾ വിവരങ്ങളടങ്ങിയ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല.

കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ 2009 ജനുവരിയിൽ നടത്തിയ സംയുക്ത പരിശോധനയിൽ 2916 പൊതുടാപ്പുകൾ ഉണ്ടായിരുന്നു. 2011 നവംബറിൽ പുതുതായി 338 ടാപ്പുകൾ സ്ഥാപിച്ചതായി വാട്ടർ അതോറിറ്റി അറിയിച്ചുവെങ്കിലും സംയുക്ത പരിശോധനയിലൂടെ ഉറപ്പാക്കിയിട്ടില്ല.

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ 28.09.11 മുതൽ വിവിധ സോണൽ പ്രദേശങ്ങളിൽ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താൻ സംയുക്ത പരിശോധന നടത്തുകയുണ്ടായി. കോർപ്പറേഷന്റെ കണക്കിനേക്കാൾ 470 ടാപ്പുകൾ വാട്ടർ അതോറിറ്റിയുടെ കണക്കിൽ കൂടുതലാണ്. പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കോർപ്പറേഷനും, വാട്ടർ അതോറിറ്റിയുമായി തർക്കം നിലനിൽക്കുകയാണ്.

കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയിൽ പൊതുടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടില്ല. വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന തുക വെള്ളക്കരമായി നഗരസഭ ഒടുക്കുന്നതാണ് ഇപ്പോഴത്തെ രീതി.

Local Fund Audit Department

തലശ്ശേരി നഗരസഭയിൽ 2010-11 മുതൽ 704 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് ഈടാക്കുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

## 17. തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും വാട്ടർ അതോറിറ്റി ക്രമരഹിതമായി തുക ഈടാക്കുന്നു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള വിവിധ ഇടപാടുകളിൽ വാട്ടർ അതോറിറ്റി ക്രമരഹിതമായി തുക ഈടാക്കിയ പല സംഭവങ്ങളുമുണ്ട്. വാട്ടർ അതോറിറ്റി ഇത്തരത്തിൽ ഈടാക്കുന്ന തുകകൾ തിരികെ വാങ്ങാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയാറില്ല. അതുകൊണ്ട് തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾക്ക് വലിയ നഷ്ടം സംഭവിക്കുന്നുണ്ട്.



കുടിവെള്ള പൈപ്പിടാൻ കുഴിച്ച ആഴംകുറഞ്ഞ ട്രഞ്ച് - തൃക്കടവൂർ ഗ്രാമപഞ്ചായത്ത് - കൊല്ലം ജില്ല

കൊല്ലം ജില്ലയിലെ തൃക്കടവൂർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതിവിഭാഗക്കാർക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് 2011-12 ൽ 29,62,250/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചു. വിവിധ വാർഡുകളിലെ 362 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാനായിരുന്നു പദ്ധതി. സെന്റേജ് ചാർജ് ഉൾപ്പെടെ 22,38,186/- രൂപ പദ്ധതിക്ക് വിനിയോഗിച്ചതായി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 7,24,064/- രൂപ നാളിതുവരെ വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിന് തിരികെ നൽകിയിട്ടില്ല. 12.5 ശതമാനം സെന്റേജ് ചാർജിനത്തിൽ 2,28,750/- രൂപ ആണ് എസ്റ്റിമേറ്റിൽ പറഞ്ഞിരുന്നത്. ചെലവായ തുക എസ്റ്റിമേറ്റിനെക്കാൾ കുറവായതിനാൽ സെന്റേജ് ചാർജും കുറയേണ്ടിയിരുന്നതാണ്. എന്നാൽ 3,29,402/- രൂപയാണ് സെന്റേജ് ചാർജായി ഈടാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റിനെക്കാൾ 1,00,652/- രൂപ അധികമാണിത്. ഭൂനിരപ്പിൽ നിന്നും 70 സെ.മീ. ആഴത്തിൽ പൈപ്പ് കുഴിച്ചിടാനാണ് എസ്റ്റിമേറ്റ് പ്രകാരം തുക കണക്കാക്കിയതെങ്കിലും, 30 സെ.മീ.ൽ താഴെ മാത്രമാണ് ട്രഞ്ചിന്റെ ആഴം എന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിൽ 2011 നവംബറിൽ നടത്തിയ സംയുക്ത പരിശോധനയിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾ 416 എണ്ണമെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 06/2013 വരെ 441 ടാപ്പുകളുടെ ചാർജാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തുകൊണ്ടിരുന്നത്. പ്രവർത്തനമില്ലാത്ത 25 ടാപ്പുകളുടെ വെള്ളക്കരമായി 19 മാസം ഗ്രാമപഞ്ചായത്ത് ഒടുക്കിയ അധികത്തുകയായ 1,38,541/- രൂപ തുടർന്നുളള വെള്ളക്കരത്തിൽ വാട്ടർ അതോറിറ്റി ക്രമീകരിച്ചിട്ടില്ല.

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ 28.10.2011 ൽ സംയുക്തപരിശോധനയിലൂടെ പൊതുടാപ്പുകൾ 448 എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനുശേഷവും 496 ടാപ്പുകൾക്കാണ് വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്നത്.

### വെള്ളക്കരം കുടിശ്ശിക അടവാക്കിയിട്ടും ഗ്രാന്റുകളിൽ നിന്നും തുക കുറവു ചെയ്യുന്നു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ തുകകൾ യഥാസമയം അടച്ചിട്ടും ഗ്രാന്റുകളിൽ നിന്നും തുക കുറവു ചെയ്യുന്ന രീതി തുടരുകയാണ്. തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട തുകകൾ യാതൊരുവിധ മാനദണ്ഡങ്ങളോ, വസ്തുതാപരിശോധനയോ ഇല്ലാതെയാണ് ഇത്തരത്തിൽ കുറവുചെയ്തു വരുന്നത്.

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് 2007-08 മുതൽ 2012-13 വരെയുള്ള വെള്ളക്കരമായി 40,84,708/- രൂപ ഒടുക്കിയതിനു പുറമേ, 2012 ജനുവരി മുതൽ പ്രതിമാസം വെള്ളക്കരമായി നിശ്ചയിച്ച തുകയായ 1,59,250/- രൂപ

**കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ; നീക്കിയിരിപ്പു തുക വാട്ടർ അതോറിറ്റി തിരികെ നൽകിയില്ല**

കൊല്ലം ജില്ലയിലെ തൃക്കടവൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള പദ്ധതിക്കായി 2011-12 ൽ 5 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ അടച്ചു (പ്രോജക്ട് നമ്പർ എസ്.ഒ.019/2012). വാട്ടർ അതോറിറ്റി നൽകിയ വിനിയോഗസാക്ഷ്യപത്രം പ്രകാരം, പദ്ധതിയ്ക്ക് ആകെ ചെലവായത് 3,22,001/- രൂപയാണ്. എസ്റ്റിമേറ്റിൽ ആകെ തുകയുടെ 12.5 ശതമാനമായ 39,863/- രൂപയാണ് സെന്റേജ് ചാർജിനത്തിൽ വകകൊള്ളിച്ചിരുന്നത്. എന്നാൽ ഇതിലും ചെറിയ തുകയുടെ മാത്രം പ്രവൃത്തി ചെയ്തിട്ടും 62,500/- രൂപയാണ് സെന്റേജ് ചാർജായി ഈടാക്കിയിട്ടുള്ളത്. നീക്കിയിരിപ്പുള്ള 1,14,179/- രൂപ വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിനു തിരികെ നൽകിയിട്ടില്ല.

Local Fund Audit Department

നിരക്കിൽ ആകെ 22,06,746/- രൂപയും യഥാസമയം വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ തന്നെ 1,04,05,414/- രൂപ യാതൊരു മാനദണ്ഡങ്ങളുമില്ലാതെ സ്രോതസിൽ നിന്നും കുറവു ചെയ്തിരിക്കുകയാണ്. ഗ്രാമപഞ്ചായത്ത് ഒടുക്കിയ തുകകൾ പരിഗണിക്കാതെ പിഴപലിശ കൂടി ഉൾപ്പെടുത്തിയാണ് വെള്ളക്കരം കുടിശ്ശികയുടെ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കിയിട്ടുള്ളത്.

കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ 2012-13 ലെ വെള്ളക്കരം വാർഷിക ഡിമാന്റ് 1,76,11,493/- രൂപയായിരുന്നു (മുൻ ബാക്കി ഉൾപ്പടെ). ഈ തുക പ്രോജക്ട് നമ്പർ 760/13 പ്രകാരം മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും ഡി.ഡി.നം.904727 (തീയതി 28.03.2013) പ്രകാരം അടവാക്കിയിരുന്നു. പിഴപ്പലിശ ഉൾപ്പെടെയുള്ള തുകയാണ് അടച്ചത്. എന്നാൽ ജനറൽ പർപ്പസ് ഗ്രാന്റിന്റെ അവസാന ഗഡുവായ 94,37,611/- രൂപ നേരിട്ട് കുറവ് ചെയ്ത് വെള്ളക്കരം കുടിശ്ശിക യിനത്തിൽ വാട്ടർ അതോറിറ്റിക്ക് നൽകിയിരിക്കുകയാണ്. കൂടാതെ 2013-14 ൽ ജനറൽ പർപ്പസ് ഗ്രാന്റിന്റെ ഒന്നാം ഗഡുവിൽ നിന്നും 1,12,61,125/- രൂപയും ഇത്തരത്തിൽ കുടിശ്ശിക അടച്ചു തീർത്തിട്ടുള്ളതാണ്.

**വെള്ളക്കരം കുടിശ്ശിക ഒടുക്കാൻ വികസന പദ്ധതികൾ മാറ്റിവച്ചു**

കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ 2008-09 മുതലുള്ള വെള്ളക്കരം കുടിശ്ശികയായ 2,17,16,727/- രൂപ വാട്ടർ അതോറിറ്റി 2011-12 ൽ ഡിമാന്റു ചെയ്തു. പ്രോജക്ട് നമ്പർ 584/12 പ്രകാരം വികസന ഫണ്ടിൽ നിന്നും 89,71,961/- രൂപ, മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1,22,36,297/- രൂപ എന്നിവ ഉൾപ്പെടുത്തി 2,12,08,258/- രൂപ കോർപ്പറേഷൻ അടവാക്കി. ഇതുമൂലം വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ വകയിരുത്തി തയ്യാറാക്കിയിരുന്ന അംഗനവാടികൾ/സ്കൂളുകൾ/പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായുള്ള 25 ഓളം പ്രോജക്ടുകൾ 2012-13 ൽ കോർപ്പറേഷന് ഒഴിവാക്കേണ്ടി വന്നു.

വാട്ടർ അതോറിറ്റിയുടെ 04.01.2014 ലെ ബിൽ പ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ വെള്ളക്കരം കുടിശ്ശിക 14.66 കോടി രൂപയാണ്. വെള്ളക്കരം യഥാസമയം അടയ്ക്കാത്തതിനാൽ പിഴപ്പലിശയും ചേർത്ത് തുക ഓരോ മാസവും ഭീമമായി വർദ്ധിക്കുകയാണ്.

തിരുവല്ല നഗരസഭ പ്രതിമാസ വെള്ളക്കരം വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം കൃത്യമായി ഒടുക്കുവരുത്തുന്നുണ്ടെങ്കിലും, വെള്ളക്കരം കുടിശ്ശികയിനത്തിൽ വൻതുകകളാണ് ഗ്രാന്റുകളിൽ നിന്നും കുറവ് ചെയ്യുന്നത്. 2012-13 ൽ 42,94,111/- രൂപ, 2013-14 ൽ 8,64,377/- രൂപ എന്നിങ്ങനെ 51,58,488/- രൂപ നഗരസഭയുടെ വിവിധ ഗ്രാന്റുകളിൽ നിന്നും കുറവ് ചെയ്ത് വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ 34,93,494/- രൂപയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരുന്നത്. ഇതിനേക്കാളും അധികമായി 16,64,994/- രൂപയാണ് ഗ്രാന്റുകളിൽ നിന്നും കുറവു ചെയ്തിട്ടുള്ളത്.

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ 31.03.2012 ൽ വെള്ളക്കരം കുടിശ്ശികയും ഫൈനും ഉൾപ്പെടെ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത തുക 10,10,494/- രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഗ്രാന്റുകളിൽ നിന്നും കുറവ് ചെയ്തത് 15,33,280/- രൂപയാണ്. അധികമായി 5,22,786/- രൂപ സ്രോതസിൽ നിന്നും കുറവു ചെയ്തു. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ഗ്രാന്റിൽ നിന്നും 29.12.08 മുതൽ 13.08.10 വരെ വെള്ളക്കരമിനത്തിൽ 3,56,76,058/- രൂപ കുറവ് ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് 147 പൊതുടാപ്പുകൾക്ക് 5,14,500/- രൂപയാണ് പ്രതിവർഷം വെള്ളക്കരമായി അടയ്ക്കേണ്ടത്. 2009-10, 2010-11, 2011-12 വർഷങ്ങളിലായി 15,43,500/- രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് അടച്ചിട്ടുണ്ട്. എന്നാൽ ഇതേ വർഷങ്ങളിൽ തന്നെ യഥാക്രമം 4,30,608/-, 1,74,305/-, 4,33,396/- എന്നിങ്ങനെ ആകെ 10,38,309/- രൂപ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും വെള്ളക്കരം കുടിശ്ശികമായി കുറവു വരുത്തിയിട്ടുണ്ട്. ഇതിനു പുറമേ, 04/11 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം, 1,10,938/- രൂപ കുടിശ്ശിക കൂടി ഉള്ളതായും വാട്ടർ അതോറിറ്റി അറിയിച്ചിരിക്കുന്നു. മാവൂർ ഗ്രാമപഞ്ചായത്ത് 12/2013 വരെ വെള്ളക്കരമിനത്തിൽ കുടിശ്ശിക ഉണ്ടായിരുന്ന 6,59,210/- രൂപ അടച്ചിട്ടുണ്ട്. എന്നാൽ 2012-13 ലെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 20,96,42/- രൂപ വെള്ളക്കരം കുടിശ്ശിക ഇനത്തിൽ കുറവു ചെയ്തു.

കാസർഗോഡ് ജില്ലയിലെ ബദിയടുക്ക ഗ്രാമപഞ്ചായത്ത് വെള്ളക്കരമിനത്തിൽ 03/2012 വരെയുള്ള കുടിശ്ശികയായ 11,89,580/- രൂപ 03/12 ൽ അടച്ചിട്ടുണ്ട്. എന്നാൽ 2011-12 ൽ പദ്ധതിവിഹിതം 20,576/- രൂപയും, സംരക്ഷണ ഗ്രാന്റിൽ നിന്നും (റോഡിതരം) 5,140/- രൂപയും, ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 5,140/- രൂപയും ഉൾപ്പെടെ 30,856/- രൂപ കുറവു ചെയ്തിട്ടുണ്ട്.



Local Fund Audit Department

## 18. കുഴൽക്കിണർ നിർമ്മാണത്തിൽ ഫലപ്രദമായ നിയന്ത്രണ സംവിധാനമില്ല

കേരളത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കുഴൽക്കിണറുകളുടെ എണ്ണത്തെപ്പറ്റി ആധികാരികമായ വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ല. ഓരോ വർഷം കഴിയുന്തോറും കുഴൽക്കിണറുകളുടെ എണ്ണം വൻതോതിൽ കൂടിവരികയാണ്. ഭൂഗർഭ ജലനിയന്ത്രണ നിയമം 2002 ൽ നിലവിൽ വന്നുവെങ്കിലും ഇത് ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഈ നിയമപ്രകാരം കേരളത്തിലെ അഞ്ച് വികസന ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മിക്കുവാൻ സർക്കാരിന്റെ അനുമതി വേണം. ഭൂഗർഗഭജലചൂഷണം പരിധികടന്നതായി കേന്ദ്രഭൂജല ബോർഡ് വ്യക്തമാക്കിയിട്ടുള്ള വികസന ബ്ലോക്കുകൾ കാസർഗോഡ്, കോഴിക്കോട്, കൊടുങ്ങല്ലൂർ, ചിറ്റൂർ, അതിയന്നൂർ എന്നിവയാണ്. ഭൂജലനിരപ്പിന്റെ പരിധി പ്രതിസന്ധിയിൽ ആണെന്ന് കേന്ദ്ര ഭൂജലബോർഡ് കണക്കാക്കിയിട്ടുള്ള 15 വികസന ബ്ലോക്കുകളിലും, അർദ്ധപ്രതിസന്ധിയിലുള്ള 30 വികസന ബ്ലോക്കുകളിലും കുഴൽക്കിണർ നിർമ്മാണത്തിന് യാതൊരു നിയന്ത്രണവുമില്ല.

2012 ലെ ഭൂഗർഭജലനിയന്ത്രണ നിയമപ്രകാരം, സാധാരണകിണറിൽ ഒരു കുതിരശക്തിയിൽ കൂടുതൽ ശേഷിയുള്ള മോട്ടോർ പമ്പുസെറ്റ് വച്ചവരും, കുഴൽക്കിണറിൽ മൂന്നിൽ കൂടുതൽ കുതിരശക്തിയുള്ള മോട്ടോർ വെച്ചിട്ടുള്ളവരും ജില്ലാ ഭൂഗർഭജല വകുപ്പിൽ രജിസ്റ്റർ ചെയ്യണം. എന്നാൽ വളരെക്കുറച്ച് ഉപഭോക്താക്കൾ മാത്രമേ ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളൂ.

കുഴൽക്കിണർ നിർമ്മിച്ചു നൽകുന്ന നൂറുക്കണക്കിന് സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഇവ നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ ശാസ്ത്രീയത ഉറപ്പുവരുത്താൻ യാതൊരുവിധ സംവിധാനങ്ങളുമില്ല. അശാസ്ത്രീയമായി നിർമ്മിക്കപ്പെട്ട കുഴൽക്കിണറിൽ നിന്നും വെള്ളം പമ്പുചെയ്യുമ്പോൾ ചുറ്റുവട്ടത്തുള്ള സാധാരണ കിണറുകളുടെ ജലനിരപ്പ് ക്രമാതീതമായി താഴുന്നു. കുഴൽക്കിണറുകളുടെ നിർമ്മാണം നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ ഒന്നും തന്നെ നിലവിൽ ഇല്ല. ഭൂഗർഭ ജല നിരപ്പ് ആപത്ക്കരമായി താണുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വർദ്ധിച്ചു വരുന്ന കുഴൽക്കിണറുകൾ വൻഭീഷണിയാണ് ഉയർത്തുന്നത്.

**കളിസ്ഥലത്തെ കുഴൽക്കിണറുകൾ അപകട ഭീഷണിയുയർത്തുന്നു**

കൊല്ലം ജില്ലയിലെ തൃക്കടവൂർ ഗ്രാമപഞ്ചായത്തിന്റെ എട്ടാംവാർഡിൽ (അഞ്ചാലുംമൂട്) ആണിക്കുളത്ത് ചിറ മിനിസ്റ്റേഡിയത്തിൽ കുഴൽക്കിണർ നിർമ്മിക്കുവാൻ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് അനുമതി നൽകിയിരുന്നു. ആദ്യം കുഴിച്ച കിണർ സാങ്കേതികകാരണങ്ങളാൽ ഉപേക്ഷിച്ചു. തൊട്ടടുത്തു തന്നെ മറ്റൊരു കുഴൽക്കിണർ കൂടി നിർമ്മിച്ചിട്ടുണ്ട്. എന്നാൽ യന്ത്രസംവിധാനങ്ങൾ ഘടിപ്പിക്കാതെ ഇതും ഉപേക്ഷിച്ച നിലയിലാണ്. നിലവിൽ, കളിസ്ഥലത്തിന്റെ വടക്കു - കിഴക്കു ഭാഗത്തായി ഏതാണ്ട് തറനിരപ്പിൽ രണ്ടു കുഴൽക്കിണറുകളും തുറസായി കിടക്കുകയാണ്. സ്ഥലവാസികൾ പരാതിപ്പെട്ടിട്ടും അധികൃതർ നടപടിയെടുത്തിട്ടില്ല.



കളിസ്ഥലത്തോട് ചേർന്ന് തുറന്ന നിലയിലുള്ള കുഴൽക്കിണർ

## 5.1.6. നിഗമനങ്ങൾ

1. ജലസ്രോതസുകൾ നിലനിർത്തുന്നതിലും, സംരക്ഷിക്കുന്നതിലും, പ്രയോജനപ്പെടുത്തുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല. ജലസ്രോതസുകൾ മാലിന്യകൂമ്പാരങ്ങളായി മാറിയ ഒട്ടേറെ ഉദാഹരണങ്ങളുണ്ട്.
2. നീർത്തടങ്ങൾ സംരക്ഷിക്കുവാനുള്ള ചുമതലകൾ യഥാവിധി നിറവേറ്റാൻ പല തദ്ദേശസ്ഥാപനങ്ങൾക്കും കഴിയുന്നില്ല.
3. തദ്ദേശസ്ഥാപനങ്ങൾ ആവശ്യത്തിന് സാധ്യതാപഠനം നടത്താതെയും, മുന്നൊരുക്കം ഇല്ലാതെയും ആവിഷ്ക്കരിക്കുന്ന കുടിവെള്ള പദ്ധതികൾ പരാജയമടയുന്നു.
4. തദ്ദേശസ്ഥാപനങ്ങളിലെ കുടിവെള്ളം/ശുചിത്വം വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല.
5. കുടിവെള്ള പദ്ധതികളുടെ ആസ്തിസംരക്ഷണം തൃപ്തികരമായി നടത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.
6. കുടിവെള്ള പദ്ധതികൾ പൂർത്തിയായശേഷവും, ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറാത്തതിനാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വൻ സാമ്പത്തിക ബാധ്യതകൾ ഉണ്ടാകുന്നു.
7. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ തദ്ദേശസ്ഥാപനങ്ങളിൽ സംവിധാനമില്ല.
8. കുടിവെള്ള പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റി, ഭൂഗർഭജലവകുപ്പ് എന്നീ സർക്കാർ ഏജൻസികളിൽ തദ്ദേശസ്ഥാപനങ്ങൾ നിക്ഷേപിക്കുന്ന തുകകൾ യഥാസമയം വിനിയോഗിക്കപ്പെടുന്നില്ല.
9. കേരള വാട്ടർ അതോറിറ്റിയിൽ തദ്ദേശസ്ഥാപനങ്ങൾ ഒടുക്കുവാനുള്ള വെള്ളക്കരം കുടിശ്ശിക അടവാക്കിയിട്ടും പല തദ്ദേശസ്ഥാപനങ്ങളുടെയും ഗ്രാന്റുകളിൽ നിന്നും ഈ പേരിൽ തുകകൾ കുറവു ചെയ്യുന്നു.
10. പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ ഉറപ്പുവരുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ശുഷ്കാന്തി കാട്ടുന്നില്ല.
11. അനിയന്ത്രിതമായി പെരുകിക്കൊണ്ടിരിക്കുന്ന കുഴൽക്കിണറുകളുടെ എണ്ണം നിയന്ത്രിക്കുവാൻ ഫലപ്രദമായ നടപടികളില്ല.

Local Fund Audit Department

## 5.1.7. ശുപാർശകൾ

1. ജലസ്രോതസുകളെപ്പറ്റിയുള്ള കൃത്യമായ വിവരങ്ങൾ ശേഖരിക്കുവാനും, അവയെ മാലിന്യമുക്തമായി സൂക്ഷിക്കുവാനും തദ്ദേശഭരണ സ്ഥാപനങ്ങൾ ഊർജിതമായി പ്രവർത്തിക്കണം. ജലസ്രോതസുകൾ, തണ്ണീർത്തടങ്ങൾ എന്നിവയുടെ മേലുള്ള കയ്യേറ്റങ്ങൾ തടയാനും നടപടികൾ കൈക്കൊള്ളണം. ഇക്കാര്യത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ നൽകണം.
2. തദ്ദേശഭരണ സ്ഥാപനങ്ങൾ മണ്ണ്/ജലസംരക്ഷണ പ്രവൃത്തികൾ കാര്യക്ഷമമാക്കുകയും, ഭൂഗർഭജലനിരപ്പ് ഉയർത്താനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുകയും വേണം.
3. വിതരണം ചെയ്യപ്പെടുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പാക്കാനുള്ള നടപടികൾ തദ്ദേശഭരണസ്ഥാപനങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ട്.
4. കുടിവെള്ള മേഖലയിൽ അർഹിക്കുന്ന പ്രാധാന്യത്തോടെ ഫണ്ട് വകയിരുത്താനും, വിനിയോഗിക്കാനും തദ്ദേശ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം. ഈ മേഖലയിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമായി നടക്കുന്നുവെന്ന് സർക്കാർ ഉറപ്പു വരുത്തണം.
5. സാധ്യതാപഠനം, മുന്നൊരുക്കം എന്നിവയില്ലാതെ കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്ന രീതി ഉപേക്ഷിച്ച് ശാസ്ത്രീയമായ രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടിയെടുക്കണം.
6. കുടിവെള്ള /ശുചിത്വമേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഊർജിതമാക്കണം.
7. പണിപൂർത്തിയായ കുടിവെള്ള പദ്ധതികളുടെയെല്ലാം പരിപാലനം, നടത്തിപ്പ് എന്നിവ ഗുണഭോക്തൃസമിതികൾക്ക് കൈമാറണം.
8. കുടിവെള്ള പദ്ധതികളുടെ ആസ്തിസംരക്ഷണം കുറ്റമറ്റതാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ അടിയന്തിര നടപടികൾ കൈക്കൊള്ളണം.
9. സർക്കാർ ഏജൻസികളിൽ കുടിവെള്ള പദ്ധതികൾക്കായി നിക്ഷേപിക്കുന്ന തുകകളുടെ സമയബന്ധിതമായ വിനിയോഗം ഉറപ്പാക്കണം. ഇക്കാര്യത്തിൽ സർക്കാരിന്റെ ഇടപെടൽ ഉണ്ടാവണം.
10. പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനകളിലൂടെ ഉറപ്പുവരുത്തണം. തദ്ദേശസ്ഥാപനങ്ങളിൽ നിന്നും വാട്ടർ അതോറിറ്റി ക്രമരഹിതമായി ഈടാക്കിയ തുകകൾ തിരികെ വാങ്ങാൻ നടപടികൾ എടുക്കണം.
11. അനിയന്ത്രിതമായി പെരുകുന്ന കുഴൽക്കിണറുകൾമൂലമുള്ള അപകടങ്ങൾ ബോധ്യപ്പെടുത്താൻ ജനങ്ങളുടെയിടയിൽ ബോധവൽക്കരണം നടത്തണം.
12. മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിനും മഴവെള്ളം ഉപയോഗിച്ച് കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുമുള്ള പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോത്സാഹനം നൽകണം.

Local Fund Audit Department

# 5.2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസമേഖലയും



കേരളത്തിന്റെ പൊതുവിദ്യാഭ്യാസരംഗം വളർച്ചയുടെ അനവധി പടവുകൾ പിന്നിട്ടുകഴിഞ്ഞുവെങ്കിലും ലക്ഷ്യമിട്ട രീതിയിലുള്ള ഗുണനിലവാരം സ്വായത്തമാക്കാൻ കഴിഞ്ഞിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളി. ആവശ്യത്തിന് ക്ലാസ്മുറികൾ, കമ്പ്യൂട്ടറുകൾ, കളിസ്ഥലം, ലൈബ്രറി, മെച്ചപ്പെട്ട കുടിവെള്ള സംവിധാനം, ആവശ്യത്തിനുള്ള അധ്യാപകർ, ഫർണിച്ചർ എന്നിവയുള്ള വിദ്യാലയങ്ങൾ കുറവാണ്. സ്വന്തമായി വാഹനമുള്ള പൊതുവിദ്യാലയങ്ങളും നന്നേ കുറവാണ്. ഇംഗ്ലീഷ് അധ്യായനമാധ്യമത്തോടുള്ള സമൂഹത്തിന്റെ അതിരുകവിഞ്ഞ താൽപര്യവും പൊതുവിദ്യാലയങ്ങളെ അനാകർഷങ്ങളാക്കുന്നു. പൊതുവിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനത്തിൽ ഏകോപനമുണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നതാണ് ഈ രംഗത്തെ വലിയൊരു പോരായ്മ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസസമിതികൾ ശരിയായവിധത്തിൽ പ്രവർത്തിക്കാത്തത് അവസ്ഥ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്. പ്രാദേശിക ഭരണകൂടങ്ങളുടെ വിദ്യാഭ്യാസവികസന പദ്ധതിയുടെ ഭാഗമായി മാറാൻ എസ്.എസ്.എ.പദ്ധതിയ്ക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല എന്നതും വളരെ വലിയൊരു വീഴ്ചയാണ്.

Local Fund Audit Department

## ഉള്ളടക്കം


| വിവരണം | ഖണ്ഡിക | പേജ് |
|---|---|---|
| **വിഷയവിവരണം** | | |
| ആമുഖം | 5.2.1 | 93 |
| ഓഡിറ്റ് അധികാരം | | 94 |
| ഓഡിറ്റ് ലക്ഷ്യങ്ങൾ | 5.2.2 | 95 |
| ഓഡിറ്റ് മാനദണ്ഡങ്ങൾ | 5.2.3 | 95 |
| ഓഡിറ്റിന്റെ രീതിയും, വ്യാപ്തിയും | | 95 |
| **ഓഡിറ്റ് കണ്ടെത്തലുകൾ** | 5.2.4 | 96 |
| പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം | 5.2.4.1 | 96 |
| സ്ക്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം | 5.2.4.2 | 96 |
| ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്റൂമുകൾ പ്രവർത്തിക്കുന്നു | | 99 |
| വിദ്യാലയങ്ങളിലെ നിർമ്മാണപ്രവൃത്തികൾ ലക്ഷ്യം കൈവരിച്ചില്ല | 5.2.4.3 | 102 |
| സ്തംഭനാവസ്ഥയിലായ നിർമ്മാണ പ്രവൃത്തികൾ | 5.2.4.4 | 104 |
| ലാബ് നിർമ്മാണം സ്തംഭനാവസ്ഥയിൽ | | 105 |
| സ്കൂൾ വസ്തു കയ്യേറ്റം - നടപടി സ്വീകരിച്ചില്ല | 5.2.4.5 | 106 |
| ഉച്ചഭക്ഷണവിതരണം - അനുബന്ധസൗകര്യങ്ങൾ അപര്യാപ്തം | 5.2.4.6 | 107 |
| സ്കൂളുകളിലെ ശുദ്ധജലവിതരണം കാര്യക്ഷമമല്ല | 5.2.4.7 | 108 |
| ടോയ്‌ലറ്റ് സൗകര്യങ്ങൾ ശോചനീയം | 5.2.4.8 | 109 |
| കളിസ്ഥലങ്ങൾ - വിദ്യാഭ്യാസചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല | 5.2.4.9 | 110 |
| സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമല്ല | 5.2.4.10 | 113 |
| ലാബ് സൗകര്യങ്ങൾ അപര്യാപ്തം | 5.2.4.11 | 114 |
| വിവരസാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല | 5.2.4.12 | 115 |
| സ്കൂളുകളിലെ മാലിന്യസംസ്ക്കരണം അശാസ്ത്രീയം | 5.2.4.13 | 117 |
| സർക്കാർ വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് | 5.2.4.14 | 117 |
| സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അഡ്മിഷൻ നിലവാരം | 5.2.4.15 | 119 |
| തദ്ദേശസ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയ്ക്ക് വകയിരുത്തുന്ന തുകകൾ അപര്യാപ്തം | 5.2.4.16 | 122 |
| വിവിധ സമിതികളുടെ പ്രവർത്തനം | 5.2.4.17 | 125 |
| വിദ്യാഭ്യാസമേഖലയും, സർവ്വശിക്ഷ അഭിയാനും | 5.2.4.18 | 127 |
| എസ്.എസ്.എ.പദ്ധതി നടത്തിപ്പിൽ പോരായ്മകൾ | | 131 |
| വിദ്യാഭ്യാസമേഖലയിലെ നൂതനാശയ പ്രവർത്തനങ്ങൾ | 5.2.4.19 | 134 |
| നിഗമനങ്ങൾ | 5.2.5 | 138 |
| ശുപാർശകൾ | 5.2.6 | 139 |


Local Fund Audit Department

## 5.2.1 ആമുഖം



വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയാണ്. വ്യക്തിയുടെ കഴിവുകൾ സമൂഹത്തിന്റെ താൽപ്പര്യങ്ങൾക്കും ആവശ്യങ്ങൾക്കും അനുഗുണമായ രീതിയിൽ വളർത്തിയെടുക്കുകയാണ് വിദ്യാഭ്യാസത്തിന്റെ എക്കാലത്തേയും ലക്ഷ്യം. സമൂഹത്തിന്റെ ആശയങ്ങളും ധാരണകളും സങ്കല്പങ്ങളും കുട്ടികളിൽ എത്തിക്കുന്നതിനുള്ള സ്ഥാപനവൽകൃത രൂപമാണ് വിദ്യാലയങ്ങൾ.

കേരളത്തിൽ ഏറ്റവും കൂടുതൽ സാമൂഹ്യ ഇടപെടൽ നടന്ന മേഖലയാണ് വിദ്യാഭ്യാസം. സാർവ്വത്രിക വിദ്യാഭ്യാസം കേരളീയ സമൂഹത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ വലുതാണ്. അക്ഷരബോധം അവകാശ ബോധത്തിലേക്കും അതു സാമൂഹിക ഗുണമേന്മയിലേക്കും നയിച്ചു. ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സുശക്തമായ ഒരു വിദ്യാഭ്യാസ സംവിധാനം കേരളത്തിനുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ കൈമാറിക്കൊണ്ട് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും യാഥാർത്ഥ്യമായതോടെ വിദ്യാഭ്യാസമേഖലയിൽ പ്രാദേശിക ഭരണകൂടങ്ങളുടെ ഇടപെടലിന് കളമൊരുങ്ങി. 9, 10, 11, 12 പദ്ധതികളിലായി പ്രാദേശിക സർക്കാരുകൾക്ക് ലഭിക്കുന്ന പദ്ധതി വിഹിതം ഗണ്യമായി വർദ്ധിച്ചതോടെ വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്ത് രാജ്-നഗരസഭാ സ്ഥാപനങ്ങൾക്ക് ലഭിച്ച ചുമതലകൾ നിറവേറ്റുന്നതിനുള്ള വിഭവ സ്രോതസ്സുമായി നിരവധി പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടന്നുകഴിഞ്ഞു. പതിനായിരക്കണക്കിന് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും വഴി വിദ്യാഭ്യാസ മേഖലയിലുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും നാളിതുവരെ വിശകലനം ചെയ്തിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടപടികളും ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വിഭാഗമായ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 2013-14 വർഷത്തിൽ പ്രവർത്തനക്ഷമതാ ഓഡിറ്റിന് 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസമേഖലയും' എന്ന വിഷയം തെരഞ്ഞെടുത്തത്.

പ്രീ-പ്രൈമറി തൊട്ട് ഹയർ സെക്കണ്ടറി ഉൾപ്പെടെയുള്ള സർക്കാർ വിദ്യാലയങ്ങളാണ് വിദ്യാഭ്യാസമേഖലയിൽ ഗ്രാമ-ജില്ലാ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റി-കോർപ്പറേഷൻ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളായി മാറിയിട്ടുള്ളത്. ഇവയിലെ ജീവനക്കാരുടെ ശമ്പളച്ചെലവ് സംസ്ഥാന സർക്കാർ തന്നെയാണ് വഹിക്കുന്നത്. പാഠ്യപദ്ധതി തീരുമാനിക്കുന്നതും, അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതുമൊക്കെ വിദ്യാഭ്യാസ വകുപ്പുതന്നെയാണ്. വിദ്യാലയങ്ങൾക്കായി അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക എന്നതാണ് തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രധാന ചുമതല. കെട്ടിടം, ചുറ്റുമതിൽ, പാചകപ്പുര, ഫർണ്ണിച്ചർ, ലാബ്, ലൈബ്രറി, മൂത്രപ്പുര, ശുദ്ധജലം, കളിസ്ഥലം തുടങ്ങിയ സൗകര്യങ്ങൾ മാറി വരുന്ന ആവശ്യങ്ങൾക്കനുസരിച്ച് പുനഃസംവിധാനം ചെയ്യുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രമം നടത്തേണ്ടതുണ്ട്. വലിയ മുതൽ മുടക്ക് വേണ്ടി വരുന്ന ഈ പ്രവർത്തനം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തനിയെ നിറവേറ്റാനാകില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനത്തിനും വിവിധ മേഖലയിൽ താൽപ്പര്യമുള്ളവർ, അദ്ധ്യാപകർ, രക്ഷിതാക്കൾ, സന്നദ്ധ സംഘടനകൾ, പ്രദേശവാസികൾ തുടങ്ങി വിപുലമായ ബഹുജനപങ്കാളിത്തം ഉറപ്പു വരുത്തുക എന്ന ദൗത്യം കൂടി തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. വികേന്ദ്രീകരണ ആസൂത്രണത്തിന്റെ പാതയിൽ മൂന്ന് പദ്ധതികൾ പിന്നിട്ടപ്പോൾ ഈ ദൗത്യം എത്രത്തോളം പൂർത്തിയാക്കാനായി എന്ന് പരിശോധിക്കേണ്ടതുണ്ട്.

ഓരോ പ്രദേശത്തിന്റെയും സവിശേഷ സാഹചര്യങ്ങളും വിഭവ സാധ്യതകളും പരിഗണിച്ചും പ്രയോജനപ്പെടുത്തിയും വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് മാത്രമാണ് കഴിയുക. പ്രശ്നങ്ങളുടെ സൂക്ഷ്മതല വിശകലനം, പ്രായോഗികമായ പരിഹാര പ്രവർത്തനങ്ങളുടെ ആസൂത്രണം, അവയുടെ നിർവ്വഹണത്തിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തവും മേൽ നോട്ടവും, ജനകീയ സംവിധാനങ്ങളുടെ ഏകോപനം തുടങ്ങിയവ ഫലപ്രദമായി നടക്കുന്നുവോ എന്നു വിലയിരുത്തപ്പെടണം. സമഗ്രവും ദീർഘകാലികവുമായ ഒരു വിദ്യാഭ്യാസ പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ താഴെതട്ടിൽ ആരംഭിക്കുന്ന വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങളെ അർത്ഥപൂർണ്ണമാക്കാൻ സ്കൂൾ കോംപ്ലക്സുകൾക്കും പഞ്ചായത്തുതല വിദ്യാഭ്യാസ പദ്ധതികൾക്കും കഴിഞ്ഞോ എന്നു വിലയിരുത്തേണ്ടതുണ്ട്.

Local Fund Audit Department

വിദ്യാഭ്യാസ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പരമാവധി പരിമിതപ്പെടുത്തിയാണ് ഈ പ്രവർത്തനക്ഷമതാ പരിശോധന നടത്തിയിരിക്കുന്നത്.

**വിദ്യാഭ്യാസമേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ**

**ഗ്രാമപഞ്ചായത്ത്**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166(1)-ാം വകുപ്പ് 3-ാം പട്ടിക

- ❖ സർക്കാർ പ്രീപ്രൈമറി സ്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പ്
- ❖ സാക്ഷരതാ പരിപാടികൾ നടപ്പിലാക്കുക
- ❖ വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവും.

**ജില്ലാപഞ്ചായത്ത്**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 173(1)-ാം വകുപ്പ് 5-ാം പട്ടിക

- ❖ സർക്കാർ ഹൈസ്കൂളുകളുടെ നടത്തിപ്പ് (ഹൈസ്കൂളുകളോടൊപ്പമുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങൾ ഉൾപ്പെടെ)
- ❖ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ നടത്തിപ്പ്
- ❖ സർക്കാർ സാങ്കേതിക സ്കൂളുകളുടെ നടത്തിപ്പ്
- ❖ സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെയും പോളിടെക്നിക്കുകളുടെയും നടത്തിപ്പ്
- ❖ സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളുടെ നടത്തിപ്പ്
- ❖ വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ജില്ലാ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നടത്തിപ്പ്
- ❖ വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്ര-സംസ്ഥാന സ്പോൺസേർഡ് പരിപാടികളെ ഏകോപിക്കുക

**മുനിസിപ്പാലിറ്റി**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1)-ാം വകുപ്പ് 1-ാം പട്ടിക

- ❖ സർക്കാർ പ്രീപ്രൈമറി സ്കൂളുകളും പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും നടത്തുക
- ❖ സാക്ഷരതാ പരിപാടികൾ നടപ്പാക്കുക
- ❖ മുനിസിപ്പൽ പ്രദേശത്തെ സർക്കാർ വ്യവസായ പരിശീലന കേന്ദ്രങ്ങൾ നടത്തുക
- ❖ മുനിസിപ്പൽ പ്രദേശത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾ നടത്തുക
- ❖ മുനിസിപ്പൽ പ്രദേശത്തെ സർക്കാർ ടെക്നിക്കൽ സ്കൂളുകൾ നടത്തുക
- ❖ മുനിസിപ്പൽ പ്രദേശത്തെ സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളും പോളിടെക്നിക്കുകളും നടത്തുക
- ❖ മുനിസിപ്പൽ പ്രദേശത്തെ സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകൾ നടത്തുക.

**ഓഡിറ്റ് അധികാരം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് അധികാരം താഴെ പറയുന്ന നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനാണ്.

1. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്
2. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 295 (3)-ാം വകുപ്പ്
3. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 215(3)-ാം വകുപ്പ്
4. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ
5. 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ
6. 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-19 പ്രകാരം ഓഡിറ്റ് രീതി തീരുമാനിക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അധികാരമുണ്ട്.

Local Fund Audit Department

### 5.2.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമാണോ എന്നു പരിശോധിക്കുക.
2. ഘടകസ്ഥാപനങ്ങളായ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുക.
3. പഞ്ചായത്ത് രാജ്-നഗരസഭാ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്ക് ഫണ്ട് വകയിരുത്തുന്നതും വിനിയോഗിക്കുന്നതും അവലോകനം ചെയ്യുക.
4. സർവ്വശിക്ഷാ അഭിയാന് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന വിഹിതം കാര്യക്ഷമമായി ചെലവഴിക്കുന്നുണ്ടോ എന്നു പരിശോധിക്കുക.
5. വിവിധ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സമിതികളുടെ പ്രവർത്തനം വിലയിരുത്തുക
6. പാഠ്യേതര പ്രവർത്തനം സംഘടിപ്പിക്കുന്നതിലും നൂതന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിലും വിദ്യാലയങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും കാണിക്കുന്ന താൽപര്യം വിലയിരുത്തുക.
7. അധികാര വികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃതാസൂത്രണത്തിന്റെയും ഫലമായി വിദ്യാഭ്യാസ മേഖലയിലുണ്ടായ ഗുണപരമായ മാറ്റങ്ങൾ അവലോകനം ചെയ്യുക.
8. വിദ്യാഭ്യാസമേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമവും ഫലപ്രദവുമായ ഇടപെടലിനു ആവശ്യമായ ശുപാർശകൾ സമർപ്പിക്കുക.

### 5.2.3 ഓഡിറ്റ് മാനദണ്ഡങ്ങൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166 (1)-ാം വകുപ്പ് 3-ാം പട്ടിക, 173-ാം വകുപ്പ് 4-ാം പട്ടിക
2. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 30 (1)-ാം വകുപ്പ് 1-ാം പട്ടിക
3. 1958 ലെ കേരള വിദ്യാഭ്യാസ നിയമം
4. 1959 ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ
5. 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം
6. ജി.ഒ.(എം.എസ്) 128/2007 തസ്വഭവ 14.05.07 പ്രകാരമുള്ള 11-ാം പദ്ധതി മാർഗ്ഗരേഖ
7. ജി.ഒ.(എം.എസ്) 183/2007 തസ്വഭവ 24.05.07 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ
8. ജി.ഒ.(എം.എസ്) 225/2012 തസ്വഭവ 18.08.2012 പ്രകാരമുള്ള 12-ാം പദ്ധതി മാർഗ്ഗരേഖ
9. ജി.ഒ.(എം.എസ്) 248/2012 തസ്വഭവ 29.09.2012 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ
10. തദ്ദേശസ്വയംഭരണം/വിദ്യാഭ്യാസ മേഖല എന്നിവയുമായി ബന്ധപ്പെട്ട വിവിധ സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ

**ഓഡിറ്റ് രീതി, വ്യാപ്തി**

2013 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലായി കേരളത്തിലെ 73 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക ഓഡിറ്റ് സംഘങ്ങൾ പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തുകയുണ്ടായി. പഠനം നടത്തിയ സ്ഥാപനങ്ങൾ **അനുബന്ധം – 8** ൽ നൽകിയിരിക്കുന്നു. ഇന്റർനാഷണൽ ഓർഗനൈസേഷൻ ഓഫ് സുപ്രീം ഓഡിറ്റ് ഇൻസ്റ്റിറ്റ്യൂഷൻസ് (INTOSAI) കംപ്ട്രോളർ ആന്റ് ഓഡിറ്റ് ജനറൽ ഓഫ് ഇന്ത്യ (C&AG) യും പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിച്ചാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് (Performance Audit) നടത്തിയത്. സിംപിൾ റാൻഡം സാംപ്ലിംങ് രീതി അവലംബിച്ചാണ് സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങളായ വിദ്യാലയങ്ങൾ നേരിട്ട് സന്ദർശിച്ചും, പദ്ധതികൾ വിലയിരുത്തിയും പഞ്ചായത്ത്/സ്കൂൾ അധികൃതരുമായി ചർച്ച നടത്തിയും ഫയലുകളും രേഖകളും പരിശോധിച്ചുമാണ് റിപ്പോർട്ട് തയ്യാറാക്കിയത്. സംസ്ഥാന ആസൂത്രണ ബോർഡ്, വിദ്യാഭ്യാസ ഡയറക്ടറേറ്റ്, സർവ്വശിക്ഷാ അഭിയാൻ ഓഫീസ് എന്നിവിടങ്ങളിൽ നിന്നു ലഭിച്ച വിവരങ്ങളും വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധരുമായുള്ള ചർച്ചയിൽ നിന്നുള്ള വിവരങ്ങളും പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടെയും പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളുടെ പ്രസക്തഭാഗങ്ങളുടെ സംക്ഷിപ്തമാണ് ഈ റിപ്പോർട്ട്.

Local Fund Audit Department

# 5.2.4 ഓഡിറ്റ് കണ്ടെത്തലുകൾ

## 1. പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം

സർക്കാർ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ (കെട്ടിടം, ചുറ്റുമതിൽ, പാചകപ്പുര, ടോയ്ലെറ്റ് തുടങ്ങിയവ) നവീകരിക്കുന്നതിലും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. സ്കൂളുകളുടെ ഭൗതിക നിലവാരം ഉയർത്തുന്നതിന് പതിനൊന്നാം പദ്ധതി കാലയളവിലും 2012-13 വർഷത്തിലും വളരെ തുച്ഛമായ തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പതിനൊന്നാം പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സർക്കാർ സ്കൂളുകളുടെ ക്ലാസ്സ് മുറികൾ, ഉച്ചഭക്ഷണം എന്നിവയുടെ മേന്മ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകളും കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് അവശ്യം വേണ്ടുന്ന പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രോജക്ടുകളും നടപ്പാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന ശ്രദ്ധേയമായ പ്രോജക്ടുകളൊന്നും ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കിയിട്ടില്ല.

09.12.04 ലെ ജി.ഒ(എം.എസ്) 330/2004/തസ്വഭവ നമ്പർ വിനിയോഗമാർഗ്ഗരേഖയിൽ, സ്കൂളുകളുടെ മേൽക്കൂര മാറ്റുന്നത് ഉൾപ്പെടെയുള്ള മെയിന്റനൻസിനാണ് റോഡ് ഒഴികെയുള്ള മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിന് മുൻഗണന നൽകേണ്ടതെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പല സർക്കാർ സ്കൂൾ കെട്ടിടങ്ങളും അപകടാവസ്ഥയിലായിരുന്നിട്ടും യഥാസമയം മെയിന്റനൻസ് ഫണ്ട് ഉപയോഗപ്പെടുത്തി കെട്ടിടങ്ങളുടെ നില മെച്ചപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

പരിശോധനാവിധേയമാക്കിയ സ്കൂളുകളിൽ ഭൂരിഭാഗവും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളും കുറവല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ**

| വിദ്യാഭ്യാസ സ്ഥാപനം | തദ്ദേശസ്വയംഭരണ സ്ഥാപനം |
|---|---|
| സെന്റ് ജോൺസ് പാട്ടം ഗവ: എൽ.പി.സ്കൂൾ | കൊച്ചി നഗരസഭ |
| ഗവ: എൽ.പി.എസ്.കോട്ടുമ്മൽ | കോഴിക്കോട് നഗരസഭ |
| ഗവ: യു.പി.എസ്. ദൈവത്താർകണ്ടി | കണ്ണൂർ നഗരസഭ |
| ഗവ: യു.പി.സ്കൂൾ | കരിയാട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ |
| ഗവ: എൽ.പി.എസ്.തളങ്കര | കാസറഗോഡ് നഗരസഭ |
| ഗവ: ഫിഷറീസ് യു.പി.സ്കൂൾ, കോട്ടിക്കുളം | ഉദുമ ഗ്രാമപഞ്ചായത്ത്, കാസറഗോഡ് |
| ജി.എം.എൽ.പി.എസ്.അണ്ടത്തോട്<br>ജി.എം.എൽ.പി.എസ്. പുന്നയൂർക്കുളം<br>ജി.എം.എൽ.പി.എസ്.ചമ്മണ്ണൂർ. | പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്<br>തൃശ്ശൂർ ജില്ല |

വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതിനാൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്താനാകുന്നില്ല.

## 2. സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയിലെ അവനവൻചേരി ഹൈസ്കൂളിനായി 1981 ൽ നിർമ്മിച്ച പ്രധാന കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. കെട്ടിടത്തിലെ സൺഷേഡുകൾ തകർന്നതിനാൽ ഇവ നീക്കം ചെയ്ത് ഷീറ്റ് ഉപയോഗിച്ച് ഷെയ്ഡ് നിർമ്മിച്ചിരിക്കുന്നു. ചോർച്ചയും ചുവരിലെ ഈർപ്പവും കെട്ടിടത്തെ നാശോന്മുഖമാക്കിയിരിക്കുന്നു.

ആറ്റിങ്ങൽ നഗരസഭയിലെ തന്നെ ഡയറ്റ് യു.പി.എസ്-ന്റെ പഴയ 3 നില കോൺക്രീറ്റ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി, റീപെയിന്റിംഗ് എന്നിവ സമയബന്ധിതമായി നടക്കുന്നില്ല. ലോവർ പ്രൈമറി ക്ലാസ്സുകൾ നടക്കുന്നത് ആസ്ബസ്റ്റോസ് മേൽക്കൂരയുള്ള കെട്ടിടത്തിലാണ്.

തിരുവനന്തപുരം നഗരസഭയിൽ പരിശോധനാ വിധേയമാക്കിയ 8 സ്കൂളുകളുടെയും നില ശോചനീയമാണ്. 2010-11 സാമ്പത്തിക വർഷത്തിൽ ബീമാപ്പള്ളി ഗവൺമെന്റ് യു.പി.എസ്സിന്റെ മെയിന്റനൻസിനായി നാലരലക്ഷം രൂപയും നിലവിലുള്ള കെട്ടിടം പുതുക്കുന്നതിനായി 20 ലക്ഷം രൂപയും നഗരസഭയിൽ നിന്ന് അനുവദിച്ചിരുന്നു. ടെണ്ടർ നടപടികൾ

Local Fund Audit Department



ഗവ: സെൻട്രൽ സ്കൂൾ, അട്ടക്കുളങ്ങര



വൈകിയതുമൂലം പദ്ധതികൾ ഉപേക്ഷിക്കുകയും തന്മൂലം നിലവിലുള്ള കെട്ടിടം കൂടുതൽ തകർച്ചയിലേയ്ക്ക് നീങ്ങുകയും ചെയ്തു.

സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ കാരണം ഒന്നുമുതൽ ഏഴുവരെ ക്ലാസ്സുകളിലെ ഡിവിഷനുകൾ പകുതിയായി കുറഞ്ഞു. തികച്ചും അനാരോഗ്യകരമായ ചുറ്റുപാടിൽ തുറസ്സായ സ്ഥലത്തിരുത്തി കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകേണ്ട സ്ഥിതിയാണുള്ളത്. പ്രസ്തുത സ്കൂളിലേയ്ക്ക് പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി കുറവ് കാണുന്നുണ്ട്.

തിരുവനന്തപുരം നഗരത്തിന്റെ മധ്യഭാഗത്തുള്ള അട്ടക്കുളങ്ങര ഗവൺമെന്റ് സെൻട്രൽ ഹൈസ്കൂൾ കെട്ടിടങ്ങൾ ജീർണ്ണിച്ചും, ഉപേക്ഷിക്കപ്പെട്ട നിലയിലുമാണ് കാണപ്പെട്ടത്. ക്ലാസ്സ് മുറികൾ തമ്മിൽ വേർതിരിവുണ്ടായിരിക്കണം എന്ന കെ.ഇ.ആറിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് യു.പി. സെക്ഷനിലെ ക്ലാസ്സുകളെല്ലാം ഒറ്റ ഷെഡിലാണ് നടന്നുവരുന്നത്. സ്കൂൾ പരിസരത്തുള്ള മരങ്ങളുടെ ശാഖകൾ ഒടിഞ്ഞുവീണ് ക്ലാസ്സുകളുടെ മേൽക്കൂര തകർന്ന അവസ്ഥയിലാണ്. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ജീവനുതന്നെ ഭീഷണിയായിട്ടാണ് കെട്ടിടം നിലകൊള്ളുന്നത്.

കൊല്ലം നഗരസഭാപരിധിയിലുള്ള സ്കൂളുകൾ ഓടിട്ടതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. 8 മുതൽ 10 വരെ വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടത്തുകയോ പെയിന്റടിക്കുകയോ ചെയ്യാത്തതിനാൽ കെട്ടിടങ്ങളുടെ മേൽക്കൂരകൾ ജീർണ്ണാവസ്ഥയിലാണ്.

100 വർഷത്തിലധികം പഴക്കമുള്ള വെസ്റ്റ്കൊല്ലം എച്ച്.എസ്.എസ്, ജി.എച്ച്.എസ്.എസ്. വാളത്തുംഗൽ തുടങ്ങിയ സ്കൂളുകൾ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി സംരക്ഷിക്കാത്തതിനാൽ ചോർന്ന് ഒലിച്ച് കെട്ടിടവും മേൽക്കൂരയും നശിക്കുന്ന അവസ്ഥയിലാണ്. വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണിയ്ക്കായി നഗരസഭ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ 50% ൽ താഴെ എണ്ണം മാത്രമാണ് നടപ്പിലാകുന്നത്. മെയിന്റനൻസിനായി തുക വകയിരുത്തുകയും ഏതാനും റൂമുകളുടെ സീലിംഗ്, ഫ്ളോറിംഗ് എന്നിവ മാത്രം നടത്തി അറ്റകുറ്റപ്പണികൾ അവസാനിപ്പിക്കുകയും ചെയ്യുന്ന പ്രവണതയാണ് കാണുന്നത്. ഇത്തരത്തിൽ അപൂർണ്ണമായി അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതിനാൽ സീലിംഗ് പൊളിഞ്ഞും ഫ്ളോറിംഗിന്റെ കോൺക്രീറ്റ് ഇളകിയ നിലയിലും കാണപ്പെട്ട കെട്ടിടങ്ങൾ നിരവധിയാണ്.

ചങ്ങനാശ്ശേരി ഗവൺമെന്റ് മോഡൽ ഹൈസ്കൂൾ കെട്ടിടത്തിന്റെ പല ഭാഗങ്ങളും ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. ചോർച്ചമൂലം ഒരു ക്ലാസ്സ് മുറി പൂർണ്ണമായും ഉപയോഗയോഗ്യമല്ലാതായി. ക്ലാസ്സ് മുറികളുടെ എണ്ണത്തിലെ അപര്യാപ്തതമൂലം യു.പി.ക്ലാസ്സുകൾ ഓഡിറ്റോറിയത്തിലാണ് നടത്തുന്നത്. ഓഡിറ്റോറിയത്തിന്റെ പല ഭാഗത്തും ചോർച്ചയുണ്ട്. ഈ ഭാഗങ്ങളിൽ ചോർച്ച ഒഴിവാക്കുന്നതിനായി പടുത വലിച്ചുകെട്ടിയിരിക്കുകയാണ്.

എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ വിലങ്ങ് ഗവൺമെന്റ് യു.പി.സ്കൂളിലെ ഒരു ബ്ലോക്ക് മേൽക്കൂരയിലെ പട്ടികകൾ മുഴുവൻ കാലപ്പഴക്കത്താൽ വളഞ്ഞ് അപകടകരമായ അവസ്ഥയിലാണ്. പ്രത്യേക ഇരുമ്പ് പൈപ്പ് വഴിയാണ് മേൽക്കൂര താങ്ങി നിർത്തിയിരിക്കുന്നത്. ഈ മേൽക്കൂരയ്ക്ക് താഴെയാണ് രണ്ട് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ പഠിക്കുന്നത്.

5 കോഴ്സുകളിലായി 244 വിദ്യാർത്ഥികൾ പഠനം നടത്തുന്ന മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് സ്വന്തമായി കെട്ടിടം ഇല്ല. നിലവിലുള്ള ക്ലാസ്സുകൾ ഹൈസ്കൂൾ വിഭാഗത്തിന്റെ പല കെട്ടിടങ്ങളിലായി ചിതറിക്കിടക്കുകയാണ്. ഓഡിറ്റോറിയമായി ഉപയോഗിക്കുന്ന കെട്ടിടത്തിലാണ് 4 ക്ലാസ്സുകൾ ഒരേ സമയം പ്രവർത്തിക്കുന്നത്. ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ കീഴിലുള്ള ഈ വിദ്യാലയം അടിസ്ഥാന സൗകര്യങ്ങളിൽ ഏറെ പിന്നിലാണ്.

Local Fund Audit Department

പാലക്കാട് നഗരസഭയിലെ കൽമണ്ഡപം എ.യു.പി. സ്കൂളിന്റെ കെട്ടിടത്തിൽ ക്ലാസ്സുകൾ നടത്തുന്നതിന് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങളൊന്നും നിലവിലില്ല. കെട്ടിടത്തിന്റെ മേൽക്കൂരയും തറയും മെയിന്റനൻസിന്റെ അഭാവത്താൽ പൂർണ്ണമായും തകർന്ന നിലയിലാണ്. ഒരു ഹാളിൽ തന്നെ വേർതിരിക്കാതെയാണ് ഒന്നുമുതൽ നാലു വരെയുള്ള ക്ലാസ്സുകൾ നടക്കുന്നത്.

മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ എൽ.പി. സ്കൂളായ തട്ടാഞ്ചേരിമല ജി.എൽ.പി. സ്കൂളിന്റെ കെട്ടിടം, കളിസ്ഥലം, പാചകപ്പുര, മൂത്രപ്പുര തുടങ്ങിയവയെല്ലാം ആകെയുള്ള 7 സെന്റ് സ്ഥലത്താണ്. ഓഫീസ്, സ്റ്റാഫ് റൂം, ലാബ് എന്നിവയെല്ലാം പ്രവർത്തിക്കുന്നത് ഒരേ റൂമിലാണ്. പഞ്ചായത്തിലെ പ്രൈമറി വിദ്യാഭ്യാസ രംഗത്ത് മുഖ്യപങ്ക് വഹിക്കുന്ന എയ്ഡഡ് സ്ഥാപനങ്ങളുടെ സ്ഥിതി പരിതാപകരമാണ്. മിക്ക എയ്ഡഡ് സ്കൂളുകളിലേയും കെട്ടിടം, ക്ലാസ്സ് റൂമുകൾ, പാചകപ്പുരകൾ തുടങ്ങിയ ഭൗതിക/ അടിസ്ഥാനസൗകര്യങ്ങൾ ശോചനീയമാണ്.

## സ്കൂൾ കെട്ടിടത്തിലേയ്ക്കുള്ള വഴി അടച്ച് മതിൽ നിർമ്മിച്ചു

തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിലെ പുരവൂർ സരസ്വതി വിലാസം അപ്പർ പ്രൈമറി സ്കൂളിന്റെ ഭാഗമായുള്ള ബ്ലോക്കിലേക്കുള്ള വഴി അടച്ചുകൊണ്ട് സ്വകാര്യവ്യക്തി മതിൽ നിർമ്മിച്ചിരിക്കുന്നു. 5-ാം ക്ലാസ്സ്, അംഗൻവാടി എന്നിവ പ്രവർത്തിക്കുന്ന പ്രസ്തുത ബ്ലോക്കിൽ എത്തണമെങ്കിൽ നിലവിൽ സ്കൂളിന് പിൻവശത്തെ ചെറിയ ഗേറ്റിൽ കൂടി റോഡിൽ എത്തി 50 മീറ്റർ നടക്കണം. വർഷങ്ങളായി സ്കൂളിന്റെ കൂടി ഭാഗമായിരുന്ന പ്രദേശത്തെ വേർതിരിച്ചുകൊണ്ട് സ്വകാര്യവ്യക്തി തന്റെ വീട്ടിലേയ്ക്കുള്ള വഴിയായി ഇത് മാറ്റിയെടുത്തിരിക്കുന്നു. സ്കൂൾ വേനലവധിക്കാലത്ത് നടത്തിയ ഈ നിർമ്മാണം തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്കൂളിന്റെയോ പഞ്ചായത്തിന്റെയോ ഭാഗത്തുനിന്നും ഉണ്ടായില്ല. സ്കൂളിന്റെ ആകെ വസ്തു അളന്ന് തിട്ടപ്പെടുത്തി വഴിയടച്ചുള്ള നിർമ്മാണം നീക്കം ചെയ്ത് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ബുദ്ധിമുട്ടുകൾ ദൂരീകരിക്കേണ്ടതാണ്.



കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകൾ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നേരിടുന്നുണ്ട്. വെങ്ങളം യു.പി.സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര ഒരു ഭാഗത്ത് ആസ്ബസ്റ്റോസ് ഷീറ്റുകൊണ്ടുള്ളതാണ്. ഇത് കുട്ടികളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നതാണ്. തിരുവങ്ങൂർ ഹയർ സെക്കണ്ടറി സ്കൂളിൽ മൂന്ന് ക്ലാസ്സുകൾ ടിൻഷീറ്റുകൊണ്ടുള്ള താൽക്കാലിക ഷെഡിലാണ് പ്രവർത്തിക്കുന്നത്.

കോഴിക്കോട് നഗരസഭയുടെ അധീനതയിലുള്ള കാരപ്പറമ്പ് ഗവൺമെന്റ് എൽ.പി.സ്കൂളിന്റെ 24 മുറികളുള്ള ഇരുനില കെട്ടിടത്തിന്റെ മുകളിലെ 12 മുറികളും താഴത്തെ 4 മുറികളും വർഷങ്ങളായി ടെക്സ്റ്റ് ബുക്ക് ഡിപ്പോയായി പ്രവർത്തിച്ചു വരുന്നതിനാൽ സമയാസമയങ്ങളിൽ അറ്റകുറ്റപ്പണി ചെയ്യാനാവാതെ കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. 2008-09 വർഷം തനത് ഫണ്ടിൽ നിന്ന് 22.5 ലക്ഷം രൂപയും മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 1.5 ലക്ഷം രൂപയും ഉൾപ്പെടെ 24 ലക്ഷം രൂപ വകയിരുത്തി സ്കൂളിന്റെ നവീകരണത്തിനായി പദ്ധതി (പ്രോജക്ട് നമ്പർ 329/09) തയ്യാറാക്കിയെങ്കിലും നടപ്പിലായില്ല.

പുതിയാപ്പ ഗവൺമെന്റ് ഫിഷറീസ് ഹൈസ്കൂളിന്റെ നാല് ക്ലാസ്സ് മുറികൾ പൂർണ്ണമായി തകർന്നിട്ടുണ്ട്. ബീമുകൾ നനഞ്ഞ് കുതിർന്ന് ഏതു സമയത്തും നിലം പതിക്കാവുന്ന അവസ്ഥയിലാണ്. എസ്.എസ്.എൽ.സി. ക്ലാസ്സ് പ്രവർത്തിക്കുന്നത് ലൈബ്രറിയിലാണ്.

ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(എം.എസ്) 148/09/തസ്വഭവ തീയതി 29.07.09 പ്രകാരം ഒരു കുട്ടിക്ക് 40 സ്ക്വയർ ഫീറ്റ് എന്ന തോതിൽ കെട്ടിട സൗകര്യമുണ്ടായിരിക്കുകയും സ്കൂൾ കെട്ടിടത്തിൽ കുറഞ്ഞത് 5 ക്ലാസ്സ് മുറികളും ഓഫീസ്, സ്റ്റാഫ് റിക്രിയേഷൻ, സ്റ്റോർ, അടുക്കള, ഭക്ഷണശാല, തൊഴിൽ പരിശീലനം, തെറാപ്പി, പകൽ പരിപാലനം (ഡേ കെയർ) എന്നിവയ്ക്ക് സ്ഥലസൗകര്യമുണ്ടായിരിക്കുകയും ചെയ്യേണ്ടതാണെന്ന് നിബന്ധനയുണ്ട്. എന്നാൽ മേൽ നിബന്ധനകൾ പാലിക്കാതെയാണ് കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ ശിശുമിത്ര ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത്. തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാ പഞ്ചായത്ത് നിർമ്മിച്ച മാതൃകാവികസന

Local Fund Audit Department

**യു.പി.സ്കൂൾ കെട്ടിടം 2 വാർഡുകളിലായി 3 കിലോമീറ്റർ അകലത്തിൽ**

കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ 2 വാർഡുകളിലായാണ് മേനച്ചോടി ഗവ.യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഒന്നുമുതൽ അഞ്ച് വരെ ക്ലാസ്സുകൾ മേനച്ചോടിയിലെ കെട്ടിടങ്ങളിലും 6, 7 ക്ലാസ്സുകൾ മേനച്ചോടിയിൽ നിന്നും ഏതാണ്ട് 3 കിലോമീറ്റർ അകലെ ആര്യപ്പറമ്പിലുമാണ് പ്രവർത്തിക്കുന്നത്. എന്നാൽ മേനച്ചോടിയിലുള്ള കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. കളിസ്ഥലം ആര്യപ്പറമ്പിൽ സ്ഥിതിചെയ്യുന്നതുകൊണ്ട് സ്കൂളിലെ ഒന്നു മുതൽ അഞ്ച് വരെയുള്ള കുട്ടികൾക്ക് ഇത് കൊണ്ടുള്ള പ്രയോജനം ലഭിക്കുന്നില്ല. കമ്പ്യൂട്ടർ ലാബും ലൈബ്രറി പുസ്തകങ്ങളും മേനച്ചോടിയിലെ കെട്ടിടത്തിലായതിനാൽ ഇതിന്റെ പ്രയോജനം ആര്യപ്പറമ്പിലെ കുട്ടികൾക്കും ലഭിക്കുന്നില്ല. സ്കൂൾ കെട്ടിടങ്ങൾ തമ്മിലുള്ള അകലം 3 കിലോമീറ്റർ ആയതിനാൽ പ്രധാന അദ്ധ്യാപികയ്ക്ക് മേൽനോട്ടം നടത്തുന്നതിന് പ്രയാസം നേരിടുന്നുണ്ട്.

വിദ്യാകേന്ദ്രത്തിന്റെ കെട്ടിടത്തിലാണ് ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത്. ഇതിൽ ഒരു ഹാളും, ഒരു ഓഫീസ് മുറിയുമാണുള്ളത്. ഓഫീസ് മുറിയിലാണ് ഉച്ചഭക്ഷണത്തിനുള്ള അരിയും സാധനങ്ങളും പഠനോപകരണങ്ങളും ഫിസിയോതെറാപ്പി ഉപകരണങ്ങളും സൂക്ഷിക്കുന്നത്.

കണ്ണൂർ ജില്ലാപഞ്ചായത്തിലെ ചെറുകുന്ന് ഗവൺമെന്റ് ഹയർ സെക്കണ്ടറി (ബോയ്സ്) സ്കൂളിലെ 5-ാം ക്ലാസ്സ് മുതൽ +2 വരെയുള്ള ക്ലാസ്സുകൾ നടത്താൻ നിലവിലുള്ള ക്ലാസ്സ് മുറികൾ പര്യാപ്തമല്ല. തകർച്ച ഭീഷണി നേരിടുന്ന കെട്ടിടത്തിന്റെ ഒരു ഭാഗത്ത് മാത്രമാണ് നിലവിൽ ക്ലാസ്സുകൾ നടക്കുന്നത്.

കാസറഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിൽ 10 ഡിവിഷനുകളിലായി 250 കുട്ടികൾ പഠിക്കുന്ന കൊടിയമ്മ ഗവൺമെന്റ് യു.പി.സ്കൂളിലെ 2 കെട്ടിടങ്ങളുടെയും അവസ്ഥ ശോചനീയമാണ്. 2 ക്ലാസ്സ്മുറികൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും ലൈബ്രറി, ലാബോറട്ടറി എന്നിവ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും നിലം പൊട്ടിപൊളിഞ്ഞ് കുഴികളായി മാറിയിരിക്കുകയാണ്.



കൊടിയമ്മ ഗവ:യു.പി.സ്കൂൾ കെട്ടിടത്തിന്റെ പൊട്ടിപ്പൊളിഞ്ഞ തറ

കാസർഗോഡ് നഗരസഭയിലെ ഗവൺമെന്റ് വെൽഫെയർ എൽ.പി.സ്കൂൾ, 8 സെന്റ് സ്ഥലത്ത് പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മുറ്റമില്ലാത്ത സ്കൂളിൽ നിന്ന് പുറത്തേക്കിറങ്ങുന്നതുതന്നെ റോഡിലേയ്ക്കാണ്. നാല് ഡിവിഷനുകളിലായി 10 കുട്ടികളാണ് ഇവിടെ ഉള്ളത്. ഒന്നാം ക്ലാസ്സിൽ ഒരു വിദ്യാർത്ഥി മാത്രമാണുള്ളത്. രണ്ടാം ക്ലാസ്സിൽ വിദ്യാർത്ഥികൾ ഇല്ല. 1998 ൽ നിർമ്മിച്ച കെട്ടിടത്തിന്റെ സിമന്റ് തറ അടർന്നു പോയിരിക്കുന്നു. കോൺക്രീറ്റ് തൂണുകൾക്ക് വിള്ളലുണ്ട്. സ്കൂളിന്റെ ഓഫീസ് മുറിയോ, ക്ലാസ്സ് മുറിയോ വേർതിരിച്ചിട്ടില്ല.

### ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്നു

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഗവൺമെന്റ് ബി.എച്ച്.എസ്. എസ്.ൽ കഴിഞ്ഞ മൂന്ന് വർഷമായി നിലവിലുള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ് ഉറപ്പാക്കാനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ആകെ 16 കെട്ടിടങ്ങളിൽ 10 കോൺക്രീറ്റ് കെട്ടിടങ്ങളും 4 ഓട്മേഞ്ഞ കെട്ടിടങ്ങളും 2 ആസ്ബറ്റോസ് ഷീറ്റിട്ട കെട്ടിടങ്ങളുമാണുള്ളത്.

ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ 'മെയിൻ ബ്ലോക്ക് 'കോൺക്രീറ്റ് കെട്ടിടത്തിന് 2013-14 ൽ ഫിറ്റ്നസ് ലഭിച്ചിട്ടില്ല. പ്രസ്തുത കെട്ടിടം അപകടകരമായ നിലയിലാണ്. എന്നാൽ ഈ കെട്ടിടത്തിൽ ഇപ്പോഴും ക്ലാസ്സുകൾ പ്രവർത്തിച്ചു വരുന്നു. ഗവൺമെന്റ് വി.എച്ച്.എസ്. ൽ ജീർണ്ണിച്ച ഓടിട്ട കെട്ടിടത്തിലും, ഷീറ്റ് മേഞ്ഞതും മേൽക്കൂര പൊളിഞ്ഞതുമായ കെട്ടിടത്തിലും ക്ലാസ്സുകൾ നടത്തി വരുന്നു. ഇപ്രകാരം ഫിറ്റ്നസ് ലഭിക്കാത്തതും ജീർണ്ണാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങളിൽ ക്ലാസ്സ് മുറികൾ പ്രവർത്തിപ്പിക്കുന്നത് അപകടങ്ങൾക്ക് കാരണമായേക്കാം.

പോത്തൻകോട് ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള സ്കൂളുകളിൽ അയിരൂപ്പാറ ഗവൺമെന്റ് എച്ച്.എസ്.എസ് (എൽ.പി. & യു.പി) ന് 2012-13, 2013-14 വർഷങ്ങളിലും ഗവൺമെന്റ് എൽ.പി.എസ്. മണലകം, ഗവൺമെന്റ് എൽ.പി.എസ് തച്ചപ്പള്ളി എന്നീ സ്കൂളുകൾക്ക് 2013-14 വർഷത്തിലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് പ്രവർത്തിച്ചത്.

Local Fund Audit Department

കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയുടെ കീഴിലുള്ള ടൗൺ എൽ.പി.സ്കൂളിന്റെ മേൽക്കൂര ജീർണ്ണാവസ്ഥയിലാണ്. മുൻവർഷങ്ങളിൽ തുടർച്ചയായി കെട്ടിടം അപകടാവസ്ഥയിലാണ് എന്നുള്ള സാക്ഷ്യപത്രമാണ് ലഭിച്ചിരുന്നത്. തൻവർഷം കെട്ടിടം ഫിറ്റ് ആണെന്നോ അൺഫിറ്റ് ആണെന്നോ അഭിപ്രായപ്പെടാത്ത സാക്ഷ്യപത്രമാണ് എഞ്ചിനീയറിംഗ് വിഭാഗം നൽകിയിട്ടുള്ളത്.

പെരുമ്പാവൂർ നഗരസഭയിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അവസ്ഥ തികച്ചും ശോചനീയമാണ്. പൊട്ടിപ്പൊളിഞ്ഞ് ഇടിഞ്ഞ് വീഴാറായ കെട്ടിടങ്ങൾ മാത്രമുള്ള ഈ സ്കൂളിൽ 5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള 9 ഡിവിഷനുകളിലായി 171 കുട്ടികൾ മാത്രമാണുള്ളത്. കെട്ടിടങ്ങൾ എല്ലാംതന്നെ ജീർണ്ണാവസ്ഥയിലാണ്. ഏതുനിമിഷവും നിലം പൊത്താവുന്ന കെട്ടിടങ്ങൾ വലിയ സുരക്ഷാഭീഷണിയാണ് ഉയർത്തുന്നത്. സ്കൂളിന്റെ പ്രവർത്തനം നിലച്ചുപോകുന്ന സാഹചര്യം ഒഴിവാക്കാൻ വേണ്ടി മാത്രമാണ് ഈ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകുന്നത്.

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി എല്ലാ സ്കൂളുകളും യഥാസമയം അപേക്ഷ നൽകിയിട്ടും തിരുവങ്ങൂർ ഹയർ സെക്കണ്ടറി സ്കൂൾ, ചേമഞ്ചേരി യു.പി.സ്കൂൾ എന്നിവയൊഴികെ മറ്റ് സ്കൂളുകൾക്കൊന്നും എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ് വിഭാഗം ഇതുവരെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കാതെയും സർട്ടിഫിക്കറ്റ് നൽകാതെയും സ്കൂളുകൾ പ്രവർത്തിക്കുന്നത് ഗൗരവമായി കാണേണ്ട വിഷയമാണ്.

കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പുതുശ്ശേരി ഗവൺമെന്റ് യു.പി.സ്കൂൾ 1984 ൽ ഫ്ളഡ് റിലീഫ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടം തകർച്ചയുടെ വക്കിലാണ്. ഇതിന്റെ പലഭാഗങ്ങളും തകർന്ന് കോൺക്രീറ്റിന് ഉപയോഗിച്ച കമ്പി പുറത്തുകാണുന്ന നിലയിലാണ്. എങ്കിലും പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഈ സ്കൂളിന് 30.05.2012 ന് ഫിറ്റ്നസ് അനുവദിച്ചതായി കാണുന്നു.

ഇതേ ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് യു.പി.സ്കൂൾ പ്രവർത്തിക്കുന്നത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത വാടകകെട്ടിടത്തിലാണ്. കെട്ടിടത്തിന്റെ ഓട് മേഞ്ഞ മേൽക്കൂര തകർച്ചയുടെ വക്കിലാണ്. ഹെഡ്മാസ്റ്റർ, അദ്ധ്യാപകർ തുടങ്ങിയ ജീവനക്കാർക്ക് ഇരിക്കാനും, പഠനോപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, കളിയുപകരണങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനും കൂടി ഏകദേശം 360 ചതുരശ്ര അടി മാത്രം വിസ്തീർണ്ണമുള്ള ഹാളാണുള്ളത്.ചോർന്നൊലിക്കുന്ന ഈ കെട്ടിടത്തിലാണ് കമ്പ്യൂട്ടർ, പ്രിന്റർ ഉൾപ്പെടെ ഫർണിച്ചറുകളും സൂക്ഷിച്ചിരിക്കുന്നത്. ക്ലാസ്സുകൾ തൊട്ടടുത്ത മദ്രസ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

**കാലപ്പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങൾ– സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല**

സർക്കുലർ നമ്പർ 46951/ഡി.ബി.2/2008/തസ്വഭവ തീയതി 17.09.2008 പ്രകാരം ഫണ്ടിന്റെ ലഭ്യതയും നടപടി ക്രമങ്ങളും പൂർത്തിയാക്കിയ ശേഷം ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് പരിശോധിച്ച് പൊളിച്ച് മാറ്റേണ്ടത് അനിവാര്യമാണ് എന്ന് വിലയിരുത്തപ്പെടുന്ന കാലപ്പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങൾ, വിദ്യാഭ്യാസ വകുപ്പിനെ ഒരു മാസം മുമ്പ് വിവരം അറിയിച്ച്, ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങൾ സംരക്ഷിച്ചുകൊണ്ട് പൊളിച്ചുമാറ്റാവുന്നതാണ്. ഇങ്ങനെ പഴയ കെട്ടിടം പൊളിച്ചുമാറ്റുമ്പോൾ കിട്ടുന്ന പണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതും സ്ഥാപനത്തിന്റെ വികസനത്തിന് ഉപയോഗിക്കേണ്ടതുമാണ്.

**അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ചുനീക്കിയില്ല.**

വിദ്യാലയങ്ങളുടെ കോമ്പൗണ്ടുകളിൽ വർഷങ്ങളുടെ പഴക്കമുള്ളതും ഫിറ്റ്നസ് ഇല്ലാത്തതുമായ കെട്ടിടങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് പ്രാദേശികപരിശോധനയിൽ വ്യക്തമായി. ഇത്തരം കെട്ടിടങ്ങൾ പൊളിച്ചുനീക്കി വിദ്യാലയങ്ങൾക്ക് സ്ഥലസൗകര്യം ഒരുക്കുകയോ ആവശ്യമെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുകയോ ചെയ്യേണ്ടതാണ്. ഏതാനും ഉദാഹരണങ്ങൾ;

| തദ്ദേശസ്വയംഭരണ സ്ഥാപനം | സ്കൂൾ കെട്ടിടം | നിലവിലെ അവസ്ഥ |
|---|---|---|
| ചങ്ങനാശ്ശേരി നഗരസഭ | ഗവ:ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടം | പൊളിഞ്ഞ കെട്ടിടം സാമൂഹ്യവിരുദ്ധ കേന്ദ്രമാവുന്നു. |
| തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് (ആലപ്പുഴ ജില്ല) | ഗവ:എൽ.പി.എസ്.ന്റെ 4 മുറികളുള്ള കെട്ടിടം | ജീർണ്ണിച്ച് അപകടാവസ്ഥയിൽ |
| കായംകുളം നഗരസഭ (ആലപ്പുഴ ജില്ല) | ഗവ: ബോയ്സ് ഹൈസ്കൂളിന്റെ കോമ്പൗണ്ടിലെ 3 കെട്ടിടങ്ങൾ | ഇടിഞ്ഞു വീഴാറായ കെട്ടിടങ്ങൾ ഭീഷണിയായി നിലകൊള്ളുന്നു. |
| ആലപ്പുഴ നഗരസഭ | ഗവ: മുഹമ്മദൻസ് ബോയ്സ് ഹൈസ്കൂളിന്റെ ഭാഗമായ കെട്ടിടം | ഓടുകൾ ഇളകിയും പട്ടികകൾ ഒടിഞ്ഞു തൂങ്ങിയും ഭീഷണിയായി നിലകൊള്ളുന്നു. |

Local Fund Audit Department

| | | |
|---|---|---|
| മുണ്ടൂർ ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല) | പുതനൂർ ജി.എൽ.പി.സ്കൂളിലെ 4 ക്ലാസ്സ് മുറികളുള്ള ഫിറ്റ്നസ് ലഭിക്കാത്ത കെട്ടിടം | ജീർണ്ണിച്ച് അപകടാവസ്ഥയിൽ കുട്ടികൾക്ക് ഭീഷണിയായി നിലകൊള്ളുന്നു. |
| വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് (വയനാട് ജില്ല) | തരുവണ ഗവ: യു.പി.സ്കൂളിലെ ഫിറ്റ്നസ് ലഭിക്കാത്ത ഒരു കെട്ടിടം | അപകടാവസ്ഥയിലായ കെട്ടിടങ്ങൾ ഭീഷണിയായി നിലകൊള്ളുന്നു |

കണ്ണൂർ നഗരസഭയിലെ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ഗേൾസിൽ പ്രൈമറി വിഭാഗത്തിന്റെ സമീപത്തായി രണ്ട് കെട്ടിടങ്ങൾ അപകടാവസ്ഥയിലാണ് സ്ഥിതി ചെയ്യുന്നത്. വർഷങ്ങൾക്കു മുമ്പ് തന്നെ നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം ഈ കെട്ടിടം അൺഫിറ്റാണെന്ന് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അപകടാവസ്ഥയിലായ ഈ കെട്ടിടത്തിന്റെ വളരെയടുത്തായാണ് പ്രൈമറി വിഭാഗത്തിലെ ഒന്നാം ക്ലാസ്സ് മുതലുള്ള കുട്ടികൾ പഠിക്കുന്നത്. കുട്ടികളുടെ ജീവന് തന്നെ ഭീഷണിയായ മേൽ കെട്ടിടങ്ങൾ നാളിതുവരെ പൊളിച്ചുനീക്കിയിട്ടില്ല.

**കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല.**

ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ അധീനതയിലുള്ള ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ, ഗേൾസ് ഹൈസ്കൂൾ, ടി.ടി.ഐ.എന്നീ സ്ഥാപനങ്ങളിലുള്ള കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിന് നഗരസഭ നടപടി സ്വീകരിക്കാത്തതിനാൽ ലക്ഷങ്ങൾ വിലമതിക്കുന്ന തടികളും മറ്റ് കെട്ടിടനിർമ്മാണ വസ്തുക്കളും നഷ്ടപ്പെട്ടിട്ടുണ്ട്. കാറ്റും മഴയുമേറ്റ് തടികളുടെ നല്ലൊരുഭാഗം നശിച്ചുപോകുകയും ബോയ്സ് ഹൈസ്കൂൾ കെട്ടിടത്തിന്റെ നല്ലൊരുഭാഗം സാമൂഹ്യവിരുദ്ധർ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ഗുരുതരമായ അനാസ്ഥയാണ് നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

**പല സർക്കാർ സ്കൂൾ കെട്ടിടങ്ങളും ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല.**

ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ലാത്ത സർക്കാർ സ്കൂളുകൾ നിരവധിയാണ്. ചുറ്റുമതിൽ കെട്ടാത്തതിനാൽ പൊതുജനങ്ങൾ കപ്പക്കൽ ജി.എൽ.പി.സ്കൂളിനുള്ളിലൂടെ വഴി നടക്കുവാൻ ഇടയാകുന്നു. പയ്യാനക്കൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ വടക്ക് ഭാഗം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തതിനാൽ, സ്കൂൾ വക ഭൂമി കൈയ്യേറി പൊതുവഴി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ മീഞ്ചന്ത ഹയർ സെക്കണ്ടറി സ്കൂളിന്റെ പുറകുവശം സ്കൂളിനോട് ചേർന്ന് സ്വകാര്യ വ്യക്തി റോഡ് വെട്ടി വീതികൂട്ടിയിട്ടുണ്ട്. (മേൽപ്പറഞ്ഞ സ്കൂളുകൾ കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽപ്പെടുന്നു)

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിലെ തട്ടയിൽ ഗവൺമെന്റ് എൽ.പി.ജി. സ്കൂളിൽ 2010-11 ൽ എസ്.എസ്.എ. ഫണ്ടു മുഖേന 47480/- രൂപ ചെലവഴിച്ച് ചുറ്റുമതിൽ പൂർത്തിയാക്കിയിരുന്നു.എന്നാൽ 2010 നവംബറിൽ കനത്ത മഴയിൽ ചുറ്റുമതിൽ ഇടിഞ്ഞു വീണെങ്കിലും നാളിതുവരെ പുനഃ നിർമ്മിച്ചിട്ടില്ല.

പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമ പഞ്ചായത്തിലെ മാന്തുക ഗവൺമെന്റ് യു.പി. സ്കൂളിന്റെ ചുറ്റുമതിലിന്റെ ഒരു ഭാഗം അപകടാവസ്ഥയിലാണ്. ഇത് കുട്ടികൾക്കും അദ്ധ്യാപകർക്കും അപകട ഭീഷണിയായി തുടരുന്നു.

ചങ്ങനാശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ചുറ്റുമതിൽ ചില ഭാഗങ്ങളിൽ പൊളിഞ്ഞ് കിടക്കുകയാണ്. സാമൂഹ്യവിരുദ്ധർ ഇതുവഴി ഉള്ളിലേക്ക് കയറുവാനും പൊളിഞ്ഞുകിടക്കുന്ന കെട്ടിടം ദുരുപയോഗം ചെയ്യുവാനും ഇടയാകുന്നു.

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 71 സ്കൂളുകളിൽ 33 സ്കൂളുകൾക്ക് ഭാഗികമായി മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. ചുറ്റുമതിൽ ഉള്ള 34 സ്കൂളുകളിൽ തന്നെ 15 സ്കൂളുകളുടെ ചുറ്റുമതിൽ തകർന്ന നിലയിലുമാണ്.



ചങ്ങനാശ്ശേരി ഗവ: ഹയർ സെക്കന്ററി സ്കൂൾ മതിലിന്റെ പൊതുവഴിയോട് ചേർന്നഭാഗം പൊളിഞ്ഞു കിടക്കുന്നത്

**ഏകാധ്യാപക വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളില്ല**

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ 4 ഏകാധ്യാപക വിദ്യാലയങ്ങളാണുള്ളത്. 'Multi Graded Learning Centre'(MGLC) എന്ന പേരിൽ അറിയപ്പെടുന്ന ഇവിടെ 'Education Volunteer' എന്ന പേരിൽ ഒരു അധ്യാപിക മാത്രമാണുള്ളത്. നാല് വിദ്യാലയങ്ങളും വനത്തിനുള്ളിലാണ് പ്രവർത്തിക്കുന്നത്. പോട്ടമാവ്, ചെന്നല്ലിമൂട് എന്നീ MGLC കളിൽ ആദിവാസി ഊരുകളിൽ നിന്നുള്ള കുട്ടികളാണ് പഠിതാക്കൾ.

Local Fund Audit Department

വിദ്യാലയത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരു MGLC യിലും ലഭ്യമല്ല. വൈദ്യുതി, ടെലഫോൺ, കമ്പ്യൂട്ടർ, ലൈബ്രറി, പാചകപ്പുര, ശൗചാലയം, മൂത്രപ്പുര, ചുറ്റുമതിൽ, ഗേറ്റ് എന്നിവയുടെ അഭാവം, പ്രത്യേക ക്ലാസ്സ് മുറികൾ ഇല്ലാത്തത്, ഫർണിച്ചറിന്റെ കുറവ് എന്നിവയൊക്കെ പ്രതികൂല ഘടകങ്ങളാണ്. ചെന്നല്ലിമൂട്, അടിപ്പറമ്പ് MGLC കളിൽ സ്റ്റാഫ് റൂം ഇല്ല. സ്കൂളുകളിലേയ്ക്ക് വാഹനസൗകര്യത്തിന്റെ കുറവും ഉണ്ട്. ഏകാധ്യാപിക വിദ്യാലയങ്ങളായതിനാൽ തന്നെ അധ്യാപിക അവധിയിലായാൽ സ്കൂൾ തുറന്ന് പ്രവർത്തിക്കുകയില്ല.

പാലോട്-ചെങ്കോട്ട റോഡിൽ നിന്നും 4 കി.മീ. വനത്തിലൂടെ യാത്ര ചെയ്ത് വേണം പോട്ടമാവ് ഏകാധ്യാപിക വിദ്യാലയത്തിലെത്താൻ. പോട്ടമാവ് ഊരിൽപ്പെട്ട 80 ആദിവാസി കുടുംബങ്ങളിൽ നിന്നുള്ള 14 കുട്ടികളാണ് (1 മുതൽ 4 വരെ ക്ലാസ്സുകളിലായി) ഇവിടെ പഠിക്കുന്നത്. വന്യമൃഗങ്ങളുടെ ശല്യമുള്ള ഇവിടെ വനംവകുപ്പ് സ്ഥാപിച്ച ഇലക്ട്രിക് ഫെൻസിംഗ് പ്രവർത്തിക്കുന്നില്ല.

ആദിവാസി വിഭാഗത്തിലുള്ള 17 കുട്ടികൾ പഠിക്കുന്ന ചെന്നല്ലിമൂട് ഏകാധ്യാപികാ വിദ്യാലയം ഉൾവനത്തിലാണ് സ്ഥിതി ചെയ്യുന്നത്.

കാസറഗോഡ് ജില്ലയിലെ ഉദുമ, കുമ്പള പഞ്ചായത്തുകളിൽ താഴെപ്പറയുന്ന ഏകാധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

എം.ജി.എൽ.സി - ഞെക്ലി - 15 കുട്ടികൾ
(ഉദുമ ഗ്രാമപഞ്ചായത്ത്)

എം.ജി.എൽ.സി - ചേപ്പിനടുക്ക - 26 കുട്ടികൾ
എം.ജി.എൽ.സി - താഴെകൊടിയമ്മ - 21 കുട്ടികൾ
എം.ജി.എൽ.സി - മൂളിയടുക്ക - 15 കുട്ടികൾ
എം.ജി.എൽ.സി - ബദരിയാനഗർ - 60 കുട്ടികൾ
എം.ജി.എൽ.സി - കൊപ്പളം - 35 കുട്ടികൾ
(കുമ്പള ഗ്രാമപഞ്ചാ

പ്രസ്തുത മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾക്ക് സ്വന്തമായി കെട്ടിടമുണ്ടെങ്കിലും വൈദ്യുതി, ചുറ്റുമതിൽ എന്നിവ ഇല്ല. എം.ജി.എൽ.സി- ഞെക്ലിയിൽ അധ്യാപികയ്ക്കുള്ള പ്രതിമാസ ഹോണറേറിയം, ഭക്ഷ്യവസ്തുക്കളുടെ തുക എന്നിവ നാലുമാസത്തോളമായി ലഭിച്ചിട്ടില്ലായെന്ന് സ്കൂൾ സന്ദർശിച്ചപ്പോൾ കണ്ടെത്തുകയുണ്ടായി. എം.ജി.എൽ.സി ചേപ്പിനടുക്കയിൽ ഫർണിച്ചർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ല. കുഴൽ കിണർ ഉണ്ടെങ്കിലും വെള്ളം ഉപയോഗയോഗ്യമല്ല. തൊട്ടടുത്ത വീട്ടിൽ നിന്നാണ് ഭക്ഷണം പാകം ചെയ്യുന്നതിനുള്ള വെള്ളം എടുക്കുന്നത്. എം.ജി.എൽ.സി കൊടിയമ്മ, മുളിയടുക്ക, കൊപ്പളം എന്നിവിടങ്ങളിലും അടിസ്ഥാന സൗകര്യങ്ങളില്ല.

യാത്രാസൗകര്യം തീരെയില്ലാത്ത മേഖലകളിൽ നിന്നും വരുന്ന പാവപ്പെട്ട വിദ്യാർത്ഥികളുടെ ആശ്രയ കേന്ദ്രങ്ങളായ ഏകാധ്യാപക വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല എന്നത് ശ്രദ്ധയർഹിക്കുന്ന വിഷയമാണ്.

## 3. വിദ്യാലയങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പലതും ലക്ഷ്യം കൈവരിച്ചില്ല

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ പ്രക്കാനം ഗവൺമെന്റ് എൽ.പി.സ്കൂളിൽ പ്രീ-പ്രൈമറി വിഭാഗം 20 വർഷമായി പ്രവർത്തിക്കുന്നു. നിലവിൽ എൽ.പി. സ്കൂളിലെ ഒരു ക്ലാസ്സ് മുറിയിലെ പരിമിതമായ സൗകര്യത്തിലാണ് പ്രീ-പ്രൈമറി പ്രവർത്തിക്കുന്നത്. 1989 ൽ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് സ്കീമിൽ ഉൾപ്പെടുത്തി ഇതിനായി നിർമ്മിച്ച കോൺക്രീറ്റ് കെട്ടിടം സ്കൂൾ വളപ്പിൽ ഉപയോഗശൂന്യമായി കാടുപിടിച്ച് കിടക്കുന്നു. നിർമ്മാണത്തിലെ അപാകതമൂലം ഈ കെട്ടിടം ഉപയോഗിക്കുവാൻ കഴിയുന്നില്ല.

2009-10 ൽ എസ്.എസ്.എ.വിഹിതമുപയോഗിച്ച് നിർമ്മാണം ആരംഭിച്ച, ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി.എസ്.ന്റെ ടോയ്‌ലെറ്റുകളുടെ മേൽക്കൂര പോലും പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലാണ്. നിലവിലുള്ള ടോയ്‌ലെറ്റുകൾ തികച്ചും ശോചനീയാവസ്ഥയിലുമാണ്.

തൃശ്ശൂർ നഗരസഭയിലെ പുതൂർക്കര എൽ.പി.സ്കൂൾ പരിസരത്ത് പ്രോജക്ട് നമ്പർ 549/12 പ്രകാരം കുഴൽ കിണർ സ്ഥാപിച്ചുവെങ്കിലും സ്കൂളിന്റെ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ മോട്ടോർപമ്പ് സെറ്റ് സ്ഥാപിച്ച് കിണർ പ്രവർത്തനയോഗ്യമാക്കുന്ന നടപടി നിർത്തിവെയ്ക്കുകയുണ്ടായി. സ്കൂളിന്റെ ഭൂമി സംബന്ധിച്ച് രേഖകളൊന്നും സ്കൂൾ അധികൃതരുടെയോ, കോർപ്പറേഷന്റെയോ കൈവശമില്ല. സ്കൂളും അതിന്റെ ആസ്തികളും കോർപ്പറേഷന്റെതാണെന്നിരിക്കെ കയ്യേറ്റ ശ്രമങ്ങളെ നിയമപരമായി ചെറുക്കാനോ നിയമാനുസൃതം ഉടമസ്ഥാവകാശം

Local Fund Audit Department

**സകല സൗകര്യങ്ങളുമൊരുക്കി സർക്കാർ വിദ്യാലയം**

കോട്ടയം നഗരസഭയിലെ വേളൂർ ഗവ: എൽ.പി.സ്കൂളിന്റെ കെട്ടിടം നഗരസഭ പരിധിയിലെ സ്വകാര്യ വിദ്യാലയങ്ങളോട് കിടപിടിക്കുന്നതാണ്. വിദ്യാലയത്തിന്റെ കളിസ്ഥലം ഉൾപ്പെടെയുള്ള സ്കൂൾ പരിസരം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. ചിട്ടയായ അധ്യാപനരീതിയും പാഠ്യേതര പ്രവർത്തനങ്ങളും ഈ വിദ്യാലയത്തെ വേറിട്ടതാക്കുന്നു. സ്കൂൾ പരിസരം ശുചിത്വമുള്ളതും ആകർഷണീയവുമാണ്. സ്മാർട്ട് ക്ലാസ്സ് റൂം നല്ല രീതിയിൽ പ്രവർത്തിക്കുന്നു. സ്കൂളിന്റെ പൂന്തോട്ടം, ശുദ്ധജലശേഖരം, കളിസ്ഥലം, ശൗചാലയം എന്നിവ പരിപാലിച്ചിരിക്കുന്നത് മാതൃകാപരമാണ്. അധ്യാപക-രക്ഷകർതൃ സംഘടനകളുടെയും സമീപവാസികളുടെയും സഹകരണത്തോടെ സ്കൂളിന് വാഹനവും വാങ്ങിയിട്ടുണ്ട്.

സ്ഥാപിച്ചെടുക്കാനോ ആവശ്യമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. ഈ സ്ഥിതി തുടർന്നാൽ മേൽ ആസ്തി നഗരസഭയ്ക്ക് നഷ്ടപ്പെടാനിടയുണ്ട്.

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയിലെ ഹയർ സെക്കണ്ടറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് വിദ്യാർത്ഥികൾക്ക് ഡ്രസ്സിംഗ് സൗകര്യം ഒരുക്കുന്നതിന് വേണ്ടി 2011-12 വർഷത്തിൽ 1,50,000/- രൂപയും 2012-13 വർഷത്തിൽ 1,00,000/-രൂപയും ചെലവഴിച്ച് മുഖ്യ കെട്ടിടത്തിന് പുറകിലായി ഒരു തുറസ്സായ ഷെഡ് നിർമ്മിച്ച് നിലം ടൈൽസ് വിരിച്ചിട്ടുണ്ട്. ഷെഡ് ഭിത്തി കെട്ടി മറച്ചിട്ടില്ല. സ്കൂൾ അധികാരികളുമായി ആലോചിച്ച് ആവശ്യകത വിലയിരുത്താതെ നടത്തിയ നിർമ്മാണ പ്രവൃത്തി ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്തിയില്ല.

**നിർവ്വഹണത്തിലെ അപാകത – ഐ.ഇ.ഡി.എസ് റിസോഴ്സ് സെന്റർ കെട്ടിടം പ്രവൃത്തിക്കിടെ തകർന്നുവീണു**

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ജില്ലാതല ഐ.ഇ.ഡി.എസ് (ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഫോർ ഡിസ് ഏബിൾഡ് ചൈൽഡ് സ്കീം) റിസോഴ്സ് സെന്റർ പണിയുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 25.11.2010 ലെ ഐ.ഇ.ഡി/50292/2010/ഡി.പി.ഐ. നമ്പർ ഉത്തരവ് പ്രകാരം 5,00,000/-രൂപയും 01.11.2011 ലെ ഐ.ഇ.ഡി/36/എ.1/ഡി.പി.ഐ. നമ്പർ ഉത്തരവ് പ്രകാരം വീണ്ടും 5,00,000/-രൂപയും കൂടി മൊത്തം 10,00,000/-രൂപ അനുവദിച്ചു.



25.11.2010ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച ഐ.എ.ഡി/50292/2010/ഡി.പി.ഐ. നമ്പരിലുള്ള മാർഗ്ഗരേഖ പ്രകാരം റിസോഴ്സ് സെന്ററിന്റെ നിർമ്മാണത്തിനായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായും ജില്ലാപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും വാർഡ് മെമ്പർ, ഡി.ഇ.ഒ, സ്കൂൾ ഹെഡ്മാസ്റ്റർ, പി.ടി.ഐ.പ്രസിഡന്റ്, ഐ.ഇ.ഡി. റിസോഴ്സ് ടീച്ചർ, സ്കൂളിലെ സീനിയർ അസിസ്റ്റന്റ് എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. സ്കൂൾ പി.റ്റി.എ.കമ്മിറ്റി പ്രോജക്ട് നടപ്പിലാക്കേണ്ടതാണെന്നും ബന്ധപ്പെട്ട സ്കൂളിലെ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

താമരശ്ശേരി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുകയും (ടി.എസ്.നം.kdy/Build/970/12-13/06.01.2012) പി.ടി.എ. കമ്മറ്റി പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. 14.12.2012 ന് ചേർന്ന പി.ടി.എ.കമ്മിറ്റിയോഗത്തിലെ തീരുമാനം നമ്പർ 8, 9 പ്രകാരം കെട്ടിടനിർമ്മാണത്തിനായി ശ്രീ.കെ.പി.നാരായണൻ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പി.ടി.എ.എക്സിക്യൂട്ടീവ് മെമ്പറായ ശ്രീ.ടി.ആർ.ജയപ്രകാശനെ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തതായി കാണുന്നു. അതുപ്രകാരം നിർമ്മാണ പ്രവൃത്തി ആരംഭിക്കുകയും കെട്ടിടത്തിന്റെ ചുമർകെട്ട് പൂർത്തിയാക്കുകയും മേൽക്കൂരയുടെ കോൺക്രീറ്റ് പ്രവൃത്തി നടത്തുകയും ചെയ്തു. എന്നാൽ 18.06.2013 ന് കെട്ടിടത്തിന്റെ മേൽക്കൂര ഉൾപ്പെടുന്ന മുൻഭാഗം തകർന്ന് വീണു.

മേൽ പ്രവൃത്തിക്കായി സാധനസാമഗ്രികൾ വാങ്ങിയ വകയിലുള്ള 83,788/-രൂപയും തറ നിർമ്മാണത്തിനായി ചെലവഴിച്ച 48,500/-രൂപയും ശ്രീ.ജയപ്രകാശൻ വിവിധ ഘട്ടങ്ങളിലായി കൈപ്പറ്റിയ 4,28,000/-രൂപയും ഉൾപ്പെടെ 5,60,288/-രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി ലഭിച്ച 10,00,000/-രൂപയിൽ 5,50,000/-രൂപ ഹെഡ്മാസ്റ്റർ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്.



Local Fund Audit Department

ശ്രീ.ജയപ്രകാശനെ പ്രവൃത്തിയുടെ ചുമതല ഏൽപ്പിച്ചുവെങ്കിലും ടിയാനുമായി പി.ടി.എ.കമ്മിറ്റിയോ നിർവ്വഹണ ഉദ്യോഗസ്ഥനോ യാതൊരുവിധ ഉടമ്പടികളും വച്ചിട്ടില്ല. മാത്രമല്ല ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ചതായോ തുക അനുവദിക്കുന്നതിന് മുമ്പ് വാല്വേഷൻ നടത്തിയതായോ കാണുന്നില്ല.

### വ്യക്തമായ ആസൂത്രണമില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗിക്കാനാകുന്നില്ല

തിരുവനന്തപുരം നഗരസഭയിലെ കരമന ഗവൺമെന്റ് ബോയ്സ് സ്കൂളിൽ ഹൈസ്കൂൾ/ഹയർ സെക്കന്ററി വിഭാഗം കുട്ടികൾക്കായി ചെറിയ ക്ലാസ്സ് റൂമുകളാണ് ലാബുകളായി ഉപയോഗിക്കുന്നത്. ലാബുകളിലുപയോഗിക്കേണ്ട ഉപകരണങ്ങളും കെമിക്കൽസും ഈ ചെറിയ മുറികളിൽ തന്നെയാണ് സൂക്ഷിക്കുന്നതും.

ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി 12-ാം ധനകാര്യകമ്മീഷൻ 2007-08 ൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ഇംപ്രൂവ്മെന്റ് ഓഫ് ക്വാളിറ്റി ഓഫ് സ്കൂൾ എഡ്യൂക്കേഷൻ എന്ന പദ്ധതി പ്രകാരം സ്കൂളിനുവേണ്ടി 50 ലക്ഷം രൂപ ലാബ്/ലൈബ്രറി നിർമ്മിക്കുന്നതിനായി ഹയർ സെക്കന്ററി ഡയറക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 35 ലക്ഷം രൂപയും നഗരസഭാ സെക്രട്ടറിക്ക് പദ്ധതി നടത്തിപ്പിനായി അനുവദിച്ച് നൽകിയിരുന്നു.

14.03.2010 നകം നിർമ്മാണം തീർപ്പാക്കുവാൻ കോൺട്രാക്ടറുമായുള്ള കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 33 ലക്ഷം രൂപ ചെലവഴിച്ചിട്ടും പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കുമ്പോൾ സ്കൂൾ അധികൃതരുമായി ചർച്ച ചെയ്യാത്തതിനാൽ ഭാഗികമായി നിർമ്മിച്ച കെട്ടിടത്തിൽ ഒരു ലാബിന് ആവശ്യമായ സ്ലാബോ മറ്റ് സൗകര്യങ്ങളോ നിർമ്മിച്ചിട്ടില്ല. ആയതിനാൽ കെട്ടിടം അടച്ചിട്ടിരിക്കുകയാണ്. കെട്ടിടത്തിന്റെ ഇലക്ട്രിക് പണികൾ പൂർത്തിയാക്കുന്നതിനുവേണ്ടി നാളിതുവരെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. പദ്ധതിക്കുവേണ്ടി അനുവദിച്ച 35 ലക്ഷം രൂപയിൽ 33 ലക്ഷം ചെലവഴിച്ചിട്ടും പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. നഗരസഭയുടെ അനാസ്ഥമൂലം 12-ാം ധനകാര്യ കമ്മീഷൻ പദ്ധതിക്കുവേണ്ടി അനുവദിച്ച 50 ലക്ഷം രൂപയിൽ നിന്നും 15 ലക്ഷം രൂപ 31.03.2010 ൽ ലാപ്സാകുകയും ചെയ്തു.

റോഡിൽ നിന്നും താഴ്ചയിൽ വയൽ നികത്തിയ സ്ഥലത്താണ് സ്കൂളിലെ കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ഡ്രെയിനേജ് സൗകര്യം പര്യാപ്തമല്ലാത്തതിനാൽ താഴത്തെ നിലയിൽ സമീപ പ്രദേശത്തുനിന്നും ഡ്രെയിനേജുവെള്ളം ഒഴുകിയെത്തുന്നുണ്ട്. വ്യക്തമായ ആസൂത്രണമില്ലാതെ പണികഴിപ്പിച്ച ഈ കെട്ടിടം സമീപഭാവിയിൽ കുട്ടികൾക്ക് ഉപയോഗപ്പെടുത്താനാകില്ല.

## 4. സ്തംഭനാവസ്ഥയിലായ നിർമ്മാണ പ്രവൃത്തികൾ

ആലപ്പുഴ ജില്ലയിലെ തൃക്കന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഗവൺമെന്റ് എൽ.പി.സ്കൂളിന്റെ ടോയ്ലെറ്റ് നിർമ്മാണം 2009-10 ൽ എസ്.എസ്.എ.വിഹിതം ഉപയോഗിച്ചാണ് ആരംഭിച്ചത്. ടോയ്ലെറ്റുകളുടെ മേൽക്കൂര പോലും പൂർത്തിയാക്കാതെ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലാണ്. നിലവിലുള്ള ടോയ്ലെറ്റുകൾ തികച്ചും ശോചനീയ അവസ്ഥയുമാണ്.

താമരശ്ശേരി ജി.യു.പി.സ്കൂളിൽ 3 ക്ലാസ്സ് മുറികളുടെ നിർമ്മാണത്തിനായി 6,00,000/-രൂപ എസ്.എസ്.എ.ഫണ്ടും 1,20,000/-രൂപ പി.റ്റി.എ.ഫണ്ടും വകയിരുത്തുകയുണ്ടായെങ്കിലും പണി പൂർത്തിയാകാത്തതിനാൽ 1,03,000/-രൂപ അധിക തുക പി.റ്റി.എ.വഹിച്ചു. ആകെ 8,23,000/-രൂപ ചെലവഴിച്ചു. 2010-11 വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും എസ്.എസ്.എ.ഫണ്ടായി വകയിരുത്തിയ തുകയിൽ 5,40,000/- രൂപ മാത്രമേ നാളിതുവരെയായി പി.റ്റി.എ.കമ്മിറ്റിക്ക് ലഭിച്ചിട്ടുള്ളൂ. പ്രവൃത്തിയുടെ അളവെടുത്ത് ഫൈനൽ ബിൽ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. സ്കൂൾ ഹെഡ്മാസ്റ്റർ പലതവണ അപേക്ഷ സമർപ്പിച്ചുവെങ്കിലും ഫൈനൽ ബിൽ തയ്യാറാക്കി ബാക്കി തുകയായ 60,000/-രൂപ ഗ്രാമപഞ്ചായത്ത് അനുവദിച്ചിട്ടില്ല.

> **സ്കൂൾ കെട്ടിടനിർമ്മാണം വിജിലൻസ് അന്വേഷണം നേരിടുന്നു**
>
> ആലപ്പുഴ ജില്ലയിലെ തൃക്കന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി) 1835/2008 പൊതുവിദ്യാഭ്യാസം തീയതി 14.02.08 പ്രകാരം സ്കൂൾ കെട്ടിടവും ലൈബ്രറിയും അനുവദിച്ചിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 8 ലക്ഷം രൂപ അനുവദിച്ചിരുന്നതിൽ നിന്നും 7,74,428/-രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ കെട്ടിടം നിർദ്ദിഷ്ട രീതിയിൽ പൂർത്തീകരിച്ചിട്ടില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ നിർമ്മാണത്തെപ്പറ്റി വിജിലൻസ് അന്വേഷണം നടക്കുകയാണ്.

പള്ളിപ്പുറം ജി.എം.യു.പി.സ്കൂളിലെ എച്ച്.എം.റൂം നിർമ്മാണത്തിനായി 3,10,000/-രൂപ എസ്.എസ്.എ.ഫണ്ട് അനുവദിച്ചിരുന്നു. പി.റ്റി.എ.കമ്മിറ്റി പ്രവൃത്തി ഏറ്റെടുക്കുകയും തറ, പില്ലർ, മെയിൻ സ്ലാബ് എന്നിവയുടെ നിർമ്മാണം 2013 ഫെബ്രുവരിയിൽ പൂർത്തീകരിക്കുകയും ചെയ്തു. പി.റ്റി.എ.കമ്മറ്റി പ്രവൃത്തിക്കായി 3,16,000/-രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

മേൽ പ്രവൃത്തിക്കായി 1,24,000/-രൂപ ഗ്രാമപഞ്ചായത്ത് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തി അളവെടുത്ത് ബാക്കി തുക നാളിതുവരെ പി.റ്റി.എ.കമ്മിറ്റിക്ക് അനുവദിച്ചിട്ടില്ല. ആയതിനാൽ ക്ലാസ്സ് റൂം നിർമ്മാണം സ്തംഭനാവസ്ഥയിലാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങളുടെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.



Local Fund Audit Department

## സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിച്ചില്ല

കൊല്ലം ജില്ലാപഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതി (TRP) 2008-09 പ്രകാരം പണി ആരംഭിച്ച, സ്കൂൾ കെട്ടിടങ്ങളിൽ പെരിങ്ങാലം (മൺട്രോ തുരുത്ത്) ചെറിയഴീക്കൽ, കുഴിത്തുറ, അഴീക്കൽ (ആലപ്പാട്) എന്നീ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിടങ്ങൾ പണി പൂർത്തിയാക്കാതെ പാർട്ട് ബില്ലുകൾ മാറി, കോൺട്രാക്ടർമാർ പണിയുപേക്ഷിച്ചു. നാലു സ്കൂളുകളും പിന്നാക്ക മേഖലയിലായിട്ടും പണി യഥാസമയം പൂർത്തീകരിക്കുന്നതിനോ നഷ്ടം ഉണ്ടാകാതെ നിയമാനുസൃതമായി പുനഃ ക്രമീകരിക്കുന്നതിനോ നിർവ്വഹണാധികാരികൾക്ക് കഴിഞ്ഞിട്ടില്ല. 2009 ൽ കരാർ വച്ചിട്ടുള്ള ഈ പ്രവൃത്തികൾ 31.03.10 ന് മുമ്പ് പൂർത്തീകരിക്കേണ്ടവയായിരുന്നു.



പൂർത്തിയാകാത്ത പെരിങ്ങാലം സ്കൂൾ കെട്ടിടം

പെരിങ്ങാലം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, കെട്ടിട സൗകര്യങ്ങളുടെ അപര്യാപ്തതമൂലം വീർപ്പുമുട്ടുകയാണ്. ഏതാനും ക്ലാസുകളും കമ്പ്യൂട്ടർ ലാബും പ്രവർത്തിക്കുന്നത് ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ ആന്റി ഡിസാസ്റ്റർ ഷെൽറ്ററിലാണ്. സ്ഥലമില്ലാത്തതിനാൽ സ്കൂൾ ലാബോറട്ടറികൾ പോലും പ്രവർത്തിക്കാൻ കഴിയുന്നില്ല.

സ്ഥല പരിശോധനയിൽ പില്ലറുകൾക്കുമുകളിൽ കൂരയുടെ സ്ലാബ് വാർത്ത അവസ്ഥയിലാണ് കെട്ടിടം കാണുന്നത്. മുകൾ നിലയ്ക്ക് വേണ്ടി പില്ലർ വാർക്കുന്നതിനുള്ള കമ്പികൾ തുരുമ്പിച്ച് ജീർണ്ണാവസ്ഥയിലായും പില്ലറുകൾ ബീമിനോട് ചേരാതെ ബീമിൽ നിന്നും തെന്നിമാറി നിൽക്കുന്ന രൂപത്തിലുമാണ് കാണപ്പെടുന്നത്. തൂണുകളിലും ബീമുകളിലും കോൺക്രീറ്റ് ''തിക്ക് ഫില്ലിംഗ് ''നടത്തിയിട്ടില്ലാത്തതിനാൽ തുരുമ്പിച്ച കമ്പികൾ പുറത്ത് കാണാവുന്ന അവസ്ഥയിലാണ്. കോൺക്രീറ്റ് ചെയ്ത തറ മെറ്റലുകൾ ഇളകി കുണ്ടും കുഴിയുമായാണ് കാണപ്പെട്ടത്. ബോട്ട് കൺവയൻസ് നിരക്കുകൾ ഉൾപ്പെടുത്തിയിട്ടുള്ള എസ്റ്റിമേറ്റ് നിരക്ക് പ്രകാരമുള്ള പ്രവൃത്തി 10% അധിക നിരക്കിലാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. 27,50,000/-രൂപ അടങ്കൽ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തിയുടെ രണ്ട് പാർട്ട് ബില്ലുകൾ പ്രകാരം 15,50,122/-രൂപയാണ് ഇതുവരെ ചെലവ് വന്നിട്ടുള്ളത്.



ബിമിൽ നിന്നും കോൺക്രീറ്റ് മിശ്രിതം ഊർന്ന് വീണ് കൂടിക്കിടക്കുന്നു



ബീമിൽ നിന്നും പില്ലർ തെന്നിമാറി

2012-13 ൽ കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് 12,39,000/-രൂപയുടെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയെങ്കിലും നാളിതുവരെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടില്ല.

ഖണ്ഡിക സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നു എന്നറിയിച്ചപ്പോൾ ഖണ്ഡികയിലെ പരാമർശങ്ങൾക്ക് നിർവ്വഹണദ്യോഗസ്ഥൻ നൽകിയ മറുപടി അംഗീകരിക്കത്തക്കതല്ല.

2009-10 വർഷത്തിൽ എഗ്രിമെന്റ് വച്ച് പണി ആരംഭിച്ച ചെറിയഴീക്കൽ, കുഴിത്തുറ അഴീക്കൽ എന്നീ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളുടെ പണികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

## ലാബ് നിർമ്മാണം സ്തംഭനാവസ്ഥയിൽ

ആലപ്പുഴ നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഗവൺമെന്റ് മുഹമ്മദൻസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ 2004 ൽ പ്രവർത്തനം ആരംഭിച്ച ഹയർ സെക്കന്ററി വിഭാഗത്തിന്റെ ലാബ് നിർമ്മാണത്തിന് 2010 ലാണ് ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിന്ന് തുക (48,00,000 രൂപ 12-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) നഗരസഭയ്ക്ക് നൽകിയത്. ഇതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല. കെട്ടിട നിർമ്മാണം ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്.

Local Fund Audit Department

## 5. സ്കൂൾ വക വസ്തു കയ്യേറ്റം – ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചില്ല

പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കൈപ്പുഴ എൽ.പി.ജി.സ്കൂൾ വക വസ്തു കയ്യേറി വർഷങ്ങളോളം താമസമായിട്ടും കയ്യേറ്റം ഒഴിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

കുളനട വില്ലേജിൽ ഉൾപ്പെടുന്നതും 386/1 സർവ്വേ നമ്പരിൽപ്പെട്ടതുമായ സ്കൂൾ വക 25.01 ആർ വസ്തുവിൽ താമസിക്കുന്നതുമായ തുണ്ടിൽ ഗോപാലകൃഷ്ണപിള്ളയുടെ വസ്തുവുമായി അതിരുതർക്കം നിലനിൽക്കുന്നുണ്ട്. 2005 ലെ മധ്യവേനൽ അവധിക്കാലത്ത് സ്കൂളിന്റെ അതിർത്തിയിൽ കൈയ്യാല കെട്ടി കയ്യേറ്റം നടത്തിയിരുന്നു. തുടർന്ന് സ്കൂൾ വക വസ്തുവിന്റെ അതിർത്തി നിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 10.06.2010 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കോഴഞ്ചേരി തഹസീൽദാർക്ക് നൽകിയ അപേക്ഷയിന്മേലുള്ള തുടർ നടപടിയായി താലൂക്ക് സർവ്വേയർ മുഖേന സ്കൂളിന്റെ അതിർത്തി നിർണ്ണയിച്ച് സ്കെച്ച് തയ്യാറാക്കിയിരുന്നു.

പ്രസ്തുത സ്കെച്ച് പ്രകാരം സ്കൂളിന്റെ കിഴക്കേ അതിർത്തി ശ്രീമതി.മറിയാമ്മ ജോൺ, തുണ്ട് വടക്കേതിൽ, വിൽസൺ, തുണ്ട് വടക്കേതിൽ, ബ്ലസ്സൻ, സാംസൺ എന്നിവർ വർഷങ്ങളായി കയ്യേറി വീടുവച്ചതായി താലൂക്ക് സർവ്വേയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കിഴക്കേ അതിർത്തിയിൽ ആകെ 204 ച.മീറ്റർ വസ്തു അന്യരുടെ കൈവശമാണെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. കൂടാതെ തെക്കേ അതിർത്തിയിലും സ്വകാര്യവ്യക്തി കൈയ്യാല കെട്ടി കയ്യേറ്റം നടത്തിയിട്ടുണ്ട്.

കയ്യേറ്റഭൂമി തിരിച്ചുപിടിക്കണമെന്ന് അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശുപാർശ ചെയ്തിരുന്നെങ്കിലും 35 വർഷത്തിലേറെയായി ഭൂമി കൈവശം വച്ചിരിക്കുന്നവരെ ഒഴിപ്പിക്കാൻ കഴിയുകയില്ലായെന്നും ആയതിനാൽ കയ്യേറ്റം ഒഴിപ്പിക്കുന്ന കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്നും 23.12.2010 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചു (തീരുമാനം നമ്പർ VI)

കുളനട ഗ്രാമപഞ്ചായത്തിലെ തന്നെ തുമ്പമൺ നോർത്ത് ഗവൺമെന്റ് എൽ.പി.ജി.എസ്.ന്റെ തെക്ക് ഭാഗത്ത് മതിൽ പൊളിച്ച് സ്വകാര്യ വ്യക്തി വഴി നിർമ്മിച്ചതായി ഹെഡ്മാസ്റ്റർ പരാതി നൽകിയെങ്കിലും ഗ്രാമപഞ്ചായത്ത് ഈ വിഷയത്തിൽ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല.

### എയ്ഡഡ് സ്കൂൾ കോമ്പൗണ്ടിൽ അനധികൃത അൺ എയ്ഡഡ് സ്കൂൾ

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ എയ്ഡഡ് സ്കൂളിന്റെ പുരയിടത്തിൽ പ്രസ്തുത സ്കൂളിന്റെ കെട്ടിടം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് അനധികൃതമായി അൺഎയ്ഡഡ് സി.ബി.എസ്.ഇ. സ്കൂൾ പ്രവർത്തിക്കുന്നു.



കരുവാമല ഹൈസ്കൂളിന്റെ വസ്തുവിൽ
അനധികൃതമായി പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ.സ്കൂൾ

കുന്നത്തൂർ ഗ്രാമപഞ്ചായത്തിലെ ഐവർ കാല നടുവിൽ കരുവാമല ഹൈസ്കൂളിന്റെ പഴയ കെട്ടിടത്തിൽ 'കരുവാമല സെൻട്രൽ സ്കൂൾ' എന്ന പേരിലാണ് അൺ എയ്ഡഡ് വിദ്യാലയം പ്രവർത്തിക്കുന്നത്. എയ്ഡഡ് ഹൈസ്ക്കൂളിനായി വേർതിരിക്കപ്പെട്ടിരുന്ന വസ്തുവിൽ അനധികൃതമായി സി.ബി.എസ്. ഇ.സ്കൂൾ പ്രവർത്തിക്കുന്നത് തന്നെ നിയമ നടപടിക്ക് വിധേയമാക്കാവുന്ന വിഷയമാണ് എന്നും ആയതിനാൽ ഐവർകാല നടുവിൽ കരുവാമല ഹൈസ്ക്കൂൾ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ.സ്കൂളിന്റെ പ്രവർത്തനം നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം അവസാനിപ്പിച്ച് അത് സംബന്ധിച്ച റിപ്പോർട്ട് യഥാസമയം കൊല്ലം ജില്ല വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ ഹാജരാക്കണമെന്നും 11.06.13 ലെ ബി.1/15440/2012(1) നമ്പർ നോട്ടീസ് പ്രകാരം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനധികൃത സ്കൂളിന്റെ പ്രവർത്തനം തുടരുന്നതായി പ്രാദേശിക പരിശോധനയിൽ വ്യക്തമായി.

1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം അനധികൃത കൈവശക്കാരെ ഒഴിപ്പിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കെ കയ്യേറ്റം ഒഴിപ്പിക്കുന്നതിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം പഞ്ചായത്ത് രാജ് നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമാണ്. കയ്യേറ്റക്കാരെ ഒഴിപ്പിക്കാതെ കയ്യേറ്റ ഭൂമിക്ക് ഇപ്പുറത്തായി മതിൽ കെട്ടി സ്കൂൾ അതിർത്തി നിർണ്ണയിച്ചത് ഗ്രാമപഞ്ചായത്തിനുണ്ടായ വീഴ്ചയാണ്.

Local Fund Audit Department

## 6. ഉച്ചഭക്ഷണവിതരണം – അനുബന്ധ സൗകര്യങ്ങൾ അപര്യാപ്തം

സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി വിപുലമായ രീതിയിൽ നടക്കുന്നുണ്ടെങ്കിലും അതിനനുസൃതമായ ആധുനിക സംവിധാനങ്ങളോടു കൂടിയ പാചകപ്പുരകൾ യാഥാർത്ഥ്യമായിട്ടില്ല. മിക്ക പാചകപ്പുരകളും വളരെ ഇടുങ്ങിയ താൽക്കാലിക ഷെഡുകളിലാണ് പ്രവർത്തിക്കുന്നത്. പുകയില്ലാത്ത അടുപ്പുകളോ പാചകപ്പുരകളോട് ചേർന്ന് സ്റ്റോർ റൂമുകളോ, വിറകുപുരയോ നിലവിലില്ല. കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനുള്ള മെസ്സ്ഹാൾ ഒരു സ്കൂളിലും ഇല്ല.ആയതിനാൽ കുട്ടികൾ സ്കൂൾ വരാന്തകളിലും, ക്ലാസ്സ് റൂമുകളിലുമിരുന്നാണ് ഭക്ഷണം കഴിക്കുന്നത്.

സ്കൂൾ ഉച്ചഭക്ഷണ പരിപാടി വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയായതിനാൽ അതുമായി ബന്ധപ്പെട്ട ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടത് എന്ന് സ.ഉ(എം.എസ്) 225/12/തസ്വഭവ തീയതി 18.08.2012 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്കൂളുകളിലെ ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ ചെലുത്തുന്നില്ല.

തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിലെ 6 സ്കൂളുകളിൽ എസ്.വി.യു.പി.എസ്.പുരവൂർ, കിഴുവിലം യു.പി.എസ്, മുടപുരം യു.പി.എസ്, എൽ.പി.എസ്.കുന്തള്ളൂർ എന്നിവയിലെ പാചകപ്പുരകളും സ്റ്റോർ മുറികളും അസൗകര്യങ്ങൾ നിറഞ്ഞവയാണ്.അശാസ്ത്രീയമായ നിർമ്മാണവും, ആവശ്യത്തിന് സ്ഥല സൗകര്യമില്ലാത്തതും പാചകം ദുഷ്കരമാക്കുന്നു. പുകക്കുഴൽ, ചിമ്മിനി, മലിനജലം ഒഴുക്കിവിടാൻ ആവശ്യമായ സൗകര്യം, റാക്കുകൾ, പാചകവാതക അടുപ്പുകൾ തുടങ്ങിയവയുടെ അഭാവമാണ് പൊതുവെ കാണപ്പെട്ട അസൗകര്യങ്ങൾ. പാചകപ്പുരകൾക്ക് അനുയോജ്യമായ വാതിൽ ഇല്ലാത്തത്, വെളിച്ചക്കുറവ് എന്നിവയും കാണപ്പെട്ടു. പുകക്കുഴൽ ഇല്ലാത്തതുകാരണം പാചകപ്പുരയ്ക്കുള്ളിൽ പുക തങ്ങിനിൽക്കുന്ന അവസ്ഥയുണ്ട്. മലിനജലം പാചകപ്പുരയ്ക്ക് ചുറ്റും തങ്ങി നിൽക്കുന്നത് സാംക്രമിക രോഗങ്ങൾ ഉണ്ടാകാൻ കാരണമാകാം.

പാചകപ്പുര ഇല്ലാത്തതിനാൽ കൊല്ലം ഠൗൺ യു.പി.എസ്-ൽ ക്ലാസ്സ് റൂം തന്നെ പാചകപ്പുരയായി മാറ്റം വരുത്തി ഉപയോഗിക്കുന്നു. പാചകപ്പുരയും സ്റ്റോർ റൂമും നിർമ്മിക്കുന്നതിനായി 2007-08 കാലയളവിൽ അടിസ്ഥാനം കെട്ടിയിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും നാളിതുവരെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് നഗരസഭ പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല. ഡൈനിംഗ് ഏരിയ ഇല്ലാത്തതിനാൽ സ്കൂളുകളിൽ കുട്ടികൾ വരാന്തയിലും ക്ലാസ്സ് മുറികളിലേയ്ക്കും കൊണ്ടുപോയി കഴിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്.

തിരുവല്ല നഗരസഭയുടെ അധീനതയിലുള്ള കാവുംഭാഗം ഗവൺമെന്റ് എൽ.പി.സ്കൂളിൽ കുട്ടികൾക്ക് ഉച്ചഭക്ഷണവും പാലും തയ്യാറാക്കി കൊടുക്കുന്നതിന് സൗകര്യമുള്ള അടുക്കള ഇല്ല. അടുക്കളയുടെ അപര്യാപ്തതമൂലം ഉച്ചഭക്ഷണം സ്കൂൾ മുറ്റത്ത് തുറസ്സായ സ്ഥലത്താണ് പാചകം ചെയ്യുന്നത്.




കോട്ടയം ജില്ലയിലെ കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിലെ ആയാംകുടി ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ കഞ്ഞിപ്പുര ദയനീയാവസ്ഥയിലാണ്. അടുപ്പ് പൊട്ടിപ്പൊളിഞ്ഞ് ഉപയോഗശൂന്യമായി. കഞ്ഞിപ്പുരയ്ക്ക് വെളിയിൽ വെറും നിലത്ത് അടുപ്പ് കൂട്ടിയാണ് ഉച്ചഭക്ഷണം പാകം ചെയ്യുന്നത്. പാചകത്തിന് ഗ്യാസ് കണക്ഷൻ ലഭിച്ചിട്ടില്ല. പാത്രങ്ങളും ആവശ്യത്തിനില്ല. കുട്ടികൾ സ്വന്തം പാത്രം കൊണ്ടുവരികയാണ് ചെയ്യുന്നത്.

കണ്ണൂർ നഗരസഭയിലെ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ് ഹൈസ്ക്കൂൾ വിഭാഗത്തിന്റെ ഭാഗമായുള്ള കഞ്ഞിപ്പുര അപകടാവസ്ഥയിലാണ് സ്ഥിതി ചെയ്യുന്നത്. കഞ്ഞിപ്പുരയുടെ തൂണുകൾ പഴകി ദ്രവിച്ചിരിക്കുന്നു. തൂണുകളിൽ നിന്ന് സിമന്റ് അടർന്ന് വീണ് കെട്ടിടം ഏതു സമയത്തും നിലം പൊത്താവുന്ന അവസ്ഥയിലാണ്.

പാചകപ്പുര സ്കൂൾ കെട്ടിടത്തോട് ചേർന്ന് പ്രവർത്തിക്കുവാൻ പാടില്ല എന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19.03.10 ലെ 17565/ഡി.ബി.2/2010/തസ്വഭവ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സ്ഥലസൗകര്യങ്ങളുടെ പരിമിതിമൂലം ഭൂരിഭാഗം സ്കൂളുകളിലും ക്ലാസ്സ് റൂമിനോട് ചേർന്നാണ് പാചകപ്പുരയുള്ളത്.

കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്തിലെ മൊകേരി ഈസ്റ്റ് ഗവൺമെന്റ് യു.പി.സ്കൂളിൽ, സ്കൂളിൽ കെട്ടിടത്തിനുള്ളിൽ ക്ലാസ്സ് മുറിയോട് ചേർന്ന മുറിയിലാണ് പാചകം ചെയ്യുന്നത്. സ്കൂൾ മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച

Local Fund Audit Department

2011-12 കാലയളവിൽ ഒരു പാചകപ്പുരയും സ്റ്റോർ മുറിയും വിറകുപുരയും നിർമ്മിച്ചിട്ടുണ്ടെങ്കിലും അടുപ്പ് നിർമ്മിക്കാത്തതുകൊണ്ട് ഈ പാചകപ്പുരയും സ്റ്റോർ മുറിയും ഉപയോഗിക്കുന്നില്ല. അടുക്കളക്കായി നിർമ്മിച്ച മുറികൾ ക്ലാസ്സ് മുറികളായിട്ടാണ് ഉപയോഗിക്കുന്നത്.

## 7. സ്കൂളുകളിലെ ശുദ്ധജലവിതരണം കാര്യക്ഷമമല്ല

കേരള വിദ്യാഭ്യാസ നിയമത്തിലെ 34(എ) വകുപ്പ്, 19.12.2011 ലെ നമ്പർ 63384/ഡി.ബി.2/11/തസ്വഭവ സർക്കുലർ എന്നിവ പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും ശുദ്ധജലം ലഭ്യമാക്കേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള സ്കൂളുകളിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. ചില സ്കൂളുകളിൽ ടോയ്‌ലെറ്റുകൾക്ക് സമീപമാണ് കുടിവെള്ള ടാപ്പുകൾ സ്ഥാപിച്ചിരിക്കുന്നത്. 2011-12 ൽ എസ്.എസ്.എ.യുടെ സഹകരണത്തോടെ നഗരസഭ ഫോർട്ട് യു.പി.എസ്.ൽ ടോയ്‌ലെറ്റും കുടിവെള്ള ടാപ്പുകളും നിർമ്മിച്ച് നൽകിയിട്ടുണ്ട്. വ്യക്തമായ ആസൂത്രണമില്ലാതെ നടത്തിയ നിർമ്മാണ പ്രവൃത്തിയിൽ, ടോയ്‌ലെറ്റിന്റെ മതിലിനോട് ചേർന്നാണ് കുടിവെള്ള ടാപ്പുകൾ സ്ഥാപിച്ചിരിക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഗവൺമെന്റ് എസ്.വി.യു.പി.സ്കൂൾ പുരവൂർ, ഗവൺമെന്റ് യു.പി.സ്കൂൾ മുടപുരം എന്നീ സ്കൂളുകളിൽ കുടിവെള്ള പ്രശ്നം സങ്കീർണ്ണമാണ്. ജനുവരി മാസം മുതൽ അക്കാദമിക് വർഷം അവസാനം വരെയും ജലലഭ്യത തീരെ കുറവാണ്. ഇത് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയേയും ശുചീകരണ പ്രവർത്തനങ്ങളേയും സാരമായി ബാധിക്കുന്നു. ഈ രണ്ട് വിദ്യാലയങ്ങളിലും ഒരു കിണർ മാത്രമാണ് ഉള്ളത്. കുഴൽക്കിണറോ വാട്ടർ അതോറിറ്റിയുടെ ശുദ്ധജല പൈപ്പ് ലൈനോ ഇവിടെയില്ല. ഗവൺമെന്റ് യു.പി.എസ്.കിഴുവിലത്തിന്റെ കോമ്പൗണ്ടിൽ പൊതുആവശ്യത്തിനായി കുഴൽക്കിണർ കുഴിച്ച് ഹാൻഡ് പമ്പ് സ്ഥാപിച്ചത് നിലവിൽ ഉപയോഗശൂന്യമാണ്. ഇത് ഉപയോഗയോഗ്യമാക്കി മോട്ടോർ ഘടിപ്പിക്കുകയോ പുതിയ കിണർ കുഴിക്കുകയോ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള പൈപ്പ് ലൈൻ സ്കൂളുകളിൽ എത്തിക്കുകയോ ചെയ്ത് ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണേണ്ടതാണ്.

കൊല്ലം ജില്ലയിലെ പുനലൂർ നഗരത്തിലെ ഉയർന്ന പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം അവിടങ്ങളിലുള്ള സ്കൂളുകളേയും ബാധിക്കുന്നു. ജലസംഭരണം ലക്ഷ്യമാക്കി സ്കൂളുകളിൽ സ്ഥാപിച്ച മഴവെള്ള സംഭരണികൾ യാതൊരു പ്രയോജനവും ചെയ്യുന്നില്ല. രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിലാണ് ഗവൺമെന്റ് എൽ.പി.എസ്.കേളങ്കാവ്, ഗവൺമെന്റ് എൽ.പി.എസ്.ഐക്കരക്കോണം എന്നിവ സ്ഥിതി ചെയ്യുന്നത്. വളരെ ഉയർന്ന പ്രദേശങ്ങളായതിനാൽ പൈപ്പ്‌ലൈൻ വഴിയുള്ള കുടിവെള്ള വിതരണം ഫലപ്രദമല്ല. പ്രസ്തുത സ്കൂളുകളിൽ നിർമ്മിച്ച കുഴൽക്കിണറുകൾ ഉപയോഗശൂന്യമാണ്.

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമ പഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി.സ്കൂളിൽ കുട്ടികളുടെ ഉപയോഗത്തിന് ആവശ്യമായ വാട്ടർടാപ്പുകളില്ലാത്തത് പ്രധാന പോരായ്മയാണ്. നിലവിൽ 58 കുട്ടികളുള്ള സ്കൂളിൽ ജലലഭ്യതയ്ക്കായി ഒരു വാട്ടർടാപ്പ് മാത്രമാണുള്ളത്.

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ ഏഴുകമ്പി ഗവൺമെന്റ് എൽ.പി.സ്കൂൾ കോമ്പൗണ്ടിലുള്ള കുഴൽക്കിണറാണ് വിദ്യാലയത്തിലെ ഏക ജലസ്രോതസ്സ്. ഫെബ്രുവരി മുതൽ ഏപ്രിൽ മാസം വരെ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നുണ്ടെങ്കിലും പ്രശ്നപരിഹാരത്തിനാവശ്യമായ യാതൊരു നടപടികളും നാളിതുവരെയും സ്വീകരിച്ചിട്ടില്ല. 2005-06 വർഷം 45000/-രൂപ എസ്.എസ്.എ.പദ്ധതിയിൽ വകയിരുത്തി നിർമ്മിച്ച മഴവെള്ള സംഭരണി നിർമ്മാണത്തിലെ അപാകതകളും കാര്യക്ഷമതയില്ലായ്മയുംമൂലം നാളിതുവരെ പ്രവർത്തനക്ഷമമാക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിലെ നങ്കി ഗവൺമെന്റ് എൽ.പി.സ്കൂളും കടുത്ത കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന മാസങ്ങളിൽ കുടിവെള്ളം വിലയ്ക്ക് വാങ്ങുകയാണ് ചെയ്യുന്നത്.

മലപ്പുറം ജില്ലയിലെ താഴെക്കോട് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള അരക്കുപറമ്പ് ജി.എൽ.പി. സ്കൂളിൽ കുടിവെള്ളം ഇല്ലാത്തതിനാൽ ഉച്ചഭക്ഷണം പോലും മുടങ്ങിയ അവസ്ഥയുണ്ടായിട്ടുണ്ട്. ടോയ്‌ലെറ്റ്, മൂത്രപ്പുര എന്നിവിടങ്ങളിലും മറ്റ് ശുചീകരണങ്ങൾക്കും സ്കൂളിൽ വെള്ളം ലഭ്യമല്ല. കുഴൽക്കിണറുകൾ പലപ്രാവശ്യം പരീക്ഷിച്ചിട്ടുണ്ടെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഒരു ടാപ്പിൽ നിന്നും ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ലഭിക്കുന്ന പരിമിതമായ വെള്ളമാണ് ഇപ്പോൾ ഉപയോഗപ്പെടുത്തുന്നത്.(കുടിവെള്ളം എത്തിക്കുന്നതിന് റോഡിതര സംരക്ഷണ ഗ്രാന്റ് ലഭ്യമല്ലെങ്കിൽ വികസന ഫണ്ട് മേഖലാവിഭജനത്തിന് അതീതമായി വിനിയോഗിക്കാവുന്നതാണെന്ന് 63384/ഡി.ബി.2/2011/തസ്വഭവ തീയതി 19.12.11 ലെ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്) എന്നാൽ തദ്ദേശ സ്വയംഭരണ



Local Fund Audit Department

സ്ഥാപനങ്ങൾ പലതും ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. ലഭ്യമായ സ്ഥലത്ത് കിണർ കുഴിച്ച് കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

കണ്ണൂർ ജില്ലാപഞ്ചായത്തിലെ ചെറുകുന്ന് ഗവൺമെന്റ് വെൽഫെയർ ഹയർ സെക്കന്ററി സ്കൂളിൽ സ്വന്തമായി കിണർ ഉണ്ടെങ്കിലും ജലം ഉപയോഗ്യമല്ല. സ്കൂളിൽ 5 മഴവെള്ളസംഭരണികൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതിൽ ശേഖരിക്കപ്പെടുന്ന വെള്ളം സ്കൂൾ കുട്ടികളുടെ ആവശ്യങ്ങൾക്ക് പര്യാപ്തമല്ല 2 കിലോമീറ്ററോളം അകലെയുള്ള പഞ്ചായത്ത് കിണറിൽ നിന്ന് പൈപ്പ് മാർഗ്ഗമാണ് ഇപ്പോൾ ഈ സ്കൂളിൽ വെള്ളം എത്തിക്കുന്നത്.

കാസറഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് കൂളിപ്പാറ എം.ജി.എൽ.സി.ക്ക് സ്വന്തമായി കുടിവെള്ള സൗകര്യമില്ല. ആവശ്യമായ വെള്ളം 100 മീറ്റർ അകലെയുള്ള പട്ടികവർഗ്ഗ കോളനിയിൽ നിന്നും തലച്ചുമടായി കൊണ്ടുവന്നാണ് ഭക്ഷണം പാകം ചെയ്യുന്നതിനും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്.ചാമക്കുഴി ജി.യു.പി.സ്കൂളിന്റെ കുഴൽക്കിണറിലെ വെള്ളത്തിൽ സൾഫറിന്റെ അംശം കൂടുതലായതിനാൽ ഉപയോഗയോഗ്യമല്ല.സ്കൂളിന് സമീപത്തുള്ള മറ്റൊരു കുഴൽക്കിണറിൽ നിന്നുമാണ് നിലവിൽ സ്കൂൾ ആവശ്യത്തിനുള്ള വെള്ളം ലഭ്യമാക്കുന്നത്. ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് 2007-08, 2008-09 വർഷങ്ങളിൽ തനത് ഫണ്ടിൽ നിന്ന് 55000/-രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചെങ്കിലും നടപ്പിലാക്കിയിട്ടില്ല. 2012-13 ൽ 35,980/-രൂപ സ്കൂളുകളിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. 11-ാം പദ്ധതിയിലും 12-ാം പദ്ധതിയുടെ ആദ്യവർഷത്തിലും ഈ മേഖലയിൽ ആകെ 90,642/-രൂപ മാത്രമാണ് ചെലവഴിച്ചത്. സ്കൂളുകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നീക്കിവച്ച തുക പര്യാപ്തമായിരുന്നില്ല.

കാസറഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിലെ എസ്.ജി.എ.എൽ.പി.സ്കൂൾ മുള്ളേരിയയിലേയ്ക്ക് സമീപത്തുള്ള പി.എച്ച്.സി.യിൽ നിന്നാണ് ജലം ലഭ്യമാക്കുന്നത്. കുണ്ടാർ എ.യു.പി. സ്കൂളിലേയ്ക്ക് ആവശ്യമായ വെള്ളം എടുക്കുന്നത് സമീപപ്രദേശത്തെ കുടുംബങ്ങൾക്ക് വെള്ളം ലഭിക്കുന്നതിനായി ജില്ലപഞ്ചായത്ത് നിർമ്മിച്ച കുഴൽക്കിണറിൽ നിന്നുമാണ്. ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്ന താൽക്കാലിക കെട്ടിടത്തിന് സമീപത്തുള്ള കുഴൽക്കിണറിലെ വെള്ളം ഉപയോഗയോഗ്യമല്ലാത്തതിനാൽ ഭക്ഷണം പാകം ചെയ്യുന്നതിന് സമീപത്തുള്ള വീടുകളിൽ നിന്നാണ് വെള്ളം ശേഖരിക്കുന്നത്. 2007-08 മുതൽ 2012-13 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.

**കിണർവെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതം**

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിനു കീഴിൽ വരുന്ന കരിമൺകോട് എൽ.പി.സ്കൂൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് നിലവിലുള്ള ഒരു കിണറിനെയാണ്. പ്രസ്തുത കിണറിലെ വെള്ളം 04.09.2013 ൽ ആരോഗ്യ വകുപ്പ് അധികൃതർ പരിശോധന നടത്തുകയും പരിശോധന റിപ്പോർട്ട് പ്രകാരം കിണർ വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് 1600 MPN/100 ml എന്നാണ് തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡപ്രകാരം (IS No.10500:1991:1622 IS 2025, WHO 1993) അനുവദനീയമായ കോളിഫോം ബാക്ടീരിയയുടെ അളവ് < 2MPN/100 ml ആണ്. കിണർ വെള്ളത്തിലെ കോളിഫോം ബാക്ടീരിയയുടെ അളവിലുള്ള വർദ്ധനവ് കുട്ടികളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കാം.

## 8. ടോയ്ലെറ്റ് സൗകര്യങ്ങൾ ശോചനീയം

ടോയ്ലെറ്റ് സൗകര്യമില്ലാത്ത നൂറുകണക്കിന് സർക്കാർ സ്കൂളുകളാണ് കേരളത്തിലുള്ളതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിത്വമുള്ള ടോയ്ലെറ്റുകൾ ഏർപ്പെടുത്തുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ശുചിത്വമുള്ള ടോയ്ലെറ്റുകളുടെ അഭാവം ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. കുട്ടികളിൽ ശുചിത്വബോധം വളർത്തിയെടുക്കാൻ സ്കൂളുകളിലെ ശുചിത്വമുള്ള ടോയ്ലെറ്റുകൾ അനിവാര്യമാണ്.

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ അപരിഷ്കൃത മൂത്രപ്പുരകളും ശൗചാലയങ്ങളും തീർത്തും വിദ്യാർത്ഥി സൗഹൃദമല്ല. മേൽക്കൂര നശിച്ചതും പൊട്ടിപ്പൊളിഞ്ഞ തറകളുള്ളതുമായ ഇവ ഏതു സമയത്തും നിലംപൊത്താവുന്ന അവസ്ഥയിലാണ്. സ്കൂൾ കെട്ടിടങ്ങളിൽ ഇവയുടെ ഫിറ്റ്നസ് പരിശോധനാ വിധേയമാക്കുന്നില്ല. ശുചീകരണ ജോലിക്കാരുടെ കുറവ്, ജലദൗർലഭ്യം എന്നിവമൂലം ടോയ്ലെറ്റുകൾ ശുചിത്വഹീനമാണ്. 1083 കുട്ടികൾ പഠിക്കുന്ന ഠൗൺ യു.പി.സ്കൂളിൽ ഒരു ശുചീകരണ തൊഴിലാളി മാത്രമാണുള്ളത്.

ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ കീഴിലുള്ള ഗവ: ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ 480 കുട്ടികൾ പഠനം നടത്തുന്നുണ്ട്. ഇത്രയും കുട്ടികൾക്കായി 3 ടോയ്ലെറ്റുകൾ മാത്രമാണുള്ളത്. ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റ്



Local Fund Audit Department

**നിർമ്മാണത്തിലെ പിഴവ് – ടോയ്‌ലെറ്റുകൾ ഉപയോഗശൂന്യമാകുന്നു.**

കൊല്ലം നഗരസഭയിലെ വാളത്തുംഗൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ടോട്ടൽ സാനിറ്റേഷൻ പ്രോജക്ടിൽ 4,20,000/-, 4,32,500/- എന്നീ അടങ്കൽ തുകകളിലൂടെ 10 യൂണിറ്റ് ഗേൾ ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകൾ നിർമ്മിച്ചിട്ടുണ്ട്.

എ. ഈ ടോയ്‌ലെറ്റുകളിൽ തറയിൽ വീഴുന്ന വെള്ളം പുറത്തേയ്ക്ക് പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടില്ല.

ബി. ടോയ്‌ലെറ്റിന്റെ സാനിട്ടേഷൻ ടാങ്കുകൾ വളരെ ചെറുതും മൂടിയില്ലാത്തവയും മൂടിയുള്ളവ പൊട്ടിപൊളിഞ്ഞ് അവസ്ഥയിലാണ്.

സി. സാനിട്ടേഷൻ പിറ്റ് മൂടിയില്ലാതെ കിടക്കുന്നു. ഇതിനകരികിലൂടെ അടുത്ത ടോയ്‌ലെറ്റിലേയ്ക്ക് പോകുന്ന കുട്ടികൾ കാൽവഴുതി വീഴാവുന്ന തരത്തിൽ അപകടകരമാം വിധമാണ് സ്ഥിതി ചെയ്യുന്നത്.

സ്ഥാപിക്കുവാൻ വേണ്ടി നഗരസഭയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച 5 ലക്ഷം രൂപ (ഡി.ഡി.നമ്പർ 736705 തീയതി : 01.02.13) നാളിതുവരെയും വിനിയോഗിച്ചിട്ടില്ല.

കണ്ണൂർ നഗരസഭയിലെ ഗവൺമെന്റ് ടി.ടി.ഐ.(മെൻ) ലെ ടോയ്‌ലെറ്റുകൾക്ക് സെപ്റ്റിക്ക് ടാങ്ക് നിർമ്മിച്ചിട്ടില്ല. മാലിന്യം പുറത്ത് പോകാൻ വഴിയില്ലാത്തതുകൊണ്ടുള്ള അനാരോഗ്യപരമായ ചുറ്റുപാടിൽ ഇത് ഉപയോഗിക്കുവാൻ സാധിക്കുന്നില്ല.

## 9. കളിസ്ഥലങ്ങൾ – വിദ്യാഭ്യാസചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല

കളിസ്ഥലങ്ങൾ വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് അനിവാര്യമായ ഘടകമാണ്. 1959 ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 4 റൂൾ 3 പ്രകാരം കളികൾക്കും, കായിക വിനോദങ്ങൾക്കും എല്ലാ സ്കൂളുകളിലും അനുയോജ്യമായ കളിസ്ഥലം ഉണ്ടാകേണ്ടതും പ്രസ്തുത സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതുമാണ്.

ഗ്രാമപ്രദേശത്തെ വിദ്യാർത്ഥികളെ കായികരംഗത്ത് ദേശീയതലത്തിൽ എത്തിക്കുന്നതിന് പ്രൈമറി സ്കൂളുകൾ നിർണ്ണായക പങ്ക് വഹിക്കുന്നു. കളിസ്ഥലങ്ങളുടെയും, കളിയുപകരണങ്ങളുടെയും അപര്യാപ്തതയും, ലഭ്യമായ കളിസ്ഥലങ്ങൾ ഉപയോഗിക്കാൻ കഴിയാത്തതും സ്കൂളുകളിലെ കായികരംഗത്തുള്ള പ്രവർത്തനങ്ങൾ ശുഷ്കമാകാൻ കാരണമാകുന്നു. ദേശീയതലത്തിലും അന്തർദേശീയതലത്തിലും കായികരംഗത്തെ ഭാവി വാഗ്ദാനങ്ങളെ കണ്ടെത്താനുള്ള ഉറവിടമാണ് സ്കൂളുകൾ. ആയതിനാൽ കായികമേഖലയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. എന്നാൽ ഈ മേഖലയിൽ സ്കൂളുകൾ വേണ്ടത്ര പരിഗണന നൽകുന്നില്ല. വിദ്യാലയങ്ങളിൽ ആവശ്യത്തിന് കളിസ്ഥലങ്ങൾ ഒരുക്കി ചുറ്റുമതിൽകെട്ടി സംരക്ഷിക്കുന്നതിനും കളിയുപകരണങ്ങൾ ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

തിരുവനന്തപുരം നഗരസഭയുടെ അധീനതയിലുള്ള മിക്ക സ്കൂളുകളിലും കളിസ്ഥലങ്ങൾ ഒരുക്കുന്നതിൽ 1959 ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ചില സ്കൂളുകളിൽ കളിസ്ഥലങ്ങൾക്കാവശ്യമായ ഭൂമിയില്ല. കളിസ്ഥലങ്ങളുള്ള സ്കൂളുകളിൽ അവ ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല. പല സ്കൂളുകളിലും കളിസ്ഥലങ്ങൾ കാടുപിടിച്ച് ഉപയോഗശൂന്യമായ നിലയിലും ചിലയിടങ്ങളിൽ സ്കൂളിൽ നിന്നും അകലെയായും കളിസ്ഥലങ്ങൾ കാണാൻ കഴിഞ്ഞു.



ആട്ടക്കുളങ്ങര ഗവ:സെൻട്രൽ സ്കൂളിന്റെ കളിസ്ഥലം

വെസ്റ്റ്ഫോർട്ട് ഗവ: ഹൈസ്കൂളിന്റെ കളിസ്ഥലം ചുറ്റുമതിൽകെട്ടി സംരക്ഷിച്ചിട്ടില്ലാത്തതിനാൽ സ്കൂളിനു മുന്നിലുള്ള വിശാലമായ ഗ്രൗണ്ട് വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനായി ഉപയോഗിക്കുന്നു.

കിഴുവിലം ഗ്രാമപഞ്ചായത്തിലെ കിഴുവിലം യു.പി.സ്കൂളിൽ കളിസ്ഥലമുണ്ടെങ്കിലും ഇതിന്റെ ചരിവ് കാരണം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല. പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ അയിരൂർപ്പാറ ഹയർ സെക്കന്ററി സ്കൂളിന്റെ 2400 ച.മീറ്റർ വിസ്തീർണ്ണമുള്ള കളിസ്ഥലവും ഉരുളൻകല്ലും, കുഴികളും നിറഞ്ഞതായതിനാൽ ഉപയോഗ യോഗ്യമല്ല. ഒരു മിനി സ്റ്റേഡിയമായി പരിവർത്തനം ചെയ്യുകയാണെങ്കിൽ പ്രസ്തുത കളിസ്ഥലം പഞ്ചായത്തിന് കീഴിലുള്ള മറ്റ് സ്കൂളുകൾക്കും കായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

Local Fund Audit Department

കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയിലെ ടൗൺ ഗവൺമെന്റ് എൽ.പി.സ്കൂളിന്റെ കെട്ടിടം നിൽക്കുന്ന പുരയിടത്തിന് ചുറ്റുമതിലുണ്ട്. കാടുമൂടിയ നിലയിൽ തുടരുന്ന കളിസ്ഥലത്തിന്റെ നടുവിലൂടെ തദ്ദേശീയർ ഉപയോഗിക്കുന്ന രണ്ട് വഴികൾ രൂപപ്പെട്ടിട്ടുണ്ട്. ഒരു വഴി ഉണ്ടാക്കുന്നതിലേയ്ക്ക് കളിസ്ഥലത്തിന്റെ ഒരു വശത്തെ മതിൽ തകർത്തിരിക്കുന്നതായി പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു.


പുനലൂർ ടൗൺ യു.പി.എസ്.ന്റെ കളിസ്ഥലം

മണിയാറ്റ് ഗവൺമെന്റ് യു.പി.സ്കൂളിന്റെ കളിസ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിച്ചിട്ടില്ല. കളിസ്ഥലത്തിന്റെ തെക്ക്-കിഴക്ക് ഭാഗത്തായി കേരള വെള്ളാളസഭയുടെ ഓഫീസ് മന്ദിരവും അതിനോടനുബന്ധിച്ചുള്ള കിണറും കളിസ്ഥലം കൈയ്യേറി നിർമ്മിച്ചതായാണ് സ്ഥലപരിശോധനയിൽ വ്യക്തമാകുന്നത്.

കോഴിക്കോട് നഗരസഭയിലെ 53 സ്കൂളുകൾക്ക് സ്വന്തമായി കളിസ്ഥലമില്ലാത്തതിനാൽ ഫുട്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ മുതലായ കളിയുപകരണങ്ങൾ ഉപയോഗിക്കാൻ കഴിയുന്നില്ല. 2000-ലധികം കുട്ടികൾ പഠിക്കുന്ന പയ്യാനക്കൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ രണ്ട് കെട്ടിടങ്ങളുടെ ഇടയിലെ വളരെ ഇടുങ്ങിയ സ്ഥലമാണ് കളിസ്ഥലമായി ഉപയോഗിക്കുന്നത്. കൂടാതെ ഗവൺമെന്റ് ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, പുതിയാപ്പ കുണ്ടുപറമ്പ് ഹൈസ്കൂൾ എന്നിവയ്ക്കും കളിസ്ഥലമില്ല.

**സ്പോർട്സ് ഉപകരണങ്ങൾ ഉപയോഗശൂന്യമായ അവസ്ഥയിൽ**

തിരുവനന്തപുരം നഗരസഭ ഓരോ വർഷവും സ്കൂളുകളിലേയ്ക്ക് കായിക ഉപകരണങ്ങൾ നൽകുന്നതിനായി ലക്ഷങ്ങൾ ചെലവഴിച്ചിട്ടുണ്ട്. സ്കൂളുകളുടെ ആവശ്യങ്ങളറിഞ്ഞ് സ്പോർട്സ് ഉപകരണങ്ങൾ നൽകുന്നതിനുപകരം, വാങ്ങിയ ഉപകരണങ്ങൾ എങ്ങനെയും വിതരണം ചെയ്തു തീർക്കുക എന്ന ഉദ്ദേശത്തോടെയാണ് പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. അതുകൊണ്ട് തന്നെ മിക്ക സ്കൂളുകളിലും നഗരസഭയിൽ നിന്നും ലഭ്യമാക്കിയ സ്പോർട്സ് ഉപകരണങ്ങൾ ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ഉദാഹരണത്തിന് 2011-12 ൽ കളിസ്ഥലമില്ലാത്ത കരിയ്ക്കകം ഗവൺമെന്റ് ഹൈസ്കൂളിന് നൽകിയ ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ് ബോളുകൾ, ഷോട്ട്പുട്ട്, ഡിസ്കസ് എന്നിവ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. പണം ചെലവഴിക്കാൻ മാത്രമായി ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത് പൊതുപണത്തിന്റെ ദുർവ്യയമാണ്.

**ദേശീയതാരങ്ങളെ സൃഷ്ടിക്കുന്ന സ്കൂളിന്റെ ഗ്രൗണ്ട് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല**

കോമ്പൗണ്ട്‌വാൾ ഇല്ലാത്തതും പാറ ഉൾപ്പെടുന്നതും ട്രാക്കിനങ്ങൾ ചെയ്യിക്കുവാൻ സൗകര്യമില്ലാത്തതുമായ ഗ്രൗണ്ടാണ് പാലക്കാട് ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ തേങ്കുറിശ്ശിക്ക് ഉള്ളത്. ഗ്രൗണ്ടിലെ ലഭ്യമായ സ്ഥലത്തിന് യോജിക്കുന്ന വിധത്തിലുള്ള സ്പോർട്സ് ഇനങ്ങളിൽ പരിശീലനം നൽകി ദേശീയതാരങ്ങളെ സൃഷ്ടിച്ച ചരിത്രം സ്കൂളിനുണ്ട്. ഹാൻഡ്ബോൾ മൽസരത്തിൽ 3 താരങ്ങളേയും ഡോഡ്ജ് ബോളിനത്തിൽ 4 താരങ്ങളെയും ദേശീയതലത്തിലേയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സോഫ്റ്റ്ബോൾ ഇനത്തിൽ സബ് ജൂനിയർ, ജൂനിയർ, സീനിയർ തലങ്ങളിൽ 40 പേരെ സംസ്ഥാനതലത്തിൽ മത്സരിപ്പിക്കാനും സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

15000 ച.മീറ്റർ വിസ്തീർണ്ണമുള്ള ഗ്രൗണ്ട് സൗകര്യം ഈ സ്കൂളിന് ലഭ്യമായിട്ടും ട്രാക്കിനങ്ങൾ ചെയ്യിക്കാൻ കഴിയുംവിധം ഇതിനെ സജ്ജമാക്കാൻ പ്രോജക്ടുകളൊന്നും നടപ്പിലാക്കാൻ ജില്ലാപഞ്ചായത്ത് ശ്രമിച്ചിട്ടില്ല.

**നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയ ഗവൺമെന്റ് ടി.ടി.ഐ.മണക്കാട് മാതൃക**

വിദ്യാർത്ഥികൾക്കായി കളിസ്ഥലമൊരുക്കുന്നതിന് വളരെ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക വഴി മറ്റ് വിദ്യാലയങ്ങൾക്കു മാതൃകയാവുകയാണ് തിരുവനന്തപുരം നഗരസഭയിലെ ഈ വിദ്യാലയം. സ്ഥലപരിമിതിമൂലം കുട്ടികൾക്ക് കളിസ്ഥലം ഇല്ലാത്തതിനാൽ ഇവിടെ പി.റ്റി.എ.യുടെ എസ്.എസ്.ജി.യുടെ നേതൃത്വത്തിൽ സ്കൂൾ കെട്ടിടത്തിന്റെ ടെറസ് മുഴുവനും ഒരു വലിയ ഇൻഡോർ സ്റ്റേഡിയമാക്കി മാറ്റിയിരിക്കുന്നു. ഇവിടെ ജിംനാസ്റ്റിക്, ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ തുടങ്ങി എല്ലാത്തരം കളികൾക്കും ഉള്ള സ്ഥലം ഒരുക്കിയിട്ടുണ്ട്. ടെറസ്സ് മുഴുവൻ ഷീറ്റുകൊണ്ട് മേൽക്കൂരയിട്ട്, ചുറ്റിനും കമ്പിവേലികെട്ടിയാണ് കളിസ്ഥലം ഒരുക്കിയിട്ടുള്ളത്. ഇതിനായി എം.പി. ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ ചെലവഴിച്ചു. മറ്റ് സ്കൂളുകളിലും പി.റ്റി.എ.യും സ്കൂൾ അധികൃതരും ഒത്തൊരുമയോടെ ക്രിയാത്മകമായി പ്രവർത്തിക്കുക യാണെങ്കിൽ ഇത്തരത്തിലുള്ള പുതുമയാർന്ന ആശയങ്ങൾ നടപ്പാക്കി, നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും അതുവഴി കുട്ടികളുടെ കായികവും മാനസികവുമായ വളർച്ചയ്ക്കുതകുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സാധ്യമാകുന്നതാണ്.

Local Fund Audit Department

കുഴൽമന്ദം ഗവൺമെന്റ് ഹൈസ്കൂളിന് പ്രത്യേകമായ ഗ്രൗണ്ട് ലഭ്യമായിട്ടില്ല. സ്കൂളിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന മലമ്പുഴ കനാലിന്റെ വരത്ത് 4 മീറ്റർ വീതിയിലും 40 മീറ്ററോളം നീളത്തിലുമുള്ള സ്ഥലം ഗ്രൗണ്ടായി ഉപയോഗപ്പെടുത്തുന്ന സ്ഥിതിയാണ് കാണുന്നത്.

**കൽപ്പറ്റ നഗരസഭ – സെപ്റ്റ് – വിഷൻ ഇന്ത്യ – ഫുട്ബോൾ പരിശീലനപരിപാടികളിൽ സജീവപങ്കാളികൾ**

കേരളത്തിലുടനീളം 41 കേന്ദ്രങ്ങളിലായി 1200 ഓളം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്ന കോഴിക്കോട് ആസ്ഥാനമായി 2004 മുതൽ പ്രവർത്തിച്ചുവരുന്ന സംഘടനയാണ് സ്പോർടസ് & എഡ്യൂക്കേഷൻ പ്രമോഷൻ ടെസ്റ്റ് (സെപ്റ്റ്). ഇന്ത്യയിലേയും വിദേശത്തെയും വിദഗ്ധ പരിശീലകർ സെപ്റ്റുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭ ഈ പരിശീലനപരിപാടിയിൽ സജീവ പങ്കാളികളാകുകയും നഗരസഭാപരിധിയിലുള്ള സ്കൂളുകളിലെ 6-ാം ക്ലാസ്സിന് താഴെയുള്ള കുട്ടികൾക്ക് 'സെപ്റ്റ്' മുഖേന ഫുട്ബോൾ പരിശീലനം നൽകുകയും ചെയ്യുന്നു. 6-ാം ക്ലാസ്സിന് മുകളിലുള്ള കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നടപ്പാക്കുന്ന പദ്ധതിയാണ് 'വിഷൻ ഇന്ത്യ'. കൽപ്പറ്റ എസ്.കെ.എം.ജെ.സ്കൂൾ ഗ്രൗണ്ടാണ് പരിശീലന വേദി. കൽപ്പറ്റയിലെ 'ഫാൽക്കൺസ്' ക്ലബ്, മാതൃഭൂമി ദിനപത്രം എന്നിവയും നഗരസഭയോടൊപ്പം ഈ ഉദ്യമത്തിൽ സഹകരിക്കുന്നു. അണ്ടർ-13 വയനാട് ജില്ലാ ടീമിലേക്കും സംസ്ഥാന ടീമിലേയ്ക്കും ഇവിടത്തെ പരിശീലനാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഈ പദ്ധതികൾക്കായി 2010-11 മുതൽ 2012-13 വരെ നഗരസഭ ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | 2010-11 | | 2011-12 | | 2012-13 | |
|---|---|---|---|---|---|---|
| | പ്രോജക്ട് നം | തുക | പ്രോജക്ട് നം | തുക | പ്രോജക്ട് നം | തുക |
| വിഷൻ ഇന്ത്യ | 19 | 31725 | 35 | 50000 | 15 | 200000 |
| സെപ്റ്റ് | 20 | 90000 | 42 | 100000 | | |

**കളിസ്ഥലം കണ്ടെത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല**

കൊല്ലം കോർപ്പറേഷൻ പരിധിയിലുള്ള 80% സ്കൂളുകൾക്കും ആവശ്യമായ കളിസ്ഥലം ഇല്ല. കായികരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള പ്രഗത്ഭരായ വിദ്യാർത്ഥികൾ പഠിക്കുന്ന ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കോയിക്കലിന് സ്വന്തമായി കളിസ്ഥലമില്ല. സ്കൂളിലെ ബോയ്സ് ഹോക്കി ടീം കേരളത്തെ പ്രതിനിധീകരിച്ച് ഡൽഹിയിൽ നടന്ന നാഷണൽ ഹോക്കി മാച്ചിൽ പങ്കെടുത്ത് വിജയം നേടി. ഗേൾസ് ഹോക്കി ടീമും സോണൽ ജേതാക്കളായിട്ടുണ്ട്. ഇത്തരത്തിൽ കായിക മത്സരങ്ങളിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് പരിശീലനത്തിനാവശ്യമായ കളിക്കളം ലഭ്യമല്ലാത്തത് അപലപനീയമാണ്. കോർപ്പറേഷൻ വകയായി സ്ഥലം കണ്ടെത്തി ഒന്നിലേറെ സ്കൂളുകൾക്കായി മിനി സ്റ്റേഡിയം നിർമ്മിച്ച് നൽകണമെന്ന ആവശ്യം നഗരസഭാ പരിധിയിലെ സ്കൂളുകൾ ഉന്നയിക്കുന്നുണ്ടെങ്കിലും നഗരസഭയുടെ ഭാഗത്തുനിന്നും പ്രതികരണം ലഭിക്കുന്നില്ല എന്ന് പല സ്കൂൾ അധികൃതരും അഭിപ്രായപ്പെട്ടു.

**നിർമ്മാണത്തിലെ പിഴവുമൂലം കളിസ്ഥലം നശിക്കുന്നു.**

80% ലധികം സ്കൂളുകളിൽ കളിസ്ഥലമില്ലാത്തപ്പോൾ 10 ലക്ഷം രൂപ വകയിരുത്തി നിർമ്മിച്ച കളിസ്ഥലം ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണ് കൊല്ലം ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിനുള്ളത്.

സ്പോർട്സ് & യൂത്ത് അഫേഴ്സ് ഡയറക്ടറേറ്റിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കായികാടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി കൊല്ലം ബോയ്സ് ഹൈസ്കൂളിന് 10 ലക്ഷം രൂപ ഗ്രാന്റ് അനുവദിക്കുകയും മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്ഥലസൗകര്യം ഇല്ലാത്തതിനാൽ പി.ടി.ഐ.യുടെയും സ്കൂൾ അധികൃതരുടെയും അഭിപ്രായം അനുസരിച്ച് ഫുട്ബോൾ കോർട്ടും, മിനി ബാസ്ക്കറ്റ് ബോൾ കോർട്ടും നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം 90 മീറ്റർ : 70 മീറ്റർ വലുപ്പത്തിൽ ഫുട്ബോൾ ഫീൽഡ് ഗ്രൗണ്ട് ലെവൽ ചെയ്ത് ഗോൾ പോസ്റ്റ് സ്ഥാപിക്കുന്നതിനും 32 മീറ്റർ : 20 മീറ്റർ വിസ്തൃതിയിൽ ബാസ്ക്കറ്റ് ബോൾ കോർട്ട് നിർമ്മിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി. എന്നാൽ സ്പോർട്സ് കൗൺസിൽ സെക്രട്ടറി നിർദ്ദേശിച്ച സ്ഥലത്തിനുപകരം സ്കൂൾ പി.ടി.എ.യുടെ നിർദ്ദേശപ്രകാരമുള്ള സ്ഥലത്ത് ബാസ്ക്കറ്റ് ബോൾ കോർട്ട് നിർമ്മിച്ചതിനാൽ മിനി ബാസ്ക്കറ്റ്ബോൾ കോർട്ടിനാവശ്യമായ



വാഴപ്പള്ളി ഗവ:ഹൈസ്ക്കൂൾ ഗ്രൗണ്ട് കാടുപിടിച്ചു ഉപയോഗശൂന്യമായ നിലയിൽ

Local Fund Audit Department

സ്പെസിഫിക്കേഷനിൽ നിർമ്മാണം നടത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ മത്സരാടിസ്ഥാനത്തിലുള്ള കളികൾ നടത്തുന്നതിന് ഈ കോർട്ട് ഉപയോഗിക്കുവാൻ കഴിയുകയില്ല. മാത്രമല്ല 2010-11 ൽ പണി പൂർത്തീകരിച്ച കോർട്ട് നാളിതുവരെയും ഉത്ഘാടനം ചെയ്തിട്ടില്ല. കുട്ടികൾക്കായി തുറന്ന് നൽകിയിട്ടില്ലെങ്കിലും ബാസ്ക്കറ്റ് ബോൾ കോർട്ടിൽ ഉറപ്പിച്ച റിംഗുകൾ ഒടിഞ്ഞുതൂങ്ങിയ അവസ്ഥയിലാണ്.

ഫുട്ബോൾ കോർട്ട് പ്രധാന കവാടത്തോടു ചേർന്നായതിനാൽ ഉപയോഗപ്പെടുത്താൻ കഴിയാത്തവിധമാണ്. 8,37,896/-രൂപ ചെലവഴിച്ച് നിർമ്മിച്ച കോർട്ടുകൾ പ്രയോജനപ്പെടുത്താത്തത് തികച്ചും നിരുത്തരവാദപരമാണ്.

ചങ്ങനാശ്ശേരി നഗരസഭയിലെ വാഴപ്പള്ളി ഗവൺമെന്റ് ഹൈസ്കൂളിൽ 2 ഏക്കർ വരുന്ന കളിസ്ഥലം സ്കൂളിൽ നിന്നും കുറച്ച് അകലെയാണ് സ്ഥിതി ചെയ്യുന്നത്. ഈ കളിസ്ഥലം ഉപയോഗയോഗ്യമല്ലാതെ കാടുപിടിച്ച് കിടക്കുന്നു. 2009-10 വർഷം, വാഴപ്പള്ളി സ്കൂൾ ഗ്രൗണ്ട് ഫില്ലിംഗും മതിൽ നിർമ്മാണവും എന്ന പദ്ധതിക്ക് 5,91,074/-രൂപയും 2011-12 വർഷം സ്കൂൾ ഗ്രൗണ്ട് പൂർത്തീകരണത്തിന് 5,30,000/-രൂപയും ചെലവഴിച്ചിട്ടും കളിസ്ഥലം ഉപയോഗയോഗ്യമാക്കാൻ സാധിച്ചിട്ടില്ല.

**കളിസ്ഥലത്തിന് ചുറ്റുമതിലില്ലാത്തതിനാൽ സ്വകാര്യ വാഹനങ്ങളുടെ സഞ്ചാരമാർഗ്ഗം**

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗവൺമെന്റ് ഹൈസ്കൂളിലെ 50 സെന്റ് കളിസ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തതുമൂലം സമീപവാസികൾ പൊതു ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നു. കളിസ്ഥലം സ്വകാര്യ വാഹനങ്ങളുടെ സഞ്ചാരമാർഗ്ഗമായി ഉപയോഗപ്പെടുത്തുകയാണ്. സ്കൂൾ വക സ്ഥലം കൈയ്യേറ്റം സംബന്ധിച്ച് പൈനാവ് മുൻസിഫ് കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട്.

കൂടുതൽ സ്ഥലം ലഭ്യമായതും സൗകര്യപ്രദമായതുമായ സ്കൂളുകളിൽ മിനി സ്റ്റേഡിയവും, മിനി സ്പോർട്സ് കോംപ്ലക്സും ട്രാക്കും നിർമ്മിക്കുക, സ്ഥലം സൗകര്യം കുറഞ്ഞിടത്ത് ചെറിയ കോർട്ടുകളും ഗെയിം കോർണറുകളും നിർമ്മിക്കുക, കായികതാരങ്ങൾക്ക് കളിയുപകരണങ്ങൾ നൽകുക, കായികാധ്യാപകരേയും കോച്ചുമാരെയും നിയമിക്കുക, കൃത്യമായ പരിശീലനം സംഘടിപ്പിക്കുക, തെരഞ്ഞെടുത്ത ഇനങ്ങളിൽ പരിശീലനം നൽകുക തുടങ്ങിയ അടിയന്തിര പ്രവർത്തനങ്ങൾ കായികരംഗത്തെ മുന്നേറ്റത്തിന് അനിവാര്യമാണ്.

## 10. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമല്ല

ലൈബ്രറികളുടെയും വായനശാലകളുടെയും ഫലവത്തായ ഇടപെടൽ സമൂഹത്തെ നേർവഴിക്ക് ചിന്തിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. വിദ്യാഭ്യാസമേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കേണ്ട പ്രധാന ചുമതലകളിലൊന്ന് വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവുമാണ് കുട്ടികളിലെ വായനാശീലം വളർത്തിയെടുക്കുന്നതിന് പ്രധാന പങ്കുവഹിക്കുന്നത് സ്കൂൾ ലൈബ്രറികളും പഞ്ചായത്ത് തലത്തിലുള്ള വായനശാലകളുമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമല്ല. സർക്കുലർ നമ്പർ 6352/ഡി.പി.1/2006/തസ്വഭവ 24.02.06 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെൻറ് യു.പി./ഹൈസ്കൂളിലെ ലൈബ്രറിക്കുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കാവുന്നതും, നിലവിലുള്ള മുറി നവീകരിക്കാവുന്നതും അനുബന്ധ സൗകര്യങ്ങൾ (മേശ, റാക്ക്, അലമാര, കസേര, എൽ.സി.ഡി, ഇന്റർനെറ്റ് തുടങ്ങിയവ) വാങ്ങാവുന്നതുമാണ്. എന്നാൽ ഭൂരിഭാഗം സ്കൂളുകളിലും ലൈബ്രറി പ്രത്യേകമായി പ്രവർത്തിക്കുന്നില്ല. ഓഫീസിന്റെയോ സ്റ്റാഫ് റൂമിന്റെയോ ഭാഗമായി അലമാരയിൽ പുസ്തകങ്ങൾ അടുക്കിയിട്ടുണ്ടെങ്കിലും ശാസ്ത്രീയമായി പുസ്തകങ്ങൾ തരം തിരിച്ച് ക്രമീകരിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യങ്ങളോ ഫർണിച്ചർ സൗകര്യമോ മിക്ക സ്കൂളുകളിലും ഇല്ല. ലൈബ്രറി പ്രവർത്തിക്കുന്നത് ഓഫീസ് മുറി, ക്ലാസ്സ് മുറി, സ്റ്റാഫ് റൂം എന്നിവിടങ്ങളിലാണ്. വായനാശീലം പ്രോത്സാഹിപ്പിക്കുവാൻ പ്രത്യേക പദ്ധതികളും സ്കൂളുകളിൽ നടപ്പാക്കുന്നില്ല.

പ്രത്യേക ലൈബ്രറി റൂമിന്റെ അഭാവം, സ്ഥിരം ലൈബ്രേറിയന്റെ സേവനം ലഭ്യമല്ലാത്തത്, പുസ്തകങ്ങളുടെ കുറവ്, പുസ്തകങ്ങൾ ശാസ്ത്രീയമായി തരംതിരിക്കാത്തത് , വായനാമൂല ഇല്ലാത്തത് എന്നിവയെല്ലാം സ്കൂൾ ലൈബ്രറികൾ നേരിടുന്ന പ്രശ്നങ്ങളാണ്.

ഇലക്ട്രോണിക് മാധ്യമങ്ങളുടെയും ഇന്റർനെറ്റിന്റെയും അതിപ്രസരം നിമിത്തം വായനാശീലം അന്യമായി പോയ ഇന്നത്തെ കാലഘട്ടത്തിൽ, പുതുതലമുറയിൽ വായനാശീലം വളർത്തുന്നതിനായി നിലവാരമുള്ള പുസ്തകങ്ങളും, ആധുനിക സൗകര്യങ്ങളുള്ള ലൈബ്രറികളും വിദ്യാലയങ്ങളിൽ ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**കുട്ടികൾക്ക് പ്രയോജനപ്പെടുത്താനാകാത്ത സ്കൂൾ ലൈബ്രറി**

തിരുവനന്തപുരം നഗരസഭയുടെ അധീനതയിലുള്ള കരമന ഗവൺമെന്റ് ഹൈസ്കൂൾ(ബോയ്സ്) ൽ ധാരാളം പുസ്തകങ്ങളുണ്ടെങ്കിലും ലൈബ്രറിയുടെ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. തടി അലമാരകളിൽ പുസ്തകങ്ങൾ വാരി നിറച്ച

Local Fund Audit Department

അവസ്ഥയിലാണ്. കുട്ടികൾക്ക് പുസ്തകങ്ങൾ സൗകര്യപ്രദമായി തെരഞ്ഞെടുക്കുവാനോ, ഇരുന്നു വായിക്കുവാനോ ഉള്ള സൗകര്യങ്ങൾ ഇവിടെയില്ല. അതുകൊണ്ട് തന്നെ സ്കൂൾ ലൈബ്രറി കുട്ടികൾക്ക് പ്രയോജനപ്പെടുത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ലൈബ്രറിയുടെ ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി നഗരസഭ യാതൊരു പദ്ധതികളും നടപ്പാക്കിയിട്ടില്ല.

**ലൈബ്രറി പുനരുദ്ധാരണ പ്രവൃത്തി നടത്താത്തതിനാൽ പുസ്തകങ്ങൾ നശിക്കുന്നു**

കൊല്ലം നഗരസഭയിലെ മങ്ങാട് ഗവൺമെന്റ് എച്ച്.എസ്.എസ്. ൽ യഥാസമയം പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കാത്തതിനാൽ പതിനായിരത്തിലധികം പുസ്തകങ്ങൾ സൂക്ഷിക്കുന്ന ലൈബ്രറി റൂം ചോർന്നൊലിച്ച് പുസ്തകങ്ങൾ നശിക്കുന്ന അവസ്ഥയിലാണ്. വർഷങ്ങൾ പഴക്കമുള്ള അപൂർവ്വ ഗ്രന്ഥങ്ങൾ പോലും ഇത്തരത്തിൽ നശിക്കുവാൻ ഇടയാകുന്നു.

## 11. സ്കൂളുകളിലെ ലാബ് സൗകര്യങ്ങൾ അപര്യാപ്തം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള പ്രൈമറി/സെക്കന്ററി/ഹയർ സെക്കന്ററി സ്കൂളുകളിൽ വിവിധ ലാബോറട്ടറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ലാബോറട്ടറികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മെയിൻറനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതാണെന്ന് 22.03.07 ലെ 9484/പി.1/07/തസ്വഭവ 21.05.09 ലെ 5621/എഫ്.എം.1/2009/തസ്വഭവ നമ്പർ സർക്കുലറുകൾ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിൽ ലാബോറട്ടറി സ്ഥാപിക്കുന്നതിന് തുക വകയിരുത്തുകയോ ചെലവാക്കുകയോ ചെയ്യുന്നില്ല.

തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ നഗരസഭയിലെ ആറ്റിങ്ങൽ ജി.എച്ച്.എസ്.എസ്.ലെ കെമിസ്ട്രി, ഫിസിക്സ് ലാബുകളിൽ അടിസ്ഥാന സൗകര്യങ്ങളും, ഭൗതികസാഹചര്യങ്ങളും ഇല്ല. ജീർണ്ണിച്ച കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന കെമിസ്ട്രി ലാബിൽ രാസപരീക്ഷണങ്ങൾ നടത്തുവാനുള്ള സൗകര്യങ്ങളൊന്നും തന്നെ സജ്ജീകരിച്ചിട്ടില്ല. ഫിസിക്സ് ലാബിലെ ഉപകരണങ്ങൾ സൂക്ഷിക്കുന്നത് സ്റ്റാഫ് റൂമിലാണ്. ലാബ് സൗകര്യങ്ങളുടെ അഭാവത്തിൽ ഉപകരണങ്ങൾ ക്ലാസ്സുകളിലെത്തിച്ച് പ്രവർത്തിപ്പിക്കുന്നു. ഹയർ സെക്കന്ററിക്ക് വേണ്ടി എല്ലാ സൗകര്യങ്ങളോടും കൂടിയുള്ള ബ്ലോക്ക് ഇല്ലാത്തത് അസൗകര്യങ്ങൾ ഉണ്ടാക്കുന്നു. പ്രീ-ഡിഗ്രി കോളേജുകളിൽ നിന്നും വേർപ്പെടുത്തി സ്കൂളുകളുടെ ഭാഗമാക്കിയെങ്കിലും കോളേജുകളിൽ ലഭ്യമായിരുന്ന ലാബ് സൗകര്യങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ഇത് പ്ലസ്ടു പഠന നിലവാരത്തെ സാരമായി ബാധിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിലെ ഒരു സ്കൂളിലും സയൻസ് ലാബുകൾ കാര്യക്ഷമമല്ല. ഇവയ്ക്കായി പ്രത്യേക മുറിയും പ്രദർശന സംവിധാനങ്ങളുമില്ല. ലാബിനായി ലഭിച്ച വസ്തുക്കൾ അലമാരകളിൽ നിറച്ചിരിക്കുന്നു. രാസപരീക്ഷണങ്ങൾ നടത്തുന്നത് ക്ലാസ്സുകളിലാണ്.



കൊല്ലം ജില്ല-ചെറിയഴീക്കൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ജീർണ്ണാവസ്ഥയിലായ ലാബ് കെട്ടിടം

കൊല്ലം ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള പല ഹയർ സെക്കന്ററി സ്കൂളുകളിലും ലാബ് സൗകര്യങ്ങളില്ല. അപ്പർ പ്രൈമറി മുതൽ വൊക്കേഷണൽ ഹയർ സെക്കന്ററി വരെ പ്രവർത്തിക്കുന്ന ചെറിയഴീക്കൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ജീർണ്ണാവസ്ഥയിലായ കെട്ടിടത്തിലാണ് വൊക്കേഷണൽ ഹയർ സെക്കന്ററി ലാബും ഹൈസ്കൂൾ ലാബും കമ്പ്യൂട്ടർ ലാബും പ്രവർത്തിക്കുന്നത്.

ഒന്നാം ക്ലാസ്സ് മുതൽ ഹയർ സെക്കന്ററി വരെ പ്രവർത്തിക്കുന്ന ഗവൺമെന്റ് എഫ്.എച്ച്.എസ്.എസ്. കുഴിത്തുറയിൽ എല്ലാ ലാബ് ഉപകരണങ്ങളും സൂക്ഷിച്ചിരിക്കുന്നത് ചോർന്നൊലിക്കുന്ന മുറിയിലാണ്.

മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിലെ ഏക ഹയർ സെക്കന്ററി സ്കൂളായ പെരുങ്ങാലം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങൾക്കുള്ള ലാബ് ഉപകരണങ്ങളും ഇതര പഠന സാമഗ്രികളും ഒരു മുറിക്കുള്ളിലാണ് സൂക്ഷിച്ചിരിക്കുന്നത്. ലാബ് പ്രവർത്തിപ്പിക്കുന്നതിനുള്ള യാതൊരു സൗകര്യങ്ങളും ഇല്ലാത്തതിനാൽ പരീക്ഷണങ്ങൾ ക്ലാസ്സ് മുറികളിൽ വച്ചാണ് നടത്തുന്നത്.

കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിൽ ലാബോറട്ടറി നവീകരണത്തിന് പതിനൊന്നാം പദ്ധതി കാലയളവിലും 12-ാം പദ്ധതിയുടെ ആദ്യവർഷവും തുക വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. ഗവൺമെന്റ് യു.പി.എസ്. പുതുശ്ശേരിയിൽ സയൻസ് ലാബിലേയ്ക്ക് ആവശ്യമുള്ള ഉപകരണങ്ങളൊന്നും തന്നെയില്ല.

Local Fund Audit Department

**പ്രവർത്തന സജ്ജമാകാത്ത ജലഗുണനിലവാര പരിശോധനാ ലാബുകൾ– പ്രയോജനരഹിതമായത് ലക്ഷങ്ങളുടെ ഉപകരണങ്ങൾ**

കേരള ശുചിത്വമിഷൻ ഹയർ സെക്കന്ററി സ്കൂളുകൾ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പ്രാദേശിക ജലഗുണനിലവാര പരിശോധനയ്ക്കായി കൊല്ലം ജില്ലാപഞ്ചായത്ത് 2010-11 ൽ നടപ്പാക്കിയ 'ഹയർ സെക്കന്ററി സ്കൂളുകളിലെ ലാബ് സജ്ജമാക്കൽ 'എന്ന പ്രോജക്ടു പ്രകാരം ഒരു സ്കൂളിന് ലാബ് ഉപകരണങ്ങൾ വാങ്ങാൻ 3 ലക്ഷം രൂപ വീതം കണക്കാക്കി വികസന ഫണ്ടിൽ നിന്നും 6 ലക്ഷം രൂപ വകയിരുത്തി. പുന്നല ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് വാങ്ങിയ 3 ലക്ഷം രൂപയുടെ ഉപകരണങ്ങളും രാസവസ്തുക്കളും ഇനി പ്രവർത്തനക്ഷമമാക്കുവാൻ കഴിയാത്തവിധം ഉപയോഗശൂന്യമായി കൂട്ടിയിട്ടിരിക്കുകയാണ്.

മുട്ടറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ജലഗുണനിലവാര പരിശോധനയ്ക്കുള്ള ഉപകരണങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ലാബ് ഭാഗികമായി മാത്രമേ പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞുള്ളു. ലാബ് ഉപകരണങ്ങളിൽ ഉൾപ്പെടുന്ന ഓട്ടോ ക്ലേവ് നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല. ബാക്ടീരിയോളജിക്കൽ ഇൻകുബേറ്ററും പ്രവർത്തനരഹിതമാണ്. ലാബ് പ്രവർത്തിക്കുവാൻ ആവശ്യമായ കെട്ടിട സൗകര്യം ഇല്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാപഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിരുന്നതാണ്. കെട്ടിടമോ അനുബന്ധ സൗകര്യങ്ങളോ ലഭ്യമല്ലെന്നിരിക്കെയാണ് ലാബ് സജ്ജീകരണത്തിനും ഉപകരണങ്ങൾക്കുമായി ഇത്രയും തുക ചെലവഴിച്ചത്.

## 12. വിവരസാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല

വിദ്യാഭ്യാസരംഗത്തിന്റെ മുഖഛായ മാറ്റുന്നതിനും മെച്ചപ്പെട്ട വിദ്യാഭ്യാസം കുറഞ്ഞ ചെലവിൽ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുമായി വിദ്യാഭ്യാസ വകുപ്പ് വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പല പദ്ധതികളും 2001 മുതൽ തന്നെ ആരംഭിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടവയാണ് ഐ.ടി.@സ്കൂൾ, ഐ.സി.റ്റി.മുതലായവ. ഈ പദ്ധതികൾ വഴി ഐ.ടി.മേഖലയിലെ പ്രാവീണ്യം മാത്രമല്ല, മറ്റ് പാഠ്യവിഷയങ്ങളിൽ കൂടി ഐ.ടി. വിദ്യാഭ്യാസത്തിന്റെ അനന്തസാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിക്കുന്നു. 12-ാം പദ്ധതി മാർഗ്ഗരേഖയിലെ ജി.ഒ(എം.എസ്) 248/2012/ തസ്വഭവ പ്രകാരം 29.09.2012 പ്രകാരം സർക്കാർ സ്കൂളുകളിൽ ഐ.ടി.@സ്കൂൾ പ്രോജക്ടുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ഇതിലേയ്ക്കായി സ്കൂളുകളിൽ ആധുനിക രീതിയിലുള്ള സ്മാർട്ട് ക്ലാസ്സ് റൂമുകൾ, തീയറ്ററുകൾ തുടങ്ങിയവ സജ്ജമാക്കുക, വിക്ടേഴ്സ് എഡ്യൂക്കേഷൻ ചാനൽ, എഡ്യുസാറ്റ് നെറ്റ് വർക്ക് എന്നിവ ലഭ്യമാക്കുക തുടങ്ങിയ പ്രവൃത്തികൾ സ്കൂളുകളിൽ നടപ്പിലാക്കേണ്ടതാണ്.

പ്രൈമറിതലം മുതൽ തന്നെ കമ്പ്യൂട്ടർ പഠനം ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം സ്കൂളുകളിലും അതിന്റെ അടിസ്ഥാനപരമായ പ്രായോഗികപരിശീലനം നൽകുന്നതിന് സംവിധാനമില്ല. തെരഞ്ഞെടുത്ത തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക പരിശോധനയിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കമ്പ്യൂട്ടറുകളും ഇന്റർനെറ്റ്, പ്രൊജക്ടർ, സ്ക്രീൻ തുടങ്ങിയ ആധുനിക സൗകര്യങ്ങളോടുകൂടിയ കമ്പ്യൂട്ടർ ലാബും ഭൂരിഭാഗം സ്കൂളുകളിലും ഇല്ല എന്ന് വ്യക്തമായി. സ്കൂളുകളിൽ നിലവിലുള്ള കമ്പ്യൂട്ടറുകളിൽ പലതും പ്രവർത്തനക്ഷമമല്ല. മതിയായ പരിശീലനമോ, സാങ്കേതിക പരിജ്ഞാനമോ ഇല്ലാത്ത അദ്ധ്യാപകരാണ് ഭൂരിഭാഗം സ്കൂളുകളിലും കമ്പ്യൂട്ടർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സ്കൂളുകളിൽ ഇല്ല. മിക്ക സ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിച്ചിട്ടില്ല. ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ നീക്കം ചെയ്യാതെ കൂട്ടിയിട്ട നിലയിലും, റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ കഴിയുന്നവ അതിനുള്ള നടപടികൾ സ്വീകരിക്കാതെ പ്രവർത്തനരഹിതമായി കിടക്കുന്നതായും കാണപ്പെട്ടു.

ആധുനിക ലോകത്ത് കമ്പ്യൂട്ടർ വിദ്യാഭ്യാസവും വിവരസാങ്കേതിക വിദ്യയും ഒഴിച്ചുകൂടാൻ പറ്റാത്ത അവസ്ഥയുള്ളപ്പോൾ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മതിയായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.

Local Fund Audit Department

| ജില്ല | തസ്വഭവ സ്ഥാപനം | വിദ്യാലയങ്ങളിലെ കമ്പ്യൂട്ടർ സംവിധാനങ്ങൾ<br>സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | കമ്പ്യൂട്ടർ ലാബ് | കമ്പ്യൂട്ടറുകളുടെ എണ്ണം | പ്രവർത്തനക്ഷമമായവ | കമ്പ്യൂട്ടർ പരിശീലനം നടത്താൻ പ്രത്യേക അധ്യാപകർ |
|---|---|---|---|---|---|---|---|
| എറണാകുളം | ആലുവ മുനിസിപ്പാലിറ്റി | ഗവ:ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ | 720 | ഉണ്ട് | 15 | 15 | ഇല്ല |
| | | ഗവ:ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ | 435 | ഉണ്ട് | 9 | 9 | ഇല്ല |
| | | ഗവ.എൽ.പി. സ്കൂൾ, നങ്കി | 112 | ഇല്ല | 4 | 1 | ഇല്ല |
| വയനാട് | വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത് | ഗവ: യു.പി.സ്കൂൾ തരുവണ | 714 | | 17 | 17 | - |
| | | ഗവ: എൽ.പി. സ്കൂൾ, പിച്ചംകോട് | 139 | | 2 | 2 | - |
| | മീനങ്ങാടി ഗ്രാമ പഞ്ചായത്ത് | ഗവ:എൽ.പി. സ്കൂൾ | 413 | ഉണ്ട് | 4 | 4 | - |
| | നെന്മേനി ഗ്രാമ പഞ്ചായത്ത് | ഗവ:എൽ.പി.എസ്. കുന്താണി | 95 | ഇല്ല | 2 | 2 | - |
| കണ്ണൂർ | നഗരസഭ | ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ് (ഹൈസ്കൂൾ വിഭാഗം) | 453 | ഉണ്ട് | 12 DT<br>3 LT | 4 DT<br>1 LT | ഇല്ല |
| | | ഗവ: സിറ്റി ഹയർ സെക്കന്ററി സ്കൂൾ (ഹൈസ്കൂൾ വിഭാഗം) | 384 | ഉണ്ട് | 15 | 5 | ഇല്ല |
| കാസർഗോഡ് | കിനാനൂർ-കരിന്തളം ഗ്രാമ.പ | എ.യു.പി.സ്കൂൾ, ബിരിക്കുളം | 281 | ഉണ്ട് | 4 | 2 | പി.റ്റി.എ. നിയമിച്ച അധ്യാപകൻ |
| | | എസ്.കെ.ജി.എം.എ.യു.പി. സ്കൂൾ, കുമ്പളപ്പള്ളി | 442 | ഉണ്ട് | 6 | 4 | പി.റ്റി.എ. നിയമിച്ച അധ്യാപകൻ |
| | കാറഡുക്ക ഗ്രാമ.പ. | എ.യു.പി.സ്കൂൾ, മുള്ളേരിയ | 369 | ഉണ്ട് | 4 | 2 | പി.റ്റി.എ. നിയമിച്ച അധ്യാപകൻ |
| | | എ.യു.പി.സ്കൂൾ, കുണ്ടാർ | 273 | ഇല്ല | 6 | 0 | ഇല്ല |
| | | എസ്.ജി.എ.എ.എൽ.പി. സ്കൂൾ മുള്ളേരിയ | 168 | ഇല്ല | 1 | 1 | ഇല്ല |

**അടിസ്ഥാന സൗകര്യങ്ങളില്ല-കമ്പ്യൂട്ടറുകൾ ഉപയോഗിക്കാതെ കൂട്ടി ഇട്ടിരിക്കുന്നു**

കൊല്ലം നഗരസഭ പരിധിയിലുള്ള എല്ലാ ഹയർ സെക്കന്ററി, യു.പി.സ്കൂളുകളിലും ആവശ്യത്തിന് കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇന്റർനെറ്റ് സൗകര്യം പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല. 2010-11, 2011-12, 2012-13 വർഷങ്ങളിൽ വികസന ഫണ്ടിൽ നിന്നും 33,53,536/- രൂപ വിനിയോഗിച്ച് സ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നഗരസഭ പദ്ധതിപ്രകാരം വാങ്ങിയിട്ടുണ്ട്. ഇതിനുപരിയായി എസ്.എസ്.എ.ഫണ്ട്, ഐ.ടി.@ സ്കൂൾ ഫണ്ട്, എം.പി.ഫണ്ട് തുടങ്ങിയ ഇതര ഫണ്ടുകൾ വിനിയോഗിച്ചും വിദ്യാലയങ്ങൾക്ക് കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടുണ്ട്. പര്യാപ്തമായ എണ്ണം കമ്പ്യൂട്ടറുകൾ ഓരോ വിദ്യാലയത്തിലുമുണ്ട്. എന്നാൽ കമ്പ്യൂട്ടറുകൾ സൂക്ഷിക്കുന്നതിനും ലാബ് സജ്ജീകരിക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഭൂരിഭാഗം വിദ്യാലയങ്ങളിലുമില്ല.

സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതല്ലാതെ അവയുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതായി കാണുന്നില്ല. വെസ്റ്റ് കൊല്ലം ഹയർ സെക്കന്ററി സ്കൂളിൽ ഉപയോഗിക്കാൻ കഴിയാതെ കേടുവന്ന കമ്പ്യൂട്ടറുകൾ സൂക്ഷിക്കാൻ സൗകര്യമില്ലാത്തതിനാൽ കൂട്ടിയിട്ടിരിക്കുന്ന രീതിയിലാണ് കാണപ്പെട്ടത്.

കണ്ണൂർ നഗരസഭയുടെ കീഴിലെ 19 വിദ്യാലയങ്ങളിൽ ഐ.ടി.@ സ്കൂൾ പ്രോജക്ട്, എം.എൽ.എ.ഫണ്ട്, മുനിസിപ്പൽ ഫണ്ട്, എസ്.എസ്.എ.ഫണ്ട്, പി.ടി.എ. ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും 2009 വർഷം

Local Fund Audit Department

**മികച്ച നിലവാരത്തിലുള്ള കമ്പ്യൂട്ടർ ലാബ്**

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ ഏറത്തുമ്പമൺ ഗവൺമെന്റ് യു.പി.സ്കൂളിന് വളരെ മികച്ച നിലവാരത്തിലുള്ള കമ്പ്യൂട്ടർ ലാബാണുള്ളത്. 5 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും 5 ലാപ്ടോപ്പുകളും ഉള്ള ലാബിൽ ഒരു എൽ.സി.ഡി. പ്രൊജക്ടറും ഒരു പ്രിന്റർ ഫോട്ടോസ്റ്റാറ്റ് മെഷീനും ഉണ്ട്. കമ്പ്യൂട്ടർ മുഖേന കുട്ടികളെ പഠിപ്പിക്കാനുതകുന്ന വൈജ്ഞാനിക സി.ഡി. കളുടെ ഒരു ശേഖരം തന്നെ കമ്പ്യൂട്ടർ ലാബിലുണ്ട്. കൂടാതെ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യവും, ടെലഫോൺ സൗകര്യവും സ്കൂളിനുണ്ട്. ഇത് മറ്റ് വിദ്യാലയങ്ങൾക്ക് മാതൃകയാക്കാവുന്നതാണ്.

മുതൽ വാങ്ങിയിട്ടുണ്ട്. എന്നാൽ 90% കമ്പ്യൂട്ടറുകളും പ്രവർത്തനക്ഷമമല്ല.

## 13. സ്കൂളുകളിലെ മാലിന്യസംസ്ക്കരണം അശാസ്ത്രീയം

ആരോഗ്യമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിൽ ശുചിത്വപൂർണ്ണവും മാലിന്യമുക്തവുമായ സ്കൂളുകളുടെ പങ്ക് സുപ്രധാനമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ശേഖരിക്കുന്നതിനോ സംസ്ക്കരിക്കുന്നതിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ രൂപീകരിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുന്നില്ല.

സ്കൂളുകളിലെ ഭക്ഷണപരിപാടിയുടെ ഭാഗമായി ഓരോ ദിവസവും നൂറുകണക്കിന് പായ്ക്കറ്റ് പാലാണ് വാങ്ങുന്നത്. ഇവയുടെ പ്ലാസ്റ്റിക് കവറുകളും ഉച്ചഭക്ഷണ പരിപാടിയുടെ അവശിഷ്ടങ്ങളും സംസ്ക്കരിക്കുവാൻ സംവിധാനമില്ല. അഴുകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയില്ലെങ്കിൽ പകർച്ചവ്യാധികളും ആരോഗ്യ പ്രശ്നങ്ങളും കുട്ടികളിൽ പടർന്ന് പിടിക്കുന്നതിന് ഇടയാക്കിയേക്കാം.

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയിലെ സ്കൂളുകളിൽ മാലിന്യങ്ങൾ സ്കൂൾ കോമ്പൗണ്ടിനുള്ളിൽ പിറ്റുകൾ നിർമ്മിച്ച് അതിൽ നിക്ഷേപിച്ചു വരുകയാണ് ചെയ്യുന്നത്. ഇതു കാരണം സ്കൂൾ പരിസരം വൃത്തിഹീനവും ദുർഗന്ധപൂരിതവുമായി മാറിയിരിക്കുന്നു. ജൈവ അജൈവ മാലിന്യങ്ങൾ ഒരുമിച്ച് പിറ്റുകളിൽ നിക്ഷേപിക്കപ്പെടുന്നു. മാലിന്യസംസ്ക്കരണത്തിന് മുനിസിപ്പാലിറ്റിയോ സ്കൂൾ പി.റ്റി.എ.യോ ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച് ജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനും അജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സ്കൂളുകൾ പ്ലാസ്റ്റിക് മുക്തമാക്കേണ്ടതും അനിവാര്യമാണ്.

തിരുവനന്തപുരം നഗരസഭയിലെ ഗവൺമെന്റ് മോഡൽ ഹയർ സെക്കന്ററി സ്കൂൾ, കോട്ടൺഹിൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ മാലിന്യസംസ്ക്കരണത്തിനായി കെ.എസ്.യു.ഡി.പി. യിൽ ഉൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. നഗരസഭയുടെ വിളപ്പിൽശാലയിലുള്ള കേന്ദ്രീകൃത മാലിന്യസംസ്ക്കരണ യൂണിറ്റ് 2011 ഡിസംബറിൽ അടച്ചുപൂട്ടിയതോടെ നഗരത്തിലെ മാലിന്യശേഖരണവും സംസ്ക്കരണവും നിലയ്ക്കുകയും തുടർന്ന് ഗുരുതരമായ മലിനീകരണ പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തു. ബദൽ സംവിധാനങ്ങളുടെ അഭാവത്തിൽ, നഗരത്തിൽ ലഭ്യമായ സ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്ന പ്രവണതയാണുള്ളത്. ഇപ്രകാരം നഗരത്തിലെ പല സ്കൂളുകളുടെയും കോമ്പൗണ്ടിൽ മാലിന്യങ്ങൾ കുന്നുകൂടാൻ ഇടയാകുന്നു.

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള ബയോഗ്യാസ് പ്ലാന്റുകൾ തൃപ്തികരമായി പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും ഇവയുടെ പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നില്ല. അജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഒരു സ്കൂളിലും നിലവിലില്ല. സ്കൂൾ കോമ്പൗണ്ടുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് പല ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നു.

## 14. സർക്കാർ വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക്

വിവിധ വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് സംഭവിച്ചുകൊണ്ടിരിക്കുകയാണെന്ന് കാണുന്നു. സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ കടന്നുകയറ്റമാണ് ഈ അവസ്ഥയ്ക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. സ്വകാര്യ സ്കൂളുകളോട് കിടപിടിക്കുന്ന രീതിയിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും നൂതന അധ്യയന മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും ഗ്രാമപഞ്ചായത്ത്, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എന്നിവ സജീവ പരിഗണന നൽകാത്തതാണ് ഈ അവസ്ഥയ്ക്ക് ഹേതുവായിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സർക്കാർ വിദ്യാലയങ്ങൾ 2000 - മാണ്ട് വരെ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചു വന്നിരുന്നു. എന്നാൽ 2000 - ന് ശേഷം



Local Fund Audit Department

പൊതുവെയും ലോവർ പ്രൈമറി വിഭാഗത്തിൽ പ്രത്യേകിച്ചും കുട്ടികളുടെ അഥവാ ഡിവിഷനുകളുടെ എണ്ണത്തിലും ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിലും കുറവ് അനുഭവപ്പെട്ടിരുന്നു. സ്കൂൾ ബസ്, ഇംഗ്ലീഷ് മീഡിയം എന്നീ സൗകര്യങ്ങളുടെ അഭാവം അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, സ്വകാര്യ വിദ്യാലയങ്ങളുടെ കടന്നുകയറ്റം തുടങ്ങിയ കാരണങ്ങൾ ഇതുമായി ബന്ധപ്പെട്ട് എടുത്ത് കാട്ടാനുണ്ട്.

സർക്കാർ വിദ്യാലയങ്ങളിലെ രണ്ട് ദശാബ്ദങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം, ഡിവിഷനുകൾ, ഒന്നാം ക്ലാസ്സ് പ്രവേശനത്തിലെ കുട്ടികളുടെ എണ്ണം എന്നിവ പരിശോധനാവിധേയമാക്കിയതിൽ ചുവടെ പറയുന്ന കാര്യങ്ങളാണ് വ്യക്തമാകുന്നത്.

1. 50% മുതൽ 90% വരെ കുറവാണ് ആകെ കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ളത്.
2. ഡിവിഷനുകളുടെ എണ്ണത്തിലും 50% കുറവ് വന്നു.
3. 1-ാം ക്ലാസ്സ് പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ 50% വരെ കുറവ് സംഭവിച്ചു.

## സർക്കാർ ലോവർ പ്രൈമറി വിദ്യാലയങ്ങൾ അടച്ചു പൂട്ടൽ ഭീഷണിയിൽ– അടിയന്തിര ഇടപെടൽ അനിവാര്യം

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയുടെ നിയന്ത്രണത്തിൽ സർക്കാർ മേഖലയിൽ നാലും എയ്ഡഡ് മേഖലയിൽ ഒന്നും ലോവർ പ്രൈമറി സ്കൂളുകളാണുള്ളത്. ഇവയിൽ സർക്കാർ മേഖലയിലെ 4 വിദ്യാലയങ്ങളും കുട്ടികളുടെ കുറവ് കാരണം അടച്ചുപൂട്ടൽ ഭീഷണിയിലാണ്.

സ്കൂൾ ബസ് സൗകര്യം, ഇംഗ്ലീഷ്മീഡിയം എന്നിവ ഉള്ള സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്നില്ല എന്ന് സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കുന്നു. നഗരസഭയിലെ തന്നെ ഠൗൺ യു.പി.എസ്, ഡയറ്റ് യു.പി.എസ്, അവനവൻചേരി ഹൈസ്കൂൾ എന്നിവയോട് ചേർന്നുള്ള പ്രൈമറി വിഭാഗത്തിലും വിദ്യാർത്ഥികൾ കുറവില്ല. ഇവിടങ്ങളിൽ ഓരോ ക്ലാസ്സിലും ഒന്നിലധികം ഡിവിഷനും ഇംഗ്ലീഷ് മീഡിയം ക്ലാസ്സും ഉള്ളതും ഡയറ്റ് യു.പി.എസ്, ഠൗൺ യു.പി.എസ്. എന്നിവയ്ക്ക് ബസ് ഉള്ളതും പ്രതിപാദ്യമാണ്.

തിരുവനന്തപുരം നഗരസഭയിലെ അട്ടക്കുളങ്ങര ഗവൺമെന്റ് സെൻട്രൽ ഹൈസ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം 1000 കുട്ടികൾക്ക് പ്രവേശനം നൽകാൻ കഴിയുന്ന സ്ഥാനത്ത് ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലായി നൂറിൽ താഴെ കുട്ടികൾ മാത്രമാണ് ഇന്നുള്ളത്.

## സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കൂടുതൽ വിദ്യാർത്ഥികൾ

സർക്കാർ മലയാളം മീഡിയത്തിൽ വിദ്യാർത്ഥികൾ കുറയുന്നതും ഇംഗ്ലീഷ് മീഡിയത്തിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതും മിക്ക സർക്കാർ സ്കൂളുകളിലും ദൃശ്യമാണ്. ഉദാഹരണത്തിന് ആറ്റിങ്ങൽ ബോയ്സ് ഹൈസ്കൂളിൽ യു.പി. വിഭാഗത്തിൽ മലയാളം മീഡിയം മാത്രമാണുള്ളത്. ഇവിടെ 6, 7 ക്ലാസ്സുകളിലായി ആകെ 3 ഡിവിഷനും 29 കുട്ടികളും മാത്രമുള്ളപ്പോൾ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുള്ള ഇതേ സ്കൂളിലെ 8, 9, 10 ക്ലാസ്സുകളിൽ 24 ഡിവിഷനുകളിലായി 964 കുട്ടികൾ പഠിക്കുന്നു. ഇംഗ്ലീഷ് മീഡിയം ഇല്ലാത്തതിനാൽ തന്നെ നഗരസഭയിലെ സർക്കാർ മേഖലയിലെ 4 ലോവർ പ്രൈമറി സ്കൂളുകളിലും കൂടി കുട്ടികളുടെ എണ്ണം 199 മാത്രമാണ്.

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ ഒരു യു.പി., രണ്ട് ഗവൺമെന്റ് എൽ.പി. സ്കൂളുകളിലെ കഴിഞ്ഞ 5 വർഷത്തെ കുട്ടികളുടെ എണ്ണം പരിശോധിച്ചതിൽ എണ്ണം ക്രമാതീതമായി കുറയുന്നതായാണ് കാണാൻ കഴിഞ്ഞത്.

| സ്കൂൾ | 2009 | 2010 | 2011 | 2012 | 2013 |
|---|---|---|---|---|---|
| ഗവ: യു.പി.എസ്. മാത്തൂർ | 124 | 108 | 108 | 101 | 82 |
| ഗവ: എൽ.പി.എസ്. പ്രക്കാനം | 71 | 60 | 45 | 46 | 37 |
| ഗവ: എൽ.പി.ജി. എസ്. പ്രക്കാനം | 28 | 26 | 25 | 13 | 7 |

എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ ഉൾപ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്കൂളാണ് പഞ്ചായത്ത് യു.പി.സ്കൂൾ, മരുതൂർ. വാഹന സൗകര്യത്തിന്റെ അപര്യാപ്തതമൂലം കുട്ടികളുടെ എണ്ണം ഈ സ്കൂളിൽ തീരെ കുറവാണ്. 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലായി ഓരോ ഡിവിഷനും ആകെ 55 വിദ്യാർത്ഥികളുമാണുള്ളത്. മികച്ച പശ്ചാത്തല സൗകര്യങ്ങളുള്ള ഈ സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണക്കുറവുമൂലം അടച്ചുപൂട്ടൽ ഭീഷണിയിലാണ്.

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 4 സർക്കാർ സ്കൂളുകളിലും കൂടി 100 ൽ താഴെ വിദ്യാർത്ഥികൾ മാത്രമേയുള്ളു. അതിനാൽ ഇവ അൺ-ഇക്കണോമിക് സ്കൂളുകളാണ്. 100 വർഷത്തിലധികം പഴക്കമുള്ള ഗവൺമെന്റ് എൽ.പി. ബോയ്സ് സ്കൂളിൽ വെറും 13 കുട്ടികൾ മാത്രമേ ഉള്ളു. ഇതിനൊപ്പം ആരംഭിച്ച ഗവൺമെന്റ് എൽ.പി.ഗേൾസ് ഹൈസ്കൂൾ അടച്ചുപൂട്ടപ്പെട്ടതിനെ തുടർന്ന് കാടുകയറി കിടക്കുകയാണ്.

1980 കളിൽ 2400 കുട്ടികളും 37 ഡിവിഷനുകളുമുണ്ടായിരുന്ന അങ്കമാലി പ്രദേശത്തെ തന്നെ മികച്ച സ്കൂളുകളിലൊ



Local Fund Audit Department

ന്നായ എം.എ.എച്ച്.എസ്.നെടുമ്പാശ്ശേരി എയ്ഡഡ് സ്കൂളിൽ ഇപ്പോൾ 147 വിദ്യാർത്ഥികൾ മാത്രമേയുള്ളു. സ്കൂളിലെ അധ്യാപകരിൽ ഭൂരിഭാഗവും പ്രൊട്ടക്ടഡ് അധ്യാപകരമായി മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോയി. നിലവിൽ 18-20 ക്ലാസ്സ് മുറികൾ പൂട്ടി ക്കിടക്കുന്നു. ഇതേ സമയം തൊട്ടടുത്ത അൺ എയ്ഡഡ് സ്കൂളിൽ ഒരു ക്ലാസ്സിൽ 40 നും 50 നും ഇടയിൽ വിദ്യാർത്ഥികൾ പഠിക്കുന്നു.

**വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ്-കാരണം വിശകലനം ചെയ്തിട്ടില്ല**

1995-96 അധ്യായനവർഷം കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ രണ്ട് സർക്കാർ സ്കൂളു കളിലും കൂടി ആകെ 20 ഡിവിഷനുകളിലായി 857 വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. എന്നാൽ 18 വർഷത്തിനുശേഷം, 2013-14 അധ്യയനവർഷം 14 ഡിവിഷനുകളിലായി 239 കുട്ടികൾ മാത്രമേ ഈ സ്കൂളുകളിൽ പഠിക്കുന്നുള്ളു. കരിയാട് ഗവൺമെന്റ് യു.പി.സ്കൂളിൽ 2013-14 അധ്യയനവർഷം ഒന്നാം ക്ലാസ്സിൽ ആകെ 2 കുട്ടികൾ മാത്രമാണുള്ളത്. അതായത് 18 വർഷത്തിനു ശേഷം 72% വിദ്യാർത്ഥികളുടെ കുറവാണ് പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിൽ ഉണ്ടായിട്ടുള്ളത്. എന്നാൽ ഇതിന്റെ കാരണം പഞ്ചായത്ത് വിശകലനം ചെയ്യുകയോ സർക്കാരിനെ അറിയിക്കുകയോ ചെയ്തിട്ടില്ല.

## 15. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അഡ്മിഷൻ നിലവാരം-ഒരു താരതമ്യം

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ ഐ.ഇ.ഡി.സി. വിഭാഗത്തിൽപ്പെട്ട 268 കുട്ടി കൾ ഉണ്ടെന്ന് ബി.ആർ.സി.യിൽ നിന്നും ലഭിച്ച കണക്കുകൾ വ്യക്തമാക്കുന്നു. ഇതിൽ 169 കുട്ടികൾ സർക്കാർ എയ്ഡഡ് സ്കൂളിലും 82 പേർ അൺഎയ്ഡഡ് സ്കൂളുകളിലുമാണ്. ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ നിന്നും എസ്.എസ്.എ.യിൽ നിന്നും ശേഖരിച്ച (2007-08 മുതൽ2013-14 വരെയുള്ള കാലയളവിൽ) ഒന്നാം സ്റ്റാൻഡേർഡ് മുതൽ 8-ാം സ്റ്റാൻഡേർഡ് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം പട്ടികപ്പെടുത്തിയിരിക്കുന്നു.

| വർഷം | സ്കൂളുകളുടെ എണ്ണം | | കുട്ടികളുടെ എണ്ണം | |
|---|---|---|---|---|
| | സർക്കാർ/എയ്ഡഡ് | അൺ എയ്ഡഡ് | സർക്കാർ/എയ്ഡഡ് | അൺ എയ്ഡഡ് |
| 2007-08 | 11 | 7 | 3752 | 1814 |
| 2008-09 | 11 | 7 | 3671 | 1832 |
| 2009-10 | 11 | 7 | 3657 | 1893 |
| 2010-11 | 11 | 7 | 3617 | 1829 |
| 2011-12 | 11 | 7 | 3523 | 1840 |
| 2012-13 | 11 | 7 | 3538 | 1784 |
| 2013-14 | 11 | 7 | 3555 | 1756 |

ഗ്രാമപഞ്ചായത്തുപരിധിയിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആകെയുള്ള 11 സ്കൂളുകളിൽ 8 എണ്ണത്തിലും കുട്ടികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുകൊണ്ടിരിക്കുന്നു. മുകളിലെ പട്ടികയിൽ കൊടുത്തിട്ടുള്ള ഓരോ വർഷത്തേയും ആകെ കുട്ടികളുടെ എണ്ണത്തിൽ 50 ശതമാനവും തിരുവങ്ങൂർ എച്ച്.എച്ച്.എസ്.ലെ കുട്ടികളാണ്. ഈ സ്കൂളിൽ ഓരോ വർഷവും കുട്ടികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. ചേമഞ്ചേരി എ.യു.പി.സ്കൂളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവു വരാതെ നിലനിർത്താനും തിരുവങ്ങൂർ എച്ച്.എസ്.എസ്.ൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധി ക്കാനും ഇടയാക്കിയത് പ്രസ്തുത സ്കൂളുകളിലെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളുടെ സ്വാധീനമാണ്.

മേൽ വിവരിച്ച കണക്കുകൾ പ്രകാരം അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക് തടയുന്നതിന് എയ്ഡഡ് സ്കൂളിലെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾക്ക് സാധിച്ചിട്ടുണ്ട്. 2011-12 വർഷം മുതൽ തുടർച്ചയായി അൺ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാവുകയും എയ്ഡഡ് സ്കൂളുകളിലെ (ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളുള്ള) കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുകയും ചെയ്തിട്ടുണ്ട്. മാതാപിതാക്കളുടെ പ്രതീക്ഷയ്ക്കനുസരിച്ച് നിലവാരമുള്ള വിദ്യാഭ്യാസം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയാണ് ഇത് വ്യക്തമാക്കുന്നത്.

1995-96 അധ്യയനവർഷം കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ 6 പ്രൈമറി സ്കൂളു കളിലും കൂടിയായി 842 വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. എന്നാൽ പഞ്ചായത്തിന് കൈമാറികിട്ടി 18 വർഷത്തിനുശേഷം ഈ 6 സ്കൂളുകളിലുമായി 497 വിദ്യാർത്ഥികൾ മാത്രമേ ഉള്ളു. അതായത് 1995-96 മുതൽ 2013-14 വരെ 41% വിദ്യാർത്ഥികളുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. കൊമ്മേരി ഗവൺമെന്റ് യു.പി.സ്കൂളിൽ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലായി വെറും 8 കുട്ടികളും, 1-ാം ക്ലാസ്സിൽ ഒരു കുട്ടിയും മാത്രമാണ് ഉള്ളത്. ഈ സ്കൂളിലെ 8 കുട്ടികൾക്ക് വേണ്ടിയാണ് 4 അധ്യാപ കരുടെയും ഒരു പി.റ്റി.സി.എമ്മിന്റെയും സേവനം വിനിയോഗിക്കുന്നത് ഈ സ്കൂളിലെ വിദ്യാർത്ഥികളുടെ വിവരങ്ങൾ

Local Fund Audit Department


പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം |
|---|---|
| 1 | 1 |
| 2 | 3 |
| 3 | 2 |
| 4 | 2 |
| **ആകെ** | **8** |

### ഭൗതിക സാഹചര്യം മെച്ചപ്പെട്ടിട്ടും ഗവൺമെന്റ് സ്കൂളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നു

കഴിഞ്ഞ 6 വർഷത്തെ കുട്ടികളുടെ എണ്ണം പരിശോധിച്ചതിൽ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് യു.പി.എസ്-ൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നതായാണ് കാണാൻ കഴിഞ്ഞത്.

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2008 | 96 |
| 2009 | 84 |
| 2010 | 72 |
| 2011 | 56 |
| 2012 | 55 |
| 2013 | 42 |




ഭൗതിക സാഹചര്യം വളരെയേറെ മെച്ചപ്പെട്ടിട്ടും സ്കൂളിൽ കുട്ടികൾ കുറയുന്നത് ഗൗരവതരമായ വിഷയമാണ്. മെച്ചപ്പെട്ട ക്ലാസ്സ് മുറികൾ, ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, എൽ.സി.ഡി പ്രൊജക്ടർ, കുടിവെള്ളം, ടോയ്ലെറ്റ്, സീലിംഗ് ഫാനുകൾ തുടങ്ങി എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിട്ടും കുട്ടികളെ മാത്രം ആകർഷിക്കാൻ കഴിയുന്നില്ല. വിവിധ തലങ്ങളിലെ അധ്യാപകരുമായും വിദ്യാഭ്യാസ വിദഗ്ദ്ധൻമാരുമായും നടത്തിയ ചർച്ചയിൽ താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ് ഗവൺമെന്റ് സ്കൂളിൽ കുട്ടികൾ കുറയുന്നത് എന്ന നിഗമനത്തിലാണ് എത്തിച്ചേർന്നത്.

1. അൺ എയ്ഡഡ് സ്കൂളുകളുടെ അതിപ്രസരം : അൺ എയ്ഡഡ്/സി.ബി.എസ്.ഇ സ്കൂളുകളുടെ അതിപ്രസരം സർക്കാർ സ്കൂളുകളെ സാരമായി ബാധിക്കുന്നു.
2. ഗവൺമെന്റ് സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ഇല്ലാത്തത്.
3. സ്കൂൾ വാഹനത്തിന്റെ അപര്യാപ്തത : പബ്ലിക് ട്രാൻസ്പോർട്ടിനുപകരം സ്കൂൾ വാഹനത്തിൽ കുട്ടികളെ സുരക്ഷിതമായി വിടുവാനുള്ള രക്ഷിതാക്കളുടെ പ്രവണത.

എയ്ഡഡ് സ്കൂളുകളുടെ സ്ഥിതിയും വിഭിന്നമല്ല. കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ 3 എയ്ഡഡ് എൽ.പി.സ്കൂളിലും കുട്ടികൾ കുറയുന്നതായാണ് കാണുന്നത്.

| | 2008 | 2009 | 2010 | 2011 | 2012 | 2013 |
|---|---|---|---|---|---|---|
| എം.റ്റി.എൽ.പി.എസ്. കോഴഞ്ചേരി | 101 | 98 | 84 | 81 | 66 | 56 |
| എം.റ്റി.എൽ.പി.എസ്. മേലുകര | 36 | 33 | 28 | 20 | 21 | 9 |
| എം.റ്റി.എൽ.പി.എസ്. വഞ്ചിത്രമല | 49 | 43 | 29 | 24 | 30 | 33 |

### അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പൊതു വിദ്യാലയങ്ങൾ

തലശ്ശേരി നഗരസഭാപരിധിയിൽ ഒരു ക്ലാസ്സിൽ ശരാശരി 10 കുട്ടികളിൽ താഴെമാത്രം വിദ്യാർത്ഥികളുള്ള 34 പൊതു വിദ്യാലയങ്ങൾ ഉണ്ട്. ഇത്തരം വിദ്യാലയങ്ങളുടെ ഗുണമേന്മയും, കാര്യക്ഷമതയും വർദ്ധിപ്പിച്ച് കുട്ടികളെ ആകർഷിക്കുന്നതിനുള്ള നവീനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നഗരസഭയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്. കുട്ടികളുടെ എണ്ണം തീരെ കുറഞ്ഞ വിദ്യാലയങ്ങൾക്കുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.



Local Fund Audit Department

**വാഹനസൗകര്യമുള്ള സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധന**

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് മേഖലയിലെ ആകെയുള്ള 8 എൽ.പി., യു.പി. സ്കൂളുകളിൽ 4 സ്കൂളുകൾക്ക് വാഹനസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്കൂളുകളിലാണ് ആകെയുള്ള 1742 കുട്ടികളിൽ 1524 പേരും പഠിക്കുന്നത്.

**യാത്രാസൗകര്യം ഇല്ല – പട്ടിക വർഗ്ഗ വിഭാഗത്തിലെ കുട്ടികൾ തുടർ പഠനം ഒഴിവാക്കുന്നു**

കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട ആദിവാസി സങ്കേതമായ പെരുവയലിൽ നിന്നും ഏറ്റവും അടുത്ത ഹൈസ്കൂളിൽ എത്തി ചേരുന്നതിന് ചുരുങ്ങിയത് 10 മുതൽ 15 കി.മീ. വരെ കണ്ണവം റിസർവ്വ് വനത്തിലൂടെ യാത്ര ചെയ്യേണ്ടതുണ്ട്. നിലവിൽ പെരുവയലിൽ ഒരു യു.പി.സ്കൂൾ മാത്രമാണ് ഉള്ളത് (പാലത്തുവയൽ യു.പി.സ്കൂൾ). യാത്രാസൗകര്യം ഇല്ലാത്തതിനാൽ ഈ സ്കൂളിൽ നിന്നും 7-ാം ക്ലാസ്സ് പാസ്സാകുന്ന ഭൂരിപക്ഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളും ഹൈസ്കൂൾ വിദ്യാഭ്യാസം നേടുന്നില്ല എന്നാണ് സ്കൂൾ അധികൃതർ വിശദീകരിച്ചിട്ടുള്ളത്. ആയതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ തുടർ പഠനം ഒഴിവാക്കുന്നത് പരിഹരിക്കാനാവശ്യമായ സാധ്യതകൾ പഞ്ചായത്ത് തേടേണ്ടതുണ്ട്.

| ക്രമ നം | സ്കൂളിന്റെ പേര് | സ്ഥാപിതമായ വർഷം | അധ്യാപകരുടെ എണ്ണം | കുട്ടികളുടെ എണ്ണം | ക്ലാസ്സ്/ ഡിവിഷനുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | വാഡിക്കൽ എൽ.പി.എസ് | 1891 | 5 | 16 | 4 |
| 2 | കല്ലറത്തലായി എൽ.പി.എസ് | 1871 | 5 | 9 | 4 |
| 3 | കോടിയേരി ഈസ്റ്റ് ജെ.ബി.എസ് | 1939 | 1 | 2 | 4 |
| 4 | പൊതുവാച്ചേരി വെസ്റ്റ് എൽ.പി.എസ് | 1916 | 4 | 10 | 4 |
| 5 | മണ്ണയാട് എൽ.പി.എസ്. | 1882 | 4 | 6 | 4 |
| 6 | മണ്ണയാട് എൽ.വി. എൽ.പി.എസ്. | 1894 | 4 | 6 | 4 |

## അനാദായകരമായ സ്കൂളുകൾ

കുട്ടികൾ കുറവായതുകൊണ്ട് അനാദായകരമായി മാറിയ 3392 സ്കൂളുകളാണ് സംസ്ഥാനത്തുള്ളത്. ഒരു കുട്ടി പോലും ഇല്ലാത്ത 12 സ്കൂളുകൾ ഉള്ളതിൽ 9 ഉം എയ്ഡഡ് മേഖലയിലാണ്. അനാദായകരമായ 3392 സ്കൂളുകളിൽ 1597 എണ്ണം സർക്കാർ മേഖലയിലും ബാക്കി 1795 എണ്ണം എയ്ഡഡ് വിഭാഗത്തിലുമാണ്. മുമ്പ് 100 ൽ താഴെ കുട്ടികളില്ലാത്ത സ്കൂളുകളെയാണ് അനാദായകരമായി കണക്കാക്കിയിരുന്നത്. 2003-04 വരെ അനാദായകരമായി മാറിയ സ്കൂളുകൾ സർക്കാർ പൂട്ടിയിരുന്നു. അനാദായകരമായ സ്കൂളുകൾ ഭൂരിഭാഗവും എൽ.പി./യു.പി.വിഭാഗങ്ങളിലാണ്. ഒരു ക്ലാസ്സിൽ 15 കുട്ടികളെങ്കിലും ഇല്ലാത്തവയാണ് ഇപ്പോൾ അനാദായകരമായി കണക്കാക്കുക.

**അനാദായകരമായ സ്കൂളുകളുടെ എണ്ണം – ജില്ല തിരിച്ച്**

| ക്രമ നം | ജില്ല | സ്കൂളുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2591 |
| 2 | കൊല്ലം | 230 |
| 3 | പത്തനംതിട്ട | 421 |
| 4 | ആലപ്പുഴ | 280 |
| 5 | കോട്ടയം | 363 |
| 6 | ഇടുക്കി | 158 |
| 7 | എറണാകുളം | 330 |
| 8 | തൃശ്ശൂർ | 244 |
| 9 | പാലക്കാട് | 185 |
| 10 | മലപ്പുറം | 58 |
| 11 | കോഴിക്കോട് | 277 |
| 12 | വയനാട് | 37 |
| 13 | കണ്ണൂർ | 449 |
| 14 | കാസറഗോഡ് | 101 |

**അവലംബം: ഡി.പി.ഐ.**

**കൊഴിഞ്ഞുപോക്ക് തടയുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കുന്നില്ല**

പാലക്കാട് നഗരസഭയിലെ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് അധ്യാപകരും പി.റ്റി.എ.യും നടപടികൾ സ്വീകരിക്കുന്നുണ്ട്. പാഠ്യവിഷയങ്ങളിൽ പിന്നിൽ നിൽക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ കോച്ചിംഗ് നൽകുന്നതുൾപ്പെടെയുള്ള നടപടികളാണ് സ്കൂൾ അധികൃതർ സ്വീകരിക്കുന്നത്. എയ്ഡഡ് സ്കൂളുകളിൽ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പുസ്തകങ്ങൾ, പഠനോപാധികൾ എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നതിനും വിദ്യാർത്ഥി



Local Fund Audit Department

കൾക്ക് വാഹനസൗകര്യം നൽകുന്നതിനും മാനേജ്മെന്റുകൾ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നഗരസഭ ഈ വിഷയത്തിൽ പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി ആവിഷ്ക്കരിച്ച എസ്.എസ്.എ.പദ്ധതി പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിയില്ല.

## 16. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ – വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടുകൂടി സർക്കാർ സ്കൂളുകളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽപ്പെട്ടതായി. സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, കെട്ടിടങ്ങൾ നിർമ്മിക്കുക, അറ്റകുറ്റപ്പണികൾ നടത്തുക, അധ്യാപക/അധ്യാപകേതര ജീവനക്കാർ അവരുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് വിലയിരുത്തുക, സർക്കാർ അനുവദിക്കുന്ന പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുക, ഉച്ച ഭക്ഷണ വിതരണ പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുക, പഠനോപകരണങ്ങളും, പഠനസഹായികളും വിതരണം ചെയ്യുക, അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക, സ്കൂളുകളിൽ കായികാദ്ധ്യയന സംസ്ക്കാരം പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികളുടെ പഠനിലവാരം ഉയർത്തുന്നതിന് സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുക, സ്കൂളുകളുടെ പ്രവർത്തനം ഗുണകരമായി മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുക എന്നിവയെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടുന്നതാണ്.

കേരളത്തിലെ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പശ്ചാത്തലമേഖലയിലും സേവനമേഖലയിലും വിദ്യാഭ്യാസമേഖലയ്ക്ക് നീക്കിവയ്ക്കുന്ന തുക തുലോം പരിമിതമാണ്. സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനും ഇത് തീർത്തും അപര്യാപ്തവുമാണ്. ആവശ്യകത വിലയിരുത്താതെയുള്ള നാമമാത്രമായ വകയിരുത്തൽ വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ല.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2010-11, 2011-12, 2012-13 വർഷങ്ങളിൽ വിദ്യാഭ്യാസ മേഖലക്കായി വകയിരുത്തിയ തുകകളെ സംബന്ധിച്ച ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | തദ്ദേശസ്വയംഭരണ സ്ഥാപനം | ജില്ല | വിവിധ മേഖലകൾക്കായുള്ള വകയിരുത്തൽ | വിദ്യാഭ്യാസ മേഖലക്കായുള്ള വകയിരുത്തൽ | |
|---|---|---|---|---|---|
| | | | | തുക | ശതമാനം |
| 2010-11 | ആറ്റിങ്ങൽ നഗരസഭ | തിരുവനന്തപുരം | 61782616 | 2090820 | 3.38 |
| 2011-12 | | | 51001980 | 3141569 | 6.96 |
| 2012-13 | | | 82572528 | 2441348 | 2.96 |
| 2010-11 | പോത്തൻകോട് ഗ്രാമപഞ്ചായത്ത് | | 21934991 | 1736640 | 7.91 |
| 2011-12 | | | 27363170 | 2266968 | 8.28 |
| 2012-13 | | | 31692013 | 1790619 | 5.65 |
| 2010-11 | കിഴുവിലം ഗ്രാമപഞ്ചായത്ത് | | 23780712 | 1726637 | 7.26 |
| 2011-12 | | | 29603166 | 2313507 | 7.82 |
| 2012-13 | | | 46212930 | 1107963 | 2.39 |
| 2010-11 | പുനലൂർ നഗരസഭ | കൊല്ലം | 32703034 | 1090000 | 3.33 |
| 2011-12 | | | 68011687 | 827919 | 1.22 |
| 2012-13 | | | 85273764 | 1681098 | 1.97 |
| 2011-12 | അടിമാലി ഗ്രാമപഞ്ചായത്ത് | ഇടുക്കി | 54920622 | 1578500 | 2.87 |
| 2012-13 | | | 57233736 | 2551073 | 4.45 |

Local Fund Audit Department

| വർഷം | തദ്ദേശസ്വയംഭരണ സ്ഥാപനം | ജില്ല | വിവിധ മേഖല കൾക്കാ യുള്ള വക യിരുത്തൽ | വിദ്യാഭ്യാസ മേഖലക്കാ യുള്ള വകയിരുത്തൽ | |
|---|---|---|---|---|---|
| | | | | തുക | ശതമാനം |
| 2010-11 | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | ഇടുക്കി | 21282112 | 917919 | 4.31 |
| 2011-12 | | | 23924147 | 1172799 | 4.90 |
| 2012-13 | | | 24800013 | 2104326 | 8.48 |
| 2011-12 | അരിക്കുളം ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 10251226 | 410051 | 4 |
| 2012-13 | | | 12912249 | 986496 | 7.64 |
| 2010-11 | പാലക്കാട് ജില്ലാപഞ്ചായത്ത് | പാലക്കാട് | 201830000 | 51370000 | 25 |
| 2011-12 | | | 304666000 | 56508000 | 19 |
| 2012-13 | | | 262550000 | 52283000 | 20 |

വിദ്യാഭ്യാസമേഖല നേരിടുന്ന പ്രശ്നങ്ങളെ വ്യക്തമായി പഠിച്ച് അവ പരിഹരിക്കാൻ പര്യാപ്തമായ തോതിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്നും കൂടുതൽ തുക വകയിരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല

ഓരോ വർഷവും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയ്ക്കായി വിവിധ ഫണ്ടുകളിൽ നിന്നും തുക വകയിരുത്തുണ്ട്. എന്നാൽ ആവശ്യകത വിലയിരുത്താതെയുള്ള വക യിരുത്തൽ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പര്യാപ്തമാകുന്നില്ല. സർക്കാർ മേഖലയിലെ സ്കൂളുക ളിൽ അടിസ്ഥാന സൗകര്യ വികസനവും ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തലും കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ട മേഖ ലയാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ ഈ മേഖലയിൽ വകയിരുത്തുന്ന പരിമിതമായ തുകകൾ പോലും പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. 2010-11 മുതൽ 2012-13 വരെ കേരളത്തിലെ 14 ജില്ലകളിലെ തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയ്ക്ക് വേണ്ടി വകയിരുത്തിയ തുകകളും യഥാർത്ഥത്തിൽ ചെലവ് ചെയ്ത തുകകളും സംബന്ധിച്ച വിവരങ്ങൾ ഉദാഹരണമായി ചുവടെ കൊടുക്കുന്നു.

| വർഷം | തദ്ദേശസ്വയംഭരണ സ്ഥാപനം | ജില്ല | വിദ്യാഭ്യാസ മേഖലയിൽ വകയിരു ത്തിയത് | വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചത് | |
|---|---|---|---|---|---|
| | | | | തുക | ശതമാനം |
| 2010-11 | ആറ്റിങ്ങൽ നഗരസഭ | തിരുവനന്ത പുരം | 2090820 | 1454718 | 70 |
| 2011-12 | | | 3141569 | 2932319 | 93 |
| 2012-13 | | | 2441348 | 2441248 | 100 |
| 2010-11 | പുനലൂർ നഗരസഭ | കൊല്ലം | 1090000 | 604221 | 55.43 |
| 2011-12 | | | 827919 | 536621 | 65 |
| 2012-13 | | | 1681098 | 562460 | 33.46 |
| 2010-11 | കായംകുളം നഗരസഭ | ആലപ്പുഴ | 5791761 | 3606122 | 62 |
| 2011-12 | | | 5269145 | 3190135 | 61 |
| 2012-13 | | | 3907596 | 1909733 | 49 |
| 2010-11 | ചെന്നീർക്കര ഗ്രാമപഞ്ചായത്ത് | പത്തനംതിട്ട | 1042318 | 1028040 | 99 |
| 2011-12 | | | 963000 | 887515 | 92 |
| 2012-13 | | | 1099542 | 1067188 | 97 |

Local Fund Audit Department

| വർഷം | തദ്ദേശസ്വയംഭരണ സ്ഥാപനം | ജില്ല | വിദ്യാഭ്യാസ മേഖലയിൽ വകയിരുത്തിയത് | വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചത് | |
|---|---|---|---|---|---|
| | | | | തുക | ശതമാനം |
| 2011-12 | അറക്കുളം ഗ്രാമപഞ്ചായത്ത് | ഇടുക്കി | 8530630 | 6109995 | 72 |
| 2012-13 | | | 2225981 | 1977981 | 89 |
| 2010-11 | പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 1539877 | 1141450 | 74.13 |
| 2011-12 | | | 2001499 | 1145649 | 57.23 |
| 11-ാം പദ്ധതി സംക്ഷിപ്തം | | | 9022507 | 4852637 | 55.90 |
| 2012-13 ആദ്യവർഷം | | | 1058000 | 611991 | 57.84 |
| 2011-12 | അരിക്കുളം ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 3502713 | 2516676 | 71.84 |
| 2012-13 | | | 1140000 | 749000 | 65.70 |
| 2010-11 | മീനങ്ങാടി ഗ്രാമപഞ്ചായത്ത് | വയനാട് | 2710683 | 2381597 | 87.8 |
| 2011-12 | | | 3990754 | 3776998 | 94.6 |
| 2012-13 | | | 5121960 | 3055810 | 59.6 |
| 2010-11 | ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് | പാലക്കാട് | 1677964 | 1556483 | 92.76 |
| 2011-12 | | | 1675665 | 637075 | 38.02 |
| 2012-13 | | | 1705391 | 1317746 | 77.27 |
| 2011-12 | വണ്ടൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 9617976 | 7592330 | 82 |
| 2012-13 | | | 4624000 | 3937621 | 85 |
| 11-ാം പദ്ധതി | കരിയാട് ഗ്രാമപഞ്ചായത്ത് | കണ്ണൂർ | 5422167 | 4350971 | 80 |
| 2012-13 | | | 2197599 | 2061914 | 93.8 |
| 2010-11 | കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് | കാസറഗോഡ് | 2699045 | 1966645 | 72 |
| 2011-12 | | | 3916794 | 3060760 | 78 |
| 2012-13 (12-ാം പദ്ധതിയുടെ ആദ്യവർഷം) | | | 3515501 | 2742243 | 78 |

Local Fund Audit Department

മുകളിൽ കൊടുത്ത പട്ടികയിൽ നിന്നും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയ്ക്കായി നീക്കിവെയ്ക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നില്ല എന്ന് വ്യക്തമാണ്. കേരളത്തിലെ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ വാർഷിക പദ്ധതി ചെലവിന്റെ 10% ൽ താഴെ മാത്രമാണ് വിദ്യാഭ്യാസ മേഖലയ്ക്കായി വകയിരുത്തുന്നത്. സർക്കാർ മേഖയിലെ മിക്ക സ്കൂളുകളും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളൊരുക്കാൻ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസമേഖലയ്ക്കായി നീക്കിവെയ്ക്കപ്പെടുന്ന പരിമിതമായ തുകകൾ പോലും പൂർണ്ണമായും ചെലവഴിക്കാത്ത നടപടി നീതീകരിക്കത്തക്കതല്ല. വിദ്യാഭ്യാസമേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ തുകകൾ വകയിരുത്തുന്നതിനും അവ പൂർണ്ണമായി വിനിയോഗിച്ചു എന്ന് ഉറപ്പുവരുത്തുന്നതിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 17. വിദ്യാഭ്യാസമേഖലയിലെ വിവിധ സമിതികളുടെ പ്രവർത്തനങ്ങൾ

**പി.ടി.എ.**

എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും പി.ടി.എ. കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. പി.ടി.എ.കമ്മിറ്റികൾ യോഗം ചേർന്ന് അതാത് സ്കൂളുകളുടെ പ്രവർത്തനങ്ങളും പഠന/പാഠ്യേതര വിഷയങ്ങളും ചർച്ച ചെയ്യുന്നുണ്ടെങ്കിലും, സ്കൂളുകൾക്കാവശ്യമായ തനത് പ്രവർത്തനങ്ങളും അവശ്യം വേണ്ട നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുന്നതിൽ നല്ലൊരു ശതമാനം പി.ടി.എ.കളും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. സ്കൂളുകളിലെ കുട്ടികളുടെ എണ്ണക്കുറവ് പി.ടി.എ.കളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരത്തിലും ഭൗതിക സാഹചര്യങ്ങളിലും മികച്ച നിലവാരം പുലർത്തുന്ന സ്കൂളുകളിൽ പി.ടി.എ.കമ്മിറ്റികളുടെ പ്രവർത്തനം ശക്തമായിരുന്നെന്ന് കാണാൻ കഴിയും.

വിവിധ കാരണങ്ങളാൽ സ്കൂളിൽ എത്തിച്ചേരുവാൻ കഴിയാത്ത രക്ഷകർത്താക്കളെ അവരവരുടെ വീടിന് സമീപം വിളിച്ചുകൂട്ടി സ്കൂൾ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും, പാഠഭാഗം രക്ഷിതാവിനെ പരിചയപ്പെടുത്തുകയും ചെയ്യുന്ന പ്രാദേശിക പി.ടി.എ, കുട്ടികളുടെ രോഗലക്ഷണങ്ങൾ ക്ലാസ്സ് മുറികളിൽ തിരിച്ചറിയുന്നതിനും ചികിത്സാസൗകര്യങ്ങളും സൗജന്യ മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്നതിനും ആരോഗ്യകരമായ ജീവിതശൈലി കുട്ടികളെ പഠിപ്പിക്കുന്നതിനും ലക്ഷ്യമാക്കിയുള്ള രോഗരഹിതബാല്യം മുതലായ പദ്ധതികൾ നടപ്പിലാക്കി ജില്ലയിലെ ഏറ്റവും നല്ല പി.ടി.എ.യ്ക്കുള്ള പുരസ്കാരത്തിന് അർഹരായ കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയ്ക്ക് കീഴിലുള്ള തൊളിക്കോട് ഗവൺമെന്റ് എൽ.പി.എസ്. - പി.ടി.എ.കമ്മിറ്റിയുടെ പ്രവർത്തനം, പി.ടി.എ.കമ്മിറ്റികൾക്ക് മാതൃകയാണ്.

സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എം.എൽ.എ./എം.പി. തുടങ്ങിയ ജനപ്രതിനിധികളുടെയും സ്കൂൾ മാനേജർമാരുടെയും ശ്രദ്ധ പാഠ്യ/പാഠ്യേതര വികസന പ്രവർത്തനങ്ങളിലേക്ക് എത്തിക്കുന്നതിനും പി.ടി.എ.കമ്മിറ്റികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി**

പഞ്ചായത്തിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക, അവലോകനം നടത്തുക, ആവശ്യമായ ഇടപെടലുകളിലൂടെ സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യമിട്ടാണ് പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ജനപ്രതിനിധികൾ, പ്രഥമാധ്യാപകർ, പി.ടി.എ.പ്രസിഡന്റുമാർ, പഞ്ചായത്ത് സെക്രട്ടറി, വിദ്യാഭ്യാസ പ്രവർത്തകർ, ഗ്രന്ഥശാലാസംഘപ്രവർത്തകർ, എസ്.സി/എസ്.റ്റി രക്ഷിതാക്കളുടെ പ്രതിനിധികൾ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ, ബി.ആർ.സി.ട്രെയിനർമാർ എന്നിവർ ഇതിൽ അംഗങ്ങളാണ്.

പഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസനരേഖ തയ്യാറാക്കി മേഖലയ്ക്കാവശ്യമായ ഒരു വികസന കാഴ്ചപ്പാടിന് രൂപം കൊടുക്കുന്നതിലും ഓരോ സ്കൂളിന്റെയും പോരായ്മകളും ആവശ്യങ്ങളും സംബന്ധിച്ച് പഠനം നടത്തി സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്നതിലും, അതിനനുസരിച്ച് പദ്ധതി ശുപാർശകൾ നൽകുന്നതിലും, നടപ്പാക്കിയ പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിലും ഗ്രാമപഞ്ചായത്തുകളിലെ ഭൂരിപക്ഷം വിദ്യാഭ്യാസസമിതികളും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല.

പഞ്ചായത്ത് ഭരണസമിതിയുടെയും, പ്രദേശത്തെ വിദ്യാഭ്യാസ വിദഗ്ധന്മാരുടെയും, അദ്ധ്യാപകരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് പഞ്ചായത്ത്തല വിദ്യാഭ്യാസ വികസനരേഖ തയ്യാറാക്കി മേഖലയുടെ സർവ്വതോമുഖമായ വികസനത്തിന് സമിതി നേതൃത്വം നൽകേണ്ടതാണ്.

Local Fund Audit Department

**വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ്**

പദ്ധതി രൂപീകരണ പ്രക്രിയയുടെ അടിസ്ഥാനശിലയായ വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ മേഖലയിലും ആവശ്യമായ സർവ്വേകളും പഠനങ്ങളും നടത്തി സ്ഥിതിവിവരക്കണക്കുകൾ സ്വരൂപിക്കുകയും മുൻ വർഷങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ചിട്ടുള്ള പഠനറിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. അതാതുമേഖലകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ, നിലവിലുള്ള വിടവുകൾ, മേഖലയുടെ വികസനത്തിന്റെ പ്രാദേശിക സാധ്യത, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, വികസന സാധ്യതകൾ നേടുന്നതിനുള്ള തന്ത്രങ്ങൾ എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ തയ്യാറാക്കിയതിനുശേഷമാണ് പ്രോജക്ടുകൾക്ക് രൂപം കൊടുക്കേണ്ടതെന്ന് പതിനൊന്നാം പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. (ജി.ഒ(എം.എസ്) 128/2007/തസ്വഭവ തീയതി; 14.05.07) എന്നാൽ ഗ്രാമപഞ്ചായത്തുകളിലെ ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും കുറെ പദ്ധതി നിർദ്ദേശങ്ങൾ മാത്രം തയ്യാറാക്കി കടമ നിറവേറ്റുന്നതായിട്ടാണ് കാണുന്നത്. വിദ്യാഭ്യാസമേഖലയെ കുറിച്ചുള്ള സ്ഥിതി വിവരക്കണക്കുകളും, പഠനറിപ്പോർട്ടുകളും ശേഖരിക്കുകയോ, മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും അതു പരിഹരിക്കുന്നതിനാവശ്യമായ തന്ത്രങ്ങൾ സംബന്ധിച്ചുള്ള കുറിപ്പുകൾ തയ്യാറാക്കി പദ്ധതി രൂപീകരണത്തിനാവശ്യമായ പ്രാരംഭപ്രവർത്തനങ്ങൾ നടത്തുകയോ, പദ്ധതികൾ തയ്യാറാക്കി വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുകയോ ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളെ അതീവ പ്രാധാന്യത്തോടെ കാണേണ്ടതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾക്ക് രൂപം നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ എസ്.എസ്.എ.പോലുള്ള പ്രത്യേക പദ്ധതികളിലൂടെ നടപ്പാക്കുന്ന പ്രോജക്ടുകളും ഇതേ മേഖലയിൽ നേരിട്ട് നടത്തുന്ന പ്രോജക്ടുകളും തമ്മിൽ ഇരട്ടിപ്പ് ഒഴിവാക്കുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പ് ഉറപ്പുവരുത്തേണ്ടതാണ്.

**ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി**

ആരോഗ്യവാന്മാരും വിദ്യാസമ്പന്നരുമായ ഒരു ജനതയെ വാർത്തെടുക്കാനുള്ള പഞ്ചായത്തിന്റെ പ്രയത്നത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ മാത്രമേ പ്രസ്തുത മേഖലയുടെ വികസനം യാഥാർത്ഥ്യമാക്കാൻ സാധിക്കുകയുള്ളൂ. ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ടെങ്കിലും വിദ്യാഭ്യാസമേഖലയ്ക്ക് വേണ്ടത്ര പരിഗണന നൽകുന്നതായി കാണുന്നില്ല. പ്രോജക്ടിന്റെ രൂപീകരണം, നടത്തിപ്പ്, മോണിറ്ററിംഗ് എന്നിവയിലും മിക്ക കമ്മിറ്റികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. വിദ്യാഭ്യാസമേഖലയുടെ വികസനത്തിനും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

**സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി**

കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമപ്രകാരം അൺഎയ്ഡഡ് സ്കൂളുകൾ ഒഴികെയുള്ള എല്ലാ സ്കൂളുകളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതും രണ്ടുവർഷത്തിലൊരിക്കൽ പുന:സംഘടിപ്പിക്കേണ്ടതുമാണ്. 16.05.12 ലെ ഗവൺമെന്റ് കത്ത് നമ്പർ ജെ./75133/11 പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും 2012- 13 അക്കാദമിക് വർഷം മുതൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. എന്നാൽ ഭൂരിഭാഗം സർക്കാർ സ്കൂളുകളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. എന്നാൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് സമഗ്രവും വസ്തുനിഷ്ഠവുമായ സ്കൂൾ വികസന പദ്ധതി തയ്യാറാക്കി ഇക്കാര്യത്തിൽ മാതൃകയായ ജി.എം.യു.പി.സ്കൂൾ രാരോത്തിന്റെ (കോഴിക്കോട്) പ്രവർത്തനം അഭിനന്ദനാർഹമാണ്.

30.04.2011 ലെ ഗവൺമെന്റ് ഉത്തരവ് (പി ) നമ്പർ 100/2011 നോട്ടിഫിക്കേഷൻ പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതും താഴെപ്പറയുന്ന ചുമതലകൾ സമയബന്ധിതമായി നിർവ്വഹിക്കേണ്ടതുമാണ്.

1. വിദ്യാലയത്തിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യുക.
2. സ്കൂൾ വികസന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുക.
3. സംസ്ഥാന ഗവൺമെന്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നും ലഭിക്കുന്ന ധനസഹായം വിനിയോഗിക്കുന്നത് മോണിറ്റർ ചെയ്യുക. സർക്കാർ സ്കൂളുകൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

Local Fund Audit Department

## 18. സ്കൂൾ വിദ്യാഭ്യാസമേഖലയും സർവ്വശിക്ഷാ അഭിയാനും

ഒന്നു മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമായി നൽകുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സർവ്വശിക്ഷാ അഭിയാൻ അഥവാ എസ്.എസ്.എ. 2010 ഓടെ ലക്ഷ്യങ്ങൾ നേടണമെന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും ഇപ്പോഴും തുടർന്നുവരികയാണ്. 2009 ലെ വിദ്യാഭ്യാസ അവകാശനിയമം എസ്.എസ്.എ.മുഖേനയാണ് നടപ്പാക്കുന്നത്. 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

എസ്.എസ്.എ.പരിപാടിയുടെ ചെലവ് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ 65:35 എന്ന അനുപാതത്തിൽ സംയുക്തമായാണ് വഹിക്കുന്നത്. കേരളത്തിൽ, സ്കൂളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതിനാൽ പദ്ധതിയുടെ സംസ്ഥാനവിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽ നിന്നുമാണ് വകയിരുത്തുന്നത്.

പ്രാഥമിക വിദ്യാഭ്യാസമേഖലയിൽ ഗുണകരമായ മാറ്റങ്ങൾക്ക് എസ്.എസ്.എ.കാരണമായിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ എസ്.എസ്.എ.വലിയ പങ്കാണ് വഹിക്കുന്നത്. എസ്.എസ്.എ.വിദ്യാലയങ്ങളിൽ നടത്തി വരുന്ന പ്രവർത്തനങ്ങളെ മേജർ പദ്ധതികൾ, മൈനർ പദ്ധതികൾ എന്നിങ്ങനെ തിരിച്ചിട്ടുണ്ട്.

**1. എസ്. എസ്. എ. മേജർ പദ്ധതികൾ**

സ്കൂൾ കെട്ടിടങ്ങൾ, അഡീഷണൽ ക്ലാസ്സ് മുറികൾ, അഡാപ്റ്റഡ് ടോയ്ലെറ്റ്, ഗേൾസ് ടോയ്ലെറ്റ്, റാമ്പ് & റെയിൽ, സ്കൂൾ സൗന്ദര്യവത്ക്കരണം, യൂണിഫോം വിതരണം, പാഠപുസ്തക വിതരണം.

**2. എസ്. എസ്. എ. മൈനർ പദ്ധതികൾ**

ഇലക്ട്രിഫിക്കേഷൻ, ഇടഭിത്തിനിർമ്മാണം, ഫർണിച്ചർ, ഗ്രാന്റ്, ഇംഗ്ലീഷ് ഫെസ്റ്റ്, മെട്രിക് മേള, സർഗ്ഗോത്സവം, മൈനർ ലാംഗ്വേജ് ഫെസ്റ്റ്, സി.ആർ.സി.ഗ്രാന്റ്, ടീച്ചേഴ്സ് ഗ്രാന്റ്, സ്കൂൾ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, ടീച്ചേഴ്സ് ട്രെയിനിംഗ്, ഐ.എഫ്.ഡി. ഉപകരണ വിതരണം, ഐ.ഇ.ഡി.സി, മെഡിക്കൽ ക്യാമ്പ്.

എസ്.എസ്.എ.യുടെ പ്രധാന പ്രവർത്തനമേഖല സർക്കാർ പ്രൈമറി വിദ്യാലയങ്ങളാണ്. എന്നാൽ സൗജന്യ പാഠപുസ്തകം, സ്കൂൾ ഗ്രാന്റ്, ടീച്ചർ ഗ്രാന്റ് എന്നിവ എയ്ഡഡ് സ്കൂളുകൾക്കും എസ്.എസ്.എ.നൽകുന്നുണ്ട്. പൊതുവിദ്യാലയങ്ങളിലെ 2 മുതൽ 8 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും എസ്.എസ്.എ.യുടെ ഭാഗമായി പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നു. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് സൗജന്യപാഠപുസ്തകങ്ങൾ നൽകുന്നത് പൊതുവിദ്യാഭ്യാസ വകുപ്പാണ്. സർക്കാർ എൽ.പി/യു.പി.സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്ക് ഇരുവിഭാഗങ്ങൾക്കും പ്രത്യേകമായി 7500/- രൂപ വീതം എസ്.എസ്.എ.മെയിന്റനൻസ് ഗ്രാന്റ് നൽകി വരുന്നു.

സ്കൂളും പരിസരവും ആകർഷകമാക്കുന്നതിനും, മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നതിനുമായി എൽ.പി.വിഭാഗത്തിന് 5000/- രൂപയും, യു.പി.വിഭാഗത്തിന് 7000/- രൂപയും ഇരുവിഭാഗങ്ങളും ഒരുമിച്ചുള്ള സ്കൂളുകൾക്ക് 12000/- രൂപയും എസ്.എസ്.എ.വർഷം തോറും സ്കൂൾ ഗ്രാന്റായി നൽകുന്നു.

എസ്.എസ്.എ.യ്ക്ക് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കീഴിൽ സംസ്ഥാനതല ഓഫീസും, എല്ലാ ജില്ലകളിലും ജില്ലാ പ്രോജക്ട് ഓഫീസുകളും പ്രവർത്തിക്കുന്നു. ജില്ലാ ഓഫീസുകൾക്ക് കീഴിൽ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പ്രവർത്തന മേഖലയിലും ബ്ലോക്ക് റിസോഴ്സ് സെന്ററുകളും (ബി.ആർ.സി) പ്രവർത്തിക്കുന്നു. ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കാണ് ബി.ആർ.സി.യുടെ ചുമതല. സ്കൂളുകൾക്ക് ഗ്രാന്റുകൾ വിതരണം ചെയ്യുന്നത് ബി.ആർ.സി. കൾ മുഖേനയാണ്.

എസ്.എസ്.എ. മുഖേനയുള്ളതിനു പുറമേ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തനങ്ങൾ നടത്തിയിട്ടും പൊതുവിദ്യാലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുവാനും, ഭൗതികസാഹചര്യങ്ങൾ വേണ്ട രീതിയിൽ മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടില്ല എന്നത് പോരായ്മ തന്നെയാണ്. എസ്.എസ്.എ.യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്ന നൂതനാശയ പദ്ധതികൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ പ്രയോജനപ്രദമാണെങ്കിലും, പൊതുവിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിൽ കാര്യമായ സ്വാധീനം ചെലുത്താൻ എസ്.എസ്.എ. യുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

**വിദ്യാഭ്യാസമേഖലയിൽ തദ്ദേശസ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയിലധികവും എസ്. എസ്. എ. വിഹിതം**

എസ്.എസ്.എ. വിഹിതമായി സർക്കാർ നിശ്ചയിക്കുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിൽ നിന്നും നിർബന്ധമായും വകയിരുത്തണമെന്ന് 18.08.2012 ലെ സ.ഉ.(എം.എസ്) 225/12/തസ്വഭവ ഉത്തരവ് പ്രകാരമുള്ള

Local Fund Audit Department

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം എസ്.എസ്.എ. അക്കൗണ്ടിൽ നിക്ഷേപിച്ചാൽ മാത്രമേ ആനുപാതികമായ കേന്ദ്രവിഹിതം ലഭിക്കുകയുള്ളൂവെന്നും, യഥാസമയം വിഹിതം നൽകിയില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക നഷ്ടപ്പെടുമെന്നും 16.06.06 ലെ 20314/ഡി.പി.1/2006/തസ്വഭവ സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതുകൊണ്ട് തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എസ്.എസ്.എ. വിഹിതം നിർബന്ധമായും അടയ്ക്കേണ്ടതുണ്ട്.

വിദ്യാഭ്യാസമേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന പദ്ധതിവിഹിതത്തിന്റെ ഏറിയപങ്കും എസ്.എസ്.എ. യ്ക്കുള്ള വിഹിതമാണ്. വിദ്യാഭ്യാസമേഖലയിലെ പദ്ധതിവിഹിതത്തിന്റെ വലിയൊരുഭാഗം എസ്.എസ്.എ. യ്ക്കു നൽകാനായി നീക്കിവെയ്ക്കുന്നതിനാൽ, ഈ മേഖലയിൽ സമഗ്രമായ മറ്റ് പദ്ധതികൾ ആവിഷ്ക്കരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ഇതുകൊണ്ട് തന്നെ, സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ ഉയർത്താനുള്ള തനതുപദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയാത്ത അവസ്ഥയാണുള്ളത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും, എസ്.എസ്.എ. യ്ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം**

| ജില്ല | തദ്ദേശസ്വയംഭരണ സ്ഥാപനം | വർഷം | വിദ്യാഭ്യാസമേഖലയിൽ ആകെ ചെലവഴിച്ച തുക (രൂപ) | എസ്.എസ്.എ. യ്ക്ക് നൽകിയ തുക (രൂപ) |
|---|---|---|---|---|
| തിരുവനന്തപുരം | കിഴുവിലം ഗ്രാമപഞ്ചായത്ത് | 2011-12 | 2310658 | 1208752 |
| | | 2012-13 | 957963 | 957963 |
| | ആറ്റിങ്ങൽ നഗരസഭ | 2011-12 | 2932319 | 1400000 |
| | | 2012-13 | 2441248 | 1400000 |
| കൊല്ലം | പുനലൂർ നഗരസഭ | 2011-12 | 536621 | 500000 |
| | | 2012-13 | 562460 | 500000 |
| | കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ | 2011-12 | 14626610 | 7564992 |
| | | 2012-13 | 15374874 | 8585845 |
| പത്തനംതിട്ട | ചെന്നീർക്കര ഗ്രാമപഞ്ചായത്ത് | 2011-12 | 887515 | 600000 |
| | | 2012-13 | 1067188 | 658740 |
| | പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് | 2011-12 | 1361497 | 400000 |
| | | 2012-13 | 1260366 | 752042 |
| ആലപ്പുഴ | കായംകുളം നഗരസഭ | 2011-12 | 3190135 | 1662059 |
| | | 2012-13 | 1909733 | 1500000 |
| കോട്ടയം | ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് | 2011-12 | 1577741 | 777186 |
| | | 2012-13 | 1339044 | 770800 |
| | കോട്ടയം നഗരസഭ | 2011-12 | 21838980 | 337124 |
| | | 2012-13 | 4310278 | 3500000 |
| ഇടുക്കി | അടിമാലി ഗ്രാമപഞ്ചായത്ത് | 2012-13 | 2987135 | 1926873 |
| എറണാകുളം | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | 2011-12 | 12640721 | 7000000 |
| | | 2012-13 | 11098647 | 9500000 |

Local Fund Audit Department

| ജില്ല | തദ്ദേശസ്വയംഭരണ സ്ഥാപനം | വർഷം | വിദ്യാഭ്യാസമേഖലയിൽ ആകെ ചെലവഴിച്ച തുക (രൂപ) | എസ്.എസ്.എ. യ്ക്ക് നൽകിക തുക (രൂപ) |
|---|---|---|---|---|
| | പെരുമ്പാവൂർ നഗരസഭ | 2011-12 | 2923625 | 2025265 |
| | | 2012-13 | 2278748 | 1546044 |
| തൃശ്ശൂർ | മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | 2011-12 | 659650 | 425000 |
| | | 2012-13 | 1011432 | 658542 |
| | പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് | 2011-12 | 1145649 | 380000 |
| | | 2012-13 | 611991 | 200000 |
| പാലക്കാട് | മുണ്ടൂർ ഗ്രാമപഞ്ചായത്ത് | 2011-12 | 1480327 | 800000 |
| | | 2012-13 | 1207199 | 1145699 |
| | പാലക്കാട് നഗരസഭ | 2011-12 | 6077456 | 5237895 |
| | | 2012-13 | 9776613 | 5929580 |
| മലപ്പുറം | തെന്നല ഗ്രാമപഞ്ചായത്ത് | 2011-12 | 753750 | 618000 |
| | | 2012-13 | 1342500 | 1122000 |
| | താഴെക്കാട് ഗ്രാമപഞ്ചായത്ത് | 2011-12 | 2761122 | 1728000 |
| | | 2012-13 | 2690045 | 1581000 |
| കോഴിക്കോട് | കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | 2011-12 | 26634824 | 21685470 |
| | | 2012-13 | 22441747 | 12914402 |
| വയനാട് | മീനങ്ങാടി ഗ്രാമപഞ്ചായത്ത് | 2011-12 | 3776998 | 865451 |
| | | 2012-13 | 3055810 | 1136843 |
| | വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് | 2011-12 | 4167727 | 1500000 |
| | | 2012-13 | 5965276 | 1784850 |
| കണ്ണൂർ | കണ്ണൂർ ജില്ലാപഞ്ചായത്ത് | 2011-12 | 89581319 | 18656531 |
| | | 2012-13 | 71301029 | 16595430 |
| | കണ്ണൂർ നഗരസഭ | 2011-12 | 5991400 | 3699003 |
| | | 2012-13 | 5828494 | 3759225 |
| കാസറഗോഡ് | ഉദുമ ഗ്രാമപഞ്ചായത്ത് | 2011-12 | 2775637 | 1350000 |
| | | 2012-13 | 3988124 | 198300 |
| | കാസറഗോഡ് നഗരസഭ | 2011-12 | 806500 | 1500000 |
| | | 2012-13 | 6097111 | 170000 |

**എസ്.എസ്.എ. ബജറ്റ് വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർണ്ണമായും ചെലവഴിക്കുന്നില്ല.**

കേന്ദ്രസർക്കാരിൽ നിന്നുമുള്ള 65% തുകയും, തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന 35% തുകയും ചേരുന്നതാണ് എസ്.എസ്.എ.ബജറ്റ് വിഹിതം. ഓരോ വർഷവും വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കാനുള്ള പദ്ധതികളുടെ ആസൂത്രണം എസ്.എസ്.എ.നടത്തുന്നു. ഇതനുസരിച്ച് മൊത്തം ചെലവുതുക കണക്കാക്കിയ ശേഷമാണ് ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുമുള്ള ബജറ്റ് തയ്യാറാക്കുന്നത്. ഇത്തരത്തിൽ തയ്യാറാക്കപ്പെടുന്ന ആകെ ബജറ്റ് തുകയുടെ 35 ശതമാനമാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും എസ്.എസ്.എ.യ്ക്ക് നൽകുന്നത്. എന്നാൽ

Local Fund Audit Department

എസ്.എസ്.എ.യ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി വകയിരുത്തുന്ന തുകകളും യഥാർത്ഥ തുകകളും തമ്മിൽ ഗണ്യമായ അന്തരം കാണുന്നു.

**എസ്.എസ്.എ. ബജറ്റും, ചെലവു തുകയും തമ്മിലുള്ള താരതമ്യം**

| ജില്ല | തദ്ദേശസ്വയംഭരണ സ്ഥാപനം | വർഷം | എസ്.എസ്.എ ബജറ്റ് തുക(രൂപ) | എസ്.എസ്.എ. യ്ക്ക് തദ്ദേശ സ്ഥാപനം നൽകിയ വിഹിതം | ചെലവഴിച്ച തുക (രൂപ) | ചെലവ് ശതമാനം (%) |
|---|---|---|---|---|---|---|
| പത്തനംതിട്ട | പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് | 2011-12 | 2206952 | 400000 | പത്തനംതിട്ട | പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് |
| | | 2012-13 | 2531043 | 752042 | | |
| | കുളനട ഗ്രാമപഞ്ചായത്ത് | 2011-12 | 2393303 | - | 896212 | 37.45 |
| | | 2012-13 | 4022692 | - | 2667709 | 66.32 |
| | ചെന്നീർക്കര ഗ്രാമപഞ്ചായത്ത് | 2011-12 | 2107103 | 600000 | 277250 | 13.15 |
| | | 2012-13 | 2453542 | 658740 | 813880 | 33.17 |
| | കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | 2011-12 | 1769652 | 619379 | 160487 | 9.07 |
| | | 2012-13 | 1485545 | 400000 | 222040 | 14.95 |
| ഇടുക്കി | അടിമാലി ഗ്രാമപഞ്ചായത്ത് | 2011-12 | 3402715 | 1500000 | 1608998 | 47.28 |
| തൃശ്ശൂർ | മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | 2011-12 | 1214286 | 425000 | 698817 | 57.54 |
| | | 2012-13 | 1881549 | 658542 | 658541 | 35 |
| കോഴിക്കോട് | ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | 2012-13 | 3205377 | 1121882 | 2682151 | 83.68 |

തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും എസ്.എസ്.എ.യിലേക്ക് അടയ്ക്കുന്ന വിഹിതം പോലും ചെലവഴിക്കുവാൻ എസ്.എസ്.എ.യ്ക്ക് കഴിയാതെ വരുന്നുണ്ട് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

എസ്.എസ്.എ. പദ്ധതിയിലേക്കുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം 35 ശതമാനമാണ്. 65 ശതമാനം കേന്ദ്രവിഹിതം കൂടി ഉണ്ടെന്നിരിക്കെ തദ്ദേശഭരണസ്ഥാപനങ്ങൾ നൽകിയ തുകയ്ക്കൊപ്പമുള്ള പ്രവൃത്തികൾ പോലും നിർവ്വഹിക്കാൻ എസ്.എസ്.എ.യ്ക്ക് കഴിയാതെ വരുന്നത് പദ്ധതിയുടെ പാളിച്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുമായി എസ്.എസ്.എ. തയ്യാറാക്കുന്ന ബജറ്റുകൾ യാഥാർത്ഥ്യബോധം ഇല്ലാത്തവയാണെന്നും, നിശ്ചിത തുകകൾ വിഹിതമായി തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും ഈടാക്കുക മാത്രമാണ് ഇത്തരം ബജറ്റുകളുടെ ഉദ്ദേശ്യമെന്നും കണക്കുകൾ വ്യക്തമാക്കുന്നു.

**എസ്.എസ്.എ. പദ്ധതി രൂപീകരണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പങ്കില്ല**

എസ്.എസ്.എ. പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 07.06.05 ലെ ജി.ഒ(എം.എസ്)41/05/പ്ലാനിംഗ് നമ്പർ ഉത്തരവിലൂടെ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം, എസ്.എസ്.എ. പദ്ധതികൾക്ക് രൂപീകരിച്ചിട്ടുള്ള സ്കൂൾതല കമ്മിറ്റികൾ അതാതു സ്കൂളുകൾക്ക് തയ്യാറാക്കിയിട്ടുള്ള കരടു പദ്ധതികളും, തദ്ദേശസ്ഥാപനങ്ങൾ ഈ പദ്ധതികൾക്കായി വകയിരുത്തേണ്ട തുകകളുടെ വിശദാംശങ്ങളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന കരട് പദ്ധതികൾ ചർച്ച ചെയ്യുന്നതിനായി വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഹെഡ്മാസ്റ്റർമാർ, അധ്യാപകർ, പി.ടി.എ.കമ്മിറ്റികൾ എന്നിവരുടെ യോഗം ചേരേണ്ടതും കരടു പദ്ധതിയിൽ ഭേദഗതി അനിവാര്യമാണെന്നു കണ്ടാൽ എസ്.എസ്.എ. മാനദണ്ഡങ്ങൾക്കുള്ളിൽ നിന്ന് മാറ്റം വരുത്തി പദ്ധതി അന്തിമമാക്കേണ്ടതുമാണ്. ഇങ്ങനെ അന്തിമമാക്കുന്ന പദ്ധതിയെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതി യോഗം ചേർന്ന് അംഗീകരിക്കണം.

Local Fund Audit Department

എന്നാൽ സർക്കാർ ഉത്തരവിൽ പറയുന്നതുപോലുള്ള പങ്കാളിത്തം പദ്ധതി രൂപീകരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നില്ലെന്ന് എസ്.എസ്.എ.രേഖകൾ തന്നെ വ്യക്തമാക്കുന്നു. എസ്.എസ്.എ.കൊല്ലം ജില്ലാ പ്രോജക്ട് ഓഫീസർ 10.10.13 ൽ കൊല്ലം ജില്ലാപഞ്ചായത്ത് ഓഫീസ് ഓഡിറ്റ് ക്യാമ്പിലെ ഓഡിറ്റ് ഓഫീസർക്ക് നൽകിയിട്ടുള്ള എസ്.എസ്.എ.2/550/2012 നമ്പർ കത്ത് പദ്ധതി രൂപീകരണത്തിൽ എസ്.എസ്.എ.മാത്രമാണ് തീരുമാനമെടുക്കുന്നതെന്ന് വെളിവാക്കുന്നതാണ്. മേൽ കത്തുപ്രകാരം എസ്.എസ്.എ. എല്ലാവർഷവും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും മുൻകൂർ തയ്യാറാക്കി നൽകുന്ന പദ്ധതികളുടെ അടിസ്ഥാനത്തിലാണ് കേന്ദ്രവിഹിതം സംസ്ഥാനത്ത് ഓരോ ജില്ലയ്ക്കും നൽകുന്നത്. എസ്.എസ്.എ. തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേകം പദ്ധതികൾ തയ്യാറാക്കുന്നില്ലായെന്നും കത്തു വ്യക്തമാക്കുന്നു. കൂടാതെ, കേന്ദ്രം വിഹിതം അനുവദിച്ചതിനുശേഷം അതിന്റെ 35% തുക ജില്ലയിലെ ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും വിഹിതമായി നൽകുകയാണ് ചെയ്യുന്നതെന്നും മേൽ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളെ പദ്ധതി ആസൂത്രണത്തിൽ എസ്.എസ്.എ. പങ്കാളികളാക്കുന്നില്ലായെന്ന് ഇത് വ്യക്തമാക്കുന്നു.

എസ്.എസ്.എ. പദ്ധതികൾ തയ്യാറാക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനത്തിന്റെയോ സ്കൂളുകളുടെയോ പങ്കാളിത്തം പൂർണ്ണമായും നടപ്പാക്കുന്നില്ല.അതിനാൽ തന്നെ എസ്.എസ്.എ.ആവശ്യപ്പെടുന്ന വിഹിതം പ്രോജക്ട് ഓഫീസർക്ക് കൈമാറുക എന്ന യാന്ത്രികമായ ജോലി മാത്രമാണ് ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിനുള്ളത്. എസ്.എസ്.എ. അധികൃതർ ബജറ്റ് തയ്യാറാക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിക്കാതെയാണ്. ഒരേ പദ്ധതിക്കായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ടു വാങ്ങുകയും ചുരുക്കം ചില സ്ഥാപനങ്ങളിൽ മാത്രം പ്രവൃത്തി നടത്തുകയും ചെയ്തതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി അഡീഷണൽ ക്ലാസ്സുമുറി എന്ന പ്രവൃത്തിക്കായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും എസ്.എസ്.എ. തുക ഈടാക്കിയിട്ടുണ്ടെങ്കിലും പലയിടങ്ങളിലും പ്രവൃത്തി നടത്തിയിട്ടില്ല. എസ്.എസ്.എ. വിഹിതമായി വലിയൊരു തുക നൽകേണ്ടി വരുന്നതിനാൽ വിദ്യാഭ്യാസമേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയാതെ വരുന്നു.

**എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ പോരായ്മകൾ**

തദ്ദേശഭരണസ്ഥാപനങ്ങളുടെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ എസ്.എസ്.എ.കരട് പദ്ധതികൾ ചർച്ച ചെയ്യുകയോ, അനിവാര്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയോ ചെയ്യുന്നില്ല. ഇതുകൊണ്ട് തന്നെ, തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ട്, തനത് ഫണ്ട് എന്നിവ വകയിരുത്തി നേരിട്ട് നടപ്പാക്കുന്ന പ്രോജക്ടുകളും എസ്.എസ്.എ.മുഖേന നടപ്പാക്കുന്നവയും തമ്മിൽ ഇരട്ടിപ്പിന് കാരണമാകുന്നു.

എസ്.എസ്.എ.ഫണ്ട് അനുവദിക്കുമ്പോൾ സ്കൂളിന്റെ വലിപ്പം, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ പരിഗണിക്കാത്ത സന്ദർഭങ്ങളുമുണ്ട്. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമല്ലാതെ അനുവദിക്കുന്ന ഫണ്ട് പലപ്പോഴും പര്യാപ്തമല്ലാതെ വരുന്നു. അർഹതയുള്ള സ്കൂളുകളെ അവഗണിച്ച്, അർഹതയില്ലാത്തവയ്ക്ക് നിർമ്മാണ പ്രവൃത്തികൾക്കായി ഫണ്ട് അനുവദിച്ചതിന് പല ഉദാഹരണങ്ങളുണ്ട്.

ലാബ് ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, ഫർണിച്ചറുകൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്കായി 2007-08 മുതൽ 2012-13 വരെയുള്ള വർഷങ്ങളിൽ തുകകൾ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എസ്.എസ്.എ. മുഖേനയും ഇത്തരത്തിൽ പഠനോപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതികളുടെ ഇരട്ടിപ്പ് ഒഴിവാക്കാൻ എസ്.എസ്.എ.പദ്ധതി രൂപീകരണത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം കൂടിയേ തീരു.

*എസ്.എസ്.എ.പദ്ധതി നടത്തിപ്പിലെ പോരായ്മകളുടെ ഏതാനും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.*

- ❖ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ കുമാരപുരം ഗവൺമെന്റ് യു.പി.സ്കൂളിൽ ആറ് ക്ലാസ്സ് മുറികൾ പണിയുന്നതിനായി എസ്.എസ്.എ.ഫണ്ടിൽ നിന്നും 2010 ൽ 7.44 ലക്ഷം രൂപ അനുവദിച്ചു (ചെക്ക് നം.061642/12/2010) ക്ലാസ്സ് മുറികൾ പണിയാനാവശ്യമായ സ്ഥലലഭ്യത, മറ്റ് സൗകര്യങ്ങൾ എന്നിവ വിലയിരുത്താതെയാണ് തുക അനുവദിച്ചത്. സ്ഥലപരിമിതിയാൽ വീർപ്പുമുട്ടുന്ന ഈ വിദ്യാലയത്തിൽ നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റിയാൽ മാത്രമേ ആറ് ക്ലാസ്സ് മുറികൾ കൂടി നിർമ്മിക്കാനാവൂ. അതുകൊണ്ട് തന്നെ ലഭിച്ച 7.44 ലക്ഷം രൂപയും വിനിയോഗിക്കാനാകാതെ ഹെഡ്മാസ്റ്ററുടെ അക്കൗണ്ടിൽ സൂക്ഷിക്കുകയാണ്. കൂടുതൽ ക്ലാസ്സ് മുറികളും, അറ്റകുറ്റപ്പണികളും അടിയന്തിരമായി ആവശ്യമുള്ള സ്കൂളുകൾ നഗരസഭയിൽ വേറെ ഉള്ളപ്പോഴാണ് ഇത്തരത്തിൽ അനുവദിച്ച് ഫണ്ട് വിനിയോഗിക്കാതെ ശേഷിക്കുന്നത്.



Local Fund Audit Department

- തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലുള്ള തച്ചപ്പള്ളി ഗവൺമെന്റ് എൽ.പി.സ്കൂളിൽ പ്രഥമാധ്യാപികയ്ക്ക് മുറി നിർമ്മിക്കുവാനുള്ള പദ്ധതി എസ്.എസ്.എ. തയ്യാറാക്കിയിരുന്നു. എന്നാൽ ഡിവിഷൻ ഫാളിന്റെ ഫലമായി 4 ക്ലാസ്സുമുറികളും, വലിയ ഹാളും, മറ്റൊരു മുറിയും ഒഴിഞ്ഞുകിടക്കുമ്പോഴാണ് പ്രഥമാധ്യാപികയുടെ ഓഫീസ് മുറിക്ക് തുക അനുവദിച്ചിരിക്കുന്നത്.
- ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലുള്ള ഏഴുകമ്പി ഗവൺമെന്റ് യു.പി.സ്കൂളിന് രണ്ട് ക്ലാസ്സ് മുറികൾ കൂടി നിർമ്മിക്കുന്നതിനായി 2011-12 ൽ 6,20,000/- രൂപ എസ്.എസ്.എ.പദ്ധതിയിൽ വകയിരുത്തി ചെലവഴിച്ചു. എന്നാൽ കെട്ടിടത്തിന്റെ മേൽക്കൂര കോൺക്രീറ്റ് ചെയ്തതല്ലാതെ മറ്റ് പ്രവൃത്തികളൊന്നും പൂർത്തിയാക്കിയിട്ടില്ല. ഒന്നു മുതൽ 4 വരെ ക്ലാസ്സുകളിൽ നാലു ഡിവിഷനുകളിലായി ആകെ 38 കുട്ടികളാണ് സ്കൂളിലുള്ളത്. ആവശ്യത്തിന് ക്ലാസ്സ് മുറികളും, സ്ഥലസൗകര്യവുമുള്ള സ്കൂളിൽ പദ്ധതിയെപ്പറ്റി വേണ്ടത്ര വിലയിരുത്തൽ നടത്താതെയാണ് എസ്.എസ്.എ. അധിക ക്ലാസ്സ് മുറികളുടെ നിർമ്മാണം നടത്തിയിട്ടുള്ളത്. സ്കൂളിന് ചുറ്റുമതിൽ ഇല്ല. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയുമുണ്ട്. ഇതൊക്കെ നിലനിൽക്കെയായിരുന്നു അനാവശ്യമായ ക്ലാസ്സ് മുറി നിർമ്മാണം.
- പാലക്കാട് ജില്ലയിലുള്ള മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ മുണ്ടൂർ ഗവൺമെന്റ് എൽ.പി.സ്കൂളിൽ 3 ക്ലാസ്സ് മുറികൾ ഉള്ള കെട്ടിടത്തിനായി 2009-10 ൽ എസ്.എസ്.എ.9,30,000/- രൂപ വകയിരുത്തി. നിലവിലെ കെട്ടിടം പൊളിച്ചു മാറ്റാൻ കാലതാമസം നേരിട്ടതിനാൽ 2011-12 ൽ മാത്രമാണ് പ്രവൃത്തികൾ ആരംഭിച്ചത്. ചെലവുകളിൽ ഉണ്ടായ വർദ്ധനമൂലം പണി പൂർത്തിയാക്കാൻ മേൽത്തുക തികയാതെ വന്നതിനാൽ കെട്ടിടത്തിന്റെ വാർക്കൽ മാത്രമാണ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. പണി പൂർത്തിയാക്കാനുള്ള നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല.
- കോഴിക്കോട് ജില്ലയിലുള്ള ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി.സ്കൂൾ തിരുവങ്ങൂർ വെസ്റ്റിൽ ആകെ 31 കുട്ടികളാണുള്ളത്. ഇതിൽ ഒരാൾ ഐ.ഇ.ഡി.സി. വിഭാഗത്തിലുള്ളതാണ്. ഈ കുട്ടിയുടെ ആവശ്യാർത്ഥം നിലവിൽ ഒരു റാമ്പ് ആന്റ് റെയിൽ സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ മറ്റൊരു റാമ്പ് ആന്റ് റെയിൽ കൂടി സ്ഥാപിക്കുവാനായി 5,000/-രൂപ എസ്.എസ്.എ.സ്കൂളിന് അനുവദിച്ചിരിക്കുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എസ്.എസ്.എ.വിനിയോഗ സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുന്നില്ല**

എസ്.എസ്.എ. വാർഷിക പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം നൽകണമെന്ന് 07.06.05 ലെ ജി.ഒ.(എം.എസ്) 41/05/പ്ലാനിംഗ് നമ്പർ ഉത്തരവിലൂടെ സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതു പാലിക്കാൻ എസ്.എസ്.എ.അധികൃതർ തയ്യാറാവുന്നില്ല. ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സമയബന്ധിതമായി വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നതിൽ എസ്.എസ്.എ. അധികൃതർ അലംഭാവം കാട്ടുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമിനത്തിൽ നൽകിയ തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ട് എന്നു രേഖപ്പെടുത്തിയ വിനിയോഗപത്രം മാത്രമാണ് ജില്ലാ പ്രോജക്ട് ഓഫീസർമാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നത്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിനുള്ള എസ്.എസ്.എ. ബജറ്റ് പ്രകാരമുള്ള വകയിരുത്തലും യഥാർത്ഥ വിനിയോഗവും പരിശോധിക്കുമ്പോൾ മുഴുവൻ തുകയും വിനിയോഗിക്കപ്പെടുന്നില്ല എന്നു വ്യക്തമാവും.

എസ്.എസ്.എ.തയ്യാറാക്കി നൽകുന്ന ആന്വൽ വർക്ക് പ്ലാൻ പ്രകാരം, ഡെപ്പോസിറ്റ് ചെയ്യുന്ന വിവിധ പ്രവൃത്തികൾക്കുള്ള ഫണ്ടിൽ നിന്നും ക്ലാസ്സ് മുറി നിർമ്മാണത്തിനുള്ള (സിവിൽ വർക്ക്) ഫണ്ട് മാത്രമേ തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറി നിർവ്വഹണം നടത്തുന്നുള്ളു. പ്രസ്തുത സിവിൽ വർക്കൊഴികെ വർക്ക് പ്ലാനിലുള്ള മറ്റ് പ്രവൃത്തികൾ നടപ്പാക്കിയോ എന്നുള്ള വ്യക്തമായ വിനിയോഗ സർട്ടിഫിക്കറ്റ് നൽകാൻ എസ്.എസ്.എ. അധികൃതർ തയ്യാറാവുന്നില്ല.

ഓരോ വർഷവും നടപ്പാക്കിയ പദ്ധതികൾ, വിനിയോഗിച്ച ഫണ്ടിന്റെ വിവരങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിൽ എസ്.എസ്.എ. അധികൃതർ വീഴ്ച വരുത്തുന്നു. ഈ വിവരങ്ങൾ യഥാസമയം ലഭ്യമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേധാവികളും വേണ്ടത്ര ശുഷ്കാന്തി കാട്ടുന്നില്ല. ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള കൃത്യമായ കണക്കുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സമയബന്ധിതമായി നൽകാൻ എസ്.എസ്.എ.ക്ക് കഴിയാത്തത് പദ്ധതികളുടെ ഇരട്ടിപ്പിനും വിദ്യാഭ്യാസമേഖലയിലെ ആസൂത്രണത്തിന്റെ പാളിച്ചയ്ക്കും കാരണമാവുന്നു. കൂടാതെ, വിനിയോഗ സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭ്യമാക്കാത്തതുമൂലം എസ്.എസ്.എ. ഓരോ വർഷവും നടപ്പാക്കുന്ന പദ്ധതികളുടെ നേട്ടങ്ങളും-കോട്ടങ്ങളും വിശകലനം ചെയ്യാൻ കഴിയാതെയും വരുന്നു. ഇതുമൂലം, വിദ്യാഭാസമേഖലയിലെ പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനും കഴിയാതെ വരുന്നു.

Local Fund Audit Department

**സർക്കാർ സ്കൂളുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ എസ്.എസ്.എ.പ്രവർത്തനങ്ങൾ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസമേഖലയുടെ വികസനത്തിനായി എസ്.എസ്.എ.ക്ക് എല്ലാ വർഷവും നിശ്ചിത വിഹിതം അടയ്ക്കണമെന്നത് നിർബന്ധമാണ്. സർക്കാർ, എയ്ഡഡ് മേഖലകളിലെ സ്കൂളുകളിലാണ് എസ്.എസ്.എ. ഈ തുക വിനിയോഗിക്കുന്നത്. എന്നാൽ സർക്കാർ മേഖലയിൽ പൊതുവിദ്യാലയങ്ങൾ ഒന്നുമില്ലാത്ത രണ്ട് ഗ്രാമപഞ്ചായത്തുകളിലെ എസ്.എസ്.എ. യുടെ പ്രവർത്തനങ്ങൾ ഓഡിറ്റ് പഠനവിധേയമാക്കുകയുണ്ടായി.

**1. തെന്നല ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല)**

തെന്നല ഗ്രാമപഞ്ചായത്തിൽ പ്രാഥമിക വിദ്യാലയങ്ങൾ എയ്ഡഡ് മേഖലയിൽ മാത്രമാണുള്ളത്. കുടിവെള്ള വിതരണം, ടോയ്ലെറ്റ് നിർമ്മാണം തുടങ്ങിയ പദ്ധതികൾ സർക്കാർ വിദ്യാലയങ്ങളിൽ നടപ്പാക്കിയശേഷം എയ്ഡഡ് പ്രൈമറി സ്കൂളുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും, ഇത്തരം പദ്ധതികൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങൾ അടിസ്ഥാന സൗകര്യങ്ങളിൽ വളരെ പിന്നോക്കമാണ്. ചുറ്റുമതിൽ, കളിസ്ഥലം, ടോയ്ലെറ്റ്, പാചകപ്പുര എന്നിവയിലൊക്കെ പരിമിതമായ സൗകര്യങ്ങളാണുള്ളത്. ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിലെ ഭൗതിക അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ധനസഹായമൊന്നും തന്നെ എസ്.എസ്.എ.യിൽ നിന്നും ലഭിക്കുന്നില്ല. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഗ്രാമപഞ്ചായത്ത് എസ്.എസ്.എ.യിലേക്ക് ഒടുക്കിയ തുകകൾ ഇനിപ്പറയുന്നു.

| വർഷം | തുക (രൂപ) |
|---|---|
| 2008-09 | 403000 |
| 2009-10 | 457000 |
| 2010-11 | 435000 |
| 2011-12 | 618000 |
| 2012-13 | 1122000 |

കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി ആകെ 30,35,000/- രൂപയാണ് ഗ്രാമപഞ്ചായത്ത് എസ്.എസ്.എ.വിഹിതമായി അടച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ഒടുക്കിയ തുകകൾ ഏതൊക്കെ സ്കൂളുകളിൽ ഏതെല്ലാം മേഖലകളിൽ എന്തെല്ലാം പദ്ധതികൾക്കായി ചെലവഴിച്ചു എന്നു വ്യക്തമാക്കുന്ന വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ. ഇതുവരെയായി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

സർക്കാർ സ്കൂളുകളിൽ മാത്രമാണ് എസ്.എസ്.എ. സിവിൽ വർക്കുകൾ ചെയ്യുന്നത്. എന്നാൽ ഒരൊറ്റ സർക്കാർ സ്കൂളും ഇല്ലാത്ത തെന്നല ഗ്രാമപഞ്ചായത്തിൽ നിന്നും ആന്വൽ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തി ലക്ഷക്കണക്കിന് രൂപ സിവിൽ വർക്കുകൾക്കായി എസ്.എസ്.എ.കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

| വർഷം | വർക്ക് ഇനം | ആകെ വകയിരുത്തിയ തുക (രൂപ) | ഗ്രാമപഞ്ചായത്ത് വിഹിതം |
|---|---|---|---|
| 2009-10 | ഗേൾസ് ടോയ്ലെറ്റ് | 200000 | 70000 |
| 2010-11 | ലൈബ്രറി | 15000 | 5250 |
| 2011-12 | പ്രൈമറി സ്കൂൾ മേജർ റിപ്പയർ | 320000 | 112000 |
| 2012-13 | യു.പി.സ്കൂൾ മേജർ റിപ്പയർ | 730000 | 255500 |
| | | **ആകെ** | **442750** |

സർക്കാർ സ്കൂളുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തിൽ ഇത്തരം പദ്ധതികൾക്ക് എസ്.എസ്.എ.രൂപം നൽകിയത് എന്തിനാണെന്ന് വ്യക്തമല്ല. തെന്നല ഗ്രാമപഞ്ചായത്തിലെ എല്ലാ എയ്ഡഡ് സ്കൂളുകളിലും ഓഡിറ്റ് ടീം നേരിട്ട് പരിശോധന നടത്തിയെങ്കിലും, മേൽപ്പറഞ്ഞ യാതൊരു പ്രവൃത്തികളും നടത്തിയത് കാണാനായില്ല. ഈ സാഹചര്യത്തിൽ ഇതിനായി എസ്.എസ്.എ. തുക കൈപ്പറ്റിയത് തികച്ചും അനാവശ്യമാണ്.



Local Fund Audit Department

ആന്വൽ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തി ഇനിപ്പറയുന്ന ഇനങ്ങളിലും എസ്.എസ്.എ. തുക കൈപ്പറ്റുന്നുണ്ട്.

| വർഷം | പെൺകുട്ടികളുടെ വിദ്യാഭ്യാസം | എസ്.സി/എസ്.റ്റി. വിദ്യാഭ്യാസം | ന്യൂനപക്ഷ വിദ്യാഭ്യാസം | കമ്പ്യൂട്ടർ എയ്ഡഡ് പഠനം | ആകെ | തദ്ദേശ സ്ഥാപന വിഹിതം |
|---|---|---|---|---|---|---|
| 2007-08 | 9195 | 14234 | - | 9346 | 32775 | 11471 |
| 2008-09 | - | 14000 | 9000 | 47000 | 70000 | 24500 |
| 2009-10 | - | 14000 | - | 47000 | 61000 | 21350 |
| 2010-11 | 14000 | 14000 | 9000 | 46000 | 69000 | 24150 |
| 2011-12 | 14000 | **14000** | **9000** | **46000** | **89000** | **31150** |
| 2012-13 | 13000 | **5000** | **10000** | **–** | **28000** | **9800** |

എന്നാൽ മുകളിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ ഒന്നുംതന്നെ ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് എൽ.പി/യു.പി.സ്കൂളുകളിൽ നടത്തിയിട്ടില്ല എന്നാണ് പ്രധാനാധ്യാപകർ ഓഡിറ്റിനോട് വ്യക്തമാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നിന്നും വലിയൊരു തുക ഓരോ വർഷവും കൈപ്പറ്റിയിട്ടുണ്ടെങ്കിലും ആയത് എസ്.എസ്.എ.വിനിയോഗിച്ചിട്ടില്ല. ഈ തുക എസ്.എസ്.എ എന്തു ചെയ്തു എന്നതും വ്യക്തമല്ല.

**2. അരിക്കുളം ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)**

അരിക്കുളം ഗ്രാമപഞ്ചായത്തിൽ സർക്കാർ വിദ്യാലയങ്ങൾ ഒന്നും തന്നെയില്ല. 11 എയ്ഡഡ് സ്കൂളുകൾ ഉള്ളതിൽ എല്ലാം തന്നെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താൽ വീർപ്പുമുട്ടുന്നവയാണ്. ചുറ്റുമതിൽ ഉള്ള സ്കൂളുകൾ ഇവയിൽ 2 എണ്ണം മാത്രമാണ്. എല്ലാ സ്കൂളുകളിലും ആവശ്യത്തിന് ടോയ്ലെറ്റുകളും, കുടിവെള്ള സംവിധാനവുമില്ല. വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി കമ്പ്യൂട്ടറുകളുമില്ല. 2011-12 ൽ 4,00,033/- രൂപ 2012-13 ൽ 9,87,000/- രൂപ എന്നിങ്ങനെ 13,87,033/-രൂപയാണ് കഴിഞ്ഞ രണ്ട് വർഷങ്ങൾക്കുള്ളിൽ ഗ്രാമപഞ്ചായത്ത് എസ്.എസ്.എ.യിലേക്ക് അടച്ചിട്ടുള്ളത്. എന്നാൽ, അധ്യാപകപരിശീലനം, പാഠപുസ്തകവിതരണം തുടങ്ങിയ ലഘുവായ പദ്ധതികൾ മാത്രമാണ് എസ്.എസ്.എ.ഇവിടെ നടത്തിയിട്ടുള്ളത്.

## 19. വിദ്യാഭ്യാസമേഖലയിലെ നൂതനാശയ പ്രവർത്തനങ്ങൾ

കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ മുഖമുദ്രയായി നൂതനാശയ പ്രവർത്തനങ്ങൾ മാറിക്കഴിഞ്ഞിട്ടുണ്ട്. കുട്ടികളെ പാഠപുസ്തകങ്ങളിലും, ക്ലാസ്സ് മുറികളിലും മാത്രമായി ഒതുക്കി നിർത്താതെ സാമൂഹിക ജീവിതത്തിന്റെ വിവിധ വശങ്ങൾ നേരിട്ടു മനസ്സിലാക്കിക്കൊടുക്കുക എന്നതാണ് ഇത്തരം പാഠ്യേതര പ്രവർത്തനങ്ങളുടെ ലക്ഷ്യം. നൂതനാശയ പദ്ധതികളിൽ ഏറെയും പഠന മികവിനും, സർഗാത്മകമായ കഴിവുകളുടെ വികസനത്തിനും ഭൗതികസാഹചര്യങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഉദ്ദേശിച്ചാണ്. പഞ്ചായത്ത് ഭരണസമിതികൾ, പി.ടി.എ.കൾ എന്നിവയുടെ ഭാവനാപൂർണ്ണമായ പിന്തുണയും, ആസൂത്രണവുമാണ് നൂതനാശയ പദ്ധതികൾ വിജയകരമായി നടത്താൻ സഹായമാകുന്നത്. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലെ വിദ്യാലയങ്ങളിൽ ശ്രദ്ധേയമായ നൂതനാശയ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

### ശ്രദ്ധേയമായ നൂതനാശയ പ്രവർത്തനങ്ങൾ

**1. ശബ്ദസുരഭിയും, സാന്ത്വനപ്പെട്ടിയും**

കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ സർക്കാർ എസ്.എൻ.ഡി.പി.യു.പി.സ്കൂൾ പട്ടത്താനം മാതൃകാപരമായ പാഠ്യേതര പ്രവർത്തനങ്ങളിലൂടെ മികവ് തെളിയിച്ചിട്ടുണ്ട്. കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായി ശബ്ദസുരഭി എന്ന പേരിൽ കുട്ടികളുടെ റേഡിയോ നിലയം സ്കൂളിൽ പ്രവർത്തിക്കുന്നു. ഉച്ചയ്ക്ക് 1.30 മുതൽ 2 മണിവരെ പരിപാടികൾ എല്ലാ ക്ലാസ്സ് മുറികളിലേക്കും പ്രക്ഷേപണം ചെയ്യുന്നു.

കുട്ടികളുടെ മാനസികവും, ബൗദ്ധികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി സാന്ത്വനപ്പെട്ടി സ്കൂളിൽ സ്ഥാപിച്ചു. കുട്ടികൾ അവരുടെ പ്രശ്നങ്ങളെഴുതി സാന്ത്വനപ്പെട്ടിയിൽ ഇടുന്നു. പ്രത്യേക അധ്യാപകസമിതി പ്രശ്നങ്ങൾ അപഗ്രഥിച്ച് ഇവർക്ക് കൗൺസിലിംഗ് നൽകുന്നു.

**2. വിജയവീഥിയും കൈത്താങ്ങും**

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയ്ക്ക് കീഴിലുള്ള വിദ്യാലയങ്ങളിൽ 2009-10 മുതൽ നടപ്പാക്കി വരുന്ന മാതൃകാ പ്രവർത്തനമാണ് വിജയവീഥി. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വൈകുന്നേരങ്ങളിൽ പ്രത്യേകം പരിശീലനം നൽകുന്ന പദ്ധതിയാണിത്. പ്രൈമറി ഹൈസ്കൂൾ/ഹയർസെക്കന്ററി വിഭാഗങ്ങളിലെ കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

Local Fund Audit Department

ഒറ്റപ്പാലം നഗരസഭ വിദ്യാഭ്യാസരംഗത്ത് നടപ്പാക്കി വരുന്ന മറ്റൊരു നൂതനാശയ പ്രവർത്തനമാണ് കൈത്താങ്ങ്. അവശതയും, കഷ്ടപ്പാടും അനുഭവിക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠനോദ്ദേശങ്ങൾ പഠനാവശ്യങ്ങൾ നിറവേറ്റുന്നതിനും, ഇത്തരത്തിലുള്ള കുട്ടികളുടെയും, അവരുടെ കുടുംബങ്ങളുടെയും ചികിത്സയ്ക്ക് സഹായം നൽകുവാനുള്ള ജീവകാരുണ്യ പദ്ധതിയാണിത്.

**3. നമുക്കും കൃഷിചെയ്യാം**

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിലുള്ള അറത്തിൽപ്പറമ്പ് എ.എം.എൽ.പി.സ്കൂളിൽ 2012-13 ൽ 'നമുക്കും കൃഷിചെയ്യാം' എന്ന പേരിൽ കാർഷിക പ്രവർത്തനം ഏറ്റെടുത്തു നടത്തി നഷ്ടമായിക്കൊണ്ടിരിക്കുന്ന കാർഷിക അറിവുകൾ പ്രവർത്തനാനുഭവങ്ങളിലൂടെ കുട്ടികളിലേയ്ക്ക് പകരുക എന്നതായിരുന്നു പ്രധാന ലക്ഷ്യം.

സ്കൂളിന് മുൻവശത്തെ വയൽ പാട്ടത്തിനെടുത്താണ് സമഗ്ര പച്ചക്കറികൃഷി ആരംഭിച്ചത്. വെണ്ട, പയർ, ചീര, മധുരക്കിഴങ്ങ്, കപ്പ, കോവൽ, പടവലം, മത്തൻ എന്നിവയാണ് പ്രധാനമായും കൃഷി ചെയ്തത്. സാമാന്യം നല്ല വിളവാണ് ലഭിച്ചത്. പച്ചക്കറികൾ രണ്ടുമാസത്തോളം സ്കൂളിലെ ഉച്ചഭക്ഷണപരിപാടിക്കായി ഉപയോഗിച്ചു.

**4. കുരുത്തോല**

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലുള്ള പ്രൈമറി സ്കൂൾ വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുവാനായി കഴിഞ്ഞ പത്തുവർഷമായി മുടങ്ങാതെ പ്രസിദ്ധീകരിച്ചു വരുന്ന സൃഷ്ടിയാണ് കുരുത്തോല. ഗ്രാമപഞ്ചായത്തിലെ പ്രൈമറി സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികളുടെയും രചനകൾ ശേഖരിച്ച് അതിൽ നിന്നും നിലവാരമുള്ളവ തെരഞ്ഞെടുത്ത് പഞ്ചായത്ത്തലത്തിൽ ശിൽപ്പശാല നടത്തുന്നു. ശിൽപ്പശാലയിൽവച്ച് സാഹിത്യകാരന്മാരും, അധ്യാപകരും രചനകളിലെ പോരായ്മകൾ പരിഹരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. കുട്ടികൾ മാത്രമടങ്ങിയ പത്രാധിപസമിതിയുടെ എഡിറ്റിംഗിനുശേഷം കുരുത്തോല പ്രസിദ്ധീകരണത്തിന് തയ്യാറാവുന്നു. കുരുത്തോലയുടെ ആയിരത്തോളം കോപ്പികൾ അച്ചടിച്ച് പഞ്ചായത്തിലെ സ്കൂളുകളിൽ വിതരണം ചെയ്യുന്നു.

**5. കുട്ടിയോടൊപ്പം ഒരു ദിവസം**

വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ മീനങ്ങാടി സർക്കാർ എൽ.പി.സ്കൂളിലെ പി.ടി.എ.2012-13 ൽ ആവിഷ്ക്കരിച്ചു നടപ്പാക്കിയ തനതു പ്രവർത്തനമാണ് കുട്ടിയോടൊപ്പം ഒരു ദിവസം. പ്രി-പ്രൈമറി മുതൽ 4 വരെയുള്ള ഓരോ ക്ലാസ്സിലെയും ഒരു കുട്ടിയുടെ അമ്മവീതം, 5 അമ്മമാർ ദിവസേന സ്കൂളിൽ എത്തി ശുചീകരണ പ്രവർത്തനങ്ങളിലും, പാചകത്തിലും സഹായിക്കുന്നതാണ് പരിപാടി. വൈകുന്നേരം വരെയുള്ള ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു. ഇപ്രകാരം രേഖപ്പെടുത്തുന്ന വിവരങ്ങൾ/നിർദ്ദേശങ്ങൾ/നിരീക്ഷണങ്ങൾ പി.ടി..എ പരിശോധിക്കുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

**6. ഉത്തരപ്പെട്ടി**

വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ കണ്ടത്ത് വയൽ സർക്കാർ എൽ.പി.സ്കൂളിൽ, കുട്ടികളുടെ വായനാശീലം വളർത്താനായി നടപ്പാക്കി വരുന്ന നൂതനാശയ പരിപാടിയാണ് ഉത്തരപ്പെട്ടി. പരിപാടിയുടെ ഭാഗമായി സ്കൂളിലെ എല്ലാ കുട്ടികൾക്കും വായനക്കായി ദിനപത്രങ്ങളും ആനുകാലികങ്ങളും ലഭ്യമാക്കുന്നു. ഓരോ ആഴ്ചയിലെയും വായനാസാമഗ്രികളെ അധികരിച്ച് 5 ചോദ്യങ്ങൾ വീതം സ്കൂളിലെ ചാർട്ടിൽ എഴുതിയിടുന്നു. കുട്ടികൾ ഇവയുടെ ഉത്തരം കണ്ടെത്തി ഉത്തരപ്പെട്ടിയിൽ ഇടണം. വിജയികൾക്ക് സ്കൂൾ അസംബ്ലിയിൽ വെച്ച് സമ്മാനം നൽകുന്നു. മാസാവസാനം പ്രശ്നോത്തരി നടത്തി വിജയികൾക്ക് ട്രോഫികൾ നൽകുന്നു.

**7. പ്രഭാതഭക്ഷണം പദ്ധതി**

വയനാട് ജില്ലാപ്പഞ്ചായത്തും, മീനങ്ങാടി ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്നതാണ് പ്രഭാതഭക്ഷണം പദ്ധതി. ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗത്തിൽപ്പെടുന്ന മിക്ക വീടുകളിലും പ്രഭാതഭക്ഷണം ഉണ്ടാക്കാത്തതിനാൽ കുട്ടികൾ സ്കൂളിൽ വരാത്ത അവസ്ഥയുണ്ടായിരുന്നു. ഈ വിഭാഗത്തിലെ കുട്ടികളെയാണ് പദ്ധതി പ്രധാനമായും ലക്ഷ്യമിട്ടത്. 2012-13 ൽ പദ്ധതിക്കായി 3,13,250/- രൂപ വകയിരുത്തുകയും, 2,94,677/- രൂപ ചെലവാക്കുകയും ചെയ്തു. പദ്ധതിയുടെ ഫലമായി,, പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഹാജർനില ഉയർത്താനും, കൊഴിഞ്ഞുപോക്ക് തടയാനും കഴിഞ്ഞിട്ടുണ്ട്. നിലവിൽ വയനാട് ജില്ലയിലെ എല്ലാ പൊതുവിദ്യാലയങ്ങളിലും ഈ പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

Local Fund Audit Department

**8. കാവേ പൊലി**

കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ 2011-12 ൽ തയ്യാറാക്കിയ പഠന ഡോക്യുമെന്ററിയാണ് കാവേ പൊലി. ഗ്രാമപഞ്ചായത്തിലെ കാവുകളെപ്പറ്റിയും, അവയിലെ ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയും ഡോക്യുമെന്ററി വിശദമായി പ്രതിപാദിക്കുന്നു. ഫോക്ക്‌ലോർ ഗവേഷകരുടെ മേൽനോട്ടത്തിലാണ് ഈ സംരംഭം പൂർത്തിയാക്കിയത്.

**9. അറിമ**

കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്തിലെ കുരാറ സർക്കാർ എൽ.പി.സ്കൂളിൽ 2013-14 അധ്യയന വർഷം മുതൽ നടപ്പാക്കി വരുന്ന നൂതനാശയ പ്രവർത്തനമാണ് അറിമ. ബഹുവർഷ പദ്ധതിയായാണ് ഇത് ആസൂത്രണം ചെയ്തിട്ടുള്ളത്. അവധിക്കാലത്ത് കളികളിലൂടെ പഠനത്തിലേക്ക് കുട്ടികളെ നയിക്കുക, വായനയുടെ പുതുലോകം കുട്ടികൾക്ക് പരിചയപ്പെടുത്തുക, തെറ്റുകൾ കുറഞ്ഞ ഭാഷ സ്വായത്തമാക്കുക എന്നിവയാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. പദ്ധതിയുടെ ഭാഗമായി നവാഗമം എന്ന പേരിൽ 2013 ലെ പ്രവേശനോത്സവം നടത്തി. സർഗസൃഷ്ടി രചനയുടെ ഭാഗമായി ഓരോ മാസവും പ്രത്യേക വിഷയം അടിസ്ഥാനപ്പെടുത്തിയുള്ള മാസികകളും പുറത്തിറക്കുന്നുണ്ട്. മഴപ്പതിപ്പ് 'മഴക്കാലം' എന്നപേരിലും, ശാസ്ത്രപ്പതിപ്പ് 'തീനാളം' എന്ന പേരിലും കയ്യെഴുത്തു മാസികകളായി ഇതിനോടകം പുറത്തിറക്കിയിട്ടുണ്ട്.

**10. ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി**

കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിയ നൂതനാശയ പരിപാടിയാണ് ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി. ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ, ശാസ്ത്രപ്രവർത്തനങ്ങൾ, കായികവിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ എന്നിവയാണ് പദ്ധതി പ്രധാനമായും ലക്ഷ്യമിട്ടത്. 2009-10 മുതൽ 2011-12 വരെ നടപ്പാക്കിയ പദ്ധതിയുടെ അടങ്കൽ 6,30,000/- രൂപയായിരുന്നു. ഇതിൽ 6,19,300/- രൂപ ചെലവായി. പദ്ധതിയുടെ ആദ്യവർഷം ഗ്രാമപഞ്ചായത്തിലെ 1 മുതൽ 7 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി 'പൂക്കുട' എന്ന പേരിൽ ബാലമാസിക തയ്യാറാക്കി. 2010-11 ൽ ഗ്രാമപഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ ആഴ്ചയിൽ രണ്ടുദിവസം വീതം കുട്ടികൾക്ക് കായിക പരിശീലനം നൽകാൻ രണ്ടു കായികാധ്യാപകരെ നിയമിച്ചു. കൂടാതെ, പ്രൈമറി സ്കൂളുകളിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് തിരക്കഥ, അഭിനയം, സംവിധാനം, ചലച്ചിത്രാസ്വാദനം തുടങ്ങിയ മേഖലകളിൽ അറിവുപകരാനായി 'നിഴലാട്ടം 'എന്ന പേരിൽ ചലച്ചിത്രപാഠശാലയും നടത്തി. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് ഇംഗ്ലീഷ് ലൈബ്രറി തുടങ്ങുവാനായി 10,000/- രൂപയുടെ പുസ്തകങ്ങളും വാങ്ങി നൽകി. പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ചിത്രകലയിൽ പരിശീലനം നൽകാനായി 2011-12 ൽ അധ്യാപകരെ നിയമിച്ചു. കുട്ടികൾ തയ്യാറാക്കിയ 'Blooming Buds'എന്ന ഇംഗ്ലീഷ് മാസികയുടെ 1000 കോപ്പികൾ അച്ചടിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ വിതരണം നടത്തി.

## പരാജയപ്പെട്ട നൂതനാശയ പ്രവർത്തനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുമുള്ള വ്യക്തമായ ആസൂത്രണവും, കൃത്യമായ മേൽനോട്ടവും ഇല്ലാത്തതാണ് വിദ്യാഭ്യാസമേഖലയിലെ നൂതനാശയ പ്രവർത്തനങ്ങൾ പരാജയപ്പെടാൻ കാരണം. ലക്ഷ്യം കൈവരിക്കാത്ത ഇത്തരം പദ്ധതികൾ ലക്ഷക്കണക്കിന് രൂപയുടെ പാഴ്ചെലവിനും ഇടയാക്കുന്നു. വിദ്യാഭ്യാസമേഖലയിലെ പരാജയപ്പെട്ട ഏതാനും നൂതനപ്രവർത്തനങ്ങൾ ഇനിപ്പറയുന്നു.

**1. നഗരം സംഗീതസാന്ദ്രം**

2012 ൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ തെരഞ്ഞെടുത്ത എൽ.പി./യു.പി.വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് സംഗീതത്തിലും, സംഗീതോപകരണങ്ങളിലും പരിശീലനം നൽകാൻ ലക്ഷ്യമിട്ട പദ്ധതിയാണ് നഗരം സംഗീതസാന്ദ്രം. പദ്ധതിയുടെ ഭാഗമായി ഏഴു സ്കൂളുകൾക്ക് സംഗീതോപകരണങ്ങൾ നൽകി. എന്നാൽ ഇവയിൽ ആറു സ്കൂളുകളും സംഗീതാധ്യാപകർ ഇല്ലാത്തവയായിരുന്നു.ഫോർട്ട് യു.പി.സ്കൂളിൽ സംഗീതാധ്യാപകരെ നിയമിച്ചിരുന്നുവെങ്കിലും, ഇവരുടെ സേവനകാലം തീർന്നതിനുശേഷമാണ് സംഗീതോപകരണങ്ങൾ നൽകിയത്. പദ്ധതി പ്രകാരം വാങ്ങിയ 3 ലക്ഷം രൂപയുടെ സംഗീതോപകരണങ്ങൾ ഉപയോഗിക്കാനാവാതെ സ്കൂളുകളിൽ സൂക്ഷിച്ചിരിക്കുകയാണ്.

**2. വിജ്ഞാൻ സാഗർ**

തൃശ്ശൂർ ജില്ലാപഞ്ചായത്ത് 2005 ൽ 20 കോടി രൂപ അടങ്കലിൽ വിജ്ഞാൻ സാഗർ എന്ന വിദ്യാഭ്യാസമേഖലയിലെ ബഹുവർഷ പദ്ധതിക്ക് രൂപം നൽകി. സയൻസ് പാർക്കും പ്ലാനറ്റോറിയവും സ്ഥാപിക്കൽ, ശാസ്ത്രപ്രദർശനത്തിനുള്ള ഉപകരണങ്ങൾ വാങ്ങൽ, വംശനാശം നേരിടുന്ന സസ്യങ്ങളുടെ ഉദ്യാനം എന്നിവയായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.



Local Fund Audit Department

സയൻസ് പാർക്കിനായി കഴിഞ്ഞ ഏഴുവർഷത്തിനിടയിൽ വിവിധ വാർഷിക പദ്ധതികളിലായി 78,45,513/- രൂപ ജില്ലാപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ഒന്നാംനിലയുടെ പണി മാത്രമാണ് ഇതുവരെയായി പൂർത്തിയായിട്ടുള്ളത്.

ശാസ്ത്രപ്രദർശനത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന്റെ ഭാഗമായി 2011 ൽ 3,54,375/- രൂപ മുടക്കി പോർട്ടബിൾ പ്ലാനറ്റോറിയം വാങ്ങിയിട്ടുണ്ട്. എന്നാൽ, ഇത് കൊണ്ടുപോകാനാവശ്യമായ വാഹനം, സാങ്കേതിക വിദഗ്ധന്റെ സേവനം തുടങ്ങിയ മറ്റു സംവിധാനങ്ങളൊന്നും ഒരുക്കുകയോ, പ്ലാനറ്റോറിയം ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. 28.02.2011 ൽ വാങ്ങിയ ഉപകരണത്തിന്റെ വാറണ്ടിക്കാലയളവും ഇതിനകം കഴിഞ്ഞിരിക്കുകയാണ്.

സസ്യങ്ങളുടെ ഉദ്യാനമുണ്ടാക്കുന്ന പദ്ധതിക്കായി കേരള കാർഷിക സർവ്വകലാശാലയുമായി ചേർന്ന് 17.01.08 ൽ കരാർ ഒപ്പിട്ടിരുന്നു. 3,20,400/- രൂപ ചെലവഴിച്ച് പദ്ധതിയുടെ പ്രവർത്തനം തുടങ്ങിയെങ്കിലും ജലസേചനസൗകര്യം ഇല്ലാത്തതിനാൽ ചെടികളെല്ലാം പൂർണ്ണമായും നശിച്ചുപോയിരിക്കുകയാണ്.

വിജ്ഞാൻസാഗർ പദ്ധതിക്കായി ജില്ലാപഞ്ചായത്ത് ഇതുവരെ ചെലവഴിച്ച 85,20,288/- രൂപ (7845513+354375+320400) നിഷ്ഫലമായി തീർന്നിരിക്കുകയാണ്.

**3. വിദ്യാവികസനം മാർഗ്ഗദീപം**

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്ത് 2011-12 ൽ വിദ്യാഭ്യാസമേഖലയ്ക്കായി ആവിഷ്ക്കരിച്ച പദ്ധതിയാണ് വിദ്യാവികസനം (മാർഗ്ഗദീപം); 5,00,000/- രൂപ തനതുഫണ്ടിൽ നിന്നും വകയിരുത്തിയാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയത്. ചരിത്ര സർവ്വേ, രക്ഷിതാക്കൾക്ക് ബോധവൽക്കരണം, എസ്.എസ്.എൽ.സി. പഠനനിലവാരം ഉയർത്തുവാനുള്ള ക്ലാസ്സുകൾ തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി 1,29,200/- രൂപ ചെലവഴിക്കപ്പെട്ടെങ്കിലും ലക്ഷ്യം കൈവരിക്കാനായില്ല. പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതിനെത്തുടർന്ന് ഈ തുക പാഴ്ചെലവായി മാറിയിരിക്കുകയാണ്.

Local Fund Audit Department

## 5.2.5 നിഗമനങ്ങൾ

1. പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്.
2. പല സ്കൂളുകളും കാലപ്പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.
3. സുനാമി പുനരധിവാസ പ്രവൃത്തികളുൾപ്പെടെ പല നിർമ്മാണ പ്രവൃത്തികളും സ്തംഭനാവസ്ഥയിലാണ്.
4. ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട ഭൗതികസൗകര്യങ്ങൾ (പാചകപ്പുര, ഡൈനിംഗ് ഹാൾ, സ്റ്റോർ മുറി,, വിറക് പുര) മെച്ചപ്പെടുത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തിയിട്ടില്ല.
5. പൊതുവിദ്യാലയങ്ങളിലെ കുടിവെള്ള വിതരണം കാര്യക്ഷമമല്ല. ടോയ്‌ലെറ്റ് സൗകര്യങ്ങളും അപര്യാപ്തമാണ്.
6. വിദ്യാലയങ്ങളിൽ ആവശ്യത്തിന് കളിസ്ഥലം ഒരുക്കിയിട്ടില്ല.
7. സ്കൂളുകളിലെ ലൈബ്രറികളുടെയും ലാബുകളുടെയും പ്രവർത്തനം തൃപ്തികരമല്ല.
8. വിവരസാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.
9. സ്കൂളുകളിലെ മാലിന്യസംസ്കരണം തികച്ചും അശാസ്ത്രീയമായ രീതിയിലാണ്.
10. സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നു.
11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി വകയിരുത്തുന്ന പരിമിതമായ തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല.
12. വിദ്യാഭ്യാസമേഖലയിലെ വിവിധ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
13. എസ്.എസ്.എ.പദ്ധതികളുടെ 35% ചെലവ് വഹിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണത്തിൽ പങ്കാളിത്തം ലഭിക്കുന്നില്ല.

Local Fund Audit Department

## 5.2.6 ശുപാർശകൾ

1. പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. കാലപ്പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങൾ പൊളിച്ചു നീക്കി പുനർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. സ്തംഭനാവസ്ഥയിലായ നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.
4. ഉച്ചഭക്ഷണവിതരണവുമായി ബന്ധപ്പെട്ട ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.
5. പൊതുവിദ്യാലയങ്ങളിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കേണ്ടതും ടോയ്‌ലെറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുമാണ്.
6. വിദ്യാലയങ്ങളിൽ ആവശ്യത്തിന് കളിസ്ഥലം ഒരുക്കേണ്ടതാണ്.
7. സ്കൂളുകളിലെ ലൈബ്രറികളുടെയും ലാബുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. സ്കൂളുകളിലെ മാലിന്യസംസ്ക്കരണത്തിന് ശാസ്ത്രീയമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
9. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ ഫണ്ട് വകയിരുത്തേണ്ടതും വകയിരുത്തുന്ന തുക പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കേണ്ടതുമാണ്.
10. വിദ്യാഭ്യാസമേഖലയിലെ വിവിധ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.
11. എസ്.എസ്.എ.പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

Local Fund Audit Department

# 5.3. വികേന്ദ്രീകൃതാസൂത്രണവും, വ്യവസായ/തൊഴിൽ സംരംഭങ്ങളും



ഒരു പ്രദേശത്തിന്റെ സാമ്പത്തിക ഉന്നമനത്തിന് അവിടുത്തെ വ്യാവസായിക തൊഴിൽ സംരംഭങ്ങൾ നിസ്തുലമായ പങ്കു വഹിക്കുന്നു. അധികാരവികേന്ദ്രീകരണം നടപ്പിലായതോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ മേഖലയിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ടും അധികാരങ്ങളും ലഭിച്ചിട്ടുണ്ട്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച ഫണ്ടും അധികാരങ്ങളും എത്രത്തോളം ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചു എന്ന് വിശദമായി പരിശോധിക്കുകയാണ് **വികേന്ദ്രീകൃതാസൂത്രണവും വ്യവസായതൊഴിൽ സംരംഭങ്ങളും** എന്ന ഈ റിപ്പോർട്ടിലൂടെ

Local Fund Audit Department

## ഉള്ളടക്കം


| വിവരണം | ഖണ്ഡിക | പേജ് |
|---|---|---|
| ആമുഖം | 5.3.1 | 142 |
| **ഓഡിറ്റ് ലക്ഷ്യങ്ങൾ** | 5.3.2 | 143 |
| **ഓഡിറ്റ് മാനദണ്ഡങ്ങൾ** | 5.3.3 | 144 |
| ഓഡിറ്റിന്റെ രീതി, വ്യാപ്തി | 5.3.4 | 144 |
| ഓഡിറ്റ് അധികാരം | | 144 |
| ഓഡിറ്റ് കണ്ടെത്തലുകൾ | 5.3.5 | 145 |
| ചെറുകിട- പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ല | 5.3.5.1 | 145 |
| തുകകൾ ശരിയാംവിധം ചെലവഴിക്കുന്നില്ല | 5.3.5.2 | 146 |
| സാധ്യതാപഠനങ്ങൾ നടത്തുന്നില്ല | 5.3.5.3 | 147 |
| പരാജയമടഞ്ഞ വ്യവസായസംരംഭങ്ങൾ | | 148 |
| അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം | 5.3.5.4 | 150 |
| വ്യവസായ എസ്റ്റേറ്റുകളുടെ വാടക ഈടാക്കിയില്ല | 5.3.5.5 | 152 |
| ചെറുകിട വ്യവസായ/തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയ ആസ്തികളായി മാറുന്നു | 5.3.5.6 | 153 |
| അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ഉൽപ്പാദനോപാധികൾ വാങ്ങി- കോടികളുടെ നഷ്ടം | 5.3.5.7 | 158 |
| പീപ്പിൾ പദ്ധതി പരാജയം | 5.3.5.8 | 158 |
| ഭൂമിയും കെട്ടിടങ്ങളും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു | 5.3.5.9 | 159 |
| കുടുംബശ്രീയും വ്യവസായ/തൊഴിൽസംരംഭങ്ങളും | 5.3.5.10 | 160 |
| **സ്തംഭനാവസ്ഥയിലായ കുടുംബശ്രീ സംരംഭങ്ങൾ** | | 160 |
| കുടുംബശ്രീ അക്കൗണ്ടുകളിലെ വിനിയോഗിക്കാത്ത തുകകൾ | | 163 |
| മാതൃകാസംരംഭങ്ങൾ | 5.3.5.11 | 164 |
| വ്യവസായ/തൊഴിൽ സംരംഭങ്ങളുടെ പരാജയം | 5.3.5.12 | 165 |
| തൊഴിൽ പരിശീലന പദ്ധതികൾ - തുടർ പദ്ധതികൾ | 5.3.5.13 | 166 |
| പരിശീലന പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ | 5.3.5.14 | 168 |
| **വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിൽ പരാജയം** | 5.3.5.15 | 170 |
| **ഉത്തരവുകളുടെയും മാർഗ്ഗരേഖകളുടെയും ലംഘനം** | 5.3.5.16 | 171 |
| നിഗമനങ്ങൾ | 5.3.6 | 175 |
| ശുപാർശകൾ | 5.3.7 | 176 |


Local Fund Audit Department

## 5.3.1. ആമുഖം

ഓരോ പ്രദേശത്തും ലഭ്യമായ പ്രകൃതിവിഭവങ്ങളും,മനുഷ്യവിഭവശേഷിയും അനുയോജ്യമായ രീതിയിൽ സമന്വയിപ്പിച്ച് തൊഴിലും, ഉൽപ്പാദനവും, വരുമാനവും വർദ്ധിപ്പിച്ചുകൊണ്ടുള്ള പൊതുസാമ്പത്തിക വികസനമാണ് ദാരിദ്ര്യനിർമ്മാർജനത്തിന് ഏറ്റവും അനുയോജ്യം. പൊതുജനാഭിപ്രായങ്ങളും, നിർദ്ദേശങ്ങളും പരിഗണിച്ച് അതാതു പ്രദേശങ്ങൾക്ക് അനുയോജ്യമായ തൊഴിൽ സാധ്യതകൾ വിലയിരുത്തി പദ്ധതികൾ നടപ്പാക്കിയാലേ സാമ്പത്തിക വികസനം സാധ്യമാവൂ. പ്രാദേശികമായ സാമ്പത്തിക വികസനത്തിൽ പരമ്പരാഗത, ചെറുകിട/കുടിൽ വ്യവസായങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായി വ്യവസായ/തൊഴിൽ സംരംഭങ്ങൾക്കുമേൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉയർന്ന പങ്കാളിത്തവും, അധികാരങ്ങളും ലഭിച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണം വ്യവസായ/തൊഴിൽ സംരംഭങ്ങളിൽ കൂടുതൽ നിക്ഷേപം നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവസരം നൽകിയിട്ടുണ്ട്.

സാമൂഹികമായും, ഭൂമിശാസ്ത്രപരമായും ഒട്ടേറെ വൈവിധ്യങ്ങൾ നിറഞ്ഞ നാടാണ് കേരളം. ചെറുകിട/ കുടിൽവ്യവസായങ്ങളുടെ അഭിവൃദ്ധിക്കുതകുന്ന അസംസ്കൃതവസ്തുക്കളും കേരളത്തിൽ സുലഭമാണ്. ഇതുകൊണ്ട് തന്നെ കേരളത്തിലെ ഓരോ പ്രദേശങ്ങളിലും സാധ്യതകളുള്ള വ്യവസായങ്ങളും വ്യത്യസ്തങ്ങളാണ്. 1994 ലെ പഞ്ചായത്ത് രാജ്/ നഗരപാലികാ നിയമങ്ങളും, വികേന്ദ്രീകൃതാസൂത്രണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെറുകിട വ്യവസായമേഖലയിലെ ഇടപെടൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. ശരിയായ തരത്തിലുള്ള വ്യവസായികോന്നമനത്തിന് അടിത്തറയാക്കാവുന്ന ഭൗതിക സാഹചര്യങ്ങളാണ് കേരളത്തിലുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെറുകിടവ്യവസായം/സ്വയംതൊഴിൽ മേഖലകളിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ ഈ പ്രവർത്തനക്ഷമതാ റിപ്പോർട്ട് വിശദമായി അപഗ്രഥിച്ചിട്ടുണ്ട്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ, കുടുംബശ്രീ തൊഴിൽ സംരംഭങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളും, വളർച്ചയും സംബന്ധിച്ച വിശദാംശങ്ങളും റിപ്പോർട്ട് അവതരിപ്പിക്കുന്നു. ചെറുകിടവ്യവസായങ്ങൾ/സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവ നേരിടുന്ന പ്രശ്നങ്ങളും, പ്രതിസന്ധികളും വിശകലനം ചെയ്യുന്നതിനൊപ്പം ഇവ മറികടക്കാനുള്ള നിർദ്ദേശങ്ങളും റിപ്പോർട്ട് മുന്നോട്ടുവെക്കുന്നുണ്ട്. വികേന്ദ്രീകൃതാസൂത്രണം ചെറുകിടവ്യവസായമേഖലയിലും, സ്വയംതൊഴിൽ സംരംഭങ്ങളിലും ഉണ്ടാക്കിയിട്ടുള്ള ചലനങ്ങൾ ആദ്യമായി പഠനവിധേയമാക്കുന്ന റിപ്പോർട്ടു കൂടിയാണിത്.

### ചെറുകിടവ്യവസായമേഖലയിൽ തദ്ദേശസ്ഥാപനങ്ങളുടെ ചുമതലകൾ

**ഗ്രാമപഞ്ചായത്തുകൾ**

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം, 166-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക

- കുടിൽ-ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക
- കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക
- പരമ്പരാഗതവും, ചെറുതുമായ വ്യവസായങ്ങളെ വികസിപ്പിക്കുക

**ബ്ലോക്ക് പഞ്ചായത്തുകൾ**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 4-ാം പട്ടിക

- മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക
- എസ്.എസ്.ഐ.യുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടുകൂടിയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക
- വ്യവസായമേഖലയിൽ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക

**ജില്ലാ പഞ്ചായത്തുകൾ**

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം 173-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 5-ാം പട്ടിക

- ജില്ലാവ്യവസായ കേന്ദ്രങ്ങളെ നിയന്ത്രിക്കുക
- ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക
- ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക
- ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനായി പ്രദർശനങ്ങൾ സംഘടിപ്പിക്കുക
- വ്യവസായസംരംഭ വികസനപരിപാടികൾ നടത്തുക

Local Fund Audit Department

• ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുക
• പരിശീലനം നൽകുക
• ഇൻപുട്ട് സർവ്വീസും കോമൺ ഫെസിലിറ്റി സെന്ററുകളും ഉണ്ടാക്കുക
• വ്യവസായവികസന വായ്പാ പദ്ധതികൾ നടപ്പാക്കുക

**നഗരസഭകൾ**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 30(1)-ാം വകുപ്പ് (1)-ാം പട്ടിക

• കുടിൽ-ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക
• കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക
• പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങൾ വികസിപ്പിക്കുക
• മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക
• എസ്.എസ്.ഐ.പരിധിയുടെ മൂന്നിലൊന്ന് നിക്ഷേപം വരുന്ന വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക
• വ്യവസായമേഖലയിൽ സ്വയംതൊഴിൽ പദ്ധതി ആവിഷ്ക്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക
• ചെറുകിടവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക
• വ്യവസായസംരംഭ വികസനപരിപാടികൾ നടപ്പാക്കുക

**5.3.2. ഓഡിറ്റ് ലക്ഷ്യങ്ങൾ** : പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നു

❖ ചെറുകിട പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും വികസനത്തിനും പഞ്ചായത്ത് രാജ്/നഗരസഭാ നിയമങ്ങൾ അനുശാസിക്കും വിധമുള്ള ചുമതലകൾ തദ്ദേശഭരണസ്ഥാപനങ്ങൾ നിറവേറ്റിയോ എന്നു പരിശോധിക്കുക



❖ തദ്ദേശഭരണസ്ഥാപനങ്ങൾ ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ, തൊഴിൽ സംരംഭങ്ങൾ എന്നിവ സംബന്ധിച്ച് വിവര ശേഖരണം, സാധ്യതാ പഠനം തുടങ്ങിയവ നടത്തിയത് വിലയിരുത്തുക

❖ ചെറുകിട വ്യവസായസംരംഭങ്ങൾക്കും തൊഴിൽ സംരംഭങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിജയിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുക

❖ വ്യവസായ-തൊഴിൽ സംരംഭങ്ങൾക്ക് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടാതെ നിലനിൽക്കുന്നുണ്ടോയെന്നും സ്ഥാപനം അടച്ചുപൂട്ടിയതുമൂലം പാഴ്ചെലവുണ്ടായോ എന്നു പരിശോധിക്കുക

❖ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി കുടുംബശ്രീ വഴി സൂക്ഷ്മസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു എന്നുറപ്പുവരുത്തുക

❖ വ്യവസായ തൊഴിൽ സംരംഭങ്ങളുടെ വളർച്ചയ്ക്ക് തടസ്സം നിൽക്കുന്ന ഘടകങ്ങൾ ഒഴിവാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ എന്നു വിലയിരുത്തുക

❖ തൊഴിൽ പരിശീലനം/ സംരംഭകർക്കുള്ള പരിശീലനം തുടങ്ങിയവ ഫലപ്രദമായിരുന്നോയെന്നും പദ്ധതി മാർഗ്ഗരേഖകളും സർക്കാർ ഉത്തരവുകളും ലംഘിച്ചുകൊണ്ട് വ്യവസായ-തൊഴിൽ സംരംഭപ്രോജക്ടുകൾ നടപ്പാക്കിയോ എന്നു പരിശോധിക്കുക

Local Fund Audit Department

### 5.3.3. ഓഡിറ്റ് മാനദണ്ഡങ്ങൾ

- 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 166(1) 3-ാം പട്ടിക, വകുപ്പ് 172 (1), 4-ാം പട്ടിക, 173(1) 5-ാം പട്ടിക
- 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 30 (1) ഒന്നാം പട്ടിക.
- ജി.ഒ (എം.എസ്) 128/07/തസ്വഭവ തീയതി 14.05.07 - 11-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ
- ജി.ഒ (എം.എസ്) 183/07/തസ്വഭവ തീയതി 24.07.07 - സബ്സിഡി മാർഗ്ഗരേഖ
- ജി.ഒ (എം.എസ്) 225/12/തസ്വഭവ തീയതി 18.08.12 - 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ
- ജി.ഒ (എം.എസ്) 248/12/തസ്വഭവ തീയതി 29.09.12 - സബ്സിഡി മാർഗ്ഗരേഖ
- ജി.ഒ (പി) നമ്പർ 189/95/തസ്വഭവ തീയതി 18.09.1995
- വ്യവസായ മേഖലയുമായി ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളും സർക്കുലറുകളും

### 5.3.4. ഓഡിറ്റിന്റെ രീതി, വ്യാപ്തി

2013 ഒക്ടോബർ, നവംബർ മാസങ്ങളിലായി കേരളത്തിലെ 64 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രത്യേക ഓഡിറ്റ് ടീം പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത്. ഇന്റർനാഷണൽ ഓർഗനൈസേഷൻ ഓഫ് സുപ്രീം ഓഡിറ്റ് ഇൻസ്റ്റിറ്റ്യൂഷൻസും (INTOSAI) കംപ്ട്രോളർ ആന്റ് ഓഡിറ്റ് ജനറൽ ഓഫ് ഇന്ത്യ (C&AG) യും പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിച്ചാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് (Performance Audit) നടത്തിയത്. സിംപിൾ റാൻഡം സാംപ്ലിംങ് രീതി അവലംബിച്ചാണ് സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത്. ചെറുകിടവ്യവസായ/സ്വയംതൊഴിൽ സംരംഭങ്ങൾ നേരിട്ട് സന്ദർശിച്ചും ബന്ധപ്പെട്ട ഓഫീസ് ഫയലുകൾ വിശദമായ പഠനത്തിന് വിധേയമാക്കിയുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. പഠനം നടത്തിയവയിൽ 25 ഗ്രാമപഞ്ചായത്തുകൾ, 14 ബ്ലോക്ക് പഞ്ചായത്തുകൾ, 5 ജില്ലാപഞ്ചായത്തുകൾ, 15 നഗരസഭകൾ, 5 കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനക്ഷമതാ റിപ്പോർട്ട് പ്രത്യേകം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പ്രസക്ത ഭാഗങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്. സ്ഥാപനങ്ങളുടെ പേരു വിവരം **അനുബന്ധം-9** ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഓഡിറ്റ് അധികാരം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് അധികാരം താഴെ പറയുന്ന നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനാണ്.

1. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്
2. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 295 (3)-ാം വകുപ്പ്
3. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 215(3)-ാം വകുപ്പ്
4. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ
5. 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ
6. 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-19 പ്രകാരം ഓഡിറ്റ് രീതി തീരുമാനിക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അധികാരമുണ്ട്.

Local Fund Audit Department

# 5.3.5. ഓഡിറ്റ് കണ്ടെത്തലുകൾ

## 1. ചെറുകിട/പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ പ്രാധാന്യം നൽകുന്നില്ല

ചെറുകിട/പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനം, വികസനം എന്നിവ പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ മേഖലാടിസ്ഥാനത്തിലുള്ള പ്രധാന ചുമതലകളാണ്. എന്നാൽ ഈ മേഖലയിൽ കാര്യക്ഷമമായി ഇടപെടാനും, ചലനാത്മകമായ മാറ്റങ്ങൾ കൊണ്ടുവരാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. വ്യവസായ മേഖലയ്ക്കായി വികസനഫണ്ടിന്റെ നാമമാത്രമായ ശതമാനം തുകകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീക്കിവെക്കുന്നത്. ഈ തുകകൾ തന്നെ ശരിയായവിധത്തിൽ ചെലവഴിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

വ്യവസായ/ തൊഴിൽ സംരംഭകർക്ക് വേണ്ടത്ര തുകകൾ നീക്കിവെക്കാത്തതിനാൽ കൂടുതൽപേർക്ക് ഗുണകരമാവുന്ന പദ്ധതികൾ നടപ്പാക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. സമാനമായ മറ്റു മേഖലകളെക്കൂടി സംയോജിപ്പിച്ച് ദീർഘവീക്ഷണാടിസ്ഥാനത്തിൽ തൊഴിൽ സംരംഭങ്ങൾക്ക് രൂപം നൽകാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. വ്യവസായ മേഖലയ്ക്കായി നീക്കിവെക്കുന്ന തുകകൾ, അടിസ്ഥാന സൗകര്യ വികസനത്തിനു പോലും തികയാതെ വരുന്ന അവസ്ഥയുമുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ ബാങ്ക് ലോണുകൾ ലഭ്യമാക്കുന്ന കാര്യത്തിലും തദ്ദേശഭരണ സ്ഥാപനങ്ങൾ കാര്യക്ഷമമായി ഇടപെടുന്നില്ല.

**തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വ്യവസായമേഖലയിലെ ചെലവ് – വികസന ഫണ്ട്**

| ജില്ല | തദ്ദേശസ്വയംഭരണ സ്ഥാപനം | വർഷം | വികസന ഫണ്ടിന്റെ ആകെ ചെലവ് | വ്യവസായ മേഖലയിലെ ആകെ ചെലവ് | ചെലവ് ശതമാനം (%) |
|---|---|---|---|---|---|
| കോട്ടയം | മീനടം ഗ്രാമപഞ്ചായത്ത് | 2010-11 | 4316850 | 360000 | 8.3 |
| | | 2011-12 | 8154898 | 502500 | 6.2 |
| | | 2012-13 | 4791526 | 0 | 0 |
| | പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് | 2010-11 | 14618516 | 0 | 0 |
| | | 2011-12 | 12884406 | 203353 | 1.6 |
| | | 2012-13 | 67895267 | 749950 | 1.1 |
| എറണാകുളം | കരുമാലൂർ ഗ്രാമപഞ്ചായത്ത് | 2010-11 | 12351696 | 34171 | 0.28 |
| | | 2011-12 | 17583047 | 68717 | 0.40 |
| | | 2012-13 | 19983449 | 0 | 0 |
| വയനാട് | സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് | 2010-11 | 19927738 | 50000 | 0.25 |
| | | 2011-12 | 23529764 | 32500 | 0.13 |
| | | 2012-13 | 21392944 | 247730 | 1.15 |
| കാസർഗോഡ് | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | 2010-11 | 30305157 | 556085 | 1.83 |
| | | 2011-12 | 30314994 | 1053080 | 3.47 |
| | | 2012-13 | 20123401 | 810892 | 4.02 |
| | കാഞ്ഞങ്ങാട് നഗരസഭ | 2010-11 | 42493149 | 520000 | 1.22 |
| | | 2011-12 | 56767094 | 84800 | 0.15 |
| | | 2012-13 | 61652098 | 0 | 0 |
| | ബേഡഡുക്ക ഗ്രാമപഞ്ചായത്ത് | 2010-11 | 15526888 | 0 | 0 |
| | | 2011-12 | 18754308 | 505146 | 2.69 |
| | | 2012-13 | 16621631 | 1950000 | 8.72 |
| | കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് | 2010-11 | 13887174 | 0 | 0 |
| | | 2011-12 | 16917035 | 408474 | 2.41 |
| | | 2012-13 | 15944167 | 1647582 | 10.33 |

Local Fund Audit Department

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വ്യവസായ/തൊഴിൽ സംരംഭങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകാത്തതുകാരണം വികസനഫണ്ടിന്റെ 2% പോലും മിക്ക വർഷങ്ങളിലും ഈ മേഖലകളിൽ ചെലവഴിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

## 2. ചെറുകിട വ്യവസായമേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാംവിധം ചെലവഴിക്കുന്നില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെറുകിട വ്യവസായമേഖലയ്ക്കായി പദ്ധതികൾ തയ്യാറാക്കുകയും, തുകകൾ നീക്കി വെക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പാക്കാനും നീക്കിവെച്ച തുകകൾ പൂർണ്ണമായും കാര്യക്ഷമമായും വിനിയോഗിക്കാനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ഇതിനാൽ വ്യവസായ/സ്വയംതൊഴിൽ മേഖലകളിൽ ഗുണപരമായ സ്വാധീനം ചെലുത്താൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയാതെ വരുന്നു.

ഒരു വിധത്തിലുമുള്ള മുന്നൊരുക്കമോ, ആസൂത്രണമോ ഇല്ലാതെ വ്യവസായ പദ്ധതികൾ തട്ടിക്കൂട്ടുകയാണ് ബഹുഭൂരിപക്ഷം തദ്ദേശസ്ഥാപനങ്ങളും ചെയ്യുന്നത്. ഇതുകൊണ്ട് തന്നെ പദ്ധതി നടപ്പാക്കുന്ന ഘട്ടത്തിൽ ഒട്ടേറെ തടസ്സങ്ങൾ നേരിടേണ്ടി വരുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 11-ാം പദ്ധതിക്കാലത്തും, 2012-13 ലും വ്യവസായ മേഖലയിൽ വകയിരുത്തിയതും, ചെലവഴിച്ചതുമായ തുകകൾ**

| ജില്ല | തദ്ദേശ്വയംഭരണ സ്ഥാപനം | വർഷം | വ്യവസായ മേഖലയിൽ നീക്കിവച്ച തുകകൾ | ചെലവഴിച്ച തുക | ചെലവ് ശതമാനം (%) |
|---|---|---|---|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ | 11-ാം പദ്ധതി | 283800000 | 197100000 | 69.45 |
| | | 2012-13 | 12882320 | 328775 | 2.55 |
| കൊല്ലം | കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ | 11-ാം പദ്ധതി | 4087000 | 2739711 | 67.03 |
| | | 2012-13 | 5300200 | 0 | 0 |
| | കരുനാഗപ്പള്ളി നഗരസഭ | 11-ാം പദ്ധതി | 3440943 | 505798 | 14.69 |
| | | 2012-13 | 150000 | 0 | 0 |
| പത്തനംതിട്ട | തിരുവല്ല നഗരസഭ | 11-ാം പദ്ധതി | 2221000 | 1622850 | 73.06 |
| | | 2012-13 | 34750 | 34750 | 100 |
| ആലപ്പുഴ | ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | 11-ാം പദ്ധതി | 1980000 | 801500 | 40.47 |
| | | 2012-13 | 8919782 | 3792122 | 42.51 |
| കോട്ടയം | മീനടം ഗ്രാമപഞ്ചായത്ത് | 11-ാം പദ്ധതി | 1218443 | 1038428 | 85.22 |
| | | 2012-13 | 0 | 0 | 0 |
| | ചങ്ങനാശ്ശേരി നഗരസഭ | 11-ാം പദ്ധതി | 17707500 | 1433500 | 8.09 |
| | | 2012-13 | 1661000 | 0 | 0 |
| തൃശ്ശൂർ | ഗുരുവായൂർ നഗരസഭ | 11-ാം പദ്ധതി | 5144853 | 1291693 | 25.11 |
| | | 2012-13 | 984408 | 384408 | 39.04 |
| പാലക്കാട് | മങ്കര ഗ്രാമപഞ്ചായത്ത് | 11-ാം പദ്ധതി | 2684671 | 1220374 | 45.45 |
| | | 2012-13 | 0 | 0 | 0 |
| മലപ്പുറം | മലപ്പുറം ജില്ലാപ്പഞ്ചായത്ത് | 11-ാം പദ്ധതി | 37211816 | 24795341 | 66.63 |
| | | | | | |
| | | 2012-13 | 12532144 | 10413174 | 83.09 |
| കോഴിക്കോട് | കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | 11-ാം പദ്ധതി | 119068746 | 17064913 | 14.33 |
| | | 2012-13 | 2663958 | 4653563 | 1.74 |
| | വടകര നഗരസഭ | 11-ാം പദ്ധതി | 3053955 | 463523 | 15.18 |
| | | 2012-13 | 3040856 | 0 | 0 |
| വയനാട് | സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് | 11-ാം പദ്ധതി | 1087641 | 878068 | 80.73 |
| | | 2012-13 | 300000 | 247730 | 82.57 |
| | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | 11-ാം പദ്ധതി | 9673939 | 6665070 | 68.89 |
| | | 2012-13 | 1520305 | 1234231 | 81.18 |



Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| കണ്ണൂർ | തലശ്ശേരി നഗരസഭ | 11-ാം പദ്ധതി | 6862286 | 1105377 | 16.11 |
| | | 2012-13 | 5341234 | 0 | 0 |
| കാസർഗോഡ് | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | 11-ാം പദ്ധതി | 27411610 | 4643680 | 16.94 |
| | | 2012-13 | 4949782 | 810892 | 16.38 |
| | കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് | 11-ാം പദ്ധതി | 7944930 | 2363074 | 29.74 |
| | | 2012-13 | 2444600 | 1647582 | 67.40 |

ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യവസായ മേഖലയ്ക്കായി നീക്കിവെക്കുന്ന തുകകളിൽ 50 ശതമാനം പോലും ചെലവഴിക്കാൻ കഴിയുന്നില്ല എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

ചെറുകിട വ്യവസായമേഖലയിൽ തുകകളൊന്നും ചെലവഴിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

എല്ലാവർഷവും വ്യവസായ/തൊഴിൽ മേഖലകൾക്കുവേണ്ടി തുകകൾ നീക്കിവെയ്ക്കാറുണ്ടെങ്കിലും അവ ചെലവഴിക്കപ്പെടുന്നില്ല എന്ന് കാണാം. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. കോട്ടയം ജില്ലയിലെ മീനടം ഗ്രാമപഞ്ചായത്ത് 2007-08, 2012-13 വർഷങ്ങളിലും, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് 2009-10, 2010-11 വർഷങ്ങളിലും വ്യവസായ മേഖലകളിൽ തുകകൾ ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല.
2. എറണാകുളം ജില്ലയിലെ കരുമാലൂർ ഗ്രാമപഞ്ചായത്തിന് 2012-13 ൽ വ്യവസായ സംരംഭങ്ങൾക്കായി തുകകളൊന്നും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.
3. പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്ത് 2007-08, 2008-09 വർഷങ്ങളിൽ വ്യവസായമേഖലയിൽ തുകകൾ ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. 2012-13 ൽ തുകകൾ വകയിരുത്തിയിട്ടുമില്ല.
4. കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നഗരസഭ 2012-13 ൽ വ്യവസായ മേഖലയിൽ തുകകൾ ഒന്നും ചെലവഴിച്ചിട്ടില്ല. ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ 2007-08, 2010-11 വർഷങ്ങളിലും, കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ 2010-11 ലും വ്യവസായ മേഖലയിൽ തുകകൾ ഒന്നും ചെലവഴിച്ചിട്ടില്ല.

## 3. ചെറുകിട/പരമ്പരാഗത വ്യവസായമേഖലകളിൽ സാധ്യതാപഠനങ്ങൾ നടത്തുന്നില്ല

ചെറുകിട/പരമ്പരാഗത വ്യവസായങ്ങൾ, തൊഴിൽ സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിന് മുന്നോടിയായി സാധ്യതാ പഠനം നടത്തേണ്ടത് പരമപ്രധാനമാണ്. തദ്ദേശീയമായും, പരമ്പരാഗതമായും നിലവിൽ ഉണ്ടായിരുന്ന കുടിൽ വ്യവസായങ്ങൾ, നിർമ്മാണ വിദ്യകൾ, ഇവയ്ക്കായി ഉപയോഗിച്ചിരുന്ന പ്രകൃതി വിഭവങ്ങൾ എന്നിവയുടെ ലഭ്യതയെപ്പറ്റി വിശദമായ പഠനം നടത്തി അടിസ്ഥാന വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. കൂടാതെ, ഉൽപ്പന്നങ്ങളുടെ ഉപഭോഗം, വിപണി, കയറ്റുമതി സാധ്യതകളുടെ വിലയിരുത്തൽ എന്നിവ നടത്താനും നൂതനസാങ്കേതിക വിദ്യകളുടെ സാധ്യതകൾ വ്യവസായ മേഖലയിൽ പ്രയോജനപ്പെടുത്താനും സാധ്യതാപഠനങ്ങൾ ആവശ്യമാണ്.

വ്യവസായ/തൊഴിൽ സംരംഭങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കൽ, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും വിപണി സാധ്യതകളും ഉറപ്പാക്കൽ എന്നിവ സാധ്യമാക്കാൻ ആസൂത്രണഘട്ടത്തിൽ തന്നെ പഠനങ്ങൾ നടത്തേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ വ്യവസായമേഖലയിൽ സംരംഭങ്ങൾ ആവിഷ്ക്കരിക്കുന്നുണ്ടെങ്കിലും അവ ലക്ഷ്യം നേടുന്നതിൽ പൂർണ്ണമായോ, ഭാഗികമായോ പരാജയപ്പെടാനുള്ള പ്രധാനകാരണങ്ങളിലൊന്ന് പഠനങ്ങളുടെ അഭാവമാണ്. വ്യവസായ/തൊഴിൽ

**ചെറുവ്യവസായങ്ങളോട് മുഖം തിരിച്ച് പെരുമ്പാവൂർ നഗരസഭ**

സംസ്ഥാനത്ത് വ്യവസായ വികസനത്തിൽ മുന്നിട്ടുനിൽക്കുന്ന എറണാകുളം ജില്ലയിലെ പ്രധാന വ്യവസായ കേന്ദ്രങ്ങളിൽ ഒന്നാണ് പെരുമ്പാവൂർ മുനിസിപ്പാലിറ്റി. ശക്തമായ വ്യാവസായിക അടിത്തറ സ്ഥാപിക്കാനുതകുന്ന ഒട്ടേറെ അടിസ്ഥാനഘടകങ്ങൾ നഗരസഭയിൽ ലഭ്യമാണ്. മെച്ചപ്പെട്ട വാർത്താവിനിമയ സൗകര്യങ്ങൾ, അടിസ്ഥാന വിഭവങ്ങളായ ജലം, വൈദ്യുതി, തടി, കാർഷിക വിഭവങ്ങൾ എന്നിവയുടെ ലഭ്യത എന്നിവ ഇവയിൽ ചിലതാണ്. എന്നാൽ ഈ സാധ്യതകൾ പ്രയോജനപ്പെടുത്തി ചെറുകിട വ്യാവസായിക/തൊഴിൽ മേഖലകളിൽ വളർച്ച നേടാൻ നഗരസഭയുടെ ഭാഗത്തുനിന്നും ശ്രമമുണ്ടായിട്ടില്ല. 11-ാം പദ്ധതിക്കാലത്തും, 12-ാം പദ്ധതിയുടെ ആദ്യവർഷമായ 2012-13 ലും ചെറുകിട/പരമ്പരാഗത വ്യവസായങ്ങൾക്കായി നഗരസഭ പദ്ധതികൾ ഒന്നും ആവിഷ്ക്കരിക്കുകയോ, തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. ഈ മേഖലയിൽ ഏതെങ്കിലും വിധത്തിലുള്ള സാധ്യതാപഠനമോ, വിവരശേഖരണമോ ഇതുവരെ നടന്നിട്ടില്ല. തൊഴിൽ സംരംഭങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങളും നഗരസഭയിൽ ലഭ്യമല്ല.



Local Fund Audit Department

സംരംഭങ്ങളെപ്പറ്റി സാധ്യതാപഠനങ്ങൾ നടത്തിയിട്ടുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ വിരളമാണ്. വ്യവസായമേഖലയുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാനവിവരശേഖരണം പോലും ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടത്തുന്നില്ല.

## സംരംഭകരെ കണ്ടെത്താതെയും സാധ്യതാപഠനം നടത്താതെയും പരാജയമടഞ്ഞ വ്യവസായ സംരംഭങ്ങൾ

**1. കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ–** വനിതകൾക്കുള്ള സ്വയംതൊഴിൽ സംരംഭങ്ങൾക്കായി 2003 ൽ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ നിർമ്മിച്ചതാണ് മുണ്ടയ്ക്കൽ വനിതാ വ്യവസായകേന്ദ്രം. എന്നാൽ സംരംഭകരെ കണ്ടെത്തുകയോ, വ്യക്തമായ സാധ്യതാപഠനം നടത്തുകയോ ചെയ്യാതിരുന്നതിനാൽ ഈ സംരംഭം വർഷങ്ങളോളം നിഷ്ക്രിയാസ്തിയായി നിലനിന്നു. 2012 ഡിസംബറിൽ മാത്രമാണ് ഈ കെട്ടിടം വ്യവസായ സംരംഭങ്ങൾക്ക് വാടകയ്ക്ക് നൽകാൻ നഗരസഭാ കൗൺസിൽ തീരുമാനിച്ചത്. നാലുകെട്ടിടങ്ങളിലായി എട്ടു ബ്ലോക്കുകളാണ് വ്യവസായകേന്ദ്രത്തിലുള്ളത്. ഇതിൽ മൂന്നു ബ്ലോക്കുകളിൽ മാത്രമാണ് വ്യവസായസംരംഭങ്ങൾ പ്രവർത്തിക്കുന്നത്. നാലു ബ്ലോക്കുകൾ ഗോഡൗണുകളായാണ് പ്രവർത്തിക്കുന്നത്. നിലവിൽ വനിതാ വ്യവസായകേന്ദ്രം ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച്, ഭൂരിഭാഗം മുറികളും സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് നൽകിയിരിക്കുകയാണ്.

**2. എറണാകുളം ജില്ലയിലെ കരുമാലൂർ ഗ്രാമപഞ്ചായത്ത്–** പട്ടികജാതിയിൽപ്പെട്ട വനിതകൾക്ക് വ്യവസായ/തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ലോൺട്രി യൂണിറ്റിനായി പദ്ധതി തയ്യാറാക്കി. വ്യവസായ എസ്റ്റേറ്റ് സ്ഥിതിചെയ്യുന്ന കാരുചിറയിൽ 2007-08 ലെ പദ്ധതിയിൽ വിഭാവനം ചെയ്ത ലോൺട്രി യൂണിറ്റിനായി 2009-10 വരെ 3,20,289/- രൂപ ചെലവഴിച്ചു. എന്നാൽ യൂണിറ്റ് ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. 2007-08 ൽ വാങ്ങിയ അലക്കുമെഷീൻ ട്രയൽ റൺ പോലും നടത്താതെ വ്യവസായ എസ്റ്റേറ്റിൽ ഉപയോഗശൂന്യമായ നിലയിലാണ്. വൈദ്യുതീകരണത്തിനായി 53,500/- രൂപ കെ.എസ്.ഇ.ബി.യിൽ 2007-08 ൽ ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും വൈദ്യുതീകരണം ഇതുവരെയും നടത്തിയിട്ടില്ല.

ലോൺട്രി യൂണിറ്റ് ഏറ്റെടുത്ത് നടത്താൻ വനിതകൾ മുന്നോട്ട് വരാത്തതാണ് പദ്ധതി പരാജയപ്പെടാൻ കാരണമായി ഗ്രാമപഞ്ചായത്തധികൃതർ പറയുന്നത്. എന്നാൽ ആസൂത്രണമോ, സാധ്യതാ പഠനമോ കൂടാതെയാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ആദ്യം യന്ത്രങ്ങൾ വാങ്ങുകയും പിന്നീട് ഗുണഭോക്താക്കളെ കണ്ടെത്താൻ ശ്രമിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

**3. എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നഗരസഭ–** ഖരമാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ മുച്ചക്ര ആപ്പെ ടിപ്പറുകൾ വാങ്ങുവാൻ നാലു കുടുംബശ്രീ യൂണിറ്റുകൾക്ക് 1,25,000/- രൂപ വീതം സബ്സിഡി അനുവദിക്കുകയും, റിവോൾവിംഗ് ഫണ്ടായി 25,000/- രൂപ വീതം നൽകുകയും ചെയ്തു. ബാങ്കുലോണും ചേർത്ത് 2.50 ലക്ഷം രൂപ മുടക്കുമുതലിൽ യൂണിറ്റുകൾ ടിപ്പറുകൾ വാങ്ങി ചവർശേഖരിക്കാൻ തുടങ്ങി. എന്നാൽ, കൂടിയ അളവിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള വഴികൾ മുൻകൂട്ടി കാണാതിരുന്നതിനാൽ 13.10.2006 മുതൽ പ്രവർത്തനങ്ങൾ നിർത്തിവെച്ചിരിക്കുകയാണ്. നാലുവാഹനങ്ങളും ഉപയോഗശൂന്യമായി ഇപ്പോൾ നഗരസഭാ കോമ്പൗണ്ടിൽ കിടക്കുന്നു.

**4. തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്ത്–** എസ്.സി. വ്യവസായകേന്ദ്രം തുടങ്ങാൻ മണലൂർ വില്ലേജിൽ 3,99,375/- രൂപ മുടക്കി 1999 ൽ 21 ആർ 55 ച.മീ. സ്ഥലം വാങ്ങി. പാളപ്പാത്ര നിർമ്മാണ യൂണിറ്റ്, പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് എന്നിവ സ്ഥാപിക്കുകയായിരുന്നു ലക്ഷ്യം. സ്ഥലം വാങ്ങിയതിനു പുറമേ കെട്ടിട നിർമ്മാണം, യന്ത്രസാമഗ്രികൾ, ചുറ്റുമതിൽ, വൈദ്യുതീകരണം തുടങ്ങിയവയ്ക്കായി ഒട്ടാകെ 28,66,124/- രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടം, പാളപ്പാത്ര നിർമ്മാണത്തിനുള്ള യന്ത്രങ്ങൾ എന്നിവ നാളിതുവരെ ഉപയോഗിക്കാതെ നാശോന്മുഖമായിരിക്കുകയാണ്.

യന്ത്രങ്ങൾ വാങ്ങിയത് 2006-07 ലാണെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചത് 2011-12 ൽ മാത്രമാണ്. അസംസ്കൃത വസ്തുവായ പാളയുടെ ലഭ്യത ഉറപ്പാക്കാതെയായിരുന്നു പദ്ധതി ആവിഷ്ക്കരിച്ചത്. ഗ്രാമപഞ്ചായത്തിൽ തന്നെയുള്ള സ്വകാര്യ പാളപ്പാത്രനിർമ്മാണ യൂണിറ്റിനാവശ്യമായ പാളകൾ തമിഴ്നാട്ടിൽ നിന്നാണ് ഇപ്പോൾ എത്തിക്കുന്നത്.

**5. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ**-സോഫ്റ്റ് വെയർ നിർമ്മാണ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുക, ആധുനിക കമ്പ്യൂട്ടർ പരിശീലനകേന്ദ്രം സ്ഥാപിക്കുക എന്നിവയ്ക്കായി തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ വിഭാവനം ചെയ്തതാണ് പറവട്ടാനി സോഫ്റ്റ് വെയർ ടെക്നോപാർക്ക് പദ്ധതി. എന്നാൽ ആവശ്യമായ മുന്നൊരുക്കങ്ങളും, തുടർ നടപടികളും സ്വീകരിക്കാത്തതിനാൽ പദ്ധതി പരാജയമായി. ഒല്ലൂക്കര വില്ലേജിലുള്ള 4 ഏക്കറോളം സ്ഥലത്താണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചത്. ഇതിനായി 2007-08 ൽ 9,00,000/- രൂപ തൃശ്ശൂർ നിർമ്മിതി കേന്ദ്രം പ്രോജക്ട് മാനേജർക്ക് കൈമാറി (ഡി.ഡി.നമ്പർ. 047380, തീയതി 27.03.08). എന്നാൽ പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, പ്രോജക്ട് രൂപീകരിച്ച് ജില്ലാ ആസൂത്രണ സമിതി

Local Fund Audit Department

യുടെ അംഗീകാരം നേടുകയോ ചെയ്തിട്ടില്ല. 2010-11, 2011-12 വർഷങ്ങളിൽ യഥാക്രമം 2,94,427/-, 4,04,072/- രൂപ എന്നിങ്ങനെ പദ്ധതിക്കായി തുകകൾ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ മുൻ പദ്ധതിക്കാലയളവുകളിൽ 1,08,04,529/-രൂപ ചെലവഴിച്ചു. ഒട്ടാകെ 1,24,03,028/-രൂപ ചെലവഴിച്ചുവെങ്കിലും പദ്ധതി ലക്ഷ്യങ്ങൾ ഒന്നും നിറവേറ്റിയിട്ടില്ല.




പറവട്ടാനി സോഫ്റ്റ് വെയർ ടെക്നോപാർക്ക്

**6. തിരൂർ നഗരസഭ** - വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ തിരൂർ നഗരസഭ ആവിഷ്ക്കരിച്ച പദ്ധതിയാണ് വനിതാ വ്യവസായ കേന്ദ്രം. 12/2000 ൽ നിർമ്മാണം പൂർത്തിയായ വ്യവസായകേന്ദ്രത്തിന്റെ ഇരുനിലകെട്ടിടത്തിനായി 3,89,292/-രൂപ നഗരസഭ ചെലവഴിച്ചു. നഗരസഭയുടെ 25-ാം വാർഡിൽ നടുവിലങ്ങാടിയിലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. എന്നാൽ വ്യവസായ കേന്ദ്രത്തിന്റെ മുറികൾ വാടകയ്ക്കെടുക്കാൻ ആരും മുന്നോട്ടു വരാത്തതിനാൽ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. മുറികൾ വാടകയ്ക്ക് നൽകുവാൻ 18.03.2010, 22.06.2010 തീയതികളിൽ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. വ്യവസായ കേന്ദ്രം നിർമ്മിച്ചിട്ടുള്ളത് സംരംഭങ്ങൾ തുടങ്ങുവാൻ അനുയോജ്യമായ സ്ഥലത്തല്ലാത്തതിനാലും ഇതിനായി നിർമ്മിച്ച കെട്ടിടം ആവശ്യത്തിന് യോജിക്കുന്നതല്ലാത്തതിനാലുമാണ് ഈ സ്ഥിതി വിശേഷം ഉണ്ടായിട്ടുള്ളത്.

**7. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ** - തൊഴിൽ രഹിതരും നിർദ്ധനരുമായ വനിതകൾക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകി സ്വയംതൊഴിൽ കണ്ടെത്താൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കണ്ണഞ്ചേരിയിൽ വനിതാവ്യവസായ പരിശീലന കേന്ദ്രം നിർമ്മിക്കുവാനായി 10 ലക്ഷം രൂപ വകയിരുത്തി 2009-10 ൽ പദ്ധതിക്ക് രൂപം നൽകി. 12,20,721/-രൂപ ചെലവഴിച്ച് 07.06.2010 ന് കേന്ദ്രത്തിന്റെ നിർമ്മാണപ്രവൃത്തി പൂർത്തിയായി. എന്നാൽ യോഗ്യരായ സംരംഭകരെ ഏതു രീതിയിൽ കണ്ടെത്തും, ഏതൊക്കെ മേഖലകളിൽ പരിശീലനം നൽകും എന്നിവയെപ്പറ്റി വ്യക്തമായ ആസൂത്രണമില്ലാതെ ഒരു പരിശീലനകേന്ദ്രം നിർമ്മിക്കാൻ മാത്രമാണ് പദ്ധതിയിലൂടെ സാധിച്ചിട്ടുള്ളത്. നിലവിൽ കെട്ടിടം കാടുപിടിച്ചു കിടക്കുന്നു.

**8. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്** - 2008-09 ൽ അജാനൂർ ഗ്രാമപഞ്ചായത്തിൽ ആവിഷ്ക്കരിച്ച വനിതാ ചകിരിവ്യവസായ യൂണിറ്റ് സംരംഭകരെ കണ്ടെത്താതെയും, സാധ്യതാപഠനം ഇല്ലാതെയും നടപ്പാക്കിയതിനാൽ പരാജയമടഞ്ഞിരിക്കുകയാണ്. കുടുംബശ്രീ യൂണിറ്റിലെ പരിശീലനം സിദ്ധിച്ചവർക്കും, പരമ്പരാഗത കയർമേഖലയിൽ പണിയെടുക്കുന്നവർക്കുമായാണ് 7.50 ലക്ഷം രൂപ അടങ്കലിൽ പദ്ധതി ആസൂത്രണം ചെയ്തത്. മേൽത്തുകയ്ക്ക് യന്ത്രസാമഗ്രികൾ വാങ്ങാനാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതിക്ക് 36 സെന്റ് സ്ഥലം വാങ്ങാൻ 2006-07 ൽ 1,01,862/-രൂപയും, കെട്ടിടം, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുവാൻ 2007-08 ൽ 6.59 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. 20 പേർക്ക് പ്രത്യക്ഷമായും, അത്രതന്നെ പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കാൻ വിഭാവനം ചെയ്ത ക്ഷേമപദ്ധതി ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്.

**ഗുരുവായൂർ നഗരസഭയുടെ പ്രവാസി വ്യവസായ കേന്ദ്രം ലക്ഷ്യം കണ്ടില്ല**

പ്രവാസികളുടെ എണ്ണം താരതമ്യേന കൂടുതലുള്ള ഗുരുവായൂർ നഗരസഭ, പൂക്കോട് സോണലിൽ പ്രവാസികളെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവാസി വ്യവസായ എസ്റ്റേറ്റ് എന്ന വേറിട്ട പദ്ധതി ആവിഷ്ക്കരിച്ചു. 3124 ചതുരശ്ര അടി വിസ്തൃതിയിലുള്ള കെട്ടിടം നിർമ്മിക്കാനാണ് ലക്ഷ്യമിട്ടത്. 2010-11 ൽ 9,59,623/-രൂപ, 2011-12 ൽ 10,00,000/-രൂപ, 2012-13 ൽ 3,00,374/-രൂപ എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തികൾ ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

Local Fund Audit Department